പ്രാചീനകൈരളി

Peer Reviewed Journal

പ്രാചീനകൈരളി

peer reviewed journal

വാല്യം 47, ജനുവരി–ഡിസംബർ 2024

മുഖ്യ പത്രാധിപ

പ്രൊഫ. ആർ.ബി. ശ്രീകല

ലക്കം പത്രാധിപർ

ഡോ. നൗഷാദ് എസ്.

ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &
മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
കേരളസർവകലാശാല
കാര്യവട്ടം

Pracheenakairali
peer reviewed journal
(Yearly Journal in Malayalam)
Vol. 47, January - December 2024

Oriental Research Institute & Manuscripts Library
University of Kerala

General Editor
Prof. & Head,
ORI & MSS Library

Issue Editor
Dr. Naushad S.
ORI & MSS Library

Editorial Board

Dr. R.B. Sreekala (Prof. & Head)
ORI & MSS Library

Dr. Naushad S.
ORI & MSS Library

Dr. J.P. Prajith
ORI & MSS Library

Dr. Rejani R.S.
ORI & MSS Library

Edited, Printed and Published by
Dr. R.B. Sreekala
Professor & Head,
Oriental Research Institute & Manuscripts Library
on behalf of the University of Kerala

Cover Design
Ancyl Computers,
Vazhuthacaud, Thiruvananthapuram

Printed at
Kerala University Press
Palayam
Thiruvananthapuram

Price : **Rs. 200/-**

ഭാഷാത്രൈമാസികം ഒന്നാം ലക്കത്തിലെ പ്രസ്താവന

ഏതു ജനതയുടെയുംസാംസ്കാരികവും ശാസ്ത്രീയവുമായ പുരോഗതിക്ക് അവരുടെ പ്രാചീനസമ്പത്ത് ഗണനീയമായ സാഹായം അനുഷ്ഠിക്കാതരിക്കയില്ല. ഈ പരമാർത്ഥം തികച്ചും മനസ്സിലാക്കി ലോകത്തിലെ പരിഷ്കൃത ജനതകൾ അവരവരുടെ പുരാതനകൃതികളെ സംരക്ഷിക്കുന്നതിലും അവയെ യഥാവിധി പ്രസാധനം ചെയ്യുന്നതിലും ഉന്നിദ്രമായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നുതന്നെയല്ല, പ്രബുദ്ധരും പുരോഗമനേച്ഛുക്കളുമായ രാജ്യക്കാർ പരകീയങ്ങളായ പ്രാചീനകൃതികളെ സ്വഭാഷകളിലേക്കു വിവർത്തനം ചെയ്യുന്നതിലും കൂലങ്കഷമായി പഠിക്കുന്നതിലും ശ്രദ്ധ പതിപ്പിക്കുകയും ചെയ്തുവരുന്നു. പാശ്ചാത്യ പണ്ഡിതന്മാരുടെ കഴിഞ്ഞ 150 കൊല്ലത്തെ സോത്സാഹവും സുസ്ഥിരവുമായ പരിശ്രമം ഭാരതീയവിദ്യയെ (Indology) ശാസ്ത്രീയമായ അടിസ്ഥാനത്തിൽ ഉറപ്പിക്കുവാൻ വളരെ ഉപകരിച്ചിട്ടുണ്ട്. ഇന്നത്തെ വിപ്ളവത്തിന്റെ കലവറയെന്നു പറയപ്പെടുന്ന റഷ്യയിൽ ജീവിതമരണ നിർണ്ണായകമായ മഹാസമരം നടന്നിരുന്ന കാലത്തുപോലും രാമായണം, ഭാരതം തുടങ്ങിയ വിശ്വമോഹനങ്ങളായ പ്രാചീനകൃതികളുടെ പഠനത്തിലും പരിഭാഷണത്തിലും പണ്ഡിതന്മാർ വ്യാപരിച്ചിരുന്നു. വിശ്വ വ്യാപകമായ വിജ്ഞാനസമ്പത്തിനെ ഉപാസിക്കുന്നതിൽ ഒരു പരിഷ്കൃത ജനസമൂഹവും കാലദേശ ശൃംഖലയിൽ ബദ്ധമാകുന്നതല്ലെന്നാണല്ലോ ഇത് വിശദമാക്കുന്നത്.

ആധുനികമനുഷ്യനെ പ്രാചീനഗ്രന്ഥം പരിചയം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന പരമമായ ലക്ഷ്യങ്ങൾ മൂന്നാണ്.

1. മാനവസമുദായത്തിന്റെ പുരോഗമനാത്മകമായ ചരിത്രത്തിൽ അവഗാഹം നേടുക, അതിനെ വിശ്വാസയോഗ്യവും പ്രയോജനകരവും ആയ രീതിയിൽ വ്യവസ്ഥപ്പെടുത്തുക.
2. പ്രാചീനവിജ്ഞാനത്തിൽ നൈപുണ്യം സമ്പാദിക്കുക; പ്രാചീനകലകളുടെ മാധുര്യം ആസ്വദിക്കുക.
3. ധിഷണാസമ്പന്നരും ലോകാനുഗ്രഹകാംക്ഷികളുമായിരുന്ന നമ്മുടെ പൂർവികന്മാർ ചിന്തിച്ചതിൽ നിന്നും, അനുഭവിച്ചതിൽ നിന്നും, പരീക്ഷണം ചെയ്തതിൽ നിന്നും, നമ്മുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിയെ പരിചരിക്കുന്ന വിശിഷ്ടാംഗങ്ങളെ തേടിപ്പിടിച്ചു പ്രയോജനപ്പെടുത്തുക.

ഈ ലക്ഷ്യത്രയത്തെ മുൻനിർത്തി പ്രാചീനമലയാള ഗ്രന്ഥസഞ്ചയത്തിലേക്കു കടക്കുന്ന ആധുനികനായ ഒരുവന്റെ ഉദ്യമം സഫലമാകത്തക്കവണ്ണം അതിൽ വല്ലതുമുണ്ടോ എന്ന പ്രശ്നം സ്വാഭാവി

കമായി ഉദിക്കുന്നു. ഇതിന് ഉറച്ചുനിന്നുകൊണ്ട് 'ഉണ്ട്'. എന്ന് ഉത്തരം പറയുവാൻ നമ്മുടെ പഴയ സാഹിത്യവുമായി പരിചയിച്ചിട്ടുള്ളവർ മടിക്കയില്ല. സാഹിത്യകർഷണത്തിലോ ഭാഷാപോഷണത്തിലോ നമ്മുടെ പൂർവ്വികന്മാരെ രണ്ടാംകിടയിലേക്കു മാറ്റിനിർത്തേണ്ടതില്ല; അവരുടെ മാനസികസന്താനങ്ങളെ നിഷ്പ്രഭങ്ങളെന്നോ നിഷ്പ്രയോജനങ്ങളെന്നോ തള്ളേണ്ടതുമില്ല. സംസ്കൃതത്തിന്റെ അതിപ്രസരമില്ലാത്ത കാവ്യലേശമോ ശാസ്ത്രരേഖയോ, അറിവിൽപ്പെട്ടിടത്തോളം, നമ്മുടെ പ്രാചീന ഗ്രന്ഥസമുച്ചയത്തിൽ വിരളമാണെന്നുള്ളത് വിസ്മരിക്കാവുന്നതല്ല. എന്നാൽ സംസ്കൃതത്തെ ഉപജീവിക്കുമ്പോഴും അതിനെ അനുകരിക്കുമ്പോഴും നമ്മുടെ പൂർവ്വികകലാകാരന്മാരും ശാസ്ത്രകാരന്മാരും അവരുടെ കേരളീയത്വം പരിപാലിച്ചുവന്നിരുന്നു; അവരുടെ പ്രതിഭാശാലിതയും കലാമർമ്മജ്ഞതയും തെളിയിച്ചിരുന്നു. വിശ്വതോമുഖമായ വികസനം സിദ്ധിച്ച സംസ്കൃത ഭണ്ഡാഗാരത്തെ ഈ രീതിയിൽ ഉപജീവിച്ചും സ്വകീയമഹത്ത്വം പ്രകടിപ്പിച്ചും പൂർവ്വസൂരികൾ രചിച്ച് നമ്മുടെ ഉപയോഗത്തിനായി ദാനം ചെയ്തിട്ടുള്ള ആ ഗ്രന്ഥ മണ്ഡലം ബഹുമുഖവും സാരസാന്ദ്രവുമാണ്. സാഹിത്യം, ജ്യോതിഷം, വൈദ്യം, നീതി, വ്യാകരണം, വേദാന്തം, മന്ത്രം, തന്ത്രം, നാട്യം, സ്തോത്രം എന്നിങ്ങനെ പോകുന്നു ആ ഗ്രന്ഥ പ്രണാളികൾ. ആരോ പറഞ്ഞുകേട്ടു, പ്രാചീനമലയാളത്തിൽ കുറെ സാഹിത്യകൃതികൾ മാത്രമേ ഉള്ളൂഎന്ന്! കഷ്ടം! സർവ്വകലാശാലമാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ മലയാള ഗ്രന്ഥവിഭാഗത്തിന്റെ സൂചിപത്രമെങ്കിലും ഒന്നു നോക്കണം എന്നേ ഇക്കൂട്ടരോട് പ്രാർത്ഥിക്കുവാനുള്ളൂ.

കാലത്തിന്റെ പാച്ചിലിൽ വിസ്മൃതങ്ങളും ദുരവമഗമങ്ങളുമായിത്തീർന്ന എത്രയോ സംസ്കൃതകൃതികൾ കേരളം ആദരപൂർവ്വം രക്ഷിക്കുകയും വിശദമായി വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്! ഒരു നിദർശനം എടുത്തുകാണിച്ചുകൊള്ളട്ടെ, ഇന്ത്യാചരിത്രത്തിലെ ഒരു നാഴികക്കല്ലായ കൌടില്യന്റെ അർത്ഥശാസ്ത്രത്തിന് സംസ്കൃതത്തിൽ പ്രാചീനമായ യാതൊരു വ്യാഖ്യനവും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. നീതിശാസ്ത്രപരവും സങ്കേതജടിലവുമായ ഈ കൃതിയ്ക്ക് പ്രാചീന മലയാളത്തിൽ എഴുതിയ ഒരു വിശിഷ്ടവ്യാഖ്യാനമുണ്ട്; തിരുവനന്തപുരം മലയാളഗ്രന്ഥാവലിയിൽ ഇത് പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ഇതിനെ പ്രായേണ ഉപജീവിച്ചാണ് പരേതനായ ഡാക്ടർ ഗണപതിശാസ്ത്രികൾ ഗവേഷകന്മാരും സംസ്കൃതപണ്ഡിതന്മാരും പ്രാമാണികമായി അംഗീകരിച്ചിരിക്കുന്ന സംസ്കൃതവ്യാഖ്യാനം രചിച്ചത്. എന്നുമാത്രമല്ല, സുപ്രസിദ്ധചരിത്രകാരനായ, ഡോക്ടർ രാധാകുമുദമുക്കർജിയ്ക്ക് "Chandraguptha Maurya and his Times" എന്ന ഗ്രന്ഥ

നിർമ്മിതിക്ക് ഈ മലയാളവ്യാഖ്യാനം വളരെ ഉപകരിച്ചിട്ടുള്ളതായും അറിയുന്നു.

സർവകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ മലയാള ഗ്രന്ഥസമുച്ചയം സമഗ്രതയുടെ സമീപത്തു പോലും എത്തിയിട്ടുണ്ടെന്ന് അഭിമാനിക്കാവുന്നതല്ല. വിവിധ ഭാഷകളിലായി ഏതാണ്ട് 30000-ത്തോളം വരുന്ന ഈ ഗ്രന്ഥജാതം, മലയാളകൃതിയുടെ പകർപ്പുകൾ അയ്യായിരത്തോളം മാത്രമേ ഉൾക്കൊള്ളുന്നുള്ളു. പ്രാചീനമലയാളത്തിലെ സാഹിത്യ സമ്പത്തും കൃതികൾക്കു സിദ്ധിച്ചിരുന്ന പ്രചാരവൈപുല്യവും പരിഗണിക്കുമ്പോൾ ഈ ഗ്രന്ഥശേഖരം എത്രയോ തുച്ഛമാണ്. പ്രാദേശിക ചരിത്രം, സാഹിത്യചരിത്രം, ഭാഷാചരിത്രം തുടങ്ങിയവ ശാസ്ത്രീയമായ രീതിയിൽ രചിക്കുന്നതിന് ഏകാവലംബം നമ്മുടെ പ്രാചീനഗ്രന്ഥങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. പുരാതനരേഖകളെപ്പറ്റി ചെയ്ത ഒരു പ്രസംഗത്തിൽ ഡൽഹി സർവകലാശാലാ വൈസ് ചാൻസലർ സർ. മോറിസ് ഗൊയർ ഇങ്ങനെ പറയുകയുണ്ടായി: - "അമൂല്യങ്ങളായ ഈ ഭാരതീയനിധികൾ നമ്മുടെ അലസതകൊണ്ടോ; അനാസക്തികൊണ്ടോ നശിച്ചു പോകുവാനിടയാകുന്ന പക്ഷം, വരുന്ന തലമുറകൾ നമ്മുടെ അപരാധം ക്ഷമിക്കുന്നതല്ല". പ്രാചീനകൃതികൾ ശേഖരിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും മാത്രമല്ല. പ്രകാശനം അർഹിക്കുന്നവയെ പ്രകാശിപ്പിക്കുന്നതിലും നമ്മുടെ ഗവൺമെന്റും സർവകലാശാലയും നമുക്ക് അഭിമാനിക്കത്തവിധത്തിൽ പലതും പ്രവർത്തിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണാധികൃതരും പണ്ഡിതന്മാരും കലാപ്രണയികളും കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നും പ്രതീക്ഷിക്കാം.

മലയാളത്തിലെ പഴയകൃതികളുടെ പ്രസിദ്ധീകരണത്തിനായി 25 കൊല്ലം മുമ്പ് (1924) ഗവൺമന്റ് ഒരു പ്രത്യേകവകുപ്പു സൃഷ്ടിക്കയുണ്ടായി. ഉള്ളൂർ, കൊളത്തേരി, തുടങ്ങിയ മഹാപണ്ഡിതന്മാരുടെ നേതൃത്വത്തിലും കൃതഹസ്തരായ സാഹിതീഭക്തന്മാരുടെ സഹകരണത്തിലും ആ വകുപ്പ് ആറുകൊല്ലത്തോളം പ്രവർത്തനം നടത്തി. എന്നാൽ 1930-ൽ മലയാള ഗ്രന്ഥപ്രസാധനത്തിനുള്ള ആ പ്രത്യേക വകുപ്പിനെ സംസ്കൃത ഗ്രന്ഥപ്രസാധനത്തിനുള്ള വിഭാഗവുമായി സംയോജിപ്പിച്ചു. ഈ സംയോജനം പലതുകൊണ്ടും മലയാളത്തിനു പ്രോത്സാഹകരണമായി പരിണമിച്ചില്ല. പോരെങ്കിൽ, നമ്മുടെ സ്വാതന്ത്ര്യലബ്ധിയോടുകൂടി സംഭവിച്ചു കൊണ്ടിരിക്കുന്ന സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പരിവർത്തനത്തിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും കൂടുതൽ പ്രാധാന്യം നൽകേണ്ടതായും വന്നിരിക്കുന്നു. ഈ വസ്തുതകളെ പരിഗണിച്ച് മാനുസ്ക്രിപ്റ്റസ് ലൈബ്രറിയിലെ മല

യാളശാഖ പുനഃസംഘടിപ്പിക്കുവാനും പ്രവർത്തനം കൂടുതൽ കാര്യ ക്ഷമവും വിപുലവുമാക്കുവാനും സർവകലാശാല തീരുമാനിച്ചു. അങ്ങനെ പുനർവിഹിതമായ മലയാള ശാഖയുടെ ഒരു നൂതന സമുദ്യ മമാണ് ഈ ഭാഷാത്രൈമാസികത്തിന്റെ പ്രസിദ്ധീകരണം.

സംസ്കൃതവിഭാഗത്തിൽ നിന്നും കഴിഞ്ഞ അഞ്ചുകൊല്ലമായി ''Journal of the Travancore University Oriental Manuscripts Library'' എന്ന പേരിൽ ഒരു സംസ്കൃതത്രൈമാസികം പ്രസിദ്ധപ്പെടുത്തിവരി കയാണ്. അനീതിദീർഘങ്ങളായ സംസ്കൃത കൃതികളും - വിശേഷിച്ചും കേരളീയകൃതികൾ - ഗവേഷണമൂല്യമുള്ള പ്രബന്ധങ്ങളും പ്രസിദ്ധ പ്പെടുത്തുന്ന ഈ ത്രൈമാസികം പണ്ഡിതന്മാരുടെയും ഗവേഷകന്മാ രുടെയും മുക്തകണ്ഠമായ പ്രശംസ സമാർജ്ജിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിലെ പ്രസാധനപരിപാടിയെ ഏറെക്കുറെ ഭാഷാത്രൈമാസിക ത്തിലും അനുകരിക്കുന്നതാണ്. മലയാളത്തിലെ പ്രാചീനകൃതികളെ ഖണ്ഡശ: പ്രകാശിപ്പിക്കുക, ഗവേഷണപ്രധാനവും സംസ്ക്കാരികവി ഷയവും കലാപരവുമായ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുക, മലയാ ളപുസ്തകങ്ങളെ വിമർശിക്കുക, എന്നിവയാണ് ഈ ത്രൈമാസികം കൊണ്ട് സാധിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. സാഹിത്യകൃതികളെപ്പോ ലെതന്നെ സാംസ്കാരികങ്ങളും ശാസ്ത്രീയങ്ങളുമായ കൃതികളും ഇതിൽകൂടി സഹൃദയസമക്ഷം അവതരിപ്പിക്കപ്പെടുന്നതാണ്. തെക്കൻപാട്ടുകൾ എന്നറിയപ്പെടുന്ന വില്ലടിപ്പാട്ടുകൾ, ബാധപ്പാട്ടുകളും കേഴ്വിപ്പാട്ടുകളും - അനുസ്യൂതമായി പ്രസിദ്ധപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും. ഇങ്ങനെ പ്രസാധനം ചെയ്യുന്ന കൃതികളെ അവ ഓരോന്നും പൂർത്തിയാകുമ്പോൾ അവതാരികയോടു കൂടിയ പുസ്തകരൂപത്തിലും സഹൃദയപ്രാപ്യങ്ങളാക്കണമെന്നാണ് അഭിലഷി ക്കുന്നത്. ത്രൈമാസികത്തിൽ പ്രസിദ്ധീകരിക്കുന്ന കൃതികൾ പ്രായേണ അപ്രസാധിതപൂർവ്വങ്ങളായിരിക്കും.എന്നാൽ അനാശാസ്യവും അബ ദ്ധജടിലവുമായ രീതിയിൽ മാത്രം പ്രകാശിതങ്ങളായിട്ടുള്ള ചില വില യേറിയ കൃതികളെ ശുദ്ധവും വിപുലവുമായ ഗ്രന്ഥോപകരണം സുല ഭമാണെങ്കിൽ സംസ്കരിച്ച് പ്രകാശിപ്പിക്കുവാനും ഈ ത്രൈമാസികം ഉപയോഗിക്കുന്നതാണ്. ഇതാണ് ഈ പ്രസിദ്ധീകരണത്തിലെ പ്രഥമ വിഭാഗത്തിന്റെ സ്വരൂപം. ദ്വിതീയ വിഭാഗമാകട്ടെ, അപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളുടെ ലഘുവിവരണം, സാഹിത്യചരിത്രപരവും ഭാഷാശാസ്ത്ര പരവുമായ ലേഖനങ്ങൾ, നമ്മുടെ സംസ്കാരാംശങ്ങളുടെ പ്രപഞ്ചനം, കലകളെക്കുറിച്ചുള്ള നിരൂപണം, ഗ്രന്ഥവിമർശനം തുടങ്ങി ഗവേഷണ പ്രാധാന്യമുള്ള പ്രബന്ധങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും. ചുരുക്കി പ്പറയുന്നപക്ഷം മലയാളത്തിലെ ഗവേഷണപുരോഗതിക്കും സാഹിത്യ

വ്യവസ്ഥിതിക്കും സഹായകരമായിരിക്കും ഈ ഭാഷാത്രൈമാസികം. റോയൽ സൈസിൽ 100 പേജുവീതം നല്ല കടലാസിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ ത്രൈമാസികത്തിന്റെ വരിസംഖ്യ നാലു രൂപയാക്കി പരിമിതപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ പ്രചാരംകൊണ്ട് സഹൃദയന്മാർക്ക് ഉണ്ടാകാവുന്ന പ്രയോജനത്തെക്കരുതിയാണെന്ന് പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ പ്രസിദ്ധീകരണത്തെ വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ തുടങ്ങിയ സ്ഥാപനങ്ങളും പണ്ഡിതന്മാരും മറ്റു മഹാജനങ്ങളും സ്വാഗതം ചെയ്ത് അനുഗ്രഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗപൂർവ്വം പ്രയത്നിച്ച മഹാന്മാരെ- വിശേഷിച്ചും രാഷ്ട്രപിതാവായ ആ മഹാത്മാവിനെ- സ്നേഹാശ്രുപുരസ്സരം അനുസ്മരിച്ചുകൊണ്ടും, മലയാള ഭാഷയ്ക്കും സാഹിത്യത്തിനും സ്വാതന്ത്ര്യഭാസുരമായ നവചൈതന്യം നേർന്നുകൊണ്ടും ഭാരതം ഒരു സ്വതന്ത്രറിപ്പബ്ലിക്കായി ഉടലെടുക്കുന്ന ഈ ശുഭദിനത്തിൽ ഭാഷാത്രൈമാസികത്തെ സാഹിത്യലോകത്തിലേക്ക് ഇതാ പ്രവേശിപ്പിച്ചുകൊള്ളുന്നു.

ജനുവരി 1950 പി. കെ. നാരായണപിള്ള.

പത്രാധിപക്കുറിപ്പ്

കേരളസർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്ന് വാർഷികമായി പ്രസിദ്ധീകരിക്കുന്ന മലയാളം ജേണലാണ് 'പ്രാചീനകൈരളി'. 1950 ജനുവരി മുതൽ 'ഭാഷാത്രൈമാസികം' എന്ന പേരിൽ പ്രസിദ്ധീകരണമാരംഭിച്ച ഈ ജേണൽ തുടർച്ചയായ എഴുപത്തിനാല് വർഷത്തെ പ്രസിദ്ധീകരണചരിത്രമുള്ള ഇന്ത്യയിലെ ചുരുക്കം ചില ജേണലുകളിൽ ഒന്നാണ്. ആദ്യലക്കത്തിന്റെ മാനേജിംഗ് എഡിറ്ററും പബ്ലിഷറും ആയിരുന്നത് അന്ന് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ ക്യൂറേറ്ററായിരുന്ന ഡോ. പി.കെ. നാരായണപിള്ളയായിരുന്നു. സംസ്കൃതത്തിലും ഭാഷയിലും ഹസ്തലിഖിതവിജ്ഞാനീയത്തിലും അഗാധപണ്ഡിതനായിരുന്നു അദ്ദേഹം. മലയാളത്തിലെ പ്രാചീന ഹസ്തലിഖിതഗ്രന്ഥങ്ങൾ ഖണ്ഡശ്ശ: പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ഈ ജേണലിന്റെ പ്രാഥമിക ഉദ്ദേശ്യം. അതോടൊപ്പം ഭാഷ, സാഹിത്യം, സംസ്കാരം, ഹസ്തലിഖിതവിജ്ഞാനീയം തുടങ്ങിയ മേഖലകളിലെ ഗവേഷണസ്വഭാവമുള്ള പ്രബന്ധങ്ങളും ആദ്യലക്കം മുതൽ തന്നെ പ്രസിദ്ധീകരിച്ചുതുടങ്ങിയിരുന്നു. ഡോ. കെ. രാഘവൻപിള്ള മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ ഡയറക്ടറായിരുന്ന കാലത്താണ് 'പ്രാചീനകൈരളി' എന്ന പേര് 'ഭാഷാത്രൈമാസിക'ത്തിന് സ്വീകരിച്ചത്. വർഷത്തിൽ നാലു ലക്കങ്ങളായി പ്രസിദ്ധീകരിച്ചിരുന്ന ജേണൽ ഇപ്പോൾ വാർഷികമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. ഡോ. കെ.എസ്. മഹാദേവശാസ്ത്രി, ഡോ. ശൂരനാട് കുഞ്ഞൻപിള്ള, ഡോ. കെ. രാഘവൻപിള്ള, ഡോ. ടി. ഭാസ്കരൻ, ഡോ. കെ. വിജയൻ തുടങ്ങി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയുടെ പ്രതിഭാധനരായ സാരഥികൾ ഈ ജേണലിന്റെ മേൽനോട്ടം വഹിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ പീർ റിവ്യൂവ്ഡ് ജേണലായി (peer reviewed journal) അംഗീകാരം നേടിയിട്ടുള്ള 'പ്രാചീനകൈരളി' ഇപ്പോൾ കൂടുതൽ സമഗ്രമായ ഉള്ളടക്കനയം സ്വീകരിച്ച് മുന്നോട്ടു പോവുകയാണ്. പ്രാചീനഭാഷാകൃതികൾ എഡിറ്റുചെയ്ത് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം തന്നെ ഹ്യുമാനിറ്റീസ്, ഇൻഡോളജി, ക്ലാസിക്കൽ സ്റ്റഡീസ് തുടങ്ങിയ മേഖലകളിലെ മികച്ച ലേഖനങ്ങൾ ഇതിൽ പ്രസിദ്ധീകരിക്കുന്നു. മലയാളഭാഷയ്ക്കും സാഹിത്യത്തിനും നാളിതുവരെ അഭിമാനാർഹമായ പിന്തുണനൽകിക്കൊണ്ട് നിലകൊള്ളുന്ന പ്രാചീനകൈരളിയിലേക്ക് ഗവേഷണാധിഷ്ഠിതലേഖനങ്ങൾ അക്കാദമിക-ഗവേഷണലോകത്തുനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ലേഖനങ്ങൾ orimss.library1908@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കാവുന്നതാണ്.

പ്രൊഫ. ആർ.ബി. ശ്രീകല
ജനറൽ എഡിറ്റർ

ഉള്ളടക്കം

പേജ് നമ്പർ

1.	ഭാഷാവ്യാകരണപാഠങ്ങൾ പ്രാചീനഹസ്തലിഖിതരേഖകളിൽ **പ്രൊഫ. ആർ.ബി. ശ്രീകല**	1-11
2.	നാട്ടരങ്ങ് : സ്വരൂപവും സാധ്യതകളും **ഡോ. കെ.കെ.ശിവദാസ്**	12-25
3.	ഗവേഷണത്തിലെ അന്തർവൈജ്ഞാനികത **ഷൂബ കെ.എസ്സ്.**	26-35
4.	എഴുത്തച്ഛൻ – ബ്രാഹ്മണമത തത്ത്വചിന്തയുടെ ആചാര്യൻ **ഡോ. പ്രമോദ് കുമാർ ഡി.എൻ.**	36-42
5.	നളചരിതം ഭാഷയും ആധുനികമലയാളവും **ഡോ.ബി.ശ്രീകുമാർ സമ്പത്ത്**	43-51
6.	പ്രാചീനകേരളചരിത്രവും ജനിതകശാസ്ത്രപുനരാഖ്യാനങ്ങളും **ഡോ. കെ.പി.രവിചന്ദ്രൻ**	52-58
7.	അർത്ഥശാസ്ത്രത്തിന്റെ സ്വാധീനം അധ്യാത്മരാമായണം കിളിപ്പാട്ടിൽ **ഡോ. മേഴ്സി. കെ. വി.**	59-66
8.	തിരുവിതാംകൂർ സ്ഥലപുരാണം പാഠസംസ്കരണം **ഡോ. സൈനബ എം.**	67-72
9.	ഓണപ്പാട്ട് പാഠസംസ്കരണം **ഡോ. രജനി ആർ.എസ്.**	73-80
10.	കേരളീയ ഹസ്തലിഖിതങ്ങളിലെ ചിഹ്നങ്ങളും ചുരുക്കെഴുത്തുകളും **ഡോ.ജി.സജിന**	81-84
11.	മണിപ്രവാളകാവ്യങ്ങളിലെ പ്രകൃതിദർശനം **ഡോ. അപർണ ടി.**	85-88
12.	ബ്രഹ്മാനന്ദവിവേകസമുദ്രം ഭാഷാസവിശേഷതകളും പ്രമേയപഠനവും **ഡോ. ജിഷ എസ്.കെ.**	89-97
13.	പടിയോലകൾ : മലയാളഭാഷാപഠനസാമഗ്രികൾ **ഡോ.മഞ്ജു കെ.**	98-106
14.	പാലിയം ചെപ്പേടുകൾ ചില ചരിത്രവിചാരങ്ങൾ **ഡോ. ആദർശ് സി.**	107-119
15.	സഞ്ചാരിയുടെ ചരിത്രസന്ദേഹങ്ങൾ: 'പുരുഷാന്തരങ്ങളിലൂടെ' – ഒരു പുനർവായന **മനോജ് കെ.എസ്.**	120-127
16.	'പൊന്നിറത്താൾ കഥ'-യിലെ സാമൂഹികദർശനം **ഡോ.ബിൻസി സി.ജെ.**	128-132

17.	ആത്മജ്ഞാനത്തിന്റെ വഴികൾ – സ്വാനുഭവഗീതിയും ദർശനമാലയും **ഡോ. സിനി വി.**	133-139
18.	ഹനുമാനും വേദാന്തദർശനവും – അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ **അധീഷ് യു.**	140-143
19.	യോഗദർശനം യോഗസൂത്രത്തെ മുൻനിർത്തിയുള്ള അവലോകനം **സുനിത എസ്.**	144-151
20.	നാഞ്ചിനാട്-ദേശവും എഴുത്തും കലയും **ഡോ.ഷിബു കുമാർ പി.എൽ.**	152-159
21.	തെലുങ്കലിപികളും സംഖ്യാസമ്പ്രദായവും **ഡോ. മായ കെ.എസ്.**	160-168
22.	തിരു-കൊച്ചി സംസ്ഥാനങ്ങളിലെ ഭരണരേഖകളും അവയിലെ സാങ്കേതികപദങ്ങളും-താരതമ്യപഠനം **രജനി റ്റി.**	169-173
23.	ബുദ്ധമതവും ആയുർവേദവും **നീതു വി.**	174-180
24.	ബുദ്ധമതാചാരാനുഷ്ഠാനങ്ങളും കേരളവും **അശ്വതി കെ.ബി.**	181-188
25.	പാഞ്ചാലീസ്വയംവരം ഊഞ്ഞാൽപ്പാട്ട് ഹസ്തലിഖിതത്തിന്റെ പാഠവിശകലനം **ജിബി പി.**	189-191
26.	ആണധികാരവിമർശനം – നമ്പ്യാർക്കൃതികളിൽ **ഡോ. ദൃശ്യാ ഗോപി**	192-199
27.	നിളാതട വൈദ്യപൈതൃകശൃംഖലയും പുളിയാപ്പറ്റ നേത്രചികിത്സാലയവും **അശ്വതി രാജ് സി.**	200-212
28.	ദേശകാലങ്ങളുടെ ദൃശ്യവത്ക്കരണം പി. ബാലചന്ദ്രന്റെ സമാറ നാടകത്തിൽ **സുമ സി. സുബ്രഹ്മണ്യൻ**	213-219
29.	വിജയപ്രദസ്തോത്രം കിളിപ്പാട്ട് പാഠസംസ്കരണവും പഠനവും **മിഥുൻ കെ. മണി**	220-227
30.	ശാസ്താംപാട്ടിലെ ആചാരാനുഷ്ഠാനങ്ങളും പുരാണകഥാപരാമർശങ്ങളും **അഭിലാഷ് ഉണ്ണി**	228-232

ഭാഷാവ്യാകരണപാഠങ്ങൾ പ്രാചീനഹസ്തലിഖിതരേഖകളിൽ

പ്രൊഫ. ആർ.ബി. ശ്രീകല

പ്രബന്ധസംഗ്രഹം

കേരള സർവ്വകലാശാലയുടെ ഹസ്തലിഖിതഗ്രന്ഥാലയത്തിൽ പ്രാചീന മലയാളഗ്രന്ഥങ്ങളുടെ വലിയശേഖരമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇവയിൽ ഭാഷ, സാഹിത്യം, വിജ്ഞാനം തുടങ്ങി വ്യത്യസ്ത വിഷയങ്ങളിലുള്ള ധാരാളം ഗ്രന്ഥങ്ങളുണ്ട്. എ.ആർ.ന്റെ കേരളപാണിനീയം ഭാഷാവ്യാകരണപഠനത്തിന് അടിസ്ഥാനഗ്രന്ഥമാകുന്നതിനു മുമ്പ് രചിക്കപ്പെട്ടിട്ടുള്ളവയും 200 നുമേൽ വർഷത്തെ പഴക്കം ഭാഷയിലും ലിപിയിലും അവകാശപ്പെടാവുന്നവയുമായ മലയാളവ്യാകരണഗ്രന്ഥങ്ങൾ ഇക്കൂട്ടത്തിൽ പലതുമുണ്ട്. പൊതുവെ സംസ്കൃതഭാഷയുടെ അതിപ്രസരം ഇവയിൽ കാണാമെന്നുമാത്രം. അത്തരം താളിയോല ഗ്രന്ഥങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത വർണ്ണലക്ഷണം, സന്ധിപ്രകരണം, ബാലപ്രബോധനം (മണിപ്രവാളം) എന്ന വ്യാകരണപാഠങ്ങൾ പാഠസംസ്കരണത്തിലൂടെ പകർത്തിയെഴുതാനാണ് ഈ പ്രബന്ധം ഉദ്ദേശിക്കുന്നത്. കൂടാതെ അവയുടെ ഉള്ളടക്കം മുന്നോട്ടു വയ്ക്കുന്ന ഭാഷാവ്യാകരണസവിശേഷതകൾ പഠനവിധേയമാക്കുകയും ചെയ്യുന്നു. ആദ്യം പാഠം തുടർന്ന് പഠനം എന്ന രീതിയിലാണ് പ്രബന്ധം രൂപപ്പെടുത്തിയിട്ടുള്ളത്.

താക്കോൽവാക്കുകൾ

വർണ്ണലക്ഷണം, സ്പർശങ്ങൾ, അന്തസ്ഥങ്ങൾ, ഊഷ്മാക്കൾ, അച്ച്, ഹല്ല്, ഹ്രസ്വവിവൃത്തി, സന്ധിപ്രകരണം, പ്രാകൃതസ്വരിതം, ഉദാത്തം, അനുദാത്തം, പഞ്ചമങ്ങൾ, പദപരിഗ്രഹം, ബാലപ്രബോധനം, മണിപ്രവാളം, ദീർഘവിവൃത്തി, സുബന്തം, തിങന്തം, പരസ്മൈപദം, ആത്മനേപദം.

ആമുഖം

പാഠസംസ്കരണപദ്ധതിയിലൂടെ എഡിറ്റുചെയ്ത് തയ്യാറാക്കിയ വർണ്ണലക്ഷണം, സന്ധിപ്രകരണം, ബാലപ്രബോധനം (മണിപ്രവാളം) എന്നീ താളിയോല ഗ്രന്ഥങ്ങളിലെ ഭാഷാവ്യാകരണപാഠങ്ങൾ യഥാക്രമം ചുവടെ ചേർക്കുന്നു.

വർണ്ണലക്ഷണം

(Acc. Reg. No. 15766 E)

ഹരി: ശ്രീഗണപതയേ നമ: അവിഘ്നമസ്തു

അ യന്ന തുടങ്ങി ക യന്നടത്തൊളത്തിന അച്ചന്നും സ്വരമന്നും പെര. ക യന്ന തുടങ്ങി ക്ഷ യന്ന കഴിവൊളം ഹല്ല ന്നും വ്യഞ്ജനമന്നും പെര. അ ആ ആരണ്ടക്ഷരത്തിനും കൂടെ അ വർണ്ണമന്നപെര. ഇ ഈ ആരണ്ടക്ഷരത്തിനും കൂടെ ഇ വർണ്ണമന്നുപെര. ഉ ഊ ആരണ്ടക്ഷരത്തിനും

കൂടെ ഉ വർണ്ണമന്നുപെര. ഋ കാരം എ കാരം ഐ കാരം ഒ ഔ ആ നാല ക്ഷരത്തിനും കൂടെ ഒഷ്ഠ്യങ്ങളന്നുപെര. ക ഖ ഗ ഘ ങ ആ അഞ്ചക്ഷര ത്തിനും കൂടെ ക വർഗ്ഗമന്നു പെര. ച ഛ ജ ഝ ഞ ആ അഞ്ചക്ഷര ത്തിനും കൂടെ ച വർഗ്ഗമന്നു പെര. ട ഠ ഡ ഢ ണ ആ അഞ്ചക്ഷരത്തിനും കൂടെ ട വർഗ്ഗമന്നു പെര. ത ഥ ദ ധ ന ആ അഞ്ചക്ഷരത്തിനും കൂടെ ത വർഗ്ഗമന്നു പെര. പ ഫ ബ ഭ മ ആ അഞ്ചക്ഷരത്തിനും കൂടെ പ വർഗ്ഗമന്നു പെര. അങ്ങനെ അഞ്ചു വർഗ്ഗം. ആ അഞ്ചുവർഗ്ഗത്തിനും കൂടെ സ്പർശമന്നു പെര. ആ അഞ്ചു വർഗ്ഗത്തിലും മുമ്പിലത്തെ അക്ഷരം പ്രഥ മം. രണ്ടാമത്തെ അക്ഷരം ദ്വിതീയം. മൂന്നാമത്തെ അക്ഷരം ത്രിതീയം. നാലാമത്തെത ചതുർത്ഥം. അഞ്ചാമത്തെത പഞ്ചമം. ആ അഞ്ചുവർഗ്ഗ ത്തിനും കൂടെ സ്പർശമന്നു പെര. യ ര ല വ ആ നാലക്ഷരത്തിനും കൂടെ അന്തസ്ഥകളന്നു പെര ശ ഷ സ ഹ ആ നാലക്ഷരത്തിനും കൂടെ ഊഷ്മാ ക്കളന്നു പെര. 36 അക്ഷരമടുക്കയും 19 അക്ഷരമൊടുങ്ങുകയും. അച്ചിൽ 11 അക്ഷരമടുക്കും. അ ആ ഇ ഈ ഉ ഊ ഋ എ ഐ ഒ ഓ ഔ. കവർഗ്ഗ ത്തിൽ 4 അക്ഷരമടുക്കും ക ഖ ഗ ഘ. ചവർഗത്തിൽ 4 അക്ഷരമടുക്കും. ച ഛ ജ ഝ. ട വർഗ്ഗമടുക്കയില്ല. ത വർഗ്ഗവും പ വർഗ്ഗവും അന്തസ്ഥകളും ഊഷ്മാക്കളും ഒക്കയടുക്കും. അങ്ങനെ 36 അക്ഷരമടുക്കും. അച്ചിൽ 10 അക്ഷരമൊടുങ്ങും അ ആ ഇ ഈ ഉ ഊ എ ഐ ഒ ഔ. ക ച ട ത പ ങ ന മ വിസർഗ്ഗവും രെഫവും അങ്ങനെ 19 അക്ഷരമൊടുങ്ങീട്ട അവർണ്ണമടു ക്കുമ്പൊൾ ദീർഘം. അ വർണ്ണമൊടുങ്ങീട്ട ഇ വർണ്ണമടുക്കുമ്പൊൾ എ കാരം. അ വർണ്ണമൊടുങ്ങീട്ട ഉ വമടുക്കുമ്പൊൾ ഒ കാരം. അവർണ്ണമൊടു ങ്ങിട്ട ഋ കാരമടുക്കുമ്പൊൾ ഹ്രസ്വവിവൃത്തി. അവർണമൊടുങ്ങിട്ട എ കാ രവും ഐ കാരവുമടുക്കുമ്പൊൾ ഐ കാരന്തന്നെ. അവർണ്ണമൊടുങ്ങിട്ട ഒ കാരവും ഔ കാരവുമടുക്കുമ്പൊൾ ഔകാരന്തന്നെ. അവർണ്ണമൊടുങ്ങിട്ട ഹല്ലടുക്കുമ്പൊൾ സന്ധിയില്ല. കൂട്ടിച്ചൊല്ലുക. അകാരമൊടുങ്ങിട്ട ഛകാരമ ടുക്കുമ്പൊൾ ഛകാരത്തിനു ദ്വിത്വം. ഇവർണ്ണമൊടുങ്ങിട്ട ഇവർണ്ണമടുക്കു മ്പൊൾ ദീർഘം. ഇവർണമൊടുങ്ങിട്ട ശെഷമൊള്ള അച്ചുകൾ യടുക്കു മ്പൊൾ കൂട്ടക്ഷരമായിട്ടൊരു യകാരം. ഇവർണ്ണൊടുങ്ങീട്ട ഹല്ലടുക്കുമ്പൊ സന്ധിയില്ല കൂട്ടിച്ചൊല്ലുക. ഇകാരമൊടുങ്ങിട്ട ഛകാരമടുക്കുമ്പൊൾ ഛ കാരത്തിനു ദ്വിത്വം. ഉവർണ്ണമൊടുങ്ങിട്ട ഉവർണ്ണടുക്കുമ്പൊൾ ദീർഘം. ഉവർണ്ണമൊടുങ്ങിട്ട ശെഷമൊള്ള അച്ചുകൾ യടുക്കുമ്പൊൾ കൂട്ടക്ഷരമായി ട്ടൊരു വകാരം. ഉവർണ്ണമൊടുങ്ങിയിട്ട ഹല്ലടുക്കുമ്പൊൾ സന്ധിയില്ല. കൂട്ടി ച്ചൊല്ലുക. ഉ കാരമൊടുങ്ങിട്ട ഛകാരമടുക്കുമ്പൊൾ പൂർവ്വരൂപം. എകാര മൊടുങ്ങിയിട്ട ശെഷമൊള്ള അച്ചകൾ യടുക്കുമ്പൊൾ ഹ്രസ്വവൃത്തി. എകാരമൊടുങ്ങിട്ട ഹല്ലടുക്കുമ്പൊൾ സന്ധിയില്ല. ഐ കാരമൊടുങ്ങിയിട്ട അച്ചടുക്കുമ്പൊൾ ദീർഘവിവൃത്തി. ഐകാരമൊടുങ്ങിട്ട ഹല്ലടുക്കുമ്പൊൾ സന്ധിയില്ല. ഒ കാരമൊടുങ്ങിയിട്ട അകാരമടുക്കുമ്പൊൾ പൂർവ്വരൂപം. ഒകാ രമൊടുങ്ങിട്ട ഒഷ്ഠ്യങ്ങൾ അടുക്കുമ്പൊൾ ഹ്രസ്വവിവൃത്തി. ഒകാരമൊടു ങ്ങിട്ട ശെഷമൊള്ള അച്ചുകൾ യടുക്കുമ്പൊൾ ദീർഘരൂപമായിട്ട ഒരു വകാ രം. ഔകാരമൊടുങ്ങിയിട്ട ഹല്ലടുക്കുമ്പൊൾ സന്ധിയില്ല. പ്രഥമങ്ങളൊടു ങ്ങീട്ട അച്ചുകളും തൃതീയ ചതുർത്ഥങ്ങളും അന്തസ്ഥങ്ങളും ഹകാരവും യടുക്കുമ്പൊൾ ശെഷമൊള്ള അച്ചുകൾ യടുക്കുമ്പൊൾ ഹ്രസ്വപൂർവ്വമായി ട്ടൊരു വകാരം. വകാരമൊടുങ്ങിയിട്ട ഹല്ലടുക്കുമ്പൊൾ സന്ധിയില്ല. ഔകാ

രമൊടുങ്ങിയിട്ട ശെഷമൊള്ള അച്ചുകൾ യടുക്കുമ്പൊൾ ദീർഘപൂർവ്വമായി ട്ടൊരു വകാരം ഔകാരമൊടുങ്ങിയിട്ട ഒഷ്ഠ്യങ്ങളടുക്കുമ്പൊൾ ദീർഘവി വൃത്തി.....

(അപൂർണ്ണം)

2

സന്ധിപ്രകരണം

(Acc. Reg. No. 10860-B)

ഹരി:

അവർണ്ണം ഒടുങ്ങീട്ട അ വർണ്ണം എടുത്താൽ ദീർഘം. ഇ വർണ്ണം എടുത്താൽ എ കാരം ഉകാരം എടുത്താൽ ഒ കാരം ഋ കാരം എടുത്താൽ അകാര വിവൃത്തി. എ കാരവും ഐ കാരവും എടുത്താൽ ഐ കാരം ഒ കാരവും ഔ കാരവും എടുത്താൽ ഔ കാരം ഇ വർണ്ണം ഒടുങ്ങീട്ട ഇ വർണ്ണം എടുത്താൽ ദീർഘം മറ്റുള്ള അച്ചുകൾ എടുത്താൽ യ കാരം കൂട്ട ക്ഷരം. ഉ വർണ്ണം ഒടുങ്ങീട്ട ഉ വർണ്ണം എടുത്താൽ ദീർഘം. മറ്റുള്ള അച്ച കൾ എടുത്താൽ വ കാരം കൂട്ടക്ഷരം. എ കാരം ഒടുങ്ങീട്ട അ കാരം എടു ത്താൽ അ കാരം ലൊപിക്കും. മറ്റുള്ള അച്ചകൾ എടുത്താൽ അകാരവി വൃത്തി. ഒ കാരം ഒടുങ്ങീട്ട അകാരം എടുത്താൽ അ കാരം ലൊപിക്കും. ഓഷ്ഠ്യകാരം എടുത്താൽ അകാര വിവൃത്തി. മറ്റുള്ള അച്ചകൾ എടു ത്താൽ അ കാര വ കാരം.

ഔ കാരം ഒടുങ്ങിട്ട ഓഷ്ഠ്യാകാരം എടുത്താൽ ആ കാരവിവൃത്തി. മറ്റുള്ള അച്ചകൾ എടുത്താൽ ആ കാര വ കാരം. ..... അ കാര വിസർഗ്ഗം ഒടുങ്ങീട്ട അ കാരവും പതിന്നാലക്ഷരവും എടുത്താൽ ഒ കാരം. മറ്റുള്ള അച്ചകൾ എടുത്താൽ അ കാരവിവൃത്തി. ആ കാര വിസർഗ്ഗം ഒടുങ്ങീട്ട അച്ചകൾ എടുത്താൽ ആ കാരവിവൃത്തി. പതിന്നാലക്ഷരം എടുത്താൽ കൂട്ടിച്ചൊല്ലും. ഗ ഘ ജ ദ ധ ന ബ ഭ മ യ ര ല വ ഹ ഇത പതിന്നാലക്ഷ രം. വിസർഗ്ഗങ്ങൾ ഒടുങ്ങിട്ട ക ഖ യും പ ഫ യും ത ഥ യും എടുത്താൽ വിസർഗ്ഗം വിസർഗ്ഗന്തന്നെ. ഇ കാരാദി വിസർഗ്ഗങ്ങളും ഒടുങ്ങിട്ട അച്ചും പതിന്നാലക്ഷരവും എടുത്താൽ രെഫം. രെഫം എടുത്താൽ ദീർഘം. ച ട ക്ക ശ ഷ സ ദ്വിത്വം. എ ഷ സ ഒടുങ്ങിട്ട അച്ച എടുത്താൽ സന്ധി പോലെ. ഹല്ല എടുത്താൽ കൂട്ടിച്ചൊല്ലും. ഉദാത്തം ഒടുങ്ങിട്ട അച്ചകൾ എടുത്താൽ ഉദാത്തം.

അനുദാത്തം എടുത്താൽ പ്രാകൃതസ്വരിതം. പ രിതം എടുത്താൽ ഭേദമില്ല. അനുദാത്തം ഒടുങ്ങിട്ട അനുദാത്തം എടുത്താൽ നുനുദാത്തം. ഉദാത്തവും സ്വരിതവും എടുത്താൽ ചോട്ടിലത്തെ അക്ഷരം അനുദാത്തത രം. സ്വരിതം ഒടുങ്ങിട്ട ഉദാത്തവും സ്വരിതവും എടുത്താൽ കമ്പം. അനു ദാത്തം എടുത്താൽ പ്രചയം. പ്രാകൃതസ്വരിതവും പ്രചയവും ഒടുങ്ങിട്ട ഉദാത്തവും സ്വരിതവും എടുത്താൽ ചോട്ടിലത്തെ അക്ഷരം അനുദാത്ത തരം. അനുദാത്തം എടുത്താൽ പ്രചയം. അ വർണ്ണവും സ വർണ്ണവും സ്വരിക്കയില്ല. ഇ കാരം രണ്ടാക്കി സ്വരിക്ക. അ കാരം വിസർഗ്ഗവും. എ കാ രവും ഒ കാരവും ഉദാത്തമായി ഒടുങ്ങിട്ട അ കാരം അനുദാത്തമായി എടു

ത്താൽ ഉദാത്തം. സ്വരിക്കുന്ന വർണ്ണവും ഉ വർണ്ണവും ഉദാത്തമായി ഒടുങ്ങിട്ട സവർണ്ണം അല്ലാത്തെ അച്ച അനുദാത്തമായി എടുത്താൽ ഉദാത്തം സ്വരിക്കും.

വല്ല സ്വരവും അച്ചു കൂട്ടക്ഷരവുമെടുത്താൽ സംയുക്തം. ജ കാര വുന്ദധനയും എടുത്താൽ എടുത്ത വർഗ്ഗത്തിലെ പഞ്ചമഞ്ചോടെ. ല കാര മെടുത്താൽ നാസിക്കവും ദ്വിത്വവും. ശ കാരമെടുത്താൽ ശ കാരഞ്ഛകാ രമാകയുഞ്ചെയ്യും. ഞ കാരഞ്ചോടെ ഇരിക്കയുഞ്ചെയ്യും. ദ്വിത്വവുമുണ്ട. സ കാരമെടുത്താൽ മദ്ധ്യേ ഥ കാരം. മ കാരമൊടുങ്ങീട്ട സ്പർശങ്ങളെടു ത്താൽ നാസികവും. ദ്വിത്വവും രെഫവും ശ ഷ സ ഹ യുടമെടുത്താൽ അനുസ്വാരങ്ങളും പദപരിഗ്രഹവും വിവൃത്തി. ഒകാരം അനുദാത്തമായി കുത്തിയാൽ സന്ധിപോലെ. അഥോ അപോ ഉപോ എതോ അവിഷ്ടോ ഇത അഞ്ച പദവും വിവൃത്തി.

ശ്രീദക്ഷണാമൂർത്തയേ നമ:

3

ബാലപ്രബോധനം (മണിപ്രവാളം)

(Acc. Reg. No. L-1078-E)

ഹരി: ശ്രീഗണപതയേ നമ: അവിഘ്നമസ്തു.

വെള്ളം ജടാന്തേ ബിഭ്രാണം വെള്ളിമാമല വിഗ്രഹം
വെള്ളൂരമർന്ന ഗൗരീശമുള്ളിലമ്പോടു ചിന്തയേ
കർതൃകർമ്മക്രിയാഭേദം വിഭക്ത്യർത്ഥാന്തരങ്ങളും
ഭാഷയായിഹചൊല്ലുന്നേൻ ബാലാനാമരിവാനഹം

ശബ്ദം രണ്ടുവിധം. പ്രോക്തം തിങ്ങന്തഞ്ചസുബന്തവും രണ്ടു ജാതി. സുബന്തേചാപ്യജന്തഞ്ചഹലന്തവും ലിംഗം മുമൂന്നു രണ്ടിനും വരും. പുല്ലിംഗമാദിയിൽ സ്ത്രീലിംഗമദ്ധ്യഭാഗേസ്യ മൊടുക്കത്തു നപുംസ കം. വൃക്ഷോജായാ കുണ്ഡമിതിരൂപഭേദമജന്തകേഗോധുൽ പൂർവ്വമുപാന ചുവാർശബ്ദോപിഹലന്തകേ. അന്തങ്ങളറിയാമി പ്രഥമൈ കവചനങ്ങളാൽ അജന്തേഷു ഹലന്തേഷു ബഹു അർത്ഥവചനങ്ങളാൽ അകാരാന്തിയാ യുള്ള ശബ്ദങ്ങൾക്കയഥോചിതം വിഭക്തിഭേദാർത്ഥങ്ങൾ ചൊല്ലുന്നു പല ജാതിയും. പ്രഥമാച ദ്വിതീയാച തൃതീയാച ചതുർത്ഥ്യപി പഞ്ചമീ ഷഷ്ഠിയും സപ്തമേവ്യമെഴുതി വിഭക്തികൾ. ഇവറ്റി ഹേ വെവ്വേറെ മുമ്മൂന്നു വചനം വരും. ഏക ദ്വി ബഹു മുമ്പായി വചനം മൂന്നിവ ക്രമാൽ. ഒരുത്തനിരുവർ പിന്നെ പലരെന്നർത്ഥമായ്വരും. പ്രഥമായാഭേദമെത്രമുറ്റും സംബോധനാഭിധാ. അതെന്ന പ്രഥമയ്ക്കർത്ഥം. ദ്വീതീയയ്ക്കതിനെ പുന: തൃതീയാ ഹേതുവായിക്കൊണ്ടാലൊടുടേതി ച ക്രമാൽ. ആയിക്കൊണ്ട ചതുർത്ഥീ ച സർവ്വത്ര പരികീർത്തിതാ: അതിങ്കൽ നിന്ന പൊക്കെക്കാൾ ഹേതുവായിട്ട പഞ്ചമീ. ഇക്കുനിന്നു മിടേഷഷ്ഠിക്കതിന്റെ വച്ചുമെന്നപി അതിങ്കലതിൽ വെച്ചെന്നു വിഷയാ സപ്തമീ മതാ വിഭക്ത്യർത്ഥ ങ്ങളീവണ്ണം ചൊല്ലുന്നു.

പലജാതിയും വൃക്ഷസ്തിഷ്ഠത്യേസൗവൃക്ഷം നിൽക്കുന്നു. വൃക്ഷ മാശ്രയേ - വൃക്ഷത്തെയാശ്രയിക്കുന്നേൻ. വൃക്ഷേണ ദ്വിരദോഹത: - വൃക്ഷത്താലാന കൊല്ലപ്പെട്ടെന്നീവണ്ണം തൃതീയും നമശ്ചകാരവൃക്ഷായ ശാഖാസംരുദ്ധ ഭാസ്വതേ നമസ്കരിചേൻ. വൃക്ഷത്തിനായിക്കൊണ്ട ചതുർത്ഥ്യപി. വൃക്ഷാഗ്രാൽ കുസുമം ഭ്രഷ്ടം - വൃക്ഷാഗ്രത്തുങ്കൾ നിന്നഥ പൂവീണന്നതു. വൃക്ഷസ്യശാഖാചത്യന്തമുന്നതാ-വൃക്ഷത്തിന്റെ കൊമ്പു മേറ്റമുയർന്നെന്നിതു ഷഷ്ഠ്യപി. പക്ഷീ വൃക്ഷേ സ്ഥിത: - പക്ഷി വൃക്ഷ ത്തിങ്കലിരുന്നിത. ഹേ വൃക്ഷത്വം കമ്പസേ കിമിതി സംബോധനാപിച - എടോ വൃക്ഷ നീ ചലിക്കുന്നതെന്തീതീവണ്ണമൊക്കവേ. സംബോധന നിർണ്ണയാർത്ഥം ഹേശബ്ദം കൂടെ യുജ്യതേ. പദശ്ലേതം ചെയ്തു മുമ്പേ വിഭക്തികളറിഞ്ഞുടൻ. അങ്ങുമിങ്ങുമിരിക്കുന്ന പദങ്ങളെ യഥാവലേ ചേരു ന്നപടി ചേർക്കുന്നതന്വയം പരികീർത്തിതം. കർത്താ കർമ്മം ക്രിയാ മൂന്നുമന്വയത്തിങ്കൽ മുമ്പിവ കർത്താ ചെയ്യുന്നവൻ കർമ്മമവനിച്ഛിച്ച തായ്വരും. കർത്താവിന്നിഹ കർമ്മത്തോടുള്ള ബന്ധം ക്രിയാപദം. കർത്താ പ്രഥമയാകുമ്പോൾ ദ്വിതീയാ കർമ്മമായ്വരും. തിങ്ങന്തം ക്രിയ യായീടും ചിലേടത്ത സുബന്തവും. തൃതീയ കർത്താവാകുമ്പോൾ കർമ്മം പ്രഥമയായ്വരും. സുബന്തം വാ തിങ്ങന്തവാ. ക്രിയതതത്രാത്മനേപദം ത്രിതീയ കർത്താവായീടും. ഭാവേ കർമ്മങ്ങളില്ലപോൽ. സുബന്തന്തൻ തിങ്ങന്തം താനിതിങ്കൽ ക്രീയയായ്വരും. കർത്താവിലഥ കർമ്മത്തിലഥ ഭാവ ത്തിലും തഥ മൂന്നു ജാതിവരും. തത്രചൊല്ലാം. കർത്താവിലുള്ള ത കിരാ തോഹരിണം ജഘ്നേ കർത്തൃകർമ്മക്രിയ: ക്രമാൽ.

കിരാതൻ മാനിനെ കൊന്നു - കിരാതേന മൃഗോഹത: കിരാതനാൽ മൃഗം കൊല്ലപ്പെട്ടിന്നതു കർമ്മണി. താമ്രചൂഡേശ കു ജീതിനൽ പൂങ്കോഴി കളാലിഹ കൂ കൂ എന്നുള്ളതുണ്ടായി ഭാവത്തിങ്കലീവണ്ണമാകുന്നിതൈകവ ചനാഭാവത്തിങ്കൽ നപുംസകം വിശേഷണ വിശേഷ്യങ്ങളറിങ്ങീടുക. സർവ്വത: വിശേഷ്യന്തു പ്രധാനംസ്യാദ പ്രധാനം വിശേഷണം വിശേഷ്യാ ബ്രഹ്മചാരീതു മേഖലാജിന മണ്ഡലാൻ മേഖലാജിന ദണ്ഡവാൻ മേഖ ലാജിന ദണ്ഡങ്ങളുള്ളവൻ തദ്വിശേഷണം ഗോപാലോ ഗാംപയോദോഗ്ദി എന്നീവണ്ണം തികമുകം ഗോപാലൻ പശുവേപോലെ കറക്കുന്നിപ്രകാരമാം സൂര്യേ കർക്കിസ്ഥിതേ നാരീ പ്രസൂയത കിലാത്മജം സൂര്യൻ കർക്കടകേ നിൽക്കും വിഷയത്തിങ്കലംഗനാ പെറ്റുപോൽ മകനെ ചൊന്നേനേവം. വിഷയസപ്തമീ ക്രിയാ വിശേഷണം ചൊല്ലാം. രാമസ്സാദനമനബ്രവിൽ ശ്രീരാമനാദരത്തോടുകൂടുംവണ്ണം പറഞ്ഞിത. ധാതു രണ്ടുവിധം പ്രോക്തം. സകർമ്മകം അകർമ്മകം കൃഷ്ണോദി ദേവൻ ശ്രീകൃഷ്ണൻ ക്രീഡിച്ചെന്നത കർമ്മകം. ശ്രീകൃഷ്ണോപാലയദ്വൈഗാ: കൃഷ്ണൻ പാലിച്ചു ഗോക്കളെ സകർമ്മകമിദം പ്രോക്തം. തിങ്ങന്താംശ്ച ബ്രവീമുഹം ലട്ടും ലങ്ങും ലൊട്ടുലിംഗം ലിട്ടും ലുങ്ങും തഥൈവച ലട്ടും ലുങ്ങും ലുട്ടു ലെട്ടും ലകാ രാഃ പത്തിവക്രമാൽ അശിഷിലിർങ്ങലിങ്ങിലെഭേദം കാലഭേദമഥോച്യതേ ലട്ടിയക്കത്തിൽ വന്നീടും ലങ്ങലുർങ്ങലിട്ടുകൾ പോകതിൽ ചെയ്തു പോക വകുതാക എന്നിത്യാദിഷു ലിർങ്ങലോൾവ്യർങ്ങലുടോലുടു മൂന്നും മേൽ വരുന്നുള്ളതിൽ ക്രമാൽ നാനാധാതുഗണത്തിന്റെ മേൽവരുന്നു.

ലഡാദയ: ഭൂസത്തായാമേധവൃദ്ധൗരൂപചഷാകഏവച ലകാര ങ്ങൾക്ക് രൂപങ്ങൾ ഈ രണ്ടാം ധാതു ഭേദത: പരസ്മൈപദവും പിന്നെ

ആത്മനേ പദവും തഥാ ഓരോന്നാകിലുമാം പിന്നെ ചിലേടത്ത് യഥാവിധി ഓരോന്നിന്നിഹവേ വെവ്വേറെ വർഗ്ഗം മുമ്മൂന്നു വന്നിട്ടും പ്രഥമ: പുരുഷ: പൂർവം മദ്ധ്യമ: പുരുഷ: പുന: ഉത്തമ: പുരുഷ ശ്വേതിവർഗ്ഗം മൂന്നിവ രണ്ടിലും ഓരോന്നിന്നിഹ വേവ്വേറെ മു മൂന്നു വചനം വരും ഏകദ്വി ബഹു മുമ്പായി വചനം മൂന്നിവ ക്രമാൽ മദ്ധ്യമൻവരുമേടത്ത് യുഷ്മത്തിങ്കൽ വരും ക്രമാൽ ഉത്തമൻ വരുമേടത്തങ്ങസ്തമത്തുങ്കൽ വരുന്നിതു മറ്റുള്ളേടത്ത് പ്രഥമപുരുഷൻ വരുമെപ്പോഴും സ: കരോതിത്വം കരോഷിമ രോമ്യ ഹമിതി ക്രമാൽ അവൻ ചെയ്യുന്നു നീ ചെയ്യുന്നു ഞാൻ ചെയ്യുന്നു ഇതി ക്രമാൽ കുർവ്വന്തിതേ തൗ കരുതസ്സകരോതിയഥാക്രമം തന്റെ തന്നെ സമ ത്തോട്കൂടുമത്രേ വിഭക്തികൾ വചനങ്ങളുമവ്വണം തഥാ ലിംഗങ്ങളും വരും. കൃഷ്ണ കമല പത്രാക്ഷ: കൃഷ്ണം കമല ലോചനം കൃഷ്ണേന വാസുദേവനേ കൃഷ്ണായ പരമാത്മനേ കൃഷ്ണാൽ കമല പത്രാക്ഷാൽ കൃഷ്ണസ്യകമലാപതെ: കൃഷ്ണേ കമല പത്രാക്ഷേ ഹേകൃഷ്ണപുരു ഷോത്തമ കൃഷ്ണ: കമലപത്രാക്ഷ: കൃഷ്ണോ കമല ലോചനോ കൃഷ്ണാ: കമല പത്രാക്ഷ: വചനങ്ങളീവണ്ണമാം. വൃക്ഷ: കുസുമിത: കാന്താപൂർണ്ണചന്ദ്രനിഭാനനാവനം കുസുമിതം ഭാതി. ലിംഗഭേദങ്ങളിങ്ങനെ യ, ച ശബ്ദം കാണുമേടത്തു ത ച ശബ്ദം കൂടവന്നീടും.

ക്രിയാപദം രണ്ടുമൂന്നു കാണുന്നേടത്തിവണ്ണമാം ക്രിയക്കടുത്ത് കർത്താവും കർമ്മവും തത്രകൊൾവിത ദ്വിതീയയ്ക്കും സപ്തമിക്കും പിമ്പേ ത്വാന്തം ല്യബന്തവും തത്രഗത്വാ പ്രവിശ്യേതി തജ്ഞഷ്ടാ പ്രേക്ഷചേ ത്യപി രണ്ടു കർമ്മങ്ങളുണ്ടാകിൽ നടുന്തേവസ്യാ ല്യബന്തവും. വിദർഭനഗരം പ്രാപ്യരുഗ്മിണീമപഹരൻ പ്രഭു: പ്രാപിസംഗമ്യസൽകൃത്വാപ്രേക്ഷ്യേ ഇത്യാദിലബന്തവും ക്ത്വാന്ത്വാ: കൃത്വാച ഹുത്വാചന നത്വ ഗത്വാദികാ സ്ഥദാനത്വാ നമസ്കരിച്ചിട്ട വീക്ഷ്യാകണ്ടിട്ടതീദശാം വക്തും ശ്രോതും ഗൃഹീതും വാതു മുന്നന്തങ്ങളെവമാം ചതുർത്ഥ്യർത്ഥമിവറ്റിന്നതസിലന്തം യതസ്തത: കുർവ കുർവാണ ഇത്യോപാന്താശ്ചൈവ ല്യബന്തകാ: തസില ന്താസ്തുമുന്നന്താശ്ശനൈരുച്ചൈസ്തഥാധുനാ അഥാഥൊതദനുക്ഷിപ്രായ ശ്ശ്ചൻ സ്ഫുടം ദ്രുതം അഹോ വ്യഥ വ്യഥ ഗ്വിനാ ശീഘ്രം തന്തയത്രോ ത്രകുത്രചിൽ ഇത്ഥം നനു ദ്രു വം ചിത്രമപിഖലേവമേവനുയഥാതഥാകഥ ന്നാമ ചിച്ചുനാന്താദികാ:/ക്രമാൽ കർത്താവിൽ ക്രിയയാകുമ്പോൾ കർത്താ പ്രഥമയായ് വരം കർമ്മം ദ്വിതീയയായീടും രക്ഷ തസ്മാൻ മഹേ ശ്വര: കർമ്മത്തിൽ ക്രീയയാകുമ്പോൾ കർത്താവങ്ങ് തൃതീയാം കർമ്മം പ്രഥമയായീടും കൃഷ്ണോനധാരി പൂർവ്വതാ ഭാവത്തിൽ ക്രിയയാകു മ്പോൾ കർത്താവങ്ങ് തൃതീയ യാം കർമ്മ മില്ലെന്ന് കാണേണം കൃഷ്ണോനാഭാവി ഗോകുലേ കർത്ര്യയ്യേവപരസ്മൈ പദമിതിനച ഭാവ കർമ്മണോജ്ഞേയം ത്രിഷ്വാത്മനേ പദംസ്യൽ ഭാവേ പ്രഥമൈ കവചന മേവ പുന: സുബന്തം ക്രിയചൊല്ലുന്നേൻ ബദ്രൂവാൻ ഭൂത വാനഥ ഭൂതോ ഭാവ്യന്തേ ധനീ യോ ഭവിതവ്യ ഇതി ത്രിഷ്ഠപൂർവ്വകാലക്രിയാ സ്തോതാ: കൃത്വാപ്രാപ്യ വിധായച പായം പായം ശ നൈ: കാര മപി കർത്തും പ്രയോജനം. ഔചിത്യം കൊണ്ടറിഞ്ഞീടുമർത്ഥഭേദങ്ങളൊക്കവേ നവാ രണ്യ മഹീദേവ കൃതിരോഷാ വിരാജതേ

ഇതി ബാലപ്രബോധനം സമാപ്തം.

പഠനം

മലയാളത്തിലെ മൂന്ന് പ്രാചീന ഹസ്തലിഖിത ഗ്രന്ഥങ്ങളാണ് ഈ പ്രബന്ധത്തിൽ പാഠസംസ്കരണം നടത്തി അവതരിപ്പിച്ചത്. മൂന്നു ഗ്രന്ഥങ്ങളും താളിയോലയിലാണ് ലഭ്യമായിട്ടുള്ളത്. ഇവ ഭാഷാവ്യാകരണപാഠങ്ങളാണ്. വർണ്ണലക്ഷണം, സന്ധിപ്രകരണം, ബാലപ്രബോധനമണിപ്രവാളം എന്നീ ശീർഷകങ്ങളിലാണ് ഗ്രന്ഥങ്ങൾ താളിയോലയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ ഓരോന്നിലും പ്രതിപാദിച്ചിട്ടുള്ള ഭാഷാവ്യാകരണസവിശേഷതകൾ ചുവടെ ഹ്രസ്വമായി പരിശോധിക്കുന്നു.

വർണ്ണലക്ഷണം

മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ Acc. Reg. No. 15760-ൽ 'ഋ' ഗ്രന്ഥമായിട്ടാണ് 'വർണ്ണ ലക്ഷണം' ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് താളിയോലകളിലെഴുതിയിട്ടുള്ള കൃതിയാണ്. ഗ്രന്ഥസംഖ്യ-50 അപൂർണ്ണമാണ് ഗ്രന്ഥം. മലയാളഭാഷയിലെ സ്വരവ്യഞ്ജനങ്ങളുടെ വർഗ്ഗീകരണവും അവ തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന സന്ധിപരമായ സവിശേഷതകളുമാണ് ഇതിൽ പ്രതിപാദിക്കുന്നത്. ഭാഷാപരവും ലിപിപരവുമായ സവിശേഷതകൾ പരിശോധിക്കുമ്പോൾ ഗ്രന്ഥത്തിന് 250ലേറെ വർഷത്തെ പഴക്കം അനുമാനിക്കാം. 'വർണ്ണലക്ഷണം' എന്ന പേരിൽ ഒരു ഗ്രന്ഥം മാത്രമേയുള്ളു ഈ ലൈബ്രറിയിൽ. ഗ്രന്ഥകർത്താവ്, കൊളോഫോൺ എന്നിവ ലഭ്യമല്ല.

ഉള്ളടക്കം

അ മുതൽ ക വരെയുള്ള വർണ്ണങ്ങൾ അച്ചെന്നും സ്വരമെന്നും അറിയപ്പെടുന്നു. ക മുതൽ ക്ഷ കഴിവോളം ഹല്ലെന്നും വ്യഞ്ജനമെന്നും വിളിക്കുന്നു. വ്യഞ്ജനങ്ങളെ ക വർഗ്ഗം, ച വർഗ്ഗം ട വർഗ്ഗം, ത വർഗ്ഗം, പ വർഗ്ഗം എന്നിങ്ങനെ അഞ്ചായി തിരിക്കാമെന്നും അഞ്ചുവർഗ്ഗത്തിനും കൂടെ സ്പർശമെന്നാണ് പേരെന്നും പറയുന്നു. യ, ര, ല, വ ആ അന്തസ്തങ്ങൾ, ശ ഷ സ ഊഷ്മാക്കൾ. 36 വ്യഞ്ജനങ്ങളോട് അഥവാ ഹല്ലുകളോട് അച്ചുകൾ എപ്രകാരമാണ് ചേരുന്നതെന്നു പറയുന്നു. തുടർന്ന് വർണ്ണങ്ങൾ സന്ധി ചേർക്കുന്നതെങ്ങനെയെന്നും പറയുന്നു. സ്വരസന്ധി, സ്വരവ്യഞ്ജന സന്ധി, വ്യഞ്ജന സന്ധി എന്നിങ്ങനെ അവയെ വർഗ്ഗീകരിക്കാം. എവിടെയൊക്കെയാണ് സന്ധി വരുന്നത്, സന്ധിയില്ലാത്തത്, കൂട്ടിച്ചൊല്ലുന്നത്, ദീർഘവിവൃത്തിയും ഹ്രസ്വവിവൃത്തിയും വരുന്നത്, ഹ്രസ്വപൂർവ്വവും ദീർഘപൂർവ്വവും വരുന്നത് എന്നെല്ലാം ഇവിടെ വിശദീകരിക്കുന്നുണ്ട്. ഗ്രന്ഥസംഖ്യ കേവലം 50 മാത്രം വരുന്ന ചെറിയ ഗ്രന്ഥമായതിനാൽ വിശദമായ വ്യാകരണ ചർച്ചയിലേയ്ക്ക് ഗ്രന്ഥകർത്താവ് പോകുന്നില്ല. മാത്രമല്ല ഗ്രന്ഥം അപൂർണ്ണവുമാണ്.

ഭാഷാപരമായ പ്രാചീനത

''അ യന്ന തുടങ്ങി ക യന്നടത്തോള ത്തിന അച്ചന്നും സ്വരമന്നും പെര.''

അ എന്നു തുടങ്ങി ക എന്നെടത്തോളത്തിന് അച്ചെനും സ്വരമെന്നും പേര് - എന്നിങ്ങനെ നിലവിലെ ഭാഷാരീതിയിൽ ഇതിനെ മാറ്റിയെ

ഴുതുമ്പോൾ കൃതിയിലെ ഭാഷയുടെ പ്രാചീന മനസ്സിലാക്കാം. ചില സവി ശേഷതകൾ നോക്കുക:

1. ഇതിൽ ഒരിടത്തും സംവൃതോകാരം അഥവാ ചന്ദ്രക്കല ഉപയോഗിച്ചു കാണുന്നില്ല.

ഉദാ: അച്ച് – അച്ച
പേര് – പെര
ഹല്ല് – ഹല്ല
ഒടുങ്ങീട്ട് – ഒടുങ്ങിട്ട
രൂപമായിട്ട് – രൂപമായിട്ട
വർണ്ണമെന്ന് – വർണ്ണമന്ന
എന്ന് – യന്ന

2. 'എ'കാരം വേണ്ടിടത്ത് 'അ'കാരമാണ് ഉപയോഗിക്കുന്നത്.

അച്ചെന്നും – അച്ചന്നും
ഹല്ലെന്നും – ഹല്ലന്നും
വർഗ്ഗമെന്ന് – വർഗ്ഗമന്ന
അവർണ്ണമെന്ന് – അവർണ്ണമന്ന

3. 'ഏ'കാരത്തിനുപകരം 'എ' കാരം

രേഫം – രെഫം
ശേഷമുള്ള – ശെഷമൊള്ള

4. 'എ' കാരം 'അ'കാരം എന്നിവയ്ക്കുപകരം പദങ്ങളിൽ 'യ' കാരം ഉപയോഗിച്ചുകാണുന്നു.

എന്ന് – യന്ന
അടുക്കുമ്പോൾ – യടുക്കുമ്പൊൾ

5. ദീർഘ അകാരം വേണ്ടിടത്ത് ഹ്രസ്വം

ഓഷ്ഠ്യം – ഒഷ്ഠ്യം

ലിപിപരമായ സവിശേഷതകൾ പരിശോധിച്ചാലും കൃതിയുടെ പഴക്കം ഏതാണ്ട് 250 വർഷത്തിലധികം നിർണ്ണയിക്കാം. 'അ'കാരം എഴു തുന്ന രീതി വളരെ പഴയതാണ്. അതുപോലെ പല സ്വരങ്ങളും വ്യഞ്ജന ങ്ങളും ഭാഷാലിപികളുടെ പരിണാമവഴികളെ അടയാളപ്പെടുത്തുന്നു ഈ കൃതിയിലെ ഭാഷയിൽ സംസ്കൃത്തിന്റെ സ്വാധീനം വളരെയേറെക്കാണാം.

സന്ധിപ്രകരണം

ബൈബ്രറിയിലെ Acc. Reg. ൽ 010860 B എന്നു രേഖപ്പെടുത്തിയി ട്ടുള്ള താളിയോല ഗ്രന്ഥമാണ് സന്ധിപ്രകരണം. ഗ്രന്ഥസംഖ്യ-70. ഗ്രന്ഥം പൂർണ്ണമാണ്. കർതൃ-കാല സൂചനകളില്ല. ഒറ്റ ഗ്രന്ഥം മാത്രമേ ഈ പേരിൽ ലൈബ്രറിയിലുള്ളു കൊളോഫോണില്ല.

ഉള്ളടക്കം

'അ' കാരത്തോട് അ, ഇ, എ എന്നീ മൂല സ്വരങ്ങളും ഒ കാരവും ഋകാരവും ചേരുമ്പോഴുണ്ടാകുന്ന മാറ്റമാണ് ആദ്യം പറയുന്നത്. തുടർന്ന് സ്വരങ്ങൾ തമ്മിൽ ചേർന്ന് ഐ, ഔ, ഈ തുടങ്ങിയ ദീർഘസ്വരങ്ങളുണ്ടാകുന്നതെങ്ങനെയെന്നു പറയുന്നു. കൂട്ടക്ഷരങ്ങൾ, അകാരവിവൃത്തി, ആകാരവിവൃത്തി, ദീർഘം, ലോപം, ഹ്രസ്വം എന്നിവയെല്ലാം സൂചിപ്പിക്കുന്നു. സ്വരസന്ധിയാണ് ആദ്യ ഭാഗത്തു പറയുന്നത്. തുടർന്ന് പതിന്നാല് വ്യഞ്ജനാക്ഷരങ്ങൾ അച്ചുകളോട് അഥവാ സ്വരങ്ങളോട് ചേരുമ്പോളുണ്ടാകുന്ന സന്ധികളെപ്പറ്റി പറയുന്നു. വിസർഗ്ഗം, രേഫം, ദീർഘം, കൂട്ടക്ഷരം, ഉദാത്തം, പ്രാകൃതസ്വരിതം, അനുദാത്തം, പ്രചയം എന്നിങ്ങനെ സ്വര വ്യഞ്ജന സന്ധികളെ പലതരത്തിൽ വർഗ്ഗീകരിക്കുന്നുണ്ട്. ഭാഷാസന്ധികളെ സൂചിപ്പിക്കാൻ സംസ്കൃത പദങ്ങളാണ് ഗ്രന്ഥകർത്താവ് പ്രായേണ ഉപയോഗിക്കുന്നത്.

പ്രഥമങ്ങൾ, ദ്വിതീയങ്ങൾ, തൃതീയങ്ങൾ, ചതുർത്ഥങ്ങൾ, പഞ്ചമങ്ങൾ എന്നിങ്ങനെയാണ് വർഗ്ഗാക്ഷരങ്ങളായ സ്പർശങ്ങൾക്ക് പേരുകൾ നൽകിയിട്ടുള്ളത്. ഭാഷയിലും വ്യാകരണകാര്യങ്ങളിലും സംസ്കൃതത്തിന്റെ സ്വാധീനം കാണാൻ സാധിക്കും. ആദ്യം കൊടുത്തിട്ടുള്ള 'വർണ്ണലക്ഷണം' എന്ന ഗ്രന്ഥത്തിലെ വ്യാകരണകാര്യങ്ങളോട് പല രീതിയിലും ഈ ഗ്രന്ഥം സമാനതപുലർത്തുന്നു.

പ്രാചീനത

ഏതാണ്ട് 'വർണ്ണലക്ഷ'ണത്തിലെ ഭാഷയുടെ സ്വഭാവമാണ് 'സന്ധിപ്രകരണം' എന്ന ഈ ഗ്രന്ഥത്തിലും പൊതുവെ കാണുന്നത്. പഴക്കവും അത്രതന്നെ അനുമാനിക്കാം.

ഒടുങ്ങീട്ട, അച്ചകൾ, ലൊപിക്കും, രെഫം, ഹല്ല, ദ്വിത്വവവുമുണ്ട എന്നിങ്ങനെ ഭാഷയുടെ പ്രാചീനത വെളിപ്പെടുത്തുന്ന പദസ്വഭാവം തന്നെയാണ് ഈ കൃതിയിലും ഉടനീളം കാണുന്നത്. ലിപിയിലും പഴക്കം കാണാൻ സാധിക്കും.

ബാലപ്രബോധനം (മണിപ്രവാളം)

L-1078-E എന്ന നമ്പറിലാണ് ഈ ഗ്രന്ഥം ലൈബ്രറിയിൽ സൂക്ഷിക്കുന്നത്. താളിയോലയിലെഴുതിയ ഗ്രന്ഥം പൂർണ്ണമാണ്. ഗ്രന്ഥസംഖ്യ 80 ആണ്. കാലം സൂചിതമല്ല.

ഗ്രന്ഥാവസാനത്തിലെ കൊളോഫോണിൽ

'നവാരണ്യമഹീദേവകൃതിരോഷാ വിരാജതേ

ഇതി ബാലപ്രബോധനം സമാപ്തം' എന്നു കാണുന്നതിൽ നിന്ന് 'നവാരണ്യ മഹീദേവ' എന്നയാളാണ് കൃതി എഴുതിയതെന്ന സൂചന ലഭിയ്ക്കുന്നുണ്ട്. അതുപോലെ തന്നെ ഗ്രന്ഥാരംഭത്തിൽ

''വെള്ളം ജഡാന്തേവിഭ്രാണം വെള്ളിമാമല വിഗ്രഹം

വെള്ളൂരമർന്നഗൗരീശമുള്ളിലമ്പോടുചിന്തയേ'' എന്നു ദേശനാമാസ്പദമായ സൂചനയും കാണാം.

കർതൃ-കർമ്മ-ക്രിയാ ഭേദങ്ങളും വിഭക്ത്യർത്ഥാന്തരങ്ങളും ബാല ന്മാർക്കറിവാനായി ഭാഷയിൽ താൻ അവതരിപ്പിക്കുകയാണെന്ന് തുടക്ക ത്തിൽ ഗ്രന്ഥകർത്താവ് രേഖപ്പെടുത്തുന്നതിൽ നിന്ന് കുട്ടികൾക്കുവേണ്ടി രചിച്ച ഭാഷാവ്യാകരണഗ്രന്ഥമാണിതെന്ന് ഉറപ്പിക്കാം. വർണ്ണലക്ഷണം, സന്ധിപ്രകരണം എന്നീ കൃതികളിൽ നിന്നു വ്യത്യസ്തമായി ശബ്ദവിഭജ നവും വിഭക്തികളും ലിംഗ-വചന രീതികളുമാണ് ഇവിടെ വ്യക്തമാക്കുന്ന ത്. സംസ്കൃതവും മലയാളവും ഇടകലർത്തിയുള്ള മണിപ്രവാള ഭാഷാരീ തിയാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്.

'പ്രഥമാച ദ്വിതീയാച ചതുർത്ഥ്യപി

പഞ്ചമീഷഷ്ഠിയും സപ്തമേവ്യമെഴുതി വിഭക്തികൾ' എന്നിങ്ങനെ പദ്യരൂപത്തിൽ സംസ്കൃതത്തിൽ എഴുതിയശേഷം ഭാഷയിൽ വിശദീകരി ച്ചുപോകുന്ന രീതി കാണാം.

ശബ്ദത്തെ തിങ്ങന്തം, സുബന്തം എന്നിങ്ങനെ സംസ്കൃതവ്യാക രണരീതിപ്രകാരം വിഭജിച്ചശേഷം അവയുടെ ഉൾപ്പിരിവുകളും ലിംഗവചന വിഭക്തികളും പറയുന്നു. തുടർന്ന് വിഭക്തികളുടെ അർത്ഥം യഥാക്രമം അവതരിപ്പിക്കുന്നു. 'വൃക്ഷ'ശബ്ദത്തെ ഉദാഹരിച്ചുകൊണ്ട് വൃക്ഷേണ, വൃക്ഷായ, വൃക്ഷാഗ്രാൽ എന്നിങ്ങനെ വിഭക്തികൾ ചേർക്കുമ്പോൾ വൃക്ഷ ശബ്ദത്തിനുണ്ടാകുന്ന അർത്ഥവ്യത്യാസം ചൂണ്ടിക്കാണിച്ചിട്ട് കർത്താ-കർമ്മ-ക്രിയാ ശബ്ദങ്ങളെ വ്യവച്ഛേദിക്കുന്നു. അത് ഉദാഹരിക്കാൻ 'കിരാ തൻ മാനിനെ കൊന്നു' എന്ന വാക്യമാണ് ഉദ്ധരിക്കുന്നത്.

'കിരാതേന മൃഗോ ഹത:' കിരാതനാൽ മൃഗം കൊല്ലപ്പെട്ടു എന്ന് കർമ്മണി പ്രയോഗം. സകർമ്മക - അകർമ്മക ക്രിയാവിഭജനം ഉദാഹരണ ങ്ങളോടെ അവതരിപ്പിക്കുന്നു.

പ്രഥമ - മധ്യമ - ഉത്തമ പുരുഷ വിഭജനവും അവ വാക്യത്തിൽ അനുഷ്ഠിക്കുന്ന ധർമ്മങ്ങളും തുടർന്ന് വിവരിക്കുന്നുണ്ട്. പരസ്മൈ - ആത്മനേപദങ്ങളുടെ തുടർച്ചയായാണ് ഇവ പറയുന്നത്. ഇവിടെയും യഥോ ചിതം ഉദാഹരണങ്ങൾ ഉണ്ട്.

ബാലർക്കുവേണ്ടി രചിച്ചതുകൊണ്ടാവം എല്ലാ വ്യാകരണ കാര്യ ങ്ങളും സോദാഹരണം പ്രയോഗതലത്തിൽ നിർത്തി അവതരിപ്പിച്ചിട്ടുണ്ട് എന്നത് കൃതിയുടെ പ്രത്യേകതയാണ്. പക്ഷേ അപാകതയായിത്തോന്നി യത് കുട്ടികൾക്കു വേണ്ടി ഭാഷയിൽ വിരചിതമെന്നു പറയുമ്പോഴും സംസ്കൃതഭാഷയുടെയും വ്യാകരണകാര്യങ്ങളുടെയും അതിപ്രസരം ഈ കൃതിയെ ബാലർക്ക് അപ്രാപ്യമാക്കുന്നു എന്ന വസ്തുതയാണ്. മേല്ക്കൊടുത്ത രണ്ടു കൃതികളെക്കാൾ കുറച്ചുകൂടി പുതിയ കാലഘട്ടത്തി ലെഴുതിയതാണ്. ഈ കൃതി എന്ന് ഭാഷാപരവും ലിപി പരവുമായ സവി ശേഷതകൾ വ്യക്തമാക്കുന്നു.

ആധാര ഗ്രന്ഥങ്ങൾ:

1. *വർണ്ണലക്ഷണം*, രജി. നം. 15766, താളിയോല, ഗ്ര.സ. 50, അപൂർണ്ണം, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരള സർവ്വകലാശാല.

2. *സന്ധിപ്രകരണം*, രജി നം. 10860 ആ താളിയോല ഗ്ര. സ. 70, പൂർണ്ണം, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരള സർവ്വകലാശാല.

3. ബാലപ്രബോധനം (മണിപ്രവാളം), രജി. നം. L1078E, താളിയോല, ഗ്ര.സ. 80, പൂർണ്ണം, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനു സ്ക്രിപ്റ്റ്സ് ലൈബ്രറി, കേരള സർവ്വകലാശാല.

നാട്ടരങ്ങ് : സ്വരൂപവും സാധ്യതകളും

ഡോ. കെ.കെ.ശിവദാസ്

പ്രബന്ധസംഗ്രഹം

അരങ്ങ് എന്നതിന് പല അർത്ഥമുണ്ട്. മലയാളമഹാനിഘണ്ടുവിൽ നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ ഇവയാണ്. 1. രംഗം, നാടകം, നൃത്തം മുതലായ ദൃശ്യകലകൾഅവതരിപ്പിക്കുന്ന സ്ഥലം. 2.സഭ, സദസ്സ്, 3. ഒരു രംഗം-നാടകപാതങ്ങൾക്ക് ഇടയ്ക്ക് അഭിനയിക്കാനുള്ള ഭാഗം 4. ആകർഷകമായ കാഴ്ച, ഇവയെ സാരാംശത്തിൽരംഗവേദി, സദസ്സ്, കാഴ്ച എന്നിങ്ങനെ ക്രമീകരിക്കാം. ഏതു നാടോടിരൂപത്തിന്റെയും അവതരണം അരങ്ങാണെന്നു പറയാം. ഉദാഹരണത്തിന് നാടോടിക്കഥ പറയുന്ന സന്ദർഭം, നാടൻപാട്ടിന്റെ സന്ദർഭം എന്നിവയുടെ കാര്യം. നാടോടി നാടകങ്ങളോട് മാത്രം ബന്ധപ്പെടുത്തിയാണ് ഈ പ്രബന്ധത്തിൽ നാട്ടരങ്ങ് എന്ന് പ്രയോഗിക്കുന്നത്.

താക്കോൽവാക്കുകൾ

ക്ലാസ്സിക്കൽ തിയേറ്ററർ - ട്രൈബൽ തിയേറ്റർ - നൊമാഡിക് തീയേറ്റർ - മോഡേൺ തീയേറ്റർ - അനുഷ്ഠാനനാടകങ്ങൾ - മുടിയേറ്റ് - പടയണി - അനുഷ്ഠാനേതര നാടകങ്ങൾ.

1. ക്ലാസിക്കൽ തിയേറ്റർ

രണ്ടായിരത്തഞ്ഞൂറോളം വർഷം പഴക്കമുള്ളതാണ് ക്ലാസ്സിക്കൽ തിയേറ്റർ. പ്രാചീനനഗരങ്ങളിലാണ് അവയുടെ ഉല്പത്തി. ഗ്രീസ്,. റോം, ഇന്ത്യ തുടങ്ങിയ രാഷ്ട്രങ്ങളിൽ ക്ലാസ്സിക്കൽ തിയേറ്ററുകൾ രൂപപ്പെട്ടിട്ടുണ്ട്. ലിഖിതപാഠവും ആട്ടപ്രകാരവും ഉള്ളവയാണ് ക്ലാസ്സിക്കൽ നാടകങ്ങൾ, സ്ഥിരം രംഗവേദിയുണ്ടായിരിക്കും. എയ്സ്കിലസ്, സോഫോക്ലിസ്, യുറിപ്പിഡസ് എന്നിവരുടെ നാടകങ്ങൾ അരങ്ങേറിയിരുന്നത് സ്ഥിരം രംഗവേദിയിലായിരുന്നു. ഗ്രീസിൽ ദേവതകളുടെ ഉത്സവങ്ങളോടനുബന്ധിച്ച് പകൽസമയത്ത് നാടകമത്സരങ്ങൾ അരങ്ങേറിയിരുന്നു. സ്റ്റേജിനെ ചുറ്റിപ്പറ്റി പൗരന്മാർ ഇരിക്കുന്ന ആംഫി തിയേറ്ററായിരുന്നു അരങ്ങ്. ഇന്ത്യൻ ക്ലാസ്സിക്കൽ നാടകരൂപമായ കൂടിയാട്ടം കൂത്തമ്പലങ്ങളിലാണ് അരങ്ങേറിയിരുന്നത്. നൂറു മുതൽ നൂറ്റമ്പതുവരെ ആളുകൾക്ക് ഇരിക്കാവുന്നത്ര വലുപ്പമേ കേരളത്തിലെ കൂത്തമ്പലങ്ങൾക്കുള്ളൂ. ഇരിങ്ങാലക്കുട കൂടൽമാണിക്കം ക്ഷേത്രം, ഹരിപ്പാട് സുബ്രഹ്മണ്യക്ഷേത്രം, തൃശൂർ വടക്കുന്നാഥക്ഷേത്രം, തിരുമാന്ധാംകുന്ന് ഭഗവതിക്ഷേത്രം, തിരുവാർപ്പ് ശ്രീകൃഷ്ണക്ഷേത്രം, ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രം തുടങ്ങി പതിനാറോളം ക്ഷേത്രങ്ങളിലും കേരളകലാമണ്ഡലത്തിലും കൂത്തമ്പലമുണ്ട്. നാട്യശാസ്ത്രത്തിലെ മണ്ഡപവിധിപ്രകാരം ക്ഷേത്രശ്രീകോവിലിന്റെ മുൻവശത്ത് തെക്കുമാറിയാണ് കൂത്തമ്പലത്തിന്റെ സ്ഥാനം. ക്ഷേത്രങ്ങൾ

ക്കകത്താണ് എല്ലായിടത്തും കൂത്തമ്പലത്തിന്റെ സ്ഥാനം. ചാക്യാർ ജാതിയിലെ പുരുഷന്മാർ മാത്രമാണ് കൂടിയാട്ടം അവതരിപ്പിക്കുക. അവരുടെ സ്ത്രീകൾ നടത്തുന്നതാണ് നങ്ങ്യാർകൂത്ത്. നങ്ങ്യാരമ്മമാരാണ് കൂത്തിൽ ഇലത്താളം മുഴക്കുന്നത്. ദീർഘചതുരം, ചതുരം, മുക്കോണം എന്നീ മാതൃകകളിലാണ് കൂത്തമ്പലത്തിന്റെ നിർമ്മാണം. ചതുരമാണ് ഉത്തമമെന്ന് നാട്യശാസ്ത്രത്തിൽ ഭരതൻ പറഞ്ഞിട്ടുണ്ട്. സംഭാഷണങ്ങൾ മനസ്സിലാക്കുന്നതിനും ഗീതങ്ങൾ ശ്രവിക്കുന്നതിനും ഭാവങ്ങൾ ആസ്വദിക്കുന്നതിനും അതാണ് ഉത്തമം. നായർക്ക് മുകളിലുള്ള മേൽജാതിക്കാർക്കു മാത്രമാണ് കൂത്തമ്പലത്തിൽ പ്രവേശനമുള്ളത്. ഗ്രന്ഥപാഠവും രംഗപാഠവും കൂടിയാട്ടത്തിനുണ്ട്. ബുദ്ധമതവിമർശം ഉൾക്കൊള്ളുന്ന മഹേന്ദ്രവർമ്മന്റെ മത്തവിലാസം പ്രഹസനം കേരളത്തിലെ കൂത്തമ്പലങ്ങളിൽ അരങ്ങേറിയിരുന്നു. കാളിദാസൻ, ഭവഭൂതി, ഭാസൻ എന്നീ മഹാന്മാരായയ നാടകകൃത്തുക്കളുടെ രചയിതാക്കളുടെ രചനകൾ അരങ്ങേറിയിരുന്ന രംഗവേദിയെക്കുറിച്ച് ചരിത്രകാരന്മാർക്ക് കൃത്യമായ വിവരമില്ല. ശൈലീകൃതമായ അഭിനയമായിരിക്കണം അഭിജ്ഞാനശാകുന്തളം, മാലതീമാധവം, ഊരുഭംഗം എന്നീ നാടകങ്ങളുടേതെന്ന് അനുമാനിക്കാനേ വഴിയുള്ളൂ. ടെലിവിഷൻ, കലാമണ്ഡലത്തിലെ കൂത്തമ്പലം, എന്നിവയിലൂടെയാണ് കേരളത്തിലെ സാമാന്യജനത്തിന് കൂടിയാട്ടത്തെക്കുറിച്ച് അറിവുലഭിച്ചത്. ഏ.ഡി. എട്ടുമുതൽ പതിമൂന്നാം നൂറ്റാണ്ടുവരെയുള്ള കാലത്ത് നിലവിലുണ്ടായിരുന്ന മധ്യകാലക്രൈസ്തവ നാടകവേദിയും തുടർന്ന് പ്രബുദ്ധതയ്ക്ക് ശേഷം നിലവിൽ വന്ന നിയോക്ലാസിക്ക് നാടകവേദിയും ക്ലാസിക്കിൽ തിയേറ്ററിന്റെ തുടർച്ചയാണ്.

2. ട്രൈബൽ തിയേറ്റർ

ലോകത്തെമ്പാടുമുള്ള ഗോത്രവർഗ്ഗസമൂഹങ്ങളിൽ നാടകവേദി രൂപപ്പെട്ടിട്ടുണ്ട്. മാന്ത്രികാനുഷ്ഠാനങ്ങളോട് ബന്ധപ്പെട്ടും നായാട്ടിനും വിനോദത്തിനുമായി നടത്തുന്ന നൃത്തങ്ങളോട് ബന്ധപ്പെട്ടുമാണ് ട്രൈബൽ തിയറ്റർ വികസിച്ചുവന്നത്. ഗോത്രങ്ങൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നവയാണവ. പൊതുവായ അവതരണത്തിന് സാധ്യത ലഭിച്ച അപൂർവ്വം ഗോത്രനാടകവേദിയ്ക്ക് സ്വീകാര്യത ലഭിച്ചിട്ടുണ്ട്. കേരളത്തിലെ ഇടുക്കി ജില്ലയിൽ നിന്നുള്ള മാന്നാൻകൂത്ത് ആദിവാസി നാടക അരങ്ങാണ്. കണ്ണകി, കോവലൻ കഥയാണ് മാന്നാൻ കൂത്തിന്റെ ഇതിവൃത്തം. മൂന്ന് കഥാപാത്രങ്ങളാണ് മാന്നാൻ കൂത്തിലുള്ളത്. പെൺകൂത്താളി, (ടി) ആൺകൂത്താളി, (ടി) കോമാളി എന്നിങ്ങനെയാണത്. കൊയ്ത്തിനോടനുബന്ധിച്ചും വിവാഹാവസരങ്ങളിലും ആരാധനാവേള കളിലുമാണ് മാത്താൻ കൂത്ത് അരങ്ങേറുക. കേളികൊട്ട്, ദൈവവന്ദനം, കൂത്ത് എന്നതാണ് ക്രമം. സ്ത്രീവേഷം കെട്ടുന്നത് പുരുഷന്മാരാണ്. ഇലത്താളം പോലുള്ള ചാരല്, തുകലുകൊണ്ടുള്ള മത്താളം എന്നിവയാണ് വാദ്യോപകരണങ്ങൾ. മാന്നാൻ കൂത്തിലെ കേളികൊട്ടിന് തെയ്യം, കഥകളി എന്നിവയുടെ തുടക്കത്തോട് സമാനതയുണ്ട്. വള, ചിലമ്പ് എന്നിവയാണ് ആഭരണങ്ങൾ. അരിപ്പൊടി വെളിച്ചെണ്ണയിൽ ചാലിച്ചാണ് മുഖത്തെഴുത്ത്. മുണ്ട് തറ്റുടുത്ത് തോർത്ത് തലയിൽകെട്ടുകയാണ് വേഷം. കോമാളിയുടെ

വേഷം പൊറാട്ട് വേഷങ്ങളെ അനുസ്മരിപ്പിക്കുന്നു. കോവിലൻപാട്ട് പാടിത്തുടങ്ങിയുള്ള കളിയിൽ കന്നിയാട്ടക്കാർ അനുഷ്ഠാനനിഷ്ഠയോടെ കന്നിയാട്ടം നടത്തുന്നു. ദ്രുതവേഗമാണ് കന്നിയാട്ടത്തിന് താളവും മുറുകും. കോമാളി മുഖംമൂടി ഉപയോഗിക്കാറുണ്ട്. വയനാട് ജില്ലയിലെ അടിയഗോത്രക്കാരുടെ ഗദ്ദിക മറ്റൊരു ആദിവാസി നാടക അരങ്ങാണ്. നാടുഗദ്ദിക, പൂജാഗദ്ദിക എന്നിങ്ങനെ ഗദ്ദിക രണ്ടുരത്തിലുണ്ട്. രോഗശാന്തിയ്ക്കും സുഖപ്രസവത്തിനും വീടുകളിൽ കളിക്കുന്നതാണ് പൂജാഗദ്ദിക. മിഥുനമാസത്തിൽ പൊതുവായി കളിക്കുന്നതാണ് നാടുഗദ്ദിക. തുടിയാണ് ഗദ്ദികയിലെ പ്രധാന വാദ്യം. ചുവാനി, സിദ്ധപ്പൻ, മലക്കാരി തുടങ്ങിയ ദൈവങ്ങളെ വാഴ്ത്തുന്ന പാട്ടുകളാണ് ഗദ്ദികയിലേത്. ഉറഞ്ഞുതുള്ളലും അട്ടഹാസവും, കോഴിക്കുരുതിയും, കുനിഞ്ഞുള്ള നൃത്തവും ഗദ്ദികയുടെ ഭാഗമാണ്. നാടുഗദ്ദികയെ അനുകരിച്ചാണ് അടിയന്തിരാവസ്ഥക്കാലത്ത് കെ. ജെ. ബേബി അതേപേരിൽ നാടകമുണ്ടാക്കിയത്. ഗുജറാത്തിലെ അഹമ്മദാബാദിലെ കുറ്റവാളി ഗോത്രമായി മുമ്പ് വിളിക്കപ്പെട്ടിരുന്ന ച്ചാരാഗോത്രക്കാർ ചേർന്ന് 1998-ൽ രൂപീകരിച്ച ബുധൻ തിയേറ്റർ പ്രശസ്തമാണ്. ബുധൻ സബറിന്റെ മരണത്തിന് നീതിചോദിക്കുന്ന ബുധൻ എന്ന നാടകമാണ് ഈ സംഘം അവതരിപ്പിച്ച പ്രധാന നാടകം. ജി.എൻ. ഡെവിയും മഹാശ്വേതാദേവിയുമായിരുന്നു തിയേറ്റർ ഗ്രൂപ്പിനു പിന്നിൽ പ്രവർത്തിച്ചവർ. കോളനിയനന്തരയുഗത്തിൽ പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളായ ഘാന, നൈജീരിയ, സിയാറ ലിയോൺ എന്നിവിടങ്ങളിൽ ആദിവാസി നടാകവേദി രൂപപ്പെട്ടിട്ടുണ്ട്. അവയും പ്രാചീന ഗോത്രവർഗ്ഗനാടകങ്ങളും തമ്മിൽ രൂപപരമായ സാമ്യതകളിളേയുള്ളൂ.

3. നൊമാഡിക് തിയേറ്റർ

സ്ഥിരവാസമില്ലാതെ അലയുന്ന ജനവിഭാഗങ്ങൾ ലോകമെമ്പാടുമുണ്ട്. ജിപ്സികൾ, സുല്ലുബികൾ (മരുഭൂമിയിൽ) രാജസ്ഥാനികൾ (റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ തമ്പടിക്കുന്നവർ) എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ നൊമാഡുകൾക്കിടയിലുണ്ട്. ആഹാരം, വസ്ത്രം, ഭക്ഷണരീതി, കുടുംബബന്ധങ്ങൾ എന്നിവയിൽ ഗ്രാമീണ, നാഗരിക ജനതയിൽ നിന്ന് വളരെയധികം വ്യത്യസ്തരാണ് നൊമാഡുകൾ. ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവരായി ഇന്ത്യയിൽ പത്തുലക്ഷത്തിലധികം ജനങ്ങളുണ്ട്. വേട്ടയാടുന്നവർ, അജപാലകർ, നഗരപ്രദേശത്ത് കഴിയുന്നവർ, മരുഭൂവാസികൾ എന്നിങ്ങനെയുള്ള വർഗ്ഗീകരണവും നൊമാഡുകൾക്കിടയിൽ സാധ്യമാണ്. ഇവരിടെ തെരുവുമാന്ത്രികപ്രകടനങ്ങൾ, പാവനാടകങ്ങൾ എന്നിവയെ നൊമാഡിക് തിയേറ്ററായി പരിഗണിക്കാവുന്നതാണ്. (shadow theatre).

4. മോഡേൺ തിയേറ്റർ

എഴുത്തുകാർക്ക് പ്രാമുഖ്യമുള്ളതാണ് ആധുനികനാടകവേദി. പതിനെട്ടാം നൂറ്റാണ്ടിലാണ് യൂറോപ്പിൽ ആധുനികനാടകവേദി രൂപപ്പെട്ടത്. ഹെൻറിക് ഇബ്സന്റെ പാവവീട് യുജിൻ നീൽ, ബെർതോൾഡ് ബ്രെഹ്ത്, സാമുവൽ ബെക്കറ്റ് എന്നിവർ. ആധുനിക

നാടകവേദിയിലെ പ്രധാനപ്പെട്ട എഴുത്തുകാരാണ് ഇന്ത്യൻ നാടകകൃത്തുക്കളായ ബാദൽ സർക്കാർ ഗിരീഷ് കർണാട്, ജി. ശങ്കരപ്പിള്ള, എന്നിവർ ആധുനിക നാടകവേദിയെ പരിപോഷിപ്പിച്ചവരാണ്. ലിഖിതപാഠം, സംവിധായകൻ, കാണികൾ എന്നിവ തമ്മിലുള്ള ബന്ധം മുമ്പേ പറഞ്ഞ മൂന്നു അരങ്ങിൽനിന്നും വ്യത്യസ്തമാണ് ആധുനിക നാടകവേദിയിൽ. ആധുനികനാടകവേദിയുടെ ആസ്വാദകരിൽ ഏറിയപങ്കും, ഉപരിവർഗ്ഗ, മധ്യവർഗ്ഗ കാണികളാണ് വിശേഷിച്ച് പരീക്ഷണനാടകങ്ങളുടെ ആസ്വാദകർ ഈ വിഭാഗങ്ങളാണ്. ജനകീയ നാടകവേദി അടിത്തട്ടിലെ ജനതയെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന രാഷ്ട്രീയ സ്വഭാവമുള്ള അരങ്ങാണ്. ആധുനികനാടകവേദിയ്ക്ക് നിരവധി ഉൾപ്പിരിവുണ്ട്. പ്രസ്ഥാനങ്ങളോട് ബന്ധപ്പെട്ടും അല്ലാതെയും ഈ ഉൾപ്പിരിവുകളെ വർഗ്ഗീകരിക്കാം. എക്സ്പ്രഷനിസ്റ്റ് തിയേറ്റർ, എൻവയോൺമെൻറൽ തിയേറ്റർ, ഗറില്ലാതിയറ്റർ, സ്ത്രീനാടകവേദി എന്നിങ്ങനെ അനേകമാണ് ആധുനിക അരങ്ങ്. കാണികൾക്ക് പരിമിതമായ പങ്കാളിത്തം മാത്രമെ ഇവയിലുള്ളൂ. നാടകമത്സരങ്ങൾ, ഉത്സവപ്പറമ്പുകൾ എന്നിവയാണ് ആധുനികനാടകവേദിയുടെ ഭാഗമായ പ്രൊഫഷണൽ തിയേറ്ററിന് മുഖ്യാശ്രയം. സ്ഥിരം നാടകവേദി എന്ന ആശയത്തിന് യൂറോപ്യൻ രാജ്യങ്ങളിൽ ഉദാഹരണങ്ങൾ അധികം ലഭിക്കും. മുംബൈയിലുള്ള സഞ്ജനാകപൂരിന്റെ പ്രഥിതിയറ്റർ അത്തരത്തിലൊന്നാണ്.

5. നാട്ടരങ്ങ്

ലോകത്തെമ്പാടുമുള്ള കൂട്ടായ്മകളിൽനിന്ന് രൂപപ്പെട്ടവയാണ് നാട്ടരങ്ങുകൾ. ഓരോന്നിനും ഉല്പത്തിചരിത്രം, വികാസപരിണാമങ്ങൾ, സമകാലിക സന്ദർഭം എന്നിവയുണ്ട്. അനുഷ്ഠാനങ്ങളിൽ നിന്നാണ് പ്രാഥമികമായി നാട്ടരങ്ങ് രൂപപ്പെട്ടത്. മതാനുഷ്ഠാനങ്ങൾ, വേട്ടയാടുന്നതിന് മുമ്പുള്ള അനുഷ്ഠാനങ്ങൾ, ഉർവ്വരതാനുഷ്ഠാനങ്ങൾ, മാന്ത്രികാനുഷ്ഠാനങ്ങൾ, ഗോത്രാനുഷ്ഠാനങ്ങൾ എന്നിവയിൽ ഏതെങ്കിലുമൊന്നിൽനിന്നാണ് നാട്ടരങ്ങിന്റെ രൂപപ്പെടൽ. സമൂഹമനസ്സിന്റെ ആവിഷ്ക്കാരമെന്ന് പറയുമ്പോഴും നാട്ടരങ്ങിന്റെ രൂപപ്പെടലിൽ വ്യക്തികൾക്ക് നിർണ്ണായക സ്വാധീനമുണ്ടെന്നും പറയണം. ഭക്തി, വിനോദം, സാമൂഹ്യവിമർശനം എന്നിങ്ങനെ പല ധർമ്മമാണ് നാട്ടരങ്ങിനും നാടോടി നാടകങ്ങൾക്കുമുള്ളത്. ഗ്രീസ്, ഇന്ത്യ, ചൈന, ഈജിപ്ത് എന്നിവിടങ്ങളിൽ വളരെയധികം നാട്ടരങ്ങകളുണ്ട്. നാടോടി നാടകങ്ങൾ മുഖ്യമായും മൂന്നു വിധമാണ്. അതിനനുസരിച്ച് അരങ്ങും മാറുന്നു.

എ.അനുഷ്ഠാനനാടകങ്ങൾ

അനുഷ്ഠാനങ്ങൾക്കിടയിലെ അവതരണങ്ങളാണ് അനുഷ്ഠാന നാടകങ്ങൾ. ഉത്സവങ്ങളോടനുബന്ധിച്ചാണ് മിക്കവയും അരങ്ങേറുന്നത്. രംഗവേദി താൽക്കാലികമാണ്. ദേവതാപ്രീതിയ്ക്കായി അരങ്ങേറുന്നവയും ഈ വിഭാഗത്തിൽപ്പെടുന്നു. ഇന്ത്യയിൽ മുഖ്യമായും ഭദ്രകാളി (Goddess Kali) പൂജയോടനുബന്ധിച്ചാണ് നാടോടിനാടകങ്ങൾ അരങ്ങേറുന്നത്. ഉത്തരേന്ത്യയിലെ രാംലീല മറ്റൊരുദാഹരണമാണ്. റിച്ചാർഡ് ഷെഹനർ

രാംലീലയെക്കുറിച്ച് പഠിച്ചിട്ടുണ്ട്. അലംകൃതവേഷങ്ങൾ, കൃത്യയയുള്ള തുടക്കം, ഒടുക്കം, അതിമാനുഷ കഥാപാത്രങ്ങൾ, അതിനൊപ്പിച്ച ചുവടുകൾ, ദൃശ്യങ്ങൾ, രംഗവേദി എന്നിങ്ങനെയാണ് അനുഷ്ഠാന നാടകവേദിയുടെ പൊതുസ്വഭാവം. രംഗവേദി ജനജീവിതം, വിവിധ കൂട്ടായ്മകളുടെ സജീവപങ്കാളിത്തം, വിവിധതരം തൊഴിലുകൾ, പ്രാദേശിക വിഭവങ്ങൾ എന്നിവയാണ് ഈ വിഭാഗത്തിന്റെ രൂപപ്പെടലിനു പിന്നിൽ. കേരളത്തിലെ നാടോടിനാടകങ്ങളെക്കുറിച്ച് എം.ഡി. രാഘവൻ വളരെമുമ്പേ പഠിച്ചിട്ടുണ്ട്. മുടിയേറ്റ്, പടയണി, തെയ്യം, തിറ, കുത്തിയോട്ടം, തീയാട്ട്, കണ്യാർകളി, നിണബലി എന്നിവ കേരളത്തിലെ അനുഷ്ഠാന സ്വഭാവമുള്ള നാടോടി നാടകങ്ങളാണ്. ഇവയിൽ ചില രൂപങ്ങളെക്കുറിച്ച് വിവരിക്കാം.

എ. 1. മുടിയേറ്റ്

കേരളത്തിലെ തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ ഇരുന്നൂറ്റി അമ്പതോളം കാവുകളിലാണ് മുടിയേറ്റ് അരങ്ങേറുന്നത്. കല്ലാറ്റ് കുറുപ്പന്മാർ എന്ന് അറിയപ്പെടുന്നവരിൽപ്പെട്ട ഒമ്പത് കുടുംബക്കാരാണ് മുടിയേറ്റ് നടത്തുന്നത്. ഏഴ് കഥാപാത്രങ്ങളാണ് മുടിയേറ്റിൽ പ്രധാനം. ശിവൻ, നാരദൻ, ദാരുകൻ, ദാനവേന്ദ്രൻ, കാളി, കൂളി, കോയിമ്പടനായർ എന്നിങ്ങനെയാണത്. ശിവപുത്രിയായ കാളി ദാരികനെ വധിക്കുന്നതാണ് കഥ. കാളിയ്ക്ക് രൗദ്രഭാവവും കൂളിയ്ക്ക് ഹാസ്യഭാവവുമാണ്. സമീപകാലത്തായി ക്യാമ്പസ് ഫെസ്റ്റിവലുകൾ, ടൂറിസ്റ്റ് ഫെസ്റ്റിവലുകൾ, സർക്കാർ പരിപാടികൾ എന്നിവയുടെ ഭാഗമായും മുടിയേറ്റ് നടത്തിവരുന്നു. ആകർഷകമായ കളം, കൂളിയുടെ കാണികൾക്കിടയിലേക്കുള്ള പോക്ക്, കോയിമ്പടനായരുടെ പ്രവൃത്തികൾ എന്നിവ മുടിയേറ്റിനെ രസകരമാക്കുന്നു.

എ.2. പടയണി

കേരളത്തിലെ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ കാവുകളിലാണ് പടയണി അരങ്ങേറുന്നത്. കാളി, ദാരിക കഥയുടെ അനുബന്ധമാണ് പടയണിയിലെ ഇതിവൃത്തം. ദാരികവധത്തിനുശേഷം കുപിതയായ കാളിയെ ശാന്തയാക്കാൻ സുബ്രഹ്മണ്യന്റെ നിർദ്ദേശപ്രകാരം ശിവഭൂതങ്ങൾ കോലംകെട്ടിയാടി എന്ന കഥയാണ് പടയണിയ്ക്കാധാരം. കോലങ്ങൾ കണ്ട് ശാന്തയായ കാളി പൊട്ടിച്ചിരിച്ചു. ഈ കഥയുടെ ആവർത്തനമാണ് പടയണി. മനോഹരവും വ്യത്യസ്തവുമായ കോലങ്ങളാണ് പടയണിയുടെ ഹൈലൈറ്റ്. തപ്പ്താളവും ഉച്ചസ്ഥായിയിലുള്ള ആലാപനവും ദൈവികതയും കൂട്ടായ്മയുടെ ആറുമാസത്തോളം നീണ്ട തയ്യാറെടുപ്പും പടയണിയെ അലൗകികമാക്കുന്നു. കവുങ്ങിൻ പാള ചെത്തിമിനുക്കിയാണ് കോലങ്ങളുണ്ടാക്കുന്നത്. പടയണിത്താളമാണ് കേരളത്തിലെ ആധുനിക കവിതയിലെ ജനകീയ മുഖമായിരുന്ന കടമ്മനട്ട രാമകൃഷ്ണന്റെ പല കവിതകൾക്കുമുള്ളത്. കടമ്മനിട്ട വാസുദേവൻ പിള്ള പടയണിയുടെ വ്യത്യസ്ത വശങ്ങളെക്കുറിച്ച് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഭൈരവിക്കോലം, മറുതാക്കോലം, കാലൻകോലം, യക്ഷിക്കോലം, പക്ഷിക്കോലം എന്നിങ്ങനെ വിപുലമാണ് പടയണിയിലെ കോലങ്ങൾ.

സുന്ദരയക്ഷിയുടെ പുറപ്പാട്, കാലൻ കോലത്തിന്റെ ചുവടുകൾ എന്നിവ അത്ഭുതജനകമാണ്.

എ.3. തെയ്യവും തിറയും

കണ്ണൂർ, കാസറഗോഡ് ജില്ലകളിലാണ് തെയ്യം അവതരിപ്പിക്കപ്പെടുന്നത്. ദൈവം എന്നതിന്റെ തദ്ഭവമാണ് തെയ്യം. മൺമറഞ്ഞ വീരപുരുഷന്മാർ, അപമാനംമൂലം ആത്മഹത്യ ചെയ്ത സ്ത്രീകൾ, ജന്മിത്തത്തോട് എതിരിട്ട അടിത്തട്ടിലെ ജാതിവിഭാഗങ്ങളിൽ നിന്നുള്ള പോരാളികൾ എന്നിവരാണ് തെയ്യക്കോലങ്ങളായി മാറുന്നത്. വണ്ണാൻ, പെരുവണ്ണാൻ, മലയൻ, പുലയൻ, കൊറഗർ എന്നീ ജാതികളിൽപ്പെട്ട വരാണ് തെയ്യം കെട്ടുന്നവർ. വാർഷികമായി അരങ്ങേറുന്നവ കൂടായെ പന്ത്രണ്ടുവർഷത്തിലോ, അതിലേറെയോ കാലമെടുത്ത് കാവുകളിൽ അരങ്ങേറുന്ന തെയ്യക്കോലങ്ങളാണ് കളിയാട്ടത്തിൽ മുഖ്യം. തൃക്കരിപ്പൂരിലെ രാമവില്യംകഴകത്തിലെ കളിയാട്ടത്തിന് നൂറിലേറെ തെയ്യങ്ങൾക്ക് അരങ്ങൊരുങ്ങുന്നു. മുണ്ടൃ, താനം, കാവ് എന്നിങ്ങനെയുള്ള വിഭജനം ആരാധനാസ്ഥാനങ്ങളുടെ ശ്രേണിയിലുണ്ട്. വാണിയർ, തീയർ, കൊങ്കണികൾ എന്നിവരുടെ കാവുകളിലാണ് മുഖ്യമായും കോലം കെട്ടിയാടുന്നത്. മുച്ചിലോട്ട് ഭഗവതി, പുതിയ ഭഗവതി, വിഷ്ണുമൂർത്തി, പുലിമറഞ്ഞതൊണ്ടച്ചൻ, പഞ്ചുരുളി എന്നിവ പ്രധാനപ്പെട്ട തെയ്യങ്ങളാണ്. ജാതിവ്യവസ്ഥയെ ചോദ്യംചെയ്ത അലംകാരൻ എന്ന പുലയയുവാവിനെ ചുട്ടുകൊന്നതിന്റെ രൂപപരിണാമമാണ് പൊട്ടൻതെയ്യം. മനുഷ്യരിലെ ചോരയുടെ നിറം ഒന്നാണെന്ന ചോദ്യത്തിനു മുന്നിൽ പകയ്ക്കുന്ന നാടുവാഴിത്തമാണ് പൊട്ടൻ തെയ്യത്തിലൂടെ ചോദ്യം ചെയ്യപ്പെടുന്നത്. ജാതിവ്യവസ്ഥ തെയ്യത്തിന്റെ കോലം കെട്ടുന്നതിലും കളിയാട്ടത്തിലുമെല്ലാം ഇപ്പോഴും പ്രകടമാണ്. സഞ്ജീവൻ അഴീക്കോട് തെയ്യത്തിലെ ജാതിവഴക്കത്തെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ് തിറയാട്ടത്തിന് പ്രാധാന്യമുള്ളത്. നൃത്തം, അഭിനയം, ഗീതം, വാദ്യം, മുഖത്തെഴുത്ത്, മെയ്യെഴുത്ത്, ആയോധനപരമായ ചുവടുകൾ, അനുഷ്ഠാനങ്ങൾ എന്നിവ തിറയാട്ടത്തിൽ സമന്വയിക്കുന്നു. ജനുവരി മുതൽ ഏപ്രിൽ വരെയാണ് തിറയാട്ടക്കാലം. പെരുമണ്ണാൻ, വണ്ണാൻ പാണർ, ചെറുമർ എന്നീ വിഭാഗത്തിൽപ്പെട്ട പുരുഷന്മാരാണ് തിറകെട്ടുന്നത്. വെള്ളാട്ടം, തിറ, ചാന്തുതിറ എന്നിങ്ങനെ മൂന്നായി തിറയാട്ടത്തെ വർഗീകരിക്കാം. പകൽ വെളിച്ചത്തിൽ നടത്തുന്നതാണ് വെള്ളാട്ട്. രാത്രിയിൽ നടത്തുന്നതാണ് തിറക്കോലങ്ങളുടെ ആട്ടം. മൂർത്തികളുടെ ബാല്യത്തെ വെള്ളാട്ടം പ്രതിനിധാനം ചെയ്യുന്നു. തെയ്യവും തിറയും തമ്മിലെ പ്രധാനവ്യത്യാസം ഒന്ന് ദേവതയും മറ്റേത് പ്രതിനിധാനവുമാണ് എന്നതാണ്. തിറക്കോലങ്ങൾ യൌവ്വനത്തെ പ്രതിനിധാനം ചെയ്യുന്നു. ലളിതവേഷവിധാനങ്ങളാണ് ചാന്തുതിറയ്ക്കുള്ളത്. പ്രാദേശിക ദേവതകൾ, വീരന്മാർ എന്നിവരുടെ ചരിതമാണ് തിറയാട്ടത്തിൽ അവതരിപ്പിക്കപ്പെടുന്നത്. മലദൈവക്കാവുകളിൽ മാത്രമാണ് ചാന്തുതിറ/ചാന്താട്ടം നടത്താറുള്ളൂ. കുരുത്തോല, പാള, മുള, തടി, ചിരട്ട എന്നിവയാണ് കോലനിർമ്മാണ

ത്തിനുപയോഗിക്കുന്നത്. ചെണ്ട, ഇലത്താളം, തുടി, കുഴൽ, പഞ്ചായുധം എന്നിവയാണ് വാദ്യോപകരണങ്ങൾ. ആയുധമുപയോഗിച്ചുള്ള ചുവടുകൾ കളരിപ്പയറ്റിനെ അനുസ്മരിപ്പിക്കുന്നു. ഓരോ മൂർത്തിക്കും ഓരോ ആയുധമാണ് നൽകപ്പെട്ടിരിക്കുന്നത്. ഭഗവതിക്ക് പള്ളിവാളും വീരഭദ്രന് വെണ്മഴുവുമെന്നത് ഉദാഹരിക്കാം. വടക്കൻ പാട്ടുകളിൽ വീരനായകനായി അവതരിപ്പിക്കപ്പെടുന്ന തച്ചോളി ഒതേനനെ യുദ്ധത്തിൽ തോല്പിച്ച പുലയയോദ്ധാവ് തേവർ വെള്ളന്റെ തെയ്യം വടകരക്കടുത്തുള്ള തിരുവള്ളൂരിൽ കെട്ടിയാടുന്നുണ്ട്.

ബി. അനുഷ്ഠാനേതര നാടകങ്ങൾ

അനുഷ്ഠാനേതര നാടകങ്ങളിൽ മുഖ്യം വിനോദനാടകങ്ങളാണ്. ഇവയിൽ മിക്കവയ്ക്കും കർത്താവ് അല്ലെങ്കിൽ തുടങ്ങിവച്ച ആശാന്മാരുണ്ട്. ഇരുന്നൂറ് മുതൽ ഇരുന്നൂറ്റി അമ്പത് വർഷം വരെ പഴക്കമുള്ളവയാണ് വിനോദ നാടകങ്ങൾ. ഫലിതവും പരിഹാസവുമാണ് വിനോദനാടകങ്ങളുടെ മുഖ്യസ്വഭാവം. അതിമാനുഷമായ വേഷമില്ല, ചമയമില്ല, പാത്രസ്വഭാവം വ്യക്തമാക്കുന്ന വേഷങ്ങൾ മാത്രം

ബി.1. പൊറാട്ട് നാടകം

പാണന്മാർ കളിക്കുന്ന, പാലക്കാട് ജില്ലയിലെ പൊറാട്ട് നാടകം വിനോദനാടകങ്ങളിൽ പ്രധാനമാണ്. പ്രണയകലഹങ്ങളും അവയുടെ പര്യവസാനവുമാണ് പൊറാട്ട് നാടകത്തിന്റെ കാതൽ. പൊൽപ്പുള്ളിമായൻ എന്നയാളാണ് പൊറാട്ട് വേഷങ്ങൾ മിനുക്കിയെടുത്തത്. നാലഞ്ചു മണിക്കൂർ നീണ്ടുനിൽക്കും പൊറാട്ട് നാടകം. പിൻബാഗം മാത്രം മറച്ച, ബാക്കി മൂന്ന് ഭാഗവും തുറന്ന രംഗവേദി. ചോദ്യക്കാരൻ (വിദൂഷകൻ), ദാസി (തഞ്ചാവൂർക്കാരി), പുക്കാരി (തിരുപ്പത്തൂർകാരി), മണ്ണാൻ, മണ്ണാത്തി, ചെറുമൻ, ചെറുമി, കുറവൻ, കുറത്തി, ചക്കിലിയൻ, ചക്കിലിച്ചി എന്നിങ്ങനെയുള്ള കഥാപാത്രങ്ങൾ പൊറാട്ട് നാടകത്തിലുണ്ട്. ചോദ്യക്കാരന്റെ വേഷം കൂമ്പൻതൊപ്പിയും വിചിത്രവർണത്തിലുള്ള (പച്ച, ചുവപ്പ്, etc.) പാൻറും ഷർട്ടുമാണ്. പൊറാട്ട് നാടകത്തിലെ വാദപ്രതിവാദങ്ങൾക്ക് 'എരേൽ' എന്നാണ് പേര്.

ബി. 2. കാക്കാരിശ്ശി നാടകം

ആക്ഷേപഹാസ്യമാണ് കാക്കാരിശ്ശി നാടകത്തിന്റെ കാതൽ. കോട്ടയം മുതൽ തെക്കുള്ള ജില്ലകളി(കൊല്ലം തിരുവനന്തപുരം)ലാണ് കാക്കാരിശ്ശി നാടകം അരങ്ങേറുന്നത്. കാക്കാലന്മാർ, പാണന്മാർ, കമ്മാളന്മാർ, ഈഴവർ, നായന്മാർ, കുറവർ, മലവേടർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരാണ് നടന്മാർ. ശിവൻ, പാർവ്വതി, ഗംഗ എന്നിവർ കാക്കാലരായി ജനിക്കുന്നതാണ് കഥയുടെ ചട്ടക്കൂട്. നിത്യജീവിതത്തിലെ കഷ്ടപ്പാടുകളും മനുഷ്യരുടെ ഭാവമാറ്റവുമാണ് കഥരൂപപ്പെടുത്തുന്നത്. തമിഴ് നാട്ടിൽ നിന്നാണ് കാക്കാരിശ്ശി നാടകം ഉത്ഭവിച്ചതെന്ന് കരുതപ്പെടുന്നു. കത്തുന്ന പന്തവുമായി സദസ്യർക്കിടയിലൂടെ കാക്കാന്മാർ പ്രവേശിക്കുന്നതോടെ കളിതുടങ്ങുന്നു. കാക്കാന്റെ പിന്നിലായി വരുന്ന തമ്പ്രാനുമായുള്ള ചോദ്യോത്തരം കളിയിൽ പ്രധാന ഭാഗമാണ്.

ഇലത്താളം, ഗഞ്ചിറ, മൃദംഗം, കൈമണി എന്നിവ ഉപയോഗിച്ചാണ് സംഗീതം. നാലഞ്ചുമണിക്കൂർ നിലനിൽക്കുന്ന കാക്കാരിശ്ശി നാടകം ഇപ്പോൾ ഒരു മണിക്കൂറിലേക്ക് ചിട്ടപ്പെടുത്തി അരങ്ങേറുന്നുണ്ട്. നടന്മാർ സ്വന്തം രീതിയിൽ പുരാണകഥ (രാമായണം മുതലായവ) ആഖ്യാനം ചെയ്യുന്ന പതിവുണ്ട്.

ബി.3.തമാശ

മഹാരാഷ്ട്രയിലെ പ്രധാനനാടോടിനാടകമാണ് തമാശ. മഹർ, മാംഗ് എന്നീ ജീതിയിൽപ്പെട്ടവരാണ് അഭിനേതാക്കൾ. യുദ്ധത്തോട് ബന്ധപ്പെട്ടാണ് തമാശയുടെ ഉൽപ്പത്തി. ഡെക്കാൺ പ്രദേശത്ത് യുദ്ധത്തിലേർപ്പെട്ട മുഗൾ സൈനികരെ രസിപ്പിക്കാൻ ഉത്തരേന്ത്യയിൽനിന്ന് കീഴ്ജാതിക്കാരായ നർത്തകിമാരെ കൊണ്ടുവന്നു. അങ്ങനെ തമാശ ഉണ്ടവിച്ചു. കാണികളുടെ അങ്ങേയറ്റത്തെ പങ്കാളിത്തം. ഉച്ചത്തിലുള്ള താളമടി, ആംഗ്യങ്ങൾ, വരികൾ എന്നിവ തമാശയുടെ പ്രത്യേകതയാണ്. എവിടെയും കളിക്കാമെന്നത് തമാശയെ ജനപ്രിയമാക്കിയ ഘടകമാണ്. ഊരുചുറ്റുന്ന നാടകസംഘങ്ങൾ അത് വർദ്ധിപ്പിച്ചു. തമാശയിലെ ഗാനങ്ങൾ ലാവണി എന്നറിയപ്പെടുന്നു. കവാലി, ഗസൽ, കഥക് ദശാവതാരം തുടങ്ങിയവയുടെ സ്വാധീനം തമാശയിലുണ്ട്. ദോൽകിബാരി എന്നും സംഗീത്ബാരി എന്നും രണ്ടുൾപ്പിരിവ് തമാശയ്ക്കുണ്ട്. പ്രാചീനമായത് സംഗീത്ബാരി യാണ്. നൃത്തത്തിനാണ് അതിൽ കൂടുതൽ പ്രാധാന്യം. പതിനെട്ടാം നൂറ്റാണ്ടിൽ പേഷ്വാഭരണകാലത്താണ് ഇപ്പോൾ കാണുന്ന രീതിയിലേയ്ക്ക് തമാശയുടെ അരങ്ങ് രൂപപ്പെട്ടത്. 1843 മുതൽക്കാണ് സ്ത്രീകൾ തമാശയിൽ പങ്കാളിയാവാൻ തുടങ്ങിയത്. സൂത്രധാരൻ, (Shahir) കോറസ്, അഭിനേതാക്കൾ എന്നിവരുൾപ്പെട്ട തമാശയെ സാമൂഹ്യമായ ഉന്നമനത്തിനുവേണ്ടി അംബേദ്കറും മറ്റു പരിഷ്കർത്താക്കളും ഉപയോഗിച്ചിട്ടുണ്ട്.

സി. പാവനാടകവേദി

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പാവനാടകവേദി രൂപപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ രാജസ്ഥാൻ, ആന്ധ്രാപ്രദേശ്, തെലുങ്കാന, കേരളം എന്നിവിടങ്ങളിൽ പാവനാടകവേദിയുണ്ട്. രാജസ്ഥാനിൽ മുഗളകാല കഥകളും പ്രണയകഥകളുമാണ് പ്രമേയം. കളിക്കാരൻ, സഹായി, കളിക്കാരന്റെ ഭാര്യ എന്നിങ്ങനെ മൂന്നുപേർ ചേർന്ന അവതരണമാണ് അരങ്ങേറുക. ഭാര്യ കഥാഖ്യാനം നിർവ്വഹിക്കും. കളിക്കാരനും സഹായിയും ചേർന്ന് കൈവിരലുകൾകൊണ്ട് അവതരണം നടത്തും. കേരളത്തിലെ പാലക്കാട് ജില്ലയിൽ പാവക്കഥകളിയുണ്ട്. ആണ്ടിപ്പണ്ടാരങ്ങൾ എന്നറിയപ്പെടുന്നവരാണ് ഇതു നടത്തുന്നത്. തോൽപ്പാവക്കൂത്താണ് കേരളത്തിലെ പാവ നാടകങ്ങളിൽ മുഖ്യം. പുലവർമാരാണ് ഇത് നടത്തുന്നത്. ക്ഷേത്രങ്ങളിലെ കൂത്തുമാടങ്ങളിലാണ് കമ്പരാമായണം കഥ അരങ്ങേറുക. 41 ദിവസത്തെ കൂത്തായിരുന്നു മുമ്പുണ്ടായിരുന്നത്. ഇപ്പോൾ 7 ദിവസമാക്കി ക്രമീകരിച്ചു. ദേവീക്ഷേത്രങ്ങളിലാണ് തോൽപ്പാവക്കൂത്ത് അരങ്ങേറുക. സേതുബന്ധനം മുതൽ അഭിഷേകം വരെയുള്ള കഥയാണ് പറയുന്നത്. പാലക്കാട് കുടിയേറിയ

വെള്ളാളച്ചെടികളിൽ നിന്നാണ് കമ്പരാമായണ കഥ കേരളത്തിൽ പ്രചരിച്ചത്. രാവണവധം കാണാൻ കഴിയാത്തദേവിയ്ക്ക് അതു കാണുന്നതിനായാണ് തോൽപ്പാവക്കൂത്ത് എന്നാണ്ന്യായം. കഥ പാടുക, പാവകളെ ആട്ടുക, താളം പിടിക്കുക എന്നിവയാണ് അരങ്ങിൽ സംഭവിക്കുന്നത്. ക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് തെക്കോട്ടഭിമുഖമായി ഉയർന്നതറയോടുകൂടിയ കൂത്തുമാടം നിർമിക്കുന്നു. അവിടെയാണ് വർഷാവർഷങ്ങളിൽ തോൽപ്പാവക്കൂത്ത് അരങ്ങേറുക.

നാട്ടരങ്ങിന്റെ പൊതു സവിശേഷതകൾ

കൂട്ടായ്മയുടെ പിൻബലമാണ് നാട്ടരങ്ങിൽ പ്രകടമാകുന്നത്. പ്രാദേശിക സംസ്കൃതിയിലാണ് അതിന്റെ വേരുകൾ അനുഷ്ഠാനം, ഉത്സവം, ആഘോഷം എന്നിവയോട് ബന്ധപ്പെട്ടും അല്ലാതെയും രൂപപ്പെടുന്നവയാണവ, പാട്ട്, നൃത്തം, ചൊല്ലുകൾ, അലങ്കാരങ്ങൾ, താളം, വാദ്യം എന്നിവ ഉൾക്കൊള്ളുന്നവയാണ് നാട്ടരങ്ങ്. അവയ്ക്ക് തനതായ സാമൂഹിക ധർമ്മമുണ്ട്. അനുഷ്ഠാനപരമായ നാട്ടരങ്ങിന്റെ മുഖ്യധർമ്മം കൂട്ടായ്മയെ പരിവർത്തിതാവസ്ഥയിലേക്ക് (trance) നയിക്കുകയാണ്. വികാരവിമലീകരണമോ (catharsis) ധ്യാനാത്മകമായ (meditatational) ആനന്ദമോ (pleasure) നാടോടി അരങ്ങിന്റെ ലക്ഷ്യമോ ധർമ്മമോ അല്ല. തിന്മ മേലുള്ള നന്മയുടെ ജയം പലനാടോടിഅരങ്ങിന്റെയും സാരമാണ്.

അനുഷ്ഠാനപരമായ നാട്ടരങ്ങ് പല കൂട്ടായ്മയുടെയും സഹകരണം അനിവാര്യമാക്കുന്നു. പ്രാദേശികഐതിഹ്യങ്ങൾ, മിത്തുകൾ എന്നിവയുടെ സാന്നിദ്ധ്യം അവയിലുണ്ടാകും. ഉത്തരമലബാറിലെ തെയ്യക്കോലങ്ങളും, തിറയാട്ടവും ഉദാഹരിക്കാം. മതാടിത്തറയുള്ള അരങ്ങിലും പിൽക്കാലത്ത് വീരഗാഥകൾ, കാല്പനികകഥകൾ, പ്രാദേശിക വീരന്മാരുടെ സാഹസങ്ങൾ എന്നിവ കടന്നുവരാറുണ്ട്. ചുരുക്കത്തിൽ ജീവിതശൈലികളുടെയും ജനസംസ്കാരത്തിന്റെയും ജീവത്തായ ഭാവപ്രകടനമാണ് നാട്ടരങ്ങിൽ കാണുന്നത്. സാഹചര്യങ്ങൾ, അനുഭവങ്ങൾ എന്നിവയിൽ നിന്നുടലെടുക്കുന്ന അരങ്ങാണത്. ഗ്രാമീണമനുഷ്യർ സംഘവിശകലനത്തിലൂടെയാണ് അതിന് രൂപം കൊടുത്തത്. തങ്ങളുടെ അടിയന്തിരസാഹചര്യങ്ങളെയും സമൂഹത്തിന്റെ ആന്തരഘടനയെയും രൂപപ്പെടുത്തിയ മനുഷ്യരുടെ ഉല്പന്നമാണത്.

നാട്ടരങ്ങിന്റെ സ്വരൂപം

മുദ്രകൾക്കൊപ്പം സംഭാഷണ പ്രധാനവുമാണ് നാട്ടരങ്ങ്. ആഖ്യാനാത്മകതയാണ് സ്വരൂപത്തിന്റെ മറ്റൊരു ലക്ഷണം. കൂട്ടായ്മയ്ക്കിടയിലെ വിനിമയമാധ്യമമാണത്. അനുഷ്ഠാനപരമായ നാടോടി നാടകങ്ങളുടെ കാര്യത്തിൽ ഇത് പൂർണ്ണമായും ശരിയാണ്. കൂട്ടായ്മകൾ തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്ന വേളകളാണ് നാട്ടരങ്ങിന്റേത്. സ്ഥിരരംഗവേദി നാട്ടരങ്ങിന് മിക്കവാറുമില്ല. കൂടുതൽ നാടകങ്ങളും അരങ്ങേറുന്നത് ചില സീസണുകളിൽ മാത്രമാണ്. നാടകം തൊഴിലാക്കിയവരല്ല, നാടകം, ജീവിതത്തിന്റെ ഭാഗധേയമായി കാണുന്നവരാണ് അഭിനേതാക്കൾ. സമീപകാലത്ത് ഇതിന് മാറ്റം വന്നു.

ടൂറിങ്ങ് നാടകസംഘങ്ങൾ (പൊറാട്ട്, തമാശ എന്നിവയുടെ) അതിന് തെളിവാണ്.

നാട്ടരങ്ങിന്റെ സങ്കേതങ്ങൾ

ഓരോ അവതരണവും സവിശേഷമാകുന്നതിനാൽ നാടകത്തി നനുസരിച്ച് സങ്കേതവും നാട്ടരങ്ങിൽ വ്യത്യസ്തമാണ്. പലതരം സങ്കേതങ്ങൾ ഉണ്ടെന്ന് പറയാം. സ്ഥലകാലങ്ങളെയും, യാഥാർത്ഥ്യ ത്തിന്റെ ഭിന്ന തലങ്ങളെയും അവതരിപ്പിക്കാൻ വ്യത്യസ്തസങ്കേതങ്ങൾ അവലംബിക്കണം, വട്ടം, ചതുരം എന്നിങ്ങനെ ബഹുലമായ രംഗസംവിധാനം നാട്ടരങ്ങിൽ കാണപ്പെടുന്നു. അലങ്കാരങ്ങൾ,ചമയം, മെയ്യഭ്യാസം എന്നിവ ആവശ്യപ്പെടുന്നു നാട്ടരങ്ങിന്റെ സ്വരൂപം. നടനത്തിൽസ്ത്രീ പങ്കാളിത്തം ഇന്നും താരതമ്യേന കുറവാണ്. കാവിനും ക്ഷേത്രത്തിനും പുറത്താണ് അവയുടെ അവതരണം. ക്ലാസ്സിക്കൽ തിയേറ്ററിലെപ്പോലെയോ മോഡേൺ തിയേറ്ററിലെപ്പോലെയോഅല്ല നാട്ടരങ്ങിന്റെ കാണികൾ. നാടകത്തിന്റെ ഭാഗമാണവർ. തലശ്ശേരിക്കടു ത്തുള്ള അണ്ടല്ലൂർക്കാവിലെ ദൈവത്താർ തെയ്യം (ശ്രീരാമപട്ടാഭിഷേക മെന്ന് ധാരണ) അഭിഷേകത്തിനുശേഷം (മുടിവെട്ടുതറയിൽ നിന്നിറങ്ങുക) അങ്കക്കാരൻ, ബപ്പൂരൻ എന്നീ തെയ്യങ്ങളോടും വില്ലുകാരോടും കൂടി കാവിനെ വലം വെക്കുമ്പോൾ വ്രതമെടുത്ത പുരുഷന്മാരും ആൺകുട്ടികളും അച്ഛന്മാരും (കാരണവന്മാർ) കാവിനെ വലംവെക്കുന്നത് ഉദാഹരണമാണ്. ഈ വലംവെക്കലിനെ മെയ്യാലംകൂടുക എന്നാണ് പ്രാദേശികമായിപറയുന്നത്.. വ്രതമെടുക്കുന്നതിന് കുളുത്താറ്റുക എന്നും പറയുന്നു. നിറത്തിന്റെ ഉപയോഗമാണ് നാട്ടരങ്ങിന്റെ സ്വരൂപം നിശ്ചയിക്കുന്ന പ്രധാനഘടകം. ഭാവപ്രകടനത്തിനും പകർന്നാട്ടത്തിനും മുഖത്തെഴുത്ത്, മെയ്യെഴുത്ത് എന്നിവ അവശ്യഘടകമാണ് ചുവപ്പ്, പച്ച, കറുപ്പ് എന്നീ അടിസ്ഥാന വർണങ്ങളാണ് കളമെഴുത്തിനും മെയ്യെഴുത്തിനും ഉപയോഗിക്കുന്നത്. ഭദ്രകാളിക്കളങ്ങളിൽ ഉപയോഗിക്കുന്ന നിറങ്ങൾ ഉദാഹരണം. കേരളത്തിന്റെ പ്രകൃതിയിൽ അടങ്ങിയ അടിസ്ഥാന വർണ്ണങ്ങളാണിവ. പ്രകൃതിദത്തമായചായങ്ങളാണ് ചമയത്തിനു പയോഗിക്കു ന്നത്. ഇലകൾ ഉണക്കിപ്പൊടിച്ചത്, കരി. എന്നിവ ഉദാഹരണം. സദസ്യരുമായി നേരിട്ടിട പെടുന്നവയാണ് പല നാടോടി നാടകങ്ങളും. കാക്കാരിശ്ശി നാടകത്തിലെ ചോദ്യക്കാരനും പൊറാട്ടിലെ ബഫൂണും (വിദൂഷകൻ) ഉദാഹരണം. മുടിയേറ്റിൽ (കാളിദാരിക സംവാദസമയത്ത്) കാളി പോർ വിളിക്കുമ്പോൾ കാവുമുഴുവനും, ജനമാകെയും അരങ്ങിന്റെ ഭാഗമാകുന്നു. പല തട്ടുകളായി, അരങ്ങിന്റെ പല സന്ദർഭങ്ങളായി കാവും പരിസരങ്ങളും മാറുന്നു. അനുഷ്ഠാനപരമായമുടിയേറ്റിലെ ശിവനാരദ സംവാദം മറ്റൊരുദാഹരണമാണ്. ചില നാട്ടരങ്ങുകളിൽ ശൈലീകൃതമായ അഭിനയം കാണാം. തെയ്യത്തിന്റെ നൃത്തം ഉദാഹരണം. സമതുലിതമായ പ്രകടനം ചിലനാടോടിനാടകങ്ങളിൽ കാണാം. കാളി, കൂളി കഥാപാത്ര ങ്ങൾ (മുടിയേറ്റിലെ) ഉദാഹരണം കാളിരൗദ്രവും കൂളി ഹാസ്യവും കൊൺ ഭാവസന്തുലനം സൃഷ്ടിക്കുന്നു.

ആളുകളെ ധാരണയ്ക്ക് വിടുന്ന പരിപാടിയും നാട്ടരങ്ങിലുണ്ട്. ദീർഘസമയം അവതരണമാവശ്യപ്പെടുന്ന രാംലീലപോലുള്ള നാട്ടരങ്ങിന്റെ

സ്വരൂപത്തിലാണ് ഇതുകാണുന്നത്. രാവണൻ കെട്ടുന്നയാൾ തനിക്ക് റോളില്ലാത്ത സമയത്ത് തല അഴിച്ചുവെച്ച് ഇരിക്കുന്നു. അയാളെ മറ്റുരംഗങ്ങൾ അരങ്ങേറുമ്പോൾ സാധാരണക്കാരനായി കാണികൾ വിചാരിക്കില്ല. തന്റെ റോൾ വരുമ്പോൾ പത്തുതല അയാൾ എടുത്തുണിയുന്നു.ഇതാണ് ധാരണയ്ക്ക് വിടുന്നതിന് ഉദാഹരണം.

പത്തൊമ്പതാം നൂറ്റാണ്ടുമുതൽ നാട്ടരങ്ങ് പല പരിവർത്തനത്തിനും വിധേയമായി. ചില അനുഷ്ഠാനപരമായ അരങ്ങിന് സ്വീകാര്യത കൂടി, ചിലത് നാമാവശേഷമായി. കാലഹരണപ്പെട്ട കേരളീയ നാട്ടരങ്ങാണ് നിണബലി. കാലഹരണപ്പെട്ടതോ, അവതാരകൾ കുറഞ്ഞില്ലാതായതോ ആയ നിണബലി പുനരവതരിപ്പിക്കപ്പെട്ടത് ആകാശവാണിയുടെ കോഴിക്കോട് നിലയത്തിന്റെ ആഭിമുഖ്യത്തിലാണ്. കണ്ണൂർ റെയിൽവേ സ്റ്റേഷനടുത്ത് താമസിച്ചിരുന്ന പാണന്മാരായ ഇ.കെ രാമനും ബന്ധുക്കളും 1986-ൽ ആകാശവാണക്കുവേണ്ടി നിണബലി അവതരിപ്പിച്ചു. ഇതു സംബന്ധിച്ച സെമിനാറും കോഴിക്കോട് നടന്നു. ആകാശ വാണിയുടെ നാടൻകലാവിഭാഗം, പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം പ്രവർത്തിച്ചതിന്റെ ഫലമായാണ് നാടൻ കലകൾക്ക്, ഒപ്പം നാട്ടരങ്ങിനും ജനകീയത ലഭിച്ചത്. കാലാന്തരത്തിൽ വർണപ്പൊലിമയുള്ള അരങ്ങിന് കാഴ്ചപ്പണ്ടങ്ങളുടേതായ (spectacle society) മുതലാളിത്ത സമൂഹത്തിൽ സ്വീകാര്യത വർദ്ധിച്ചു. പടയണി ഉദാഹരണമാണ്. പത്തനംതിട്ടജില്ലയിലെ കടമ്മനിട്ട ഗ്രാമത്തിലെ ചൂട്ടുപടയണി വിദേശീയരും സ്വദേശീയരുമായ നിരവധി പേരെ ആകർഷിക്കുന്നു. കോളേജ് ക്യാമ്പസ്സുകളിലും അവതരിപ്പിക്ക പ്പെടുന്നു.

ബംഗാൾ പ്രധാനകേന്ദ്രമായി വികസിച്ച ജാത്ര (Jatra) എല്ലാവർഷവും ജൂൺ-സെപ്തംബർ മാസത്തിലാണ് അരങ്ങേറിക, കൃഷ്ണകഥ അരങ്ങേറുന്ന ജാത്രയിൽ ഇരുപതാം നൂറ്റാണ്ടുമുതൽക്കാണ് സ്ത്രീകൾ പങ്കെടുക്കാൻ തുടങ്ങിയത്. സ്വാതന്ത്ര്യസമരകാലത്ത് സ്വദേശി ജാത്രകൾ രൂപപ്പെട്ടു. ബ്രിട്ടീഷ് ദുർഭരണത്തിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുകയായിരുന്നു സ്വദേശി യാത്രകളുടെ ലക്ഷ്യം. മഹാത്മാജ്യോതിബാഫൂലെയുടെ നേതൃത്വത്തിലുള്ള സത്യശോധക് സമാജ് ജാതി വിരുദ്ധ ആശയങ്ങളുടെ പ്രചരണത്തിനും അയിത്തോച്ചാട ത്തിനും സത്യശോധക്ജൽസകളിൽ (സംഗമം) തമാശ പുനരവതരിപ്പിച്ചു. സ്വാതന്ത്ര്യാനന്തരം പ്രസാർഭാരതി, ആകാശവാണി എന്നിവ വിവിധ സർക്കാർ ബോധവൽക്കരണപരിപാടികൾക്കായി (ആരോഗ്യം, കുടുംബ ക്ഷേമം, ബാങ്കിംഗ്, ശുചിത്വം, രോഗീപരിചരണം, സ്ത്രീവിദ്യാഭ്യാസം) നാട്ടരങ്ങിനെ ഉപയോഗിച്ചു. തുറന്ന മൈതാനങ്ങളിലും നഗരകേന്ദ്രങ്ങ ളിലും നടന്ന അത്തരം അവതരണങ്ങൾ ധർമ്മനാട്ടരങ്ങിന് നവമാനം നൽകി. പാലക്കാട്ടെ പൊറാട്ട് നാടകം 1964-ൽ പാലന്തോണി വേലായുധൻ ജന്മിത്തത്തിനും മുതലാളിത്തത്തിനുമെതിരായി ഉപയോഗിച്ചു. ഗാന്ധിജി, ഇ.എം.എസ്, എ.കെ.ഗോപാലൻ, അഴീക്കോടൻ രാഘവൻ എന്നിവരെക്കു റിച്ച് പാട്ടുണ്ടാക്കി പാണന്മാർ പാടി. തൊഴിലാളിവർഗ്ഗ വീക്ഷണം പൊറാട്ട് നാടകത്തിലൂടെ അവതരിപ്പിക്കപ്പെട്ടു. അനുഷ്ഠാന പരമായും നാട്ടരങ്ങിന്

ജനകീയതയുണ്ടായത് ആകാശവാണി, ദൂരദർശൻ അവതരണങ്ങളിലൂടെ യാണ്. തോറ്റംപാട്ടുകൾ, പടയണി, തെയ്യം എന്നിവയ്ക്ക് കേരളത്തിലെ മുഖ്യധാരയിലിടം നൽകിയതിൽ ഈ മാധ്യമങ്ങൾക്കുള്ള പങ്ക് വലുതാണ്.

നാട്ടരങ്ങ് നേരിടുന്ന വെല്ലുവിളികൾ

കൂട്ടായ്മയ്ക്ക് സംഭവിച്ച മാറ്റമാണ് നാട്ടരങ്ങ് നേരിടുന്ന പ്രധാന വെല്ലുവിളി ഇന്ത്യയിൽ ഗ്രാമസമൂഹങ്ങൾ അതിവേഗം നഗരവൽക്കരിക്ക പ്പെടുന്നു. കേരളതതിൽ അതിന്റെ തോത് ദേശീയശരാശരിയെക്കാൾ മുന്നിലാണ്. സെമി അർബൻസെൻററുകളായി ഗ്രാമങ്ങൾ മാറുന്നതിലൂടെ കൂട്ടായ്മ ശിഥിലമാകുന്നു. പഴയകാല അഭിനേതാക്കൾ അന്യംനിന്നു. പുതുതലമുറയ്ക്ക്, പ്രത്യേകിച്ച് വിദ്യാഭ്യാസമ്പന്നരായ കീഴ് ജാതിക്കാർക്ക് പൊറാട്ട് നാടകം, കാക്കാരിശ്ശി നാടകം എന്നിവ അരങ്ങേറുന്നതിന് താല്പര്യം കുറവാണ്. ടെലിവിഷൻ പ്രൈവറ്റ് ചാനലുകൾ, മൊബൈൽ ഫോൺ, നവമാധ്യമങ്ങൾ, സിനിമ, ഒ.ടി.ടി പ്ലാറ്റ്ഫോം, കമ്പ്യൂട്ടർ എന്നിവയുടെ സ്വാധീനം ഓൺലൈൻ ജീവിതത്തിലേക്ക് മലയാളികളെ നയിച്ചു. വിദ്യാർത്ഥികൾ, മുതൽ വൃദ്ധജനങ്ങൾ വരെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് മാറിയതോടെ കൂട്ടായ്മ ശിഥിലമായി. വ്യക്തികളുടെ തുരുത്തുകൾ രൂപപ്പെട്ടു. ഇത് നാട്ടരങ്ങിനെ ഗൗരവമായി നിഷേധ (negative) രീതിയിൽ ബാധിച്ചു. ട്രോളുകൾ, റീൽസ്, സിനിമാറ്റിക് ഡാൻസ്, ഇൻസ്റ്റഗ്രാം എന്നിവയുടെ വരവോടെ നാട്ടരങ്ങിലെ ദീർഘ സമയം അവതരണത്തിനെടുക്കുന്ന നാടകങ്ങൾ കാണാൻ താല്പര്യം കുറഞ്ഞു. ഓടിച്ചുനോക്കുക, ലൈക്കുക, കമൻറുക എന്ന ചിന്തയ്ക്കിടയിൽസുദീർഘ മായകൂട്ടായ്മയുടെ പ്രവർത്തനം അരങ്ങേറ്റത്തിന് ആവശ്യമുള്ള നാട്ടരങ്ങ് പിന്നിലാകുന്നു. നാട്ടരങ്ങിൽ ജാതി, മതം എന്നിവ ഇപ്പോഴും നിലനിൽക്കുന്നത് (ഇന്നതെയ്യം കെട്ടാൻ, ഇന്ന ജാതിക്കാർ മാത്രം,) എന്നത് ഉദാഹരണം) അവയുടെ വിപുലമായ അരങ്ങേറ്റത്തിന് തടയിടുന്നു. പഴയനടന്മാർ അവസാനിക്കുന്നതോടെ ചില രൂപങ്ങൾ അവസാനിക്കുന്നതും മറ്റൊരു വെല്ലുവിളിയാണ്. നിണബലി ഉദാഹരണം. മുടിയേറ്റ് നടത്താൻ ചുരുക്കം കുടുംബക്കാർക്ക് മാത്രം അവകാശം എന്നത് മറ്റൊരു വെല്ലുവിളിയാണ്. ആ കുടുംബങ്ങളിലെ പുതുതലമുറ യിലെ പുരുഷന്മാർക്ക് താല്പര്യമില്ലെങ്കിൽ അതും അവസാനിക്കും. നാട്ടരങ്ങിനും അതിന്നാധാരമായ അനുഷ്ഠാനങ്ങൾക്കും പിന്നിൽ ജാതിജന്മിനാടപവാഴിത്തത്തിന്റെ ആശയസംഹിത ഉണ്ടെന്നതിനാൽ ദലിത്, ആദിവാസി ജനവിഭാഗങ്ങളിലെ വിദ്യാസമ്പന്നർക്ക് അവയോട് താല്പര്യം കുറയുന്നു. അതേസമയം ധനവാനായ ദലിതന്റെ വീട്ടിൽ തെയ്യം കെട്ടിയതിന് തെയ്യക്കാരനെ ജാതിഭ്രഷ്ട് കല്പിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടിഗ്രാമമായ കണ്ണൂർ ജില്ല ഏഴോത്ത് വിരോധം സംഭവിക്കുകയും ചെയ്യുന്നു.

നാട്ടരങ്ങിനെക്കാണുകയും അതിന്റെ പ്രകടം നടത്തുന്ന മനുഷ്യരെ കാണാതിരിക്കുകയും ചെയ്യുന്ന തരം ഫോക് ലോർ പഠനങ്ങളാണ് മറ്റൊരുവെല്ലുവിളി. അടിമ ജീവിതത്തെ ആദർശവല്ക്കരിക്കുകയും ലോകത്തുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കൂട്ടായ്മയിലുണ്ടെന്ന്

തെറ്റിദ്ധരിപ്പിക്കുകയും ആധുനിക ജീവിതത്തെ, ഇംഗ്ലീഷിലിറങ്ങുന്ന പുതിയ പുസ്തകം വായിച്ച് വിലയിരുത്തുകയും ചെയ്യുന്നു ഫോക് ലോർ പണ്ഡിതന്മാർ സ്വന്തം ഗൃഹങ്ങളിടെ ജിവിതത്തിലും ആധുനികതയുടെ എല്ലാ സൗകര്യങ്ങളുമുപയോഗിച്ച് കപടജീവിതം നയിക്കുന്നു കൂട്ടായ്മയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു. കൂട്ടായ്മയുടെയും നാട്ടരങ്ങിന്റെയും പേരിൽ വിദേശപര്യടനങ്ങൾ നടത്തുന്ന വിദേശഫണ്ടിങ്ങ് ഏജൻസികളുടെ (ഫോർഡ്, റോക്ക്ഫെല്ലർ) ഫൌണ്ടേഷൻ ഏറാൻ മൂളികളുമായ സി.ആർ. രാജഗോപാലൻ, ഡോ. രാഘവൻ പയ്യനാട് എന്നിവരുടെ ഫോക് ലോർ പഠനങ്ങൾ ഉദാഹരണം, പുലയരുടെയും പാണരുടെയം മറ്റു കീഴ്ജാതി വിഭാഗങ്ങളുടെയും ജ്ഞാനം പകർത്തിയെടുത്ത് പ്രസിദ്ധീകരിക്കുകയും സ്വന്തം ഇല്ലത്ത് എത്തുന്നയാൾക്ക് ചായ കൊടുത്താൽ ഗ്ലാസ് കഴുകി വെക്കാനാവശ്യ പ്പെടുകയും ചെയ്യുന്ന തരം ജാതിമനോഭാവമുള്ള ഡോ.എം.വി. വിഷ്ണുനമ്പൂതിരിയും വെട്ടിയാർ പ്രേംനാഥ് ശേഖരിച്ച നാടൻ പാട്ടുകൾ സ്വന്തം പേരിൽ ഉപയോഗിച്ച കാവാലവും മറ്റുദാഹരണങ്ങളാണ്.

1954-ൽ നിലവിൽ വന്ന ഇൻഫർമേഷൻ & ബ്രോജ്കാസ്റ്റിംഗും മിനിസ്ട്രിയുടെ ഭാഗമായി ഇന്ത്യയിലെമ്പാടുമുള്ള ഗാന, നാടകങ്ങൾ ശേഖരിച്ചു. മദ്യനിരോധനം, സമുദായഐക്യം, ഗാർഹികമൂല്യങ്ങൾ, വികസന പ്രവർത്തനങ്ങൾ, കുടുംബാസൂത്രണം, കാർഷിക സാങ്കേതിക, ചെറുകിട വ്യവസായങ്ങൾ, സാമ്പത്തിക സേവനങ്ങൾ, എന്നിവയെക്കുറിച്ച് അവബോധം നൽകുന്നതിന് ഈ വകുപ്പും സർക്കാരിന്റെ മറ്റുവകുപ്പുകളും നാട്ടരങ്ങിന്റെ സേവനം വൻതോതിൽ ഉപയോഗിച്ചു. നിസ്സഹകരണ പ്രസ്ഥാനം വിജയിപ്പിക്കാൻ വിവിധ നാട്ടരങ്ങുകൾ ഉപയോഗിക്കപ്പെട്ടതിന് ബംഗാളിലെ ജാത്രയും ഗുജറാത്തിലെ ഭാവെയ്യും മഹാരാഷ്ട്രയിലെ തമാശയും ആന്ധ്രയിലെ ബുരാകഥയും തെളിവാണ്. വയോജന വിദ്യാഭ്യാസത്തിന്നായി ഉത്തർപ്രദസിലെ നൗട്ടാങ്കിയും മറ്റരങ്ങുകളും ഉപയോഗിക്കപ്പെട്ടു. സർക്കാരിതര ഓർഗനൈസേഷനുകളും മറ്റും വിശേഷിച്ച് 1940-1985 കാലഘട്ടത്തിൽ ഇതേ ആവശ്യങ്ങൾക്കായി നാട്ടരങ്ങിനെ ഉപയോഗിച്ചിട്ടുണ്ട്.

നാട്ടരങ്ങിന്റെ വികാസ സാധ്യതകൾ

ഒന്ന് നാട്ടരങ്ങിന്റെ കൂട്ടായ്മയിൽനിന്ന് ജൈവബുദ്ധിജീവികൾ രൂപപ്പെടുകയും പ്രചരണത്തിനായി അവർ സന്നദ്ധരാകുകയും ചെയ്താൽ നാട്ടരങ്ങും പണ്ഡിതരും തമ്മിൽ നിലനിൽക്കുന്ന വിടവ് പരിഹരിക്കാനാകും. രണ്ട്. എല്ലാ നാട്ടരങ്ങും അതേപടി നിലനില്കണമെന്ന് വാശിപിടിക്കുന്നത് ഒഴിവാക്കണം. പറവക്കാവടി (ശരീരത്തിൽസ്റ്റീൽ തുളച്ചിട്ട് തൂങ്ങിക്കിടക്കൽ), ഗരുഡൻതൂക്കം, കുത്തിയോട്ടം (കുട്ടികളുടെ ഉദരഭാഗത്ത് ചൂരൽ ചീള് കുത്തിക്കയറ്റൽ) എന്നിവ അതേപടി നിലനിറുത്തണമെന്നവാദം വിവരക്കേടോ, അങ്ങേയറ്റത്തെ യാഥാസ്തിതികത്തമോ ആണ്. തീയിൽ നടന്ന 12 കാരൻ തെയ്യത്തിന്റെ ദേഹമാസകലം പൊള്ളിയത് 2023-ലാണ്. ആധുനിക ലോകത്തിന്റെ സമയബോധത്തിനനുസരിച്ച് സമയം ക്രമീകരിക്കുക എന്നതാണ് മറ്റൊരു പ്രതിസന്ധിയും സാധ്യതയും. മൊബൈൽ ജനറേഷന് സിനിമപോലും പൂർണമായി ആസ്വദിക്കാൻ കഴിയാത്ത

സ്ഥിതിക്ക് അഞ്ചു മണിക്കൂർ നീണ്ട നാട്ടരങ്ങിലെ പ്രകടനം എങ്ങനെ ആസ്വദിക്കാനാകും. ആനുപാതിക പ്രാതിനിധ്യം സർക്കാർ പരിപാടികളിൽ എല്ലാ നാട്ടരങ്ങിനും നൽകുക എന്നതാണ് മറ്റൊരു സാധ്യത. ദൃശ്യപ്രധാനമായ തീച്ചാറുണ്ടി, വിഷ്ണുമൂർത്തി, മൂച്ചിലോട്ട് ഭഗവതി എന്നിവയ്ക്ക് പ്രാധാന്യം ലഭിക്കുമ്പോൾ പഞ്ചുരുളിക്ക് കേരളീയ സമൂഹത്തിൽ നാമമാത്രമായ അംഗീകാരം ലഭ്യമായത് 'കാന്താര' എന്ന സിനിമയിലുപയോഗിക്കപ്പെട്ടശേഷമാണ്. മാപ്പിളത്തെയ്യങ്ങളെ സർക്കാർ, കലാലയ പരിപാടികളിൽ പരിഗണിക്കാറേയില്ല. പടയണിക്കും മുടിയേറ്റിനും ലഭിക്കുന്ന പരിഗണന കാക്കാരിശ്ശി നാടകത്തിനോ, പൊറൊട്ടുനാടക ത്തിനോ സർക്കാർ വകുപ്പുകൾ നൽകാറില്ല. ഇതവസാനിപ്പിക്കണം.

പൊതുജനങ്ങൾക്കായി, ആഗ്രഹമുള്ളവർക്ക് പഠിക്കാനായി പ്രത്യേകം നാട്ടരങ്ങുപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക എന്നതാണ് മറ്റൊരു സാധ്യത. ജാതി, മത പരിഗണനകൾക്കപ്പുറത്ത് പഠനസാധ്യത തുറക്കപ്പെടണം. മരിച്ചുപോകുന്ന നാട്ടരങ്ങിന് ചിലപ്പോളത് ജീവശ്വാസ മായേക്കാം.

ഗ്രന്ഥസൂചി

1. ഭാർഗ്ഗവൻപിള്ള, ജി.കാക്കാരിശ്ശി നാടകം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
2. കടമ്മനിട്ട വാസുദേവൻപിള്ള, പടേനിയിലെ പാളക്കോലങ്ങൾ, ജനജാഗ്രതി, ആലപ്പുഴ, 1992.
3. വിദ്യാസാഗർ, കെ. അനുഷ്ഠാനം, പുരാവൃത്തം, പൊരുൾ, എഫ്.എഫ്.എം ട്രസ്റ്റ് ജ്യോതിസ്സദനം, പയ്യന്നൂർ, 2000.
4. നാടോടി നേരരങ്ങ് സി.ആർ. രാജഗോപാലൻ സെൻറർഫോർഫോക് ലോർ, സ്റ്റഡീസ്, കണിമംഗലം, 2003.
5. അഴീക്കോട് സജീവൻ, തെയ്യത്തിലെ ജാതിവഴക്കം, കറൻറ് ബുക്സ്, കോട്ടയം, 2016.
6. പ്രഭാകരൻ കാരാട്ട്, നമ്മുടെ അനുഷ്ഠാനകലകൾ, എച്ച് & സി ബുക്സ്, കുന്നംകുളം, 2004.
7. വിഷ്ണുനമ്പൂതിരി, എം.വി. ഫോക് ലോർ നിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.
8. കരിപ്പത്ത് ആർ.സി. മലബാറിലെ മാപ്പിളത്തെയ്യങ്ങൾ, ന്യൂബുക്സ്, കണ്ണൂർ, 2014.
9. രാഘവൻ എം. ഡി. ഫോക് പ്ലേസ് ഓഫ് കേരള, രാമവർമ്മ ആന്ത്രോപ്പോളജിക്കൽ സൊസൈറ്റി, തൃശ്ശൂർ, 1947.
10. ഹോളാണ്ടർ ജൂലിയ ഇന്ത്യൻ ഫോക്തിയേറ്റേഴ്സ്, എപ്പിടോം ബുക്സ്, ചെന്നൈ, 2013.

ഗവേഷണത്തിലെ അന്തർവൈജ്ഞാനികത

ഷൂബ കെ. എസ്സ്.

പ്രബന്ധസംഗ്രഹം

എന്താണ് ഗവേഷണം? അന്തർ വൈജ്ഞാനിക പഠനത്തിന്റെ സവിശേഷതകൾ എന്തെല്ലാം? ഇവയൊക്കെ അന്വേഷിക്കുന്നു. സംസ്കാരത്തിന്റെ അധികാരചരിത്രത്തെ അന്തർവൈജ്ഞാനിക പഠനം പുറത്തു കൊണ്ടുവരണം എന്ന വീക്ഷണം അവതരിപ്പിക്കുന്നു.

താക്കോൽവാക്കുകൾ

അന്തർവൈജ്ഞാനികം, ഗവേഷണം, ചരിത്രപരം, ചലച്ചിത്രം, കൊറോണാനന്തരം, ആഗോളീകരണം, ടെക്നോ ക്യാപ്പിറ്റലിസം.

ആമുഖം

ആദ്യകാല ഗവേഷണങ്ങളിൽ നിന്നും എന്തൊക്കെയോ വ്യത്യാസങ്ങൾ പുതിയകാല ഗവേഷണത്തിനുണ്ട് എന്ന നിലപാടിൽ നിന്നുമാണ് അന്തർവൈജ്ഞാനിക ഗവേഷണത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ എത്തുന്നത്.

1938-ൽ ലണ്ടൻ സർവ്വകലാശാലയിൽനിന്നും 'എഴുത്തച്ഛനും അദ്ദേഹത്തിന്റെ കാലവും' എന്ന വിഷയത്തിലാണ് ചേലനാട്ട് അച്യുതമേനോൻ Ph.D എടുത്തത്. കേരളസർവ്വകലാശാല 1963-ൽ രൂപീകരിച്ചശേഷം നടന്ന ഗവേഷണങ്ങളും ഇതുപോലുള്ളവയാണ്. 'ഭാഗവതത്തെ അധികരിച്ചുള്ള തുള്ളൽക്കഥകൾ - മൂലപരാമർശകമായ ഒരു പഠനം' എന്ന പേരിൽ വി. സുബ്രഹ്മണ്യശർമ്മ ഗവേഷണപ്രബന്ധം എഴുതി. 1965-ൽ വി. ആർ. പ്രബോധചന്ദൻ 'കൃഷ്ണഗാഥയിലെ ഭാഷയെപ്പറ്റിയുള്ള വിവരണാത്മക പഠനം' എന്ന പേരിൽ പ്രബന്ധം എഴുതി. ഇങ്ങനെ കൃതിയെ കേവലം ഭാഷാമാത്രവസ്തുവായും എഴുത്തുകാരനെ കേവലവ്യക്തിയായും കാണുന്ന സമീപനമാണ് ആദ്യകാല ഗവേഷണത്തിൽ കാണുന്നത്.

'വീട്, യാത്ര എന്നീ പ്രമേയങ്ങൾ ആധുനിക മലയാളകവിതയിൽ' (2014) 'തീരദേശസംസ്കാരം മലയാളസാഹിത്യത്തിൽ' (2015), 'രോഗവും ചികിത്സാലയവും മലയാളകഥയിലും നോവലിലും' (2013) ഇങ്ങനെയുള്ള വിഷയങ്ങളാണ് പുതിയകാലത്ത് കാണപ്പെടുന്നത്. വാസ്തുവിദ്യ, ആദിരൂപങ്ങൾ, ആരോഗ്യരംഗം, ചരിത്രം തുടങ്ങിയവ സാഹിത്യത്തോട് ചേർത്തുവച്ചു പഠിക്കുന്നത് കാണാം. ജ്ഞാനനിർമ്മിതി സമീപനത്തിൽ വന്ന മാറ്റത്തിന്റെ പശ്ചാത്തലത്തിലാണ് അന്തർവിജ്ഞാനീയഗവേഷണം അന്വേഷണവിഷയമാകുന്നത്. ഇവിടെ സാഹിത്യം എന്ന ജ്ഞാനശാഖയോട് യാത്ര, വീട്, രോഗം, സംസ്കാരം, ചികിത്സ തുടങ്ങിയവ ചേർത്തു

വയ്ക്കുന്നു. ഇങ്ങനെ ചേർത്തു വയ്ക്കുന്നതാണോ അന്തർവൈജ്ഞാനിക സമീപനം എന്നാണ് പരിശോധിക്കേണ്ടത്.

എന്താണ് ഗവേഷണം?

ആവശ്യത്തിൽ നിന്നും പരിമിതികളിൽ നിന്നുമാണ് ഗവേഷണ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ('ആവശ്യത്തിന്റെ നിയമങ്ങളാണ് കലയുടെ ഉറവിടം എന്നു 'സംഭവ്യതയുടെയും ആവശ്യകതയുടെയും നിയമങ്ങൾ - അരിസ്റ്റോട്ടിൽ മുതൽ ആധുനികോത്തരതവരെ' എന്ന ലേഖനത്തിൽ എസ്.സുധീഷ് നിരീക്ഷിച്ചിട്ടുണ്ട്. നൗഷാദ് എസ്., ഡി.വി.അനിൽകുമാർ 2015:311) ഒരിടത്ത് വേഗത്തിൽ എത്തേണ്ടതുണ്ട്. അതേസമയം കുതിരയെപ്പോലെ വേഗത്തിലോടാനോ പക്ഷിയെ പോലെ പറക്കാനോ കഴിയില്ല മനുഷ്യന്. ആ പരിമിതി ഉണ്ട്. ഈ ആവശ്യത്തിൽ നിന്നും പരിമിതിയിൽ നിന്നും മനുഷ്യൻ കുതിരയെ കണ്ടുപിടിക്കും, വിമാനം കണ്ടുപിടിക്കും. കുതിരയെ മെരുക്കാനുള്ള തന്ത്രങ്ങൾ ഒരു കണ്ടുപിടിത്തമാണ്. അതേ പോലെ പക്ഷിയുടെ പറക്കലിനെ, അതിന്റെ നിയമങ്ങളെ അനുകരിച്ച് വിമാനം കണ്ടുപിടിക്കും. കവിത കണ്ടു പിടിക്കുന്നതും അങ്ങനെ തന്നെ. കഠിനമായ വിഷമം ഉണ്ടാകുന്നു. മകൾ മരിച്ചു പോയി. ജീവിതം നശ്വരമാണ് എന്നത് മനുഷ്യന്റെ പരിമിതിയാണ്. പക്ഷെ വേറെയും മക്കളുണ്ട്, അവർക്ക് വേണ്ടി ജീവിക്കണം. കായികമായ പരിമിതിയല്ല, മാനസികമായ ആവശ്യവും പരിമിതിയുമാണിത്. കായികമായ ആവശ്യത്തിൽനിന്നും പരിമിതിയിൽനിന്നും വിമാനം ഉണ്ടാക്കുന്നതു പോലെ മാനസികമായ അതിജീവനത്തിന് കലകൾ ഉണ്ടാകുന്നു. അങ്ങനെ മകൾ മരിച്ച ദു:ഖം കവിതയായി പിറക്കുന്നു. അതു മനുഷ്യകുലത്തിന്റെ ദു:ഖമാക്കി അവതരിപ്പിച്ചാണ് അതിനെ അതിജീവിക്കുന്നത്. ബുദ്ധനെ കാണാൻ വന്ന, മകൻ മരിച്ച അമ്മ കടുകുമണി തേടിപ്പോയി ആത്മഹത്യാതീരുമാനം മാറ്റുന്നത് പോലുള്ള പ്രക്രിയയാണത്. വിമാനം കണ്ടുപിടിക്കുന്നതുപോലെ തന്നെയാണ് കവിതയുടെ നിർമ്മാണവും. വീടുണ്ടാക്കുന്നതും യാത്രചെയ്യുന്നതും കവിത എഴുതുന്നതും പ്ലെയിൻ ഉണ്ടാക്കുന്നതും ഒക്കെ ഒരേ സാംസ്കാരിക പ്രേരണകളിൽ നിന്നാണ്. ഒരു പോലുള്ള സംസ്കാരനിർമ്മിതികളാണ് എല്ലാം.

ജ്ഞാനശാഖകളുടെ പരസ്പരബന്ധവും മാർക്സും

ജ്ഞാനശാഖകൾ അഥവാ ഡിസിപ്ലിനുകൾ വെള്ളം കയറാത്ത അറകളല്ല. വിവിധജ്ഞാനശാഖകകൾ പഠനസൗകര്യത്തിന് വേണ്ടി മാത്രം വേർപിരിഞ്ഞവയാണ്. എന്നാൽ പിന്നീട് അവ തമ്മിൽ കടന്നുകയറാനാവാത്ത അറകളായി നിർവ്വചിക്കപ്പെട്ടു. (തൊഴിൽ ഗ്രൂപ്പുകൾ ജാതിക്കൂട്ടായ്മകൾ ആയതു പോലെയാണത്.) അതിന് പ്രധാന കാരണം ജ്ഞാനത്തിന് പിന്നിലെ ചരിത്രവും അധികാരബന്ധങ്ങളും തമസ്കരിക്കുന്നതാണ്. അത് മതകാലത്തെ അധീശവ്യവസ്ഥകളുടെ ആവശ്യമായിരുന്നു. കണക്കിലെ മെട്രിക്സ് കൃഷിയുടെ ആവശ്യവുമായി (കലപ്പ കണ്ടു പിടിച്ചത് പോലെ തന്നെ) ബന്ധപ്പെട്ടാണ് കണ്ടുപിടിക്കപ്പെട്ടത് എന്ന വസ്തുത മറയ്ക്കപ്പെടുകയും ജ്ഞാനപഠനവും ജ്ഞാനനിർമ്മിതി ശ്രമങ്ങളും യാന്ത്രികമായി മാറുകയും ചെയ്യുന്നു. ജ്ഞാനത്തിന്റെ

അധികാരചരിത്രവും സംസ്കാരചരിത്രവും മറയ്ക്കപ്പെടുമ്പോൾ ജ്ഞാന നിർമ്മിതികാലത്തെ സ്ഥലകാലങ്ങൾ തമസ്കരിക്കപ്പെടുന്നു.

അതുകൊണ്ടാണ് ആദ്യകാല ഗവേഷണവിഷയങ്ങൾ കൃതിക്കു ള്ളിലും എഴുത്തുകാരനിലും ഒടുങ്ങിത്തീരുന്നതായി കാണുന്നത്. മാർക്സിന്റെ കണ്ടെത്തലുകളാണ് ഡിസിപ്ലിനുകളെ ഇളക്കിമറിച്ചത്. സംസ്കാരത്തിന്റെ അടിസ്ഥാനം അധ്വാനമാണ് എന്നു മാർക്സ് പറഞ്ഞു. (Terry Eagleton 2011: 108) അതു വിപുലീകരിച്ചാൽ സാംസ്കാരിക നിർമ്മിതിക്ക് പിന്നിലെ ആവശ്യവും പരിമിതിയും അതിജീവനവും അധികാരചരിത്രവും മാർക്സ് ഉന്നയിച്ചു എന്നു പറയാം. സംസ്കാരത്തെ നിർമ്മിക്കുന്നവന് പ്രാമുഖ്യം നൽകിയപ്പോൾ സംസ്കാരത്തെയും സാഹിത്യത്തെയും ചരിത്ര സന്ദർഭങ്ങളിലേയ്ക്ക് കൊണ്ടുപോകുകയും എല്ലാം പരസ്പരം ബന്ധപ്പെടു കയും ചെയ്തു. മാർക്സിനെ എക്കണോമിസ്റ്റുകളോ പൊളിറ്റിക്കൽ സയൻസ്കാരോ ഹിസ്റ്ററിക്കാരോ സാഹിത്യകാരന്മാരോ അവരുടെ ജ്ഞാനശാഖയുടെ വക്താവായി കണ്ടില്ല. സംസ്കാരവും ജ്ഞാനവും നിർമ്മിക്കുന്നത് തൊഴിലാളികളാണ് എന്നു മാർക്സ് കണ്ടെത്തി. എല്ലാ ജ്ഞാനശാഖയും മാർക്സിന് ശേഷം വിപുലീകരിക്കപ്പെട്ടു. ജ്ഞാനശാഖ കൾ ഇല്ലാതായില്ല.

ആഗോളീകരണകാലത്ത് സംസ്കാരവിമർശനം കേരളത്തിൽ അനുകരിക്കപ്പെട്ടത് അതിന്റെ ഏറ്റവും ഉപരിപ്ലവമായ രൂപത്തിലാണ്. അങ്ങനെയാണ് ആദ്യംപറഞ്ഞ വിഷയങ്ങൾ ഗവേഷണ വിഷയമായത്. സംസ്കാരമെന്നാൽ ചരിത്രരഹിതമായും വൈരുധ്യങ്ങൾ ഇല്ലാത്ത രീതിയിലും ആണ് അക്കാദമികതലത്തിൽ നിർവ്വചിക്കപ്പെട്ടത്. സംസ്കാര ത്തിൽ പൂർണ്ണതകളില്ലെന്നും വൈരുധ്യങ്ങൾ നിറഞ്ഞതാണെന്നും ഒക്കെ റെയ്മണ്ട് വില്യംസിനെ (John Storey 1998:51) പോലെയുള്ള മാർക്സിയൻ സംസ്കാരികവിമർശകർ പറഞ്ഞെങ്കിലും ഇവിടെ അത് പരിഗണിക്കപ്പെട്ടില്ല. സംസ്കാരം ചരിത്രരഹിതഘടനയ്ക്കകത്തു നിർവ്വചിക്കു കയാണ് മുതലാളിത്തകാലം.

ചരിത്രരഹിതസാംസ്കാരിക അഥവാ അന്തർവൈജ്ഞാനിക പഠനങ്ങൾ

പുതിയകാല ഗവേഷരീതിശാസ്ത്രപുസ്തകത്തിൽത്തന്നെ ഇങ്ങനെ യൊക്കെ കാണാം:

''ജ്ഞാനത്തിന് രണ്ട് രൂപമുണ്ട്. വസ്തുനിഷ്ഠജ്ഞാനവും ഭാവനാത്മകജ്ഞാനവും. ക്രോചെ പറയുന്നത് പോലെ ഇന്റ്യൂറ്റീവ് നോളജ്. കവികൾക്കും കലാകാരന്മാർക്കും ഉള്ളത് അന്തർജ്ഞാന പരമായ അറിവാണ്. അവർക്ക് അതിന് മുകളിൽ വസ്തുനിഷ്ഠമായ ജ്ഞാനം ആവശ്യമില്ല.''[1]

[പ്രദീപൻ പാമ്പിരിക്കുന്ന്, 'ദളിത് വൈജ്ഞാനികത: ജ്ഞാന നിർമ്മിതിയുടെ തമോഗർത്തങ്ങൾ', ഡോ. ടി. അനിതകുമാരി, ഡോ.രാധാകൃഷ്ണൻ ഇളയിടത്ത് (എഡി.) ഗവേഷണപഠനവും

രീതിശാസ്ത്രവും അറിവുൽപ്പാദനത്തിന്റെ പുതുവഴികൾ (തുഞ്ചത്തെഴുത്തച്ഛൻ, മലയാള സർവകലാശാല പ്രസിദ്ധീകരണം) 2017 പു. 171.]

''ചരിത്രവും സംസ്കാരവും തമ്മിലുള്ള വ്യത്യാസം ഇതാണ്. ചരിത്രം ഒരു സവിശേഷ യാഥാർത്ഥ്യത്ത കാലക്രമത്തിലുള്ള നൈരന്തര്യത്തെ, പരിവർത്തനത്തെ വിശദീകരിക്കാനാണ് ശ്രമിക്കുന്നത്. ലംബമാന [Vertical] തലത്തിലുള്ള കാലമാണ് ചരിത്രവിശദീകരണത്തിൽ സുപ്രധാനപദവിയിലേക്ക് വരുന്നതെങ്കിൽ സംസ്കാ രചരിത്രം ഈ ബന്ധവ്യവസ്ഥയ്ക്കകത്തുള്ള അതിന്റെ നിലനില്പിനാണ് ഊന്നൽ കൊടുക്കുന്നത്. അതുകൊണ്ട് തന്നെ കാലത്തിൽ അതിന്റെ തുടർച്ചയില്ല, ഈ ബന്ധവ്യവസ്ഥയ്ക്കുള്ളിലെ തിരശ്ചീനം എന്ന് വിളിക്കാവുന്ന നിലനില്പിനെയാണ് അത് കൂടുതൽ വിശദീകരിക്കാൻ ശ്രമിക്കുന്നത് .''

[സുനിൽ പി. ഇളയിടം, 'അന്തർ വൈജ്ഞാനികതയും സംസ്കാര പഠനവും', ഡോ. ടി. അനിതകുമാരി, ഡോ. രാധാകൃഷ്ണൻ ഇളയിടത്ത് (എഡി.) ഗവേഷണ പഠനവും രീതിശാസ്ത്രവും അറിവുൽപ്പാദനത്തിന്റെ പുതുവഴികൾ (തുഞ്ചത്തെഴുത്തച്ഛൻ, മലയാള സർവകലാശാല പ്രസിദ്ധീകരണം) 2017 പു. 112]

ഇതിലെ വാദങ്ങൾ ഇങ്ങനെ ക്രോഡീകരിക്കാം:

1. സാഹിത്യാനുഭവം അന്തർജ്ഞാനപരമാണ്. അതിന് വസ്തുനിഷ്ഠ ജ്ഞാനവുമായി ബന്ധമില്ല.
2. ചരിത്രമെന്നത് വസ്തുതകളുടെ കാലാനുസൃതമായ തുടർച്ചകളുടെ രേഖപ്പെടുത്തൽ മാത്രമാണ്.
3. സംസ്കാരത്തിന് കാലത്തിൽ തുടർച്ചയില്ല, ചരിത്രവുമായി കൂടുതൽ ബന്ധമില്ല.

പഴയകാലയാഥാസ്ഥിതിക നിലപാടുകളുടെ ആവർത്തനമാണിതെന്നു വ്യക്തമാണല്ലോ. സാഹിത്യത്തെയും സംസ്കാരത്തെയും ചരിത്രത്തിൽനിന്നും അകറ്റിനിർത്തി അനുഭവം അന്തർജ്ഞാന പരമെന്നോ ഒരു ഘടനയ്ക്കുള്ളിൽ സ്വേച്ഛാപരമായി നിർമ്മിക്കപ്പെടുന്നതാണെന്നോ പറഞ്ഞ് അനുഭവമണ്ഡലങ്ങളെ യാന്ത്രികമാക്കുകയാണ് മതവും മുതലാളിത്തവും ചെയ്യുന്നത്. ഇത് സാഹിത്യത്തെയും സംസ്കാരത്തെയും മാത്രമല്ല ചരിത്രത്തെയും വസ്തുനിഷ്ഠഭൗതിക ശാസ്ത്രജ്ഞാനം എന്നതിനെയും യാന്ത്രികമാക്കുന്നു. ചരിത്രമെന്നത് ലംബതലത്തിലുള്ള വിവരശേഖരണവും സംസ്കാരം, സാഹിത്യം എന്നത് നിരശ്ചീനതലത്തിലുള്ള വിവരശേഖരണവും ആയിമാറുന്നു. രണ്ടിടത്തും സാമൂഹിക ആവശ്യങ്ങളും നിർമ്മാണസാധ്യതകളും കണ്ടെത്തലുകളും ഇല്ലാതെ പോകുന്നു.

സാഹിത്യം എഴുത്തുകാരന്റെ അന്തർജ്ഞാനമാണെന്ന് കരുതുന്ന ജന്മിത്തകാലസ്വാധീനമാണ്, 'എഴുത്തച്ഛൻ-ഒരു പഠനം', 'വടക്കുംകൂർ - ഒരു പഠനം' തുടങ്ങിയ ഗവേഷണങ്ങളെ നിർമ്മിച്ചത്. സംസ്കാരം

ചരിത്രരഹിതവും സ്വേച്ഛാപരവുമാണ് എന്ന് കരുതുന്ന മുതലാളിത്ത നിലപാടാണ് 'ഉണ്ണുനീലിസന്ദേശം - ഒരു സാംസ്കാരിക വിശകലനം', 'മുസ്ലീംസ്ത്രീസ്വത്വ പ്രതിനിധാനം നോവലിൽ-സാംസ്കാരിക വിശകലനം', 'ഉത്തരകേരളത്തിലെ കണിയാന്മാരുടെ ജീവിതവും സംസ്കാരവും ഒരു ഫോക്‌ലോർ പഠനം' തുടങ്ങിയ വിഷയങ്ങളെ നിർമ്മിച്ചത്. (ആദ്യം ചൂണ്ടിക്കാട്ടിയ വിഷയങ്ങളും അങ്ങനെ ഉണ്ടായതാണ്). രണ്ടിടത്തും കോളോണിയൽ - മിഷണറി സങ്കല്പങ്ങളിലേത് പോലുള്ള മതപരവും മുതലാളിത്തപരവുമായ വിവരശേഖരണം മാത്രമേ നടക്കുന്നുള്ളു. അനുഭവങ്ങളിൽനിന്നും സംസ്കാരത്തിൽ നിന്നും ചരിത്രവും യുക്തിയും ഭൗതിക ശാസ്ത്രജ്ഞാനവും ഇവിടെ മാറ്റിനിർത്ത പ്പെടുന്നതിനാൽ അറിവ് നിർമ്മിക്കപ്പെടുന്നില്ല. ചരിത്രത്തിലും സമകാലങ്ങ ളിലും കാണുന്ന സാഹിത്യ - സാംസ്കാരികാനുഭവങ്ങളുടെ ഉള്ളിലെ തത്വങ്ങളെ മനസിലാക്കി വൈകാരികവും സാമൂഹികവുമായ പരിമിതികളെ അതിജീവി ക്കുന്ന നിർമ്മിതികളെ നടത്താൻ ഇവിടെ നിർവാഹമില്ല. സാഹിത്യം ശാസ്ത്രയുക്തികളിൽനിന്നും അകന്ന് പോകുന്നു. ശാസ്ത്രഗവേഷണങ്ങൾ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽനിന്നും അകലുകയും പുതിയ കണ്ടെത്തലുകൾ അസാധ്യമാകുകയും ചെയ്യുന്നു. ഒന്നുകിൽ ജ്ഞാന ശാഖകളുടെ (ഡിസിപ്ലിനുകളുടെ) യാന്ത്രികമായ തടവറയ്ക്കുള്ളിൽ ആകുക അല്ലെങ്കിൽ യാന്ത്രികമായ ജ്ഞാനശാഖകളുടെ സമാഹരണമായി ഗവേഷണം മാറുക എന്നതാണ് ഇതിന്റെ ഫലം. ഗവേഷണങ്ങൾ അന്തർവൈജ്ഞാനികം അഥവാ ഇന്റർഡിസിപ്ലിനറി ആകാതെ പോകുന്നു.

ഇത്തരം ശീർഷകങ്ങളെ എങ്ങനെ അന്തർവൈജ്ഞാനികമാക്കാം എന്നു പരിശോധിക്കാം:

'തിരുവനന്തപുരം - സമകാലകവിതയിൽ' എന്ന ശീർഷകത്തിൽ ഭൂമിശാസ്ത്രവും സാഹിത്യവും രണ്ട് ജ്ഞാനശാഖകളായിത്തന്നെ നിലകൊള്ളുന്നു.

(തിരുവനന്തപുരത്തെ ക്ഷേത്രം, ജന്മിത്ത രാജകീയ ചിഹ്നങ്ങൾ ഒക്കെ ആധുനികവ്യവഹാരങ്ങളിൽ പ്രത്യക്ഷപ്പെടുന്നു, നഗര വർണ്ണന കളിലും കാണുന്നു എന്ന പ്രശ്നപരിസരത്തിൽ നിന്നുകൊണ്ട് മറ്റൊരു ശീർഷകം നിർമ്മിക്കാം. നഗര ആത്മീയതയുടെ പുനരുദ്ധാരണം സംസ്കാര വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആഗോളീകരണവും ടെക്നോക്യാപ്പറ്റലിസവും പ്രാദേശികതയെയും വംശീയതയെയും പുനരുദ്ധരിക്കുന്നുണ്ട്)

'നഗര ആത്മീയതയും സംസ്കാരവ്യവസായവും- തിരുവനന്തപുരം സംബന്ധിയായ ആധുനികവ്യവഹാരങ്ങളിൽ' ഇതിൽ കേവലം ഭൂമിശാസ്ത്രം എന്നതിൽ നിന്നും സാംസ്കാരികദേശചരിത്രമായി വിജ്ഞാനശാഖ പരിവർത്തിക്കപ്പെടുന്നു. സാഹിത്യം, മാധ്യമം-തുടങ്ങിയ ജ്ഞാനശാഖകളും വിപുലീകരിക്കപ്പെടുന്നു. 'ഈഡിപ്പസ് കോംപ്ലക്സ് - അപ്പൻ എന്ന സിനിമയിൽ' എന്നതിൽ മനശ്ശാസ്ത്രവും ചലച്ചിത്രവും രണ്ട് ജ്ഞാനശാഖകളായി നിലകൊള്ളുന്നു.

(പുതിയ കാലസിനിമയിലും പരസ്യങ്ങളിലും സാഹിത്യങ്ങളിലും കാണുന്ന പിതൃസാനിധ്യവും രക്ഷാപ്രവർത്തനവും ദുരന്തമുതലാളിത്തകാല സവിശേഷതയാണ്. ദുരന്തങ്ങൾ സൃഷ്ടിക്കുകയും അഭയം നൽകുകയും ജനങ്ങളെ ശിശുക്കളാക്കി നിർവ്വചിക്കുകയും ഭരണാധിപന്മാരെ ഉപദേശിക്കുന്നപിതാക്കമാർ അഥവാ കാരണഭൂതൻമാർ ആക്കുകയും ചെയ്യുന്ന ഡിസാസ്റ്റർ ക്യാപ്പിറ്റലിസം - ഈ പ്രശ്ന സന്ദർഭത്തിൽ നിന്നും വിഷയം രൂപപ്പെടുത്താം)

'പിതൃരതിയും ദുരന്തമുതലാളിത്തവും കൊറോണാനന്തര വ്യവഹാര ങ്ങളിൽ' ഇവിടെ മനശ്ശാസ്ത്രം ജ്ഞാനശാഖയും മറ്റു ജ്ഞാനശാഖകളും വിപുലീകരിക്കപ്പെടുന്നു.

'ധ്വനി - വൈലോപ്പിള്ളിക്കവിതകളിൽ' 'രാഷ്ട്രീയാബോധം - ഖസാക്കിന്റെ ഇതിഹാസത്തിൽ' എന്നീ ശീർഷകങ്ങൾ നോക്കുക. ധ്വനി എന്ന ആനന്ദവർദ്ധനന്റെ സിദ്ധാന്തം മുൻനിർത്തി, രാഷ്ട്രീയാബോധം എന്ന ഫ്രഡറിക് ജയിംസന്റെ സിദ്ധാന്തം മുൻനിർത്തി എന്നിങ്ങനെ ആമുഖത്തിൽ എഴുതിച്ചേർത്തിട്ടുള്ള ഗവേഷണപ്രബന്ധം അംഗീകരി ക്കാമോ എന്ന പ്രശ്നം ഉണ്ട്. അംഗീകരിച്ചാൽ ആദ്യ അധ്യായം പകർപ്പ് രചനയായി മാറും. കാരണം ആനന്ദവർദ്ധനന്റെ സിദ്ധാന്തവും ഫ്രഡറിക് ജയിംസണിന്റെ സിദ്ധാന്തവും വെറുതെ പകർത്തി വയ്ക്കുന്നതായി അതു മാറും. പ്രസ്തുതസിദ്ധാന്തങ്ങൾക്ക് തന്റേതായ വ്യാഖ്യാനത്താടെ ഒരു ഗവേഷണ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ മാത്രമേ അവ ഗവേഷണ വിഷയമാകു. ഗവേഷണത്തിൽ ജ്ഞാനവും ജ്ഞാനശാഖകളും പുനർനിർമ്മി ക്കപ്പെടും.

ഉയർന്നത് താഴ്ന്നത് എന്നതിന്റെ ഇല്ലായ്മയും അന്തർ വൈജ്ഞാനിക വേഷണത്തിലെ മൂല്യവിചാരവും

മനുഷ്യന്റെ സർവ്വവ്യവഹാരങ്ങളും പരസ്പരം ബന്ധപ്പെട്ടിരി ക്കുന്നു എന്നതിനാൽ ഉയർന്നതെന്നോ താഴ്ന്നതെന്നോ പറഞ്ഞ് ഒന്നിനെയും ഗവേഷണത്തിൽ നിന്നും മാറ്റി നിർത്തേണ്ടതില്ല എന്നു മാത്രമല്ല സാംസ്കാരികഘടകങ്ങൾ തമ്മിൽ എങ്ങനെ ബന്ധപ്പെട്ടി രിക്കുന്നു എന്ന കണ്ടെത്തൽകൂടി അന്തർവൈജ്ഞാനിക ഗവേഷണ ത്തിൽ ഉണ്ട്. പിതൃരതി എന്ന മനശ്ശാസ്ത്ര നിലപാടിനെ അന്തർവൈജ്ഞാനികമാക്കുമ്പോൾ അതിന്റെ സാമ്പത്തിക രാഷ്ട്രീയ ഉള്ളടക്കം പുറത്തു വരും. പിതാവ് ദൈവമാണ്, ഭരണകർത്താവ് ആണ്, അധികാരിയാണ് എന്നതിലേയ്ക്ക് അത് വികസിക്കും. വിശ്വാസം പ്രമേയമായ പരസ്യത്തിലും അപ്പൻ സിനിമയിലും പിതൃരതി ഉണ്ട്. എന്നാൽ സമ്പത്താണ് പിതൃരതിക്ക് പിന്നിലുള്ളത് എന്ന് 'അപ്പൻ' എന്ന സിനിമയിൽ കാണാം. എന്നാൽ പരസ്യം അത് മറച്ചു പിടിക്കുന്നു എന്നു വിശകലനത്തിലൂടെ പുറത്തുവരുന്നു. പഴയ രീതിയിലുള്ള ഗുണദോഷ നിരൂപണമല്ല സംസ്കാരവിമർശത്തിലുള്ളത്. എന്നാൽ അത് ആഖ്യാന ത്തിന്റെ ചരിത്രപരമായ ആഴത്തെ വെളിപ്പെടുത്തുന്നുണ്ട്. 'ആഴമുള്ള സമുദായം' (John Storey 1998:50) സംസ്കാര വായനയിലൂടെ പുറത്തു വരണമെന്ന് റെയ്മണ്ട് വില്യംസ് പറയുന്നുണ്ട്. കലയിൽ സന്ദിഗ്ദ്ധത

ഉണ്ടായിരിക്കണമെന്നും ടെലിവിഷൻ കാഴ്ചയിൽ അതില്ലെന്നും അഡോണോ പറയുന്നുണ്ട്. (T.W.Adorno 1953:213-235) ജനപ്രിയകലയെ വിശകലനത്തിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്നു സംസ്കാര വിമർശനത്തിലും അന്തർ വൈജ്ഞാനികഗവേഷണത്തിലും നിലപാട് എടുക്കാം. എന്നാൽ അത് ഒരുവിധ മൂല്യവിചാരവും നടത്തുന്നില്ല എന്നു പറയാനാവില്ല. 'മാമ്പഴം' എന്ന കവിതയെക്കുറിച്ച് എം.എൻ.വിജയൻ എഴുതുമ്പോൾ ഇത് സാഹിത്യവിമർശനമായി പരിഗണിക്കേണ്ടതില്ലെന്നു എം.എൻ.വിജയൻ ആമുഖത്തിൽ പറയുന്നുണ്ട്. (എം.എൻ.വിജയൻ 2008: 131) പറയുന്നുണ്ട്. 'മാമ്പഴം' ഒരേ സമയം ജനപ്രിയ കവിതയും കുലീന സാഹിത്യവുമാണ്. എന്നാൽ അതിൽ മകൻ മരിച്ചതിലുള്ള ദു:ഖമല്ല കുഞ്ഞിന്റെ മാതൃരതിയാണുള്ളത് എന്നും മീശ മുളച്ചാലും പ്രായം വയ്ക്കാത്ത ആൾക്കാരാണ് ഇതിന്റെ ആസ്വാദകരെന്നും പറയുമ്പോൾ കൃതിയോടും വായനക്കാരോടും അത്തരം സാമൂഹിക പ്രവണതകളോടു മുള്ള വലിയ വിമർശനമായി അതു മാറുന്നു. ലീലാവതിയുടെ മനശ്ശാസ്ത്ര നിരൂപണങ്ങളിൽ അത്തരം സാധ്യതകളില്ല. അത് അന്തർവൈജ്ഞാനിക നിരൂപണമല്ല. ആനന്ദിന്റെ കൃതികളെ മുട്ടത്തുവർക്കിയുടെ കൃതികളോട് ചേർത്തുവച്ച് മലയാളിയുടെ സാംസ്കാരിക മനസ്സിനെ വിശകലനം ചെയ്യുന്ന 1970-80കളിൽ എഴുതിയ എസ്.സുധീഷിന്റെ കൃതികളും കൃതിയെകുറിച്ചും സാംസ്കാരിക മനസ്സിനെക്കുറിച്ചും പുതിയ മൂല്യവിചാരങ്ങൾ നൽകുന്നു. (എസ്.സുധീഷ് 1987:69-127) ഇത് കൃതിയിൽ മാത്രം ഒടുങ്ങിത്തീരുന്ന പഴയകാല ഗുണദോഷനിരൂപണമല്ല എന്നു വ്യക്തമാണല്ലോ. മൂല്യവിചാരം രൂപപ്പെട്ടില്ലെങ്കിൽ ഗവേഷണത്തിൽ നിഗമനങ്ങളായി എഴുതാൻ ഒന്നും കാണില്ല.

അന്തർവൈജ്ഞാനികഗവേഷണവും സംസ്കാരപ്രക്രിയയും

സംസ്കാരത്തിന് ഒരു സ്പൈറൽ ഘടനയാണുള്ളത്. ഭക്തിയുടെ കാലത്ത് ഉണ്ടായിരുന്ന പ്രവണതകൾ ഭക്തികാലത്തിന്റെ വിപരീതമായി എത്തുന്ന മുതലാളിത്തകാലത്തും മറ്റൊരു രീതിയിൽ ആവർത്തിക്കും. പൂന്താനകാലം ദുരന്തമുതലാളിത്തകാലത്ത് ആവർത്തിക്കുന്നത് എഴുതപ്പെട്ടിട്ടുള്ളതാണ്. ('പൂന്താനവും ദുരന്ത മുതലാളിത്തവും' എന്ന ഈ ലേഖകന്റെ പുസ്തകം കാണുക.) സമ്മാനവസ്ത്രങ്ങളിൽ കൊല്ലപ്പെട്ട മകന്റെ ദു:ഖമാണല്ലോ പൂന്താനകവിത. ഭക്തിയുടെ കാലത്തെ ആചാരങ്ങളിൽ കൊല്ലപ്പെട്ടു പോകുന്ന ജനതയുടെ വിലാപവും, ദൈവം എന്ന അഭയസ്ഥലവും ദുരന്തനിർമ്മാണവും രക്ഷാപ്രവർത്തവും ദുരന്ത മുതലാളിത്ത കാലത്തെയും സവിശേഷതയാണ്. ജ്ഞാനപ്പാനയെ ഈ സാംസ്കാരികപ്രക്രിയയിൽ സ്ഥാനപ്പെടുത്തുന്നതാണ് അന്തർവൈജ്ഞാനിക പഠനം. ഭക്തിയുടെ വിപരീതം, ആത്മീയതയുടെ വിപരീതം എന്ന രീതിയിൽ അടയാളപ്പെടുന്ന മുതലാളിത്തകാലത്താണ് ഭക്തിയുടെ പ്രവണതകൾ പ്രത്യക്ഷപ്പെടുന്നതിനാൽ സംസ്കാരത്തിന് സർപ്പിളഘടന ഉണ്ട് എന്നു പറയാം. (ഡോ. ഷൂബ കെ.എസ്സ്., പൂന്താനവും ദുരന്ത മുതലാളിത്തവും) അതായത് സംസ്കാരത്തിന്റെ സർപ്പിള ഘടനയിൽ കൃതിയെ സ്ഥാനപ്പെടുത്തി സംസ്കാരത്തെ പുനർനിർമ്മിക്കുന്നതാണ് സംസ്കാരവിമർശനം. മുതലാളിത്തകാലപത്രവാർത്തകൾ, സാമ്പത്തിക

ശാസ്ത്രം സൈബർ ആഖ്യാനങ്ങൾ എന്നിവയോടെല്ലാം അങ്ങനെ ജ്ഞാനപ്പാന ബന്ധപ്പെടുന്നു. എഴുത്തച്ഛനിൽ നിന്നും വ്യത്യസ്തമായുള്ള പൂന്താനത്തിന്റെ സർഗ്ഗാത്മകതയും മനസ്സിലാക്കപ്പെടുന്നു.

അന്തർവൈജ്ഞാനിക ഗവേഷണത്തിനു മേൽ വിവരിച്ച പ്രകാരം താഴെ കാണുന്ന സവിശേഷതകൾ ഉണ്ട്

1. രണ്ടോ അതിലധികമോ ജ്ഞാനശാഖകൾ ഉണ്ടാവണം
2. ഏത് ഡിസിപ്ലിനാണോ അന്തർവൈജ്ഞാനികപഠനം നടത്തുന്നത് ആ ഡിസിപ്ലിൻ ഉറപ്പായും പഠനത്തിൽ ഉണ്ടാകണം
3. ജ്ഞാനശാഖകൾ പരസ്പരം കടന്നുകയറുകയും നിഗമനങ്ങളിൽ അവ നിർണ്ണായകസ്വാധീനപ്രക്രിയ ആവുകയും വേണം
4. ജ്ഞാനശാഖകൾ അതിന്റെ അധികാരചരിത്രത്തെ പുറത്തു കൊണ്ടുവരണം
5. ജ്ഞാനശാഖകൾ അതുപോലെ നിൽക്കുകയോ ഇല്ലാതാവുകയോ ചെയ്യുന്നില്ല. എതിർക്കപ്പെട്ടും തമ്മിൽ ചേർന്നും ജ്ഞാനശാഖകൾ വിപുലീകരിക്കപ്പെടണം
6. ഉയർന്നത് താഴ്ന്നത് എന്ന പരിഗണന വേണ്ടതില്ല
7. സർഗ്ഗാത്മകതയും സാംസ്കാരികമനസ്സും ഉന്നയിക്കപ്പെടും വിധം മൂല്യവിചാരം ഉണ്ടാകണം
8. കൃതികളും സാംസ്കാരികഘടകങ്ങളും സാംസ്കാരത്തിന്റെ സർപ്പിളചരിത്രപ്രക്രിയയുടെ ഭാഗമായി വിശദീകരിക്കപ്പെടണം.

ആഗോളീകരണവും ഇന്റർഡിസിപ്ലിനറിയും

ഡിസിപ്ലിനുകളുടെ ഇല്ലായ്മയാണ് പുതിയ കാലത്തെ ചരിത്രരഹിത ഉപരിപ്ലവ അന്തർവൈജ്ഞാനീയ പഠനനിലപാടുകൾ മുന്നോട്ട് വയ്ക്കുന്നത്. അതിനെ അനുകരിച്ചുള്ള ഒരു അഭിപ്രായം നോക്കുക: ''ജ്ഞാനശാഖാപരം എന്നത് ഒരർത്ഥത്തിൽ സ്വേച്ഛാപരമാണ്. അത് യാഥാർത്ഥ്യത്തിനുള്ളിലുള്ള മൂല്യം അല്ല. യാഥാർത്ഥ്യത്തിന്റെ സ്വകീയ പ്രകൃതമല്ല ജ്ഞാനശാഖാപരത (Disciplinarity). യാഥാർത്ഥ്യത്തെ ആധുനികമായി മനസിലാക്കുന്നതിന് നാമുണ്ടാക്കിയെടുത്ത ക്രമീകൃതവും അമൂർത്തവുമായ വ്യവസ്ഥകളാണ് ജ്ഞാനശാഖകളായി രൂപമെടുത്തത് '

[സുനിൽ പി.ഇളയിടം,' അന്തർ വൈജ്ഞാനികതയും സംസ്കാരപഠനവും', ഡോ. ടി. അനിതകുമാരി, ഡോ. രാധാകൃഷ്ണൻ ഇളയിടത്ത് (എഡി.) ഗവേഷണ പഠനവും രീതിശാസ്ത്രവും അറിവുൽപ്പാദനത്തിന്റെ പുതുവഴികൾ (തുഞ്ചത്തെഴുത്തച്ഛൻ, മലയാള സർവകലാശാല പ്രസിദ്ധീകരണം) 2017 പു. 118.]

ഡിസിപ്ലിൻ എന്നത് ആധുനികതയുടെ ഭൗതികേതരമായ ആശയവാദമായാണ്, മായയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ജ്ഞാനശാഖ

സ്വേച്ഛാപരമാണ് എന്ന സങ്കല്പം നവോത്ഥാന ആധുനികതക്കില്ല. അത് ചരിത്രപരമാണ് എന്ന നിലപാടാണ് ഉള്ളത്. മാർക്സ് ഉൾപ്പെടെയുള്ള ആധുനിക ചിന്തകരും കേരളീയ ചിന്തകരും അതാണ് പറഞ്ഞത്. കേസരി ആവർത്തിച്ചു പറഞ്ഞത് ജ്ഞാനശാഖകൾ ചരിത്രപരവും രാഷ്ട്രീയ പരവുമാണ് എന്നാണ്.

''ഭാരതീയ രാഷ്ട്രീയലോകത്തിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽ കൂടി പ്രവർത്തിക്കുന്ന മിതവാദികക്ഷിയെ ക്ലാസിക്പ്രസ്ഥാനക്കാരായും നിസ്സഹകരണവും നിയമലംഘനവും നടത്തിയ കോൺഗ്രസുകാരെ റൊമാൻറിക് പ്രസ്ഥാനക്കാരായും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനക്കാരെയും ഭീകര പ്രവർത്തകരെയും ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനക്കാരായും കരുതാവു ന്നതാണ്'' എന്നും ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനക്കാർ ഭാരതീയലോകത്തിൽ ഉണ്ടാകണമെ ന്നുമാണ് കേസരി എഴുതിയത്. (കേസരി എ. ബാലകൃഷ്ണപിള്ള 2011:55)

ഡിസിപ്ലിൻ മായയാണെന്നല്ല സ്വേച്ഛാപരമാണെന്നല്ല എതിർക്ക പ്പെടുകയും നിർമ്മിക്കപ്പെടുകയും ചെയ്യേണ്ട വസ്തുവാണ്. സാമ്പത്തിക ശാസ്ത്രം മാർക്സിലെത്തുമ്പോൾ അത് രാഷ്ട്രതന്ത്രവും സാമൂഹിക ശാസ്ത്രവും ചരിത്രവും സാഹിത്യവുമൊക്കയായി ബന്ധപ്പെടുന്നു. എന്നു കരുതി സാമ്പത്തികശാസ്ത്രം എന്ന ഡിസിപ്ലിൻ ഇല്ലാതായില്ല, ജ്ഞാനശാഖ എന്ന നിലയിൽ അത് കൂടുതൽ ആരോഗ്യം വയ്ക്കുകയാണ് ചെയ്യുന്നത്. സ്വേച്ഛാപരമല്ലെന്ന് തെളിയിക്കുക യാണ്. ഡിസിപ്ലിൻ ഉള്ളത് കൊണ്ടാണ് ഇന്റർഡിസിപ്ലിൻ എന്ന വാക്ക് തന്നെ ഉണ്ടായത്. നേഷൻ ഉണ്ടാകുമ്പോൾ ഇന്റർനാഷണൽ എന്ന വാക്കുണ്ടാകുംപോലെ. ഡിസിപ്ലിൻ ഇല്ല എന്ന രീതിയിൽ ഇന്റർഡിസിപ്ലിനെ പരിചയ പ്പെടുത്തുന്നത് നേഷൻ ഇല്ല അതിനാൽ ഇന്റർനാഷണൽ എന്ന വാക്ക് വേണ്ട ഗ്ലോബൽ മതി എന്ന് പറയുന്ന ആഗോളികരണകാല മുതലാളിത്തത്തിന്റെ രീതിയാണ്. നേഷന്റെ, ഡിസിപ്ലിന്റെ അസാധു വാക്കലാണ് ആഗോളീകരണം എന്നത്. അതാണ് കേരളീയ ഗവേഷണ സംജ്ഞാവിശകലനത്തിൽ കാണുന്നത്.

അതുകൊണ്ട് തിരശ്ചീനമായി ജ്ഞാനശാഖകൾ ചേർത്തു വയ്ക്കുന്നതോ കേവലമായി ഒരു ജ്ഞാനശാഖയ്ക്കകത്ത് ഒടുങ്ങിത്തീരു ന്നതോ ജ്ഞാനശാഖകൾ അപ്രത്യക്ഷമാകുന്നതോ അല്ല അന്തർ വൈജ്ഞാനിക ഗവേഷണം. അധികാരചരിത്രത്തെ ഉന്നയിക്കുന്നതും സംസ്കാരത്തിന്റെ സ്പൈറൽഘടനയിൽ പാഠ്യവസ്തുക്കളെ സ്ഥാന പ്പെടുത്തുന്നതും സർഗ്ഗാത്മകതയുടെ കണ്ടെത്തൽ സാധ്യമാക്കുന്നതുമായ സാംസ്കാര പ്രക്രിയയാണ് അന്തർവൈജ്ഞാനികഗവേഷണം.

ഗ്രന്ഥസൂചി

മലയാളം

1. അനിതകുമാരി, ഡോ., ടി., ഡോ. രാധാകൃഷ്ണൻ ഇളയിടത്ത് (എഡി.) ഗവേഷണ പഠനവും രീതിശാസ്ത്രവും അറിവുൽപ്പാദനത്തിന്റെ പുതുവഴികൾ (തുഞ്ചത്തെഴുത്തച്ഛൻ, മലയാള സർവകലാശാല പ്രസിദ്ധീകരണം), 2017

2. നൗഷാദ് എസ്., ഡി. വി. അനിൽകുമാർ (എഡി.) പാശ്ചാത്യ സാഹിത്യ സിദ്ധാന്തം ആധാര രചനകളുടെ ചരിഭാഷയും പഠനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015
3. ബാലകൃഷ്ണപിള്ള, കേസരി എ., കേസരിയുടെ സാഹിത്യ വിമർശനങ്ങൾ (സാഹിത്യപ്രവർത്തക സഹകരണ സംഘം എൻ ബി എസ് കോട്ടയം) 2011
4. വിജയൻ എം.എൻ., എം.എൻ. വിജയൻ സമ്പൂർണ്ണ കൃതികൾ വാല്യം- 1 (കറന്റ് ബുക്സ്, തൃശ്ശൂർ) 2008
5. ഷൂബ കെ.എസ്സ്., പൂന്താനവും ദുരന്ത മുതലാളിത്തവും, (ആത്മ ബുക്സ്, കോഴിക്കോട്) 2022
6. സുധീഷ് എസ്സ്., സൗന്ദര്യത്തിന്റെ അർത്ഥസംഹിത (സംഘ പ്രസാധന, തിരുവനന്തപുരം) 1987

ഇംഗ്ലീഷ്

7. Adorno, T.W. The Quarterly of Film Adio and Television vol. 8 (University of California Press) 1953
8. John Storey, Cultural Theory and Popular Culture A Reader, The university of Georgia Press Athens., 1998
9. Leitch Vincent B. (Ed.) The Norton Anthology of Theory and Criticism, Norton and Company, New York. 1997
10. Terry Eagleton, Why Marx was right, Yale University Press, New Heven & London, 2011

എഴുത്തച്ഛൻ : ബ്രാഹ്മണമത തത്ത്വചിന്തയുടെ ആചാര്യൻ

ഡോ. പ്രമോദ് കുമാർ ഡി. എൻ.

പ്രബന്ധസംഗ്രഹം

പതിനാറാം നൂറ്റാണ്ടിലെ അധീശവ്യവസ്ഥയുടെ നട്ടെല്ലായിരുന്ന ബ്രാഹ്മണമതത്തിന്റെ പ്രചാരകനായിരുന്നു എഴുത്തച്ഛൻ. മായാവാദത്തിന്റെ തത്ത്വശാസ്ത്രമാണ് എഴുത്തച്ഛൻകൃതികളുടെ സത്ത. പലവിധ സംഘർഷങ്ങളാൽ അസ്വസ്ഥമായിരുന്ന അന്നത്തെ സാമാന്യ ജനതയെ ശമം ശീലിപ്പിക്കുന്ന ദൗത്യത്തിൽ അത് വിജയിച്ചു. അതേ സമയം അന്നത്തെ അധീശവർഗ്ഗത്തിന്റെ ആവശ്യവും അതായിരുന്നു. പ്രതികൂലഘടകങ്ങൾ ഉണ്ടായിരുന്നിട്ടും എഴുത്തച്ഛൻകൃതികൾക്കു ലഭിച്ച വ്യാപകമായ പ്രചാരവും മികച്ച സ്ഥാനപ്പെടലും അതിന്റെ ഫലം ആയിരുന്നു.

താക്കോൽവാക്കുകൾ

വ്യവസ്ഥാവിധേയം-ബ്രാഹ്മണമതം-ഭക്തിപ്രസ്ഥാനം-മായാവാദം - ആധിപത്യവ്യവസ്ഥ

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ ബ്രാഹ്മണന്റെ പുനർജന്മമോ ബ്രാഹ്മണന്റെ മകനോ ആണ് എന്നാണ് ഐതിഹ്യം .ഐതിഹ്യങ്ങൾ ശരിയായിരിക്കണമെന്നില്ല. മറിച്ച് നിലവിലിരിക്കുന്ന ഒരു ആധിപത്യ വ്യവസ്ഥയ്ക്ക് വിധേയമായും അതിന്റെ ഉപകരണം ആയിട്ടും ഒക്കെയാവാം അവ പ്രവർത്തിക്കുന്നത്. അധ:കൃതർ സ്വപ്രയത്നം കൊണ്ട് പല മേഖലകളിലും തലയുയർത്തുമ്പോൾ അവരെ സ്വാംശീകരിച്ച് മഹത്വവൽക്കരിക്കുന്ന രീതി എന്നത്തെയും അധീശവ്യവസ്ഥ യ്ക്കുണ്ട്. അധ:കൃതന് മികവുപുലർത്താൻ ആവില്ലെന്നും അഥവാ മികവ് പുലർത്തുകയാണെങ്കിൽ ബീജം ബ്രാഹ്മണൻറേത് ആയിരിക്കും എന്നും ഉള്ള അധീശവർഗ്ഗ/പുരുഷാധിപത്യയുക്തി പലയിടത്തും പ്രവർത്തിക്കുന്ന തായി കാണാം. എഴുത്തച്ഛന്റെ ജനനത്തെ കുറിച്ചുള്ള ഐതിഹ്യത്തിലും ഇത്തരമൊരു യുക്തിയുണ്ട്. അതേസമയം ഐതിഹ്യങ്ങളിലെ ബ്രാഹ്മണ ബന്ധസൂചനയിൽ ചില വാസ്തവങ്ങളും ഉണ്ട്. ശൂദ്രനായി പിറന്ന എഴുത്തച്ഛന്റെ രചനകൾ അന്നത്തെ ആധിപത്യ വ്യവസ്ഥിതിയുടെ ആണിക്കല്ലായിരുന്ന ബ്രാഹ്മണമതത്തിന്റെ സ്ഥാപനവും പ്രചാരണവും നിർവഹിക്കുന്നതിനുള്ള ഉപകരണം ആയിരുന്നു എന്നതാണ് അത്. ബോധപൂർവ്വം എഴുത്തച്ഛൻ അത്തരമൊരു ദൗത്യം ഏറ്റെടുത്തു എന്നല്ല. മറിച്ച് അന്നത്തെ സാംസ്കാരികാധിപത്യശക്തിയായ ബ്രാഹ്മണമതം, ഭാഷയിൽ അസാമാന്യ സ്വാധീനശക്തിയുള്ള ഒരാളിന്റെ രചനകൾ തങ്ങളുടെ പ്രതിസന്ധി മറികടക്കുന്നതിനുള്ള ഇന്ധനമാക്കി മാറ്റി. മറ്റൊരു തരത്തിൽ പറഞ്ഞാൽ നിലവിലെ അധീശവ്യവസ്ഥയോട് സമരസപ്പെടു

കയും അതിന് ഊർജ്ജം പകരുകയും ചെയ്യുന്ന ആ രചനകളെ ആ വ്യവസ്ഥ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്തു.

വൈദേശിക മതങ്ങളുടെയും ആധിപത്യ ശക്തികളുടെയും കടന്നു വരവോടെ അന്നത്തെ കേരളത്തിൽ നിന്നിരുന്ന ഒരു സന്തുലിതാവസ്ഥ തകിടം മറിയുന്നുണ്ട്. ജാതിവ്യവസ്ഥയും നാടുവാഴി/രാജഭരണ വ്യവസ്ഥയുമാണ് ആ സന്തുലിതത്വം സൃഷ്ടിച്ചിരുന്നത്. ഭരണശക്തികൾ ബലംകൊണ്ട് അതിനെ നിലനിർത്തിയപ്പോൾ ഹെജിമണിക് പ്രയോഗത്തി ലൂടെ ബ്രാഹ്മണമതം അതിനെ ഉറപ്പിച്ചു. പുറം ശക്തികൾ എത്തിയതോടെ അതിൽ വിള്ളലുകൾ വീഴുകയും കൺകണ്ട ദൈവങ്ങൾക്ക്മേലെ അതിലും ശക്തിയുള്ള മറ്റുചിലർ ഉണ്ടെന്ന് സാധാരണ ജനം തിരിച്ചറിയുകയും ചെയ്യുന്നു.'' കുറേ ജനങ്ങൾക്കെങ്കിലും ബ്രാഹ്മണരുടെ ദിവ്യശക്തിയിലും മന്ത്രശക്തിയിലും ക്ഷേത്രങ്ങളെ കുറിച്ചുള്ള ഭയഭക്തികളിലും വിശ്വാസം നശിക്കാൻ തുടങ്ങി'', എന്ന് എൻ.കൃഷ്ണപിള്ള എഴുതുന്നു (കൈരളിയുടെ കഥ – പുറം.166). പോർച്ചുഗീസുകാർ ഉൾപ്പെടെയുള്ള വിദേശശക്തികൾ നിലവിൽ ഉണ്ടായിരുന്ന ജീവിത വ്യവസ്ഥയെ ഇളക്കിമറിച്ചു. പുതിയ ആയുധങ്ങൾ, പുതിയ തരം കച്ചവടങ്ങൾ, പുതിയ ചിന്താധാരകൾ ഒക്കെ സമൂഹത്തിൽ പ്രബലമായി ത്തീർന്നു.

''എത്ര നേടുന്നിതർത്ഥം ശിവ! ശിവ! ' എന്ന് പൂന്താനം വിലപിച്ച, പുതിയൊരു വ്യാവസായികാന്തരീക്ഷം വിദേശ ശക്തികളും തദ്ദേശീയ രാജാക്കന്മാരും തമ്മിലുള്ള ബന്ധവങ്ങ ളിലൂടെ ഉണ്ടായി വന്നു. ഈ സാഹചര്യം ഉണ്ടാക്കിയ അവ്യവസ്ഥിതിക്ക് നേരെ ജനകീയമായ എതിർപ്പുകൾ രൂപപ്പെട്ടു. ''തദ്ദേശീയരായ ഭരണാധികാരികളുടെ ധനാധികാരാർത്തി നിമിത്തമുള്ള മരണങ്ങളും പട്ടിണിയും പൗരോഹിത്യം നടത്തുന്ന ഒത്താശകളും ജനങ്ങളിൽ രോഷം ഉണ്ടാക്കി' എന്ന് സാമൂതിരി–പോർച്ചുഗീസ് – ഡച്ച് ബാന്ധവം വിവരിക്കുന്ന സന്ദർഭത്തിൽ പി. കെ. ഗോപാലകൃഷ്ണൻ പറയുന്നുണ്ട്

(കേരളത്തിന്റെ സാംസ്കാരിക ചരിത്രം). ഈ സാഹചര്യ ത്തിലാണ് കേരളത്തിലെ ഭക്തിപ്രസ്ഥാനം ഉദയം ചെയ്യുന്നത്. അതിന് ഒരേസമയം മനഃശാസ്ത്രപരവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു.'' മതാതീതമായി ധനാധീശത്വത്തിന് എതിരായി ഉയർന്ന ജനപ്രതിരോധങ്ങളെ ഇല്ലാതാക്കാനും അധികാരാനുകൂലമാക്കാനും സാധാരണ ജനങ്ങളുടെ മന:ശാസ്ത്ര സ്ഥലത്തേക്ക് നടത്തിയ അശ്വമേധം ആണ് ഭക്തിപ്രസ്ഥാനം'' എന്ന് ഷൂബ കെ.എസ്. നിരീക്ഷിക്കുന്നു (പൂന്താനവും ദുരന്തമുതലാളിത്തവും, പുറം 18). പിടിച്ചാൽ കിട്ടാത്ത വിധം, നിലവിൽ ഉണ്ടായിരുന്ന കെട്ടുപാടുകളിൽനിന്നും അയഞ്ഞു തുടങ്ങിയ പൊതുസമൂഹത്തിന്റെ തിരിച്ചുപിടിക്കലിന്, ആധിപത്യവ്യവ സ്ഥയ്ക്ക് നിലവിലുള്ള ഘടനയെ അയഞ്ഞതാക്കി തീർക്കേണ്ടിവന്നു. അതുവരെ പുറത്തു നിർത്തിയിരുന്ന സമൂഹങ്ങളെകൂടി ഉൾക്കൊണ്ടു കൊണ്ടു മാത്രമേ അതിനിനി നിലനിൽക്കാൻ സാധിക്കൂ എന്ന അവസ്ഥ സംജാതമായിത്തീർന്നു. ''ശൂദ്രർക്ക് വിദ്യാഭ്യാസാനു മതി നൽകുകയാണ് ഭാവി ശുഭത്തിന് നല്ലതെന്നു ബ്രാഹ്മണരും വിദ്യ നേടുന്നതുകൊണ്ട്

ആകാശം ഇടിഞ്ഞു വീഴുകയില്ലെന്ന് ശൂദ്രനും മനസ്സിലാക്കുന്നതിന് ഈ സന്ദർഭം പ്രയോജനപ്പെട്ടു. ഹിന്ദുസമുദായ ത്തിന് പരോക്ഷമായി ഒരു ഞെട്ടിക്കൽ ചികിത്സ നടത്തുക യായിരുന്നു വിദേശീയരുടെ ക്രൂരമായ ഹിംസാപരിപാടികളും നിർബന്ധിത മതപരിവർത്തനങ്ങളും ഹിന്ദുക്കൾ സ്വമേധയാ സ്വീകരിച്ച മതം മാറ്റവും എല്ലാം. ഇതിനെല്ലാം കാരണഭൂതമായ സമൂഹരോഗങ്ങൾ നാട്ടുകാരുടെ ഐകമത്യരാഹിത്യവും പരസ്പര മത്സരങ്ങളും ശ്രേണീകൃതമായ ജാതിവ്യവസ്ഥയും ആണെന്ന് ബ്രാഹ്മണർ തൊട്ട് ശൂദ്രന്മാർ വരെയുള്ളവർക്ക് ബോധോദയം ഉണ്ടായതിന്റെയും സർവ്വമനുഷ്യരെയും വൈകാരികമായി ഉദ്ഗ്രഥനം ചെയ്യുകയേ രക്ഷാമാർഗമായി ഉള്ളൂ എന്ന് അവർ കണ്ടതിന്റെയും ഫലമാണ് ഭക്തിപ്രസ്ഥാനത്തിന് പതിനാറാം നൂറ്റാണ്ടിൽ ഉണ്ടായ ഉദ്ദാമപ്രവാഹം'' എന്ന് അദ്ദേഹം തുടർന്ന് രേഖപ്പെടുത്തുന്നു (കൈരളിയുടെ കഥ, പുറം.166). ഈ സാഹചര്യത്തിൽ ഉണ്ടായ ഉദാരവൽക്കരണമാണ് ഭക്തിപ്രസ്ഥാനം. ഇതിന്റെ ഭാഗമായി ഉണ്ടായ ആഖ്യാനങ്ങളിലെല്ലാം ഈ ഉദാരവൽക്കരണം കൃത്യമായി പ്രതിഫലിക്കുന്നുണ്ട്. ''വൈകുണ്ഠത്തിന്നു പൊയ്ക്കൊൾവിനേവരും'' എന്ന് പൂന്താനം പറയുന്നത് അതുകൊണ്ടാണ്. ഇതുവരെ വൈകുണ്ഠം അപ്രാപ്യമെന്ന് കരുതിയിരുന്ന ഒരു ഭൂരിപക്ഷ സമൂഹത്തിന് ആ സ്വർഗ്ഗരാജ്യം ഫ്രീ ഓഫർ ആയി നൽകും എന്ന വാഗ്ദാനമാണ് അതിൽ. എന്നാൽ ഇതിനെ അപ്പാടെ അട്ടിമറിക്കുന്ന ഒന്ന് പൂന്താനത്തിന്റെ രചനകളിൽ ഉണ്ട് എന്നത് അദ്ദേഹത്തെ വ്യത്യസ്തനാക്കി നിർത്തുന്നു.

എഴുത്തച്ഛനിലേയ്ക്ക് എത്തുമ്പോൾ ആ വാഗ്ദാനം ആകർഷണീയവും സമ്പൂർണ്ണവുമായ ഒന്നായിത്തീരുന്നു. അസ്വസ്ഥവും അവ്യവസ്ഥിതവും പീഡിതവും രോഷാകുലവുമായ ഒരു സമൂഹത്തെ മെരുക്കുവാനുള്ള വേദനസംഹാരി ചികിത്സയാണ് എഴുത്തച്ഛന്റെ ഭക്തികാവ്യങ്ങൾ. അത് ബ്രാഹ്മണമതം മുന്നോട്ടുവെച്ച തത്വശാസ്ത്രത്തെ കൃത്യവും സൂക്ഷ്മവുമായി പിന്തുടരുന്നു. സമകാല ജീർണ്ണതയുടെ മുറിവുകളിൽ തീക്കൊള്ളി അമർത്തി വേദനിപ്പിക്കുകയും ഇത് അലങ്കാരമല്ല വേദനിപ്പിക്കുന്ന മുറിവാണ് എന്ന് വിളിച്ചുപറഞ്ഞ് അവരെ അസ്വസ്ഥരാക്കുകയും ചെയ്യുന്നു പൂന്താനം. എഴുത്തച്ഛനാകട്ടെ ആ മുറിവുകളിൽ ഭക്തി എന്ന വേദനസംഹാരി പുരട്ടുകയും സ്വസ്ഥവും ശാന്തവുമായ ഒരു അന്തരീക്ഷത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. അധികാരവ്യവസ്ഥയ്ക്ക് എപ്പോഴും എതിരഭിപ്രായങ്ങളോ ചോദ്യങ്ങളോ ഇല്ലാത്ത ഈ ശാന്തതയാണ് ആവശ്യം. അതുകൊണ്ടാണ് അന്നത്തെ അധികാരവ്യവസ്ഥയുടെ സംരക്ഷണകവചം ആയിരുന്ന ബ്രാഹ്മണ മതത്തിന്റെ ആചാര്യനാണ് എഴുത്തച്ഛൻ എന്ന് പറയേണ്ടി വരുന്നത്.

ഇതിൽ നിന്ന് വ്യത്യസ്തമായ ഭാഗങ്ങൾ എഴുത്തച്ഛൻ കവിതയിൽ ഇല്ലെന്നല്ല. മഹാഭാരതം കിളിപ്പാട്ടിലെ കച-ദേവയാനീ ചരിതവും ''കണ്ണാടി കാണ്മോളവും തന്നുടെ മുഖം നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ'' എന്ന് രാജാവിന്റെ മുഖത്തു നോക്കി പറയുന്ന ശകുന്തളയുടെ വാക്യങ്ങളും ഗാന്ധാരി വിലാപവും ജരിതാ വിലാപവും എല്ലാം വ്യവസ്ഥയോടുള്ള എതിർപ്പ് ഉയർത്തുന്ന ഭാഗങ്ങൾ തന്നെ.

എന്നാൽ അതിനെയൊക്കെ അപ്രസക്തമാക്കുന്ന രീതിയിൽ ബ്രാഹ്മണമത ത്തിന്റെ പ്രത്യയ ശാസ്ത്രപ്രചാരണം എഴുത്തച്ഛൻകൃതികൾ നിർവഹിക്കു ന്നുണ്ട്. സാഹിത്യത്തിലും ചരിത്രത്തിലും എഴുത്തച്ഛൻ അടയാളപ്പെട്ടുകിട ക്കുന്നതും അങ്ങനെ തന്നെ.

രാമകഥ എഴുതുവാൻ വാല്മീകിരാമായണത്തെയല്ല, അദ്ധ്യാത്മ രാമായണത്തെയാണ് എഴുത്തച്ഛൻ ഉപജീവിക്കുന്നത്. ''ജലപ്പിശാചുകാര നായ ഏതോ സനാതനി ബ്രാഹ്മണൻ വാല്മീകിരാമായണത്തെ എതിർക്കാൻ വേണ്ടി കെട്ടിച്ചമച്ച ആധ്യാത്മികപ്പേക്കോലം' എന്നാണ് അദ്ധ്യാത്മരാമായണം മൂലകൃതിയെകുറിച്ച് കുട്ടികൃഷ്ണമാരാർ അഭിപ്രായ പ്പെടുന്നത്. അവിടെ മനുഷ്യനായ രാമൻ പരിപൂർണ്ണനായ ഈശ്വരനായി മാറുന്നു. സീതയെ തട്ടിക്കൊണ്ടു പോകലും അഗ്നിപ്രവേശവും പരിത്യാഗവും എല്ലാം പൂർവ്വനിശ്ചിതമായ മായാകഥയായി മാറുന്നു. കൈകേയിയെയും ദശരഥനേയും കുറ്റപ്പെടുത്തുകയും ഭരതനെയും സീതയെയും സംശയിക്കുകയും ഒക്കെ ചെയ്യുന്ന രാമൻ, ദൗർബല്യങ്ങൾ അകന്ന പരിപൂർണ്ണദൈവമായി മാറുന്നു. ''ജഗന്മിഥ്യാ ബ്രഹ്മൈവസത്യം'' എന്നു പറഞ്ഞ ശങ്കരാചാര്യതത്ത്വചിന്തയുടെ കാവ്യന്യായീകരണമായി എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം മാറുന്നു. നിത്യജീവിതത്തെ നിസ്സാരവൽക്കരിക്കുകയും അപ്രസക്തമാക്കുകയും ചെയ്യുമ്പോൾ നിത്യജീവിത പ്രശ്നങ്ങൾക്കും അതേ അവസ്ഥ ഉണ്ടായിത്തീരുന്നു. ''ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം'' എന്നും 'വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദു''വാണ് മനുഷ്യജീവിതം എന്നും പെരുവഴിയമ്പലത്തിൽ പാന്ഥർ വന്നുചേർന്നു പിരിയും പോലെയാണ് കുടുംബജീവിതം എന്നും ''പുത്രമിത്രാർത്ഥകളത്രാദിസംഗമം'' അല്പകാലം മാത്രം നിലനിൽ ക്കുന്നതാണെന്നും ഒക്കെ പറയുമ്പോൾ ജീവിതം അകന്നകന്നു പോവുകയും മായാവാദത്തിന്റെ തത്ത്വചിന്ത അവിടം കയ്യേറുകയും ചെയ്യുന്നു. 'ക്രോധം പരിത്യജിക്കണം' എന്ന ഉപദേശം ലക്ഷ്മണന് മാത്രമുള്ളതല്ല; നിലവിലെ വ്യവസ്ഥയിൽ ഞെരിഞ്ഞമർന്നുകൊണ്ടി രിക്കുന്ന ജനസമൂഹത്തിനു കൂടിയുള്ളതാണ്. നശ്വരമായ ജീവിതത്തിലെ പ്രശ്നങ്ങൾ അവഗണിക്കണമെന്നും ശാശ്വതമായ മോക്ഷമാണ് ഒരേയൊരു പരിഹാരം എന്നും പീഡിതമായ ഒരു ജനതയ്ക്ക് ഉപദേശം നൽകുമ്പോൾ അത് പ്രതികരണശേഷിയെ വന്ധ്യംകരിക്കുന്ന മനുഷ്യ വിരുദ്ധത ആയിത്തീരുന്നു.

ഇത് ഒരു കൃത്യമായ തത്ത്വശാസ്ത്ര പ്രയോഗം ആയി ഹരിനാമകീർത്തനത്തിൽ കാണാം. ഹരിനാമകീർത്തനം എഴുത്തച്ഛന്റെ രചന അല്ല എന്ന അഭിപ്രായം നിലവിലുണ്ട്. അത് എന്തായാലും മേൽപ്പറഞ്ഞ പ്രയോഗപദ്ധതിയുടെ ഭാഗമാണ് ഈ കൃതി എന്നതിന് സംശയമില്ല. ഹരിനാമകീർത്തനത്തിലെ ഏറ്റവും പ്രശസ്തമായ വരികൾ, എഴുത്തച്ഛന്റെ വിപ്ലവ പ്രവർത്തനമായി പറയുന്ന ''ഋതുവായ പെണ്ണിനുമിരപ്പന്നു ദാഹകനു, പതിതന്നു,മഗ്നി യജ്ഞം ചെയ്ത ഭൂസുരനും ഹരിനാമകീർത്തന മിതൊരുനാളുമാർക്കുമുട - നരുതാത്തതല്ല ഹരിനാരായണായ നമ'' - എന്ന ശ്ലോകമാണ്. ആര്യഭാഷയായ സംസ്കൃതത്തിൽ സാധാരണക്കാർക്ക് അപ്രാപ്യമായി കിടന്ന പല അറിവുകളും തെളിമലയാളത്തിൽ

പകർന്നുനൽകി എന്നതാണ് എഴുത്തച്ഛന്റെ മികവായി എടുത്തു കാണിക്കുന്ന ഒരു കാര്യം. അത് സത്യം ആണെങ്കിലും അതിനു പിന്നിൽ മറ്റൊരു ലക്ഷ്യം അറിഞ്ഞോ അറിയാതെയോ ഉണ്ടായിരുന്നു. ഇവിടെ അകറ്റിനിർത്തപ്പെട്ട ഋതുവായ പെണ്ണ്, ഇരപ്പൻ, ദാഹകൻ, പതിതൻ എന്നിവർക്കും ഹരിനാമകീർത്തനം അരുതാത്തതല്ല എന്ന് എഴുത്തച്ഛൻ പറയുന്നു. മാത്രമല്ല ബ്രാഹ്മണന് ഏറ്റവും അവസാന സ്ഥാനവും നൽകുന്നു. എന്നാൽ ഉലഞ്ഞു കൊണ്ടിരിക്കുന്ന ഒരു ആധിപത്യ വ്യവസ്ഥയ്ക്ക് ബലം നൽകാൻ അതുവരെ പുറത്തു നിർത്തിയവരെ വലിച്ചെടുത്ത് ഉപയോഗിക്കുക എന്ന ഭക്തിപ്രസ്ഥാനത്തിന്റെ ലക്ഷ്യം തന്നെയാണ് ഇവിടെയും പ്രവർത്തിക്കുന്നത്. പുറത്തു നിർത്തിയവർക്ക് തിരിച്ചു കയറിവരണ മെങ്കിൽ ഭാഷ അവരുടേത് ആകേണ്ടതുണ്ട്; ലളിതമാകേണ്ടതുണ്ട്. അതാണിവിടെ സംഭവിക്കുന്നത്. ഭഗവദ്ഗീത നിർദ്ദേശിക്കുന്ന ഭക്തിയോഗം, കർമ്മയോഗം, ജ്ഞാനയോഗം എന്നീ മോക്ഷമാർഗ്ഗ ങ്ങളിൽ പ്രയാസരഹിതമായ ഭക്തിയോഗം ആണ് ബഹുജനത്തിന് സ്വീകരിക്കാൻ ആവുക. അതിൽ തന്നെ നാമജപം എന്ന അതീവലളിത മാർഗമാണ് ഭക്തിപ്രസ്ഥാനം മുന്നോട്ടുവെച്ച ഓഫർ. ''ഒരുവർ നാവൊന്നേ വേണ്ടു'', അതായത് മോക്ഷം പ്രാപിക്കാൻ നാവു മാത്രം മതി, നാമജപം മാത്രം മതി എന്ന ലളിത മാർഗ്ഗം. ശങ്കരാചാര്യർ പറഞ്ഞ 'ഗോവിന്ദം ഭജ മൂഢമതേ' എന്ന മാർഗ്ഗം. ഹരിയുടെ നാമകീർത്തനം എന്നാണല്ലോ കൃതിയുടെ പേര് തന്നെ.

''ചൊല്ലുന്നതാരു തിരുനാമങ്ങളന്നവനു നല്ലൂ ഗതിക്കു വഴി',

''ഊരിനു വേണ്ട നിജഭാരങ്ങൾ വേണ്ടതിനു നാടിന്നു വേണ്ട നിജ ദാരങ്ങൾ വേണ്ടതിനു നാരായണാച്യുതഹരേ എന്നതിന്നൊരുവർ നാവൊന്നേ വേണ്ടൂ'',

ആരൊക്കെ കളിയാക്കിയാലും,

''ആവോ നമുക്കു തിരിയായെന്നുറച്ചു തിരുനാമങ്ങൾ ചൊൽക'',

''ഒരു കോടി കോടി തവ തിരുനാമമുള്ളവയി

ലരുതാത്തതില്ല'',

''മുക്തിക്കു കാരണമിതേ ശബ്ദമെന്നു തവ വാക്യങ്ങൾ തന്നെ'',

''പലതും പറഞ്ഞു പകൽ കളയുന്ന നാവു തവ

തിരുനാമകീർത്തനമിതതിനായി വരേണമിഹ'',

''യാതൊന്നു കേൾപ്പതതു നാരായണ സ്തുതികൾ

യാതൊന്നും ചെയ്വതതു നാരായണാർച്ചനകൾ''

-ഇങ്ങനെ നാമജപത്തിന്റെ ആവശ്യവും പ്രയോജനവും ഹരിനാമകീർത്തന ത്തിൽ ഉടനീളം പറയുന്നുണ്ട്. ഇങ്ങനെ വൈഷ്ണവഭക്തി പ്രസ്ഥാനത്തിന്റെ ധാരയ്ക്ക് പുറത്തുനിന്ന വലിയൊരു ജനതയെ വലിച്ച് അടുപ്പിക്കാൻ കീർത്തന പ്രസ്ഥാനത്തിന്, ഹരിനാമകീർത്തനത്തിന് കഴിഞ്ഞു. ബ്രാഹ്മണമതം ഒരു പരിധി വരെ വൈഷ്ണവമതം തന്നെയായി

രുന്നു. ശൈവ - വൈഷ്ണവ സംഘർഷങ്ങളും ശക്തമായിരുന്നു. ഇതിനെ സമന്വയിപ്പിക്കാനാണ് ശങ്കരാചാര്യർ അദ്വൈതം കൊണ്ടുവരുന്നത്. ശൈവം, വൈഷ്ണവും രണ്ടും രണ്ടല്ല ഒന്നുതന്നെ എന്നാണ് അദ്വൈതത്തിന് ചരിത്രത്തിലുള്ള അർത്ഥം. ജീവാത്മാവ്, പരമാത്മാവ് എന്നത് അതിന്റെ തത്വചിന്താപരമായ വ്യാഖ്യാനം മാത്രമായിരുന്നു. ഇവയെ സമന്വയിപ്പിച്ച് ശങ്കരാചാര്യർ വൈഷ്ണവത്തിൽ ലയിപ്പിക്കുന്നു. ശൈവമതം ആധിപത്യമതമായി നിലനിന്നിരുന്ന അവസ്ഥ ഉണ്ടായിരുന്നെങ്കിലും അതിന് ദ്രാവിഡമായ ഒരു വേര് ഉണ്ട്. അതിനെയും വൈഷ്ണവത്തിൽ ലയിപ്പിച്ച് ആര്യവൽക്കരിക്കുകയാണ് ശങ്കരാചാര്യർ ചെയ്തത്. എല്ലാം ഒന്നു തന്നെ അത് ഗോവിന്ദൻ ആണ് എന്ന് ശങ്കരാചാര്യർ പറയുന്നതിന്റെ പ്രതിധ്വനിയാണ് എഴുത്തച്ഛനും കാണുന്നത്. ഒന്നായ നിന്നെ രണ്ടായി കണ്ടത് തെറ്റാണ്. ഇനിമുതൽ ഒന്നേയുള്ളൂ പക്ഷേ അത് നാരായണനാണ്. മഹാഭാരതം കിളിപ്പാട്ടിൽ അർജുനൻ ശിവന്റെ കാൽക്കൽ അർപ്പിക്കുന്ന പുഷ്പം കൃഷ്ണന്റെ കാൽക്കൽ കാണുന്ന രംഗം എഴുത്തച്ഛൻ എഴുതുന്നുണ്ട്. അവിടെവച്ച് രണ്ടുപേരും ഒന്നുതന്നെ എന്ന തിരിച്ചറിവ് അർജുനന് ഉണ്ടാകുന്നു. പക്ഷേ അത് ആത്യന്തികമായി നാരായണാർച്ചനയിൽ അവസാനിക്കുന്നു. കേരളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിന്നത് വൈഷ്ണവാരാധനയാണെന്ന് കാണാം. അതിലൂടെ ജീവിതത്തെ തിരസ്കരിക്കുന്ന, ബ്രാഹ്മണമതത്തിന്റെ തത്വശാസ്ത്രം എഴുത്തച്ഛൻ പ്രചരിപ്പിക്കുന്നു. ബ്രാഹ്മണമത തത്ത്വശാസ്ത്രത്തിന്റെ നട്ടെല്ലായിരുന്ന മായാവാദം എഴുത്തച്ഛൻ കൃതികളിലെ മുഖ്യ ചേരുവയാണ്. അധ്യാത്മരാമായണവും ഹരിനാമകീർത്തനവും അതിന്റെ പച്ചയായ വിശദീകരണങ്ങളും ആണ്. ജീവിതവിരുദ്ധമായ ആ തത്ത്വശാസ്ത്രത്തെ, പീഡിതവും അസ്വസ്ഥവുമായ അടിസ്ഥാനജനതയിലേക്ക് (കുറഞ്ഞ പക്ഷം അടിസ്ഥാന,മധ്യ വർഗ്ഗങ്ങളിലുണ്ടായിരുന്ന ശൂദ്രരിൽ എങ്കിലും) അലിയിപ്പിക്കുക എന്ന ദൗത്യമാണ് എഴുത്തച്ഛൻ കൃതികൾ ഏറ്റെടുക്കുകയും വിജയിപ്പിക്കുകയും ചെയ്തത്. എഴുത്തച്ഛന് ഇന്നോളം ലഭിച്ചിട്ടുള്ള, ഇപ്പോഴും ലഭിച്ചുകൊണ്ടിരി ക്കുന്ന എല്ലാ മഹത്വവൽക്കരണങ്ങളും പ്രചാരവും ഇതിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ പ്രതിഫലങ്ങൾ കൂടിയാണ്.

സഹായകഗ്രന്ഥങ്ങൾ

1. എഴുത്തച്ഛൻ, അധ്യാത്മരാമായണം കിളിപ്പാട്ട്, സിസോ ബുക്സ്, തിരുവനന്തപുരം, 2005
2. കുട്ടികൃഷ്ണമാരാർ, സാഹിത്യ സല്ലാപം, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്, 1999
3. കൃഷ്ണപിള്ള എൻ., കൈരളിയുടെ കഥ, എൻ.ബി.എസ്.,1980
4. ഗോപാലകൃഷ്ണൻ പി.കെ., കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991

5. ബാലകൃഷ്ണൻ നായർ, ജി., പ്രൊഫ., രണ്ടു മലയാളമാമറകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , 2015
6. ലീലാവതി, എം.ഡോ., മലയാള കവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2002
7. ഷൂബ കെ.എസ്., പൂന്താനവും ദുരന്ത മുതലാളിത്തവും, മൈത്രി ബുക്സ്, 2021

നളചരിതം ഭാഷയും ആധുനികമലയാളവും

ഡോ.ബി.ശ്രീകുമാർ സമ്പത്ത്

പ്രബന്ധസംഗ്രഹം

സംസ്കൃതത്തിനു പ്രാധാന്യം നൽകുന്ന രചനാരീതിയാണ് ആട്ടക്കഥകളുടേത്. ഭാഷാപരമായി മധ്യകാലമണിപ്രവാളത്തിൽ നിന്നുള്ള കാലികമായ വളർച്ചയാണ് ആട്ടക്കഥകളിൽ കാണാൻ കഴിയുന്നത്. അവയിൽ വേറിട്ട സവിശേഷതകളോടെ നിലകൊള്ളുന്ന കൃതിയാണ് നളചരിതം. ആശയാവിഷ്ക്കരണത്തിലാവട്ടെ ഭാഷാപ്രയോഗരീതികളിലാവട്ടെ നിയമങ്ങളെല്ലാം ലംഘിച്ച പ്രതിഭാശാലിയാണ് ഉണ്ണായിവാര്യർ. ഉണ്ണായിവാര്യരുടെ ഭാഷാപരമായ നിരങ്കുശത്വം ഏതെല്ലാം രീതിയിൽ മലയാളഭാഷയുടെ വളർച്ചയെയും ശൈലീരൂപവൽക്കരണത്തെയും സ്വാധീനിച്ചു എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

താക്കോൽവാക്കുകൾ

ആട്ടക്കഥാസാഹിത്യം – സംസ്കൃതവും മണിപ്രവാളവും – നളചരിതം ആട്ടക്കഥ – ഉണ്ണായിവാര്യർ – സാഹിത്യശൈലിയിലും ഭാഷാപ്രയോഗങ്ങളിലുമുള്ള പുതുമകൾ – മലയാളത്തിന്റെ വളർച്ചയിലെ സ്വാധീനം

കേരളത്തിന്റെ കലാപാരമ്പര്യത്തിൽ അന്യാദൃശമായ സ്ഥാനമാണ് കഥകളിക്കുള്ളത്. ആധുനികകാലത്തും കേരളീയകലകളുടെ തിലകക്കുറിയായി ഈ കലാരൂപം ശോഭിക്കുന്നു. കഥകളിയുടെ സാഹിത്യരൂപമായ ആട്ടക്കഥ മലയാളത്തിലെ അതിവിപുലമായ സാഹിത്യവിഭാഗമാണ്. ആയിരത്തോളം ആട്ടക്കഥകൾ ഈ ദൃശ്യസാഹിത്യവിഭാഗത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. അവയിൽ സാഹിത്യമൂല്യമുള്ളവ പരിമിതങ്ങളാണെന്നും പറയാം. ദൃശ്യാവിഷ്ക്കാരത്തിന്റെ പൊലിമയ്ക്കുവേണ്ടി രചിക്കപ്പെട്ടതായതിനാൽ പൊതുവെ കവിത്വത്തെക്കാൾ സാങ്കേതികമായ അറിവുള്ളവരുടെ രചനകളായിരുന്നുമിക്കതും.

നിലനിന്ന പല കലാരൂപങ്ങളുടെയും ആശയങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് കഥകളി പിറവിയെടുക്കുന്നത്. കോഴിക്കോട്ടെ മാനവേദമഹാരാജാവ് എട്ടുദിവസത്തെ കഥയായി ചിട്ടപ്പെടുത്തി രൂപംകൊ

ടുത്ത കൃഷ്ണനാട്ടം അനുകരിച്ച് കൊട്ടാരക്കര തമ്പുരാൻ സൃഷ്ടിച്ചെടുത്തുവെന്ന് പറയപ്പെടുന്ന രാമനാട്ടമാണ് കഥകളിയുടെ പ്രാഗ്രൂപം. കഥകളിയുടെ ഏതാണ്ട് രൂപഭാവങ്ങളെല്ലാം രാമനാട്ടം ഉൾക്കൊണ്ടിരുന്നു. കൊട്ടാരക്കര തമ്പുരാനെക്കുറിച്ച് പ്രൊഫ.പന്മന രാമചന്ദ്രൻനായർ ഇങ്ങനെ എഴുതുന്നു. 'കഥകളി എന്ന കലയുടെ ആദ്യാവതാരകൻ എന്ന സ്ഥാനം മാത്രമല്ല ശ്ലോകങ്ങളും പദങ്ങളും ചേർന്ന ആട്ടക്കഥാസാഹിത്യമാതൃകയുടെ ആദ്യാവതാരകൻ എന്ന സ്ഥാനവും കൊട്ടാരക്കര തമ്പുരാന് അവകാശപ്പെട്ടതാണ്.''[1] പല ഫോക്കലാരൂപങ്ങളുടെയും അംശങ്ങൾ ഉൾപ്പെടുത്തിയാണ് കഥകളിയെന്ന ക്ലാസിക്കൽ കല രൂപപ്പെട്ടത്. കേരളീയരുടെ നാടകമായി കഥകളി വിലയിരുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ നാടകത്തിൽ നിന്ന് വ്യത്യസ്തമായ രസനിവേദനമാണ് കഥകളി സാധിക്കുന്നത്. നാടകം വാക്യാർഥാഭിനയവും കഥകളി പദാർത്ഥാഭിനയവുമാണ്. അതു കൊണ്ടുതന്നെ സാഹിത്യപരത ആട്ടക്കഥകളിൽ അവശ്യം വേണ്ട ഒന്നല്ലായിരുന്നു. ആംഗികം, സാത്വികം, ആഹാര്യം എന്നീ അഭിനയരീതികൾ കഥകളി പൂർണ്ണമായും ഉപയോഗപ്പെടുത്തുമ്പോൾ വാചികാംശം പിന്നണിസംഗീതത്തിലൂടെയാണ് സാധ്യമാകുന്നത്. രസാഭിനയത്തിൽ പൂർണ്ണമായി മുഴുകുന്ന രീതിയാണ് കഥകളിയുടേത്. മാത്രമല്ല സംസ്കൃതനാടകങ്ങളുടെ വിലക്കുകളെ കഥകളി ഉല്ലംഘിക്കുന്നുമുണ്ട്. നായകൻ ധീരോദാത്തനാവണമെന്നോ കഥ പ്രസിദ്ധമാവണമെന്നോ അംഗിയായ രസം ശൃംഗാരവീരകരുണാദികൾ ആവണമെന്നോ കഥകളിയിൽ നിയമമില്ല. യുദ്ധം, വധം ഇവ കാണിക്കരുതെന്നും നിയമമില്ല. ഈ രീതിയിൽ ഉള്ളടക്കത്തിലും ആവിഷ്ക്കാരത്തിലും സ്വാതന്ത്ര്യം നൽകുന്ന കലയാണ് കഥകളി.

രാമനാട്ടമെന്ന പേരിൽ കൊട്ടാരക്കര തമ്പുരാൻ തുടങ്ങിവെച്ച ദൃശ്യകല കഥകളിയായി മാറുന്നത് കോട്ടയത്തു തമ്പുരാന്റെ കാലത്തോടെയാണ്. ഭക്തിക്കു പ്രാധാന്യം നൽകുന്ന രീതിയാണ് കൊട്ടാരക്കര തമ്പുരാൻ അവതരിപ്പിച്ചത്. എന്നാൽ രാമനാട്ടം കഥകളിയായി മാറിയപ്പോൾ അപൂർവ്വതയുള്ള ഒരു ദൃശ്യകലാരൂപം പിറവിയെടുത്തു. രസങ്ങളെ ഏറ്റവും പൂർണ്ണമായി ആവിഷ്ക്കരിക്കാനുള്ള മാർഗ്ഗങ്ങളാണ് കഥകളി തുറന്നിട്ടത്. പുരാണകഥകളെ അതിന്റെ നാടകീയതയിലും ഭാവരസങ്ങൾക്കനുസരിച്ചും ആസ്വദിക്കാനുള്ള അവസരം കൈവന്നു.

നളചരിതം ആട്ടക്കഥയുടെ പ്രാധാന്യം

ആട്ടക്കഥാസാഹിത്യത്തിൽ ഇതരഭിന്നമായ പരിവേഷത്തോടെ പരിഗണിക്കപ്പെടുന്ന കൃതിയാണ് നളചരിതം. കോട്ടയത്തു തമ്പുരാനുശേഷം കഥകളിരംഗത്ത് പ്രത്യക്ഷപ്പെട്ട ഏറ്റവും ശ്രദ്ധേനായ ആൾ ഉണ്ണായിവാര്യരാണ്. 'അദ്ദേഹം വ്യത്യസ്തമായ ഒരു പന്ഥാവാണ് സ്വീകരിച്ചത്. പൂർവ്വ

കഥകളെ അതിശയിക്കുന്നതും അത്യന്തം നാടകീയവുമായ ഒരു നൂതനമാതൃക അവതരിപ്പിക്കുവാനുള്ള വാര്യരുടെ ശ്രമഫലമാണ് നളചരിതം'.[2]

മികച്ച ഒരു ദൃശ്യകലാസൃഷ്ടിയായി അംഗീകരിക്കപ്പെട്ട നളചരിതം പിൽക്കാലത്ത് മലയാളത്തിലെ ഒരു മഹാകാവ്യമായും വാഴ്ത്തപ്പെട്ടു. നളചരിതം പലതുകൊണ്ടും കഥകളിപ്രസ്ഥാനത്തിലും ആട്ടക്കഥാസാഹിത്യത്തിലും ഒറ്റപ്പെട്ടു നിൽക്കുന്ന കൃതിയാണ്. 'സംസ്കൃതനാടകങ്ങളുടെ തോത് പിടിച്ചെഴുതിയ ഒരാട്ടക്കഥയാണ് നളചരിതമെന്ന അഭിപ്രായം പലർക്കുമുണ്ട്. രസസന്നിവേശം പാത്രാവിഷ്ക്കരണം തുടങ്ങിയവയിൽ ഒരുത്തമനാടകത്തിന്റെ സർവ്വലക്ഷണങ്ങളും ഈ കൃതി പുലർത്തുന്നുണ്ട്.'[3] ഏ. ആർ. രാജരാജവർമ്മയുടെ കാന്താരതാരകം വ്യാഖ്യാനത്തിലൂടെയാണ് നളചരിതത്തിന്റെ സാഹിത്യമൂല്യം സഹൃദയലോകം അറിഞ്ഞത്. അതോടെ മലയാളത്തിലെ മഹാകവികളുടെ നിരയിൽ ഉണ്ണായിവാര്യരും പ്രതിഷ്ഠ നേടി.

നളചരിതം ആട്ടക്കഥയുടെ സാഹിത്യമൂല്യത്തെക്കുറിച്ച് പ്രൊഫ.അയ്മനം കൃഷ്ണക്കൈമൾ ഇങ്ങനെ എഴുതുന്നു: 'ആട്ടക്കഥകൾ ദൃശ്യകാവ്യങ്ങളാണ്. രംഗപ്രയോഗക്ഷമത എന്ന പ്രാഥമികലക്ഷ്യം മുൻനിർത്തിയായിരിക്കണം അവയുടെ രചന. ശ്രവ്യമാധ്യമങ്ങളുള്ളിടത്തോളം സാഹിത്യഗുണം ദൃശ്യകാവ്യങ്ങളിൽ പലരും പ്രതീക്ഷിക്കാറില്ല. എങ്കിൽത്തന്നെയും സാഹിത്യസംഗീതാദിസുന്ദരകലകളുടെ സമഞ്ജസസമ്മേളനം കൊണ്ടു മാത്രമേ ആട്ടക്കഥ ഒരുത്തമ കലാസൃഷ്ടിയുടെ നിലവാരത്തിലേക്ക് ഉയരുകയുള്ളൂ. കാളിദാസമഹാകവിയുടെ 'വാഗർഥപ്രതിപത്തി' തന്നെയാണ് വാര്യരെയും ആകർഷിച്ചിട്ടുള്ളത്.'[4]

മലയാളത്തിന്റെ ശാകുന്തളം' എന്ന മുണ്ടശ്ശേരിയുടെ വിശേഷണം പൂർണ്ണമായും യോജിക്കുന്ന കൃതിയാണ് നളചരിതം. ആശയഗാംഭീര്യം കൊണ്ടും ഭാഷാപ്രയോഗരീതികൊണ്ടും മഹാകാവ്യം പോലെ പരിഗണിക്കപ്പെടുന്ന കൃതിയാണിത്. ഒരു പുരാണകഥയെ മനുഷ്യൻ നേരിടുന്ന പല അവസ്ഥകളോടും ചേർത്തുവച്ച് അവയെ മറികടക്കാനുള്ള ഉപാധികൾകൂടി നിർദ്ദേശിക്കുന്ന രീതിയിലാണ് ഈ കൃതിയുടെ അവതരണം.[5] ആവിഷ്ക്കാരരീതിയിൽ മറ്റ് ആട്ടക്കഥകളിൽ നിന്ന് ഭിന്നമായ ഒരു പന്ഥാവിലാണ് ഉണ്ണായിവാര്യർ സഞ്ചരിച്ചത്. അതുകൊണ്ടുതന്നെ പുരാണകഥയിൽ അദ്ദേഹം ചില വ്യതിയാനങ്ങൾ കൊണ്ടുവരുന്നുമുണ്ട്.

നളചരിതത്തിലെ ഭാഷാരീതി

നളചരിതത്തിന്റെ ഭാഷ ഏറെ ചർച്ചാവിഷയമായ ഒന്നാണ്. ഇതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ കഥകളി കടന്നുവന്ന വഴികൾ കൂടി പരിഗണി

ക്കപ്പെടണം. ദൃശ്യകലയെന്ന നിലയിൽ കഥകളി രൂപപ്പെടുന്നത് ആ കാല ഘട്ടത്തിൽ നിലനിന്ന പല ദൃശ്യകലകളോടും കടപ്പെട്ടുകൊണ്ടാണ്. ആട്ടക്കഥയുടെ പാരമ്പര്യം ഭാഷാപരമായി മണിപ്രവാളവുമായാണ് ബന്ധം പുലർത്തുന്നത്. കഥകളിയുടെ പ്രാഗ്രൂപങ്ങളിലൊന്നായ കൃഷ്ണനാട്ടം ജയദേവകവിയുടെ ഗീതാഗോവിന്ദമാണ് മാതൃകയാക്കിയത്. ശ്ലോകങ്ങൾ കവിവാക്യവും പദങ്ങൾ അഥവാ ഗാനങ്ങൾ കഥാപാത്രവാക്യവുമാക്കിയാണ് ഗീതാഗോവിന്ദത്തിന്റെ രചന. ഡോ.എസ്.കെ.നായരുടെ അഭിപ്രായം ഇവിടെ ശ്രദ്ധേയമാണ്. 'ഗീതാഗോവിന്ദം ഒരഭിനയകലയുടെ ആവശ്യത്തിനായല്ല ആദ്യമുണ്ടായത്. പിന്നീട് കേരളീയർ ഗീതാഗോവിന്ദത്തെ അഭിനയാത്മകമാക്കി.'[6]

സ്വാഭാവികമായും സംസ്കൃതകാവ്യമായ ഗീതാഗോവിന്ദത്തിന്റെ സ്വാധീനമാണ് ആട്ടക്കഥകളെ നിയന്ത്രിച്ചത്. നളചരിതം ഈ മാതൃക പിൻതുടരുകയല്ല ചെയ്തത്. എങ്കിലും സംസ്കൃതഭാഷയുടെ ആധിപത്യം നളചരിതത്തിലും പ്രകടമാണ്.

നളചരിതത്തിലെ ഭാഷയെക്കുറിച്ചു ചിന്തിക്കുമ്പോൾ പുതിയ കാല ഘട്ടവുമായി ഏറെ അടുത്തുനിൽക്കുന്ന ഇന്നും പുതുമ നിലനിർത്തുന്ന അതിലെ മലയാളശൈലി പ്രാധാന്യത്തോടെ കാണേണ്ടതുണ്ട്. ഇത് പഴയ കാല കൃതികളിൽ സുലഭമല്ല.

നളചരിതം ഏറ്റവും വിശദമായി പഠനവിധേയമാക്കിയ പ്രൊഫ. പന്മന രാമചന്ദ്രൻനായർ നളചരിതത്തിന്റെ ഭാഷയെക്കുറിച്ച് നടത്തുന്ന ചില പരാമർശങ്ങൾ സവിശേഷ പരിഗണനയർഹിക്കുന്നു. 'ഇത്രയേറെ മലയാളഭാഷാചൈതന്യം തുളുമ്പുന്ന വരികൾ വേറെ ഏതൊരാട്ടക്കഥാകാരൻ എഴുതിയിട്ടുണ്ട് എന്നു ചോദിക്കുന്നില്ല. സാഹിത്യലക്ഷ്യം മാത്രം പുലർത്തിക്കൊണ്ട് രചന നിർവ്വഹിച്ചിട്ടുള്ള ഏതു മലയാളകവി എഴുതിയിട്ടുണ്ട് എന്നാണ് ചോദ്യം.'[7]

ഇവിടെ ശ്രദ്ധേയമായ കാര്യം കവി തന്റെ ആശയങ്ങൾക്ക് തത്തുല്യമായ ഒരു ഭാഷ രൂപപ്പെടുത്തി എന്നതാണ്. അതാവട്ടെ ഏറ്റവും ആധുനികമായ മലയാളത്തെപ്പോലും ആശ്ചര്യപ്പെടുത്തുന്നു. നളചരിതത്തിൽ സംസ്കൃതവും മലയാളവും മണിപ്രവാളവുമുണ്ട്. ഇവിടെ ഭാഷ ഒരു പരീക്ഷണശാലയായി മാറുന്നു. മലയാളത്തിൽ മറ്റൊരു കൃതിയിലും ഇത്രമാത്രം ഭാഷാപരീക്ഷണങ്ങൾ ഉണ്ടാവുന്നില്ല. പ്രാചീന മണിപ്രവാള കൃതികളിലാവട്ടെ മധ്യകാല മണിപ്രവാളകൃതികളിലാവട്ടെ ഉണ്ണായിവാര്യർ പ്രകടിപ്പിക്കുന്ന ഉച്ചൃംഖലത്വം കാണുന്നില്ല. മണിപ്രവാളത്തിന്റെ സാധ്യതകൾ തന്നെയാണ് കവി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ അതിനിടയിൽത്തന്നെ ഏറ്റവും ആധുനികമായ മലയാളശൈലിയും നാം കാണുന്നു.

'പ്രിയമാനസാ നീ പോയ്വരേണം
പ്രിയയോടെന്റെ വാർത്തകൾ ചൊൽവാൻ'

എന്ന പ്രയോഗം ഭാഷയുടെ ലാളിത്യം കൊണ്ടും ആശയപ്രകാശനത്തി നായി ഭാഷയെ സവിശേഷമായി രൂപപ്പെടുത്തുന്ന രീതികൊണ്ടും കാലഘ ട്ടത്തെ അതിജീവിച്ചു നിലകൊള്ളുന്നു.

ആട്ടക്കഥകളെ സാഹിത്യകൃതികളായി പൊതുവെ പരിഗണിച്ചിരു ന്നില്ല. കാരണം അതിൽ സാഹിത്യാംശത്തിന് വലിയ പ്രാധാന്യം നൽകാ റില്ല. സംഗീതത്തിനും അഭിനയസാധ്യതയ്ക്കുമാണ് പ്രാധാന്യം. ഉണ്ണായി വാര്യർ പരമപ്രാധാന്യം സാഹിത്യത്തിനു തന്നെയാണ് നൽകുന്നത്. കാളി ദാസനുശേഷം സംസ്കൃതസാഹിത്യത്തിൽ ശ്രദ്ധ നേടിയ ശ്രീഹർഷന്റെ നൈഷധീയചരിതം ഉണ്ണായിവാര്യരെ ആകർഷിച്ചിരുന്നു. ഒരു മഹാകാവ്യ മായ നൈഷധീയചരിതത്തിന്റെ സ്വാധീനം നളചരിതത്തിൽ കാണാം. എന്നാൽ നളചരിതത്തിന് അദ്ദേഹം രൂപംനൽകുമ്പോൾ സ്വതന്ത്രനായ ഒരു കവിയുടെ പ്രതിഭ തന്നെയാണ് അദ്ദേഹത്തെ നയിക്കുന്നത്.

ആട്ടക്കഥകളിലെ ഭാഷയെക്കുറിച്ച് ഡോ.എം.ലീലാവതിയുടെ നിരീ ക്ഷണങ്ങൾ ഇങ്ങനെയാണ്. കഥകളിയുടെ പ്രേക്ഷകർ സവർണ്ണവിഭാഗമാ യിരുന്നു. സമ്പന്നരായ രാജാക്കന്മാരും നാടുവാഴികളുമാണ് ഈ കല നില നിർത്തിയതും ആസ്വദിച്ചതും. സംസ്കൃതത്തിലുള്ള അവഗാഹം അവരുടെ അഭിമാനത്തിന്റെകൂടി പ്രശ്നമായിരുന്നു.[8] അതുകൊണ്ട് ഉണ്ണായിവാര്യരു ടേതടക്കം ആട്ടക്കഥകളിലെ ഭാഷ സംസ്കൃതത്തിന് പ്രാധാന്യം നൽകിയി ട്ടുണ്ട്. എന്നാൽ ആ ഘടനയിൽ നിന്നുകൊണ്ട് വളരെ ആധുനികമായ ഒരു മലയാളശൈലി കൂടി രൂപപ്പെടുത്തി എന്നതാണ് അദ്ദേഹത്തിന്റെ വിജയം.

നളചരിതത്തിലെ ഭാഷയെക്കുറിച്ച് ഡോ.എം.ലീലാവതി ഇങ്ങനെ പറയുന്നു: 'മൊത്തത്തിൽ നോക്കിയാൽ ഉത്തമ മണിപ്രവാളമല്ല എന്നാരും പറയുകയില്ല. സംസ്കൃതവും മലയാളവും രണ്ടു ഭാഷകളല്ല എന്ന മട്ടിൽ കൂട്ടിച്ചേർക്കുന്നതിൽ നിർവ്വിശങ്കമായ നിരങ്കുശതയാണ് അദ്ദേഹം പ്രദർശി പ്പിക്കുന്നത്.'

നളചരിതത്തിൽ ക്ലിഷ്ടാർത്ഥമായി വരുന്ന ചില പ്രയോഗങ്ങൾ വലിയ വിമർശനങ്ങൾക്കിടയായിട്ടുണ്ട്. എന്നാൽ ചെറിയ തിരുത്തലുകളിലൂടെ ആ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യുന്നു. 'മരത്തിനിടയിൽ കാണാമേ സുന്ദരത്തിനുടെ സാദൃശ്യേയം' എന്ന പ്രയോഗം 'സുന്ദരത്തിയുടൽ ഹാ സാദൃശ്യേയം എന്നാണ് പാഠമെങ്കിൽ അതു ക്ലിഷ്ടാർത്ഥമാവുന്നില്ല' എന്ന് ലീലാവതി അഭിപ്രായപ്പെടുന്നുണ്ട്.[9]

ഭാഷയിൽ ഇത്രമാത്രം ശ്രദ്ധ ചെലുത്തിയ കവിയില്ല. പാഠഭേദങ്ങൾ നിർമ്മിച്ച പിൽക്കാല പകർപ്പുകളാണ് പ്രശ്നം സൃഷ്ടിച്ചത്. ഭാഷയിൽ നിരങ്കുശത്വം അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. അതിന് വേറെ ചില കാരണങ്ങൾ കൂടിയുണ്ടാവാം. വാക്യഘടനയിൽ സംസ്കൃതം കൂടുതൽ വഴക്കം അനുവദിക്കുന്ന ഭാഷയാണ്. പര്യായപദങ്ങളാൽ സമ്പന്നമാണ് സംസ്കൃതം. ശ്ലോകങ്ങളുടെയും മറ്റും രചനയ്ക്ക് ഏറെ അനുയോജ്യമായ ഭാഷയാണ് സംസ്കൃതം. ആ ഭാഷയുടെ സമ്പർക്കം മിശ്രഭാഷയായും മണിപ്രവാളമായും മലയാളം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി വിശേഷണ വിശേഷ്യങ്ങളെ പൂർവ്വോത്തരപദങ്ങളായിത്തന്നെ പ്രയോഗിക്കണമെന്ന ശാഠ്യം സംസ്കൃതത്തിനില്ല. ആ രീതി ഉണ്ണായിവാര്യർ പല സ്ഥലത്തും ഉപയോഗപ്പെടുത്തി.

നളചരിതവും ആധുനികമലയാളവും

മലയാളത്തിന്റെ ആധുനികതയിലേക്കുള്ള വളർച്ചയ്ക്ക് അടിത്തറ തീർത്ത ഏ.ആറിലൂടെയാണ് നളചരിതം മലയാളസാഹിത്യത്തിന്റെ മുൻനിരയിലേക്ക് വന്നത് എന്നത് ഏറെ ശ്രദ്ധേയമാണ്. നളചരിതത്തിന് ആധുനികരീതിയിൽ അച്ചടിച്ച പതിപ്പ് ലഭ്യമാക്കിയതും രാജരാജവർമ്മയാണ്. മലയാളഭാഷയുടെ പഠനത്തിനായി പാഠപുസ്തകങ്ങളുടെ അഭാവം നിലനിന്ന ഘട്ടത്തിലാണ് നളചരിതവ്യാഖ്യാനവും പുറത്തുവരുന്നത്. ഈ കൃതിയുടെ പ്രസാധനം നമ്മുടെ ഭാഷാചരിത്രത്തെ കൂടുതൽ അടിത്തറയുള്ള ഒന്നാക്കി മാറ്റി. പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ രചിക്കപ്പെട്ടുവെന്നും കരുതപ്പെടുന്ന നളചരിതം മലയാളത്തിന്റെ വികസിതമായ മുഖമാണ് പ്രദർശിപ്പിക്കുന്നത്.

മലയാളത്തിലെ സാഹിത്യഭാഷയുടെ വളർച്ച പലപ്പോഴും അതതു കാലഘട്ടങ്ങളിലെ സാഹിത്യകൃതികളെ അവലംബിച്ചാണ് നാം വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നത്. അങ്ങനെ രാമചരിതം മുതലുള്ള ഭാഷാപരിണാമം പല ഘട്ടങ്ങളായി നാം വിഭജിക്കുന്നു. രാമചരിതവും പ്രാചീന മണിപ്രവാളകൃതികളും കൃഷ്ണഗാഥയും കിളിപ്പാട്ടും തുള്ളൽക്കൃതികളുമെല്ലാം ഇങ്ങനെ മലയാളത്തിന്റെ വളർച്ച പ്രതിഫലിപ്പിക്കുന്നുണ്ട്. ആ രീതിയിൽ നോക്കുമ്പോൾ വിപുലമായ ആട്ടക്കഥാസാഹിത്യവും അതിൽ നടുനായകത്വം വഹിക്കുന്ന നളചരിതവും ഭാഷയുടെ ചരിത്രത്തിൽ ഏതുവിധം പങ്കാളിത്തം വഹിക്കുന്നു എന്നത് പരിശോധിക്കേണ്ടതുണ്ട്.

നളചരിതത്തിലെ ഭാഷയെക്കുറിച്ച് ഏ.ആർ. പറയുന്നതിങ്ങനെയാണ്: ‘വെങ്കലഭാഷയാണ് ഉണ്ണായിവാര്യരുടേത്. ചാമിവാ, ഉപകാരം കുര്യാം,

സുകുമാരിമാർക്കൊരു കൂമ്പെടോ, നീണാളേ, കേണാളേ ആണാളേ തുടങ്ങിയ പ്രയോഗങ്ങൾ ഏ.ആർ. ഉദാഹരിക്കുന്നുണ്ട്. എവിടെ നോക്കിയാലും പച്ചമലയാളവും സംസ്കൃതവും 'നീരക്ഷീര'മായും 'തിലതണ്ഡുല'മായും കലർന്നുകിടക്കുകയാണ്.

ഏ.ആറിന്റെ വിമർശനങ്ങൾക്ക് പ്രൊഫ. പന്മനയും ഡോ.എം.ലീലാവതിയുമെല്ലാം മറുപടി നല്കാൻ ശ്രമിച്ചിട്ടുണ്ട്.

ഉണ്ണായിവാര്യർ തന്റെ ആട്ടക്കഥയിൽ സംസ്കൃതവും മണിപ്രവാളവുമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. ആട്ടക്കഥകളിൽ നിലനിന്ന രീതിയാണത്. ആലാപനത്തിനു വേണ്ടി എഴുതപ്പെട്ട പദങ്ങളിൽ സന്ധിവിഷയമായ കർശനനിരീക്ഷണങ്ങൾ സാധ്യമാവില്ല.

'ഈര്യതയെല്ലാം നേരേ ശോഭന വാണീമുദാ' എന്ന പ്രയോഗത്തിലെ 'ഈര്യതയെല്ലാം' എന്ന സന്ധി ഏ.ആർ. വിമർശിക്കുമ്പോൾ ആലാപനത്തിൽ ഈര്യതേ എല്ലാം എന്ന് സന്ധിയില്ലാതെയാണ് പ്രയോഗമെന്ന് പന്മന രാമചന്ദ്രൻനായർ വിശദീകരിക്കുന്നുണ്ട്. പാഠഭേദങ്ങൾ പലതും ലഭിച്ചിരിക്കെ ചില പ്രയോഗങ്ങളെ വെച്ച് ഉണ്ണായിവാര്യരുടെ ഭാഷാരീതിയെ വിമർശിക്കാൻ കഴിയില്ല.

കഥകളിയിൽ പദങ്ങൾ മണിപ്രവാളത്തിലോ ശുദ്ധ മലയാളത്തിലോ എഴുതുന്ന രീതിയാണുള്ളത്. ശ്ലോകങ്ങൾ സംസ്കൃതത്തിലും. ഈ രീതി പിൻതുടരാൻ ഉണ്ണായിവാര്യർ ശ്രമിക്കുന്നില്ല. സംസ്കൃതവും മലയാളവും ഒരേപോലെ പരിഗണിക്കുന്നതാണ് അദ്ദേഹത്തിന്റെ രീതി. അതുകൊണ്ടു തന്നെ ഭാഷാപ്രയോഗങ്ങളിൽ പല പരീക്ഷണങ്ങളും അദ്ദേഹം നടത്തുന്നുണ്ട്.

ഇന്നത്തെ നിലയിൽ പരിശോധിക്കുമ്പോൾ ഏറെ ശ്രദ്ധേയമാവുന്നത് നളചരിതത്തിൽ കാണുന്ന ശുദ്ധവും സുന്ദരവും ആധുനികവുമായ മലയാളമാണ്. തമിഴിൽ നിന്ന് വേർപിരിഞ്ഞ് പുതിയൊരു പാതയിൽ സഞ്ചരിച്ച മലയാളം പലപ്പോഴും ഒരു വെങ്കലഭാഷാ സ്വഭാവം പ്രദർശിപ്പിച്ചിട്ടുണ്ട്. ഭാഷാമിശ്രമായും മണിപ്രവാളമായും കേരളഭാഷ പല രീതിയിലുള്ള പരീക്ഷണങ്ങൾക്കു വിധേയമായി. ദ്രാവിഡീയമായ ഭാഷാസ്വഭാവങ്ങൾക്ക് പ്രാധാന്യം നൽകാത്ത ശൈലിയാണ് കൂടുതലും ഉണ്ണായിവാര്യർ കൊണ്ടു വരുന്നത്. കാച്ചിക്കുറുക്കി മിനുക്കിയെടുത്ത ശൈലീകൃതമായ ഭാഷയാണദ്ദേഹത്തിന്റേത്. ഐതിഹ്യത്തിൽ നാം കേട്ട 'കളഭം കലക്കിയ കുളം' എന്ന അദ്ദേഹത്തിന്റെ പ്രയോഗം മൊത്തത്തിലുള്ള കവിയുടെ പ്രയോഗരീതിയെ പ്രതിഫലിപ്പിക്കുന്നുണ്ട്.

സംസ്കൃതപദങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്ന ശൈലിയാണ് ആധുനിക മാനകമലയാളം സ്വീകരിച്ചത്. ഇങ്ങനെയുള്ള ഭാഷാരീതിക്ക് പ്രചോദനം നൽകുന്നത് നളചരിതം പോലുള്ള കൃതികളാണ്. ദ്രാവിഡീയമായ ഉല്പാദനക്ഷമത നഷ്ടപ്പെട്ട ഭാഷയാണ് മലയാളമെന്ന് ഡോ.കെ.എം. പ്രഭാകരവാര്യർ അഭിപ്രായപ്പെടുന്നതു കാണാം. 'സംസ്കൃതഭാഷയുടെ സ്വാധീനമാണ് മലയാളഭാഷയുടെ രൂപവൽക്കരണത്തിൽ ഗണനീയമായ പങ്കു വഹിച്ചത്. നമ്മുടെ ഭാഷയുടെ ആന്തരികഘടന ദ്രാവിഡീയമാണെങ്കിലും ദ്രാവിഡീയമായ ഉല്പാദനക്ഷമത അതിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മലയാളഭാഷ ഇന്നത്തെ അവസ്ഥയിൽ പാരമ്പര്യാധിഷ്ഠിതഭാഷ എന്നതിനേക്കാൾ വെങ്കലഭാഷയുടെ സ്വഭാവമാണ് പ്രദർശിപ്പിക്കുന്നത്.'[10]

മലയാളത്തിന്റെ ഈ രീതിയിലുള്ള സ്വഭാവ സവിശേഷതകൾക്ക് സംസ്കൃതത്തിനു പ്രാധാന്യം നൽകുന്ന മണിപ്രവാളഭാഷാരീതികളും നളചരിതം പോലുള്ള സാഹിത്യകൃതികളും സ്വാധീനം ചെലുത്തിയിട്ടുണ്ട്. അത് മലയാളത്തിന്റെ വ്യാകരണത്തെയും പദാവലിയെയും സമ്പുഷ്ടമാക്കുകയും ചെയ്യുന്നു. ഇംഗ്ലീഷും സംസ്കൃതവും പോലെ അനേകം ഭാഷകളിൽനിന്നുള്ള ആദാനത്തിലൂടെയാണ് ഭാഷ പുതിയ കാലഘട്ടത്തിന്റെ ആവശ്യകതകളിലേക്ക് സജ്ജമായത്.

കുറിപ്പുകൾ

1. പ്രൊഫ. പന്മന രാമചന്ദ്രൻനായർ, ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ, പുറം 25
2. പ്രൊഫ. അയ്മനം കൃഷ്ണക്കൈമൾ, ആട്ടക്കഥാസാഹിത്യം, പുറം 118
3. കെ.എം.ജോർജ്ജ് (എഡി.), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം 510
4. പ്രൊഫ. അയ്മനം കൃഷ്ണക്കൈമൾ, ആട്ടക്കഥാസാഹിത്യം, പുറം 133
5. റീജാ രവീന്ദ്രൻ, നളചരിതം എന്ന നരചരിതം, വിജ്ഞാനകൈരളി, ഒക്ടോബർ 2006
6. കെ.എം.ജോർജ്ജ് (എഡി.), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം 486
7. പ്രൊഫ. പന്മന രാമചന്ദ്രൻനായർ, ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ, പുറം 91
8. ഡോ.എം.ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, പുറം 114
9. ഡോ.എം.ലീലാവതി, മലയാളകവിതാസാഹിത്യചരിത്രം, പുറം 113
10. ഡോ.കെ.എം.പ്രഭാകരവാര്യർ, മൊഴിയും പൊരുളും, പുറം 102

സഹായകഗ്രന്ഥങ്ങൾ

1. പ്രൊഫ. പദ്മനരാമചന്ദ്രൻനായർ, ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ- കൈരളീവ്യാഖ്യാനം, കറന്റ് ബുക്സ്, കോട്ടയം, 2001
2. പ്രൊഫ. അയ്മനം കൃഷ്ണക്കൈമൾ, ആട്ടക്കഥാസാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998
3. ഡോ.എം.ലീലാവതി, മലയാള കവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1991
4. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ജനറൽ എഡിറ്റർ ഡോ.കെ. എം.ജോർജ്ജ്, നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2008.
5. ഡോ.കെ.എം.പ്രഭാകരവാര്യർ, മൊഴിയും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988

പ്രാചീനകേരളചരിത്രവും ജനിതകശാസ്ത്രപുനരാഖ്യാനങ്ങളും

ഡോ. കെ.പി.രവിചന്ദ്രൻ

പ്രബന്ധസംഗ്രഹം

നരവംശശാസ്ത്രത്തെയും പുരാവസ്തുശാസ്ത്രത്തെയും മാത്രം ആശ്രയിച്ചു നടന്നുവന്ന ചരിത്രപഠനങ്ങൾക്ക് ജനിതക ശാസ്ത്രത്തിന്റെ വളർച്ചയോടെ പുതിയ ദിശാബോധം ലഭിച്ചു. മനുഷ്യോൽപ്പത്തിയെ സംബന്ധിച്ചും പൂർവ്വികമനുഷ്യരെ സംബന്ധിച്ചും അവരുടെ കുടിയേറ്റങ്ങളെക്കുറിച്ചും പരിണാമങ്ങളെക്കുറിച്ചും ശാസ്ത്രീയമായ പുതിയ കണ്ടെത്തലുകളിലേയ്ക്ക് ജനിതക ശാസ്ത്രപഠനങ്ങൾ ലോകത്തെ നയിച്ചു. ചരിത്രം പുനർവായനകൾക്കും വ്യാഖ്യാനങ്ങൾക്കും വിധേയമായി. സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ദൂരവ്യാപകമായ സ്വാധീനങ്ങളും ഫലങ്ങളും ഇതോടെ രൂപപ്പെടാൻ തുടങ്ങി. ചരിത്രപുനരാഖ്യാനങ്ങളുടെ സമകാലസന്ദർഭത്തെ അഭിമുഖീകരിക്കുകയാണ് ഇന്ത്യാചരിത്രവും കേരള ചരിത്രവും. രാഷ്ട്രീയവും സാമൂഹികവും സാസ്കാരികവുമായ നിരവധി ബലതന്ത്രങ്ങളും താൽപര്യങ്ങളും കേരളചരിത്രരചനയിൽ കാലാകാലങ്ങളിൽ ഇടപെട്ടു പോന്നിട്ടുണ്ട്. പരശുരാമകഥയുടെ കാലം മുതൽ ജനിതക പഠനങ്ങളുടെ ഈ കാലം വരെ അനവധി വൈരുദ്ധ്യങ്ങളെയും സങ്കീർണതകളെയും അബദ്ധങ്ങളെയും കേരളചരിത്രാഖ്യാനങ്ങൾ സംരക്ഷിച്ചുപോന്നു. ജനിതക പഠനങ്ങൾ നിലവിലുള്ള ചരിത്രാഖ്യാനങ്ങളെ പുതുക്കിപണിയാനുള്ള സ്വാധീനം ചെലുത്തി. വിശേഷിച്ചും പ്രാചീനകേരളചരിത്രത്തെ സംബന്ധിച്ച് പുതിയ വെളിച്ചങ്ങളിലേയ്ക്ക് ജനിതകപഠനങ്ങൾ മലയാളിയെ നയിച്ചു. പ്രാചീന കേരളചരിത്രാഖ്യാനങ്ങളെ പുനരാഖ്യാനം ചെയ്യുന്നതിൽ ജനിതക പഠനങ്ങളുടെ പങ്ക് വിശകലനം ചെയ്യുന്നതാണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ

ചരിത്ര പുനരാഖ്യാനം, ജനവർഗ്ഗവംശ സിദ്ധാന്തം, വംശീയ കുടിയേറ്റം, ജനിതക ശാസ്ത്രം, ഡി.എൻ.എ പഠനം.

ആമുഖം

യൂറോപ്യൻപഠനമാതൃകകളും സംവർഗ്ഗങ്ങളും വിമർശനരഹിതമായും ചരിത്ര - സംസ്കാര നിരപേക്ഷമായും സ്വീകരിച്ച് ഉപയോഗിക്കുന്നതാണ് ഇന്ത്യയിലെ സാമൂഹികശാസ്ത്രപഠനത്തിന്റെ പ്രധാന പ്രതിസന്ധിയെന്ന് ഡോ. കെ.എസ്. മാധവൻ (2021 : 53, 54) അഭിപ്രായപ്പെ ടുന്നു. ഈ

സമീപനം ഭൂഗോളതെക്കൻ രാജ്യങ്ങളുടെ സവിശേഷവും വ്യതിരിക്തവു മായ ചരിത്രാനുഭവങ്ങളെ കണക്കിലെടുക്കുന്നില്ല. "ഈ രീതി ശാസ്ത്ര സമീപനങ്ങളും വിശകലനമാതൃകകളും ഇന്ത്യയിലെ ത്രൈവർണികരായ വരേണ്യർക്കും വിവിധ പ്രാദേശികഭാഷാ പ്രദേശങ്ങളിലെ വരേണ്യ സംസ്കാരത്തിനും വരേണ്യരുടെ ചരിത്രഭൂതകാലത്തിനും നടുനായകത്വം ലഭിക്കുന്ന തരത്തിലാണ് ഉപയോഗിയ്ക്കുന്നത്." (മാധവൻ, കെ.എസ്, ഡോ., 2021:54) ഇതു കേരളചരത്രരചനയുടെയും പ്രപതിസന്ധിയാണെന്നു കാണാം.

കേരളത്തിന്റെ കാട്-കടൽ മേഖലകൾ ചരിത്രത്തിൽ അവഗണിയ്ക്ക പ്പെട്ട ഇടങ്ങളാണ്. അതോടെ കേരള സമൂഹരൂപീകരണത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനങ്ങൾ മറയ്ക്കപ്പെട്ടു. കേരളോൽപ്പത്തി കഥകളിൽ നിന്ന് ചരിത്രം വഴിമാറി നടന്നെങ്കിലും ബ്രാഹ്മണകേന്ദ്രിതമായ ചരിത്രരചനാരീതി ഇടനാടിനെ കേന്ദ്രീകരിച്ച് പലവിധത്തിൽ ശക്തിപ്പെട്ട താണ് ഇതിന്റെ ബാക്കിപത്രം. കേരളത്തിൽ രൂപപ്പെട്ടു വികസിച്ച ജാതിസമ്പ്രദായത്തെ വംശീയമായി ന്യായീകരിക്കുകയോ സംരക്ഷി ക്കുകയോ ചെയ്യുന്ന ആഖ്യാനങ്ങൾ കേരളചരിത്രത്തിൽ തുടരുന്ന മറ്റൊരു പ്രതിസന്ധിയാണ്. ജാതിയ്ക്ക് വംശീയമായ അടിസ്ഥാനങ്ങളില്ലെന്ന് ജനിതകപഠനങ്ങൾ അസന്ദിഗ്ദ്ധതമായി വെളിപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ എഴുതപ്പെട്ട ചരിത്രം ഇടനാടിന്റെ ചരിത്രമാണെന്നും കെ.എസ്. മാധവൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. കേരളത്തിൽ വടക്കുനിന്ന് തെക്കോട്ട് കുടിയേറിയ ബ്രാഹ്മണരെയും അവരുടെ അധിവാസ സ്ഥാനങ്ങളേയും കേന്ദ്രമാക്കി എഴുതപ്പെട്ട ഇടനാടിന്റെ ചരിത്രമാണ് കേരള ചരിത്രമെന്ന പേരിൽ ആധികാരികമായിത്തീർന്നത്. എന്നാൽ കേരളത്തിന്റെ പ്രാചീനഅധിവാസകേന്ദ്രങ്ങളും സംസ്കാര കേന്ദ്രങ്ങളും കാട് - കടൽ മേഖലകളായിരുന്നു. ഇടനാടൻ ചരിത്രം കാട്-കടൽ മേഖലകളെ അപരസ്ഥലങ്ങളാക്കി അടയാളപ്പെടുത്തു കയാണ് ചെയ്തത്. "ബ്രാഹ്മണ കുടിയേറ്റവും ബ്രാഹ്മണ ഗ്രാമങ്ങളുടെ സംസ്ഥാപനവും കേന്ദ്രമാക്കുന്ന ചരിത്രഭാവനകളും അക്കാദമിക്ക് ചരിത്രങ്ങളും കിഴക്കും പടിഞ്ഞാറുമായി സ്ഥാനപ്പെട്ടിരിയ്ക്കുന്ന കാട്-കടൽ മേഖലയെ ഇടനാടിന്റെ പ്രാന്തപ്രദേശങ്ങളായി സ്ഥാനപ്പെടുത്തി." (മാധവൻ, കെ.എസ്, ഡോ.,2021:60)

കടൽത്തീരപ്രദേശങ്ങളിലും പശ്ചിമഘട്ട മലനിരകളിലും മഹാശിലായുഗകാലത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ലക്ഷം വർഷങ്ങൾക്ക് മുമ്പു തന്നെ ശിലായുഗമനുഷ്യർ അധിവസിച്ചിരുന്നുവെന്ന് പുരാവസ്തുഗവേഷണത്തിന്റെ വെളിച്ചത്തിൽ പ്രൊഫ. രാജേന്ദ്രൻ പറയുന്നു. (സേതുരാമൻ, കെ, 2019:103).2007-മുതൽ നടന്നു വരുന്ന പട്ടണം ഖനനവും ഗവേഷണങ്ങളും ജനിതക പഠനങ്ങളും കേരള ചരിത്രത്തിലെ കടൽ മേഖലയുടെ പ്രാധാന്യത്തെ ഉറപ്പിക്കുന്നു. സംഘകാല കൃതികളിൽ പരാമർശിക്കപ്പെട്ട കേരളത്തിലെ പ്രാചീന സമൂഹത്തിന്റെ പുറന്തള്ളപ്പെട്ട ചരിത്രം തെളിവുകളോടെ പുറത്തുവന്നു

കൊണ്ടിരിക്കുന്നു. അതിപ്രധാനവും സമ്പന്നവുമായ ഈ അതിപ്രാചീന ജനവർഗ്ഗചരിത്രത്തെ അവഗണിച്ചാണ് ഇടനാടിന്റെ ചരിത്രം എഴുതപ്പെട്ടത്.

ജനിതകപഠനങ്ങൾ

ചരിത്രപരമായും സാമൂഹികശാസ്ത്രപരമായും രാഷ്ട്രീയമായും പ്രാധാന്യമർഹിക്കുന്ന പഠനമേഖലയാണ് ജനിതകശാസ്ത്രം. മനുഷ്യ പൂർവികരെക്കുറിച്ചുള്ള നിരവധി ജനിതകപഠനങ്ങൾ കഴിഞ്ഞ ദശകങ്ങളിലുണ്ടായി. ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ ശരിവയ്ക്കുന്ന തായിരുന്നു ജനിതക ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ. പരിണാമത്തിന്റെ ജനിതകകാരണം വിശദീകരിക്കപ്പെട്ടു. ആദിമനുഷ്യൻ കേരളത്തിൽ 60000 വർഷങ്ങൾക്കു മുമ്പ് കുടിയേറിയതായി ജനിതക പഠനങ്ങളുടെ വെളിച്ചത്തിൽ അനുമാനിക്കുന്നു. ആഫ്രിക്കയിൽനിന്ന് ഇതര ദേശ ങ്ങളിലേയ്ക്കുള്ള മനുഷ്യപൂർവികരുടെ കുടിയേറ്റത്തെക്കുറിച്ചുള്ള തെളിവുകൾ തരുന്നത് പുരാവസ്തുക്കളും ജനിതകപഠനങ്ങളുമാണ്.

തലമുറകളിലേക്ക് ജനിതകസവിശേഷതകൾ കൈമാറ്റം ചെയ്യുന്നത് ജീനുകളുടെ ഘടകമായ DNA യാണ്. ന്യൂക്ലിയർ DNA, മൈറ്റോ കോൺഡ്രിയൽ DNA, Y ക്രോമസോമൽ DNA, X ക്രോമസോമൽ DNA എന്നിങ്ങനെ DNA യ്ക്ക് നാലു വ്യത്യസ്ത തരം തിരുവുകളുണ്ട്. മാതാ പിതാക്കളിൽ നിന്നുള്ള പൈതൃകകൈമാറ്റം ന്യൂക്ലിയർ DNA വഴിയാണ് നടക്കുന്നത്. (വിലാസ് ഖരാട്ട്, 2018:22) മനുഷ്യോൽപ്പത്തിക്കാലം മുതലുള്ള DNA യുടെ ക്രമീകരണം മൈറ്റോകോൺഡ്രിയൽ DNA യിലാണുള്ളത്. Y ക്രോമസോമൽ ഘടകം പിതാവു വഴിയും X ക്രോമസോമൽ ഘടകം മാതാവു വഴി മാത്രവും ലഭിക്കുന്നതാണ്. ചരിത്രാതീതകാല കുടിയേറ്റങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ സഹായക മാണത്രേ X,Y ക്രോമസോമുകൾ. പുരുഷന്റെ Y ക്രോമസോം മാപ്പിങ്ങി ലൂടെയാണ് ജനിതകആദാം എന്ന് ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്ന മനുഷ്യരുടെ ആദ്യമുൻഗാമി ആഫ്രിക്കയിൽ 7400 തലമുറകൾക്ക് മുമ്പ് ജീവിച്ചിരുന്നുവെന്ന് നിഗമനത്തിലെത്തിച്ചേരാനായത്. ലോകത്തിലെ എല്ലാ പുരുഷന്മാരിലും ഈ ആദിമമുൻഗാമിയുടെ ഘടനയുണ്ടെന്ന് ജനിതക ശാസ്ത്രം പറയുന്നു.

ആഫ്രിക്കയിൽ നിന്ന് ആദ്യമനുഷ്യർ 40000 വർഷം മുമ്പ് ദക്ഷിണേന്ത്യ വഴി ആസ്ട്രേലിയയിലെത്തി യെന്നും ആ സംഘത്തിൽപ്പെട്ട ഒരു വിഭാഗം ദ്രാവിഡഭാഷാസമൂഹമായി മാറിയെന്നും കണ്ടെത്തിയത് സ്റ്റാൻഫോർഡ് സർവ്വകലാശാല നടത്തിയ ജനിതക പഠനങ്ങളാണ്. ദക്ഷിണേന്ത്യയിലേയ്ക്കുള്ള ആദിമകുടിയേറ്റത്തിന്റെ കാലം 50000-55000 ആണെന്ന് കണക്കാക്കാൻ പുരാവസ്തു ഗവേഷകനായ പോൾ മെല്ലർസിന് സഹായകമായത് ജനിതകപഠനങ്ങളാണ്. അമേരിയ്ക്കൻ ജനിതക ശാസ്ത്രജ്ഞനായ മൈക്കൽ ബാംഷാദ് ഇന്ത്യക്കാരെക്കുറിച്ചുള്ള DNA പഠനം നടത്തി 2001 ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 'ഇന്ത്യയിലെ ജാതി വിഭാഗങ്ങളുടെ ഉറവിടം സംബന്ധിച്ച് പൈതൃക തെളിവ്' എന്ന

പേരിലായിരുന്നു ആ റിപ്പോർട്ട്. "85 ശതമാനം ആദിമ നിവാസികളായ ഇന്ത്യക്കാരുടെ DNA ഫലം ന്യൂനപക്ഷമായ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവരുടേതുമായി യോജിക്കുന്നതായിരുന്നില്ല. അതേ സമയം ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവരുടെ DNA അവരുടെ ആൾക്കാരുടേതുമായി പൂർണമായും യോജിയ്ക്കുന്നതായിരുന്നു." (വിലാസ് ഖരാട്ട്, 2018:22) ഇന്ത്യയിലേയ്ക്ക് ആര്യബ്രാഹ്മണരിലെ പുരുഷന്മാർ മാത്രമാണ് കടന്നു വന്നിട്ടുള്ളതെന്നും അവരുടെ സ്ത്രീകൾ ഇവിടത്തെ ആദിമനിവാസികളായിരുന്നു. എന്നും ഈ പഠനത്തിലൂടെ വെളിവായി. ജാതിവ്യവസ്ഥ സൃഷ്ടിക്കാനും നിലനിർത്താനും ബ്രാഹ്മണർ സ്ത്രീകളെയാണ് ഉപയോഗിച്ചതെന്നും ഈ പഠനം കണ്ടെത്തി.

കേരളചരിത്രവും ജനിതകപഠനങ്ങളും

ജനിതകപഠനങ്ങളുടെ വെളിച്ചത്തിൽ കേരളചരിത്രാഖ്യാനങ്ങൾ പുനർവായനക്കു വിധേയമായികൊണ്ടിരിക്കുന്ന സന്ദർഭമാണിത്. കേരള ചരിത്രത്തെ സംബന്ധിച്ച് ജനിതകപഠനങ്ങളോടൊപ്പം സംഘ സാഹിത്യവും ശിലാലിഖിതങ്ങളും ഗോത്ര ജീവിത സംസ്കാരവും ഉൾപ്പെടെയുള്ള വിപുലമായ ഉപാദനങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്.

ലോകത്തുള്ള വിവിധ ജനവിഭാഗങ്ങളെ നിറം, ആകൃതി, പ്രകൃതം എന്നിവയുടെ അടിസ്ഥാനിത്തിൽ വ്യത്യസ്ത വംശവിഭാഗങ്ങളായി വർഗ്ഗീകരിച്ചത് കൊളോണിയൽനരവംശശാസ്ത്രജ്ഞന്മാരാണ്. യൂറോപ്യൻ മേൽക്കോയ്മയെ സാധൂകരിയ്ക്കുന്നതിനും നിലനിർത്തുന്നതിനും ജീവശാസ്ത്രപരമായി യാതൊരു അടിസ്ഥാനവുമില്ലാത്ത ഇത്തരം വംശീയ വർഗ്ഗീകരണങ്ങളെ അവർ പ്രയോജനപ്പെടുത്തി. വർണവിവേചനവും ആര്യൻവംശമാഹാത്മ്യസിദ്ധാന്തവും ഇതിന്റെ ഉപോൽപ്പന്നങ്ങളായി. ഇന്ത്യയിൽ നിലനിൽക്കുന്ന ചാതുർവർണ്യ സങ്കല്പത്തിനു പിന്നിലും പ്രാചീനമായ വംശശുദ്ധി ബോധമാണെന്നു കാണാം.

കോക്കസോയ്ഡ്, മംഗളോയ്ഡ്, നീഗ്രോയ്ഡ്, ആസ്ത്രലോയ്ഡ് തുടങ്ങിയ വംശീയ വിഭജനങ്ങൾക്ക് ജീവശാസ്ത്രപരമായ അടിസ്ഥാനമി ല്ലെന്നും തെളിയിച്ചത് ജനിതക പഠനങ്ങളാണ്. ജനസംഖ്യ-ജനിതക പഠനങ്ങളിൽ ഉപയോഗിക്കുന്ന സൂചികയനുസരിച്ച് FST (Fixation Index) 25 ശതമാനമായി അതിൽ കൂടുതലോ വന്നാൽ മാത്രമേ ഒരു വംശത്തെ ജീവശാസ്ത്രപരമായി നിർണ്ണയിക്കാനാകൂ. മേൽപ്പറഞ്ഞ വർഗ്ഗീകരണ ത്തിൽ ഉൾപ്പെടുന്ന സമൂഹങ്ങൾ തമ്മിൽ വംശീയ വ്യത്യാസങ്ങളല്ല സാദൃശ്യങ്ങളാണ് ഏറ്റവും കൂടുതൽ കണ്ടെത്തിയത്. ഇത്തരം പഠനങ്ങളും കണ്ടെത്തലുകളും ഉണ്ടായിക്കഴിഞ്ഞിട്ടും ചരിത്രഗ്രന്ഥങ്ങൾ, പാഠപുസ്തക ങ്ങൾ ഇവയൊന്നും മാറ്റത്തിനും വിധേയമായിട്ടില്ല ഇപ്പോഴും. പ്രാചീന കേരളചരിത്രം വംശീയ കുടിയേറ്റങ്ങളുടെ ചരിത്രമായാണ് ആഖ്യാനം ചെയ്യപ്പെട്ടത്. കേരള മഹാത്മ്യം, കേരളോത്പത്തി തുടങ്ങിയ കൃതികളേയും കെട്ടുകഥകളേയും മിത്തുകളേയും അടിസ്ഥാനമാക്കിയ ചരിത്രനിർമ്മിതിയായിരുന്നു ഇത്. കുടിയേറ്റ ചരിത്രം അനുസരിച്ച് ഉത്തരേന്ത്യയിൽനിന്ന് കുടിയേറിയ ആര്യന്മാരാണ് മലയാള ബ്രാഹ്മണരായ

നമ്പൂതിരിമാർ. മറ്റൊരു പ്രബല സമുദായമായ ഈഴവർ സിലോണിൽ നിന്നും കുടിയേറി. മുസ്ലീങ്ങൾ അറബികളുടെ സമ്പർക്കം കൊണ്ട് മതം മാറി ഉണ്ടായവരാണ്. ആര്യവംശീയരായ നമ്പൂതിരിമാരെ തോമശ്ലീഹ മതം മാറ്റിയുണ്ടായവ രാണ് സുറിയാനിക്രിസ്ത്യാനികൾ. കേരളത്തിലെ വ്യത്യസ്ത സമൂഹങ്ങളെ വ്യത്യസ്ത വംശീയകുടിയേറ്റകഥകൾ കൊണ്ട് അടയാളപ്പെടുത്തി വന്ന ചരിത്രരചനഅമ്പേ അബദ്ധമാണന്ന് ജനിതക പഠനങ്ങൾ തെളിയിയ്ക്കുന്നു.

ബ്രാഹ്മണരും ഗോത്രവർഗ്ഗക്കാരും ഉൾപ്പെടെയുള്ള കേരളത്തിന്റെ പൊതു സമൂഹം മൗലികമായി ദ്രാവിഡ ജനവർഗ്ഗമാണെന്ന് രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലെ ഗവേഷകർ കണ്ടെത്തുകയു ണ്ടായി. (സേതുരാമൻ, കെ, 2019:57) മൂന്ന് പ്രധാന ധാരകളായി പിൽക്കാലത്ത് ദ്രാവിഡസമൂഹം വേർപിരിഞ്ഞു. കാട്ടുനായ്ക്കർ, പണിയർ, അടിയർ എന്നിവർ ഒരു ജനിതക ഉപശാഖയിലും കുറുമർ, മലപണ്ടാരങ്ങൾ എന്നിവർ മറ്റൊരു ഉപശാഖയിലും ഉൾപ്പെടുന്നു. പൊതു സമൂഹത്തിന്റെയും ഗോത്രവിഭാഗങ്ങളുടെയും മധ്യത്തിലാണ് പുലയരുടെ നില. പുലയരെയും കാണിക്കാരെയും കേരളത്തിലെ മൂലജനവർഗ്ഗമായി പഠനം കാണുന്നു. കാടു വെട്ടിത്തെളിച്ച് കർഷകരായി മാറിയ ഗോത്രവർഗ്ഗക്കാർ സ്വകാര്യ ഭൂഉടമസ്ഥതയുടെ ഫലമായി ഭൂമി നഷ്ടപ്പെട്ട വരാകാമെന്ന് അനുമാനിക്കപ്പെടുന്നുണ്ട്.

മൂന്നാമത്തെ പ്രബലധാരയായ ദ്രാവിഡവിഭാഗത്തിൽ ഈഴവർ, നായർ, നമ്പൂതിരി, മലബാർ മുസ്ളീങ്ങൾ, സുറിയാനിക്രിസ്ത്യാനികൾ ഇവരെല്ലാമുൾപ്പെടുന്നു. കേരളത്തിലെ 90 ശതമാനം ജനങ്ങളും ഏക സമൂഹമായിരുന്നെന്നാണ് പഠനം ചൂണ്ടിക്കാട്ടുന്നത്. ഈഴവരിൽ നിന്നാകാം ഇതര ജാതിമതസമൂഹങ്ങൾ രൂപപ്പെട്ടത്. എന്നും കരുതപ്പെടുന്നു. കേരളത്തിലെ നമ്പൂതിരിമാർക്കും വടക്കേ ഇന്ത്യക്കാർക്കും തമ്മിലുള്ളത് നേരിയ ജനിതക ബന്ധം മാത്രമാണ്. വടക്കേ ഇന്ത്യക്കാർക്ക് ഇറാനികളും, പാക്കിസ്ഥാനികളുമായിട്ടാണ് ദൃഢമായ ജനിതക ബന്ധ മുള്ളത്. കേരളത്തിലെ ഇതരസമൂഹങ്ങളുമായി അടുത്ത ജനിതക ബന്ധം പുലർത്തുന്ന നമ്പൂതിരിമാർ വടക്കേ ഇന്ത്യൻ കുടിയേറ്റക്കാരല്ലെന്ന് സ്ഥാപിക്കപ്പെടുകയാണ്. ആര്യബ്രാഹ്മണ പൗരോഹിത്യം സ്വീകരിച്ച തദ്ദേശീയദ്രാവിഡസമൂഹമായാണ് നമ്പൂതിരിമാരെ ജനിതക പഠനങ്ങൾ സ്ഥാനപ്പെടുത്തുന്നത്.

പട്ടണവും ജനിതക പഠനവും

ഇന്നത്തെ ദലിത് – ആദിവാസി മുക്കുവ പിന്നോക്ക വിഭാഗത്തിന്റെ പൂർവികരിലൂടെ നിർമ്മിക്കപ്പെട്ട സംസ്കാരത്തിലേക്കും ചരിത്രത്തിലേയ്ക്കും പട്ടണം ഗവേഷണം വെളിച്ചംവീശുന്നു. പ്രമുഖ ചരിത്രകാരന്മാർ പെറുക്കിത്തീനികളുടെ സമൂഹമായി അവഗണിച്ച കാലഘട്ടമാണ് പുതിയ തെളിവുകളുടെ പിൻബലത്തിൽ ചരിത്രപുനരാഖ്യാനത്തിന് വിധേയ മാകുന്നത്. സംഘസാഹിത്യത്തെയും ശാസനങ്ങളെയും വസ്തു നിഷ്ഠമായി പഠിച്ചുകൊണ്ട് വ്യത്യസ്തമായ ചരിത്ര രചനയ്ക്ക് മലയാളത്തിൽ തുടക്കം കുറിച്ചത് ഇളംകുളംകുഞ്ഞൻപിള്ളയായിരുന്നു. സംഘകാലകൃതികൾ ഉയർന്ന സംസ്കാരവും നാഗരികതയും

പരിഷ്ക്കാരവുമുള്ള ജനതയെയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കൃഷിയും കൈത്തൊഴിലും മത്സ്യബന്ധനവും, വേട്ടയാടലും, വ്യാപാരവുമായി കഴിഞ്ഞ സമൂഹമാണ് സംഘംകൃതികളിലുള്ളത്. പട്ടണം പ്രദേശത്തെ ആർക്കിയോളജിക്കൽ ഖനനവും ജനിതകപഠനങ്ങളും അതിനെ ശരിവെയ്ക്കുന്നതാണ്. ബി.സി മൂന്നാം നൂറ്റാണ്ടു മുതൽ സി.ഇ മൂന്നാം നൂറ്റാണ്ടുവരെയുള്ള ചേരനാടിന്റെ നാഗരികതയുടെ തെളിവുകളാണ് പട്ടണ ഗവേഷണത്തിലൂടെ പുറത്തു വന്നതെന്ന് പുരാവസ്തു ശാസ്ത്രകാരനും ചരിത്രകാരനുമായ ഡോ. പി.ജെ. ചെറിയാൻ (ചെറിയാൻ, പി.ജെ.ഡോ, 2023) പറയുന്നു. പഴയതമിഴകത്തെ പ്രധാന പുരാവസ്തു സ്ഥാനങ്ങളായാണ് പട്ടണം, കീഴടി, കൊടുമണൽ പ്രദേശങ്ങളെ ചരിത്രകാരന്മാർ വിലയിരുത്തുന്നത്. കേരളത്തിലെ ഇന്നത്തെ പട്ടണം എന്ന പ്രദേശത്തിന് പഴയകാലത്ത് ചോള പാണ്ഡ്യ നാടുകളിലെ നിരവധി പുരാവസ്തു പ്രദേശങ്ങളുമായി സംസ്കാരിക ബന്ധമുണ്ടായിരുന്നു.

ആദിചേരന്മാരുടെ രാഷ്ട്രീയവ്യവസ്ഥയുമായുള്ള പട്ടണ പ്രദേശത്തിന്റെ ബന്ധം തെളിവുകളോടെ സ്ഥിരീകരിയ്ക്കപ്പെട്ടിട്ടുണ്ട്. സംഘകാലത്തിന്റെയും ചേരനാടിന്റെയും പ്രാചീനചരിത്ര തെളിവുകളാണവ. വികസിതമായ ലോഹസാങ്കേതികവിദ്യ അക്കാലത്തു ണ്ടായിരുന്നു. "ഇരുമ്പ്, ചെമ്പ്, ഈയം, സ്വർണം, വെള്ളി എന്നിവയുടെ വസ്തുക്കൾ മാത്രമല്ല അവയിൽ മിക്കതും ഉണ്ടാക്കുന്ന പണിശാലകളും ഇരുമ്പ്, ചെമ്പ്, ഈയം, സ്വർണം എന്നിവയുടെ ലോഹക്കട്ടികളും ലഭിച്ചു." (ചെറിയാൻ, പി.ജെ.ഡോ., 2023)

പ്രാചീന മുസരിസ് തുറമുഖത്തിന്റെ ഭാഗമായാണ് പട്ടണം പ്രദേശത്തെ പി.ജെ ചെറിയാനെപ്പോലുള്ള ചരിത്രകാരന്മാർ അടയാളപ്പെടുത്തുന്നത്. ലോക നാവിക ചരിത്രത്തിൽ നാലു നൂറ്റാണ്ടു കാലത്തോളം പ്രാമുഖ്യത്തോടെ നിലനിന്ന കേരളത്തിലെ പുരാതന തുറമുഖമാണ് മുസിരിസ്. കടൽവഴിയുള്ള ഇന്ത്യയുടെ തന്നെ ആദ്യകാല ഭൂഖണ്ഡാന്തര ബന്ധങ്ങളിൽ മുസിരിസ് മുന്നിൽ നിൽക്കുന്നു. വാണിജ്യപരവും സാംസ്കാരികവുമായ വിനിമയങ്ങൾ വിദൂരദേശങ്ങളുമായി കേരളം പ്രാചീനകാലത്തുതന്നെ നടത്തിപ്പോന്നതിന്റെ തെളിവുകൾ ഗ്രീക്ക്, റോമൻ, തമിഴ്, സംസ്കൃത ഭാഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പട്ടണത്തിൽ നിന്ന് ലഭ്യമായ ജനിതകാവശിഷ്ടങ്ങളുടെ പഠനം വികസിതനാഗരികതയെക്കുറിച്ചും ജനിതകകലർപ്പിനെക്കുറിച്ചുമുള്ള വിവരങ്ങൾ ശാസ്ത്രീയമാണെന്ന് സ്ഥിരീകരിക്കുന്നു. "മനുഷ്യന്റെ അസ്ഥികൂടങ്ങളിൽ നിന്നുള്ള ആദിമ ഡി. എൻ. എ ഫലങ്ങൾ ദക്ഷിണേഷ്യൻ പടിഞ്ഞാറൻ യൂറോപ്യൻ വംശജരുടെ സാന്നിദ്ധ്യം പട്ടണം ഗ്രാമത്തിൽ രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഉണ്ടായിരുന്നു എന്നു സ്ഥിരീകരിച്ചിരിക്കുന്നു" (ചെറിയാൻ, പി.ജെ.ഡോ., 2023)

ഉപസംഹാരം

ജനിതകപഠനങ്ങൾ ചരിത്രരചനയെ സാരമായി സ്വാധീനിച്ചു കഴിഞ്ഞിരിയ്ക്കുന്നു. മനുഷ്യർക്കിടയിലെ ബാഹ്യവൈജാത്യങ്ങൾ

ജനിതകപരമല്ലെന്നും സാംസ്കാരികമാണെന്നുമുള്ള കണ്ടെത്തൽ ഇതിൽ പ്രധാനമാണ്. ജാതിയെ ജീവശാസ്ത്രപരമായും വംശീയാടിസ്ഥാനത്തിലും ന്യായീകരിച്ചു പോരുന്ന നിലപാടുകൾക്ക് ഇതോടെ ഇളക്കം തട്ടുന്നു. ജാതിസ്വത്വത്തെ വംശീയമായി ഉറപ്പിക്കുന്നതരം ചരിത്രാഖ്യാനങ്ങളും പഠനങ്ങളും തള്ളിക്കളയാൻ ഇതു വഴിയൊരുക്കുന്നു. പ്രാചീനകേരളീയ സമൂഹത്തെക്കുറിച്ചുള്ള സാഹിതീയസൂചനകളും ഗ്രീക്ക്-റോമൻ രേഖകളും മാത്രമായിരുന്നു ആദ്യകാലത്തെ പ്രധാനചരിത്ര ഉപാദാനങ്ങൾ. എന്നാൽ പട്ടണം ഖനനത്തിന്റെ ഭാഗമായി മുസിരിസ് കാലത്തും സംഘകാലത്തുള്ള പുരാവസ്തു തെളിവുകൾ വൻതോതിൽ ലഭിയ്ക്കുകയുണ്ടായി. പുരാവസ്തുതെളിവുകളും ജനിതക പഠനങ്ങളും വിസ്തൃതമായ ഒരു സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ചുള്ള അറിവുകളിലേയ്ക്ക് ചരിത്രകാരന്മാരെ നയിക്കുന്നു. വംശപരവും ജാതിപരവും മേല്ക്കോയ്മാപരവുമായ സങ്കുചിതവൃത്തങ്ങളിൽനിന്ന് ചരിത്രാഖ്യാനങ്ങളെ രക്ഷിച്ചെടുക്കുന്നതിൽ ജനിതകഗവേഷണങ്ങൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണെന്നു കാണാം.

ഗ്രന്ഥസൂചി

1. അരവിന്ദൻ, കെ.പി., ഡോ.2019, മാനുഷരെല്ലാരുമൊന്നുപോലെ-
2. തന്മാത്രാജീവശാസ്ത്രം നല്കുന്ന തെളിവുകൾ, ലൂക്ക, സെപ്തംബർ 22.
3. അരവിന്ദൻ, കെ.പി., ഡോ.2019, മാനുഷരെല്ലാരുമൊന്നുപോലെ - മനുഷ്യപൂർവികരുടെ ചരിത്രം, ലൂക്ക, ആഗസ്റ്റ് 25.
4. മനോജ്, എം. ബി, ഡോ., 2021, ജാതിയും ജനിതക പഠനവും, അധികാരഭൂപടങ്ങൾ: മാറ്റിവരയും വായനയും, എഡി. ഡോ.കെ.പി.രവിചന്ദ്രൻ, മുദ്രബുക്സ്, ചേളാരി.
5. മാധവൻ, കെ.എസ്, ഡോ.2021, ചരിത്രം സാമൂഹികത അധികാരം, അധികാരഭൂപടങ്ങൾ: മാറ്റിവരയും വായനയും, എഡി. ഡോ.കെ. പി. രവിചന്ദ്രൻ, മുദ്രബുക്സ്, ചേളാരി.
6. വിലാസ് ഖരാട്ട്, പ്രൊഫ, 2018, എഡിറ്റോറിയൽനോട്ട്, ഇന്ത്യൻ ജാതിവ്യവസ്ഥയും സവർണ പ്രഷ്യൻ അധിനിവേശവും, മൈത്രി ബുക്സ്, തിരുവനന്തപുരം.
7. സേതുരാമൻ, കെ, 2019, മലയാളി ഒരു ജനിതകവായന, ഡി.സി.ബുക്സ്, കോട്ടയം.
8. ഡേവിഡ്റെയ്ഷ, 2019, മനുഷ്യവംശത്തിന്റെ ജനിതകവഴി, വിവ. ഡോ.എസ്.ബാലരാമ കൈമൾ, ഡി.സി.ബുക്സ്.കോട്ടയം.
9. ചെറിയാൻ, പി.ജെ, 2023, 'പട്ടണമഹാപെരുമയുടെ നാഗരികത', മനു അച്ചുതത്ത് (അഭിമുഖം) എഴുത്ത് ഓൺലൈൻ, ജൂൺ.

   http://ezhuthu.org/?m=202306

   http://luca.co.in/all-humans-are-equal-origin-of-human-part-2molecular-biology-and-evolution/

   http://luca.co.in/all-humans-are-equal-origin-of-human-part-1/

അർത്ഥശാസ്ത്രത്തിന്റെ സ്വാധീനം അധ്യാത്മരാമായണം കിളിപ്പാട്ടിൽ

ഡോ. മേഴ്സി. കെ. വി.

പ്രബന്ധസംഗ്രഹം

എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിൽ, അർത്ഥശാസ്ത്രത്തിന്റെ ഋണാത്മകവും ഗുണാത്മകവുമായ സ്വാധീനം എപ്രകാരമാണ് എന്ന അന്വേഷണമാണ് ഈ പ്രബന്ധം. കുടുംബം, സമൂഹം, ഭരണവ്യവസ്ഥ എന്നിവയിൽ മൂല്യത്തകർച്ച ആരോപിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തി ലാണ് അധ്യാത്മരാമായണം എഴുതപ്പെട്ടത്. ഒരു കവിയുടെ സാമൂഹ്യോത്തര വാദിത്വങ്ങൾ കൃത്യമായി പരാമർശിക്കപ്പെടുന്നതിന്, അർത്ഥശാസ്ത്ര സമീപനങ്ങൾ ഈ കൃതികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടാകാം.

താക്കോൽവാക്കുകൾ

പ്രകരണം, ദണ്ഡനീതി, യജനം, ശാസ്ത്രാജീവം, അനുശംസ്യം, കോശസ്ഥിതി, ആഹാര്യബുദ്ധി, ദാരങ്ങൾ, അന്തർഗൃഹം, ഭൂമിനന്ദന, വിജിഗീഷു

ആമുഖം

മനുഷ്യവർഗ്ഗം ഒരു സമൂഹമെന്ന നിലയിൽ നേടിയ വിജയം; പെറുക്കിത്തിന്നുള്ള ജീവിതം, ഗോത്രസമൂഹവികാസം എന്നിവയ്ക്കു ശേഷമുണ്ടായത് രാജഭരണവ്യവസ്ഥയാണ്. രാജാവ് എന്ന സങ്കല്പം നൂറ്റാണ്ടുകളിലൂടെ വികസിക്കുകയും ജനാധിപത്യയുഗത്തിലെ മനുഷ്യ നിൽപ്പോലും മിത്തുകളുടെ രൂപത്തിൽ മുദ്രിതമാക്കപ്പെടുകയും ചെയ്തു. ഗോത്രത്തലവൻ കയ്യാളിയ ഏകാധിപത്യസ്വഭാവമുള്ള ഭരണവ്യവസ്ഥ രാജാവിലേയ്ക്കു വികസിച്ചുവെന്നതാണ് നരവംശശാസ്ത്രജ്ഞരും മനഃ ശാസ്ത്രജ്ഞരും വിലയിരുത്തുന്നത്. വർണാശ്രമധർമത്തിലൂന്നിയ ഭാരതീയ തത്വചിന്തയിൽ രാജസങ്കല്പം വളർന്നു തിടംവച്ചതിന്റെ മുഖ്യനിദർശന മാണ് കൗടില്യന്റെ ''അർത്ഥശാസ്ത്രം''.

രാജാവിനെ കേന്ദ്രബിന്ദുവാക്കി വികസിച്ച അർത്ഥശാസ്ത്ര സങ്കൽപ്പങ്ങൾ ഇരുപതാംനൂറ്റാണ്ടിന്റെ മധ്യദശകംവരെ ഏറിയും കുറഞ്ഞും കേരളീയ സമൂഹത്തെ നിയന്ത്രിച്ചിരുന്നു. ഏതു ചിന്താധാരയെ പിന്തുടർന്നാലും കേരളീയകവനപാരമ്പര്യത്തിൽ രാജസങ്കല്പം മുഖ്യധാരയായി വർത്തിച്ചു. അവയിൽ പലപ്പോഴും അർത്ഥശാസ്ത്രത്തിലെ രാജസങ്കല്പം കലർന്നിരുന്നു. പതിനാറാം നൂറ്റാണ്ടിൽ വിദേശാധിപത്യത്താൽ വികലമാക്ക പ്പെട്ട രാജസമൂഹത്തോടും ഭരണീയരോടുമുള്ള പ്രതിഷേധമെന്ന നിലയിൽ, ഭക്തിമാർഗ്ഗത്തിന്റെ പശ്ചാത്തലത്തിൽ തുഞ്ചത്തെഴുത്തച്ഛന്റെ അധ്യാത്മ രാമായണം കിളിപ്പാട്ട് രൂപംകൊണ്ടു. തികച്ചും ഭാവനാത്മകമായ ഒരു

ഭക്തിപ്രസ്ഥാനകൃതിയിൽ, തത്വചിന്താവിഭാഗത്തിൽപ്പെടുന്ന അർത്ഥ ശാസ്ത്രത്തിലെ ആശയങ്ങൾ എപ്രകാരം പ്രത്യക്ഷപ്പെടുന്നു വെന്നാണ് ഈ പ്രബന്ധം ചർച്ചചെയ്യുന്നത്. അർത്ഥശാസ്ത്രാശയങ്ങളുടെ സ്വീകാര്യ നിരാസങ്ങൾ അധ്യാത്മരാമായണം കിളിപ്പാട്ടിൽ ചിത്രീകരിക്കപ്പെടുന്ന തെങ്ങനെയെന്ന് അപഗ്രഥനാത്മകമായി ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നു.

രാജസങ്കല്പം അർത്ഥശാസ്ത്രത്തിൽ

ചാതുർവർണ്ണ്യവ്യവസ്ഥയിൽ അധിഷ്ഠിതമായ സമൂഹത്തിൽ രാജാവിന്റെ കർത്തവ്യങ്ങളും ധർമങ്ങളും എന്തെല്ലാമാണെന്ന് അർത്ഥശാസ്ത്രത്തിലെ വിനയാധികാരപ്രകരണങ്ങളിൽ കൗടില്യൻ വിശദീകരിക്കുന്നു. രാജാവ് ഉൾപ്പെടുന്ന ക്ഷത്രിയവർഗ്ഗത്തിന്റെ ധർമ്മം, ദണ്ഡനീതിവിവരണം, ദൂതസ്വഭാവം, രാജപുത്രപത്നിമാരോടുള്ള സമീപനം എന്നിവ മാത്രം ഇവിടെ വിവരിക്കുന്നു..

ക്ഷത്രിയ/രാജധർമ്മം

വർണാശ്രമധർമ്മത്തിലധിഷ്ഠിതമായ സമൂഹത്തിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വ്യത്യസ്തവിഭാഗങ്ങൾക്ക് പൊതു വായ ധർമ്മങ്ങളാണ് കൗടില്യൻ ആദ്യം പരാമർശിക്കുന്നത്. ക്ഷത്രിയന്റെ സ്വധർമ്മങ്ങളിൽ അധ്യയനം, യജനം, ദാനം, ശാസ്ത്രാജീവം, പ്രാണി പാലനം എന്നിവ ഉൾപ്പെടുന്നു. ''അഹിംസ, സത്യം, ശൗചം, അനസൂയ, അനുശംസ്യം, ക്ഷമ എന്നിവ എല്ലാവർക്കും സാധാരണമായിട്ടുള്ള ധർമ്മങ്ങളാകുന്നു.''(4) സ്വധർമ്മം പാലിക്കുന്നവൻ സ്വർഗ്ഗസുഖവും നിത്യസുഖവും അനുഭവിക്കുമെന്നും സ്വധർമ്മപാലനം തെറ്റിച്ചാൽ സങ്കരം വന്ന് ലോകം നശിക്കുമെന്നും കൗടില്യൻ മുന്നറിയിപ്പു നൽകുന്നു.(5) പരസ്ത്രി, പരദ്രവ്യം, പരഹിംസ എന്നിവ ത്യജിക്കാൻ കൗടില്യൻ രാജാവിനോട് നിർദ്ദേശിക്കുന്നു.(6) അതോടൊപ്പം രാജാവിന് അലംഘ്യ മായ അതിരായി ആചാര്യന്മാരെയും അമാര്യന്മാരെയും കൽപ്പിക്കുന്നു.(7)

രാജാവും പ്രജകളും

''തീക്ഷ്ണമായ ദണ്ഡം ചെയ്യുന്ന രാജാവ് പ്രജകളുടെ വെറുപ്പിനു പാത്രമാകും.മൃദുവായ ദണ്ഡം ചെയ്യുന്നവനെ അവർ തിരസ്കരിക്കുകയും ചെയ്യും. അർഹതപോലെ ദണ്ഡം പ്രയോഗിക്കുന്നവൻ മാത്രമേ പൂജ്യമാകയുള്ളു. വേണ്ടതുപോലെ അറിഞ്ഞു പ്രയോഗിക്കുന്നതായാൽ പ്രജകളെ ധർമ്മാർത്ഥകാമങ്ങളോടിണക്കും''.(8) പ്രജകൾക്ക് വർണാശ്രമ ധർമ്മവ്യവസ്ഥ പ്രകാരം കഠിനവും മൃദുവുമായ ശിക്ഷാരീതികൾ, രാജാവിന്റെ കോശസ്ഥിതി ഭദ്രമാക്കാൻ പ്രജകളോട് പുലർത്തേണ്ട നയങ്ങളും തന്ത്രങ്ങളും തുടങ്ങിയ വിശദമായ പര്യാലോചനകളുടെ സമാഹാരമാണ് അർത്ഥശാസ്ത്രമെന്നു പറയാം.

രാജാവും ദൂതനും

ശത്രുസവിധത്തിൽ പ്രവേശിക്കുന്ന രാജദൂതൻ, ''പ്രാണാപായം വരുമെന്നു കണ്ടാൽക്കൂടിയും സ്വാമിശാസനത്തെ അദ്ദേഹം കൽപ്പിച്ചതു

പോലെ പറയുകയും വേണം''.(9) ദൂതവൃത്തി ചെയ്യുന്ന കാലയളവിൽ കർശനമായ ജീവിതചര്യകളും കൗടില്യൻ ദൂതന് നിർദ്ദേശിക്കുന്നു: താൻ ബലവാനാണെന്ന് അയാൾ ഭാവിക്കരുത്. പരരാജധാനിയിൽനിന്നുള്ള അനിഷ്ടവാക്യങ്ങളും പ്രയോഗങ്ങളും സഹിക്കണം. സ്ത്രീ സുഖവും മദ്യവും വർജ്ജിക്കണം ഏകനായുറ ങ്ങണം(10)

രാജാവും പുത്രനും

ഭാര്യാപുത്രന്മാരിൽനിന്ന് രാജാവിന് ആപത്തുണ്ടാകാൻ സാധ്യതയു ണ്ടെന്ന് നിരവധിതവണ കൗടില്യൻ പരാമർശിക്കുന്നു. രാജപുത്രന്മാരെ സ്വഭാവാടിസ്ഥാനത്തിൽ ബുദ്ധിമാൻ, ആഹാര്യബുദ്ധി, ദുർബുദ്ധി എന്നിങ്ങനെ മൂന്നായി വിഭജിക്കുന്നു. ധർമ്മാർത്ഥങ്ങളെ ധരിക്കുകയും അനുഷ്ഠിക്കു കയും ചെയ്യുന്നവൻ ബുദ്ധിമാൻ. ധർമ്മമമാർത്ഥങ്ങളെന്തെന്ന് അറിവു ണ്ടെങ്കിലും അതനുസരിച്ച് ജീവിക്കാത്തവൻ ആഹാര്യബുദ്ധി. ധർമ്മർത്ഥദ്വേഷിയും പരഹിംസ കനുമായവൻ ദുർബുദ്ധി.(12) ഒരുവൻ സദ്ബുദ്ധിയായിരുന്നിട്ടും, ''പിതാവ് സന്തോഷിക്കാതിരിക്കുകയും മറ്റൊരു പുത്രങ്കലോദാര ങ്ങളിലോ അധികം സ്നേഹിക്കുകയും ചെയ്യുന്നതായാൽ രാജപുത്രൻ അദ്ദേഹത്തോട് അരണ്യത്തിലേയ്ക്ക് പോകുവാൻ അനുവാദം ചോദിക്കണം.''(13)

രാജാവും പത്നിമാരും

രാജപത്നിയെ 'ദേവി' എന്നാണ് കൗടില്യൻ വിളിക്കുന്നത്. പല രാജപത്നിമാരും രാജാവിനെ കൊല്ലുകയോ രാജഹത്യയ്ക്ക് കൂട്ടുനിൽക്കു കയോ ചെയ്തിട്ടുള്ള സാഹചര്യങ്ങൾ മുൻനിർത്തി പത്നിമാരോടുള്ള സമീപനത്തിൽ കർശനമായ നിർദ്ദേശങ്ങൾ കൗടില്യൻ നൽകുന്നു. അബലകളെങ്കിലും പെട്ടെന്ന് പ്രലോഭിപ്പിക്ക പ്പെടാമെന്നിരിക്കെ ദേവിമാരെ കർശനബന്തവസ്സിൽ സൂക്ഷിക്കാനും അവരോട് കഠിനമായി പെരുമാറാനും കൗടില്യൻ നിർദ്ദേശിക്കുന്നു. ''അന്തർഗൃഹത്തിൽവെച്ചു വൃദ്ധയായ പരിചാരിക പരിശോധിച്ചതിനു ശേഷം വേണം രാജാവ് ദേവിയെക്കാ ണുവാൻ. ഒരു ദേവിയെയും രാജാവ് അങ്ങോട്ടുചെന്ന് കാണരുത്.''(14)

അധ്യാത്മരാമായണം കിളിപ്പാട്ടിലെ രാജസങ്കല്പം

വൈദേശികാധിപത്യം, മതനിന്ദ, രാജാക്കന്മാരുടെ പരസ്പര കലഹം, വികലമായ വൈവാഹിക (സംബന്ധം) നിയമങ്ങൾ തുടങ്ങി തകർന്ന ഒരു സമൂഹത്തിന്റെ പുനരുദ്ധാരണമാണ് അധ്യാത്മ രാമായണം ലക്ഷ്യം വയ്ക്കുന്നത്. മാതൃകാപുത്രൻ, ഭർത്താവ്, സഹോദരൻ, രാജാവ് എന്നീ തലങ്ങളിലാണ് അധ്യാത്മരാമായണം കിളിപ്പാട്ടിലെ കേന്ദ്ര കഥാപാത്രമായ ശ്രീരാമനെ എഴുത്തച്ഛൻ അവതരിപ്പിക്കുന്നത്. അതുകൊണ്ട്, അർത്ഥശാസ്ത്രപരികല്പനകൾ ഉൾച്ചേരുമ്പോഴും, അതിനപ്പുറം, തകർന്ന ഒരു സമൂഹത്തിനെ പുനരുദ്ധരിക്കാൻപോന്ന മൂല്യബോധത്തിന്റെ ശക്തമായ വക്താവാ യിരുന്നു, തുഞ്ചത്തെഴുത്തച്ഛന്റെ രാമൻ.

''താതാർത്ഥമായിട്ടു ജീവനെത്തന്നെയും
മാതാവുതന്നെയും സീതയെത്തന്നെയും

ഞാനുപേക്ഷിപ്പൗതിനില്ല സംശയം
മാനസേ വേദമെനിക്കില്ലതിനേതും''(15)

താതശുശ്രൂഷയ്ക്കു മുൻപിൽ രാജ്യം പോലും അദ്ദേഹം ഗണ്യമായി കരുതുന്നില്ല. പ്രജകൾക്കെല്ലാം മൂത്തപുത്രൻ പ്രിയങ്കര നാണെന്ന് തിരിച്ചറിഞ്ഞിട്ടാണ്, ദശരഥൻ രാമപട്ടാഭിഷേകം നടത്താൻ നിശ്ചയിക്കുന്നത്. ഭക്തിപ്രസ്ഥാനകവിതയുടെ മുഖ്യോദ്ദേശ്യം അസുരവം ശാന്തകനായ സാക്ഷാൽ മഹാവിഷ്ണുവിന്റെ മനുഷ്യാവതാരവർണ്ണ നയാണ്. അതുകൊണ്ട് അവതാരപുരുഷന് രാജാവെന്ന അവസ്ഥ മുഖ്യമാവാൻ തരമില്ല. ഗുരുവായ വസിഷ്ഠനെ വന്ദിച്ച്, രാമാഭിഷേകം നടത്താൻ തീരുമാനിക്കുന്ന ദശരഥൻ, കൈകേയിയുടെ വരപ്രാർത്ഥ നയിൽ സ്തബ്ധനാകുന്നു. അത്തരുണത്തിൽ, ''ദണ്ഡമത്രയും രാജ്യഭാരം വഹിപ്പതു,(16) എന്നുപറഞ്ഞ് പിതാവിനെയും, ഭരതൻ നാടും താൻ കാടും വാഴാൻ മതിയാകുമെന്ന് നിശ്ചയിച്ച്,

''ഓർക്കിലീ രാജ്യഭാരം വഹിക്കുന്നതിൽ
സൗഖ്യമേറും വനത്തിങ്കൽ വാണിടുവാൻ''(17)

എന്ന് മാതാക്കളെയും അദ്ദേഹം ആശ്വസിപ്പിക്കുന്നു. അച്ഛനെ തടവിലാക്കി, ജ്യേഷ്ഠന് രാജ്യം നൽകുമെന്ന് വാശിപിടിക്കുന്ന ലക്ഷ്മണനെ,

''ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലെ തത്പ്രയാസം തവ
യുക്തമതല്ലയ്ക്കിലെന്തതിനാൽഫലം?''(18)

എന്നു പറഞ്ഞ് രാമൻ അടക്കുന്നുണ്ട്. അധികാരമോഹത്തിന് മിതത്വവും അതിരുകളും കൽപ്പിക്കുകയും, വ്യക്തിബന്ധങ്ങൾക്കും കുടുംബത്തിനും അമിതപ്രാധാന്യം നൽകുകയുംവഴി, സ്വേച്ഛാചാരിത്വം ഉയർത്തുന്ന അധികാര തന്ത്രങ്ങളെ എഴുത്തച്ഛൻ തള്ളിപ്പറയുന്നു.

രാജ്യലാഭം, അധികാരം എന്നിവയോട് രാമന്റെ നിലപാടുകൾ എന്തുതന്നെയായാലും, ഉചിതസമയത്ത് രാജകർത്തവ്യങ്ങൾ, പ്രജാരക്ഷണം ആദിയായവ അദ്ദേഹം കൃത്യമായി നിറവേറ്റുന്നുണ്ട്. വിശ്വാമിത്രമഹർഷി യുടെ നിർദ്ദേശപ്രകാരം താടകയെ വധിക്കുന്നതും അഹല്യയ്ക്കു പുതുജീവിതം പ്രധാനം ചെയ്യുന്നതും നിദർശനങ്ങളാണ്. വനവാസ കാലത്തെ നിരവധി ഹത്യകളും അവയുടെ പൂർണ്ണതയായ രാവണവധവും ഇതേ പ്രജാരക്ഷണത്തിന്റെ ഭാഗമായി വ്യാഖ്യാനിക്കാം. രാമന്റെ രാജ്യഭാരഫലം അദ്ദേഹം ലോകോത്തരനായ രാജാവാണെന്ന് തെളിയി ക്കുന്നു:

''നന്ദനന്മാരെപ്പിതാവു രക്ഷിക്കുന്ന
വണ്ണം പ്രജകളെ രക്ഷിച്ചു രാഘവൻ
സാകേതവാസികളായ ജനങ്ങൾക്കു

ലോകാന്തരസുഖമെന്തോന്നിതിൽപ്പരം?
വൈകുണ്ഠലോകഭോഗത്തിനു തുല്യമായ്
ശോകമോഹങ്ങളകന്നു മേവീടിനാർ''(19)

രാജാവും രാജപത്നിയും

''ഉണ്ടോ പുരുഷൻ പ്രകൃതിയെ വേറിട്ടു
രണ്ടുമോന്നത്രേ വിചാരിച്ചുകാൺകിലോ,''(20)

എന്ന് നിസ്സംശയം പറയുന്ന തുഞ്ചത്തെഴുത്തച്ഛൻ സ്ത്രീപുരുഷ ബന്ധത്തിന്റെ മഹനീയത വാഴ്ത്തിപ്പാടുന്നു. ഭക്തിയുടെ പാരമ്യത്തിൽ പോലും സ്ത്രീപുരുഷലൈംഗികതയെ ആചാര്യൻ നിഷേധിക്കുന്നില്ല. താടകയെ വധിക്കുകയും അഹല്യയ്ക്ക് മോക്ഷം നൽകുകയും ചെയ്ത ശേഷമാണ് രാമൻ സീതാപരിണയം ചെയ്തത്. ചമഞ്ഞൊരുങ്ങി, രാമസവിധത്തിൽ എത്തുന്ന സീത,

''..... നേത്രാല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർഥമാലയുമിട്ടീടിനാൾ''(21)
എന്നാണ് വർണ്ണിക്കപ്പെടുന്നത്.
''ഭൂമിനന്ദയ്ക്കനുരൂപനായ് ശോഭിച്ചിടും
ഭൂമിപാലകബാലൻ''(22)

എന്ന് രാമനെ വർണ്ണിക്കുമ്പോൾ, ഭാര്യഭർത്താക്കന്മാർക്ക് പ്രായം, ശാരീരികാനുപാതം, കുലമഹിമ തുടങ്ങിയവയിൽ അനുരൂപത്വം വേണമെന്ന് എഴുത്തച്ഛൻ ആഗ്രഹിക്കുന്നു. ഇത്തരം അനുരൂപമായ വധൂവരന്മാർ പിരിയരുതെന്നും ഏകമനസ്സായി ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കണമെന്നും എഴുത്തച്ഛൻ നിർദ്ദേശിക്കുന്നു. പരാതിയൊന്നു മില്ലാതെ വൽക്കലം ധരിച്ച്,രാമനൊപ്പം വനവാസത്തിനു പുറപ്പെടുന്ന സീത ഏറ്റവും നല്ല നിദർശനമാണ്.

അശോകവനികയിൽ തന്നെ പ്രലോഭിപ്പിക്കാൻ എത്തിയ രാവണനോട് സീത പറയുന്ന വാക്കുകൾ ഭാര്യാഭർത്താക്കന്മാർ സമത്വം സൂക്ഷിക്കുന്ന സാഹചര്യത്തിൽ വധുവാർജ്ജിക്കുന്ന സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമാണ്:

''സവിത്യകുലകനിലതീവഭീത്യാഭവാൻ
സന്ന്യാസിയായ് വന്നിരുവരും കാണാതെ
സഭയമതിവിനയമൊടു ശുനീവഹവിരധരേ
സാഹസത്തോടു മാം കട്ടുകൊണ്ടീലയോ?
ദശവദന ! സുദുഷ്ടമനുചിതമിതു നിനയ്ക്ക നീ
തൽഫലം നീ താനനുഭവിക്കും ദൃഢം''(23)

വിജിഗീഷുമായി രാവണവധാനന്തരം പുഷ്പകവിമാനത്തി ലേറി, മടങ്ങുന്ന രാമൻ, സീയെത്തേടി, താനലഞ്ഞ പ്രദേശങ്ങൾ അവളെ പരിജയപെടുത്തുന്നു. യാത്രാമധ്യേ കപിരാജധാനിയിലെ ദീർഘവിരഹിണി കളായ വധുക്കളെക്കൂടി രാമാഭിഷേകച്ചടങ്ങിലേയ്ക്കും ക്ഷണിക്കാൻ സീത രാമനോട് ആവശ്യപ്പെടുന്നു. രാമന്റെ ആജ്ഞപ്രകാരം ഭർത്താക്ക ന്മാരോടൊപ്പം അവരും പുഷ്പകവിമാനത്തിലേറുന്നു. ഭാര്യാഭർത്തൃ ബന്ധത്തിലെ തുറവിയും ഹൃദ്യതയും ഈ വസ്തുതകൾ വെളിപ്പെടു ത്തുന്നു.

അർത്ഥശാസ്ത്ര അധിനിവേശങ്ങൾ അധ്യാത്മരാമായണത്തിൽ

അർത്ഥശാസ്ത്രത്തിലെ പല ആശയങ്ങളും എഴുത്തച്ഛൻ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തിട്ടുണ്ട്. ഇത്തരം സ്വീകാര്യ നിരാകരണങ്ങളുടെ വിശകലനമാണ് താഴെ കൊടുക്കുന്നത്.

1. ഉത്തമ സമൂഹനീതിയുടെ നിദർശനമായ രാമരാജ്യം രാമന്റെ സാമ്രാജ്യത്തിൽ വർണ്ണാശ്രമധർമ്മങ്ങൾ കൃത്യമായി പാലിക്കപ്പെ ടുന്നു.
2. തീക്ഷ്ണ/മൃദുദണ്ഡനമല്ലാതെ ഉചിതദണ്ഡനീതി പുലർത്തുന്ന ഉത്തമനായ രാജാവായി രാമൻ പ്രത്യക്ഷപ്പെടുന്നു.
3. പരസ്ത്രീ, പരദ്രവ്യം എന്നീ വ്യവഹാരങ്ങളിലേർപ്പെടാത്ത ശ്രീരാമൻ, അധർമ്മനാശത്തിനും ധർമ്മസംസ്ഥാപനത്തിനുമായി മാത്രം ഹിംസ ചെയ്യുന്നു.
4. ആചാര്യന്മാർ അങ്ങേയറ്റം മാനിക്കപ്പെടുന്നു. രാമദശരഥന്മാർ വസിഷ്ഠനെയും വിശ്വാമിത്രനെയും പൂജിക്കുന്നു. വനവാസ കാലത്ത് താൻ സന്ദർശിച്ച സന്യാസിമാരെ തന്റെ മടക്കയാത്രയിൽ പൂജിക്കാൻ രാമൻ മടിക്കുന്നില്ല.
5. ദശരഥന് സുമന്ത്രർ മന്ത്രിയുടെ ഉപദേശം ഏറ്റവും സ്വീകാര്യ മാണ്.
6. രാമദൂതന്മാർ ബ്രഹ്മചര്യം ദീക്ഷിക്കുന്നുണ്ട്. കിഷ്കിന്ധയിൽ സുഗ്രീവനരികിലേയ്ക്ക് അയക്കപ്പെട്ട ലക്ഷ്മണനും രാവണന്റെ കോട്ടയിൽ പ്രവേശിച്ച ഹനുമാനും നിദർശനങ്ങൾ.
7. സദ്ബുദ്ധിയായ പുത്രനെ ഭാര്യാനിർദ്ദേശത്താൽ വനത്തിലേയ്ക്കു അയക്കുന്ന ദശരഥൻ അർത്ഥശാസ്ത്രനിയമത്തെ വ്യാവർത്തിപ്പി ക്കുന്നു. കൈകേയി പറഞ്ഞതിനാൽ വനവാസം തിരഞ്ഞെടു ക്കുന്ന രാമൻ, പിതാവിന്റെ അന്യാദാര/പുത്രസ്നേഹത്തെ ധിക്കരിക്കാൻ, സ്വയം കാനനവാസം തിരഞ്ഞെടുക്കാത്തതിനാൽ മഹത്വവൽക്കരിക്ക പ്പെടുന്നു.

അർത്ഥശാസ്ത്രനിരാസങ്ങൾ അധ്യാത്മരാമായണത്തിൽ

ഭാര്യഭർത്തൃബന്ധത്തിന്റെ യാന്ത്രികതയും ഭോഗതല്പരതയും മുൻനിർത്തുന്ന അർത്ഥശാസ്ത്രസമീപനം തുഞ്ചത്താചാര്യൻ പൂർണ്ണ മായും നിരാകരിക്കുന്നു. ഭാര്യാഹിതമനുവർത്തിക്കുന്ന പുരുഷൻ, ഭർത്താവിനെ

പ്രണയിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഭാര്യ എന്ന സമീപനം സ്വീകരിച്ചതുവഴി, സ്ത്രീയെ അടിച്ചമർത്തുന്ന അർത്ഥശാസ്ത്ര സങ്കൽപ്പങ്ങളെ എഴുത്തച്ഛൻ നിരാകരിച്ചു.

ഉപസംഹാരം

അക്കാലത്തെ നിഷ്ഫലദാമ്പത്യബന്ധങ്ങളെ ശുദ്ധീകരിച്ച്, കുടുംബങ്ങളുടെ കെട്ടുറപ്പ് ഉറപ്പുവരുത്തുകയായിരുന്നു, അധ്യാത്മരാമായത്തിന്റെ രചനാലക്ഷ്യമെന്നു പറയുന്നതിൽ തെറ്റില്ല. വിവേകിയായ എഴുത്തുകാരൻ പൂർവ്വകാലസമൂഹസങ്കൽപ്പങ്ങളെ തൽക്കാലസമൂഹത്തിന് ഉപദേശമോ മാതൃകയോ ആയി പരിവർത്തിപ്പിക്കും. അത്തരം കാലാതിവർത്തിയായ സമീപനമാണ് തുഞ്ചത്തെഴുത്തച്ഛൻ അധ്യാത്മരാമായണം കിളിപ്പാട്ടിൽ നിർവഹിച്ചിട്ടുള്ളത്.

കുറിപ്പുകൾ

1. കൗടില്യന്റെ അർത്ഥശാസ്ത്രത്തിലെ വിനയാധികാരത്തിൽ മൂന്നാം അധ്യായം പുറം : 38.
2. അർത്ഥശാസ്ത്രം പുറം : 38.
3. അർത്ഥശാസ്ത്രം രാജർഷിവൃത്തം ഏഴാം അധ്യായം പുറം : 42.
4. അർത്ഥശാസ്ത്രം പുറം :43.
5. അർത്ഥശാസ്ത്രം വാർത്താദണ്ഡനീതിയോജന പുറം : 39.
6. അർത്ഥശാസ്ത്രം പന്ത്രണ്ടാം പ്രകരണത്തിലെ ദൂതപണിധി പതിനാറാം അധ്യായം പുറം : 61.
7. അർത്ഥശാസ്ത്രം പുറം :61
8. അർത്ഥശാസ്ത്രം പതിമൂന്നാം പ്രകരണം രാജപുത്രരക്ഷണം പതിനേഴാം അധ്യായം പുറം :63
9. അർത്ഥശാസ്ത്രം പുറം : 65
10. അർത്ഥശാസ്ത്രം പതിനാലാം പ്രകരണം അവരുദ്ധവൃത്തം പതിനെട്ടാം അധ്യായം പുറം : 66
11. അർത്ഥശാസ്ത്രം പതിനേഴാം പ്രകരണം നിശാന്തപ്രണിധി ഇരുപതാം അധ്യായം പുറം : 71
12. അധ്യാത്മരാമായണം പുറം :140
13. അധ്യാത്മരാമായണം പുറം :142
14. അധ്യാത്മരാമായണം പുറം :144
15. അധ്യാത്മരാമായണം പുറം :148
16. അധ്യാത്മരാമായണം പുറം :718
17. അധ്യാത്മരാമായണം പുറം :162
18. അധ്യാത്മരാമായണം പുറം :82

19. അധ്യാത്മരാമായണം പുറം :82
20. അധ്യാത്മരാമായണം പുറം :449
21. അധ്യാത്മരാമായണം പുറം :692-693

സഹായകഗ്രന്ഥങ്ങൾ

1. അച്യുതമേനോൻ ചേലനാട്ട് ഡോ. (പരിഭാഷ: ഡോ.എം ലീലാവതി), എഴുത്തച്ഛനും കാലവും, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം, ഏപ്രിൽ 2000.
2. കുട്ടികൃഷ്ണമാരാർ, രാജാങ്കണം പബ്ലിഷർ: പി.കെ ബ്രദേഴ്സ്, കോഴിക്കോട്-1, 1967 നവംബർ.
3. കൗടില്യൻ, അർത്ഥശാസ്ത്രം (വിവ:കെ.വി.എം.), കേരളസാഹിത്യ അക്കാദമി, തൃശൂർ, ആദ്യപ്രസിദ്ധീകരണം: 1935, ആദ്യ അക്കാദമിപതിപ്പ്: 1961, സഹായകഗ്രന്ഥത്തിന്റെ പതിപ്പ്: എട്ടാം അക്കാദമി പതിപ്പ് 2024.
4. തുഞ്ചത്തെഴുത്തച്ഛൻ, അധ്യാത്മരാമായണം കിളിപ്പാട്ട്, (പഠനവ്യാഖ്യാനം പ്രൊഫ.എം.കെ.സാനു), മാതൃഭൂമി ബുക്സ്.
5. ദാമോദർ ധർമ്മാനന്ദ് കൊസാംബി മിത്തും യാഥാർത്ഥ്യവും (വിവ: ഭാസുരേന്ദ്ര ബാബു), പുസ്തകപ്രസാദകസംഘം, ആദ്യപ്പതിപ്പ് 1988, 1st Science Edition February 2020.
6. മോർഗൻ ഹെൻറി ലെവിസ്, പ്രാചീന മനുഷ്യ സമൂഹം വാല്യം 1, (വിവ:ജി.ജയൻ), ഇന്ത്യൻ ഏതിസ്റ്റ് പബ്ലിഷേഴ്സ്, ന്യൂഡൽഹി, 1990 ജനുവരി.
7. രാഹുൽ സാംകൃത്യായൻ, സാമൂഹ്യരേഖ, മണലിക്കര കെ.വി.പ്രസ്സ് & പബ്ലിഷിംഗ് ഹൗസ് 1/2/1954.
8. രാഹുൽ സാംകൃത്യായൻ,വോൾഗ മുതൽ ഗംഗവരെ(വിവ:.ഇ.കെ.ദിവാകരൻ പോറ്റി), ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, ആദ്യപതിപ്പ്: സെപ്റ്റംബർ 1975, പതിനൊന്നാംപതിപ്പ്: 2011 മാർച്ച്.
9. ശിരോമണി ദേശമംഗലത്ത് രാമവാരിയർ,മാതൃഭൂമി ആഴ്ചപ്പതിപ്പ്,രാമായണ സംബന്ധിയായ ലേഖനം, മാർച്ച് 3,1940.

തിരുവിതാംകൂർ സ്ഥലപുരാണം
പാഠസംസ്കരണം

ഡോ. സൈനബ എം.

പ്രബന്ധസംഗ്രഹം

കേരള സർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്സ് ലൈബ്രറിയിലെ മലയാളം കാറ്റലോഗ് പ്രകാരം ഗ്രന്ഥ നമ്പർ 17778-ഇ ശ്രീപത്മനാഭസ്വാമി ക്ഷേത്രചരിത്രം എന്ന ഗ്രന്ഥവരിയുടെ പാഠസംസ്കാരണമാണിത്. 1957-ൽ കൊല്ലംകോട് വെൺ മാറനല്ലൂർ മഠത്തിൽ നിന്നുമാണ് പ്രസ്തുത ഗ്രന്ഥം സ്ഥാപനത്തിന് ലഭിച്ചത്. അപൂർണ്ണമായ ഈ താളിയോലപകർപ്പിന്റെ ലഭ്യമായ 7 ഓലകളുടെ പാഠസംസ്കരണമാണ് ഇവിടെ പ്രസിദ്ധീകരി ക്കുന്നത്.

താക്കോൽവാക്കുകൾ

ശ്രീപത്മനാഭസ്വാമി ക്ഷേത്രചരിത്രം, തിരുവിതാംകൂർചരിത്രം, ബാലരാമപുരം ചരിത്രം.

ഗ്രന്ഥനമ്പർ : 17778.E

പരദേവതയായി ഇരിക്കുന്ന കൃഷ്ണസ്വാമിയെ അവിടെ പ്രത്യക്ഷമായിട്ടും പിന്നെ അനന്തശായിയിട്ടും കാണുകകൊണ്ട് ഇവിടെ ഈ അനന്തൻകാട്ടിൽ അനന്തശായിയായി ഇരിക്കുന്ന വിഷ്ണുവിനെ നവീകരണം ചെയ്തു പ്രതിഷ്ഠിക്കണമെന്ന് വിചാരിച്ചു മുമ്പേയുള്ള ക്ഷേത്രത്തുങ്കലെ സംബന്ധികൾ ആയിരിക്കുന്ന പോറ്റി മാരോടുംചെന്നു ക്ഷേത്രം പണിയിച്ചു. ഇരിപ്പമരത്തിന്റെ കാതൽകൊണ്ട് ബിംബങ്ങളൊ ണ്ടാക്കി പ്രതിഷ്ഠിച്ചു. പൂജ മുതലായുള്ള അടിയന്തരങ്ങളും തുടങ്ങിച്ചു. ക്ഷേത്രം പുഷ്ടി വരുത്തുകയും പുഷ്പാഞ്ജലി ചെയ്ത് പാർക്കാൻ തങ്ങൾക്ക് മഠം ഉണ്ടാക്കിക്കയും ചെയ്തു. അതിനായി പല ബ്രാഹ്മണാലയം മുതലായതു തീർത്തു.

തിരുവിതാംകൂർ രാജ്യത്തിൽ അനന്തശയനാപുരംമെന്നും ശ്രീപത്മനാഭക്ഷേത്രമെന്നും പേരോടുകൂടി പ്രമാണപ്പെട്ട സ്ഥലമായിട്ടു തീർന്നു. ഈ ക്ഷേത്രത്തെക്കുറിച്ചും ദിവാകര സന്യാസിയുടെ മഹത്വത്തെക്കുറിച്ചും വർണിച്ച സ്ഥലപുരാണം പ്രസിദ്ധമായി..... ത്തെ കൊല്ലവത്സരമറിയുന്നതിന് മുരാരി എന്നു സംസ്കൃതനാമത്തെ ചെയ്ത വിദ്വാന്മാർ പറയുന്നു. സ്വാമിയാർ ക്ഷേത്രം പണിയുന്നതിന് വളരെക്കാലം മുമ്പിലും അനാദിയായ ഈ ക്ഷേത്രത്തിൽ പുത്തനായിട്ട് രണ്ടു തവണ മഹത്തുക്കൾ ക്ഷേത്രം പണിയിച്ചെന്നും അതു ജീർണ്ണം ഭവിച്ച് കാടുകേറിപ്പോയെന്നും പഴമക്കാരുടെ വചന പരമ്പരയുണ്ട്. ഇവിടെ ഈ ക്ഷേത്രോത്പത്തി പ്രസംഗം തിരുവനന്തപുരത്തെ രാജധാനി ഉണ്ടാകുന്നതിന്

കാരണമാറിവാൻ ഉപയോഗപ്പെടുന്നതാകകൊണ്ട് ഈ തിരുവിതാംകൂർ ചരിത്രത്തിൽ അൽപ്പമായിട്ടു എഴുതുന്നു. ഒന്നാം ഖണ്ഡം സമാപ്തം.

.....പെട്ടു. ക്ഷത്രിയ മഹാരാജാവ് ചേരമാൻപെരുമാളുടെ മൂന്നാമത്തെ ഭാര്യയിൽ വീരകേരളം എന്ന നാമധേയത്തോടുകൂടെ ഒരു പുത്രനുണ്ടായി.... കലിയുഗം തുടങ്ങി 12-ആം സംവത്സരത്തിൽ ഒരിക്കൽ ചേരമാൻപെരുമാൾ തൃക്കുന്നപ്പുഴെ എഴുന്നള്ളി ഇരിക്കുന്ന സമയം യോഗ്യതയും സ്വഭാവഗുണങ്ങളും അറിഞ്ഞ് സന്തോഷത്തോടുകൂടെ തങ്ങൾക്ക് അധീനമായിട്ടുള്ള ഏതാനും രാജ്യത്തെയും രണ്ടു രാജ്യധാനികളെയും അയച്ചു. പുരുഷദാനവും പത്മഗർഭവും ചെയ്ത് കിടംവരിച്ചു. കുലശേഖര പെരുമാളായി വാഴുക എന്നും കൽപ്പിച്ചു. അന്നത്തെ കലിസംവത്സരം രാജ്യത്ത്...

പ്രദേശങ്ങളെ അതിനു മുമ്പിൽ ചില ഇടപ്രഭുക്കന്മാർ ചേരമാൻപെരുമാളുടെ അനുവാദത്തോടുകൂടി ഭരിച്ചു. കരം കൊടുത്തി രുന്നു. ആ രാജ്യത്തിന്റെ അതിർത്തി കിഴക്ക്..... വടക്ക് ഇടവപൊഴിയും ആകുന്നു. രാജധാനിയിൽ ഒന്ന് വേണുകാനനം എന്ന സംസ്കൃതനാമവും വേണാട്ടുകരയെന്നും നെയ്യാറ്റിൻകരയെന്നും..... ഉണ്ടായിരുന്നു. മറ്റേ രാജധാനി ശ്രീവിദ്യാഗോഷ്ടയെന്ന് സംസ്കൃതനാമവും തിരുവിതാംകോട് എന്ന് ഭാഷാനാമവും ആകുന്നു..... സ്വരൂപത്തിങ്കൽ മര്യാദയായതുകൊണ്ട് തൃപ്പാദസ്വരൂപമെന്നും പറയുന്നു. വീരകേരളം എന്ന് നാമ.... ഒടുക്കത്തെ അനുജനെയും അടുത്ത അനുജനോടും കൂടി തിരുവിതാംകോട്ട് എഴുന്നള്ളി ഇരണി..... തിരുവനന്തപുരത്ത് വെച്ച് ആദ്യം തുലാഭാരത്തുങ്കൽ നവരത്നങ്ങളോടുകൂടെ സ്വർണ്ണംകൊണ്ട് പ്രതിമ ഉണ്ടാക്കി കഴിച്ചു..... കുലശേഖരപെരുമാൾ എന്ന പ്രസിദ്ധിയെ ആദ്യം ലഭിച്ചു. പിന്നെ ആ രണ്ട് പെൺ..... മുമ്പിലത്തേതിൽ ആദ്യം..... മൂന്നു രാജാക്കന്മാർ ഉത്ഭവിച്ചു. രണ്ടാം പെൺവഴിയിൽ രണ്ടു രാജാക്കന്മാർ ഉണ്ടായി. അതിൽ പ്രഥമപുത്രന് ഇളമുറ സ്ഥാനം വന്നപ്പോൾ കാട് വെട്ടിതെളിച്ച് നാടാക്കി ജനമധ്യത്തുങ്കൽ കണ്ടുകിട്ടിയ വിശേഷമായ ഒരു ബിംബത്തെയും പ്രതിഷ്ഠിച്ച് അവിടെ ഒരു രാജധാനിയും ഉണ്ടാക്കി.... കുടിയിരിപ്പായി പാർപ്പിച്ചു. അത് മൂന്നാമത്തെ രാജധാനി ആയിട്ട് തീർന്നു. ആ രാജാവിന് മൂപ്പു മുറ വന്നതിന്റെ ശേഷം തിരുവിതാംകൂട്ട് വംശത്തുങ്കൽ ആദ്യ രാജാക്കന്മാർ ഉൽഭവിച്ചു. മരുമക്ക വഴിയായിട്ട് രാജ്യത്തെ രക്ഷിച്ചു. 300 ആം സംവത്സരത്തിൽ...

കിഴക്ക് നാഞ്ചനാട് മുതലായ പ്രദേശങ്ങൾ പാണ്ഡ്യരാജാവിന്റെ അധീനത്തിൽ നാഞ്ചിക്കുറവനും മറ്റും ചില ഇട പ്രഭുക്കന്മാർക്കും സ്വാധീനം ഉണ്ടായിരുന്നു. അത് ഓരോ നിമിത്തം. യുദ്ധം ചെയ്ത കൊല്ലം 292 ആം സംവത്സരത്തിൽ തിരുവിതാംകൂറിലേക്ക് കേറിയിരിക്കുന്നു. പിന്നെ കൊല്ലം 479 മാണ്ട് വേണാട്ടുകരെ പെൺവഴിത്തമ്പുരാക്കന്മാർ ക്ഷയിച്ചു സന്തതിയില്ലാതെ തീരുകയും മാടത്തും കൂറ്റിലതിനു മുമ്പിൽത്തന്നെ സന്തതി ക്ഷയിച്ചുപോയിരിക്കുന്നു.

ന്റെ കൂറായി മൂന്നും കൽപ്പിച്ചു. പറവൂർ നടയത്തതുതന്നെ മറ്റേത് ഐരാണിക്കുളം ഇരിങ്ങാലക്കുട എന്നു കൽപ്പിച്ചു രാജാവിന്

അരയിരിക്കസ്ഥാനം കൊടുത്തു. അല്ലൂർ പെരുംകോവിലകമെന്ന് കൽപ്പിച്ചു. അവിടെ സമീപത്തുതന്നെ കഴകത്തിന്നും കൽപ്പിച്ചു. ശേഷം ഇരിപ്പാൻ നാല് തളിയും തീർത്തു. മേൽതളി, കീഴ്തളി, നെടിയതളി, ചിങ്ങപുരം ഇങ്ങനെ നാല് തളിയിലിരുന്ന് രക്ഷിക്കുന്ന തളിയാതിരിമാരെ അപര... കീഴ്ത്തളി ഐരാണിക്കുളത്തിന്, ചിങ്ങപുരം ഇരിങ്ങാലക്കുടക്ക്, നെടിയതളി പറവൂർ,മേൽത്തളി മൂഷികളം ഇങ്ങനെ നാല് തളിയാകുന്നു. പന്നിയൂരം, പെരുഞ്ചല്ലൂരം, ചെങ്ങനിയൂരം ഇവയൊക്കെ തങ്ങളിൽ അകലത്താകെയാൽ പറവൂരുടെ സമീപത്ത് ഐരാണിക്കളം, മൂഷിക്കളം, ഇരിങ്ങാലക്കുടയും പറവൂരോടുകൂടി നാലു കഴകമുണ്ടായതിനാലും പെരുമാൾകാലത്ത് മറ്റേ കഴകം പരശുരാമൻകാലത്ത് ഇത്തളിയാതിരിമാർ തീട്ടെഴുതേണ്ടുവോർ തളിയാതിരിതീട്ടെന്നെപ്പോഴും എഴുതേണ്ടു. തളിയാതിരി അവരോദവും..... കരിങ്ങാമ്പള്ളി സ്വരൂപവും കരുമുക്കി സ്വരൂപവും പറക്കോട്ട് സ്വരൂപവും. ഈ സ്വരൂപങ്ങളിൽ ഇളമയാകുന്നവർ തളിയാതിരിമാരായ കാരണം രാജാവിനെ മലനാട്ടിൽ ഷൾ ഭാഗം കൊടുത്തിട്ടില്ല. വിരുത്തിയെ കൊടുത്തിട്ടുള്ളു. എല്ലാവരുടെയും വസ്തുവിൻമേലും ഷൾ ഭാഗം രണ്ടാമത് തളിയാതിരിമാർ അനുഭവിച്ചു. ഷൾ ഭാഗം ഇന്ന് ഷാതിരർക്കായതുമിതുതന്നെ ആകുന്നത്. ഇങ്ങനെ രാജാവും തളിയാതിരിമാരുമായിരുന്നു രക്ഷിച്ചു സ്വൽപകാലം. അതിന്റെ ശേഷം കലിയുഗം മുഴുത്തകാലം പെരുംപുഴക്ക് തെക്ക് 32 ഗ്രാമവും തങ്ങളിൽ കൊള്ള കൊടുക്കയും മുറിച്ച് തെക്ക് 32 ആകുന്നത് കരിമാമ്പുഴക്ക് വടക്കഗ്രാമം 10. അതായത് വര്യത്തരും പെരിഞ്ചലൂരും കരിക്കാട്ട് ഈശാനിമംഗലം ആലത്തൂരും കാരന്തോളം തൃശ്ശിവപേരൂരും പെരുമനം പന്നിയൂരം ചൊപ്പര ഇങ്ങനെ ഗ്രാമം 10 കരിമാമ്പുഴക്ക് തെക്ക് പുണ്യാറ്റിനു വടക്ക് ഗ്രാമം 12. പറവൂർ ഐരാണിക്കളം മൂഷിക്കളം ഇരിങ്ങാലക്കുട കടവൂരു ചെങ്ങന്നോട് ഉളിയന്നൂർ രക്ഷതു. നാട്ടുകഴയൂർ ഇളിഭ്യം ചാമുണ്ടത്ത് പടി പുത്തൂർ ഇങ്ങനെ ഗ്രാമം 12. പുണ്യാറ്റിന് തെക്ക് കന്യാകുമാരിക്ക് വടക്ക് ഗ്രാമം 10. കടുമറുക കിടങ്ങൂർ.....

ജയ്പാനുള്ള വഴികാണായികകൊണ്ട് ശങ്കരയ്യനെ തിരുന്നവേലിക്കയച്ചു. അവിടെനിന്നും 16 കുതിര ശിപായിമാരെ കൂടെവരുത്തി പാളയം ശേഖരിച്ചു. പിന്നെയും യുദ്ധം തുടങ്ങി. ക്രമേണ കായംകുളത്ത് എരുവയിൽ കോയിക്കൽ പിടിച്ചു. അവിടെയുള്ള കുടുമ്മികളെയും പാളയത്തിൽകൂടി ചേർത്തു. ആ സമയം 914-മാണ്ട് നാഞ്ചനാട്ട് ഉറക്കാരുടെ പടവരിക കൊണ്ട് രാമയ്യൻ അവിടെ ചെന്നവരെ യുദ്ധേ ഓടിച്ചു. അവർ ആയുധ അഭ്യാസമില്ലാതയും അറിവില്ലാതയും ഉപായമില്ലാതയും ചില മുഷ്കരന്മാരായിരുന്നു. പിന്നെയും കായംകുളത്ത് യുദ്ധം ആരംഭിച്ചിരിക്കുമ്പോൾ 915 മാണ്ട് കുളച്ചൽ ലന്തയുടെ വകക്കാർ യുദ്ധത്തിനു വരിക കൊണ്ട് രാമയ്യൻ അവരെയും ജയിച്ചു. ഏതാനും പേര് ശിക്ഷിക്കയും ഏതാനും പേരെ ആശ്രയിച്ചാറെ. കൽപ്പന പോലെ നടന്നു കൊള്ളാമെന്ന് സത്യം ചെയ്തുകൊണ്ട് അവരെ പട്ടാളത്തിനു വേണ്ടുന്ന ഉണ്ടമരുന്ന് തോക്ക് മുതലായത് ശേഖരിക്കുന്നതിനും കൽപ്പിച്ചു നിശ്ചയിച്ചു. അതിൽ പ്രമാണിക്ക് വലിയ കപ്പിത്താൻ എന്ന പേരും കൊടുത്തു. 1017 മാണ്ട് മുതൽ വലിയ കപ്പിത്താനും മറ്റും പട്ടാളങ്ങളുംകൂടി കൊല്ലത്ത് ചെന്ന് യുദ്ധം തുടങ്ങി.

ഓരോ സമയം ചെയ്യുന്നത് വലിയ യുദ്ധങ്ങൾ ആയിരുന്നു. രണ്ടു പുറത്തും വലിയ വ്യസനവും ജനനാശവും ദ്രവ്യനാശവും സംഭവിച്ചു. 1018 മാണ്ട് ധനുമാസം 18-ന് കായംകുളം പിടിച്ചു. കായംകുളത്ത് രാജാ രാജ്യം പോകുമെന്ന് നിശ്ചയം വന്നപ്പോൾ മുമ്പേ തന്നെ വിരോധമുള്ള അമ്പലപ്പുഴ രാജാവിനെ കൂടെ കെടുക്കണം എന്ന് നിശ്ചയിച്ച് അമ്പലപ്പുഴ കൂടി സഹായമുണ്ടെന്ന് കാണിക്കണമെന്നതിനുവേണ്ടി ചില ആയുധങ്ങളിൽ ദേവനാരായണൻ എന്ന പേര് വയ്പ്പിച്ച് അമ്പലപ്പുഴ നാമധേയമാകുന്ന കായംകുളത്ത് ഭണ്ഡാരത്തിലിരുന്ന രത്നങ്ങളും ആഭരണങ്ങളും ഭരണിപാത്രം മുതലായതും തിരുവിതാംകൂറിലേക്ക് ഉപകാരപ്പെടരുതെന്ന് നിരൂപിച്ച് അഗാധമായിരിക്കുന്ന അഷ്ടമുടിക്കായലിൽ ഇട്ടുകളഞ്ഞു. രാജ ഓടി ഒളിച്ചു പോകയും ചെയ്തു. പിന്നത്തതിൽ നല്ലവണ്ണം സ്വാധീനപെടുവാൻ മൂന്ന് സംവത്സരംകൂടി വേണ്ടിവന്നു. കായംകുളത്ത് ചില മാടമ്പിമാരുടെ മുഷ്ക് കൊണ്ട് കണക്കു കൊടുക്കാകയും നിലം പുരയിടം ചില നമ്പൂരിപാട്ടിലെ വകയായിട്ടും ദേവസ്വം.....

984 മാണ്ടു മീനമാസം 4-ന് ഉമ്മിണി തമ്പി എന്ന് പറയുന്ന മാർത്താണ്ഡൻ ഇരവിത്തമ്പിക്ക് ദിവാൻജി ഉദ്യോഗം കൊടുത്തു. ആ കാലത്ത് നാഞ്ചനാട്ടുകാറരെ കൊണ്ട് വെങ്കലമുരശും വെയ്പ്പിച്ചു. മുടതപ്പാറ മുതൽ കൂട്ടപ്പന വരെയുള്ള അന്തിയൂർകാട് വെട്ടിത്തെളിപ്പിച്ച് കടവെച്ച് കുട്ടികളെയും പാർപ്പിച്ചു. ബ്രാഹ്മണർക്ക് 12 അകരം കെട്ടിക്കൊടുത്തു. കൊട്ടാരം പണി ചെയ്യിച്ചു. ബാലരാമപുരം എന്നു പേരുമിട്ടു. മണ്ഡപത്തും വാതുക്കൽ തോറും ഠാണാവും വൈപ്പിച്ചു. ദുർജ്ജനങ്ങളെ അമർച്ച ചെയ്തു. 984-മാണ്ട് കുംഭമാസത്തിൽ ആയില്യംതിരുനാൾ രുഗ്മിണിഭായി മഹാരാജാവ് അവതരിച്ചു. 985 മാണ്ട് കുംഭമാസത്തിൽ കേണൽ മെക്കാളിസായിപ്പ് ശീമയ്ക്ക് പോയി. ആ ആണ്ടു മീനമാസത്തിൽ കേണൽ മെൺട്രോ സായിപ്പ് രസിഡണ്ടായിട്ടു വന്നു. ആ സമയം ബാബുരായരും ഇട്ടിരായരും കൂടി ഉണ്ടായിരുന്നു. ഈ ബാബുരായർക്ക് താമസിയാതെ പേഷ്കർ ഉദ്യോഗം കൊടുത്തു. 986 മാണ്ട് തുലാം മാസം 26-ന് നാട് നീങ്ങി. പിന്നെത്തതിൽ ഗൗരിലക്ഷ്മിറാണി മഹാരാജാവ് നാല് സംവത്സരം രാജ്യഭാരം ചെയ്തു. ആയാണ്ട്..... നിമിത്തമായിട്ട് ഉമ്മിണിത്തമ്പി ദിവാൻജിയെ ഉദ്യോഗത്തിൽ നിന്നും നീക്കി. അയാൾ അത് നിമിത്തം മൺട്രോ സായിപ്പിന്റെ ഒപ്പം കൂടി തുടങ്ങി. കൊല്ലത്ത് ആശ്രാമത്ത് മംഗ്ലാവിൽ ഗാട്ടുകാരെ സ്വാധീനപ്പെടുത്തി അവിടെവച്ച് സായിപ്പിനെ അപായപ്പെടുത്തുവാൻ..... ആ വിവരം തെളിവായിട്ട് സായിപ്പ് അറിഞ്ഞതിന്റെ ശേഷം ഉമ്മിണിത്തമ്പിയെ ബന്തോബസ്തോടുകൂടി ചെമ്പടക്ക് അയച്ചു. കേണൽ മൺറോസായിപ്പ് തന്നെ ദിവാൻജി ഉദ്യോഗം ഭരിക്കത്തക്കവണ്ണം കൽപ്പന വന്നു. ഇടവമാസം പത്തിന് നീട്ടെഴുത്ത് 189 മാണ്ട് ഇടവമാസം വരെ ദിവാൻജി ഉദ്യോഗത്തോടുകൂടി റസിഡന്റ് ഉദ്യോഗം ഭരിച്ചു. അക്കാലത്ത് മൺട്രോസായിപ്പ് അവർകൾ.....

വെളുത്ത മനുഷ്യരെ വിശ്വസിക്കുന്നവർക്ക് ഗുണം വരുമെന്ന് യഥാർത്ഥമായിരിക്കുന്ന ജനബോധം വരുത്തുന്നതിനുവേണ്ടി ലക്ഷ്മിറാണി മഹാരാജാവിങ്കൽ നാട്ടു രാജാവിനെപ്പോലെ വളരെ ആദരവോടുകൂടി തൻകാര്യത്തിങ്കൽ കുറവുകൂടാതെ രാജ്യത്തുള്ള സകല ധർമ്മ

കാര്യങ്ങളും പൂർവസ്ഥിതി പോലെ വെടിപ്പായിട്ട് നടത്തി. സകല ജനങ്ങളുടെയും ബഹുമാനത്തിന് പാത്രമായി തീർന്നു. അക്കാലത്ത് കുടിശിക കിടന്ന പ്രായശ്ചിത്തം തലപ്പണം... ചെയ്യാനായിട്ടും മുതലായതും അധികമുള്ള ചുങ്കങ്ങളും നിർത്തൽ ചെയ്തു. ചവുക്കകൾ വെച്ച് മുതലെടുപ്പിച്ചു. അളങ്ങളിൽ അധികമായിട്ട് മുതലെടുത്തു. മറ്റു നാട്ടിൽ നിന്നും വരുന്ന ഉപ്പുകൾ ശേഖരിക്കുന്ന വകക്ക് പണ്ടകശാല നിയമിച്ചു. കോട്ടകൾ വെപ്പിച്ചു. അകമ്പടി മുതലായതിന് പട്ടാളവും തുറുപ്പുക്ക് തിരകളും നിശ്ചയിച്ചു. ആശ്രാമത്തും തൈക്കാട്ടും മംഗളാവുകളും തീർപ്പിച്ചു. നിലക്കാമുക്കിൽ കച്ചേരി വൈപ്പിച്ചു. 984 മാണ്ട് കഴിഞ്ഞ് പിന്നെ പണ്ടാരവകക്ക് ഉണ്ടായിരുന്ന സകല കടങ്ങളും വീട്ടി രാജ്യകാര്യം സമർത്ഥിയായിട്ട് വിചാരിച്ചു. 986 മാണ്ട് കീഴ്ക്കട കിടന്നിരുന്ന കരക്കുടിശിക മുഴുവൻ ഇളച്ചു കൊടുത്തു. ആ കാലത്ത് 88 മാണ്ട് മേടമാസത്തിൽ ചോതിതിരുനാൾ കുലശേഖര പെരുമാൾ അവതരിച്ചു. 89 മാണ്ട് മിഥുനം മാസത്തിൽ ദേവൻ പത്മനാഭന് ദിവാൻ ഉദ്യോഗം കൊടുത്തു. 90 മാണ്ട് തുലാം മാസം 25ന് വസൂരിയായിട്ടു കഴിഞ്ഞു പോയി. 90 മാണ്ട് ചിങ്ങമാസത്തിൽ ഉത്രംതിരുനാൾ കുലശേഖര പെരുമാൾ അവതരിച്ചു. ആയാണ്ടിൽ ഗൗരിലക്ഷ്മിറാണി മഹാരാജാവ് നാടുനീങ്ങി. പിന്നീട് ഗൗരി പാർവ്വതിറാണി മഹാരാജാവ് 4 സംവത്സരം രാജ്ഭാരം ചെയ്തു. രണ്ട് പെൺവഴി തമ്പുരാക്കന്മാരുടെ രാജ്യഭാര കാലത്തും ഈ രാജ്യത്ത് സകല പദാർത്ഥങ്ങളും സമൃദ്ധിയായിരു ന്നതിനാൽ സപ്രയത്നം കൊണ്ടും അല്പം ശമ്പളം കൊണ്ടും സുഖേന

കാലക്ഷേപം ചെയ്തു വന്നു. പൂർവ്വ കല്പിതങ്ങളായിരുന്ന ധർമ്മങ്ങൾ ഒട്ടും ലോഭം.....

അതുകൊണ്ട് ഇക്കാലത്ത് ഇംഗ്ലീഷുകാരെ പോലെ ജനസംരക്ഷണ ഗുണങ്ങളും വിശ്വാസയോഗ്യതയും ഉണ്ടായിട്ട് മറ്റാരുമില്ലെന്നും സകല ജനങ്ങൾ അറിയേണ്ടതാകുന്നു. 7 ആം ഖണ്ഡം. 984 മാണ്ട് മീനമാസം 4 ന് ഉമ്മിണി തമ്പി എന്ന് പറയുന്ന മാർത്താണ്ഡൻ ഇരവിത്തമ്പിക്ക് ദിവാനുദ്യോഗം കൊടുത്തു. അക്കാലത്ത് നാഞ്ചനാട്ടുകാരെ കൊണ്ട് വെങ്കലമുരൾ വെപ്പിച്ചു. മുടകപ്പാറ മുതൽ കൂട്ടപ്പന ഉള്ള അന്തിയൂർക്കാടും വെട്ടിച്ചു കടയും വെപ്പിച്ചു.കുടികളെയും പാർപ്പിച്ചു. ബ്രാഹ്മണർക്ക് 12 അകരം കെട്ടി കൊടുത്തു. കൊട്ടാരം പണിതു ബാലരാമപുരം എന്ന പേരും ഇട്ടു. മണ്ഡപത്തും വാതിൽക്കൽ തോറും ഠാണാ വൈപ്പിച്ചു. ദുർജ്ജനങ്ങളെ അമർത്തി. 984-മാണ്ട് കുംഭമാസത്തിൽ ആയില്യം തിരുനാൾ രുഗ്മിണിറാണി മഹാരാജാവ് അവതരിച്ചു. 985 മാണ്ട് കുംഭമാസത്തിൽ മെക്കാളെ സായിപ്പ് ശീമക്കുപോയി. ആയാണ്ട് മീനമാസത്തിൽ കേണൽ മൺട്രോസായിപ്പ് റസിഡണ്ട് ആയിട്ട് വന്നു. ആ സമയം ബാബുരായരും ഇട്ടിരായരും കൂടി ഉണ്ടായിരുന്നു.ബാബുരായർക്ക് താമസിയാതെ പേഷ്കാരുദ്യോഗം കൊടുത്തു. 986 മാണ്ട് തുലാമാസത്തിൽ 16-ന് നാട് നീങ്ങി. പിന്നെ ഗൗരിലക്ഷ്മി റാണി നാല് സംവത്സരം രാജ്യഭാരം ചെയ്തു. ആയാണ്ട് ഇടവമാസം 18-ന് കുറ്റം നിമിത്തമായിട്ട് ഉമ്മിണിത്തമ്പി ദിവാനെ മാറ്റി. അയാൾ അത് നിമിത്തം മൺട്രോ സായിപ്പിന്റെ നേരെ വൈരം തുടങ്ങി. ആശ്രാമത്ത് മംഗ്ലാവിൽ ഗാട്ടുകാരെ

സ്വാധീനപ്പെടുത്തി അവിടെ വെച്ച് സായിപ്പിനെ അപായപ്പെടുത്താൻ യത്നം തുടങ്ങി. ആ വിവരം സായിപ്പറിഞ്ഞു

ഉമ്മിണിത്തമ്പിയെ ബന്ധോഭസോടുംകൂടി ചെങ്കപ്പെട്ടക്ക് അയച്ചു. മൺട്രോസ് തന്നെ ദിവാൻ ഉദ്യോഗം ഭരിപ്പാൻ കൽപ്പന വന്നു. ഇടവമാസം പത്തിന് നീട്ടുകൊടുത്തു. 989 മാണ്ട് ഇടവമാസം വരെ ദിവാനുദ്യോഗത്തോടുകൂടി മൺട്രോ ഉദ്യോഗം ഭരിച്ചു.അക്കാലത്ത് വെളുത്ത മനുഷ്യരെ വിശ്വസിക്കുന്നവർക്ക് ഗുണം വരുമെന്ന് ബോധം വരുത്തുന്നതിന്.....

പാഠവിശകലനം

അപൂർണ്ണമായ ഒരു താളിയോലപ്പകർപ്പാണ് പത്മനാഭസ്വാമി ക്ഷേത്ര ചരിത്രം എന്ന പേരിൽ ഗ്രന്ഥവരിയായി സൂക്ഷിച്ചിരിക്കുന്ന ഈ കൃതി. പത്മനാഭസ്വാമി ക്ഷേത്രചരിത്രം എന്നാണ് കാറ്റലോഗ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത് എങ്കിലും തിരുവിതാംകൂറിന്റെ സ്ഥലപുരാണ മാണ് കൃതിയുടെ ഉള്ളടക്കം. 'തിരുവിതാംകൂർ ചരിത്രത്തിൽ അല്പമായിട്ട് എഴുതുന്നു' എന്നാണ് കൃതിയിൽ പരാമർശിച്ചിരിക്കുന്നത്. തിരുവിതാംകൂറിലെ വിവിധപ്രദേശങ്ങളുടെ ചരിത്രവും ഇതിൽനിന്ന് വായിച്ചെടുക്കാനാകും.

ഖണ്ഡങ്ങളായിട്ടാണ് പ്രസ്തുതകൃതി എഴുതിയിരിക്കുന്നത്. എന്നാൽ ഇടയ്ക്കുള്ള ഓലകൾ നഷ്ടപ്പെട്ടതിനാൽ ഗ്രന്ഥത്തിന് തുടർച്ചയായ വായന ലഭിക്കുന്നില്ല. ഈ ഗ്രന്ഥത്തിന് രണ്ട് ഓലകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ ഗ്രന്ഥക്കെട്ടിന്റെ പല ഭാഗത്ത് ഉണ്ടായിരുന്ന 7 ഓലകൾ അവയുടെ ലിപിപരമായ പ്രത്യേകതകളിലൂടെ ഈ കൃതിയുടെ ഭാഗമാണെന്ന് കണ്ടെത്താൻ സാധിച്ചു. ഒന്നാം ഖണ്ഡം സമാപ്തം എന്ന ഭാഗവും ഏഴാം ഖണ്ഡം സമാപ്തം എന്ന ഭാഗവും ലഭിച്ചിട്ടുണ്ട്. ഈർക്കിൽ മാറ്റാത്ത താളിയോലകളിലാണ് ലഭ്യമായ എല്ലാ ഓലകളും എഴുതിയിരിക്കുന്നത്. പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പുനർനിർമ്മാണം, ബാലരാമപുരത്തിന്റെ ചരിത്രം, ഐരാണിക്കളം, മൂഴിക്കളം, ഇരിങ്ങാലക്കുട, പറവൂർ എന്നിങ്ങനെ നാല് കഴകങ്ങൾ, കീഴ്തളി, മേൽത്തളി, ചിങ്ങപുരം, നെടിയ തളി എന്നിങ്ങനെ നാല് തളികൾ, അവയുടെ തളിയാതിരിമാർ ഇവയെല്ലാം ഗ്രന്ഥത്തിൽ പരാമർശിക്കുന്നു. ബാലരാമപുരത്തിന്റെ ചരിത്രം രണ്ടു ഭാഗങ്ങളിലായി ആവർത്തിച്ചും വരുന്നുണ്ട്. കൊല്ലവർഷം 292 ആം ആണ്ടുമുതൽ കൊല്ലവർഷം 990 ആണ്ട് വരെയുള്ള തിരുവിതാംകൂർ ചരിത്രത്തിന്റെ ഏടുകളാണ് ഈ ഗ്രന്ഥത്തിലെ ലഭ്യമായ ഭാഗങ്ങളിലെ ചരിത്രവസ്തുതകൾ. ഈ കൃതിയുടെ നഷ്ടപ്പെട്ട ഭാഗങ്ങൾ കൂടി വീണ്ടെടുക്കാനായാൽ തിരുവിതാംകൂറിന്റെ ചരിത്രവും സംസ്കാരവും സംബന്ധിച്ച എല്ലാത്തരം ഗവേഷണങ്ങൾക്കും ഒരു മുതൽക്കൂട്ടാകും.ബാല രാമപുരത്തിനടുത്തുള്ള മുടവൂർപ്പാറയെ മുടകപ്പാറ എന്നാണ് കൃതി രേഖ പ്പെടുത്തുന്നത്. പ്രസ്തുത ദേശത്തിൽ പാറകൾ അധികമായുണ്ട്. അതു കൊണ്ടുതന്നെ വഴിമുടക്കുന്ന പാറയുള്ള ദേശം എന്ന അർത്ഥത്തിൽ ഈ വാക്ക് കൃത്യമാണ്. ആയതിനാൽ സ്ഥലനാമപഠനത്തിന്റെ സാധ്യതളും ഈ കൃതി മുന്നോട്ടുവയ്ക്കുന്നുണ്ട് എന്നു പറയാം.

ഓണപ്പാട്ട്
പാഠസംസ്കരണം

ഡോ. രജനി ആർ.എസ്.

പ്രബന്ധസംഗ്രഹം

കേരളസർവകലാശാല ഹസ്തലിഖിതഗ്രന്ഥാലയത്തിൽ 6909 എന്ന നമ്പറിൽ സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥമാണ് 'ഓണപ്പാട്ട്'. ഗ്രന്ഥകാരനെക്കുറിച്ചോ അദ്ദേഹത്തിന്റെ കാലത്തെക്കുറിച്ചോ വ്യക്തമായ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഗ്രന്ഥത്തിൽ കാണുന്നില്ല.

താക്കോൽവാക്കുകൾ

ഹസ്തലിഖിതഗ്രന്ഥാലയം, ഓണപ്പാട്ട്, തൃക്കാക്കര, മഹാബലി, മാവേലി നാട്, വെള്ളിക്കോൽ, ചെറുനാഴി, വാമൊഴിവഴക്കം, കിളിപ്പാട്ട്,

ഹരി: ആരോമൽ പൈങ്കിളി പെൺകിടാവേ
പാരാതെ വന്നെന്നരികത്തിരി
..... പൈങ്കിടാവേ
ഞാൻ വന്നു തൃക്കക്കാരെയെന്നല്ലോ
തെക്കേക്കര എന്ത് വാർത്തയുള്ളു
.....പൈങ്കിടാവും
നന്നായി പറഞ്ഞു തുടങ്ങിയല്ലോ
ശങ്കരൻ തന്റെ തിരുമകനും
വാൽമീകി താനും തുണക്കവേണം
കൃഷ്ണനും എന്റെ ഗുരുക്കൻമാരും
ഉൾക്കാമ്പിൽ വന്ദിക്ക വേണം

തൃക്കാക്കരെ ശ്രീ മഹാദേവന്റെ
ലീലകൾ കേൾപ്പിൻ മഹാലോകരേ
നാരായണന്റെ കളികളെല്ലാം
നാരദൻചൊല്ലി ഞാൻ കേൾപ്പതുണ്ട്.
മാവേലി നാട് വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം

ആപത്തുമാർക്കുമൊട്ടില്ല താനും
ആധികൾ വ്യാധികൾ ഒന്നുമില്ല
ബാലമരണങ്ങൾ ഒന്നുമില്ല
കാള കൃഷികളും ഒന്നുപോലെ
നെല്ലിന് നൂറു വിളവു കൊണ്ട്
ദുഷ്ടരെ കൺ കൊണ്ട് കാണ്മാനില്ല
നല്ലവർ അല്ലാതെ ഇല്ല താനും
ഭൂലോകമൊക്കെ കനകമല്ലോ
ലോകങ്ങളൊക്കെയും ഒന്നുപോലെ
നല്ല കനകം കൊണ്ടെല്ലാവരും
സ്വർണ്ണ രത്നങ്ങൾ അണിഞ്ഞു കൊണ്ട്
നാരിമാർ ബാലന്മാർ വൃദ്ധന്മാരും
ആമോദത്തോടെ വസിച്ച കാലം
കള്ളക്കാടില്ല കളവുമില്ല
എള്ളോളമില്ല പൊളി വചനം
വെള്ളിക്കോലാദി ചെറുനാഴിയും

എല്ലാം കണക്കുകൾ തുല്യമായി
നല്ല മഴകളും വേണ്ടും നേരം
.....
പൊൻ കൊണ്ടു തന്നെ മെനഞ്ഞു വച്ചു
പൊന്നും മുടി തന്നിൽ ചാർത്തി പിന്നെ
കനൽ പൂകൊണ്ടു പുള്ളേരും
ആരാധിച്ചാർ തെങ്ങും പൂവെട്ടിക്കല .....
നീളയും ഒന്നുപോലെ
ആനന്ദം എന്നേ പറവാനുള്ളൂ
മാദേവനും ഭൂലോകം
കാണ്മാൻ പുറപ്പെട്ടാരേ
ദേവലോകങ്ങളിൽ എല്ലാടവും
ദേവ .....വിടെ
നാരദൻ വീണയുമായി കൊണ്ട്
നാരായണന്റെ എഴുന്നള്ളത്തു മെള്ളെ
കാണായി വന്നു തൃക്കാക്കരയും

മൂലകഴിഞ്ഞു ആദിത്യ ചന്ദ്രൻമാർ
വന്നവിടെ വെള്ളാന
ശങ്കരൻ തന്റെ എഴുന്നള്ളത്ത്
ശംഖുനാഥങ്ങൾ മുഴങ്ങിക്കൊണ്ട്
ദിക്കുകൾ .....
നാരിമാർ പാടിയും ആടിയുമേ
നാരദൻ വീണയും വായിച്ച് -
നിന്നാടിയല്ലോ .....
ആടുന്ന താളത്തിൽ നൃത്തം വെച്ച്
പാടിതുടങ്ങി .....
വെള്ളാന രണ്ടിരുപാടും നിന്ന്
പിന്നെ അഭിഷേകം ചെയ്തു കൊണ്ട്
തൃക്കക്കരെ എഴുന്നള്ളുന്നു.
കാലം ഒരാണ്ടിൽ ഒരു ദിവസം
ചിങ്ങ മാസത്തിലെ ഓണം കാണാൻ
നാട് വാണിടും കാലം മനുഷ്യരൊക്കെ വലഞ്ഞു പോന്നു

മാവേലിയോണം മുടങ്ങിയല്ലോ
അക്കഥ കേട്ടൊരു മാവേലിയും
ഖേദിച്ചു തന്റെ മനസ്സുകൊണ്ട്
ചോദിച്ചു കണ്ണനോടേവമപ്പോൾ
"എന്നുടെ ഭൂമി അടക്കം ചെയ്ത്
ഞാനുമുപേക്ഷിച്ചു പോന്ന ശേഷം
മാനുഷരൊക്കെ വലഞ്ഞതല്ലി
ദേവകീനന്ദന ദേവദേവ
അമ്മാവനെ കുലചെയ്തവനെ
അമ്പാടി തന്നിൽ വളർന്നവനെ,
പൂതനതൻ മുല ഉണ്ടവനെ,
പാൽത്തട്ടിൽ വെണ്ണ കട്ടുണ്ടവനെ,
നാരിമാർ കൂറ കവർന്നവനെ,
കാലികൾ മേയ്ച്ചു നടന്നവനെ,
കുന്ന് കുടയായി പിടിച്ചവനെ,
പാർത്ഥന്നു തേര് തെളിച്ചവനെ,

പിന്നെ കുശലന്റെ വിൽ തിന്നോനെ
മണ്ണ് തന്ന എന്നെ ചതിച്ചവനെ
കാളിയൻ തന്റെ വിഷം കലർന്ന
കല്പാന്തകാലമോരാലില മേൽ
ഉൽപന്നമോദം കിടക്കുന്നോനെ
ഇങ്ങനെ ആകുവാൻ എന്ത് മൂലം''
മാവേലി ചൊന്നതകേട്ട നേരം
മാധവൻ താനും അരുളിചെയ്തു
''ഖേദിക്ക വേണ്ട നീ മാവേലിയെ
കാണ്മാനൊരാണ്ടിൽ ഒരു ദിവസം
വന്നു മനുഷ്യരെ കണ്ടുകൊൾക
ചിങ്ങം മാസത്തിലെ ഓണത്തുന്നാൾ
അന്ന് വരുമെന്നരുളി ചെയ്തു
അങ്ങിനെയെന്ന് ''തൊഴുതവനും
മാധവൻ ധർമ്മജൻ താനും കൂടി
അങ്ങനെ തന്നെ ഇരിക്കും കാലം
മാധവൻ താനും അരുൾ ചെയ്തു
ഗോപന്മാരും ഗോപനാരിമാരും
ബാലന്മാർ പിന്നേ തരുണിമാരും
ആകവേ കെ .....തെല്ലാവരും

ചിങ്ങമാസത്തിലെ ഓണം കാണ്മാൻ
മാവേലി താനും വരുമിവിടെ
അവർ രക്ഷിച്ചു വാണപോലെ
വേണ്ടെന്നതൊക്കെ ഒരുക്കിടെണം
ചെത്തിയടിച്ചുവഴി നടപ്പാൻ
പത്തനത്തുംമേൽ വേലികെട്ടി
വെൺമതി ചേരുംനിലങ്ങളെല്ലാം
വെണ്മയിൽ നന്നായി ചമയ്ക്കുന്നോരും
ചെമ്മണ്ണു കൊണ്ട് തറ വിരിച്ച്
മുറ്റത്തു വട്ടക്കളവുമിട്ട്
ഗോമയം കൊണ്ട് മെഴുകിയല്ലോ
പൂമാലയും കൊണ്ട് മതിൽവളച്ചു

ആർത്തുമലങ്കരിച്ചിത്തരത്തിൽ
ഇത്ര ഘോഷങ്ങളും തന്നെ ചൊൽവാൻ
..... കടുന്തുടിയും
തുമ്പുരു വീണ കുഴൽ നാദവും
മദ്ദളംചെണ്ട .....
താളം നല്ല കുഴൽ വിളിരാഗമെല്ലാം
പന്തടിയമ്മാനം ആട്ടങ്ങളും
ഇത്തരം ഓരോരോ മേളത്തോടെ
ഗോപന്മാരും ഗോപനാരിമാരും
ബാലന്മാർ ബാലതരുണിമാരും
ലീലകൾ പൂണ്ടു മരുവും കാലം
മാനം വളച്ചു വളച്ചകത്ത്
നല്ല നഗരങ്ങളെല്ലാടവും
വേണ്ടുന്ന വാണിഭമൊന്നുപോലെ
നെല്ലുമരിയും പലതരത്തിൽ
ആന കുതിരകളാടുമാടും
കെട്ടിവരും ചോതിക്കന്നല്ലാ
ശീലത്തരങ്ങളും വേണ്ടുവോളം
നീലകവണിയുംചുറ്റാടയും
നല്ല മഞ്ഞപ്പട്ടു ചേലയും ചെല്ലായിയും
കൈക്കോളം ചേല പറക്കളിയും
മങ്കരസോമനും വേണ്ടുവോളം
തേക്കരനല്ലത് കോഴിക്കോട്
ചീനത്തെ മുണ്ടുകൾ വേണ്ടുന്നത്
കോരനഴുത്തന് പാളവേഷ്ടി
സോമനുംതെക്കൻ കിഴക്കൻ ഉണ്ട്
ഓരോതരം വേണ്ടുവോളം
പട്ടു പുടവകൾക്കറ്റമില്ല
കണ്ണാടി കസ്തൂരികൽക്കരയും
സിന്ദൂരം വച്ച ..... ചാന്തും
അഷ്ടഗന്ധങ്ങളും ചന്ദനവും
എണ്ണമുള്ള വിശേഷങ്ങളും
പിൻ ചൊന്നാലൊടുക്കമില്ല

പച്ചക്കുലയും പഴ കുലയും
പർപ്പിടക്കെട്ടുകൾ ....
വെറ്റില അടക്കയും നാളികേരം
ചീരകം നല്ല കടുമുളകും
ശർക്കര തേനോട് പഞ്ചസാര
എണ്ണ നെയ്യ് അഞ്ച് പറ വെളിച്ചെണ്ണയും
എണ്ണമില്ലാതോളമെന്നേ വേണ്ടൂ
കണ്ടവർക്ക് അങ്ങ് കൊടുത്തു വാങ്ങി
വേണുന്നതൊക്കെയും വേണ്ടുവോളം
മാനിനിമാരുടെ വാക്കുകൾകേൾപിൻ
തന്റെ കണവനോടൊന്നു ചൊന്നാൾ,
“ചീല എനിക്കൊന്നു വേണമെങ്കിൽ
നീളംകുറഞ്ഞന്നങ്ങേറ്റം വേണം
നീളത്തിലേതും കുറഞ്ഞിടാതെ
രണ്ടര വീതിയിലേറ്റംവേണം
കണ്ടാലും നല്ല വിശേഷം വേണം
ഇങ്ങനെ കേട്ടപ്പോൾ മറ്റൊരുത്തി
തന്റെ കണവനോടൊന്നു ചൊന്നാൾ
വസ്ത്രമെനിക്കൊന്നെടുക്കുന്നെങ്കിൽ
നാലു ഭാഗത്തും കരകൾ വേണം
നല്ല ഇടക്കരകൂടെ വേണം
ഇങ്ങനെ നാരിമാർ വാക്ക് കേട്ട്
ബാലത്തരുണിമാർവാക്ക് കേൾപ്പിൻ
അമ്മയോടേവം പറഞ്ഞാളല്ലോ
ഓണപ്പുടവ എനിക്കില്ലെങ്കിൽ
നാണക്കേടൊന്നുവന്നു കൂടും
എന്നതു കേട്ടപ്പോൾ അമ്മ ചൊന്നാൾ
എൻ പുടവയുടുത്തു കൊണ്ട്
മാറ്റൊരുത്തി തന്റെ കണവനോടൊന്നുചൊന്നാൾ
“നാണക്കേടെന്നതുബോധം ഉണ്ടാ
നാളെക്ക് നല്ലത് നോക്കി കൊൾവിൻ
കേടുവരാതെയിരുന്നു പോട്ടെ
എന്നി ..... നാരിയപ്പോൾ

തന്റെ കണവനോടൊന്നുചൊന്നാൾ
ദൂരം വഴി.. എങ്കിൽ
പൂരാടം നാൾക്ക് വരണം നിങ്ങൾ
വീരാളിക്കൊത്തൊരു..
നേരു പറയുന്ന കേൾപ്പിൻ നിങ്ങൾ
എന്നെ പിണങ്ങി പിരിഞ്ഞു..
ഉണ്ടെങ്കിൽ അപ്പോൾ ഒന്നും ഞാൻ
ഏറെ പറക്കവേണം എന്നെകുറഞ്ഞെന്ന് പ്രാർത്ഥന
ഇങ്ങനെ കേട്ടപ്പോൾ ചൊന്നാൾ വന്നു
വേണ്ടുന്ന നാലു ഭാഗത്തും കരകൾ വേണം
നല്ല ഇടകര കൂടെ വേണം
നാണക്കേടേതും വരുത്തിടാതെ
നാലൊന്നിലേറ്റം കുറയാതെങ്ങനെ
മാര്യന്മാർ ഒന്നു വേണം
ഇതേ ചുറ്റിയിടുവാൻ നല്ല മുണ്ട് ഇങ്ങനെ കേട്ടൊരു.....
..... (അരുളി ചെയ്തു
പോകുന്നേരത്തിങ്കൽ നിന്ന് കരെ
തിരുമാരന്... അരുളിച്ചെയ്തു
പിറ്റേന്നാൾ ചെന്നേ ഞാൻ പോകുന്നുള്ളൂ
എന്നത് കേട്ട് .....
നന്നായി തെളിഞ്ഞു മനസ് കൊണ്ട്
മാവേലി താനും മഹാദേവം..
കത്ത് എഴുന്നള്ളുന്നു .....
തൃക്കക്കാരെ ശ്രീ മഹാദേവരും
തൃക്കക്കാരെ .....
അൻപോടു മീതൊഴിൽ
ചാപ ..... ആദരവോടെ
ചെറു മൊഴിയും .....വിദ്യ
ഇല്ലാത്തോര് ചൊന്ന കാവ്യം
ശില്പമായ കേട്ടതിൻ കുറ്റം തീർപ്പൻ
എന്നൊക്കെ ദുഃഖം അകന്നു
സുഖവുമുണ്ടാം ഇല്ലം പണിയിച്ചിരുന്നു
..... തലയ്ക്കൽ വയ്ക്കാം

പാടിക്കളിക്കുന്ന ഭാര്യമാർക്ക്
ഭർത്താവ് നല്ല പുരുഷനുണ്ട്
..... വാണു കൊണ്ടാൽ
പിന്നെ പരലോകം വാണു
.....ചേരുവോരെ
തൃക്കക്കാരെയപ്പാ തമ്പുരാനെ
ഞാനിനി ..... റച്ചിടുന്നെൻ
ഒക്കെ പറഞ്ഞു കിളിയും പിന്നെ
തൃക്കക്കാരെ ചെന്നു .....
ഹരി : ഓണപ്പാട്ട് പരമഗുരുവേ ശരണം)

ഓണം എന്ന ആഘോഷത്തോടൊപ്പം മലയാളിയുടെ മനസ്സിൽ കേട്ടുപതിഞ്ഞ 'മാവേലി നാടുവാണീടും കാലം എന്ന നാടൻ പാട്ടിന്റ് പൂർണ രൂപം ഈ ഗ്രന്ഥത്തിൽ നമുക്ക് കാണാൻ കഴിയും. ഈ മാവേലി കഥയ്ക്ക് നിരവധി വാമൊഴി വഴക്കങ്ങൾ ഉണ്ടായിട്ടുണ്ട്. സഹോദരൻ അയ്യപ്പന്റെ 'ഓണപ്പാട്ട്' എന്ന കൃതി ഈ പാഠത്തിൽ നിന്നും വളരെ വ്യത്യസ്തയുള്ള ഒരു കൃതിയാണ്. എന്നാൽ എഡിറ്റ് ചെയ്യപ്പെടാത്ത കൃതി എന്ന നിലയിൽഈ ഗ്രന്ഥത്തിന്റ പ്രസക്തി വർദ്ധിക്കുന്നു. കിളിപ്പാട്ട് രീതിയിലാണ് കഥ പറഞ്ഞു തുടങ്ങുന്നത്. തൃക്കാക്കര യിലെ വിശേഷം പറയുവാൻ കിളിയോട് കവി ആവശ്യപ്പെടുന്നു. അതനുസരിച്ചു മഹാബലിയുടെ കാലത്തെ സമ്പന്നതയും ഐശ്വര്യവും എല്ലാം വിവരിക്കുന്നു. മഹാബലിയുടെ അസാന്നിധ്യത്തിൽ ജനങ്ങൾ കഷ്ട പ്പെടുന്നു. ഇതറിഞ്ഞ മഹാബലി ഭഗവാൻ കൃഷ്ണനെചോദ്യം ചെയ്യുന്നു. അങ്ങനെ കൃഷ്ണൻ, ചിങ്ങമാസത്തിലെ തിരുവോണനാളിൽ ജനങ്ങളെ കാണാൻ അനുവാദം കൊടുക്കയും ചെയ്യുന്നു. തുടർന്ന് ഓണം ആഘോഷിക്കാൻ ഉള്ള ഒരുക്കങ്ങൾ വിവരിക്കുന്നു. വൈഷ്ണവഭക്തിപ്ര സ്ഥാനത്തിന്റെ ഉൽപ്പന്നമായിരുന്നു ഭക്തനും വിധേയനുമായ മഹാബലി. എന്നാൽ ഈ പാട്ടിൽ "മണ്ണ് തന്ന എന്നെ നീ ചതിച്ചു'' എന്ന് കൃഷ്ണ നോട് മഹാബലി പറയുന്നുണ്ട്. പ്രതിഷേധത്തിന്റെ ശബ്ദം പരിമിതമായ തോതിലെങ്കിലും ഈ കേരളീയഗാനത്തിൽ പ്രകടമാകുന്നുണ്ട് എന്ന് പറയാം.

കേരളീയ ഹസ്തലിഖിതങ്ങളിലെ ചിഹ്നങ്ങളും ചുരുക്കെഴുത്തുകളും

ഡോ.ജി.സജിന

പ്രബന്ധസംഗ്രഹം

കേരളീയ ഹസ്തലിഖിതങ്ങളിലധികവും ഗ്രന്ഥങ്ങളും രേഖകളും ആണ്. ഈ രണ്ടുതരം ഹസ്തലിതങ്ങളിലും ധാരാളം ചിഹ്നങ്ങൾ കാണാം. ഈ ചിഹ്നങ്ങളെ പരിചയപ്പെടുത്തുകയും അവ രൂപപ്പെടുന്നതിനുണ്ടായ കാരണങ്ങൾ അന്വേഷിക്കുകയും ആണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ:

ചിഹ്നങ്ങൾ, ചുരുക്കെഴുത്തുകൾ, പകർപ്പെഴുത്ത് ചിഹ്നങ്ങൾ.

കേരളീയ ഹസ്തലിഖിതങ്ങളുടെ പാലിയോഗ്രാഫിക് പ്രത്യേകതകളിൽ എടുത്തു പറയുന്ന ഒരു സവിശേഷതയാണ് അതിൽ ചിഹ്നനം ഇല്ല എന്നത്. ആധുനിക എഴുത്തിലെ പങ്ചേഷനുകളെയാണ് ഇതുകൊണ്ട് പൊതുവേ അർത്ഥമാക്കുന്നത്. എന്നാൽ വാക്കുകൾക്ക് തമ്മിൽ ഇടയകലമോ വരികൾക്കുശേഷം നിർത്തോ നൽകുന്നില്ലെങ്കിലും ധാരാളം ചിഹ്നങ്ങൾ താളിയോലഗ്രന്ഥങ്ങളിൽ കാണാം. സാഹിത്യവും വിജ്ഞാനവും രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന താളിയോലക്കെട്ടുകളിൽ കാണുന്ന ചിഹ്നങ്ങൾ പലപ്പോഴും ഗ്രന്ഥകർത്താവിന്റേതോ പകർപ്പെഴുത്തുകാരുടേതോ ആണ്. ഗ്രന്ഥം പകർത്തിയെഴുതുമ്പോൾ സംഭവിക്കുന്ന തെറ്റുകൾ, അവ്യക്തത വിട്ടുപോകൽ, കൂട്ടിച്ചേർക്കൽ എന്നിവയൊക്കെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ ഇത്തരത്തിലുള്ളവയാണ്. ഇവയെ പകർപ്പെഴുത്തുചിഹ്നങ്ങൾ (സ്ക്രൈബൽ സിംബൽസ്) എന്ന് വിശേഷിപ്പിക്കുന്നത് ഉചിതമാകും.

പകർപ്പെഴുത്ത് ചിഹ്നങ്ങൾ

ഒരു താളിയോല ഗ്രന്ഥം പകർത്തിയെഴുതുന്ന പകർപ്പെഴുത്തുകാർക്ക് (സ്ക്രൈബ്സ്) പകർപ്പെഴുത്തുവേളയിൽ സംഭവിക്കുന്ന പിഴവുകൾ സൂചിപ്പിക്കുന്നവയാണ് പകർപ്പെഴുത്തു ചിഹ്നങ്ങൾ. പകർത്തിയെഴുതുന്ന ഗ്രന്ഥങ്ങളുടെ വ്യക്തതക്കുവേണ്ടി ചേർക്കുന്ന

ചിഹ്നങ്ങളും ഇതിൽ ഉൾപ്പെടും. പകർത്തിയെഴുതിയ ഒരു ഗ്രന്ഥം വീണ്ടും പരിശോധിച്ച് പിഴവ് തീർക്കുമ്പോഴോ പകർപ്പെഴുത്തുവേളയിൽ തന്നെയോ ചേർക്കുന്ന ചിഹ്നങ്ങളാണിവ. ഇത്തരം ചിഹ്നങ്ങൾ പലതരത്തിലുണ്ട്.

പിഴവുകൾ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ

1. *ഒഴിവാക്കൽ ചിഹ്നങ്ങൾ*: പകർപ്പെഴുത്തിൽ സംഭവിച്ച തെറ്റുകൾ ഒഴിവാക്കുന്നതിന് തെറ്റിപ്പോയ/ഒഴിവാക്കേണ്ട അക്ഷരങ്ങൾക്ക് മുകളിൽ ഒരു വര അല്ലെങ്കിൽ ചിഹ്നം അക്ഷരത്തിനുമുകളിൽ ചേർത്താൽ അക്ഷരം ഒഴിവാക്കിയിരിക്കുന്നു എന്ന് സാരം.

ഉദാ: പാഥസി നിശാകര കമലേവ എന്നതിൽ മ യുടെ മുകളിൽ തിരശ്ചീനമായി ഒരു വര - കണ്ടാൽ അതിൽ 'മ' ഒഴിവാക്കിയിരിക്കുന്നു എന്നാണ് പാഠം എന്ന് സാരം.




2. *അവ്യക്തത സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ:* പകർപ്പെഴുത്തുകാരന് ആധാര ഗ്രന്ഥത്തിൽ അവ്യക്തമായ ഭാഗങ്ങൾ പകർത്തിയെഴുതാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ അവ്യക്ത പാഠത്തെ സൂചിപ്പിക്കാൻ കുണ്ഡല ചിഹ്നങ്ങൾ എന്നറിയപ്പെടുന്ന ചെറു വൃത്തങ്ങൾ (0) പകർപ്പെഴുത്തുകാർ ഉപയോഗിക്കുന്നു.




3. *വിട്ടുപോകലും കൂട്ടിച്ചേർക്കലും:* ഗ്രന്ഥം പകർത്തുമ്പോൾ വിട്ടുപോയ ഭാഗങ്ങളിൽ അവ കൂട്ടിച്ചേർക്കുന്നതിനായി രണ്ടുതരത്തിലുള്ള ചിഹ്നങ്ങൾ ഉപയോഗിച്ചു കാണുന്നു. ഗണിതത്തിൽ ഇന്ന് നാം ഉപയോഗിക്കുന്ന അധിക ചിഹ്നത്തിനും ഗുണനചിഹ്നത്തിനും സമാനമായ ചിഹ്നങ്ങളാണ് ഇത്തരത്തിൽ ഉപയോഗിച്ചു കാണുന്നത്. ഇതിനെ യഥാക്രമം കാകപാദം (+), ഹംസപാദം എന്നിങ്ങനെ വ്യവഹരിക്കുന്നു. വിട്ടുപോയ പദം വരേണ്ട ഭാഗത്ത് കാകപാദമോ ഹംസപാദമോ ചേർത്ത ശേഷം വരികൾക്ക് മുകളിലോ ഇടതു മാർജിനിലോ വിട്ടുപോയ ഭാഗം എഴുതിച്ചേർക്കുന്നു.

4. *വ്യക്തതക്കുവേണ്ടി ചേർക്കുന്ന ചിഹ്നങ്ങൾ*: ചിഹ്നങ്ങളോ പദ-പാദ വേർതിരിവുകളോ പൊതുവേ കേരളീയ ഹസ്തലിഖിതങ്ങളിൽ കാണാറില്ല. എന്നാൽ ചില പകർപ്പെഴുത്തുകാർ ഈരടികൾ, ശ്ലോകങ്ങൾ ഇവ വേർതിരിക്കുന്നതിനായി ഒറ്റ/ഇരട്ട വരകളും (I, II) അവയ്ക്കുശേഷം ഈരടി/ശ്ലോക നമ്പറുകളും ചേർക്കുന്നു. ഈ ഒറ്റ വരകളെ ഏകദണ്ഡം എന്നും ഇരട്ടവരകളെ ദ്വിദണ്ഡം എന്നും പറയുന്നു. ശിലാലിഖിതങ്ങളിലും ചെപ്പേടുകളിലും ഏകദണ്ഡങ്ങളും ദ്വിദണ്ഡങ്ങളും ചേർത്ത് കാണാറുണ്ട്.

ഏത് സംസ്കൃതിയിലും ചിഹ്നങ്ങൾ രൂപപ്പെടുന്നത് സങ്കീർണമായ ആശയങ്ങളെ ലളിതമാക്കുന്നതിനോ ആശയങ്ങളുടെ ദൃശ്യതയ്ക്ക് വേണ്ടിയോ ദേശപരമോ ഭാഷാപരമോ ആയ അതിരുകൾ വേർതിരിച്ചുകാട്ടുന്നതിനു വേണ്ടിയോ ആണ്. എഴുത്തിന്റെ ലാളിത്യവും സുഗമമായ ആശയവിനിമയവുമാണ് ഇവയുടെ ധർമ്മം. എന്നാൽ എഴുത്ത് ഒരു പരിശീലത തൊഴിൽ നൈപുണിയായി പരിഗണിച്ചിരുന്ന കേരളത്തിൽ വിവരങ്ങൾ തരംതിരിക്കുന്നതിനും പട്ടികപ്പെടുത്തുന്നതിനും എഴുത്ത് കൂടുതൽ ഘടനാപരമാക്കുന്നതിനും സമാനാശയങ്ങൾ വേർതിരിച്ചു കാട്ടുന്നതിനും ചിഹ്നങ്ങൾ സഹായകമായി. എഴുത്ത് എന്ന പരിശീലിത നൈപുണിയിൽ സ്ഥലം, സമയം എന്നിവ ലാഭിക്കുന്നതിനും ആശയ വ്യക്തതയ്ക്കും കൂടിയായിരുന്നു ചിഹ്നങ്ങൾ ഉപയോഗിച്ചിരുന്നത്. വ്യത്യസ്ത അധികാരത്തിന്റെ കീഴിൽ ഉണ്ടായിരുന്ന ചെറിയ ചെറിയ നാട്ടുരാജ്യങ്ങളിലും മറ്റും വ്യത്യസ്ത ചിഹ്നങ്ങൾ ഉപയോഗിച്ചിരുന്നതായി കാണാം. ഉദാഹരണത്തിന് തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും ഒരേ ആശയം വ്യക്തമാക്കാൻ വ്യത്യസ്ത ചിഹ്നങ്ങൾ ഉപയോഗിച്ചിരുന്നു. ഇത്തരം വ്യത്യാസങ്ങൾ മനസ്സിലാക്കിയാൽ മാത്രമേ പല പ്രഥമാകരങ്ങളും ഗവേഷകർക്ക് ഫല പ്രദമായി ഉപയോഗിക്കാൻ സാധിക്കൂ. ചിഹ്നങ്ങൾ സംബന്ധിച്ച ചരിത്രപരവും കലാപരവും സാങ്കേതി കവുമായ പഠനങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു.

കേരളീയഹസ്തലിഖിതങ്ങളിൽ പൊതുവേ കാണപ്പെടുന്ന ചിഹ്നങ്ങളുടെ പട്ടിക.

ക്രമ നമ്പർ	ചിഹ്നം/ മുദ്രക്കെഴുത്തുകൾ	അർത്ഥം
1		പുത്തൻ (കൊച്ചിലെ നാണയം)
2		ചക്രം (തിരുവിതാംകൂർ നാണയം)
3		പണം (മലബാറിലെ നാണയം)
4		ഇടങ്ങഴി

5		പറ
6		തിയതി
7		മേൽപറഞ്ഞത്
8		നെല്ല്
9		തെങ്ങ്
10		വക
11		പുരയിടം
12		പാട്ടം
13		ആണ്ട്
14		ഈ

(മലയാള സർവകലാശാലയിലെ താളിയോല ശേഖരത്തിൽ നിന്ന്)

ഗ്രന്ഥസൂചി

1. മംഗലം, എസ്.ജെ., 1997, പ്രാചീന ഭാരതീയ ലിപിശാസ്ത്രവും മലയാളലിപിയുടെ വികാസവും, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. സാം.എൻ. 2006, കേരളത്തിലെ പ്രാചീനലിപിമാതൃകകൾ, സംസ്ഥാന പുരാരേഖാവകുപ്പ്, കേരള സർക്കാർ.
3. വിശാലാക്ഷി, പി., 2013:
4. Visalakshy, P. 2003. The Fundamantals of Manuscriptology. Dravidian Linguistics Association, Thiruvananthapuram.

മണിപ്രവാളകാവ്യങ്ങളിലെ പ്രകൃതിദർശനം

ഡോ. അപർണ ടി.

പ്രബന്ധസംഗ്രഹം

മണിപ്രവാളപ്രസ്ഥാനത്തിൽപ്പെട്ട അച്ചീചരിതങ്ങളിലെ പ്രകൃതിദർശനം ഏതുവിധത്തിലാണ് കടന്നുവരുന്നതെന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ.

താക്കോൽവാക്കുകൾ

മണിപ്രവാളം, പ്രകൃതിദർശനം, കേരളീയത.

ആമുഖം

അതിപ്രാചീനകാലം മുതൽക്കുതന്നെ അനിഷേധ്യമായ പ്രചോദന ശക്തിയായും സജീവ അന്തരീക്ഷമായുമെല്ലാം കാവ്യങ്ങളിൽ പ്രകൃതി കടന്നുവരുന്നുണ്ട്. മനോഹരമായ വർണനകളാൽ പ്രകൃതി സൗന്ദര്യത്തിന്റെ വിവിധഭാവങ്ങൾ ഇവിടെ ആവിഷ്ക്കരിക്കപ്പെട്ടു. കേവലം ഭൗതികഘടക ങ്ങൾ എന്നതിലുപരിയായി ദൈവികതയുടെ ഭാഗമായും ജീവന്റെ അടിസ്ഥാനഘടകമായും ആണ് പ്രകൃതി ആദ്യകാലകൃതികളിൽ പ്രത്യക്ഷ പ്പെട്ടത്. പുരാണേതിഹാസങ്ങളും വേദോപനിഷത്തുക്കളും പ്രാചീന സംസ്കൃതകാവ്യങ്ങളുമെല്ലാം പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാവും. പ്രകൃതിയെ വിനയപൂർവ്വം സമീപിക്കുന്ന രീതി ആയിരുന്നു ഇവിടെ യെല്ലാം പ്രകടമായത്. തമിഴിൽ പ്രകൃതിയെ അടിസ്ഥാനമാക്കിക്കൊണ്ട് ഇറൈച്ചിപ്പൊരുൾ എന്ന പേരിൽ ഒരു സൗന്ദര്യശാസ്ത്രശാഖ തന്നെയുണ്ട്.[1] എന്നാൽ പ്രകൃതിയെക്കുറിച്ചുള്ള ആകുലതകളുടെ നേരിയ ഭാവംപോലും ഇവിടെയൊന്നും പ്രകടമാവുന്നില്ല. മറിച്ച് പ്രകൃതി എന്ന സൗന്ദര്യാനുഭ വത്തെ ദ്യോതിപ്പിക്കുന്നവ ആയിരുന്നു ആദ്യകാല ഭാരതീയ കാവ്യപാരമ്പര്യം എന്ന് സാമാന്യമായി പറയാം.

മലയാളഭാഷയുടെ ആരംഭഘട്ടമായ മണിപ്രവാളകാവ്യങ്ങളിലും ഭൂപ്രകൃതിക്ക് വലിയൊരു സ്ഥാനമുണ്ട്. സുന്ദരമായ വർണന കൾക്കുള്ള പ്രധാന ഇടമായാണ് ആദ്യകാല മണിപ്രവാള ചമ്പുക്കളായ അച്ചീചരിതങ്ങ ളിൽ പ്രകൃതി കടന്നുവരുന്നത്. കാവ്യത്തിന്റെ സമസ്തതലങ്ങളിലും പ്രകൃതിയെ ഉൾക്കൊള്ളിക്കാൻ തത്കർത്താക്കളായ കവികൾ ശ്രമിച്ചിട്ടുണ്ട്. ഭൂപ്രകൃതിയെ അതിന്റെ കേരളീയ പരിസരം മുൻനിർത്തി അവതരിപ്പിക്കുക യായിരുന്നു ഈ കവികൾ ചെയ്തത്. അച്ചീചരിതങ്ങളിൽ കടന്നുവരുന്ന

പ്രകൃതിദർശനം എന്നത് കേരളീയ സ്ഥലരാശിയിൽ പ്രകൃതിയുടെ വിവിധ തലങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടുള്ളതാണെന്ന നിരീക്ഷണത്തെ മുൻനിർത്തി ക്കൊണ്ടുള്ള ചിന്തകളാണ് പ്രധാനമായും ഇവിടെ പങ്കുവെയ്ക്കു ന്നത്.

സംസ്കാര നിർമ്മിതിക്ക് ഉപകരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് സ്ഥലം. ഭൂപ്രദേശവും സംസ്ക്കാരവും തമ്മിൽ വേർതിരിക്കാ നാവാത്ത ബന്ധമാണുള്ളത്. പ്രാചീനമണിപ്രവാളചമ്പുക്കളിൽ ഭൂഭാഗങ്ങളുടെ ചിത്രീകരണം പ്രധാനമായും രണ്ട് തലങ്ങളിലായാണ് നടക്കുന്നത്. ഒന്ന് യഥാതഥമായ സ്ഥലവർണനയാണ്. മറ്റൊന്ന് കവി സൃഷ്ടിക്കുന്ന അഥവാ സാങ്കൽപികമായ സ്ഥലത്തിന്റെ വർണനയാണ്. സാങ്കൽപിക നഗരത്തെ ക്കാളുപരിയായി യഥാർത്ഥ നഗരത്തെ ചിത്രീകരിക്കുമ്പോഴാണ് അച്ചീചരി തങ്ങളിൽ കേരളത്തിന്റെ പ്രകൃതി കൂടുതലായി സന്നിഹിതമായിരി ക്കുന്നത്. കാവ്യത്തിന്റെ ഇതിവൃത്തത്തോട് വളരെ ഇണങ്ങിച്ചേർന്നു കൊണ്ടാണ് ഇത്തരം വർണ്ണനകൾ സ്ഥിതി ചെയ്യുന്നത്. പ്രകൃതി ചിത്രീകരണത്തിനായി പ്രകൃതിയെ പ്രധാന പശ്ചാത്തലമാക്കുക, അലങ്കാരത്തിന് ആധാരമാക്കുക, രസോദ്ദീപനത്തിനുള്ള ഘടകങ്ങളായി അവതരിപ്പിക്കുക എന്നിങ്ങനെ പല രീതികളും മണിപ്രവാളകവികൾ സ്വീകരിക്കുന്നുണ്ട്. ഇവിടെയെല്ലാംതന്നെ കേരളീയർക്ക് ചിരപരിചിതമായ അന്തരീക്ഷവും സ്ഥലങ്ങളും കാലാവസ്ഥയും തന്നെയാണുള്ളത്. മലനാടിന്റെ സൗന്ദര്യത്തെ അനശ്വരമാക്കി കവികൾ ഇവിടെ ആവിഷ്ക്കരിച്ചു.

ഉണ്ണിച്ചിരുതേവീചരിതത്തിലെ ചോകിരം ഗ്രാമത്തിന്റെ വർണന കേരളത്തിന്റെ പ്രകൃതിസൗന്ദര്യത്തെ വരച്ചുകാട്ടുന്ന മനോഹരമായ ഒരു ഭാഗമാണ്.[2] ഇളംലതകളും കമുകിനുചുറ്റും ഉയരുന്ന കുരുമുളകിൻ കൊടികളും താമരപ്പൊയ്കയിൽ കളിയാടുന്ന ആനകളും എല്ലാം ചേർന്ന് ഒരു കേരളീയ ഗ്രാമാന്തരീക്ഷത്തിന്റെ നേർചിത്രമാണ് ഇവിടെ ദൃശ്യമാകു ന്നത്.

മധുരമായി പാടിക്കൊണ്ടിരിക്കുന്ന കുയിലുകളും തിങ്ങി നിൽക്കുന്ന മധുരങ്ങളായ കരിമ്പുകളും നിറഞ്ഞ പൂങ്കുലകളുമായി ഉയർന്നു വിലസുന്ന വൃക്ഷച്ചാർത്തുകളും ഇടതൂർന്നു സ്ഥിതി ചെയ്യുന്ന വയലോരത്തോപ്പുകളും പകർന്നുതരുന്ന പൊയിലം ഗ്രാമത്തിന്റെ സൗന്ദര്യവും[3] കേരളീയ സ്ഥലരാശിയിലുള്ള ആവിഷ്ക്കരണം തന്നെയാണ്.

ഉണ്ണിച്ചിരുതേവീചരിതത്തിൽത്തന്നെ തോട്ടുവായ്പള്ളിക്കു സമീപമുള്ള ഒരു നിബിഡവനത്തിന്റെ ചിത്രീകരണമുണ്ട്. വളമാർന്ന് എഴുന്നുനിൽ ക്കുന്ന കദളിയും തേൻകുടിച്ചു പാറിപ്പറക്കുന്ന വണ്ടിൻചാർത്തുകളും ആ വണ്ടിൻചാർത്തുകളാൽ നുകരപ്പെട്ട പൂങ്കുലകളോടു കൂടിയ രുദ്രമന്ദാരങ്ങളും കണിക്കൊന്നകളും വികസിച്ചു നിൽക്കുന്ന വെളുത്ത മുല്ലകളും കുരുമുളകുകൊടികൾ ചുറ്റിനിൽക്കുന്ന വാനോളം ഉയർന്നു നിൽക്കുന്ന കവുങ്ങുകളും നിറഞ്ഞുനിൽക്കുന്ന ഈ കാനന സൗന്ദര്യത്തിൽ കേരളീയഭാവ മല്ലാതെ മറ്റെന്തെങ്കിലും ആരോപിക്കുക അചിന്തനീയമാണ്.

കേരളീയ ഭൂപ്രകൃതിയുടെ സവിശേഷതകളെ ഉൾക്കൊണ്ടു കൊണ്ടുള്ള ഋതുവർണനകൾ അച്ചീചരിതങ്ങളിൽ ധാരാളമായി പ്രത്യക്ഷ

പ്പെടുന്നുണ്ട്. ഉണ്ണുയാടീചരിതത്തിലെ ഓടനാട്ടിലെ വർഷകാല വർണന ഇത്തരത്തിലുള്ള ഒരു പ്രധാന ഉദാഹരണമാണ്.

കേരളീയാന്തരീക്ഷത്തിൽ നിന്നുകൊണ്ടുള്ള ധാരാളം ആപണങ്ങൾ/ വാണിജ്യകേന്ദ്രങ്ങളും അച്ചീചരിതങ്ങളിൽ കടന്നു വരുന്നുണ്ട്. കേരളീയ ഭൂപ്രകൃതിയോടും ജനജീവിതത്തോടും സംസ്കാരത്തോടുമുള്ള ആഭിമുഖ്യം ഇവിടെയെല്ലാം തെളിഞ്ഞു കാണാം.

മാങ്ങ, തേങ്ങ, ചൂരൽ, ചുരയ്ക്ക, ചീര, കരിമ്പ് എന്നിവയും നെല്ല്, കടല, ചാമ, ചോളം, മുതിര പയർ തുടങ്ങിയ ധാന്യങ്ങളും കിളിമുക്കൻ, കെണ്ട, തിരണ്ടി, വാള, വരാൽ തുടങ്ങിയ പലവിധ മീനുവകകളും തൃപ്പലി, താതാരി, തകരം, നാഗപ്പൂവ്, കടുക്ക, അയമോദകം, ജാതിക്ക, അമുക്കൂരം, കോലരക്ക് തുടങ്ങിയ മരുന്നുവകകളെല്ലാം കടന്നുവരുന്നകേരളീയമായ വാണിജ്യവസ്തുക്കളെ ഉൾച്ചേർന്നിരിക്കുന്ന ഉണ്ണിയാടീചരിതത്തിലെ ശ്രീപർവ്വതം അങ്ങാടി[4] കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലേക്കുള്ള ചൂണ്ടുപലക കൂടിയാണ്. കേരളീയമായ ഭൗതികപരിസരം മണിപ്രവാള ത്തിന്റെ പശ്ചാത്തലമായപ്പോൾ അതിന് അനുരൂപമായ പ്രകൃതി ചിത്രീകരണം നടത്തുകയാണ് ഇവിടെ കവികൾ ചെയ്തത്.

ഉണ്ണിയാടീചരിതത്തിലെ മഹോദയപുരത്തിന്റെ വർണനയും എടുത്തു പറയേണ്ട ഒന്നാണ്. മണിപ്രവാളകൃതികളിൽ പ്രത്യക്ഷപ്പെടുന്ന കേരളീയ ഭൂപ്രകൃതിയുടെ സൗന്ദര്യത്തിന് ഉത്തമോദാഹരണമാണ് ഈ ഗദ്യം.5 വിശുദ്ധങ്ങളായ അനേകം ക്ഷേത്രങ്ങളുള്ളതും ഒരു വശത്ത് സമുദ്രം സ്ഥിതി ചെയ്യുന്നതും തെങ്ങിൻ നിരകളാൽ ആവൃതമായതു മായതും കേരളചക്രവർത്തിയുടെ ദേശവുമായ മഹോദയപുരത്തെ വിശദമായി ഇവിടെ അടയാളപ്പെടുത്തിയിട്ടുണ്ട് കവി.

അച്ചീചരിതങ്ങളിൽ വളരെയധികമായിത്തന്നെ ഉദ്യാനങ്ങൾ, വയലുകൾ, കാനനങ്ങൾ, ആപണങ്ങൾ, നഗരങ്ങൾ എന്നിവയുടെയെല്ലാം പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെയെല്ലാം തന്നെ കേരളീയ സ്ഥലരാശിയിൽ നിന്നുകൊണ്ടുള്ള ആവിഷ്ക്കരണരീതിയാണ് കവികൾ സ്വീകരിച്ചിരിക്കുന്നത്. നൈസർഗ്ഗിക സൃഷ്ടി എന്ന നിലയിൽ പ്രകൃതിയെ പ്രധാന പശ്ചാത്തലമാക്കി ഈ കാവ്യങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു. കവിതയും പ്രദേശവും തമ്മിലുള്ള ബന്ധത്തിന്റെ ഹൃദ്യമായ തലമാണ് ഇവിടെ പ്രത്യക്ഷമാവുന്നത്. ഇത്തരത്തിലുള്ള വർണനകളെല്ലാംതന്നെ കേരളീയമായ ദൃശ്യങ്ങളെയും അനുഭവങ്ങളെയുമാണ് ആവാഹിക്കുന്നത്. അതുണർത്തുന്ന അന്തരീക്ഷവും തികച്ചും കേരളീയവുമാണ്.

കുറിപ്പുകൾ

1. ഇളയപെരുമാൾ, തൊൽകാപ്പിയം, പു. 2
2. ഉണ്ണിച്ചിരുതേവീ ചരിതം ഗദ്യം-5
3. ഉണ്ണിച്ചിരുതേവി ചരിതം ഗദ്യം-9
4. ഉണ്ണിയാടീചരിതും, ഗദ്യം 19
5. ഉണ്ണിയാടീചരിതം ഗദ്യം 13

ഗ്രന്ഥസൂചി

1. ഇളയപെരുമാൾ, തൊൽകാപ്പിയം, കോട്ടയം : എൻ. ബി. എസ്, 1961.
2. കേശവൻ വെളുത്താട്ട്, മഹിളാളീമഹാസ്പദാ മണിപ്രവാളത്തിന്റെ സാംസ്കാരിക ചരിത്രം, ശുകപുരം വള്ളത്തോൾ വിദ്യാപീഠം, 2014.
3. ഗോപിനാഥൻ നായർ, എൻ. ഉണ്ണിയച്ചീചരിതം, കോട്ടയം എൻ. ബി. എസ്, 2014.
4. മധുസൂദനൻ, ജി., ഹരിതനിരൂപണം മലയളത്തിൽ, തൃശ്ശൂർ കറന്റ് ബുക്സ്, 2002.
5. സുകുമാരൻ, ടി. പി., പരിസ്ഥിതി സൌന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര, കോഴിക്കോട് ഹരിതം ബുക്സ്, 2008.
6. സുന്ദരം ധനുവെച്ചപുരം (വ്യാഖ്യാ.), ഉണ്ണിയാടീചരിതം, തിരുവനന്തപുരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2007.
7. സുന്ദരം ധനുവെച്ചപുരം (വ്യാഖ്യാ.) ഉണ്ണിച്ചിരുതേവീചരിതം,, 2005.

ബ്രഹ്മാനന്ദവിവേകസമുദ്രം

ഭാഷാസവിശേഷതകളും പ്രമേയപഠനവും

ഡോ. ജിഷ എസ്.കെ.

പ്രബന്ധസംഗ്രഹം

'ബ്രാഹ്മാനന്ദ വിവേകസമുദ്രം' ഒരു വേദാന്ത കൃതിയാണ്. ഗുരു ശിഷ്യ സംവാദരൂപത്തിൽ ഗദ്യത്തിലാണ് ഇതിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. ബ്രഹ്മം, സാധനചതുഷ്ടയം, താപത്രയം, നാലുമഹാവാക്യങ്ങൾ, ദൃഷ്ടാന്തപ്രകരണം, ആത്മാനുഭവ പ്രകരണം, ജീവൻമുക്തി പ്രകരണം എന്നിവയെ കുറിച്ചുള്ള വിശദമായപഠനമാണ് 'ബ്രഹ്മാനന്ദവിവേക' സമുദ്രത്തിന്റെ ഉള്ളടക്കം. ശ്രീ ശങ്കരാചാര്യരുടെ 'വിവേകചൂഡാമണിയോട് ഈ ഗ്രന്ഥം കടപ്പെട്ടിരിക്കുന്നു. 'ബ്രഹ്മാനന്ദവിവേകസമുദ്രം' എന്ന വേദാന്തകൃതിയുടെ പാഠവിമർശനത്തിനായി മൂന്നുതാളിയോലകളും ഒരു കടലാസ്സുപകർപ്പും ഒരു മുദ്രിതപ്രതിപ്പും ഉപയോഗിച്ചിട്ടുണ്ട്.

താക്കോൽവാക്കുകൾ

ബ്രഹ്മാനന്ദ വിവേകസമുദ്രം, വേദാന്തം, ശങ്കരാചാര്യർ, വിവേകചൂഡാമണി, പാഠവിമർശനം.

ആമുഖം

വേദങ്ങളുടെ ചുവടുപിടിച്ചും ശാങ്കരഭാഷ്യത്തെ മുൻനിറുത്തിയും ഉപനിഷത്തുകൾ, ഭഗവദ്ഗീത എന്നിവയെ ആധാരമാക്കിയും ധാരാളം വേദാന്തകൃതികൾ ഭാരതത്തിലുണ്ടായിട്ടുണ്ട്. ഇതിന്റെ അലകൾ കേരളത്തിലുമുണ്ടായി. ആദ്യകാലത്ത് ഇവിടെ ഉണ്ടായ കൃതികളധികവും സംസ്കൃതത്തിൽ നിന്നുള്ള പരിഭാഷകളാണ്. ഇത്തരം കൃതികളിൽ തമിഴ്ഭാഷയ്ക്കാണ് മുൻതൂക്കം കാണുന്നത്. തമിഴിൽ നിന്നും മലയാളം സ്വതന്ത്രമാകുന്ന ഒരു പരിവർത്തന ദശയിൽ എഴുതപ്പെട്ടകൃതികളായതുകൊണ്ടാവണം ഇങ്ങനെ സംഭവിച്ചത്. ഈ കാലഘട്ടത്തിൽ എഴുതപ്പെട്ടകൃതിയാണ് '-ബ്രഹ്മാനന്ദവിവേകസമുദ്രം' ശ്രീശങ്കരന്റെ 'വിവേകചൂഡാമണി' എന്ന വേദാന്തതത്വപ്രതിപാദകമായ അമൂല്യകൃതിയുടെ ഏകദേശപരിഭാഷയാണിത്.

ആദ്യഭാഗത്തെശ്ലോകങ്ങളുടെ അർത്ഥവും ചില ഉദാഹരണങ്ങളും അതുപോലെ സ്വീകരിച്ചിട്ടുണ്ടെങ്കിലും പിന്നീടുള്ള ശ്ലോകങ്ങളുടെ ആശയത്തെ അടിസ്ഥാനമാക്കി സ്വതന്ത്രമായി രചനനിർവ്വഹിക്കുകയാണ് ചെയ്തിരിക്കുന്നത്. മറ്റുപല വേദാന്തകൃതികളെയും പോലെ ഗുരു

ശിഷ്യസംവാദരീതിതന്നെ ഇതിലും സ്വീകരിച്ചിരിക്കുന്നു. ആർക്കും മനസിലാകുന്ന വിധത്തിൽ വളരെലളിതമായ ശൈലിയിലാണ് ഇതിന്റെ രചന നിർവ്വഹിച്ചിരിക്കുന്നത്. ബ്രഹ്മം, സാധനചതുഷ്ടയം, നാലുമഹാവാക്യങ്ങൾ, താപത്രയം, ഷഡ്സമാധി, ദൃഷ്ടാന്തപ്രകരണം, ജീവന്മുക്തി പ്രകരണം എന്നിങ്ങനെ വേദാന്തമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന ഒരാൾ ജീവന്മുക്തി പ്രാപിക്കുന്നതുവരെ അറിഞ്ഞിരിക്കേണ്ട എല്ലാതത്വങ്ങളും ഇതിൽ വിവരിച്ചുകാണുന്നു. വേദാന്തസാഹിത്യചരിത്രത്തിൽ മറ്റ് ആധികാരികഗ്രന്ഥങ്ങളോടൊപ്പം പരിഗണിക്കപ്പെടേണ്ട ഒരു കൃതിയാണ് 'ബ്രഹ്മാനന്ദവിവേകസമുദ്രം'. പക്ഷേ എന്തുകൊണ്ടോ നമ്മുടെ സാഹിത്യചരിത്രങ്ങളിൽ ഇതിനെസംബന്ധിച്ച പരാമർശങ്ങളൊന്നും കാണുന്നില്ല.

കർത്താവും കാലവും

പ്രശസ്തി ആഗ്രഹിക്കാത്ത ഭാരതീയഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിലൊരിടത്തും സ്വന്തംപേര് രേഖപ്പെടുത്താറില്ലായിരുന്നു. ഈ പാരമ്പര്യംതന്നെയാണ് ബ്രഹ്മാനന്ദവിവേകസമുദ്രത്തിലും പിൻതുടർന്നിരിക്കുന്നു. M.C 178-ാം നമ്പർ ഗ്രന്ഥത്തിലെ 'കരുണാകരഗുരുനാഥപാദമഹമീഡേ' എന്ന പ്രയോഗമൊഴിച്ചാൽ ഗുരുവിന്റെയോ പകർപ്പെഴുത്തുകാരന്റെയോ പേര് ഒരിടത്തും പരാമർശിച്ചിട്ടില്ല. ഇതുതന്നെ കരുണാമയനായ തന്റെ ഗുരുവിനെ ഏതോ ഒരു ശിഷ്യൻ പ്രണമിക്കുന്നതുമാകാം.

ഇതേ ഗ്രന്ഥത്തിൽ കൊ.വ. 1001 -ാംമാണ്ട് മാർകഴിമാസം 23-ാം തീയതി വ്യാഴാഴ്ച പൂർവ്വപക്ഷത്തു ദ്വാദശിക്കുടിയനാൾ എഴുതിത്തീർത്തു എന്ന് പകർത്തി എഴുതിയകാലം രേഖപ്പെടുത്തിയിട്ടുണ്ട്. കടലാസുപകർപ്പിൽ (T -761) 6:1:03 എന്ന് പകർത്തിയകാലം രേഖപ്പെടുത്തിയിരിക്കുന്നു. ഇവയല്ലാതെ ഗ്രന്ഥം എഴുതിയ കാലത്തെക്കുറിച്ച് അറിവുനൽകുന്ന രേഖപ്പെടുത്തലുകളൊന്നും ഒരു ഗ്രന്ഥത്തിലും കാണാൻ സാധിച്ചില്ല.

ബ്രഹ്മാനന്ദവിവേകസമുദ്രത്തിന്റെ രചനാകാലത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഭാഷയെമുൻനിറുത്തിയുള്ള കാലഗണനമാത്രമേ സാധ്യമായിട്ടുള്ളൂ. 'ന്റ' പ്രയോഗം ഇതിൽ ധാരാളം കാണുന്നുണ്ട്. 'ലീലാതിലക'സന്ധിനിയമങ്ങളും തമിഴ് വ്യാകരണനിയമങ്ങളും ഏറിയകൂറും അംഗീകരിക്കുന്ന ഭാഷാരീതിയാണ് കാണുന്നത്. ഇത് മലയാളം സ്വതന്ത്രഭാഷയായി പരിണമിച്ചുകൊണ്ടിരുന്ന 14-ാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ എഴുതപ്പെട്ടകൃതിയായിരിക്കാണാനാണ് സാധ്യത.

ബ്രഹ്മാനന്ദവിവേകസമുദ്രത്തിന്റെ ഇതിവൃത്തം

ഓരോവേദാന്തതത്വവും സാങ്കേതികപദങ്ങളും വിവരണാത്മകമായും ഉദാഹരണത്തോടുകൂടിയും, അവതരിപ്പിക്കുന്നരീതിയാണ് 'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിൽ കാണാൻ സാധിക്കുന്നത്. 'ബ്രഹ്മം' മുതൽ ജീവന്മുക്തി വരെയുള്ള തത്വങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗദ്യത്തിലാണ് കൃതിമുഴുവനും എഴുതിയിരിക്കുന്നത്. കൃതിയിൽ വിവരിച്ചിരിക്കുന്ന ക്രമത്തിൽ ഉള്ളടക്കം ചുവടേ ചേർക്കുന്നു.

മൂന്ന് ജീവന്മുക്തി പ്രകരണങ്ങളായിട്ടാണ് ഗ്രന്ഥം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഒരു സാധാരണ വ്യക്തിയെ 'ജീവന്മുക്തൻ' എന്ന അവസ്ഥ

യിൽ എത്തിക്കുന്നതിനുള്ള ഘട്ടങ്ങളാണ് 'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിലെ മുഖ്യപ്രതിപാദ്യം. വേദാന്തത്തിലെ ആധികാരികമായപദമാണ് 'ബ്രഹ്മം'. ഇതിനെക്കുറിച്ചുതന്നെയാണ് 'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിൽ ആദ്യവിവരണം നൽകിയിരിക്കുന്നത്.

പാഠവിമർശന സാമഗ്രികൾ

'ബ്രഹ്മാനന്ദവിവേകസമുദ്രം' എന്ന വേദാന്തകൃതിയുടെ പാഠവിമർശനത്തിനായി മൂന്നു താളിയോലകളും ഒരു കടലാസ്സുപകർപ്പും ഒരു മുദ്രിതപ്പതിപ്പും ഉപയോഗിച്ചിട്ടുണ്ട്. ഇവയുടെ വിവരണം ചുവടേച്ചേർക്കുന്നു.

രജി.നമ്പർ

MC -178, 1454, C - 187, T - 761, TMS - 23 (Acc. No. 320)

ലഭിച്ച ഗ്രന്ഥങ്ങളിലെല്ലാംതന്നെ പ്രസ്തുതകൃതി പൂർണ്ണരൂപത്തിലാണുള്ളത്. മലയാളലിപിയാണ് എല്ലാഗ്രന്ഥങ്ങളിലും സ്വീകരിച്ചുകാണുന്നത്. ഗ്രന്ഥ, തമിഴ് അക്ഷരമാലകളിലെ ലിപികൾ അപൂർവ്വമായി ഉപയോഗിച്ചുകാണുന്നു. തമിഴ്, സംസ്കൃതം പദങ്ങൾ ഏറിനിൽക്കുന്നു. മലയാളപദങ്ങൾ വിരളമാണ്.

മാതൃകയായി സ്വീകരിച്ചിരിക്കുന്നത് 1454 രജി.നമ്പറുള്ള ഗ്രന്ഥമാണ്. ഈ ഗ്രന്ഥത്തെ ആ ഗ്രന്ഥമായി പരിഗണിച്ചിരിക്കുന്നു. ലഭിച്ച ഗ്രന്ഥങ്ങളിൽ ഏറ്റവും പഴക്കമുള്ള ഭാഷ അതായത് കേരളപാണിനിയുടെ ആറു നയങ്ങളും സംഭവിക്കുന്നതിനുമുമ്പുള്ളഭാഷ പ്രസ്തുത ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതുകൊണ്ടാണ് ഇതിനെ അടിസ്ഥാനഗ്രന്ഥമായി സ്വീകരിച്ചത്. കടലാസുപകർപ്പിന് ആധാരമായി സ്വീകരിച്ചിരിക്കുന്നത് ഈ ഗ്രന്ഥമാണ്.

ലഭിച്ച ഗ്രന്ഥങ്ങളിൽ MC-178 നമ്പറിലുള്ള ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് 'കരുണാകരഗുരുനാഥപാദമഹമീഡേ' എന്ന് ഗുരുവിനെക്കുറിച്ചുള്ള പരാമർശം കാണുന്നു. ഒന്നുകിൽ ഇത് 'കരുണാമയനായ ഗുരുവിന്റെ പാദപൂജ ചെയ്യുന്നു' എന്നാവാം. അല്ലെങ്കിൽ'കരുണാകര' (കരുണാകരൻ) എന്നു കാണുന്നത് ഗുരുവിന്റെ പേരാകാം. ഇതുകൂടാതെ വ്യക്തമായി കാലം രേഖപ്പെടുത്തിയിട്ടുണ്ട്. 'കൊ.വ. 1001-മാണ്ട് മാർകഴിമാസം 23-ാം തീയതി വ്യാഴാഴ്ച പൂർവ്വപക്ഷത്തു ദ്വാദശികൂടിയനാൾ എഴുതിതീർത്തു.' എന്ന് കാലം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ പ്രസ്തുത ഗ്രന്ഥത്തെ ആ ഗ്രന്ഥമായിസ്വീകരിച്ചു. എന്നാൽ ഈ ഗ്രന്ഥത്തിന്റെ ഭാഷ ആ ഗ്രന്ഥത്തെക്കാളും ആധുനികമാണ്. ഈ ഗ്രന്ഥത്തെയാണ് മുദ്രിതപതിപ്പിൽ (ശ്രീമൂലം ഭാഷാ ഗ്രാന്ഥാവലിയിലുള്ളത്) ശ്രീ. കെ. സാംബശിവശാസ്ത്രികൾ സ്വീകരിച്ചുകാണുന്നത്. ഇതിൽ വ്യക്തമായ കാലഗണന സാധ്യമായതിനാലാവണം അദ്ദേഹം അത് സ്വീകരിച്ചത്. കൃതിയുടെ കാലത്തെക്കുറിച്ചോ ഗ്രന്ഥകാരനെക്കുറിച്ചോ വ്യക്തമായ തെളിവുകളല്ല MC-178-ാം നമ്പർ ഗ്രന്ഥത്തിന്റെ പുഷ്പികയിലൂടെ ലഭിക്കുന്നതെങ്കിലും 'ബ്രഹ്മാനന്ദവിവേക സമുദ്രത്തിന്റെ കാലം, കർത്താവ്, മൂല

ഗ്രന്ഥം എന്നിവയെക്കുറിച്ചുള്ള അന്വേഷണാത്മകപഠനത്തിന് പ്രസ്തുത തെളിവുകൾ ഒരു വലിയ മുതൽക്കൂട്ടാണ്. ഈ ഗ്രന്ഥത്തിന്റെ ചിലഭാഗങ്ങൾ പൊടിഞ്ഞു പോയിട്ടുണ്ട്.

രജി.നമ്പർ C-187 ഉള്ള ഗ്രന്ഥത്തെ ഇ ഗ്രന്ഥമായ പരിഗണിച്ചിരിക്കുന്നു. അതിന് മൂന്നുകാരണങ്ങളാണുള്ളത്. 1. ഇതിന് അ ഗ്രന്ഥത്തെപ്പോലെ ആധുനികമായ ഭാഷാരീതിയാണുള്ളത്. 2. 'ഏ' കാരത്തിന് സൂചിപ്പിക്കുന്ന ചിഹ്നം (േ) എഴുതുന്നതിനുള്ള പ്രാരംഭശ്രമങ്ങൾ ധാരാളം കാണുന്നുണ്ട്. 3. ധാരാളം വരികൾ പലഭാഗത്തായി വിട്ടുപോയിട്ടുണ്ട്. കൂടാതെ മറ്റ് ഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്തമായ പദങ്ങൾ പലഭാഗത്തും സ്വീകരിച്ചുകാണുന്നു. പകർത്തെഴുത്തുകാരന്റെ അശ്രദ്ധ വളരെയധികം ഏറ്റുവാങ്ങേണ്ടിവന്ന ഒരു ഗ്രന്ഥമാണിതെന്ന് പറയേണ്ടിവരും ഈ ഗ്രന്ഥം ആരംഭിക്കുന്നതിനുമുമ്പുള്ള താളിയോലയിൽ മടവൂർ നാരായണപിള്ള യെന്ന് ഒരു വ്യക്തിയുടെ പേര് എഴുതിയിട്ടുണ്ട്. ഗ്രന്ഥകർത്താവിനെയോ കാലത്തെയോകുറിച്ച് യാതൊരു തെളിവും പ്രസ്തുത ഗ്രന്ഥത്തിലില്ല. ഈ ഗ്രന്ഥത്തിലും താളിയോലകളുടെ ചിലഭാഗങ്ങൾപൊടിഞ്ഞുപോയിട്ടുണ്ട്.

രജി.നമ്പർ T-761 കടലസ്സുപകർപ്പാണ്. ഇതിന്റെ ആദ്യഭാഗത്ത് പകർപ്പെഴുത്തുകാരന്റെ പേര് എ. കുഞ്ഞുകൃഷ്ണപിള്ളയെന്നും പകർത്തിയകാലം 6:1:03 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ പ്രസ്തുതഗ്രന്ഥം 'ശ്രീകണ്ഠേശ്വരം കിഴക്കേമഠത്തിൽ ചിത്രമെഴുത്ത് പത്മനാഭൻതമ്പി അവർകൾ വക' യാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥത്തെ ഉ ഗ്രന്ഥമായി പരിഗണിച്ചിരിക്കുന്നു. ഇതിന്റെ ലിപി ഏറെക്കുറേ ആധുനികമാണ്. മഷി ഉപയോഗിച്ചുള്ള പേനയാണ് എഴുതാൻ ഉപയോഗിച്ചിരിക്കുന്നത്. താളിയോല ഗ്രന്ഥത്തിൽ നിന്നും വ്യത്യസ്തമായി അരയുകാരത്തിന് 'ഉ' കാരത്തിനൊപ്പം മീത്തൽ (ു) ഉപയോഗിച്ചുകാണുന്നു. ദീർഘമായ 'ഏ'കാരത്തിനുള്ള ചിഹ്നം ഉപയോഗിച്ചിട്ടുണ്ട്. ആധുനികരീതിയിലുള്ള അക്കങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത് (1,2,3.....). അക്ഷരങ്ങൾ ഭൂരിഭാഗവും ശരിയായരീതിയിൽ തന്നെയാണ് സന്ധിചെയ്തിരിക്കുന്നത്. പൂർണ്ണവിരാമം കൃത്യമായും ഉപയോഗിച്ചുകാണുന്നുണ്ട്. കടലാസ്സ് പകർപ്പ് മാതൃകാഗ്രന്ഥത്തെ (1454) അവലംബിച്ചാണ് എഴുതിയിരിക്കുന്നത്.

ഋ ഗ്രന്ഥമായി പരിഗണിച്ചിരിക്കുന്നത് മുദ്രിതപ്പതിപ്പിനെയാണ് - ശ്രീമൂലംമലയാളഭാഷാ ഗ്രന്ഥാവലിയിലെ 23-ാം നമ്പർ പുസ്തകം, രജി. നമ്പർ - TMS - 23 (Acc.No. - 320). ഇതിന്റെ എഡിറ്റർ ശ്രീ.കെ. സാംബശിവശാസ്ത്രികളാണ്. ഇതിന്റെ ആദ്യഭാഗത്ത് ''മഹാമഹിമ ശ്രീ സേതുലത്ക്ഷ്മീ മഹാരാജ്ഞി തിരുമനസ്സിലെ കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്'' എന്ന് എഴുതിയിട്ടുണ്ട്. തിരുവിതാംകൂർ സർക്കാർ അച്ചുകൂടത്തിൽ കൊ.വ.1104 (1929) ആമാണ്ടിൽ അച്ചടിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥം അച്ചടിക്കുന്നതിനായി

1. വൈക്കം മണിയംകുളത്തു ബ്രഹ്മശ്രീ ഗോവിന്ദൻ നമ്പൂതിരി അവർകളുടേയും
2. ചിറയിൻകീഴ് മടവൂർ ശ്രീമാൻ നാരായണപിള്ള അവർകളുടേയും

3. കുളക്കട കാരായിക്കോട്ടുമഠത്തിൽ ബ്രഹ്മശ്രീ ശങ്കരൻ നാരായണൻ പോറ്റി അവർകളുടെയും
4. സംസ്കൃതം ആപ്പീസിൽ ശേഖരിച്ചിട്ടുള്ള ശ്രീകണ്ഠേശ്വരം കിഴക്കേമഠത്തിൽ

ചിത്രമെഴുത്തു ശ്രീമാൻപത്മനാഭൻതമ്പി അവർകളുടേയും - വക മാതൃകാഗ്രന്ഥങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്ന് എഴുതിയിട്ടുണ്ട്. ആ കാലഘട്ടത്തിലുള്ള ഈ ഗ്രന്ഥത്തിന്റെ പ്രസക്തിയാണ് ഇവിടെ വ്യക്തമാകുന്നത്.

'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിന്റെ പാഠവിമർശനത്തിനായി മേൽസൂചിപ്പിച്ചിരിക്കുന്ന സാമഗ്രികളാണ് പ്രധാനമായും പഠനവിധേയമാക്കിയത്. പഠനത്തിനായി തിരഞ്ഞെടുത്ത ക്രമം ചുവടേ ചേർക്കുന്നു.

രജി. നമ്പർ	ക്രമനമ്പർ
MC- 178	അ
1454	ആ
ഇ - 187	ഇ
T - 761	ഉ
TMS - 23	ഋ
(Acc.No. -320)	

ഗ്രന്ഥസ്വരൂപം

ഗുരുശിഷ്യസംവാദരൂപത്തിൽ എഴുതിയിരിക്കുന്ന ഒരുവേദാന്തകൃതിയാണ് 'ബ്രഹ്മാനന്ദവിവേകസമുദ്രം'. അദ്ധ്യാത്മശാസ്ത്രങ്ങൾ സർവ്വസാധാരണമായി സ്വീകരിച്ചുപോരുന്ന ഒരു രീതിയാണ് ഗുരുശിഷ്യസംവാദം. സംശയങ്ങൾ തീർത്ത് സാരം ഗ്രഹിക്കാനും ഗ്രഹിപ്പിക്കാനും ഉതകുന്ന ഉത്തമരീതിയാണിത്. ശങ്കരാചാര്യരുടെ 'വിവേകചൂഡാമണി' എന്ന വേദാന്തകൃതിയുടെ ഒരു സംക്ഷിപ്തരൂപമാണ് 'ബ്രഹ്മാനന്ദവിവേകസമുദ്രം' എന്നുപറയാം. 'വിവേകചൂഡാമണി' ശ്ലോകരൂപത്തിലാണ് ആചാര്യൻ എഴുതിയിരിക്കുന്നത്. ഗുരുശിഷ്യസംവാദരൂപം തന്നെയാണ് ഇതിലും സ്വീകരിച്ചിരിക്കുന്നത്. എന്നാൽ 'ബ്രഹ്മാനന്ദവിവേകസമുദ്രം' ഒരു ഗദ്യകൃതിയാണ്. ശ്ലോകങ്ങളിലെ വേദാന്ത ആശയങ്ങൾ മാത്രമല്ല ആചാര്യൻ ഉപയോഗിച്ചിരിക്കുന്ന ഉദാഹരണങ്ങളും അതുപോലെ 'ബ്രഹ്മാനന്ദവിവേകസമുദ്രത്തിൽ സ്വീകരിച്ചുകാണുന്നു.'വിവേകചൂഡാമണി'-യിലെ എല്ലാഭാഗങ്ങളും അതുപോലെ എടുത്തുപറയുന്ന ഒരു രീതിയല്ല 'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിനുള്ളത്. മിക്കഭാഗങ്ങളും ചുരുക്കിവിവരിച്ചിരിക്കുകയാണ്. അതേസമയം അവസാനംവരെയുള്ള ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

ഒരു പക്ഷേ 'വിവേകചൂഡാമണി'യെക്കുറിച്ച് നന്നായി പഠിച്ചിട്ടുള്ള ഒരു ഗുരു തന്റെ ശിഷ്യന് മനസ്സിലാകുന്നതിനുവേണ്ടി ലളിതമായി പഠിപ്പി

ച്ചുകൊടുത്തതാകാം 'ബ്രഹ്മാനന്ദവിവേകസമുദ്രം'. അല്ലെങ്കിൽ 'വിവേക ചൂഡാമണി'യുടെ പ്രാചീന മലയാളഭാഷയിലുള്ള വിവർത്തനമാകാം ഇത്.

-ബ്രഹ്മാനന്ദവിവേകസമുദ്രത്തിൽ തമിഴ് ഭാഷയ്ക്കാണ് ഏറെ പ്രാധാന്യമുള്ളത്. ലിപി മലയാളമാണ്. സംസ്കൃതപദങ്ങളും ധാരാളമുണ്ട്. മലയാളപദങ്ങൾ വളരെ വിരളമാണ്. ഈ ഗ്രന്ഥം സംസ്കൃതത്തിൽ നിന്ന് മലയാംതമിഴിലേക്ക് മൊഴിമാറ്റം ചെയ്തതുകൊണ്ടാവാം ഇങ്ങനെ സംഭവിച്ചതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയൊക്കെ ഊഹിക്കാമെന്നല്ലാതെ മൂലപാഠത്തെക്കുറിച്ച് വ്യക്തമായ ധാരണകളൊന്നും തന്നെ ലഭിച്ചിട്ടില്ല. ഭാരതീയ വേദാന്തചിന്തയിലെ ഓരോ സാങ്കേതിക പദത്തെയും കുറിച്ച് വിവരണാത്മകമായി പറഞ്ഞുപോകുന്ന ഒരു രീതിയാണ് 'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിൽ സ്വീകരിച്ചിരിക്കുന്നത്.

എടുത്തുപറയാൻ പറ്റുന്ന സ്ഥലനാമങ്ങളോ ഗ്രന്ഥകർതൃസൂചനയോ ഒന്നുംതന്നെ ഒരു ഗ്രന്ഥത്തിലും കാണാൻ സാധിച്ചില്ല; മാത്രമല്ല ശ്രീമൂലം ഭാഷാഗ്രന്ഥാവലിയിലെ മുദ്രിതപ്രതിപ്പിലും കൃുറേറ്ററായ സാംബശിവശാസ്ത്രികൾ ഇതേക്കുറിച്ചൊന്നും ഒരുസൂചനയും നൽകിയിട്ടുമില്ല. സംശോധിതസംസ്കരണത്തിനദ്ദേഹം ഉപയോഗിച്ച ഗ്രന്ഥങ്ങളുടെ പൊതുവിവരം മാത്രമേ എഴുതിക്കാണുന്നുള്ളൂ. സാഹിത്യചരിത്രങ്ങളിലൊന്നും തന്നെ 'ബ്രഹ്മാനന്ദവിവേകസമുദ്ര' ത്തെക്കുറിച്ച് കൂടുതൽ വിവരങ്ങളൊന്നും കാണാൻ കഴിഞ്ഞില്ല. ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് രാമനെയാണ് സ്തുതിച്ചുകാണുന്നത്. 'ശ്രീരാമപാദാരവിന്ദംതുണൈ' എന്നതിൽ നിന്നും എഴുത്തുകാരൻ ഒരുരാമഭക്തനായിരുന്നു എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

ഓരോ ഗ്രന്ഥവും വ്യത്യസ്ത പകർപ്പെഴുത്തുകാർ ഭിന്നകാലഘട്ടങ്ങളിൽ പകർത്തിയെഴുതിയവയാണ്. C-187 -ാം നമ്പർ ഗ്രന്ഥത്തിൽ പകർപ്പെഴുത്തുകാരന്റെ പേര് മടവൂർനാരായണപിള്ള എന്ന് ഗ്രന്ഥം ആരംഭിക്കുന്നതിനുമുമ്പ് എഴുതിക്കാണുന്നു. കടലാസുപകർപ്പിൽ എ-കുഞ്ഞുകൃഷ്ണപിള്ള എന്നപേര് എഴുതിക്കാണുന്നു. 6: 1: 03 എന്ന് പകർത്തിയ കാലവും രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീകണ്ഠേശ്വരം കിഴക്കേമഠത്തിൽ ചിത്രമെഴുത്ത് പത്മനാഭൻ തമ്പി അവർകൾവക എന്നും കൂടി ഇതിൽ എഴുതിയിരിക്കുന്നു.

ഗ്രന്ഥവിവരണം

കേരളസർവ്വകലാശാല മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ രജിസ്റ്ററിൽ നിന്നുലഭിച്ച ഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെചേർക്കാം.

ഗ്രന്ഥം : അ

ആഫീസ്നമ്പർ	:	178 ഏ
പ്രകൃതി	:	താളിയോല
ആകൃതി	:	14.5 ണ 2 സെ.മീ.
പത്രസംഖ്യ	:	22

ഗ്രന്ഥസംഖ്യ : 650

ഉടമസ്ഥൻ : ഗോവിന്ദൻ നമ്പൂതിരി, മണിയം കുളത്ത് ഇല്ലം, വക്കം

വിഷയം: ഗുരുശിഷ്യസംവാദരൂപത്തിൽ വിരചിതമായ പരബ്രഹ്മസ്വരൂപനിരൂപണം

വിശേഷം : ഈ ഗ്രന്ഥം ശ്രീമൂലംഭാഷാഗ്രന്ഥാവലിയിൽ 23-ാം നമ്പറായി പ്രസിദ്ധീകൃതമായിട്ടുണ്ട്. അപല്പ ഭാഗം ചിതൽ തിന്നിരിക്കുന്നു.

ഗ്രന്ഥം : ആ

ആഫീസ്നമ്പർ : 1454

പ്രകൃതി : താളിയോല

ആകൃതി : 9 ണ്മ 2 സെ.മീ.

പത്രസംഖ്യ : 38

പുറം ഒന്നിന്വരി : 8

വരിഒന്നിന് അക്ഷരം : 36

ഗ്രന്ഥസംഖ്യ : 680

ലിപി : മലയാളം

ഉടമസ്ഥൻ : ചിത്രമെഴുത്ത് പത്മനാഭൻതമ്പി, ശ്രീകണ്ഠേശ്വരം

വിശേഷം : ഈ ഗ്രന്ഥം ഇവിടെ ശ്രീമൂലം ഭാഷാ ഗ്രന്ഥാവലിയിൽ 23-ാം നമ്പറായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഗ്രന്ഥം :ഇ

ആഫീസ്നമ്പർ : MC 187

പ്രകൃതി : താളിയോല

ആകൃതി : 12 ണ്മ 5 സെ.മീ.

പത്രസംഖ്യ : 18

പുറം ഒന്നിന്വരി : 11

വരിഒന്നിന് അക്ഷരം : 56

ഗ്രന്ഥസംഖ്യ : 650

ലിപി : മലയാളം

ഉടമസ്ഥൻ : മടവൂർ നാരായണപിള്ള ചിറയിൻകീഴ്

ഇങ്ങനെ മൂന്നുതാളിയോല ഗ്രന്ഥങ്ങളെക്കുറിച്ചുള്ള വിവരങ്ങൾമാത്രമേ രജിസ്റ്ററിൽ നിന്നും സ്വീകരിച്ചിട്ടുള്ളൂ. രജിസ്റ്ററിലെ വിവരങ്ങളിൽ നിന്നുമാണ് 'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിന്റെ മുദ്രിപ്പതിപ്പ് ഇറങ്ങിയിട്ടുണ്ട് എന്ന് മനസ്സിലാക്കിയത്. അന്വേഷണത്തിന്റെ ഫലമായി ഇവിടുത്തെ തന്നെലൈബ്രറിയിൽ നിന്നും ഇതിന്റെ ഒരുപോലെയുള്ള അഞ്ചു പ്രതികൾ കണ്ടെത്താനായി.

സാമ്യം

'വിവേകചൂഡാമണി'യിൽ എഴുതിയിരിക്കുന്ന അതേ ക്രമത്തിൽത്തന്നെയാണ് 'ബ്രഹ്മാനന്ദവിവേകസമുദ്ര'ത്തിലും വേദാന്തചിന്തകൾ നിരത്തിവച്ചിരിക്കുന്നത്. ബ്രഹ്മം എന്താണ്? അതിനെ എങ്ങനെ സമീപിക്കണം? അതിനുള്ള കഴിവ് ആർക്കാണുള്ളത്? ആരാണ് അധികാരി? സാധനചതുഷ്ടയം ഏതൊക്കെയാണ്? താപത്രയം ഏതൊക്കെ? മഹാവാക്യങ്ങൾ ഏതെല്ലാം? ദൃഷ്ടാന്തങ്ങൾ? ജീവമുക്തൻ ആരാണ്? ഇങ്ങനെ ആചാര്യൻ എഴുതിയിരിക്കുന്ന ശ്ലോകങ്ങളുടെ ഒരു ഗദ്യവിവർത്തനമാണ് 'ബ്രഹ്മാനന്ദവിവേകസമുദ്രം' എന്നുപറയാം.

കേരള സർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ ബ്രാഹ്മാനന്ദ വിവേകസമുദ്രത്തിന്റെ മൂന്നു താളിയോലപകർപ്പുകളും ഒരു കടലാസ്സുപകർപ്പുമുണ്ട്. ലൈബ്രറിയിൽ ശ്രീമൂലം മലയാളഭാഷാ ഗ്രന്ഥാവലിക്കാർ ഇറക്കിയ മുദ്രിതപ്പതിപ്പിന്റെ അഞ്ചുകോപ്പികൾ ഉണ്ട്. പ്രസ്തുത പഠനസാമഗ്രികളാണ് 'ബ്രാഹ്മാനന്ദവിവേകസമുദ്ര'ത്തിന്റെ സംശോധിതസംസ്കരണത്തിനാധാരം.

മൂന്നു താളിയോലകളിലേയും ചിലഭാഗങ്ങൾ പൊടിഞ്ഞുപോയിരിക്കുന്നു. എന്നാൽ സംശോധിതപാഠത്തിൽ മുഴുവൻ ഭാഗങ്ങളും ചേർത്താണ് തയ്യാറാക്കിയിരിക്കുന്നത്. പരസ്പരം ഒത്തുനോക്കിയപ്പോൾ മുഴുവൻ ഭാഗങ്ങളും ലഭിച്ചു. സി-187-ാം നമ്പർ ഗ്രന്ഥത്തിൽ 'എ' കാര, 'ഒ'കാര ഭേദത്തിന്റെ ഭാഗികമായ രൂപപ്പെടൽ സാധിച്ചു. പക്ഷേ എല്ലായിടത്തും ഇതുപാലിച്ചുകാണുന്നുമില്ല. മറ്റു ഗ്രന്ഥങ്ങളിൽ ഒന്നുംതന്നെ 'എ'കാര, 'ഏ'കാര ഭേദമില്ല. ഹ്രസമേ ഉപയോഗിച്ചിട്ടുള്ളൂ. എന്നാൽ അർത്ഥ വ്യക്തതയ്ക്കായി ദീർഘമായ 'എ'കാരം സംശോധിതപാഠത്തിൽ ചേർത്തിരിക്കുന്നു.

ഉപസംഹാരം

'ബ്രഹ്മാനന്ദവിവേകസമുദ്ര'-ത്തിന്റെ സംശോധിതസംസ്കരണത്തിലൂടെ പൊതുവായി രണ്ടുകാര്യങ്ങളാണ് പഠനവിധേയമാക്കിയിരിക്കുന്നത്. ഒന്ന് അതിന്റെ വേദാന്തപശ്ചാത്തലം. രണ്ട് ഭാഷാപരമായ പ്രത്യേകതകൾ. അത് ഏതുകാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു എന്നും ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്.

മറ്റേതൊരു താളിയോലഗ്രന്ഥത്തിലും കാണുന്നതുപോലെ 'ഏ'കാര, 'ഓ'കാര ചിഹ്നങ്ങളോ മീത്തലോ (്) ഉപയോഗിച്ചുകാണുന്നില്ല. എന്നാൽ ഇ- 187 നമ്പർ ഗ്രന്ഥത്തിലെ 'ഏ' കാര പ്രയോഗശ്രമങ്ങൾ (േ) ലിപിയുടെ വളർച്ചാവേളയെ പ്രതിനിധാനം ചെയ്യുന്നു. അതുവരെ ഉച്ചാര

ണത്തിൽ മാത്രം ഒതുങ്ങിനിന്ന ഈ ദീർഘപ്രയോഗങ്ങൾ എഴുത്തിലും രൂപപ്പെട്ടുവരുന്നതിന്റെ ലക്ഷണമാണിത്.

ഭാഷാപരമായി ചിന്തിക്കുകയാണെങ്കിൽ മലയാളഭാഷ രൂപപ്പെട്ടുവരുന്നകാലഘട്ടത്തിന്റെ പ്രതിനിധിയാണ് 'ബ്രഹ്മാനന്ദവിവേകസമുദ്രം'. ലിപി മലയാളമാണെങ്കിലും ഈ ഗ്രന്ഥത്തിൽ മലയാളപദങ്ങൾവിരളമാണ്. തമിഴ് സംസ്കൃതപദങ്ങൾക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. ക്, ത, ക, ന, ഷ എന്നീ അക്ഷരങ്ങൾ തമിഴ് രീതിയിലാണ് എഴിതിയിരിക്കുന്നത്. ഇവചേർന്നുവരുന്ന കൂട്ടക്ഷരങ്ങളും ഇതേപാതപിൻതുടരുന്നു. ഗ്രന്ഥാക്ഷരമാലയിലെ അക്ഷരങ്ങളായ ഞ, ഈ എന്നിവയും ഉപയോഗിച്ചുകാണുന്നു.മലയാളഭാഷ സ്വതന്ത്രയാകുന്നതിന്റെ ഏകദേശം അവസാനഭാഗത്താണ് 'ബ്രഹ്മാനന്ദവിവേകസമുദ്ര' രചനയെന്നുസ്പഷ്ടം. തമിഴും സംസ്കൃതവും ഇടകലർന്ന ഒരുമിശ്രഭാഷയാണ് ഇതിലുള്ളതെങ്കിലും ലീലാതിലകകാരൻ നിർദ്ദേശിക്കുന്ന മണിപ്രവാളശൈലിയല്ല ഇതിൽ പിൻതുടരുന്നത്.

കൊടുന്തമിഴ് മലയാളമായിപ്പരിണമിക്കുന്നതിന് കാരണമായി കേരളപാണിനി പറയുന്ന ആറുനയങ്ങളിൽ ഖിലോപസംഗ്രഹം ഒഴികെയുള്ള നയങ്ങൾ പ്രവർത്തിച്ചതും പ്രവർത്തിക്കാത്തതുമായ രൂപങ്ങൾ ഈ കൃതിയിലുണ്ട്. പൂർണ്ണമായി തമിഴിന്റെ സ്വാധീനം ഉപേക്ഷിക്കാത്തതും എന്നാൽ പൂർണ്ണമായി മലയാളരീതിയായി പരിണമിക്കാത്തതുമായ ഒരവസ്ഥയാണ് ഇതിൽകാണാൻ സാധിക്കുന്നത്. ലിപവിന്യാസം ഓരോ ഗ്രന്ഥത്തിലും പകർപ്പെഴുത്തുകാരുടെ കരവിരുതിനെയനുസരിച്ച് മാറിമാറിവരുന്നു.

ഭാഷാപരിണാമത്തിന്റെ സംക്രമണദശയുടെ പ്രതിനിധാനമാണ് ബ്രാഹ്മാനന്ദവിവേകസമുദ്രം. പൂർണ്ണമായി ഒരു വ്യാകരണനിയമവും ഇതിന്റെ ഭാഷയിൽ അനുവർത്തിക്കപ്പെടുന്നില്ല. പാലിച്ച നിയമങ്ങൾ പിന്നീട് ലംഘിക്കപ്പെടുകയും ചെയ്യുന്നു.

കുറിപ്പുകൾ

1. രാജരാജവർമ്മ എ.ആർ., കേരളപാണിനീയം, ലക്ഷ്മി പ്രിന്റിംഗ് ഹൗസ്, കോഴിക്കോട്, 1955, പുറം – 69,70

2. ശൂരനാട്ടുകുഞ്ഞൻപിള്ള (വ്യാഖ്യാ.), ലീലാതിലകം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996, പുറം 220

പടിയോലകൾ : മലയാളഭാഷാപഠനസാമഗ്രികൾ

ഡോ.മഞ്ജു കെ.

പ്രബന്ധസംഗ്രഹം

കേരളത്തിലെ ക്രൈസ്തവജനതയുടെ ആരാധനാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട ആധികാരിക രേഖകളാണ് പടിയോലകൾ. പിന്നിട്ടുപോയ നൂറ്റാണ്ടുകളിലെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ അവസ്ഥാഭേദങ്ങളെ മനസിലാക്കാനുതകുന്ന വിലപ്പെട്ട രേഖകളാണിവ. പ്രാചീന ഗദ്യമാതൃകകളുടെ അക്ഷയഖനികൂടിയായ പടിയോലകൾ അച്ചടിയും കടലാസും പ്രാബല്യത്തിൽ വരുന്നതിനുമുമ്പുള്ള വ്യവഹാരരേഖകളായി കണക്കാക്കാം. മലയാളഭാഷയുടെ വികാസപരിണാമങ്ങൾ മനസിലാക്കാനുതകുന്ന മുഖ്യ ആകരസാമഗ്രികളായ പടിയോലകൾ ഭാഷയെയും സംസ്കാരത്തെയും നവീനമായ ഉൾക്കാഴ്ചയോടെ സമീപിക്കാനും സഹായിക്കുന്നു. ഉദയംപേരൂർ സുനഹദോസ് കാനോനകൾക്കുശേഷം കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ ഒത്തുചേർന്നെടുക്കുന്ന തീരുമാനങ്ങളാണ് പടിയോലകളിൽ പ്രധാനമായും പരാമർശിക്കുന്നത്. പടിയോലകളുടെ ഗൗരവമേറിയ പഠനങ്ങൾ അധികമൊന്നും ലഭ്യമായിട്ടില്ല. മലയാളഭാഷയിലെ പ്രാചീന ഗദ്യമാതൃകകളുടെ പൂർവ്വരൂപം പടിയോലകളിൽ കാണാവുന്നതാണ്. ആ നിലയിൽ രണ്ടു കാലങ്ങളിലായി രൂപംകൊണ്ട പടിയോലകളിലെ ചരിത്രപരവും ഭാഷാപരവുമായ സവിശേഷതകൾ കണ്ടെത്തുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

താക്കോൽവാക്കുകൾ

നസ്രാണിചരിത്രരേഖകൾ - ഉദയംപേരൂർ സൂനഹദോസിനു മുമ്പും പിമ്പുമുള്ള പടിയോലകൾ - ഭാഷാപരവും ലിപിപരവുമായ സവിശേഷതകൾ

മലയാള ഗദ്യഭാഷാപരിണാമവഴികളിൽ അധികമൊന്നും കേട്ട് പരിചയമില്ലാത്ത ഒന്നാണ് പടിയോലകൾ. കുടപ്പനയുടെ ഓല ഉണക്കിയെടുത്തും ചെമ്പു തകിടിലും പിച്ചളത്തകിടിലും ഇത്തരം രേഖകൾ എഴുതിവന്നു. ചെപ്പേടുകളും താമ്രശാസനങ്ങളും ഇതോടൊപ്പം ലഭ്യമായിട്ടുണ്ട്. ''കൃത്യമായ കാര്യനിർവ്വഹണത്തിന് വ്യവസ്ഥ ചെയ്യുന്നതോ നിത്യചെലവിനായും മറ്റുമുള്ള തുക നിശ്ചയിച്ചുകൊണ്ടെഴുതുന്നതോ ആയ രേഖ, ചട്ടം രേഖപ്പെടുത്തിയ ഓല, അനുശാസനം നീട്ട്'' എന്നിങ്ങനെയാണ് മലയാള മഹാനിഘണ്ടു പടിയോലയെ നിർവചിച്ചിട്ടുള്ളത്. 'തീർപ്പ് കല്പിച്ച് ഓലയിൽ എഴുതിവച്ച രേഖ' എന്നും 'ചട്ടം നിശ്ചയിച്ച് എഴുതിവച്ച ഓല' എന്നും ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ശബ്ദതാരാവലി പടിയോലകളെ അംഗീകരിച്ചുകാണുന്നു.

കേരളത്തിലെ നസ്രാണി സമൂഹം അവരുടെ സഭാജീവിതത്തിൽ ഏതെങ്കിലും കടുത്ത പ്രതിസന്ധി നേരിടുന്ന അവസരത്തിൽ അതിനെ

മറികടക്കുവാൻ ഒരുമിച്ച് കൂടി, ഒറ്റക്കെട്ടായി കൈക്കൊള്ളുന്ന തീരുമാനങ്ങൾ അരക്കിട്ടുറപ്പിക്കാനും ഭാവി തലമുറയ്ക്കുപയുക്തമാക്കുവാനും ഓലയിലോ ചെമ്പുതകിടിലോ പിച്ചളത്തകിടിലോ രേഖപ്പെടുത്തിവയ്ക്കുന്നു. അങ്ങനെ എഴുതപ്പെട്ട അമൂല്യരേഖയാണ് പടിയോലകൾ. ചെമ്പ് സമ്പന്നരും പിച്ചള രാജാധികാരമുള്ളവരും ആയിരുന്നു ഉപയോഗിച്ചിരുന്നത്. സാധാരണവും സുദീർഘവുമായ രേഖകളാണ് ഓലയിൽ രേഖപ്പെടുത്തിയിരുന്നത്. കേരളത്തിലെ സുറിയാനി സമൂഹം മാത്രമേ പടിയോലകൾ എഴുതിയതായി അറിയുന്നുള്ളൂ. ചില ചെപ്പേടുകളും താമ്രശാസനങ്ങളും കൂടി ഇവരുടേതായി ലഭ്യമായിട്ടുണ്ട്. 17, 18 നൂറ്റാണ്ടുകളിലെ 13 പടിയോലകളും 19-ാം നൂറ്റാണ്ടിലെ ഏഴെട്ട് പടിയോലകളുമാണ് ലഭ്യമായിട്ടുള്ളത്. ഇവയിൽത്തന്നെ ചിലതൊക്കെ ചരിത്രപരാമർശങ്ങളിൽ ഉണ്ടെന്നല്ലാതെ എവിടെയും കാണുന്നില്ല. നശിപ്പിക്കപ്പെട്ടു പോകുകയോ മറ്റോ ചെയ്തിരിക്കാം. പടിയോലകൾക്കുപുറമേ ചട്ടവരി ഓലകളും പില്ക്കാലത്തുണ്ടായിട്ടുണ്ട്.

നസ്രാണി ചരിത്രപശ്ചാത്തലം

കേരളത്തിലെ പരമ്പരാഗത ക്രൈസ്തവരുടെ സമുദായപ്പേരാണ് 'നസ്രാണി' എന്നത്. ഇവർ ക്രിസ്തിശിഷ്യനായ മാർത്തോമ (St.Thomas) യിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചു എന്നാണ് വിശ്വാസം. 'സുറിയാനിക്കാർ' എന്നും പിൽക്കാലത്ത് വിളിച്ചുവന്നു. ഉദയംപേരൂർ സുനഹദോസ് കനോനകളിലാണ് 'നസ്രാണി' എന്ന പദം കേരള ക്രൈസ്തവരുടെ വ്യതിരിക്ത നാമമായി ആദ്യമായി രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഡോ.പി.സി.മാത്യു (2018:18) അഭിപ്രായപ്പെടുന്നു. രുഗ്മിണീസ്വയംവരം ഓട്ടൻതുള്ളലിൽ കുഞ്ചൻനമ്പ്യാരും 'നസ്രാണി' എന്ന വാക്ക് പ്രയോഗിച്ചിട്ടുണ്ട്. ഗുർട്ടിന്റെ 'നസ്രാണികളുടെ പഴമ', 'കേരളപ്പഴമ' എന്നീ ചരിത്രക്കുറിപ്പുകളും ശ്രദ്ധേയമാണ്. റോമാ സാമ്രാജ്യത്തിന് വെളിയിൽ ക്രിസ്തുശിഷ്യന്മാർ സ്ഥാപിച്ച ഏക സഭ എന്നാണ് നസ്രാണി സഭ അറിയപ്പെടുന്നത്.

ഉദയംപേരൂർ സുനഹദോസ് കനോനകൾക്കുമുമ്പ് നസ്രാണികളുടെ പുരാതന ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ചില പ്രാചീന രേഖകൾ കൂടിയുണ്ട്. ചെപ്പേടുകളെന്നും താമ്രശാസനങ്ങളെന്നും ചെമ്പോലപട്ടയങ്ങളെന്നും പല പേരിട്ട് ഇവയെ പരാമർശിക്കുന്നുണ്ട്. പ്രാചീനതയനുസരിച്ച് 4 ചെപ്പേടുകളാണ് പ്രധാനമായുമുള്ളത്. ഇതിൽ ഒന്നാമത്തേത്, വീരരാഘവചക്രവർത്തി നസ്രാണി നേതാവായ ഇരവികോർത്തന് എ.ഡി. 230-ൽ കൊടുത്ത വീരരാഘവ പട്ടയമാണ്. രാമത്തേത്, ക്നാനായിത്തൊമ്മൻ ചെപ്പേടാണ്. പേർഷ്യയിൽ നിന്നും കുടിയേറിയ സുറിയാനി ക്രൈസ്തവ നേതാവായിരുന്ന ക്നാനായിത്തൊമ്മന് എഡി.345 ൽ കൊടുത്ത ശാസനമാണിത്. യഥാർത്ഥ ശാസനം ലഭ്യമായിട്ടില്ല. അടുത്തത്, താണുരവിവർമ്മ രാജാവ് കൊടുത്ത കൊല്ലം തരിസാപ്പള്ളി ഒന്നും രണ്ടും ചെപ്പേടുകളാണ്. ചെപ്പേടിലെ ഭാഷ പരിശോധിച്ച് എ.ഡി. 1225 ലാണ് കാലമെന്ന് ഇളംകുളം കുഞ്ഞൻപിള്ളയും, തുടർന്ന് കെ.എൻ. ദാനിയേലും ഉറപ്പിക്കുന്നു. ഉദയംപേരൂർ സൂനഹദോസിനു മുമ്പ് വാണിജ്യത്തിലും സമരതന്ത്രത്തിലും ഉന്നത നിലയെ പ്രാപിച്ചിരുന്ന നസ്രാണികൾക്ക് സമൂഹ

ത്തിലുണ്ടായിരുന്ന ഉന്നത പദവി എത്രമാത്രമായിരുന്നുവെന്ന് ഈ ചെപ്പേടുകൾ വ്യക്തമാക്കുന്നു.

ഉദയംപേരൂർ സൂനഹദോസിനു മുമ്പും പിമ്പുമുള്ള പടിയോലകൾ

ഉദയംപേരൂർ സൂനഹദോസിൽ പങ്കെടുക്കാതിരുന്ന പള്ളിക്കാർ ആ സമ്മേളനത്തിന് തൊട്ടു മുമ്പും പിമ്പുമായി എടുത്ത തീരുമാനങ്ങളാണ് ആദ്യഘട്ട പടിയോലകൾ ഉൾക്കൊള്ളുന്നത്. ഇവയുടെ പകർപ്പുകൾപോലും ഇന്നു ലഭ്യമല്ല. എന്നിരുന്നാലും സുറിയാനി സഭാചരിത്രരേഖകളിലും മറ്റും ഇവയുടെ സൂചനകളുണ്ട്. നസ്രാണി സഭാചരിത്രം പരിശോധിച്ചാൽ ഇത്തരത്തിൽ തിരിച്ചുകിട്ടാൻ വയ്യാത്തവിധം തിരോഭവിച്ച പടിയോലകൾ ധാരാളമുണ്ട്.

1. 1583-ൽ അങ്കമാലിയിലെ മാർ എബ്രഹാം ഒരു സുനഹദോസ് കൂടി എഴുതിയുണ്ടാക്കിയ പടിയോല.
2. 1587-ൽ അർക്കദിയോക്കന്റെ നേതൃത്വത്തിലെഴുതിയ അങ്കമാലി പടിയോല
3. 1632-ൽ ഇടപ്പള്ളി പടിയോല
4. 1653-ൽ മട്ടാഞ്ചേരി പടിയോല

എന്നിവ നഷ്ടപ്പെട്ടവയുടെ കൂട്ടത്തിലെ പ്രധാന പടിയോലകളാണ്.

1583-ലെ അങ്കമാലി പടിയോലയെക്കുറിച്ച് സ്കറിയ സക്കറിയ പറയുന്നതിപ്രകാരമാണ്. ''നസ്രാണികളെ പാശ്ചാത്യസഭയോട് പൊരുത്തപ്പെടുത്തുന്നവയായിരിക്കുന്ന തീരുമാനങ്ങൾ എന്നു കരുതണം'' (1998:38). ''സുറിയാനിക്കാരും റോമാസഭയുമായി ഉണ്ടായ ഒന്നാമത്തെ സന്ധി'' എന്ന് ന്യൂ കാത്തലിക് എൻസൈക്ലോപീഡിയ സാക്ഷ്യപ്പെടുത്തുന്നു. പടിയോലയുടെ പകർപ്പ് കണ്ടുകിട്ടിയിട്ടില്ല.

1587-ലെ അങ്കമാലി പടിയോല ഗീവർഗീസ് അർക്കദിയാക്കോൻ റോമാ സഭയെ അംഗീകരിക്കില്ലെന്നും ബാബിലോണിലെ പാത്രിയാർക്കിസ് അയയ്ക്കുന്ന മെത്രാനെ മാത്രമേ സ്വീകരിക്കുള്ളൂവെന്നും ശപഥം ചെയ്തുകൊണ്ട് ഉദയംപേരൂർ സുനഹദോസിന് വഴിയൊരുക്കുന്ന പടിയോലയാണ്. ഈ പടിയോലയിലെ ആശയങ്ങൾ നെഞ്ചേറ്റി ജീവിച്ച ഒരു തലമുറയുടെ വികാരപ്രകടനമായിരുന്നു കൂനൻ കുരിശുസത്യം. ഇതിന്റെയും അസൽരൂപം ഇന്ന് കണ്ടുകിട്ടിയിട്ടില്ല.

1632-ലെ ഇടപ്പള്ളി പടിയോല സ്കറിയ സക്കറിയയുടെ 'മിലാൻ രേഖകളി'ൽ നിന്നുമാണ് സൂചന കിട്ടിയിരിക്കുന്നത്. ലിപിപരമായി നോക്കിയാൽ 17-ാം നൂറ്റാണ്ടോളം പഴക്കമുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. 'ചേന്ദമംഗലത്തെ വൈദിക സെമിനാരിയിൽ ആരും പഠിപ്പാൻ പോകരു'തെന്ന് പടിയോലയിൽ കല്പന കൊടുത്തിരിക്കുന്നു. അർക്കദിയാക്കോന്റെ കൈയൊപ്പുകൂടാതെ വികാരി ആക്കിയാലും മുടക്കിയാലും അതിനെ അംഗീകരിക്കുകയില്ലെന്ന മുന്നറിയിപ്പോടെയാണ് പടിയോല അവസാനിപ്പിച്ചിരിക്കുന്നത്. 1645-ലെ ഒരു പടിയോല പോർട്ടുഗീസ് വൈസ്രോയി കൊച്ചി സന്ദർശിക്കുന്ന അവസരത്തിൽ സമർപ്പിക്കുന്ന സങ്ക

ടഹർജിയാണ്. മലങ്കര നസ്രാണികളുടെ കൂട്ടായ തീരുമാനമാണ് സമർപ്പിച്ചത്. തോമ അർക്കദിയാക്കോന്റെ നേതൃത്വത്തിലെഴുതിയതിനാൽ അദ്ദേഹത്തിന്റെ ആസ്ഥാനമായ അങ്കമാലിയിൽ വച്ചാകാനാണ് സാധ്യത. ഇത് കഴിഞ്ഞ് 8 വർഷം കഴിഞ്ഞാണ് കൂനൻകുരിശുസത്യം നടക്കുന്നത്.

1653-ലെ മട്ടാഞ്ചേരി പടിയോല കൂനൻകുരിശുസത്യത്തിന്റെ സമയത്ത് എഴുതിയുണ്ടാക്കിയതാണ്. ഇടവഴിക്കൽ ഇ.എം.പീലിപ്പോസ് എഴുതിയ 'മാർത്തോമശ്ലീഹയുടെ ഇന്ത്യൻസഭ' എന്ന ഗ്രന്ഥത്തിൽ (1977:138) കൂനൻ കുരിശു സത്യത്തിൽ പങ്കെടുത്തവർ എഴുതിയ ഉടമ്പടി എന്നാണ് പറഞ്ഞിരിക്കുന്നത്. 'റോമാസഭയെ ഇനി ഒരിക്കലും സ്വീകരിക്കുകയില്ലെന്ന് സത്യം ചെയ്തു പറഞ്ഞു' എന്നത് പില്ക്കാല പല ചരിത്രകാരന്മാരും അംഗീകരിക്കുന്നില്ല എന്നും അദ്ദേഹം സൂചിപ്പിക്കുന്നു.

1653-ലെ കൂനൻകുരിശു സത്യത്തിനുശേഷമുള്ള പടിയോലകളാണ് ഇനിയുള്ളത്.

1. 1774-ലെ അങ്കമാലി പടിയോല
2. 1776-ലെ ആലങ്ങാട്ട് പടിയോല
3. 1787-ലെ അങ്കമാലി ഒന്നാം പടിയോല
4. 1787-ലെ അങ്കമാലി രാം പടിയോല

കൂനൻകുരിശു സത്യത്തിനുശേഷം മാർത്തോമ്മാ നസ്രാണികൾ പഴയ കൂറ്റുകാരെന്നും പുതിയ കൂറ്റുകാരെന്നും പിരിഞ്ഞു. പുതിയ കൂറ്റുകാരുടെ സഭാധ്യക്ഷൻ മാർത്തോമ മെത്രാനും പഴയ കൂറ്റുകാർക്ക് മാർപ്പാപ്പ യൂറോപ്പിൽ നിന്നും അയയ്ക്കുന്നവരുമായിരുന്നു. പക്ഷേ യൂറോപ്യൻ വൈദികരായ പാദ്രിമാർ തദ്ദേശീയരായ വിശ്വാസികളെ പുച്ഛത്തോടുകൂടിയാണ് വീക്ഷിച്ചിരുന്നത്. പാദ്രിമാരും പള്ളിക്കാരും അഭിപ്രായവ്യത്യാസം മൂത്തപ്പോൾ സമാധാനം കൈവരുത്തുന്നതിനായി കരിയാറ്റിൽ യൗസോപ്പു മൽപ്പാന്റെ നേതൃത്വത്തിൽ എഴുതിയുണ്ടാക്കിയ രേഖകളാണ് 1774-ലെ അങ്കമാലി പടിയോല. അസൽരേഖ കണ്ടുകിട്ടിയിട്ടില്ല. വർത്തമാനപുസ്തകത്തിലും പാദ്രിമാരിൽ ഒരാളായ ലോറൻസ് യുസ്തിനി റോമിലേക്ക് അയച്ചുകൊടുത്ത റിപ്പോർട്ടിലും പടിയോലയെക്കുറിച്ചുള്ള വിവരങ്ങൾ കാണാം.

1776-ലെ ആലങ്ങാട്ട് പടിയോല മലങ്കര പള്ളിക്കാർ ആലങ്ങാട്ട് യോഗം കൂടി എഴുതിയ പടിയോലയാണ്. 1774-ലെ അങ്കമാലി പടിയോലയുടെ തുടർച്ചയായി ഉണ്ടായ സംഭവവികാസങ്ങളാണ് ഈ പടിയോല എഴുതുവാൻ കാരണമായത്. ലത്തീനിൽ എഴുതിയ പടിയോലയുടെ പകർപ്പ് പൂർണരൂപത്തിൽ ലഭ്യമാണ്. 1787-ലെ അങ്കമാലി പടിയോല രണ്ടു ഭാഗങ്ങളായി കാണപ്പെടുന്നു. ഒന്നാം പടിയോല അങ്കമാലി മുതൽ മലങ്കര വരെയുള്ള 84 പള്ളി ഇടവകക്കാർ അങ്കമാലി സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ പാറേമാക്കൽ തോമാക്കത്തനാരുടെ അധ്യക്ഷതയിൽ കൂടിയ മഹായോഗത്തിൽ എടുത്ത തീരുമാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 'പാറേമാക്കൽ ഗോവർണ്ണദോരെയെ മെത്രാപ്പൊലീത്തയായി വാഴിച്ചുകിട്ടണേ' എന്ന ആവശ്യം ഒന്നാം പടിയോലയിൽ ഉന്നയിച്ചിരിക്കുന്നു. വർത്ത

മാനപ്പുസ്തകം 2-ാം ഭാഗത്ത് 480-483 പുറങ്ങളിൽ പടിയോല പൂർണരൂപത്തിൽ കൊടുത്തിരിക്കുന്നു. രണ്ടാം പടിയോല തൊട്ടടുത്ത ദിവസമാണ് എഴുതുന്നത്. അർക്കദിയാക്കോനെ വാഴിക്കണം, പന്ത്രണ്ടുപേരെ കാര്യവിചാരകരായി തെരഞ്ഞെടുക്കണം, ചെലവിന്നായി പള്ളിയിൽ നിന്ന് പണം സ്വരൂപിക്കണം എന്നിങ്ങനെ പ്രധാനമായും മൂന്ന് കാര്യങ്ങൾ ചെയ്യണമെന്നാണ് രണ്ടാം പടിയോല നിശ്ചയിക്കുന്നത്. ഉദയം പേരൂരിനുമുമ്പുള്ള ജനാധിപത്യ വ്യവസ്ഥയിലേക്കുള്ള തിരിച്ചുപോക്കാണ് രണ്ടാം പടിയോല ദൃശ്യമാക്കുന്നത്.

19-ാം നൂറ്റാണ്ടിലെ പടിയോലകൾ

19-ാം നൂറ്റാണ്ടിൽ രൂപംകൊവയും നമുക്ക് ലഭ്യമായിട്ടുള്ളവയുമായ പടിയോലകളാണ് ഇനി പറയുന്നത്. ഭാഷാപരമായും ലിപിപരമായുമുള്ള പഠനങ്ങൾ ഏറെയും ഈ പടിയോലകളിലാണ് സാധ്യമാകുന്നത്.

1806-ലെ ആർത്താറ്റ് പടിയോല

1809-ലെ കനാട് പടിയോല

1825-ലെ കോട്ടയം ചട്ടവരിയോല

1836--ലെ മാവേലിക്കര പടിയോല

1843-ലെ കല്ലുങ്കത്ര പടിയോല

1861-ലെ തൈക്കാട്ടുശ്ശേരി പടിയോല

1864-ലെ കനാട് രണ്ടാം പടിയോല

1806-ലെ ആർത്താറ്റ് പടിയോലയും 1809-ലെ കനാട് പടിയോലയും ഇടവകയുടെ മാത്രം പടിയോലയാണ്. ബാക്കിയുള്ളവ പല പള്ളി പ്രതിനിധികളും കൂടിചേർന്നെടുത്ത തീരുമാനങ്ങളാണ്. ആർത്താറ്റു പടിയോല സഭാചരിത്രത്തിലെ ഒരു അമൂല്യ രേഖയാണ്. 'മലങ്കരസഭയുടെ മാഗ്നാ കാർട്ട' എന്നു വിശേഷിപ്പിക്കുന്നു. ചെമ്പുതകിടിൽ പഴയ മലയാളം വട്ടെഴുത്തിൽ എഴുതിയിരിക്കുന്നു. വിസ്മൃതിയിൽപ്പെട്ടു കിടക്കുന്ന നസ്രാണികളുടെ അസൽരേഖ കണ്ടുകിട്ടിയത് ഈ രേഖയിലാണ്. വിദേശ മതമേല്ക്കോയ്മകളെ ഓരോന്നായി പേരെടുത്തു പറഞ്ഞ് തള്ളിക്കളയുകയും മലങ്കര നസ്രാണികളുടെ തനിമ നിലനിർത്താനുള്ള ആഹ്വാനം നൽകുകയും ചെയ്യുന്നു. 'ചേന്ദമംഗലത്തുള്ള ഡച്ചുകാർ പാലിയത്ത ച്ചൻമാർക്ക് പണിയിച്ചുകൊടുത്ത കൊട്ടാരത്തിൽനിന്നും അമ്പത്താറര സെന്റിമീറ്റർ നീളവും നാലു സെന്റീമീറ്റർ വീതിയുമായി വട്ടെഴുത്തിൽ എഴുതിയ ചെമ്പോല കിട്ടി. ഒരു വശത്ത് മാത്രമേ എഴുതിയിട്ടുള്ളൂ. ഇടത്തേ അറ്റത്ത് ഒരു കുരിശടയാളം തെളിഞ്ഞു കാണുന്നു. തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ നിന്നും പരിഭാഷപ്പെടുത്തിയെടുത്തതിൽ നിന്നും ആർത്താറ്റ് പടിയോലയെന്ന് തിരിച്ചറിഞ്ഞു''- ഡോ.പി.സി. മാത്യു (2018:148) പടിയോലയെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തുന്നു.

1809-ലെ കനാട് പടിയോല 'മലങ്കരസഭയുടെ കാനോൻ' എന്ന് വിശേഷിപ്പിക്കുന്നു. മെത്രാന്റെ ഏകനായകശക്തിക്കെതിരെ മലങ്കരസഭ

ആദ്യമായി പ്രതികരിച്ചത് ഈ സമ്മേളനത്തിൽവച്ചാണ്. പടിയോലയെഴുതിയുണ്ടാക്കുകയും ചെയ്തു. സഭയിലെ പെരുന്നാളുകളും ആരാധനാക്രമങ്ങളും മതപരമായ വിദ്യാഭ്യാസവും മെത്രാന്റെ പദവികളും മറ്റും പദവികളും പടിയോലയിൽ പരാമർശിക്കുന്നുണ്ട്. പടിയോലയിലെ അലംഘനീയമായ തീരുമാനങ്ങൾ ദീർഘവീക്ഷണമുള്ളവയാണ്. നിരണം ഗ്രന്ഥവരിയിൽ കനാട് പടിയോല ചുരുക്കി പരാമർശിക്കുന്നുണ്ട്. ഇതിനു പലവിധ വ്യാഖ്യാനങ്ങളും തർജ്ജുമകളും ഉണ്ടായിട്ടുണ്ട്. മലങ്കരസഭയിലെ അതുല്യമായ രേഖ എന്ന സ്ഥാനം കനാട് പടിയോലയ്ക്കുണ്ട്.

1825-ലെ കോട്ടയം ചട്ടവരിയോല നസ്രാണികളിൽ യാക്കോബായ വിഭാഗത്തിന്റെ പള്ളി നടപടി ക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും ഏകീകരിച്ച് എഴുതിയുണ്ടാക്കിയ നിയമാവലികളാണ്. മലങ്കര മെത്രാപ്പൊലീത്ത മാത്യൂസ് മാർ അത്തനാസ്യോസ് നിശ്ചയിച്ച്, കോട്ടയത്ത് വലിയപള്ളി ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുമായി കൂടിയാലോചിച്ചാണ് ഈ ചട്ടവരിയോലകൾ രൂപപ്പെടുത്തിയത്. പടിയോലയും ചട്ടവരിയും തമ്മിലുള്ള പ്രധാന വ്യത്യാസം എന്തെന്നാൽ സഭയിലെ എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിപുരുഷന്മാർ ഉൾപ്പെട്ട യോഗനിശ്ചയങ്ങൾ രേഖപ്പെടുത്തുന്നവയാണ് പടിയോലകൾ. ചട്ടവരിയോല സഭാതലവൻ മാത്രം തീരുമാനിച്ച നിയമസംഹിതയാണ്. താഴെത്തട്ടിലുള്ളവർക്ക് പാലിക്കാനായി ഭരണമേധാവി സൃഷ്ടിക്കുന്ന നിയമങ്ങളാണ് ചട്ടവരിയോല. യാക്കോബായ സഭയ്ക്ക് സ്വന്തമായി ഒരു കാനോൻ ഇല്ലാതിരുന്ന അക്കാലത്ത് ഒരു കാനോന്റെ സ്വഭാവം ഈ ചട്ടവരിയോലയ്ക്ക് കൈവന്നിട്ടുണ്ട്. 102-ഓളം സഭാ തീരുമാനങ്ങൾ ഉൾക്കൊണ്ട കോട്ടയം ചട്ടവരി ഓലകൾ ഭാഷാചരിത്ര പഠനത്തിനും സാമൂഹ്യശാസ്ത്രവിജ്ഞാനത്തിനും മുഖ്യ ആകരമാണ്.

1836-ലെ മാവേലിക്കര പടിയോല, മലങ്കര സഭയിലെ പള്ളി പ്രതിപുരുഷയോഗംകൂടി നവീകരണചിന്താഗതിക്കെതിരെ മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് എടുത്ത തീരുമാനങ്ങളാണ്. 1835-ൽ കൽക്കട്ടാ ബിഷപ്പ് ഡാനിയേൽ വിത്സൺ, സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ പ്രൊട്ടസ്റ്റന്റ് വിശ്വാസാചാരങ്ങൾക്ക് അനുരൂപമായി ഭേദഗതി ചെയ്വാനും സഭയിൽ താത്ത്വിക പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താനും തീരുമാനിച്ചു. ഇതിനെതിരെയാണ് 1836-ലെ മാവേലിക്കര പടിയോല.

1843-ലെ കല്ലുങ്കത്ര പടിയോല അന്തോഖ്യാ പാർത്രീയാക്കീസിന്റെ അധികാരത്തെ ചോദ്യം ചെയ്യില്ല എന്ന് ഉറപ്പിക്കുന്നു. ആർത്താറ്റ് പടിയോല തള്ളിപ്പറഞ്ഞ അന്തോഖ്യായെ കല്ലുങ്കത്ര പടിയോല സ്വീകരിച്ചു. ഇവ കൂടാതെ 1861 തൈക്കാട്ടുശ്ശേരി പടിയോല 1864-ലെ കനാട് രണ്ടാം പടിയോല എന്നിവയും 19-ാം ശതകത്തിലെ സഭാ നിയമങ്ങളായിരുന്നുവെന്നു പറയുന്നു.

പടിയോലകളിലെ ഭാഷാപരവും ലിപിപരവുമായ സവിശേഷതകൾ

മലയാള ഭാഷാചരിത്രത്തിലെ വ്യത്യസ്തഭാവങ്ങളും രൂപങ്ങളും പ്രത്യക്ഷമാക്കുന്ന വൈജ്ഞാനിക രേഖകളാണ് പടിയോലകൾ. നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന മലയാള ഗദ്യഭാഷയുടെ ശൈശവരൂപം പടിയോലകളിൽ കാണാം. 17, 18 നൂറ്റാണ്ടുകളിൽ ലഭ്യമായ പടിയോലകളിൽ സുറിയാനി ഭാഷയിൽ നിന്നും കടംകൊണ്ടിട്ടുള്ളതായ വാക്കുകൾ ധാരാള

മായി കടന്നുവന്നിട്ടുണ്ട്. ചെപ്പേടുകളിലെയും താമ്രശാസനങ്ങളിലെയും (12-ാം നൂറ്റാണ്ട്) ഭാഷ വട്ടെഴുത്തും ആര്യ എഴുത്തും കലർന്നതായിട്ടാണ് കാണുന്നത്. തരിസാപ്പള്ളി ചെപ്പേടുകളിൽ ക്യൂഫിക്, പഹലവി, എബ്രായ എന്നീ ഭാഷാപദങ്ങൾ 4-ാം തകിടിൽ കാണാം. അതുകൊണ്ടുതന്നെ മനോധർമ്മമനുസരിച്ചുള്ള പരിഭാഷയായിരുന്നു ഏറിയകൂറും. യൂദ-പേർഷ്യൻ പേരുകൾ യഥാക്രമം സാബേർ ഭാഷയിലും അഫ്രോത്തിലും എഴുതിക്കാണുന്നുണ്ട്.

ഉദയംപേരൂർ സുനഹദോസിന്റെ ഡിക്രികൾ പോർച്ചുഗീസ് ഭാഷയിലായിരുന്നു തയ്യാറാക്കിയിരുന്നത്. ഇവ നാട്ടുഭാഷയിലേക്ക് വിവർത്തനം ചെയ്തപ്പോൾ ആരാധനാഭാഷയായ സുറിയാനിയിൽ നിന്നും തർജ്ജുമക്കാർ ധാരാളം പദങ്ങൾ കടമെടുത്തിരുന്നു. പോർച്ചുഗീസ് ഭാഷയുടെ വാക്യഘടനയും മലയാളതർജ്ജുമയിൽ കുറെയൊക്കെ കടന്നുവന്നിട്ടുണ്ട്. അതതു കാലത്തെ മലയാളഭാഷയുടെ സമ്പ്രദായം സുനഹദോസ് കാനോനകളിൽ കാണാം. അന്നത്തെ ഗദ്യമാതൃകയ്ക്ക് കാനോനകളിലെ ഭാഷാരീതി ഉത്തമ മാതൃകയാണ്. തമിഴിലെ 'ഐ', 'എ' ചേരുന്ന പദങ്ങൾ മലയാളത്തിൽ സ്വരസംവരണം വന്ന് 'അ'കാരമായി മാറുന്നതും ഇതിൽ കണ്ടുവരുന്നു.

മലയാളവർഷം 981 മകരം ഞായിറ്റിലെഴുതിയതെന്ന് ആമുഖത്തിൽ പറയുന്ന ആർത്താറ്റ് പടിയോല വട്ടെഴുത്ത് ലിപിയിലാണുള്ളത്. മലയാള ഭാഷ കേരളത്തിലെ ജനങ്ങൾ സുഗമമായി കൈകാര്യം ചെയ്തുവന്നിരുന്ന 17, 18 നൂറ്റാണ്ടു കാലത്ത് ദുഷ്ക്കരമായ വട്ടെഴുത്ത് ലിപിയിൽ ഈ പടിയോലയെഴുതിയതിന് പല കാരണങ്ങൾ പറയുന്നു. പ്രധാനമായും, മലയാളം പൂർണ്ണവളർച്ച എത്തിയിട്ടും രാജകീയ വിളംബരങ്ങളും കല്പനകളും തീട്ടൂരങ്ങളും മറ്റും അന്നും വട്ടെഴുത്തിൽ തന്നെയാണ് എഴുതിപ്പോന്നിരുന്നത്. ആ രീതി പിന്തുടർന്നും പഴമ നിലനിർത്താനുമാണ് എഴുതുന്നവർ ശ്രമിക്കുന്നത്. ''ശാസനങ്ങളിലെ ഭാഷ സാങ്കേതികവും യാഥാസ്ഥിതികവുമാക്കാൻ പഴയ ചട്ടങ്ങളും പദങ്ങളും ശൈലികളും വാക്യരീതിയും ബോധപൂർവ്വം ഉപയോഗിക്കാനുള്ള പ്രതിപത്തിയുമാണ് അതെഴുതുന്നവർ പ്രകടിപ്പിക്കുന്ന''തെന്ന് സി.എൽ.ആന്റണി ഇതിനെ ശരിവയ്ക്കുന്നു (1969:48). വട്ടെഴുത്തിൽ 'സ' ഇല്ലാത്തതിനാൽ ആർത്താറ്റ് പടിയോലയിൽ 'സ' ഉൾപ്പെടുത്തിക്കാണുന്നില്ല. 'സ'യുടെ സ്ഥാനം 'ത' കയ്യടക്കിയിരിക്കുന്നതിനാൽ 'സുറിയാനികൾ' എന്നത് 'തുറിയാനികൾ' എന്നാണെഴുതിയിരിക്കുന്നത്. ആദിമകാലത്തെ ഗദ്യത്തിലെ സന്ധിനിയമങ്ങളുടെ പൂർവ്വപരിണാമം പടിയോലകളിൽ കാണാം. സന്ധികാര്യങ്ങളിൽ പലതും നവീനഗദ്യത്തിന്റെ സവിശേഷതകൾ പ്രകടമാക്കുന്നുണ്ട്. അർത്ഥപുഷ്ടിയോടെയുള്ള ചെറുവാചകങ്ങൾ നവീനഗദ്യത്തിന്റെ മാതൃക സൂചിപ്പിക്കുന്നു. വിധായകാനുജ്ഞായക പ്രകാരങ്ങളിലുള്ള ക്രിയാരൂപങ്ങളും കേരളപാണിനി നിർദ്ദേശിക്കുന്ന അനുപ്രയോഗ പ്രാഗ്പ്രയോഗ ധാതുക്കൾ വേർതിരിച്ചുള്ള സ്വതന്ത്ര രൂപങ്ങളും പടിയോലകളിൽ സുലഭമാണ്. ഇങ്ങനെ മലയാള ഗദ്യമാതൃകയുടേതെന്നല്ല, വ്യാകരണരൂപങ്ങളുടെയും ആദിമരേഖയായി പടിയോലകളിലെ ഭാഷയെ ഗണിക്കേതാണ്. ക്രൈസ്തവ സംസ്കാരവും ജീവിതവും കേരളത്തിനു നൽകിയിട്ടുള്ള വിശിഷ്ട സംഭാവനകളുടെ മൂല്യം നിർണ്ണയിക്കാൻ ഇത്തരം പടിയോലകൾ സഹായിക്കു

ന്നു. കേരളത്തിലെ സുറിയാനി പള്ളികളിലെ സാമ്പത്തികവും മതപരവുമായ ഭരണരീതികളെക്കുറിച്ചു മനസിലാക്കാനുള്ള പ്രാമാണിക രേഖയായി ഇവയെ കണക്കാക്കാവുന്നതാണ്.

എഴുത്തച്ഛന്റെ കാലത്ത്, സാഹിത്യഭാഷയിൽ നിന്ന് ശുദ്ധ ദ്രാവിഡ പദങ്ങളും പ്രയോഗവിശേഷങ്ങളും ഒഴിവാക്കപ്പെട്ടിരുന്നു. പിന്നീട് അവയ്ക്ക് അംഗീകാരം കിട്ടുന്നത് മിഷനറി ഗദ്യകൃതികളിലാണ്. തമിഴ്ഭാഷയിൽ നിന്ന് മലയാളഭാഷയെ വേർതിരിച്ചു കാട്ടുന്ന ആറു നയങ്ങൾ അനുസരിച്ചാണെങ്കിൽ സ്വതന്ത്രമലയാളമാണ് ഉദയംപേരൂർ സുനഹദോസ് കാനോനകളിലുള്ളത് എന്ന് പറയാം. ഉദയംപേരൂർ സുനഹദോസ് ഗദ്യമാതൃകയായി കണക്കാക്കുന്നതുപോലെ പ്രാചീന ഗദ്യമാതൃകയായി പടിയോലകളിലെ ഗദ്യത്തെ പൂർണമായും കണക്കാക്കാനാവില്ല എന്നും കനോനകളിലെ മലയാളം പരിഭാഷയുടെ സാഹിത്യഭംഗി പടിയോലകളിലെ തർജ്ജുമയ്ക്ക് അവകാശപ്പെടാനാവില്ല എന്നും അഭിപ്രായങ്ങളുണ്ട്.

17, 18 നൂറ്റാണ്ടിലെ പടിയോലകൾ അധികവും വട്ടെഴുത്ത് ലിപിയിലാണ് എഴുതിയിട്ടുള്ളതെന്ന് കരുതാം. വത്തിക്കാൻ ഗ്രന്ഥശാലയിലുള്ള കൈയെഴുത്തു രേഖയിൽ കൽദായ ലിപിയിലെഴുതിയതും അറബി സുറിയാനി പാഠഭേദങ്ങൾ ധാരാളം ഉൾക്കൊള്ളുന്നതുമായ അസാധാരണ രചനകളാണ് പടിയോലകളെന്ന് പറയുന്നുണ്ട്. പ്രാചീന കേരളത്തിൽ വട്ടെഴുത്ത്, കോലെഴുത്ത്, ആര്യ എഴുത്ത്, മലയാണ്മ എന്നീ നാലുതരം ലിപിസമ്പ്രദായങ്ങളുണ്ടായിരുന്നു. ഇതിൽ വട്ടെഴുത്തിനും ആര്യ എഴുത്തിനുമായിരുന്നു കൂടുതൽ പ്രചാരം. പടിയോലകളിലെ ലിപിയെക്കുറിച്ച് ഖണ്ഡിതമായ ഒരഭിപ്രായം പറയാൻ സാധ്യമല്ല. ആർത്താറ്റ് പടിയോല വട്ടെഴുത്തിലായിരുന്നു. ആര്യ എഴുത്ത്, കൽദായ, സുറിയാനി ലിപി ഇവയ്ക്കും സാധ്യത ഉണ്ട്. ദ്രാവിഡ വാക്യഘടനയുമായി പൊരുത്തപ്പെട്ടു പോകുന്ന വാക്യഘടനയാണ് ഉള്ളത്. മലയാള ഭാഷാശൈലിക്ക് യോജിക്കാത്ത കർമ്മണി പ്രയോഗങ്ങൾ അപൂർവ്വമായി കാണാം. പദവാക്യ ചേർച്ചയിൽ പലയിടങ്ങളിലും അസ്വാഭാവികതയുണ്ട്. അപൂർവ്വമായി പരകീയപദങ്ങൾ (സുറിയാനി, അറബി, പോർട്ടുഗീസ്, തമിഴ്) കാണാം. ഇത്തരത്തിൽ സംക്രമിച്ച വിദേശപദങ്ങൾ അന്ത്യസ്വരം നീട്ടിയും കുറുക്കിയും കാണുന്നുണ്ട്. റുശ്മാ-റുശ്മ എന്നും ചെമ്മാച്ചൻ-ശെമ്മാച്ചൻ എന്നും വ്യത്യസ്ത രൂപത്തിൽ കാണുന്നു.

സംസാരഭാഷയിലെ ഉച്ചാരണഭേദങ്ങൾ പ്രത്യേകിച്ച് സ്വരവികാരം, വ്യഞ്ജനവികാരം, സ്വരഭക്തി, വർണലോപം എന്നിവ ഏറെക്കുറെ പടിയോലയിൽ പ്രതിഫലിക്കുന്നുണ്ട്. നൂറ്റാണ്ടുകൾക്കു മുൻപുള്ള മലയാളവാമൊഴിയെക്കുറിച്ച് ചില ധാരണ നേടാനും പടിയോലയിലെ ഗദ്യം സഹായിക്കുന്നുണ്ട്. ഇത്തരം രേഖകളിലെ ഭാഷാരൂപം അതാതുകാലത്തെ സാഹിത്യഭാഷയെയോ വ്യവഹാരഭാഷയെയോ പ്രതിനിധാനം ചെയ്യുന്നില്ല എന്ന പരമാർത്ഥവും ഇതോടൊപ്പം മനസിലാക്കേതുണ്ട്. അതാതുകാലത്തെ ഭാഷാരീതിയുടെ ചില അംശങ്ങൾ സംക്രമിക്കുന്നുവെന്നു മാത്രം.

പടിയോലകൾ അപ്രധാനരേഖകൾ എന്ന് മുദ്രകുത്തി ചരിത്രകാരന്മാരും ഭാഷാപഠിതാക്കളും പാടേ അവഗണിച്ചതായിട്ടാണ് കണക്കാക്കേത്. വർത്തമാനപുസ്തക കർത്താവ് പാറേമാക്കൽ തോമാക്കത്തനാർ പടിയോ

ലകളെ പരാമർശിക്കുന്നതൊഴിച്ചാൽ മറ്റുള്ള പല ചരിത്രകാരന്മാരും ഭാഷാ പണ്ഡിതന്മാരും ഇങ്ങനെ കുറെ രേഖകളുന്നെുള്ളത് പാടേ വിസ്മരിച്ചു പോയി. ഭാഷയേയും സംസ്കാരത്തെയും ഉൾക്കാഴ്ചയോടെ സമീപിക്കാൻ സഹായിക്കുന്ന അക്ഷയഖനിയാണ് പടിയോലകൾ. ആ നിലയിൽ ഇനിയും പഠനസാധ്യതകൾ ഏറെയുണ്ട്.

സഹായകഗ്രന്ഥങ്ങൾ

1. ആന്റണി സി.എൽ., ഭാഷാപഠനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1969.
2. ജോസഫ് ചീരൻ, ഇന്ത്യൻ ഓർത്തഡോക്സ് സഭ – ചരിത്രവും സംസ്കാരവും, കോട്ടയ്ക്കൽ പബ്ലിക്കേഷൻസ്, കോട്ടയം, 2002.
3. പീലിപ്പോസ് ഇ. എം., മാർത്തോമാശ്ലീഹയുടെ ഇന്ത്യൻ സഭ, ഇ. പി. ബുക്സ്, ചിങ്ങവനം, 1977.
4. മാത്യു പുലിക്കോട്ടിൽ പി.സി. ഡോ., പടിയോലകൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2018.
5. സാമുവൽ ചന്ദനപ്പള്ളി ഡോ., മിഷണറി മലയാള ഗദ്യമാതൃകകൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1984.
6. സ്കറിയ സക്കറിയ, ഉദയംപേരൂർ സുനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം, 1998.

പാലിയം ചെപ്പേടുകൾ ചില ചരിത്രവിചാരങ്ങൾ

ഡോ. ആദർശ് സി.

പ്രബന്ധസംഗ്രഹം

കൊച്ചി രാജ്യചരിത്രത്തിലെ പ്രധാനപ്പെട്ട ഭാഗമാണ് പാലിയം പ്രാചീന കേരളത്തിലെ ജന്മി സമ്പ്രദായത്തെക്കുറിച്ചും ഭൂബന്ധങ്ങളെ ക്കുറിച്ചും കോളോനിയൽ ഇടപെടലിനെ കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുന്ന ധാരാളം രേഖകൾ പാലിയത്തിനുണ്ട്. ഇതിൽ ഉൾപ്പെട്ട ഒരു അട്ടിപ്പേർ ഓലയെ കുറിച്ചുള്ള സാമാന്യപഠനമാണ് ഈ പ്രബന്ധത്തിൽ

താക്കോൽവാക്കുകൾ

പാലിയം, വില്ലാർവട്ടം, രാമവർമ, ചാത്തേടം, നായരമ്പലം, കുടിയാർ, കൊതുരുത്, പുതുവയ്പ് വർഷം.

നാടുവാഴിത്തകാലകേരളത്തിലെ പ്രഭുകുടും ബമായിരുന്നു പാലിയം. കൊച്ചി രാജാവിന്റെ മന്ത്രി എന്ന നിലയിലാണ് പാലിയത്തച്ചന്മാർ ചരിത്രത്തിലറിയപ്പെടുന്നത്. കോളണി ഭരണകാലത്ത് പാലിയത്തച്ചന്മാരുടെ ഇടപെടലുകൾ ശക്തവും ശ്രദ്ധേയവുമാണ്. ഭരണനൈപുണ്യം കൊണ്ടും യുദ്ധപാടവം കൊണ്ടും പ്രശസ്തരായ ധാരാളം വലിയച്ചന്മാർ പാലിയത്തുണ്ടായിരുന്നു. പെരുമാക്കന്മാരുടെ കാലത്തോളംതന്നെ പഴക്കം പാലിയത്തിനും ഉണ്ടായിരുന്നു. കൂട്ടുകുടുംബമായിരുന്ന പാലിയത്തെ കാരണവരാണ് പാലിയത്തച്ചൻ. പാലിയത്തച്ചൻ എന്നത് സ്ഥാനപ്പേരാണ്. കുടുംബകാരണവരായി സ്ഥാനമേൽക്കുന്ന ആളാണ് വലിയച്ചൻ എന്ന പേരിൽ അറിയപ്പെടുന്നത്. മറ്റുള്ളവർ അച്ചന്മാർ. സ്ത്രീകളെ കുഞ്ഞമ്മമാരെന്നും തലമുതിർന്ന അമ്മയെ വലിയമ്മ എന്നുമാണ് വിളിച്ചിരുന്നത്. ആൺകുട്ടികളെ കുട്ടൻ എന്നും പെൺകുട്ടികളെ പിള്ള എന്നുമാണ് വിളിച്ചിരുന്നത്.

പൊ.വ. 8-12 നൂറ്റാണ്ടുകളിൽ മഹോദയപുരം ആസ്ഥാനമാക്കി കേരളംവാണ ചേരമാൻ പെരുമാക്കന്മാരുടെ കാലത്തിനു ശേഷം നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്ര്യപദവി ലഭിച്ചു. അവസാനത്തെ ചേരരാജാവ് നാടിനെ ബന്ധുക്കൾക്കും മറ്റുമായി വിഭജിച്ചുകൊടുത്തു എന്നാണ് ഐതിഹ്യം. പിൽക്കാലത്ത് കൊച്ചിരാജ്യം എന്നറിയപ്പെട്ട പെരുമ്പടപ്പ് സ്വരൂപം പെരുമാക്കന്മാരുടെ കാലശേഷം മഹോദയപുരത്ത് ആസ്ഥാനമാക്കി കുറച്ചുനാൾ വാണിരുന്നു. അതിനുമുമ്പ് ഇന്നത്തെ മലപ്പുറം ജില്ലയിലെ പെരുമ്പടപ്പിനടുത്തുള്ള വന്നേരി എന്നിടത്തായിരുന്നു ഈ സ്വരൂപത്തിന്റെ ആസ്ഥാനം. അന്നേമുതൽതന്ന പാലിയം കുടുംബവും പെരുമ്പടപ്പ് സ്വരൂപത്തിനൊപ്പം ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. തുടർന്ന്

പെരുമ്പടപ്പ് തങ്ങളുടെ ആസ്ഥാനം കൊച്ചിയിലേക്കു മാറ്റി. അക്കാലം മുതൽ പാലിയം ചേന്ദമംഗലം കേന്ദ്രമാക്കി വസിച്ചിരുന്നു.

കൊച്ചിരാജാക്കന്മാരുടെ മന്ത്രി എന്ന നിലയിൽ കോളണി ക്കാലത്ത് പാലിയത്തച്ചന് മികച്ച പദവിയും സ്ഥാനമാനങ്ങളും ഉണ്ടായിരുന്നു. കൊച്ചിരാജവംശത്തിന്റെ മൂലകുടുംബം വന്നേരിയിലാ യിരുന്നു എന്നു സൂചിപ്പിച്ചു. അവരുടെ പരദേവത അവിടത്തെ പഴയന്നൂർ ഭഗവതി ആണ് എന്നതും പ്രധാനമാണ്. അവിടെ കൊച്ചി രാജവംശത്തിലെ ഓരോ താവഴിക്കും ഓരോ കോവിലകവും അതോടുചേർന്ന കുറെ പറമ്പുകളും ഉണ്ടായിരുന്നു. പെരുമ്പടപ്പ് എന്നു പേരായ ഒരു ഭൂമിയും അതിനടുത്ത് പാലിയം വകയായിരുന്ന ഒരു പറമ്പും ഉണ്ടായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിനു ശേഷമാണ് വന്നേരിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്കും (മഹോദയപുരം) അവിടന്ന് കൊച്ചിയിലേക്കും പെരുമ്പടപ്പു സ്വരൂപം രാജധാനി മാറ്റിയത്. പതിനേഴാം നൂറ്റാണ്ടോടുകൂടി കൊച്ചി രാജ്യത്തിലെ പ്രധാന കാര്യക്കാർ എന്ന നിലയിൽ പാലിയത്തച്ചന്മാർ ശ്രദ്ധേയരാ കുന്നുണ്ട്.

പാലിയം രേഖാചരിത്രത്തിലൂടെ

'കൊച്ചിയിൽ പാതി പാലിയം' എന്നൊരു ചൊല്ലുണ്ട്. കൊച്ചി രാജ്യത്തിൽ പാലിയത്തിനുണ്ടായിരുന്ന അധികാരത്തെയും ഭൂസ്വത്തിനെ യുമാണ് ഇത് തെളിയിക്കുന്നത്. എങ്ങനെയാണ് പാലിയത്തിന് ഇത്ര വൻ ഭൂസ്വത്ത് കൈവന്നത് എന്ന ചോദ്യം പ്രധാനമാണ്. ചേന്ദമംഗലത്ത് വില്ലാർവട്ടം എന്ന പേരിൽ ഒരു നാടുവാഴിസ്വരൂപം ഉണ്ടായിരുന്നു. പതിനാറാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി വില്ലാർവട്ടത്ത് അനന്തരാവകാശികൾ ഇല്ലാതായി. വംശം കുറ്റിയറ്റുപോകുമെന്നു വന്നപ്പോൾ അതു നിലനിർത്തുന്നതിന്നുവേണ്ടി അന്നത്തെ വില്ലാർവട്ടം രാജാവ് കൊച്ചിരാജാവിന്റെ അനുവാദത്തോടുകൂടി തങ്ങളുടെ മേൽക്കോയ്മാ ധികാരങ്ങൾ പാലിയത്തേക്ക് കൊടുത്തു. സ്വരൂപത്തിന്റെ സ്വത്തു മുഴുവനും ഇദ്ദേഹം പാലിയത്തേക്ക് വിട്ടുകൊടുത്തു എന്നാണ് പറയപ്പെടുന്നത്. ഇക്കാലത്ത് വില്ലാർവട്ടം രാജാവിന് പാലിയം കുടുംബവുമായി വിവാഹബന്ധം ഉണ്ടായിരുന്നുവത്രെ. അതുകൊ ണ്ടാവണം പാലിയത്തിന് സ്വത്തുവിട്ടുകൊടുക്കാൻ കാരണം. ഈ കാലത്തെ പാലിയത്തച്ചൻ വില്ലാർവട്ടത്തു രാജാവിന്റെ പുത്രനാ ണെന്നു കൊച്ചിൻ സ്റ്റേറ്റ് മാന്വലിൽ അച്യുതമേനോൻ പറയുന്നുണ്ട്. വില്ലാർവട്ടത്തെ അവസാനത്തെ രാജാവിന്റെ അസ്ഥിത്തറയെന്നു വിശ്വസിക്കുന്ന ഒരു തറ പാലിയം കൊട്ടാരത്തിനു സമീപമായുണ്ട് എന്നതും ഇതോടൊപ്പം ചേർത്തുവെക്കാവുന്നതാണ്. ഇന്നും ഇവിടെ വിളക്കുവെച്ചുവരുന്നു. വില്ലാർവട്ടം സ്വരൂപം പാലിയത്തിന് ഭൂമി വിട്ടുകൊടുത്തതുമായി കാണിക്കുന്ന അട്ടിപ്പേറോലയുണ്ട്. കൊല്ല വർഷം 770 ലേതാണ് (പൊതുവർഷം 1594/55) ഈ രേഖ. ഇതുപ്രകാരം പാലിയത്തിന് വലിയൊരു ഭൂഭാഗത്തിന്റെ അധികാരം ലഭിച്ചു.

കൊല്ലം 770-ാമതു ഞായിറ്റിൽ എഴുതിവച്ച അട്ടിപ്പേറോല കാരിയമാവിത്

'വില്ലാർവട്ടത്തു രാമവർമ്മ അപതിരികോവിലധികാരികൾ തങ്ങൾക്കുള്ള വാർദ്ധക്യവും സന്തതിയില്ലാതെ ഏകനായും വരികകൊണ്ട് തങ്ങൾക്കുള്ള ചേന്ദമംഗലം, കോതുരുത്ത്, കടൽവാതുരുത്ത്, ചാത്തേടം, കല്ലൂർ, കുഴൂർ, തൃക്കൂർ, കരുമാലൂർ, നീറിക്കോട്, മുളവുകാട്, നായരമ്പലം, പള്ളിപ്പുറം മുതലായ ദേശങ്ങളിലുള്ള ഉൽപ്പത്തികളും അടിയാരും കുടിയാർ, അങ്കം, ചുങ്കം, ദേശം, ദേശാധിപത്യം, വഴി, പിഴ, നട, കൊടി, വെടി, വാദ്യം, പുരുഷാന്തരം മുതലായ സ്ഥാനമാനങ്ങളും മറ്റുമെപ്പേർപ്പെട്ടവയും മറ്റൊരുത്തരാൽ ഒരു ചോദ്യമില്ലാത്തവണ്ണം നാം അനുഭവിച്ചു വരുന്നതുപോലെ എന്നെന്നെക്കും അനുഭവിച്ചുകൊള്ളുമാറ് അട്ടിപ്പേർ നീർമുതലുദകമായി എഴുതി നീരട്ടിച്ചുകൊടുത്താർ വില്ലാർവട്ടത്തു രാമവർമ്മരായ അപതിരികോവിലധികാരികൾ; അമ്മാർക്കമേ കോവിലധി കാരികൾ തങ്ങൾക്കുള്ള ചേന്ദമംഗലം, കോതുരുത്ത്, കടൽവാതുരുത്ത്, ചാത്തേടം, കല്ലൂർ, കുഴൂർ, തൃക്കൂർ, കരുമാലൂർ, നീറിക്കോട്, മുളവുകാട്, നായരമ്പലം, പള്ളിപ്പുറം മുതലായ ദേശങ്ങളിലുള്ള ഉൽപ്പത്തികളും അടിയാരും കുടിയാർ, അങ്കം, ചുങ്കം, ദേശം, ദേശാധിപത്യം, വഴി, പിഴ, നട, കൊടി, വെടി, വാദ്യം, പുരുഷാന്തരം മുതലായ സ്ഥാനമാനങ്ങളും മറ്റുമെപ്പേർപ്പെട്ടവയും മറ്റൊരുത്തരാൽ ഒരു ചോദ്യമില്ലാത്തവണ്ണം എന്നെന്നെക്കും അനുഭവിച്ചുകൊള്ളുമാറ് അട്ടിപ്പേർ നീർമുതലുദകമായി എഴുതി നീർ തട്ടിച്ചുകൊണ്ടാർ പാലിയത്തു കോമിയും തമ്പിമാരും. ഇമ്മാർക്കമേ ഈ അട്ടിപ്പേർ എഴുതികൊടുത്തമയ്ക്കും. ഇപ്പടിക്കു കോറ്റാട്ട് ഇക്കോരൻ കയ്യെഴുത്ത്.'

(പാലിയം ചരിത്രം – വി.കെ.രാമമേനോൻ)

മറ്റൊരിക്കൽ കൊച്ചിരാജാവ് കൊച്ചി അഴിമുതൽ കപ്പിത്താൻ കുരിശുവരെയുള്ള ഭാഗം പാലിയത്തേക്ക് വിട്ടുകൊടുത്തു. നിരവധി ദേശങ്ങൾക്ക് ആധിപത്യമുള്ള പാലിയത്തച്ചൻ കൊച്ചിതമ്പുരാന്റെ കാര്യക്കാരും സചിവനും മറ്റുമായിരുന്നു. പഴയ രേഖകളിലും പടപ്പാട്ട് മുതലായ കൃതികളിലും പാലിയത്തച്ചനെ പാലിയത്തുമേനവൻ എന്നാണ് പറയുക. വിദേശിയരുടെ രേഖകളിലാണ് പാലിയത്തച്ചനെ മന്ത്രി എന്ന നിലയിൽ പറയുന്നത്. യുദ്ധത്തിലായാലും ഭരണകാര്യങ്ങളിലായാലും പാലിയത്തച്ചൻ കൊച്ചിരാജാവിന്റെ പ്രധാന സചിവനായിരുന്നു.

പതിനേഴാം നൂറ്റാണ്ടിൽ കൊച്ചിരാജകുടുംബം അഞ്ചു താവഴികളാ യിട്ടായിരുന്നു. മൂത്തതാവഴി, മുരിങ്ങൂർതാവഴി, ഇളയതാവഴി, ചാഴിയൂർതാവഴി (ചാഴൂർതാവഴി), പള്ളിവിരുത്തി താവഴി (പള്ളുരുത്തിതാവഴി). ഇതിൽ ഇളയതാവഴിക്കുമാത്രമേ പുരുഷസന്തതികൾ ഉണ്ടായിരുന്നുള്ളൂ എന്നതുകൊണ്ട് അവരായി രുന്നു ദീർഘകാലം നാടുവാണിരുന്നത്. പതിനേഴാം നൂറ്റാണ്ടിൽ ഇളയതാവഴിയിൽ ഒരു റാണി മാത്രമായി അവശേഷിച്ചു. അനന്തരാ വകാശിയെ സംബന്ധിച്ച് താവഴികൾക്കിടയിൽ ഭിന്നിപ്പുണ്ടായി. കൊച്ചിരാജകുടുംബത്തിൽ സ്വാധീനമുണ്ടായിരുന്നു പറങ്കികൾ തങ്ങൾക്കനുകൂലമായി പ്രവർത്തിക്കുന്ന വെട്ടത്തുനാട്ടിൽ നിന്ന് ദത്തെടുക്കണമെന്ന് റാണിയെ ഉപദേശിച്ചു. പാരമ്പര്യാവകാശമുള്ള മൂത്തതാവഴിയിലെ അംഗത്തെ രാജാവായി വാഴിക്കാൻ അന്നത്തെ വലിയച്ചനായ കോമിയച്ചൻ ഒന്നാമൻ ശ്രമിച്ചു. മൂത്തതാവഴി

മന്നനോടൊപ്പം ലന്തക്കാരെയും സാമൂതിരിയെയും ഒപ്പം ചേർത്ത് പറങ്കികളുമായി വലിയൊരു യുദ്ധം തന്നെ സംഘടിപ്പിക്കുകയും ചെയ്തു. പോർച്ചുഗീസുകാർ തോറ്റ് പിന്മാറി. ഈ യുദ്ധത്തിൽ കോമിയച്ചന്റെ ധീരമായ ഇടപെടലിൽ സന്തോഷിച്ച് ലന്തക്കാർ പാലിയത്തച്ചന്മാർക്കായി ഒരു കൊട്ടാരം പണിതുകൊടുത്തു. ലന്തക്കാരെ സംബന്ധിച്ചിടത്തോളം കൊച്ചിയിൽ പോർച്ചുഗീസു കാരുടെ സ്വാധീനം ഇല്ലാതാക്കുക എന്നതായിരുന്നു പ്രധാനം. ഈ കാലത്തിനുശേഷം തന്നെയാണ് പാലിയത്തിന് കൊച്ചിയിൽ ധാരളം അധികാരാവകാശങ്ങൾ കിട്ടുന്നതും. കൊച്ചിരാജാക്കന്മാർക്ക് പാലിയത്തച്ചന്മാർ എങ്ങനെയായിരുന്നുവെന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ തന്റെ ഒരു ശ്ലോകത്തിലൂടെ വ്യക്തമാക്കുന്നുണ്ട്.

> മാടക്ഷ്മേശർ പെരുമ്പടപ്പുനിലയം വന്നേരിവാഴുമ്പൊഴെ-
> ക്കൂടെപ്പാർത്തനുവൃത്തിമൂത്തു സചിവസ്ഥാനംവഹിച്ചങ്ങിനെ
> കേടറ്റീടിന പുഷ്ടിയശ്ശുകപുരംകൂറ്റിന്നുകൂട്ടിപ്രിയ-
> ത്തോടന്നേ മുതലാം നൃപർക്കുതുണയാം വീരാന്വയം പാലിയം.

പട്ടോലമേനവന്മാർ

കൊച്ചിരാജാക്കന്മാരുടെ കാര്യക്കാരായി 'പട്ടോലമേനവന്മാർ' (പട്ടോലമോനോന്മാർ) എന്ന സ്ഥാനപ്പേരോടുകൂടിയ നായർ കുടുംബങ്ങൾ ഉണ്ടായിരുന്നു. പാലിയം, ചെറുപറമ്പ്, തോട്ടയ്ക്കാട്, പന്തി, പവ്വോത്തി, പള്ളി എന്നിങ്ങനെയുള്ള നായർ കുടുംബങ്ങളിൽ നിന്നുള്ള പട്ടോലമേനോന്മാർ ഉണ്ടായിരുന്നതായുള്ള തെളിവുകൾ ഉണ്ട്. പട്ടോലമേനോൻ എന്നാൽ കത്തുകളും കണക്കുകളും മറ്റും എഴുതുന്നവർ. ഇവർ വെറും കണക്കെഴുത്തുകാർ മാത്രമായിരുന്നില്ല. ഇവരിൽ പലരും പ്രഗത്ഭരായ യോദ്ധാക്കളും ആയിരുന്നു. പന്തിയിൽ മേനോന്മാർ, പള്ളിയിൽ ഇട്ടിക്കേളമേനോൻ എന്നിവർ പ്രസിദ്ധരായ യോദ്ധാക്കളാണ്. ഇത്തരം മേനവന്മാരുടെ കുടുംബങ്ങളിൽ വെച്ച് മുഖ്യം പാലിയം തന്നെ എന്ന് പുത്തേഴത്ത് രാമൻമേനോൻ (ശക്തൻതമ്പുരാൻ പു. 575) പറയുന്നുണ്ട്.

കൊച്ചിരാജാവിന്റെ എഴുത്തുമേനോൻ എന്ന നിലയിൽ പാലിയത്തച്ചൻ പ്രത്യക്ഷപ്പെടുന്ന, കണ്ടുകിട്ടിയിട്ടുള്ളവയിൽ, ഏറ്റവും പഴക്കമേറിയ രേഖകൾ പതിനേഴാം നൂറ്റാണ്ടിലേതാണ്. പുലിയന്നൂർ മനവക ഗ്രന്ഥവരിയിൽ പൊ.വ. 1608-ലെ ഒരു തീട്ടൂരം എഴുതിയിരി ക്കുന്നത് പാലിയത്തിട്ടിയുണ്ണിരവിയാണ്.

('അരുളിചെയ്ത നമ്മുടെ പുലിയന്നൂർക്ക്... എന്നാൽ ഇതു കൊല്ലം, 738-മതു മകരഞായിറ്റിൽ കല്പിച്ചരുളിച്ചെയ്ത കണയന്നൂർ കോവിലക ത്തിരുന്നരുളെ പാലിയത്തിട്ടിയുണ്ണിരവി എഴുതി തീട്ടൂരത്തിനു മൊതിരമിട്ടുതാനും'). പൊ.വ. 1612-ൽ തിരുമല ദേവസ്വത്തിലേക്ക് കൊടുത്ത ഒരു തീട്ടൂരത്തിൽ പാലിയത്ത് ഇട്ടിക്കുമരൻ എഴുത്തുമേനവനാ യിരുന്നു. പൊ.വ. 1622-ൽ കൊച്ചിരാജാവ് കുറെ അവകാശാധികാരങ്ങൾ പാലിയത്തിനു നൽകുന്നുണ്ട്. 1661 -ൽ ഡച്ചുകാരുമായുണ്ടാക്കിയ ഒരു ഉടമ്പടിയിൽ വൈപ്പ് തുരുത്തിലെ പ്രഭുവായാണ് പാലിയത്തച്ചനെ (വൈപ്പ് തുരുത്തിലെ പ്രഭുവായ പാലിയത്തു കോമിമേനോൻ) പറയുന്നത്. 1663-ൽ

തിരുമല ദേവസ്വത്തിലേക്കു കൊച്ചിരാജാവു കൊടുത്ത ഒരു തീട്ടൂരത്തിൽ 'പാലിയത്ത് ഇട്ടിക്കോരൻ കയ്യെഴുത്ത്' എന്നും കാണുന്നുണ്ട്. രാജാവിന്റെ എറ്റവും വിശ്വസ്തനായിരിക്കും – മനഃസാക്ഷിസൂക്ഷിപ്പുകാരൻ – എഴുത്തുമേനോനാവുക.

പാലിയം ചെപ്പേടുകൾ

പാലിയത്തുനിന്ന് രണ്ടു ചെപ്പേടുകൾ കിട്ടിയിട്ടുണ്ട്. ആദ്യത്തേത് വിക്രമാദിത്യവരഗുണൻ എന്ന ആയ് രാജാവ് ശ്രീമൂലവാസം ബൗദ്ധ ആരാധനാലയത്തിനു ഭൂമി നൽകിയതായി കാണിക്കുന്നതാണ് പ്രസിദ്ധമായ പാലിയം ചെപ്പേട് (ഒമ്പതാം നൂറ്റാണ്ട്). പാലിയത്തുനിന്നു കണ്ടുകിട്ടിയതുകൊണ്ടാണ് ഇത് പാലിയം ചെപ്പേട് എന്നറിയപ്പെടുന്നത്. രണ്ടു ഏടുകളാണ് കണ്ടുകിട്ടിയിട്ടുള്ളത്. ഒരു ഏട് നഷ്ടപ്പെട്ടു എന്നു കരുതുന്നു. കിട്ടിയതിലെ ആദ്യഭാഗം തമിഴും പിന്നീടുള്ളത് സംസ്കൃത വുമാണ്. ബുദ്ധനെ സ്തുതിച്ചുകൊണ്ടാണ് ശാസനം തുടങ്ങുന്നത്. ശ്രീമൂലവാസം ദക്ഷിണേന്ത്യയിലെ അറിയപ്പെടുന്ന ഒരു ബൗദ്ധ ആരാധനാലയമായിരുന്നു. പിന്നീട് അത് കടലെടുത്തു നശിച്ചുപോയ തായി കരുതുന്നു. അതുലന്റെ മൂഴകവംശം എന്ന സംസ്കൃത കാവ്യത്തിലും ശ്രീമൂലവാസത്തെക്കുറിച്ച് പറയുന്നുണ്ട്. ആലപ്പുഴയ്ക്ക ടുത്തുള്ള തൃക്കുന്നപുഴയിലായിരുന്നു ശ്രീമൂലവാസം എന്നും കൊടുങ്ങല്ലൂരിലായിരുന്നു എന്നും അഭിപ്രായമുണ്ട്. എങ്ങനെ ഈ ചെപ്പേട് പാലിയത്തു വന്നുചേർന്നു എന്നത് ചരിത്രപരമായ കൗതുകമുള്ള ചോദ്യമാണ്. ഭൂമി നൽകിയതായി കാണിക്കുന്ന ആധാരം ഭൂമിയുടെ ഉടമകളുടെ കൈയ്യിലായിരിക്കുമല്ലോ ഉണ്ടാവുക. കൊടുങ്ങല്ലൂരിലെ കോട്ടപ്പുറത്തുനിന്ന് ഒരു ബുദ്ധശില്പം കണ്ടുകിട്ടിയിട്ടുണ്ട് എന്നത് ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. പിൽക്കാലത്ത് കൊച്ചിയുടേതായ ഏതൊ ഭൂഭാഗമാണ് ദാനം നൽകപ്പെട്ടത് എന്നു കരുതാം. പാലിയത്തിന്റെ അധികാര വൈപുല്യത്തെയും ഇതു തെളിയിക്കുന്നുണ്ട്.

മറ്റൊരു ചെപ്പേട് താരതമ്യേന പുതിയതാണ്. കൊച്ചിരാജാവും ഡച്ചുകാരും തമ്മിലുണ്ടാക്കിയ ഉടമ്പടിയാണിത്. ഈ ചെപ്പേടിന്റെ ഏറ്റവും വലിയ പ്രത്യേകത അത് പുതുവയ്പ്പ് എന്ന വർഷത്തെ കാണിക്കുന്നു എന്നതാണ്. പുതുവയ്പ്പ് വർഷം 322 -ലാണ് (പൊ. വ. 1663- മാർച്ച് 22) ഈ ചെപ്പേട് എഴുതിയിരിക്കുന്നത്. പൊതുവർഷവും ഇതിൽ ചേർത്തിരിക്കുന്നതുകൊണ്ട് എപ്പോഴാണ് പുതുവയ്പ്പ് വർഷം ആരംഭിച്ച തെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. പൊ.വ. 1341-ലാണ് പുതുവയ്പ്പ് വർഷം ആരംഭിച്ചത്. 1341 ലാണ് കേരളചരിത്രത്തിലെ ഒരു വലിയൊരു സംഭവമായി പ്രചരിക്കുന്ന ഐതിഹ്യസമാനമായ വെള്ളപ്പൊക്കം ഉണ്ടായത് എന്ന് പറഞ്ഞുപോരാറുണ്ടല്ലോ. അത് ശരിയാകാം എന്ന് ഈ ചെപ്പേടും തെളിയിക്കുന്നു. അഞ്ച് തകിടിലായി പത്തുപുറം ഉള്ളതാണ് ഈ ചെപ്പേട്. ഭാഷ മലയാളം, ലിപി വട്ടെഴുത്തിന്റെ ഒരു പിൽക്കാല രൂപം. ലന്തക്കമ്പനിയുമായി ചേർന്നുകൊണ്ട് രാജ്യരക്ഷയ്ക്കുവേണ്ടിയുണ്ടാ ക്കിയതാണ് ഈ കരാർ. (Travancore Archaeological Series Vol. 1 - T.A. Gopinatha Rao - P. 61-78)

ഉപസംഹാരം

കൊച്ചി രാജ്യചരിത്രത്തിലെ ഒരു പ്രധാനപ്പെട്ട ഭാഗമാണ് പാലിയം. പ്രാചീനകേരളത്തിലെ ജന്മിസമ്പ്രദായത്തെക്കുറിച്ചും ഭൂബന്ധങ്ങളെക്കുറിച്ചും കൊളോണിയൽ ഇടപെടലുകളെക്കുറിച്ചും മനസ്സിലാക്കാൻ സഹായിക്കുന്ന ധാരാളം രേഖകൾ പാലിയത്തിനുണ്ട്. പാലിയം കുടുംബത്തിന്റെ സാമാന്യ വിവരങ്ങൾ പറഞ്ഞുകൊണ്ട് പാലിയം ചെപ്പേടുകളെ പരിചയപ്പെടുത്തുകയാണ് ചെയ്തത്. കേരളത്തിലെ ബൗദ്ധ ആരാധനാലയമായിരുന്ന ശ്രീമൂവാസത്തെ ക്കുറിച്ച് മനസ്സിലാക്കാൻ സഹായിക്കുന്ന ചെപ്പേട് ആദ്യത്തേത്. മറ്റത് കേരളത്തിലെ കൊളോണിയൽ ഇടപെടലുകളുടെ സൂക്ഷ്മവശങ്ങളെ അറിയാൻ സഹായിക്കുന്നു. കൂടുതൽ വിശാലമായ മേഖലകളിലേക്ക് പഠനത്തെ നയിക്കാൻ ഈ ചെപ്പേടുകൾക്ക് ആകും.

അനുബന്ധം

1. പാലിയം ചെപ്പേട് (പൊ.വ. 898)

ഒന്നാം ചെമ്പോല ഒന്നാം പുറം

1. ഇലൈഞത്തുക്കു മേലൈ മേല്കാണിയാറ് കുളത്തുക്കുമ് പിടാരി കോയിലുക്കുങ് കിഴക്കു, വടവെല്ലൈ പണ്ടാഴങ്കോട്ടുക്കു തെറ്റുപണ്ണി കുടിത്തിരുക്കും
2. കരൈത്തേവറ് പഴഞ്ചിക്കുത്തെറ്കു; മണ്ണറൈ ഇരണ്ടുങ് കീഴ് കുളത്തു പടുവന ഒറ്റിക്കാണങ്കോവാക ഇലൈ(ഞ)ത്തോടേ ചെന്റുവരുവനച്ചിറ്റിടൈച്ചാതെന്വാ
3. (ഴു) പോയ് ഇലൈഞത്തു നീറ്ച്ചായു ഇലൈഞത്തു വടപുറവഴിയേപോയ്
   ഇലൈഞത്തുക്കൊറ്റികോട്ട്മകപ്പടക്കോവന്കുളത്തൊടുകാലനെരിക്കുളത്തിനിടൈ വരമ്
4. പേ പോയ് കാലനെരിക്കുള മിലൈഞത്തുക്കുപുറവാക തെരിതിണ്ടിവയലുക്കുന് തെങ് കുരൈക്കു നടുവാക
5. പ്പോയിന് ഇടെ കഴിയാകപ്പോയിന് കീഴീടുവൈക്കു മേക്കു; മുതിച്ചി പഴിഞ്ചിയൊടുനെടുമണ്
6. ടൈയാറ് പഴഞ്ചി നടുവുപോയിന ഇടൈകഴിക്കുമിടത്തിറ് പഴഞ്ചിക്കു പുരുകേ പോയിന ഇടുവൈ
7. ക്കുങ് കോറ് പുളിപ്പഴഞ്ചിക്കു മേക്കു കിടന്ന ഇറവൈക്കു തെറ്കു, ഇടൈക്കൊട്ടു നല്ലിളൈയാനൈയ്യന് കോയിലുക്കു തെറ്കു കരു
8. നന്തരുമന് കുടി ഇരുന്ത വളറവക പ്പടൈ കടലങ്കുളത്തുക്കു തെറ്കു, പാറൈക് തെറ്കു, വലിപലാവിറ്കു ഇരുവിറ്തെല്ല തെറ്കു, കുരുന്തുക്കു
9. തെറ്കു, കീഴൈല്ലൈ ഒറ്റൈപ്പനൈക്കു നടുകല്ലുക്കു മേക്കു തെന്നൈല്ലൈ നാടുമ് പുമുള്ളിയുമ് പടുനില നീക്കി ഇതനാകമ് തൊളിക്കോ

10. ട്ടൊടു കുടപ്പുന്ചെയ്കുട്ടുന് തറിക്കുറൈയുഴുകോടു ചെല്ലുമ്പു (ലൈ) യരുമ് മറ്റുങ്കോയിറ് കുരിയതെല്ലാ മകപ്പട തിരുമൂലവാതത്തു പടാരറ്കട്ടികുടുത്

ഒന്നാം ചെമ്പോല രണ്ടാം പുറം

11. ഓം സ്വസ്തി (1) യഃ കല്യാണമയഃസ്വയമിതനുതേ യഃ കല്പകസ്യ സ്ഥിതിം യസ്മാദഭ്യുദിതമാംസി ഹരതേസദ് ധർമ്മഘർമ്മദ്യുതിഃ യത് പാദാശ്രയിണോ

12. ഭവന്തി സുഖിനസ്സർവ്വേഗണാഃ പ്രാണിനാ സ്ഥേയാന്മേരുരിവാപര സ്ത്രീജഗതിം സർവ്വാം സ ശൗദ്ധോദനിഃ(2) ആത്മാകാരഗ്രഹണ വിമുഖാ

13. വാഹൃതാപാങ്ഗലീലൗ പ്രാപ്തൗ നിത്യം ശ്രുതി മതി തൃഷാനേക രൂപാ വബോധൌ, ദേവ്യാ ഭൂമേർന്നിഖില കുമതിധ്വാന്തരോധാന്വിതാ

14. യാഃ, നേത്രായേതാം ജിതകുവലയൌ ധർമ്മസംഘൌ ചിരായ (3) നിഷ്യന്ദമാന കരുണാമൃതവാരി പൂരഃ, നിർദ്ധൗത

15. നിർമ്മമത രേവവിരാജമാനാ; ലക്ഷ്മീഞ്ചിരായ ഭജതാ മവലോകിതസ്യ; ദിശ്യാത്തു നഃ ശിശിര ദീധിതി തുല്യകാന്തിഃ

16. (4) ജ്യോത്സ്നാപൂര ഇവാമലശ്ശശിധരാദാഹ്ളാദയൻ മേദിനീം യഃ പ്രാവർത്തത യദ്ഭവേന ശശിനമ്മുക്ത്വാ കളങ്കഃക്വചിത്;

രണ്ടാം ചെമ്പോല ഒന്നാം പുറം

17. യസ്യാസ്തോദയ ഹിമ്യശൈലമലയാഃ സൈന്യേഭദന്താവലീ ടങ്കക്ഷുണ്ണ തടാഭവന്തി വിജയ

18. സ്തമ്ഭാ ജഗാന്നിർജ്ജയേ (5) ആസീദ്യസ്യ വിലോല വീചികലികാബാഹാഗ്രഫേനാവലീ പ്രോങ്ഖച്ചാ

19. മരചാരുചാരചതുരാ ദാസീ ചതുസ്സാഗരീ; യജ്ജാതസ്യ കരോതി മൂർദ്ധ്നിമുകുടീബന്ധൈകബന്ധൗ രമാ ലീലാമ്ഭോ-

20. രുഹമണ്ഡലേന ലളിതാം രത്നാതപത്ര ശ്രിയമ് (6) യജ്ജാതേഷ്വനു ബന്ധയാജിഷു ഗതേഷ്വദ്യാപി താരാപഥേ ലക്ഷ്യന്തേ

21. ഹയമേധധൂമ നികരാ ലഗ്നാ ഇവാമ്ഭോധരാഃ; യത്രത്യാനിവ ചാനുകർത്തുമഥ തേ ഗത്വാ ചതുസ്സാഗരീം, വർഷന്ത്യാഹൃതമാഹൃത

22. മ്വസുമതീ ഭൂത്യൈ സ്വസാരോച്ചയം (7) സ്ഥേയാത്ക്ഷിതിഭൃതാമ് മൂർദ്ധ്നി സ്പുരന്മുക്താഫലോദയഃ വംശേ വാർഷ്ണേയപാനാം സോയമാ...

(അപൂർണം)

രണ്ടാം ചെമ്പോല രണ്ടാം പുറം

23. ...വിഭൂഷണേന ഭക്ത്യാനതേന ബലരാജിപരാഗധൂമവ്യാരോദിതാരി വ നിതേന വിലിഞ്ജഭർത്രാ മകരജൂഷി ദിനേശേ മാസി പൗഷേ ദിനേവാ മൃഗശി

24. രസി ഗുരൌസ പ്രാപ്ത പഞ്ചത്രികായുഃ അവനിമദിശദസ്യാഃ ദിക്ഷു സീമാദി സർവ്വം ദ്രമിഡ വചന മേവാലോക്യതാമത്ര പത്രേ രക്ഷാർത്ഥ

25. മസ്യാഃ സ്വയമേവ രാജ്ഞാ സുസ്ഥാപിതോ രാജതി വീരകോതഃ ബാഹുപധാനാമുരസി പ്രസുപ്താം ലക്ഷ്മീമ്ധാനോ വിജയാനുരക്താം.

26. യാച്ഞാ കർമ്മണ്യഭവദനിശം പ്രീതയേ കർമ്മഭാവോ ന സ്വപ്നേപി പ്രണയിസുഹൃദഃ കർതൃതാ യസ്യ ചാസീത്; സോയന്ദേവോ വരഗുണ ഇ

27. തിപ്രാർത്ഥയത്യാത്മവംശ്യാൻ പുണ്യാത്മാസൗ നഖലു ഭവതാമന്വയോ നാശനീയഃ ഭൂയോപ്യേഷ ക്ഷിതിപവ്യഷഭോ ഭാവിനോ ന

28. മ്ര മൌലിഃ സർവ്വാനേവ പ്രണയിസുഹൃദോ യാചതേ യാദവേന്ദ്രഃ ഭൂമിഃ സേയം ഹൃദയനിഹിതാ രക്ഷണീയാ ഭവദ്ഭിഃ കാലേ കാ

29. ലേ സ്വയമിവ വധുര ന്യഭോഗപ്രമാദാത്.

പുണ്യാരംഭേ ത്വരയത മനോ മാനവാ വഃ കൃതാന്തഃ കാലാകാങ്ക്ഷീ

നികടമടതി വ്യാവൃതാസ്യപ്ര

30. ചണ്ഡഃ തസ്യൈവാസൗ പ്രിയമിവ പിതാ കർത്തുമാശു പ്രയാണെ രഹാമീശോ നയതി ഭവതാമായുഷശ്ശേഷമാശു. സ്വസ്തി ശ്രീ ന ഗോദ്ദാദശി

(രാമചന്ദ്രൻ: 129-32)

2. പുതുവൈപ്പു 322 ലെ പാലിയം ചെപ്പേട്

1.1 അരുളിച്ചെയ്ത് നമ്മുടേ അനന്തനരവർ മേൽ വെകുമാനപ്പെട്ട കുമ്മഞ്ഞി-യേ വിച്ചോതിച്ച നമ്മുടേ തൊരൂപത്തേ രെക്കിച്ച ചെല്ലേണ്ടും കാരത്തിന് അങ്ങോട്ടുമിങ്ങോട്ടു വിച്ചോതിച്ച നടപടി എഴുതിവച്ച രിക്കുന്ന പെറകാരത്തിനും മേൽപട്ട അനന്തരവൻ നട (ക് ഏണ്ടും പെറകാരത്തിനു മ്പുതുവപ്പതു 322-മത് മേടമാനം പന്നൂർ പകവതിയുടെ നടയിൽ കാഞ്ഞിര (പൊ) യാൽ തെക്കും (വടക്കും) ഒള്ള പെപക്കൾ മാർവും വേങ്ങ നാട്ടുകിരാമത്തിൽ തച്ചനങ്ങളിൽ വാഴെ പൊവും അവണാ നമ്പൂരിയേയും താക്കി ആയിവച്ചു് കൊണ്ട് എഴുതിവച്ച വച്ചു ആകുന്നത്. നമ്മുടേ തൊരൂപത്തിലേകൽ അഞ്ഞതാവഴിയും തമ്മിൽ മൽത്തരം കൊണ്ടു അനേകം കൂട്ടം ആപത്തുകൾ ഉണ്ടാവതിന്റെ 1.2 തോഴം പറുങ്കി കൂടി നമ്മുടേ ചത്തുരുക്കൾ (ക്ക) തകായമായി നിപ്പനമ്മുടേ തൊരൂപണ ത്തിലേക്കു ഏറിന് അനർത്തങ്ങൾ അനുപവിച്ചാറേ നാം വെകുമാനപ്പെട്ട ലേന്തകുമ്പഞ്ഞിയേ വിച്ചോതിച്ച് കൊണ്ടു പറുങ്കിയേയും കളഞ്ഞ് ചത്തു റുക്കളയും കോപ്പൊഴിച്ച് കൊച്ചിയിൽ ആതിയി (യി) ട്ട പറുങ്കി ഇട്ടിരുന്ന

കോട്ടകളും വെകുമാനപ്പെട്ട ലേന്തകു പഞ്ഞികൈവചമാക്കി മേൽപട്ട കുമ്പ ഞ്ഞിയും നാമായിട്ടമേൽപ്പട്ട ചെല്ലേണ്ടും പെറകാരത്തിന്ന് പുതുവച്ച് തമി മാതം. അങ്ങു മിങ്ങും എഴുതി വക്കവും ചേയ്തു. ആയതിൽ പറുങ്കി ഇട്ടിരിന്ന (കൊച്ചി) കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും പള്ളിപ്പുറത്തും പാമ്പാവിലും കോട്ടകളും പറുങ്കി അ 2.1 നുപവിച്ചിരുന്ന പാതിരി (തുരി) ത്തും പൊട്ടതുരുത്തും വെണ്ടതുരുത്തും ഉപത്തികളും പറുങ്കിയുടെ വേലക്കാ രായിട്ടുള്ള അടിമകളം വെകുമാനപ്പെട്ട കുമ്പഞ്ഞിക്ക ആയിരിക്കത്തക്കവണ്ണം എഴുതിവെച്ചിരിക്കുന്നവ. കൊച്ചി കോട്ടക്കു പുറത്ത് വെട്ടിയെളുപ്പിച്ച പരപ്പു നിലത്തിന്റെ അർത്തി തനതിപാകത്തിന്ന് വടക്കുക ഇതിന്ന് (വി?) ഴക്ക ക്കൽ (?) കോയിലകത്തിന്നും ഇതിന് (നു) നടുതൽ പറമ്പിന്റെ പടിഞ്ഞാറേ അതർത്തിക്കും ഇതിന്നും വടക്ക് പകവതി ഇരിക കുന്നതിന്നും പടിഞ്ഞാറ ഇതിന്ന് വടക്ക് കിഴക്ക് തിരുമങ്ങലത്ത് പറമ്പിനും (റ) ചക്കാലക്ക പറമ്പിന്നും വടക്ക് ഇരുവേലിക്കും കല്ലുപ്പത്തിക്കും പടിഞ്ഞാറ് ഇതിന്ന 2.2 കത്ത് കുമാനപ്പെട്ട കുമ്പഞ്ഞിയിലേ അനുവാതം കൂടാതെ ഒരുത് തരും ഒരു (തയ്യും) മരങ്ങളും നട് ഉണ്ടാക്കയുമരുത്. കുമ്പഞ്ഞി ആളുകളും നമ്മുടെ ആളുകളും തമ്മിൽ ഒരു കയ്യേറ്റം ചേതാൽ അങ്ങമിങ്ങും ഒള്ളവരേ അങ്ങുമിങ്ങും പോതിപ്പിച്ച് അവരവരുടെ ആളുകളെ അവരവര (ചിക്കിച്ച കൊള്ളുകയും വേണം. കുമ്പഞ്ഞി വേലക്കായിട്ട് ഒഴിഞ്ഞ കൊടു ത്തിരുക്കുന്ന ഏഴുപുറം പരുഴയോടും കനടരാചിയത്തുന്ന പറുങ്കിമാർക്കം കൂട്ടിക്കൊണ്ടുവന്ന ആളികളോടും ഒരു പുരുഴാന്തരം ചോതിക്കയുമരുത്. ചരീരം പിരതി ഒപ്പുചേകയുമരുത. നമ്മുടെ രാച്ചിയത്തുള്ള മുളവ പൊറഴിക്ക പോകാതേ തുക്കിച്ചകുന്പ്ഞ്ഞിക്ക. 3.1 കൊടുക്കണം. കുമ്പഞ്ഞിക്ക ഒരു ആമിച്ചം വരുമ്പോ നമ്മുടെ ആളുകളെകൊണ്ട് വേണ്ടുന്ന തകായങ്ങൾ ചേതു കൊടുത്ത കുമ്പഞ്ഞി ആയിട്ടുള്ള വിച്ചാതം എല്ലായാളും ചെയ്യത്ത വണ്ണം വിച്ചോതിച്ച് പിന്നെ നമുക്ക് ഒരു ചത്തറു ഉണ്ടാകും പോൾ കുമ്പഞ്ഞിയ കൊണ്ട് ചത്തുറുയിന്റെ അമർച്ചയും വരുത്തി നമ്മുടെ രാച്ചി-(യ) വും തെക്കിച്ച് വെകുമാനപ്പെട്ട കുമ്പഞ്ഞി ആയിട്ട് വിച്ചാതമായിട്ടത് എന്ന എന്നക്കും നടപ്പു കൊൾകയും വേണം നമുക്ക് ആപത്തുകൾ ഉണ്ടായിരു ക്കുപോൾ വടക്കുകുറ്റിൽ നായരി ആകുന്നതകായങ്ങൾ തിരിക്കക്കൊണ്ട നായരിക്ക ഒര ആവിച്ചമം വരുമ്പോൾ വേണ്ടുന്ന തകായം (0) ചേത കൊടുത്ത നടത്തികൊൾ 3.2 കയും വേണം. നമ്മുടേ തൊരൂപത്തിലേകൽ ആളു പോരാതേ തെരക്കണ്ടി വന്നുവെങ്കിൽ ചാഴിയൂർ താവഴിയുന്ന (9) ല്ലാതേ തെത്തവക്കയുമരുത്. ചാഴൂരുന്നതന്ന തെത്തവക്കും പോഴും വൈകുമാനപ്പെട്ട കുമ്പഞ്ഞിയേകൂട പോതിപ്പിച്ച് കുണതോഴം വിചാരിച്ചല്ലാതെ തെവക്ക യുമരുത്. ഇതൊരൂപത്തിലേകൽ കുണത്തിന്ന് പാലിയത്തമേനോൻമ്മാർ നമ്മേ കൂടവേണ്ടുന്ന പെറ (യ) ന് നങ്ങൾ തിരിക്കകൊണ്ട് എന്ന എന്നക്കും അവരടതറവാട് തെക്കിച്ച് നടത്തിക്കൊൾകയും വേണം. പഴന്നൂർ തിരുവില്ലാമലേ തിരിച്ച വപേരൂർ ഊ (രോ ത്ത ഇരിങ്ങാലകൂടി തിരുവഞ്ച ക്കുളത്ത് തിരിപ്പൂണത്ത തിരുവല്ലായേ ഇച്ചേത്തിറങ്ങൾ പെറത്തേകം നാം തെച്ചിക്ക് 4.1 താക്കൊണ്ട് ഇച്ചേത് (ത) റങ്ങൾ ഒര ഏറക്കുറവു കൂടാതേ നടത്തി കൊള്ളണം. ഇതിനകത്തുള്ള പിരാമ്മണരയും പചുക്കളയും വഴി പോലെരെക്കിച്ച

യാകാതികർമ്മങ്ങളും നടത്തിക്ക് ചേ(യ)വു കൊള്ളണം. (കൾ) കൊങ്ങിണി മകാരങ്ങൾ അമ്മാവൻ) മാരേ പൂവു കണ്ട അവർക്ക് ഇരിപ്പാൻ വേണ്ടുന്ന ഭൂമികലും വെച്ചക്ക് ആയിട്ട് വേണ്ടുന്നതി നയും കൊടുത്ത അവർക്ക് ഒരു ചേത്തരം ഒണ്ടാക്കണമെന്ന് അപേച്ചിക്ക കൊണ്ട് ആയതിന്ന് വേണ്ടുന്ന തലവും അതിന്ന് ഒക്കയും തിട്ടൂരങ്ങളും കൊടുത്ത ചേത്തറത്തിൽ അടിയന്തരത്തിന്ന് അമ്മാവൻമ്മാരായിട്ട് വെച്ച നടത്തി ഇരിക്കുന്നതിന്നും ഒര (ഏ) റക്കുറവു കൂടാതേ നടത്തിച്ച ആ പരുഴ കളെയും അമ്മാവൻ 4.2 മ്മാർ തീട്ടൂരം കൊടുത്ത് നടത്തി ഇരക്കുന്ന പിറ കാരം കൊള്ളണം. നമ്മുടെ ആപത്തു കാലത്ത് ഇ പരുഴകൾ തെരി (വിയി) • കൊണ്ടു വേണ്ടുന്ന തകായം ചേതരിക്കുന്നവര, ആകുന്നത്. ഇവരേ പിരാമ്മണ് മരിയാത പോലെ ഉള്ള ചിക്കാരെക്ക് അല്ലാതേ ചേതു പോകയുമരുത്. കൊങ്ങണി മകാനങ്ങൾ ഇവിടന്ന അമ്മാമൻമ്മാരേകട മലയാളത്തിൽ പിരാമ്മണരേ രച്ചിക്കുന്ന പിറകാരം ഞങ്ങളയും രെച്ചിച്ചു കൊള്ളണമെന്ന അവർ അപേച്ചിക്ക് കൊണ്ടുത്തരേ കൊങ്ങണികൾക്ക് പുര കാന്തരം വേണ്ടാ എന്ന വച്ചിരിക്കുന്നത്. കൊങ്ങിണി 5.1 കളിൽ ഒരുത്തൻ അറ്റുപോയാൽ അവന്റെ (മു) തൽ നമ്മട ആളുകളും മകാനങ്ങളും കൂടി പോതിച്ച് (ഒള്ള മുതലിൽ പാതി നമുക്കും പാതി തിരുമല തേവനും ആയിട്ടത്തറേ കീഴിൽ അമ്മാവൻ മാർ വെച്ചിരിക്കുന്നത്. മേലിലും അപ്പ കാരം ആയിക്കൊള്ളണം, പെരുമ്പടപ്പിൽ ചിത്തിരകൂട ത്തിൽ നമ്മുടെ കോവി ലകത്തവരു തേവതമാരേ തേവിക്കെണ്ടും പിറകാരം തേവിക്കായിക്കൊണ്ട റേ നമുക്ക് ഓരോരോ ആപത്തുകൾ തമ്പവിച്ചത് നമ്മുട തൊരൂപത്തി ലേകൽ താവഴി മൽത്തരം കൊണ്ട് ആയതിന്ന് താമരി കൂടേ തകായമായിട്ട അവിടം ഒക്കയും താമൂരി ആക്കാമിച്ച ഇരിക്കകൊണ്ടത്തറേ അവിടം രെക്കിച്ച ചെന്ന തേയിക്കാൻ തങ്ങതിവരാഞ്ഞത്. ആവിടം മുമ്പിലത്തേതാനം വരു 5.2 വേളത്ത് കുമ്പഞ്ഞിയും ഒരുമിക്ക നമ്മാലാകുന്നപറയണ ചെയവും. അനന്തരവർ കാലത്തും ആവ്വിട്ടം നക് (മു) ടേ തൊരൂപത്തിലേക രെക്കിച്ച് ചെല്ലുവാറായോളം കുമ്പഞ്ഞിയുടെ ഒരുമിച്ച് വേണ്ടുന്ന പെറയ ത്തണം ചേതുകൊള്ളണം. ഇഎഴുതി ഇരിക്കുന്ന പിറകാരം വിചാരിച്ച മേൽപ്പെട്ട നടപ്പുകൊണ്ടാൽ നമ്മുടേ തൊരൂപത്തിലേകൽക്ക് ഒരഅന്തരം വരാതെ ഇരിപ്പുകൊള്ളുകയും ചെയ്യുമ്. അതിന്ന് ഒക്കയും നമ്മുടേ തൊരൂപ ത്തിലേകൽ വൈകുമാനപ്പെട്ട കുമ്മഞ്ഞി തകായമായി ഇരിക്കയും ചെയ്തു. അപ്പകാര മത്ത നാം കുമ്പഞ്ഞിയേ വിച്ചോതിച്ച ഇരിക്കുന്നത്. ഇപ്പകാരം ചെമ്പുതകട്ടിൽ എ (ഴു) തി ഇക്കൂടിയ ആളുകളെ എല്ലാവ രയും താക്കിയായിവെച്ചും കൊണ്ട് ഒപ്പ് കുത്തിവച്ച ആകുന്നത്.

നമ്മുടെ അനന്തരവരുടെ മേൽ ബഹുമാനപ്പെട്ട (ഡച്ച് കമ്പനിയെ വിശ്വസിച്ച് നമ്മുടെ സ്വരൂപത്തെ (കൊച്ചി) സംരക്ഷിക്കേണ്ടതിന് തമ്മിൽ വിശ്വസിച്ച് എഴുതിവച്ച ഉടമ്പടി. ഉടമ്പടി പ്രകാരം മേൽപ്പെട്ട അനന്തരവൻ നടക്കേണ്ടതിന് പുതുവയ്പ് 322- ആം വർഷം മേടമാസം (ക്രി. 1665) പഴയന്നൂർ ഭഗവതിനടയിൽ വച്ച് കാഞ്ഞിരപ്പുഴക്ക് തെക്കും വടക്കും ഉള്ള പ്രഭുക്കളും വേങ്ങനാട്ട് ഗ്രാമത്തിലെ ജനങ്ങളും വാഴുന്നവരും ആവണാ നമ്പൂതിരിയും സാക്ഷിയായി എഴുതിവച്ച ഉടമ്പടി. നമ്മുടെ സ്വരൂപത്തിലെ

അഞ്ചു താവഴികൾ തമ്മിൽ ഉണ്ടായ മത്സര നിമിത്തം അനേകം ആപത്തുകൾ ഉണ്ടായി ദോഷം സംഭവിച്ചു. പറങ്കികൾ നമ്മുടെ ശത്രുക്കൾക്ക് സഹായമായി നമ്മുടെ സ്വരൂപം ഏറെ അനർഥങ്ങൾ അനുഭവിച്ചതിൽ പിന്നെ ഇപ്പോൾ നാം ബഹുമാനപ്പെട്ട ഡച്ചു കമ്പനിയെ വിശ്വസിച്ച് പറങ്കികളെ ഉപേക്ഷിച്ചിരിക്കുന്നു. ശത്രുക്കൾ ഉപേക്ഷിച്ചുപോയ കൊച്ചിയിൽ പറങ്കികൾ ആദ്യം കെട്ടിയ കോട്ടകൾ ബഹുമാനപ്പെട്ട ലന്തക്കമ്പനി കൈവശമാക്കി യിരിക്കെ മേൽപ്പറഞ്ഞ കമ്പനിയും നാമും തമ്മിൽ മേലിൽ വേണ്ട പ്രകാരത്തിന് പുതുവയ്പ് വർഷം 320 മീനമാസം നാം തമ്മിൽ എഴുതിവച്ചിരി ക്കുന്നു. അതിൽ പറങ്കികൾ കെട്ടിയ കൊച്ചി കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും പള്ളിപ്പു റത്തും പാമ്പാവി ലുമുള്ള കോട്ടകളും പറങ്കികൾ അനുഭവിച്ചുപോന്ന പാതിരിത്തു രുത്തും പോട്ട തുരുത്തും വെണ്ടിതുരുത്തും ഉൽപ്പത്തികളും പറങ്കികളുടെ വേലക്കാരായ അടിമകളും ബഹുമാനപ്പെട്ട ലന്തക്കമ്പനിയുടേതായിരിക്കുമെന്ന് എഴുതി തന്നിരിക്കുന്നു. കൊച്ചി കോട്ടയ്ക്ക് പുറത്ത് വെട്ടിവെളിപ്പിച്ച പരപ്പുനിലത്തിന്റെ അത്യത്തി സന്നതിഭാഗത്തിനു വടക്ക് ഇതിന് വഴിത്തലയ്ക്കൽ കോയിലക ത്തിനും ഇതിനു വടക്ക് നടുതൽ പറമ്പിന്റെ പടിഞ്ഞാറെ അതിർത്തിക്കും ഇതിനും വടക്ക് ഭഗവതി ഇരിക്കുന്നതിനും പടിഞ്ഞാറ് ഇതിനു വടക്ക് കിഴക്ക് തിരുമംഗലത്ത് പറമ്പിനും ചക്കാലയ്ക്കൽ പറമ്പിനും വടക്ക് ഇരുവേലിക്കും കത്തിക്കും പടിഞ്ഞാറ്. ഇതിനകത്ത് ബഹുമാനപ്പെട്ട കമ്പനിയുടെ അനുവാദം കൂടാതെ ഒരുത്തനും ഒരു തെയോ, മരമോ നടരുത് കമ്പനിയുടെ ആളുകളും നമ്മുടെ ആളുകളും തമ്മിൽ കയ്യേറ്റമുണ്ടായാൽ അവിടെയും ഇവിടെയുമുള്ളവരെ പരസ്പരം ബോധിപ്പിച്ച് അവരവരുടെ ആളുകളെ അവരവർ രക്ഷിച്ചുകൊള്ളണം. കമ്പനി വേലയ്ക്കായി ഒഴിഞ്ഞുകൊടു ത്തിരിക്കുന്ന ഏഴ് പുറം പരിഷകളും കർണ്ണാടകത്തിൽ നിന്ന് പറങ്കികൾ മതം മാറ്റി കൊണ്ടുവന്ന ക്രിസ്ത്യാനികളോടും ഒരു കരവും ചോദിക്കരുത്. ശരീരം പരതി ഒപ്പു ചെയ്യുകയുമരുത്. നമ്മുടെ രാജ്യത്തുള്ള മുളക് (കുരുമുളക്) പുറവഴി പോകാതെ തൂക്കിച്ച് കമ്പനിക്കുതന്നെ കൊടുക്കണം. കമ്പനിക്ക് ഒരാവശ്യം വരുമ്പോൾ നമ്മുടെ ആളുകളെക്കൊണ്ട് വേണ്ട സഹായം ചെയ്തു കൊടുത്ത് കമ്പനിയുമായുള്ള വിശ്വാസം എല്ലാവരും പുലർത്തണം. അങ്ങനെ വിശ്വസിച്ച് ചെയ്താൽ പിന്നെ നമുക്ക് ഒരു തു ഉണ്ടാകുമ്പോൾ കമ്പനിയെക്കൊണ്ട് ശത്രുവിനെ അമർച്ച വരുത്തി നമ്മുടെ രാജ്യവും രക്ഷിച്ച് ബഹുമാനപ്പെട്ട കമ്പനിയുമായി വിശ്വാസത്തോടെ എന്നെ നേയ്ക്കും നടന്നു കൊള്ളണം.

നമുക്ക് ആപത്തുകൾ ഉണ്ടായപ്പോൾ വടക്കുംകൂർ നായരി (വടക്കുംകൂർ രാജാവ്) ആവുന്ന സഹായങ്ങൾ ചെയ്തിട്ടുള്ളതിനാൽ വടക്കുംകൂറിലൊരാവശ്യം വരുമ്പോൾ വേണ്ടുന്ന സഹായം ചെയ്തുകൊടുക്കുകയും വേണം.

നമ്മുടെ സ്വരൂപത്തിലേക്ക് ആളില്ലാതെ ദത്തെടുക്കേണ്ടി വന്നാൽ, ചാഴിയൂർ താവഴിയിൽ നിന്ന് അല്ലാതെ ദത്തെടുക്കരുത്. ചാഴിയൂരിൽ നിന്ന് ദത്തെടുക്കുമ്പോഴും ബഹുമാനപ്പെട്ട കമ്പനിയെക്കൂടി അറിയിച്ച് ഗുണദോഷവിചാരം നടത്തി അല്ലാതെ ദത്തെടുക്കരുത്. ഈ

സ്വരൂപത്തിന്റെ ഗുണത്തിനുവേണ്ടി പാലിയത്ത് മേനോൻമാർ വേണ്ടത്ര പ്രയത്നിച്ചിട്ടുള്ളതിനാൽ എന്നെന്നും അവരുടെ തറവാട് രക്ഷിച്ചു കൊള്ളണം. പഴയന്നൂർ, തിരുവിലാമല, തൃശിവപേരൂർ, ഊരകം, ഇറങ്ങാലക്കുട, തിരുവഞ്ചിക്കുളം, തൃപ്പൂണിത്തും, തിരുവല്ല എന്നീ ക്ഷേത്രങ്ങൾ പ്രത്യേകം രക്ഷിക്കപ്പെടേണ്ടതാകയാൽ ഈ ക്ഷേത്രകാര്യങ്ങൾക്ക് ഒരു കുറവും വരാതെ നോക്കിനടത്തിക്കൊള്ളണം. അവിടെയുള്ള ബ്രാഹ്മണരെയും പശുക്കളെയും വഴിപോലെ രക്ഷിച്ച് യാഗാദികർമങ്ങൾ നടത്തിക്കൊടുക്കണം. കൊങ്ങിണി മഹാജനങ്ങൾ അമ്മാവൻമാരെ ആശ്രയിച്ച് വന്നവരാണ്. അവർക്ക് ഇരിക്കാൻ വേണ്ട ഭൂമിയും രക്ഷയ്ക്കുവേണ്ടതും കൊടുത്ത് ഒരു ക്ഷേത്രം നിർമിക്കണമെന്ന് അപേക്ഷിച്ചിരിക്കയാൽ അതിനുവേണ്ടത്ര സ്ഥലവും രേഖാമൂലം കൊടുക്കണം. ക്ഷേത്രത്തിലെ അടിയന്തിരം അമ്മാവൻമാർ നടത്തിപ്പോരുന്നതിന് ഒരു ഏറ്റക്കുറവും കൂടാതെ നടത്തി ആ പരിഷകളെയും അമ്മാവൻമാർ കൊടുത്ത രേഖ പ്രകാരം തന്നെ നടത്തിക്കൊള്ളണം. നമ്മുടെ ആപത്തുകാലത്ത് ഈ പരിഷകൾ പണം കൊണ്ടുവേണ്ട സഹായം ചെയ്തിട്ടുള്ളവരാണ്. ഇവരെ ബ്രാഹ്മണമര്യാദ അനുസരിച്ചുള്ള ശിക്ഷാരക്ഷയല്ലാതെ മറ്റൊന്നും ചെയ്തുപോകരുത്. കൊങ്ങിണി മഹാജനങ്ങൾ ഇവിടെ വന്ന് അമ്മാവൻമാരെ കണ്ട് കുടമലയാളത്തിൽ ബ്രാഹ്മണരെ രക്ഷിക്കും പോലെ ഞങ്ങളെയും രക്ഷിച്ചുകൊള്ളണമെന്ന് അപേക്ഷിക്കയാലാണ് കൊങ്ങിണികൾക്ക് നികുതി വേണ്ടാ എന്നുവച്ചിട്ടുള്ളത്. കൊങ്ങിണികളിൽ ഒരുവന്റെ കുലം അറ്റുപോയാൽ അവന്റെ സ്വത്ത് നമ്മുടെ ആളുകളും മഹാജനങ്ങളും കൂടി ബോധ്യപ്പെട്ട് മുതലിൽ പാതി നമുക്കും പാതി തിരുമല ദേവനും ആയി പങ്കിട്ടെടുക്കണമെന്നാണ് അമ്മാവൻമാരുടെ തീരുമാനം. ഇനി മേലും അപ്രകാരം പെരുമ്പടത്ത് ചിത്രകൂടത്തിൽ നമ്മുടെ കോവിലകത്ത് ഉള്ളവർ ദേവതമാരെ സേവിക്കേണ്ട പോലെ സേവിക്കാത്തതു കൊണ്ട് നമുക്ക് ഓരോരോ ആപത്തുകൾ വന്നത്. നമ്മുടെ സ്വരൂപത്തിലെ താവഴി മത്സരംകൊണ്ടും അതിന് സഹായമായി നിന്ന് സാമൂതിരി അവിടെ ആക്രമിച്ച് കൈവശപ്പെടുത്തിയതു കൊണ്ടും ആണല്ലോ അവിടെ രക്ഷിച്ചുചെന്ന സേവിക്കാൻ നമുക്ക് ഇടയാകാതെ പോയത്. അവിടം മുമ്പിലത്തെപ്പോലെ വരുവാൻ വേണ്ടത കമ്പനിയുമൊത്ത് ആവുന്നത് നാം പ്രയത്നിക്കണം.

ഈ എഴുതിവച്ചത് അനുസരിച്ച് മേലിൽ നടന്നാൽ നമ്മുടെ സ്വരൂപത്തിന് ഒരു നാശവും വരാതെ ഇരിക്കും. അതിന് നമ്മുടെ സ്വരൂപത്തിന് ബഹുമാനപ്പെട്ട കമ്പനി സഹായകമായിരിക്കുകയും ചെയ്യും. അപ്രകാരം അത് നാം കമ്പനിയെ വിശ്വസിച്ചിരിക്കുന്നത്. ഇപ്രകാരം ചെമ്പുതകിടിലെഴുതി ഈ കൂടിയിരിക്കുന്ന എല്ലാ ആളുകളേയും സാക്ഷിയാക്കിക്കൊണ്ട് ഒപ്പ് കുത്തിവയ്ക്കുന്ന താകുന്നു.

(രാമചന്ദ്രൻ, 367-76)

തെരഞ്ഞെടുത്ത ഗ്രന്ഥസൂചി

ആദർശ് സി., 2016 പാലിയത്തിന്റെ കഥ, മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗോപാലക്കുറുപ്പ്, ബി.എ. 1934 രാജമാന്യ രാജശ്രീ പാലിയത്ത് രാമൻ വലിയച്ചൻ അവർകൾ, ചേന്ദമംഗലം.

പത്മനാഭമേനോൻ, കെ.പി. 1997 കൊച്ചിരാജ്യചരിത്രം, മാതൃഭൂമി കോഴിക്കോട്.

രാമചന്ദ്രൻ പുതുശ്ശേരി 2007 കേരളചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാമൻ മേനോൻ, വി.കെ. (വർഷം ?) പാലിയം ചരിത്രം.

--- 1948 പാലിയത്ത് ഗോവിന്ദൻ വലിയച്ചൻ, ബി.വി.ബുക്ക്ഡിപ്പോ, തൃശ്ശിവപ്പേരൂർ.

രാമൻ മേനോൻ, പുത്തേഴത്ത് 2003 ശക്തൻതമ്പുരാൻ, സുലഭ ബുക്സ്, തൃശ്ശൂർ.

Gopinatha Rao, T.A. 1970 Travancore Archeological Series, Vol. 1, Thiruvananthapuram.

സഞ്ചാരിയുടെ ചരിത്രസന്ദേഹങ്ങൾ: 'പുരുഷാന്തരങ്ങളിലൂടെ' - ഒരു പുനർവായന

മനോജ് കെ.എസ്.

പ്രബന്ധസംഗ്രഹം

1956 ഡിസംബറിൽ ഡൽഹിയിൽ വച്ചുനടന്ന ഏഷ്യൻ റൈറ്റേഴ്സ് കോൺഫറൻസിൽ പങ്കെടുക്കാനായി കേരളത്തിൽ നിന്ന് പോയ വയലാർ രാമവർമ്മ ഡൽഹി നഗരം ചുറ്റി കാണുന്നതിന്റെ വിവരണമാണ് 'പുരുഷാന്തരങ്ങളിലൂടെ' എന്ന സഞ്ചാരസാഹിത്യ കൃതി. ഒരുകാലത്ത് ശക്തരും പരാക്രമശാലികളുമായ ചക്രവർത്തിമാരുടെ ഭരണസിരാകേന്ദ്രമായിരുന്ന പ്രദേശങ്ങളുടെ നഷ്ടപ്രൗഢിയിലൂടെ സഞ്ചരിക്കുമ്പോൾ മൺമറഞ്ഞുപോയ പ്രതാപങ്ങളുടെ നല്ലതും കെട്ടതുമായ വശങ്ങൾ വയലാറിന്റെ മനസ്സിലുണ്ടാക്കുന്ന ചലനങ്ങളാണ് 'പുരുഷാന്തരങ്ങളിലൂടെ' യിലെ പ്രധാന പ്രമേയം. ചരിത്രസ്ഥലങ്ങൾ ഉള്ളിലടക്കിയിരിക്കുന്ന കാഴ്ചയുടെ സൗന്ദര്യവും ഭീതിയും കവിയുടെ കാഴ്ചപ്പാടിലൂടെ പിൽക്കാലത്തിനായി വിവരിക്കുന്ന 'പുരുഷാന്തരങ്ങളിലൂടെ'യിൽ ചരിത്രം ജീവൻ തുടിക്കുന്ന ഒരു വിഷയമാണ്. ചരിത്രസ്ഥലികൾ വയലാറിന്റെ മനസ്സിൽ അടയാളപ്പെടുത്തുന്ന സന്ദേഹങ്ങളെ സൂക്ഷ്മ വായനയ്ക്കു വിധേയമാക്കിക്കൊണ്ട് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ കാൽഭാഗം പൂർത്തിയാക്കാറായ മനുഷ്യരുടെ ഭാഗധേയങ്ങളിൽ അവയുടെ പ്രസക്തി അന്വേഷിക്കുകയാണ് ഈ പഠനത്തിന്റെ ഉദ്ദേശ്യം.

താക്കോൽ വാക്കുകൾ

സഞ്ചാരസാഹിത്യം,ചരിത്രം, കുത്തബ്മിനാർ, റെഡ്ഫോർട്ട്, രാജ്ഘട്ട്, സമകാലിക ഇന്ത്യ

സഞ്ചാരസാഹിത്യം

മലയാളത്തിലെ സമ്പന്നമായ സാഹിത്യമേഖലയാണ് സഞ്ചാര സാഹിത്യം. ഗദ്യവും പദ്യവും സഞ്ചാരസാഹിത്യത്തിനായി എഴുത്തുകാർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സന്ദേശകാവ്യങ്ങളിൽ ആരംഭിക്കുന്നതാണ് പദ്യരൂപത്തിലുള്ള യാത്രാവിവരണങ്ങളുടെ ചരിത്രം. ഉണ്ണുനീലിസന്ദേശത്തിലും കോകസന്ദേശത്തിലും സഞ്ചാരസാഹിത്യത്തിന്റെ ഘടകങ്ങൾ ദൃശ്യമാണ്. വെണ്മണികാലഘട്ടം യാത്രാവിവരണകാവ്യങ്ങളാൽ സമ്പന്നമാണ്. വർണ്ണനകളുടെ ധാരാളിത്തമാണ് പദ്യരൂപത്തിലുള്ള സഞ്ചാരസാഹിത്യത്തിന്റെ പൊതുസ്വഭാവം. അനുഭവക്കുറിപ്പുകളുടെ രൂപത്തിലുള്ള എഴുത്താണ് ഗദ്യരൂപത്തിലുള്ള സഞ്ചാരസാഹിത്യത്തിൽ പൊതുവെ കാണാവുന്ന പ്രത്യേകത. വർത്തമാനപുസ്തകം മുതൽ ആരംഭിക്കുന്ന മലയാളത്തിലെ ഗദ്യയാത്രാവിവരണം വിവിധ രൂപഭാവങ്ങളുള്ള കൃതികളിലൂടെ കടന്ന് എസ്.കെപൊറ്റക്കാടിലെത്തുമ്പോൾ യാത്രയും

വിവരണവും സാഹിത്യവും ഉന്നതനിലവാരം നേടുന്നു. എഴുത്തിലും സമീപനത്തിലും പുലർത്തിയ മൗലികതകൊണ്ട് ശ്രദ്ധേയമായ യാത്രാവിവരണമാണ് വയലാർ രാമവർമ്മയുടെ 'പുരുഷാന്തരങ്ങളിലൂടെ'

'പുരുഷാന്തരങ്ങളിലൂടെ' - സാമാന്യ പരിചയം.

ഇതിഹാസങ്ങളുടെ ജന്മഭൂമിയെന്നുപേരുള്ള ഒന്നാമധ്യായം 'മട്ര' എന്ന മഥുരയിലൂടെയുള്ള ട്രെയിൻയാത്രയുടെ വിവരണമാണ്. ശ്രീകൃഷ്ണകഥകളാൽ പ്രശസ്തമായ മഥുരയുടെ അവതരണത്തിന് ഏറ്റവും ഉചിതമായ വിധത്തിലാണ് കൃതി ആരംഭിക്കുന്നത്.- കണ്ണും തിരുമ്മിയുണർന്നപ്പോൾ ഒരു പാത്രം നല്ല ചൂടുള്ള പാൽ കിട്ടി. ഒരു ചെറിയ മൺചട്ടി നിറയെ കാച്ചിക്കുറുക്കിയ പാല്! ഇരുന്നയിരുപ്പിൽ ഞാനൊറ്റവലിക്ക് കുടിച്ചു. എന്നിട്ടാ മൺപാത്രം പുറത്തേക്ക് വലിച്ചെറിയുകയും ചെയ്തു.

''പാൽപ്പൊടി കലക്കിക്കുറുക്കിയതായിരിക്കും'' ഒരു സ്നേഹിതൻ പറഞ്ഞു.

''ഏയ്'' മറ്റൊരാൾ തിരുത്തി.''ഇത് മഥുരയാണ്, പശുക്കളുടെ നാട്!''

ഞാൻ ആ റെയിൽവേസ്റ്റേഷനിലേയ്ക്കൊന്നു നോക്കി. വലിയ അക്ഷരത്തിൽ 'മട്ര' എന്നെഴുതിവച്ചിരിക്കുന്നു. ഓ, പ്രസിദ്ധമായ ഉത്തരമഥുര [1]

യമുനാതീരത്തെ കാട്ടുപുല്ലായിട്ടെങ്കിലും ജനിക്കാനാഗ്രഹിച്ച മുത്തശ്ശിയിലേക്കു നീളുന്ന വിചാരത്തോടെ കവി, തീർത്ഥാടകസംഘങ്ങളെ നോക്കിയിരിക്കുന്നു. ശ്രീകൃഷ്ണനിലേക്കും ദ്വാപരയുഗത്തിന്റെ വിചാരങ്ങളിലേക്കും സമകാലിക നഗരവികസനത്തിലേക്കും സഞ്ചരിക്കുന്ന കവി 'ഗ്രാന്റ് ട്രങ്ക് എക്സ്പ്രസ്സിനേക്കാൾ വേഗത്തിൽ ചരിത്രം കൂടെ വന്നു'[2] എന്ന് രേഖപ്പെടുത്തുന്നു. തുടർന്ന് 'സഞ്ചാരിണി ദീപശിഖേവ രാത്രൗ' എന്നവിധം സഞ്ചരിക്കുന്ന തീവണ്ടിയിലൂടെ കാളിദാസസ്മരണകളിലേക്കാണ് അദ്ദേഹം എത്തിച്ചേരുന്നത്. ബലഭദ്രന്റെ ജലസേചനശ്രമങ്ങളും യാദവവംശചരിത്രവും പറഞ്ഞ് കാളിയമർദ്ദനഘട്ടത്തിലും ഭഗവത്ഗീതയിലും എത്തിച്ചേർന്നശേഷം നാടിന്റെ ജീവിതത്തിലേക്ക് തിരിച്ചു വരുന്നു.

'കുത്തബ്മിനാർ എന്ന ഗോപുരം' എന്നാണ് രണ്ടാമധ്യായത്തിന്റെ പേര്. കുത്തബ്മിനാറിന്റെ പിരിയൻഗോവണി കയറുന്ന യാത്രാസംഘത്തെ അവതരിപ്പിച്ചുകൊണ്ട് കുത്തബ്മിനാറിന്റെ നടുക്കുറ്റി 'നാനാത്വത്തിലുള്ള ഏകത്വ'ത്തിന്റെ പ്രതീകമായി കവി വായിച്ചെടുക്കുന്നു. കുത്തബ്മിനാറിനു മുകളിലെത്തുന്ന വയലാർ, നഗരാവശിഷ്ടങ്ങളും ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന മഹാസാമ്രാജ്യങ്ങളുടെ പഴയ കോട്ടകൊത്തളങ്ങളും'[3] ചിതൽപ്പുറ്റു പോലെ കാണുന്നു. ജവഹർലാൽനെഹ്രുവെന്ന സത്യാന്വേഷി ആഖ്യാനത്തിൽ കടന്നുവരുന്നു. ഡൽഹി സുൽത്താനേറ്റിന്റെ എണ്ണമറ്റ കഥകൾ വയലാറിന്റെ മനസ്സിൽ തിങ്ങിഞെരുങ്ങുന്നു. കുത്ബുദ്ദീൻ ഐബക്കും ആരംഷാ, ഇൽത്തുമിഷ് എന്നിങ്ങനെയുള്ളവരും റസിയയുടെ വീരചരിത്രവും തുടർന്ന് കടന്നുവരുന്നു. മതാന്ധരുടെ കെട്ടുകഥകൾ

ഭാവിയെ ഇരുളടഞ്ഞതാക്കുമെന്ന നിരീക്ഷണത്തിലാണ് ഈ അദ്ധ്യായം അവസാനിക്കുന്നത്.

'റെഡ് ഫോർട്ടിനുള്ളിൽ' എന്ന മൂന്നാമധ്യായത്തിൽ മുഗൾ സാമ്രാജ്യത്തിന്റെ പ്രതാപവും പതനവും അവതരിപ്പിക്കുന്നു. ഷാജഹാൻ എന്ന സൗന്ദര്യോപാസകനായ ചക്രവർത്തിയുടെ ജീവിതസംഘർഷങ്ങൾ, അക്കാലത്ത് സമൃദ്ധിയോടൊപ്പം നടമാടിയ ക്രൂരതകൾ, വയലാറിന്റെ മനസ്സിലൂടെ കടന്നുപോകുന്നു. ''ഷാജഹാന്റെ ആ രാജകീയസൗധങ്ങളുടെ തിരുമുറ്റത്തെത്തിയപ്പോൾ മുഗൾവംശത്തിന്റെ സുവർണ്ണയുഗത്തിലേയ്ക്ക് ചരിത്രത്തിന്റെ കൂറ്റൻവാതിലുകൾ മലർക്കെ തുറന്നിട്ടതുപോലെ എനിക്കു തോന്നി.''[4] പക്ഷേ അതിനു ശേഷം കാണുന്ന കാഴ്ചകളിൽ ''ആ പഞ്ചവർണ്ണക്കിളികളുടെ കണ്ണുകളിലും പുള്ളിച്ചിറകുകളിലും രത്നങ്ങളായിരുന്നു; പൂക്കളുടെ കേസരങ്ങളിലും! അവയത്രയും കൊത്തിയടർത്തപ്പെട്ടിരിക്കുന്നു; അവ ഇരുന്നേടത്ത് കുഴികളേയുള്ളൂ. പക്ഷികൾക്ക് കണ്ണുകളില്ല. പൂക്കൾക്ക് കേസരങ്ങളുമില്ല!''[5] ഷാജഹാന്റെ കാലഘട്ടത്തിലെ കൊട്ടാരവിശേഷങ്ങളിലൂടെ ദിവാൻ-ഇ- ആമും ദിവാൻ-ഇ-ഖാസും അവതരിപ്പിച്ച് വയലാർ മയൂരസിംഹാസനത്തിന്റെ നഷ്ടത്തിൽ പരിതപിക്കുന്നു. ആത്മബലിയുടെയും ശിരച്ഛേദങ്ങളുടെയും കഥകളുറങ്ങുന്ന ഷാജഹാന്റെ പുത്രന്മാരുടെ ചരിത്രത്തിൽ ഔറംഗസീബിന്റെ ക്രൂരതകൾ സഞ്ചാരിയുടെ മനസ്സുലയ്ക്കുന്നു. ചാന്ദിനി ചൗക്കിന്റെ ചരിത്രമുറങ്ങുന്ന മണ്ണിലൂടെ, ഡൽഹി ജുമാമസ്ജിദിന്റെ മുന്നിലൂടെ, ഇൻഡ്യയുടെ ദേശീയപതാകയിലൂടെ, എഴുത്തുകാരന്റെ ചിന്ത പടിയിറങ്ങുന്നു.

"ഇവിടെ ഇൻഡ്യയുടെ മുത്തച്ഛനുറങ്ങുന്നു." എന്ന നാലാമദ്ധ്യായം രാജ്ഘട്ടിലേയ്ക്കുള്ള യാത്രയാണ് അവതരിപ്പിക്കുന്നത്. മഹാത്മാഗാന്ധിയുടെ അന്ത്യവിശ്രമസ്ഥലം വയലാറിനെ വികാരം കൊള്ളിക്കുന്നു. ഇവിടെ അംബരചുംബികളായ ഗോപുരങ്ങളില്ല. കനക മേൽക്കട്ടികളില്ല. പുഷ്യരാഗവും മരതകവും പതിച്ച രത്നപീഠങ്ങളില്ല. ഒരു കൽത്തറയും കുറേ പൂക്കളും മാത്രമേയുള്ളൂ. പക്ഷേ ഇവിടെയാണ്, ഇവിടെ മാത്രമാണ്, ഒരു യുഗത്തോളം വ്യാസമുണ്ടായിരുന്ന ഇൻഡ്യയുടെ മനസ്സാക്ഷി നിത്യവിശ്രമം കൊള്ളുന്നത്.''[6] വൈകാരികമായ വിചാരങ്ങളിലൂടെ, ഗാന്ധിയെ സ്പർശിച്ച അനുഭവത്തിലൂടെ, വയലാർ ഗാന്ധിസ്മൃതിയിലേയ്ക്ക് വായനക്കാരനെ നയിക്കുന്നു.

ചരിത്രവും സന്ദേഹങ്ങളും

കവിയും ചരിത്രകുതുകിയുമായ ഒരാൾ ചരിത്രസ്മാരകങ്ങളെ നോക്കിക്കാണുന്ന രീതി മനസ്സിലാക്കാൻ 'പുരുഷാന്തരങ്ങളിലൂടെ'യിലുള്ള വയലാറിന്റെ വാക്കുകൾ പിന്തുടർന്നാൽ മതിയാകും. ക്രാന്തദർശിത്വമെന്ന കവിയുടെ ഗുണം തുളുമ്പുന്നതാണ് വയലാറിന്റെ ചിന്തകൾ. ചരിത്രമെന്നത് മൺമറഞ്ഞ ഒരു കാലത്തിന്റെ കേവലമായ ശേഷിപ്പുകളായി, മൃതവസ്തുക്കളായി, ഇവിടെ അനുവത്കൃതമാകുന്നില്ല. മറിച്ച് ഓരോ നിർമ്മിതിയും അനാകർഷകമായ സമകാലിക നിലയിൽ നിന്നും വിമോചിതമാകുകയും അവയുടെ പ്രതാപകാലത്തിന്റെ സ്മൃതിചിത്രങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു.

സഞ്ചാര സാഹിത്യത്തിന്റെ സാധാരണ രീതി കാഴ്ചയുടെ സൗന്ദര്യത്തിൽ അഭിരമിക്കുമ്പോൾ പണ്ഡിതവഴി ചരിത്രത്തിന്റെ വിരസവിവരണങ്ങളിൽ അവസാനിക്കുന്നു. എന്നാൽ 'പുരുഷാന്തരങ്ങളിലൂടെ'യിൽ കടന്നു കാണാൻ കഴിവുള്ള കവിയുടെ ചരിത്രദർശനത്തിന്റെ സൗന്ദര്യമാണ് വായനക്കാരനെ ആകർഷിക്കുന്നത്. സമകാലിക മനുഷ്യജീവിതത്തിൽ നിന്നും പിടിവിടാതെ ചരിത്രത്തെ ചലനാത്മകമായ സത്യമായി വയലാർ തിരിച്ചറിയുന്നു. ചരിത്രം മനുഷ്യരോട് സംവദിക്കുന്നതിന്റെ സ്പന്ദനങ്ങൾ പിടിച്ചെടുക്കാൻ ശേഷിയുള്ള സ്വനഗ്രാഹികളുമായാണ് ഈ എഴുത്തുകാരൻ സഞ്ചരിക്കുന്നത്. ചരിത്രസ്ഥലികൾ അദ്ദേഹത്തെ പലതും ഓർമ്മിപ്പിക്കുകയും താക്കീതു ചെയ്യുകയും വിശദീകരിക്കുകയും ചെയ്യുന്നു. മണ്ണടിഞ്ഞുപോയ സാമ്രാജ്യങ്ങളുടെ ചരിത്രം സഞ്ചാരിയിൽ സന്ദേഹങ്ങൾ ഉണർത്തുന്നതാണ് പുരുഷാന്തരങ്ങളിലൂടെയിൽ കാണാനാകുന്നത്. അവയാകട്ടെ അയുക്തികമായ കേവല സന്ദേഹങ്ങളല്ല; സയുക്തികമായ, പ്രസക്തമായ സന്ദേഹങ്ങളാണ്.

1956-57 ആണ് ഈ കൃതിയിലെ സംഭവകാലം. അതായത് 1956 ഡിസംബറിൽ ഡൽഹിയിൽ വച്ച് നടന്ന റൈറ്റേഴ്സ് കോൺഫറൻസിൽ പങ്കെടുക്കാനായി ഗ്രാന്റ് ട്രങ്ക് എക്സ്പ്രസിൽ പുറപ്പെട്ട വയലാർ രാമവർമ്മ എന്ന മലയാള കവി അവിടെ എത്തി ഡിസംബറിലും ജനുവരിയിലുമായി ഡൽഹിയിലെ ചരിത്രസ്മാരകങ്ങൾ സന്ദർശിച്ച കാലം. അന്ന് ഇൻഡ്യ സ്വാതന്ത്ര്യം നേടിയിട്ട് ഒൻപത് വർഷവും ഗാന്ധിജിയുടെ കൊലപാതകം നടന്നിട്ട് എട്ടു വർഷവുമായിട്ടേയുള്ളു. രാജ്യമെന്ന നിലയിൽ ശൈശവാവസ്ഥയിലുള്ള ഇൻഡ്യയുടെ തലസ്ഥാനമായ, ആയിരക്കണക്കിന് വർഷത്തെ ചരിത്രമുറങ്ങുന്ന ഡൽഹിയിലൂടെ സഞ്ചരിക്കുകയാണ് വയലാർ. ''ഒരു ചരിത്രകാരനോ, രാഷ്ട്രീയ പ്രവർത്തകനോ ആയി നിന്നുകൊണ്ടല്ല, ഒരു സാഹിത്യകാരനായി നിന്നുകൊണ്ടാണ് ഞാനെല്ലാം നോക്കിക്കാണാൻ ശ്രമിക്കുന്നത്.'' എന്നു പുസ്തകത്തിന്റെ ആമുഖത്തിൽ വയലാർ രേഖപ്പെടുത്തുന്നു. ''പണ്ഡിറ്റ്ജിയുടെയും മജുംദാറുടെയും സർക്കാരിന്റേയുമൊക്കെ ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നും ബർണ്ണിയറുടെയും മറ്റും സഞ്ചാരക്കുറിപ്പുകളിൽ നിന്നും കാലേ വായിച്ചാർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള വിവരങ്ങൾ മനസ്സിൽ കിടന്നിരുന്നത് കൊണ്ട്, കണ്ടിടത്തോളം കാര്യങ്ങളെ അവയുടെ കാലഘട്ടത്തോടടുപ്പിച്ചുർത്തി മനസ്സിലാക്കുവാൻ പ്രത്യേകിച്ച് മെനക്കെടേണ്ടിവന്നില്ല'' എന്നുകൂടി വയലാർ പുസ്തകത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നു. ഇതിൽ നിന്നും ചരിത്രത്തെക്കുറിച്ച് കൃത്യമായ ധാരണയുള്ള കവിയാണ് വയലാറിലെ ഡൽഹിസഞ്ചാരി എന്ന് ഉറപ്പിക്കാം.

തീവണ്ടിയാത്രയിൽ കടന്നുപോകുന്ന മഥുരപോലും വിചാരത്തിന് തീപിടിപ്പിക്കുന്ന തരത്തിൽപ്പെട്ട സഞ്ചാരിയാണ് വയലാറെന്ന് പുസ്തകത്തിന്റെ ആദ്യത്തെ അദ്ധ്യായംതന്നെ ബോധ്യപ്പെടുത്തുന്നു. കാളിദാസൻ മുതൽ കുമാരനാശാൻ വരെയുള്ള കവികളുടെ സ്മരണ സഞ്ചാരിയുടെ ഹൃദയമുദ്രയാണ്. അതുകൊണ്ടാണദ്ദേഹം ഭാരതത്തെ ഇതിഹാസങ്ങളുടെ ജന്മഭൂമിയായി തിരിച്ചറിയുന്നത്. ജവഹർലാൽ

നെഹ്രുവിന്റെയും മഹാത്മാഗാന്ധിയുടെയും ഇതേ ശക്തിയുള്ള സ്മരണയാലാണ് ഇൻഡ്യയുടെ വൈവിധ്യത്തെ തിരിച്ചറിഞ്ഞു കൊണ്ടും അംഗീകരിച്ചുകൊണ്ടും 'നാനാത്വത്തിൽ ഏകത്വത്തിന്റെ' നാടായി അതിനെ അടയാളപ്പെടുത്തുന്നത്. ''ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധാകേന്ദ്രമായ ഇൻഡ്യയുടെ പതാക അകലെ റെഡ് ഫോർട്ടിന്റെ കുംഭഗോപുരത്തിനു മുകളിൽ അശോകചക്രവും മാറിൽ പതിച്ചുകൊണ്ട് അവിരാമമായ ചലനത്തിന്റെ അർത്ഥഗർഭമായ ഒരു പ്രതീകം പോലെ കാറ്റത്തിളകുക യാണ്. കാറ്റത്തിളകുകയാണെന്ന് പറയുന്നതിനെക്കാൾ പുതിയ കാറ്റൂതിപ്പറഞ്ഞുകയാണ് എന്ന് പറയുന്നതാവും ശരി. ഞാൻ ശ്വസിക്കുന്ന ജീവവായുവിൽ അതിന്റെ സന്ദേശമുണ്ട്.''[7] എന്ന് സ്വരാജ്യസ്നേഹം കൊണ്ട് കവി നിറയുന്നു. ഇൻഡ്യയിലെ കോടിക്കണക്കിന് മനുഷ്യരുടെ അതിരില്ലാത്ത പ്രതീക്ഷകൾ എത്രത്തോളം സഫലമായി എന്ന ചിന്ത അപ്രസക്തമല്ല.

സിന്ധുനദീതട സംസ്കാരത്തിന്റെ സമ്പന്നതയെപ്പറ്റി അഭിമാനം കൊള്ളുന്ന വയലാർ ആധുനിക ഇൻഡ്യൻ സംസ്കാരത്തെ സങ്കരസംസ ്കാരമെന്നാണ് വിശേഷിപ്പിക്കുന്നത്. 'ആര്യ സംഘങ്ങൾ തൊട്ട് ഒരു പന്തീരാണ്ടു മുൻപ് പിരിഞ്ഞു പോയ ആ ബ്രിട്ടീഷ് ശക്തികൾ വരെ' പലവിധ സംസ്കാരങ്ങൾ അലിഞ്ഞുചേർന്ന മണ്ണാണ് ഇൻഡ്യയുടേത്. ''ലിഖിതവിജ്ഞാനീയത്തെ മാത്രം ചരിത്രത്തിന്റെ അങ്ങേത്തലയായി പരമാവധി വിശ്വസിച്ച്, ഇൻഡ്യയുടെ മുഴുവൻ അടിസ്ഥാനവും ആര്യമതങ്ങൾക്ക് വിട്ടുകൊടുത്ത്, തങ്ങളുടെ ദുരഭിമാനത്തിന്റെ കമ്പക്കെട്ട് കത്തിച്ചു നടക്കുന്ന നമ്മുടെ നാട്ടിലെ ചിലരുടെ ചരിത്ര വിജ്ഞാനീയത്തിന് വിദൂര നമസ്കാരം നൽകാൻ തോന്നിപ്പോകുന്നു.''[8] എന്ന വയലാറിന്റെ നിരീക്ഷണം ശ്രദ്ധേയമാകുന്നു. അനേകം സംസ ്കാരങ്ങൾ വളർന്നു കലർന്ന പ്രദേശത്തു നിന്നുമാണ് ഇന്നും പ്രത്യേക വർഗ്ഗങ്ങളുടെയും വംശങ്ങളുടേയും ഔന്നത്യം ഘോഷിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ പുറത്തുവരുന്നത്. BCE 2000 നോട് അടുത്ത് മാത്രം ഉണ്ടായ ആര്യന്മാരുടെ വരവിനും എത്രയോ മുൻപുതന്നെ ഇൻഡ്യയിൽ സംസ്കാരം പുഷ്ടിപ്പെട്ടു കഴിഞ്ഞിരുന്നു. ''അവസാനത്തെ കുടിയേറ്റക്കാ രായ ആര്യന്മാർ 2000 BCE കഴിഞ്ഞെപ്പൊഴോ എത്തിയപ്പോഴേയ്ക്കും ഉപഭൂഖണ്ഡത്തിലെ ഇൻഡ്യക്കാർ ഭൂമിയിലെ ഏറ്റവും വലിയ ആധുനിക മനുഷ്യസമൂഹങ്ങളിൽ ഒന്നായി മാറിക്കഴിഞ്ഞിരുന്നു..... ഒരു കാർഷിക വിപ്ലവവും പിന്നെയൊരു നാഗരിക വിപ്ലവവും അതിൽ നിന്ന് ഉണ്ടായിക്കഴിഞ്ഞിരുന്നു. അവയുടെ ഫലമായി അക്കാലത്ത് ഏറ്റവും വലിപ്പമേറിയ നാഗരിക സംസ്കാരം പിറന്നു കഴിഞ്ഞിരുന്നു.''[9] എന്ന് ടോണി ജോസഫ് രേഖപ്പെടുത്തുന്ന പുതിയകാല ജനറ്റിക് തെളിവുകളിലൂടെ പുറത്തുവന്ന വസ്തുത തന്നെയാണ് വയലാർ ചൂണ്ടിക്കാട്ടിയത്.

കുത്തബ്മിനാറിനു മുകളിലെത്തിയ മറ്റേതോ സംസ്ഥാനത്തെ മനുഷ്യരുടെ ഭാഷ മനസ്സിലാക്കാൻ കഴിയാത്തതിന്റെ വേദന വയലാർ പങ്കുവയ്ക്കുന്നു. ''എല്ലാ ജനപദങ്ങളേയും കൂട്ടിക്കൊളുത്തിയിരുന്ന ആ ചരട് എവിടെ വച്ചാണ് മുറിഞ്ഞു പോയത്'' എന്ന് അദ്ദേഹം

സന്ദേഹപ്പെടുന്നു. പക്ഷേ ഇത്തരം അനുഭവങ്ങൾ സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുന്നവർക്ക് ഒരു ശക്തിയാണ് എന്നാണ് വയലാർ അഭിപ്രായപ്പെടുന്നത്. രണ്ടുതരം സഞ്ചാരിക്കളെ അദ്ദേഹം കാണിച്ചു തരുന്നു. 'പഴയ യുഗങ്ങളുടെ ശവകുടീരങ്ങളിൽ ഭക്തി കൊണ്ട് മോഹാലസ്യപ്പെട്ടുവീഴുന്ന തീർത്ഥാടകരും' 'ആ കബറിടങ്ങളിൽ അന്തരിച്ചുകിടക്കുന്ന മനുഷ്യാത്മാക്കളുടെ കർമ്മ ചൈതന്യത്തിലേക്ക് യുക്തിബോധത്തിന്റെ നെയ്ത്തിരികളുമായി കയറിച്ചെല്ലുന്ന സത്യാന്വേഷികളും.' ഇന്ത്യയെ കണ്ടെത്താനും പുതിയ ഇന്ത്യയെ വാർത്തെടുക്കാനും യത്നിക്കുന്ന ജവഹർലാൽ നെഹ്രുവിനെ വയലാർ രണ്ടാമത്തെ ഗണത്തിൽ പെടുത്തുന്നു. പുരാതനവസ്തുക്കളുടെ കേവലാരാധകരായി ഭൂരിപക്ഷവും മാറിപ്പോകുന്ന സമകാല ജീവിതക്കാഴ്ചകൾക്കു മുന്നിൽ വയലാറിന്റെ പഴയ നിരീക്ഷണം പുതിയ അർത്ഥങ്ങൾ അന്വേഷിക്കുന്നു.

കുത്തബ്മിനാർ പണികഴിപ്പിച്ചത് 'കുത്ബുദീൻ ഐബക്' ആണെന്ന ചരിത്രപാഠത്തെ വയലാർ കാവ്യാത്മകമായി ചോദ്യംചെയ്യുന്നു - 'എത്രയായിരം അധ്വാനശക്തിയുടെ മാർവിടത്തിലാണ് കുത്ബുദീൻ ഐബക് പണിയിച്ചത് എന്നെഴുതിവച്ചിരിക്കുന്നത്?' മാനവചരിത്രത്തിലെ മഹാദ്ഭുതങ്ങളിലെന്നും അക്കാലത്തെ ചക്രവർത്തിമാരുടെ പേരു മാത്രം കുറിച്ചുകൊണ്ട് യഥാർത്ഥ നിർമ്മാതാക്കളുടെ സർഗപ്രക്രിയയെ വിസ്മരിക്കുന്നതിലുള്ള ദുഃഖം വയലാർ രേഖപ്പെടുത്തുന്നു. പൊതുപണം വ്യയം ചെയ്തുപണികഴിപ്പിക്കുന്ന നിർമ്മിതികളിൽ ഭരണാധികാരിയുടെ നാമം പതിച്ചുകൊണ്ട് ആധുനിക കാലവും ഈ തെറ്റിനെത്തന്നെ പിന്തുടരുന്നു.

സുൽത്താനായ അൽത്താമിഷ് (ഇൽത്തുമിഷ്) തന്റെ മകളായ റസിയയെ അടുത്ത ഭരണാധികാരിയായി നിശ്ചയിച്ച ശേഷം മരണമടഞ്ഞു. പ്രഭുക്കന്മാർ എതിർത്തെങ്കിലും ജനകീയ പിന്തുണയിൽ റസിയ സുൽത്താനയായി. കീഴുദ്യോഗസ്ഥനെ പ്രണയിച്ചു വിവാഹം കഴിച്ച റസിയയെ തുർക്കി പ്രഭുക്കൾ യുദ്ധത്തിൽ തോൽപ്പിച്ച് തടവിലാക്കി. ഒടുവിൽ അവളെ വെട്ടിനുറുക്കി കഴുകൻമാർക്ക് ഭക്ഷണമാക്കി. അധികാരസ്ഥാനങ്ങളിൽ സ്ത്രീകൾ കടന്നുവരുന്നതിനെ അംഗീകരിക്കാൻ അന്നത്തെ ഡൽഹിയിലെ തുർക്കി പ്രഭുക്കളെപ്പോലെ വിമുഖരാണ് ഇന്നത്തെ ജനാധിപത്യ കാലത്തെ മനുഷ്യരും.

കുത്തബ്മിനാറിൽനിന്നു മടങ്ങുമ്പോഴുള്ള അനുഭവം വയലാർ വിവരിക്കുന്നു. കുരുക്ഷേത്രത്തിൽ നിന്നും ഭീമൻ വലിച്ചെറിഞ്ഞ ഗദയാണ് കുത്തബ്മിനാറെന്ന് കാറിന്റെ ഡ്രൈവർ ഒരു വലിയ ചരിത്രരഹസ്യം പോലെ അറിയിച്ചു. ''ദില്ലിയിലെ മുഗൾ, മുസ്ലിം സംസ്കാരങ്ങളുടെ എല്ലാ സ്മാരകസ്തംഭങ്ങളെയും ഹിന്ദുപുരാണങ്ങളുമായി കൊളുത്തിനിർത്താൻ, മതാന്ധരായ ഒരു കൂട്ടം ആളുകൾ പ്രചരിപ്പിച്ചുവരുന്ന കെട്ടുകഥകളുടെ ഒരു ചരടാണ് ആ ഡ്രൈവർ പുറത്തേക്കു വലിച്ചിട്ടത്.''[10]. ഈ കൃതിയിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണമാണ് ഇവിടെ വയലാർ അവതരിപ്പിക്കുന്നത്. വർത്തമാനകാല ഇന്ത്യ ഇത്തരം അവകാശവാദങ്ങളുടെ പാരമ്യത്തിലാണ് നിലകൊള്ളുന്നത്. ചരിത്രത്തെ കെട്ടുകഥകൾ കൊണ്ടും കെട്ടുകഥകളെ ചരിത്രം കൊണ്ടും പകരംവയ്ക്കുന്ന വിധത്തിൽ

സാഹചര്യങ്ങൾ വഷളായിരിക്കുന്നു. വയലാർ ചൂണ്ടിക്കാണിക്കുന്ന കെട്ടുകഥകളുടെ ചരടുകൾക്ക് ഇന്ന് നീളവും നശീകരണശേഷിയും വർദ്ധിച്ചിരിക്കുന്നു.

ഷാജഹാന്റെ ദിവാൻ-ഇ-ഖാസിനെക്കുറിച്ചു വിവരിക്കുമ്പോൾ ''പാരസിക -ഭാരതീയ സാംസ്കാരിക ദർശനങ്ങളും ജീവിതശൈലികളും കൈകോർത്തു നീങ്ങിയിരുന്ന ആ കാലഘട്ടം പിന്നത്തെ യുഗങ്ങളിലെ എത്രയെത്ര മതസംഘട്ടനങ്ങളെയാണ് ഒഴിവാക്കിത്തന്നിട്ടുള്ളത്! തങ്ങളിൽ വാളോങ്ങി നിന്ന ആര്യ- ബൗദ്ധ മഹാമതങ്ങളുടെ പടവാളുകൾ പിടിച്ചു വലിച്ചെറിഞ്ഞ് അവയെ തമ്മിലിണക്കിയ സാഹസിക രംഗങ്ങൾക്ക് ആ മന്ത്രശാല സാക്ഷി നിന്നിട്ടുണ്ട്.''[11] എന്ന് വയലാർ നിരീക്ഷിക്കുന്നു. ഭരണാധികാരികൾക്കുണ്ടായിരിക്കേണ്ട ദീർഘവീക്ഷണത്തെക്കുറിച്ചുള്ള ശരിയായ ബോധത്തിന്റെ ഉൽപ്പന്നങ്ങളാണ് ഈ വാക്കുകൾ. എക്കാലത്തെയും മഹത്തായ ഈ മാതൃകകൾ ഇന്ന് പൂർവ്വകാല സ്മരണ മാത്രമായിരിക്കുന്നു. സഹോദരനായ ദാരയെ ശിരച്ഛേദം ചെയ്യുന്ന ഔറംഗസീബിനെക്കൂടി അവതരിപ്പിച്ചു കൊണ്ടാണ് വയലാർ ദില്ലിയുടെ കഥ പറയുന്നത്. മുംതാസ് മഹലിൽ പ്രദർശിപ്പിച്ചിരിക്കുന്ന മുഗൾ ചക്രവർത്തിമാരുടെയും അന്തപുര സ്ത്രീകളുടെയും ഉടയാടകളും ആഭരണങ്ങളും മതഗ്രന്ഥങ്ങളുമെല്ലാം ജീവിതത്തെക്കുറിച്ച് തത്വചിന്താപര മായ നിശ്ശബ്ദ വ്യാഖ്യാനങ്ങൾ നടത്തുന്നതായും അദ്ദേഹം പറയുന്നുണ്ട്. ''സ്വസഹോദരന്മാരുടെയും മറ്റു ബന്ധുക്കളുടെയും ജീവരക്തത്തിൽ പാളിപ്പാളി നടന്നിട്ടുള്ള ഔറംഗസീബിന്റെ വാൾ സഞ്ചാരികളെ നോക്കി ആർത്തിയോടെ പല്ലിളിക്കുന്നതും''[12] അദ്ദേഹം കാണുന്നു. റെഡ് ഫോർട്ട്, ഭാരതീയമായ എല്ലാത്തിന്റെയും പ്രതീകമായി അദ്ദേഹം നിരീക്ഷിക്കുന്നു. എന്നാൽ ''റെഡ് ഫോർട്ട് ഇന്ത്യയുടെ പ്രതീകമല്ലെന്നു വിളിച്ചു പറയുന്നവർ ഇന്നും ആ ഹിമാലയസാനുക്കളിൽ ഇല്ലാതെയില്ല..... പിന്നിട്ടുപോന്ന ഭാരതീയ സംസ്കാരത്തിന്റെ സമസ്തരാജവീഥികളിലും ഹിന്ദുക്ഷേത്രങ്ങൾ മാത്രം ഉയർന്നുകാണുവാൻ ആഗ്രഹിക്കുന്ന അത്തരം ആൾക്കാർ ഇന്ത്യയുടെ ആത്മാവ് കണ്ടെത്താത്തവരാണ്.''[13] എന്നാണ് വയലാറിന്റെ നിരീക്ഷണം. മതവൈരത്താൽ വശംകെട്ടുപോകുന്ന സമകാലിക ഇന്ത്യൻസാഹചര്യത്തിലേക്ക് ക്രാന്തദർശിത്വത്തോടെ കടന്നുചെല്ലുന്നതാണ് അദ്ദേഹത്തിന്റെ വാക്കുകൾ.

കുട്ടിക്കാലത്ത് ഗാന്ധിജിയെ തൊടാൻ ഭാഗ്യം ലഭിച്ച അദ്ദേഹം ഗാന്ധിസ്മൃതികുടീരത്തെ 'ഇന്ത്യയുടെ മുത്തച്ഛന്റെ മഹാസമാധിപീഠം' എന്നു വിശേഷിപ്പിക്കുന്നു. ഗാന്ധിജിയുടെ മരണവാർത്തയറിയിച്ചു കൊണ്ടുള്ള ജവഹർലാൽ നെഹ്രുവിന്റെ വാക്കുകൾ ഓർമിപ്പിച്ചു കൊണ്ടാണ് 'പുരുഷാന്തരങ്ങളിലൂടെ' അവസാനിപ്പിക്കുന്നത്. ''കഴിഞ്ഞ കുറെ വർഷങ്ങളായി അത്തരമൊരു ഭ്രാന്തിനെ വളർത്തിയെടുക്കാനാവ ശ്യമായ വിഷം ഈ സമൂഹത്തിൽ പടർന്നുകിടക്കുന്നുണ്ടായിരുന്നു.'' എന്ന നെഹ്രുവിന്റെ വാക്കുകൾക്ക് ഈ കാലഘട്ടത്തിലും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ല.

1956-ൽ ഡൽഹിയിലേക്കു നടത്തിയ യാത്രയെപ്പറ്റി പത്രങ്ങളിലെഴുതിയ ലേഖനങ്ങൾ 1959-ൽ യാത്രാവിവരണമായി വയലാർ രാമവർമ്മ

പ്രസിദ്ധീകരിച്ചു. കവിയെഴുതിയ സഞ്ചാരസാഹിത്യകൃതിയെന്ന നിലയിൽ ഇത് കാവ്യാത്മകതയും പ്രതിപാദനത്തിലെ നാടകീയതയും കൊണ്ടുകൂടിയാണ് ശ്രദ്ധേയമായിരിക്കുന്നത്. ചരിത്രദൃശ്യങ്ങൾ എഴുത്തുകാരനിലുണർത്തുന്ന പ്രതികരണങ്ങൾ അറുപത്തിയഞ്ചുവർഷത്തിനിപ്പുറവും പ്രസക്തമാണ്. സമകാലികരാഷ്ട്രീയവും മതവും സംസ്കാരവും എത്തിപ്പെട്ടിരിക്കുന്ന ദുരന്തസ്ഥലികളെ, അതിന്റെ സുപ്രധാനഘടകങ്ങളെ, ദീർഘദർശനം ചെയ്ത കൃതിയെന്ന നിലയിൽക്കൂടി വായിക്കപ്പെടേണ്ടതാണ് വയലാറിന്റെ 'പുരുഷാന്തരങ്ങളിലൂടെ.'

കുറിപ്പുകൾ

1. രാമവർമ്മ, വയലാർ, പുരുഷാന്തരങ്ങളിലൂടെ, പുറം 7,
2. അതേ പുസ്തകം, പുറം 9
3. അതേ പുസ്തകം, പുറം 19
4. അതേ പുസ്തകം, പുറം 44, 45
5. അതേ പുസ്തകം, പുറം 46
6. അതേ പുസ്തകം, പുറം 73
7. അതേ പുസ്തകം, പുറം 20
8. അതേ പുസ്തകം, പുറം 26
9. ടോണി ജോസഫ്, ആദിമ ഇന്ത്യക്കാർ, പുറം 205
10. രാമവർമ്മ, വയലാർ, പുരുഷാന്തരങ്ങളിലൂടെ, പുറം 39
11. അതേ പുസ്തകം, പുറം 54
12. അതേ പുസ്തകം, പുറം 67, 68
13. അതേ പുസ്തകം, പുറം 71

ഗ്രന്ഥസൂചി

1. ടോണിജോസഫ്, ആദിമഇന്ത്യകാർ (വിവ:), പ്രസന്ന. കെ. വർമ്മ, മഞ്ജുൾ പബ്ലിഷിങ് ഹൗസ്, ഭോപാൽ, 2022
2. പരമേശ്വരൻ പിള്ള, എരുമേലി, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം, 2019
3. രാമവർമ്മ, വയലാർ, പുരുഷാന്തരങ്ങളിലൂടെ, പാറപ്പുറം പബ്ലിഷേഴ്സ്, മാവേലിക്കര
4. ലീലാവതി. എം. ഡോ., മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാഡമി, തൃശ്ശൂർ 2023

'പൊന്നിറത്താൾ കഥ'-യിലെ സാമൂഹികദർശനം

ഡോ.ബിൻസി സി.ജെ.

പ്രബന്ധസംഗ്രഹം

മലയാളത്തിലെ കഥാഗാനങ്ങളെ രണ്ടു വിഭാഗങ്ങളായി തിരിക്കുന്നു തെക്കൻ പാട്ടുകളും വടക്കൻ പാട്ടുകളും. പ്രാദേശിക അടിസ്ഥാനമാണ് ഈ തിരുവുകൾക്ക് ആധാരം. പ്രതിപാദിക്കുന്ന വിഷയത്തെ ആസ്പദമാക്കി തെക്കൻ പാട്ടുകളെ പ്രധാനമായും വാതപ്പാട്ടുകൾ, കേൾവിപ്പാട്ടുകൾ, ശാസ്ത്രപ്പാട്ടുകൾ എന്നിങ്ങനെ തരംതിരിക്കുന്നു. വാതപ്പാട്ടുകളുടെ ഇതിവൃത്തം യക്ഷികഥകളും മല്ലൻകഥകളുമാണ്. പൊന്നിറത്താൾ കഥ വാതപ്പാട്ടുകളിൽ ഉൾപ്പെടുന്നു.

താക്കോൽവാക്കുകൾ

തെക്കൻ പാട്ട്, കഥാഗാനങ്ങൾ, വാതപ്പാട്ടുകൾ

കാലഗണനയ്ക്കുവഴങ്ങാത്തവയും വ്യക്തിപരവും സാമൂഹികവുമായ ജീവിതാനുഭൂതികൾ ഉൾക്കൊള്ളുന്നവയുമാണ് നാടൻപാട്ടുകൾ. എല്ലാ ഭാഷാസാഹിത്യത്തിലും പ്രചാരമുള്ള നാടൻപാട്ടുകളുടെ ഭാഷാരീതി ലളിതവും മധുരവുമാണ്. ജനനം മുതൽ മരണം വരെയുള്ള എല്ലാജീവിതസന്ദർഭങ്ങളും ആദികാലം മുതൽ പാട്ടിനുവിഷയമായിരുന്നു. ഇവയിൽ കഥപറഞ്ഞുതരുന്ന പാട്ടുകളുണ്ട്. അവയെ കഥാഗാനങ്ങൾ എന്നുവിളിക്കുന്നു. മലയാളകഥാഗാനങ്ങളെ തെക്കൻപാട്ടുകൾ, വടക്കൻ പാട്ടുകൾ എന്ന് രണ്ടുവിഭാഗങ്ങളായി തിരിക്കുന്നു. തെക്കൻപാട്ടുകൾ അധികവും കഥാഗാനങ്ങളാണ്. തെക്കൻകേരളത്തിലെ സാധാരണജന ങ്ങളുടെ ഭാഷയിലാണ് അവ വിരചിതമായിരിക്കുന്നത്. തെക്കൻപാട്ടുകളിലെ വാതപ്പാട്ടുകൾ എന്ന വിഭാഗത്തിൽപ്പെടുന്ന പാട്ടാണ് പൊന്നിറത്താൾ കഥ.

കഥാസംഗ്രഹം

അണഞ്ചിപ്പെരുമാൾ മാർത്താണ്ഡൻ, പൊന്മാരി എന്നിവരുടെ മകളാണ് പൊന്നിറത്താൾ. അനേക നേർച്ച കാഴ്ചകളുടെ ഫലമായി അവർക്ക് ലഭിച്ച സ്ത്രീ സന്താനമാണ് അവൾ. നാട്ടുനടപ്പനു സരിച്ചുള്ള ചോറൂണ്, കാതുകുത്ത് മുതലായ ചടങ്ങുകൾ നടത്തി അവളെ വാത്സല്യപൂർവ്വം അവർ വളർത്തി. പന്ത്രണ്ടുവയസ്സായ അവൾ ഒരിക്കൽ തോഴിമാരോടൊന്നിച്ച് അലപുളിമൂട്ടിൽ പന്ത് കളിച്ചുകൊണ്ടിരിക്കുകയാ യിരുന്നു. അതുവഴി വന്ന രാജ്യസേവക നായ പാവൂർ രണശൂരപെരുമാൾ അവളിൽ അനുരക്തനായി തന്റെ മാതാവ് വഴിയായി അവളുടെ മാതാപിതാക്കളോട് വിവാഹാഭ്യർത്ഥന നടത്തി. ജാതകപ്പൊരുത്തം ഉണ്ടെങ്കിലും ദാമ്പത്യജീവിതം അധികനാൾ നീണ്ടുനിൽക്കില്ലെന്ന്

ജ്യോത്സ്യൻ പ്രവചിച്ചു. ആ മാതാവ് മകന്റെ ആഗ്രഹം നിറവേറ്റാനായി വിവാഹത്തിന് സമ്മതിക്കണം എന്ന് അവരോട് അപേക്ഷിച്ചു. തുടർന്ന് വിവാഹമുഹൂർത്തം കുറിക്കുകയും വിവാഹത്തിനുവേണ്ട ഏർപ്പാടുകൾ പൂർത്തിയാക്കുകയും അവർ വിവാഹിതരാവുകയും ചെയ്തു. ഇരുപത്തിയൊന്ന് വയസ്സായിട്ടും സന്താനഭാഗ്യം ഉണ്ടാവാതിരുന്ന പൊന്നിറത്താൾ അതിനായി ഭർത്താവിന്റെ ഉപദേശപ്രകാരം തോരണമലയിലെ ഭഗവതിയമ്മൻ കോവിലിൽ പോയി വ്രതമനുഷ്ഠിക്കുകയും അവളുടെ ആഗ്രഹം സാധിക്കട്ടെ എന്ന് ദേവി അനുഗ്രഹിക്കുകയും ചെയ്തു. എന്നാൽ സന്താനഭാഗ്യം ലഭിച്ചാൽ മുജ്ജന്മപാപത്തിന്റെ ഫലമായി ഒമ്പതാം മാസത്തിൽ അവൾക്ക് മരണം സംഭവിക്കും എന്ന് ദേവി പ്രവചിച്ചു. ആപത്ത് നേരിട്ടാലും തനിക്ക് സന്താനഭാഗ്യം വേണമെന്ന് പൊന്നിറത്താൾ ദേവിയോട് കേണപേക്ഷിച്ചു. താമസിയാതെ അവൾ ഗർഭംധരിച്ചു.

നാട്ടുനടപ്പ് അനുസരിച്ച് ഗർഭിണികൾ ഒമ്പതാം മാസത്തിൽ നടത്തിയിരുന്ന മുളതളിക്കൽ എന്ന ആചാരം പൊന്നിറത്താളും അനുഷ്ഠിച്ചു. എന്നാൽ അശുഭലക്ഷണമാണ് അവൾക്ക് ലഭിച്ചത്. എട്ടു ദിവസങ്ങൾക്കു ശേഷം ഭിന്ന സമുദായത്തിൽപ്പെട്ട ആറുതോഴിമാർ വന്ന് അവളെ ചുനയിൽ നീരാടുവാൻ ക്ഷണിച്ചു. വീട്ടുജോലികൾ എല്ലാം പൂർത്തിയാക്കി വരകനല്ലൂർ അമ്പലത്തിൽ കുളിക്കാൻ പോകാൻ തയ്യാറായപ്പോൾ അവളെ ഭർത്തൃമാതാവ് താൻ കണ്ട ദുസ്വപ്നം അനുസ്മരിപ്പിച്ച് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അവൾ ഭർതൃമാതാവിന്റെ ശ്രദ്ധയിൽപ്പെടാതെ വരകനല്ലൂർ ക്ഷേത്രനടയിൽ എത്തി. ഈ സമയം തോഴിമാർ മടങ്ങിയിരുന്നു. അവൾ തനിയെ ചുനയിൽ കുളിച്ചുകൊണ്ട് നിൽക്കുമ്പോൾ ശക്തമായ കാറ്റും മഴയും ഉണ്ടായി. ഭയപ്പെട്ടുദിശാബോധം നഷ്ടപ്പെട്ടുനിന്ന പൊന്നിറത്താളിനെ കാട്ടാളമ്മൻ കോവിലിലെ ശാന്തിക്കാരൻ വീട്ടിൽകൊണ്ട് എത്തിക്കാം എന്ന് പറഞ്ഞ് ആശ്വസിപ്പിച്ചു.

കോവിലിൽ എത്തിയ ശാന്തിക്കാരൻ ഏഴുകിടാരം നിധി എടുക്കുവാനായി എത്തിയിരിക്കുന്ന കള്ളന്മാരുടെ സംഘത്തിലെ യാണ്. നിധി എടുക്കുന്നതിനുള്ള തടസ്സം മാറാൻ പച്ചക്കിടാ, ചെങ്കിടാ, കരിങ്കോഴി, പാലാട്, കരുമ്പറവ, കരുങ്കിടാ തുടങ്ങിയ പക്ഷികളെയും പൂർണഗർഭിണിയായ ഒരു നാരിയെയും കുരുതി കൊടുക്കണമെന്ന് മഷിനോട്ടക്കാരൻ പറഞ്ഞിരുന്നു. എടുക്കുന്ന നിധിയിൽ പകുതി തനിക്ക് നൽകുകയാണെങ്കിൽ കള്ളന്മാരെ സഹായിക്കാം എന്നകരാറിൽ, ആൽമര ചുവട്ടിൽ നിൽക്കുന്ന പൊന്നിറത്താളിനെക്കുറിച്ചുള്ള വിവരം ശാന്തിക്കാരൻ അവർക്ക് പറഞ്ഞു കൊടുത്തു. വീട്ടിലെത്താൻ സഹായിക്കാം എന്ന വ്യാജേന അവർ അവളെ കാട്ടാളമ്മൻ കോവിലിനു മുന്നിൽ എത്തിച്ചു. കബളിപ്പിക്കപ്പെട്ടെന്ന് മനസ്സിലായെങ്കിലും ഗർഭിണിയായ അവൾക്ക് രക്ഷപ്പെടാൻ ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. തന്റെ ആഭരണങ്ങൾ എല്ലാം എടുത്തിട്ട് വെറുതെവിടാൻ അവൾ അപേക്ഷിച്ചെങ്കിലും അവളുടെ വിലാപം കള്ളന്മാരുടെ മനസ്സലിയിച്ചില്ല. ബലിമൃഗങ്ങളെ കുരുതി കഴിച്ച ശേഷം അവർ പൊന്നിറത്താളുടെ കഴുത്തറക്കുകയും കുട്ടിയെ പുറത്തെടുത്ത്

ബലികഴിക്കുകയും ചെയ്തു. നിധി എടുത്തശേഷം അത് പകുത്തെടുക്കാനായി മുളനാഴിക്ക് വേണ്ടി മുളവെട്ടാനായി അവർ മേമലയിൽ പോയി മുള വെട്ടിക്കൊണ്ട് നിൽക്കുമ്പോൾ കാട്ടുമൃഗങ്ങൾ ഇറങ്ങി കള്ളന്മാരെയും ശാന്തിക്കാരനെയും കൊന്നൊടുക്കി.

കുളിക്കാൻപോയ പൊന്നിറത്താളിനെ കാണായ്കയാൽ അന്വേഷിച്ച് എത്തിയ അച്ഛനമ്മമാരും, ഭർത്താവും, സഹോദരങ്ങളും, അയൽവാസികളും ഒടുവിൽ കാട്ടാളമ്മൻ കോവിലിന്റെ മുമ്പിലെത്തി. പ്രിയപ്പെട്ടവളുടെ ശവശരീരംകൊണ്ട് ദുഃഖം സഹിക്കാനാവാതെ അവരെല്ലാവരും സ്വയം ബലിമൃഗങ്ങളായിത്തീർന്നു. കൈലാസത്തിലെത്തിയ പൊന്നിറത്താളുൾപ്പെടെയുള്ള പരേതാത്മാക്കൾ ശത്രുസംഹാരത്തിനു വേണ്ടിയുള്ളവരം പരമശിവനോട് ആവശ്യപ്പെട്ടു. കൊല ഒന്നിനും പരിഹാരമാവുന്നില്ല, അതിനാൽ ആരെയും കൊല്ലാൻ ശ്രമിക്കരുത്. നീ യക്ഷിയായി ആരാധിക്കപ്പെടേണ്ടവളാണ് എന്നുപറഞ്ഞ് കൈലാസനാഥൻ അവളെ സമാശ്വസിപ്പിച്ചു. കൈലാസത്തിൽനിന്നും തിരിച്ചെത്തിയ ബാധകൾ മധുരയിലെത്തി നാശനഷ്ടങ്ങൾ വരുത്തി. പാണ്ഡ്യരാജാവിന്റെ ആവശ്യപ്രകാരം മധുരയിലുള്ള മന്ത്രവേലൻ ബാധകൾ ഒഴിപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. തുടർന്ന് വേലത്തി വരികയും ബാധകളെ ആവാഹിച്ച് കീഴ്പ്പെടുത്തുകയും ശാശ്വത പരിഹാരത്തിൻ മലമുകളിൽ ക്ഷേത്രം പണിത് കൊടുതി നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. രാജാവ് ക്ഷേത്രം പണിയിച്ചു പ്രതിഷ്ഠനടത്തി പൂജാദികർമ്മങ്ങൾ അനുഷ്ഠിച്ചു. പൊന്നിറത്താൾ ദേവിക്ക് ഭക്തജനങ്ങൾ പലവിധമായ നേർച്ചകൾ കൊണ്ടുവന്നു സമർപ്പിക്കുകയും മറ്റുപലഭക്തകൃത്യങ്ങളും വഴിദേവിയെ പ്രസാദിപ്പിക്കുകയും ചെയ്തു.

സാമൂഹികപ്രസക്തിയും ജീവിതദർശനവും

ലളിതവും മനോഹരമായ ഭാഷയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ഈ പാട്ടിൽ എക്കാലത്തും പ്രസക്തമായ സാമൂഹികവിഷയങ്ങൾ ചർച്ചചെയ്യുന്നുണ്ട്. അമിതമായ ധനമോഹത്താൽ പ്രേരിതരായി സ്വന്തം നിലയും വിലയും മറന്ന് എന്തും ചെയ്യാൻ മടിക്കാത്തവർക്ക് സംഭവിക്കുന്ന ആപത്തുകൾ ഈ കഥ വ്യക്തമാക്കുന്നു. അമിതമായ ധനമോഹം വ്യക്തിയെയും സമൂഹത്തെയും ദോഷകരമായി ബാധിക്കും. പഴയകാലത്ത് ഇത്തരം ധനസമ്പാദനത്തിനുള്ള മാർഗം നിധി കണ്ടെത്തലായിരുന്നെങ്കിൽ ഇന്നു വ്യത്യസ്ത മാർഗ്ഗങ്ങളാണുള്ളത്. പൊന്നിറത്താൾ കഥയിൽ കള്ളന്മാരുടെയും ശാന്തിക്കാരന്റെയും താൽക്കാലികവിജയവും അന്തിമനാശവും ചിത്രീകരിച്ചിരിക്കുന്നു.

ജീവിതത്തിൽ വരുന്നതൊക്കെ വിധിയായി കാണുന്ന തത്വ ശാസ്ത്രം തെക്കൻപാട്ടുകളുടെ സവിശേഷതയാണ്.

''വാറതെല്ലാം വിധിവശംതാൻ''

വിധിയിൽ അടിയുറച്ച് വിശ്വസിക്കുന്നു. ജാതകത്തിലും ശകുനഫലത്തിനും മുജ്ജന്മഫലത്തിലും വിശ്വസിക്കുമ്പോഴും അവയെ ഭയപ്പെട്ട് ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നില്ല എന്നതാണ് തെക്കൻപാട്ടുകൾ ആവിഷ്ക്കരിക്കുന്ന ജീവിതദർശനം.

''ഉടയവനാർ ഓലൈവന്തു
ഉച്ചിയിലേ വിഴുന്തിടുമാം''

എന്നതാണ് വിശ്വാസം. ഈ വിശ്വാസമാണ്

''പോകവേണ്ടാംപൊന്നിറമേ
പൊന്നാത കിനാവുകണ്ടേൻ''

എന്ന് ഭർതൃമാതാവ് പറഞ്ഞിട്ടും കോവിലിൽപോകാനവളെ നിർബന്ധിക്കുന്നത്.

സ്ത്രീകൾക്ക് സമൂഹത്തിൽ ഉണ്ടായിരുന്ന സമുന്നതമായ സ്ഥാനം ഈ പാട്ടിൽ നിന്നും മനസ്സിലാക്കാം. ധൈര്യമുള്ള, കർത്തവ്യബോധമുള്ള, ചിന്താശേഷിയുള്ള, ഉത്തരവാദിത്വബോ ധമുള്ള സ്ത്രീകളെയാണ് ഈ പാട്ടുകൾ അവതരിപ്പിക്കുന്നത്. സ്ത്രീകളുടെ അംഗപ്രത്യംഗ വർണ്ണനകൾക്ക് പകരം ഗർഭം, പ്രസവം, കുഞ്ഞിന്റെ വളർച്ച എന്നിങ്ങനെ സ്ത്രീയുടെ മഹത്വത്തെ വർദ്ധിപ്പിക്കുന്ന വർണ്ണനകൾ തെക്കൻ പാട്ടുകളിൽ കാണാം. പൊന്നിറത്താൾകഥ ഇതിന് ഉദാഹരണമാണ്. പൊന്നിറത്താളിന്റെ തോഴിമാർ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെവട്ടവരായിരുന്നു. മണ്ണാന്റെ മകളും ചെരിപ്പുകുത്തിയുടെ മകളും, ചെട്ടിപ്പെണ്ണും, ചീമാളൻ മകളും വെള്ളാളപ്പെണ്ണും ചെമ്പറയന്റെ മകളും അവരിൽപ്പെടുന്നു. സാമൂഹികാചരങ്ങളിലുള്ള വിവിധ സമുദായങ്ങളുടെ പങ്കാളിത്തം ഇവിടെ വ്യക്തമാകുന്നു. ജാതിമതപരിഗണനകളില്ലാത്ത സമൂഹം ഈ പാട്ടുകളിൽ ചിത്രീകൃതമാകുന്നുണ്ട്.

മറ്റൊരു സവിശേഷതയാണ് പ്രകൃതിയോടുള്ള ബന്ധം. ഇന്ന് അതൊരന്ധവിശ്വാസമായിത്തോന്നാം. വൃക്ഷങ്ങളും ചെടികളും പൂക്കുന്നതും കായ്ക്കുന്നതും അത് നട്ട വ്യക്തിയുടെ ജീവിതത്തിൽ ലഭിക്കാനിരിക്കുന്ന ഫലങ്ങളുടെ സൂചനയായി കണക്കാക്കിയിരുന്നു.

''ഒരു ഇലഞ്ഞിയും പൂക്കാതോ?
മലടിതാനിരുന്തതെല്ലാം?
മാതളവും പൂക്കാതോ?''...

പൊന്നിറത്താൾ നട്ട മരങ്ങൾ പൂവണിഞ്ഞില്ല. അത് അശുഭ ലക്ഷണമായിട്ടും അവൾ നിരാശപ്പെട്ട് പിന്മാറിയില്ല. താലികെട്ടുകല്യാണം, തിരണ്ടുകല്യാണം, ബാലവിവാഹം, കന്യാശുൽകം തുടങ്ങിയ ആചാരങ്ങളെക്കുറിച്ച് പാട്ടിൽ പരാമർശം ഉണ്ട്. നാടൻ മരുന്നിന്റെ പ്രയോഗം, ചിലവിശ്വാസങ്ങൾ (പല്ലിചിലയ്ക്കുക, പാൽ മറിഞ്ഞു പോകുക) അളവുകൾ, ആഭരണങ്ങൾ, വാഹനങ്ങൾ, നാണയങ്ങൾ എന്നിവയെക്കുറിച്ചും പാട്ടിൽ പരാമർശമുണ്ട്. മിശ്രഭാഷയിൽ വിരചിതമായിരിക്കുന്ന ഈ പാട്ടുകൃതി ഇതിവൃത്തം കൊണ്ടും ഭാഷകൊണ്ടും ചരിത്രാംശങ്ങൾ കൊണ്ടും സവിശേഷപ്രാധാന്യ മർഹിക്കുന്നതാണ്.

ഗ്രന്ഥസൂചി

1. പത്മകുമാരി ജെ. (പ്രാഫ.) പൊന്നിരിത്താൾ കഥ പാഠവും പഠനവും, കേരള സർവകലാശാല, തിരുവനന്തപുരം, 2001.

2. ഗംഗാധരൻ തിക്കുറിശ്ശി (ഡോ.), തെക്കൻ കഥാഗാനങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2005.

3. ലീലാവതി എം.(ഡോ), മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1991.

ആത്മജ്ഞാനത്തിന്റെ വഴികൾ – സ്വാനുഭവഗീതിയും ദർശനമാലയും

ഡോ. സിനി വി.

പ്രബന്ധസംഗ്രഹം

ശ്രീനാരായണഗുരു സത്യദർശനവും യഥാർത്ഥജ്ഞാനവും എപ്രകാരമാണ് വ്യക്തികളെ ശുദ്ധീകരിക്കുന്നതെന്ന് വെളിവാക്കിത്തരുന്ന രണ്ട് കൃതികളാണ് ശ്രീനാരായണ ഗുരുവിന്റെ ദർശനമാലയും സ്വാനുഭവഗീതിയും.ഈ കൃതികളുടെ പ്രാരംഭപഠനമാണ് ഈ പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത്.

താക്കോൽവാക്കുകൾ

ആത്മജ്ഞാനം – വിഭുദർശനം – അദ്ധ്യാരോപം – ഭാനദർശനം – പരമാത്മചൈതന്യം.

ആമുഖം

ശ്രീനാരായണഗുരു പറഞ്ഞുകൊടുത്തത് കേട്ടെഴുതിയ രണ്ട് കൃതികളാണ് സ്വാനുഭവഗീതിയും ദർശനമാലയും. ഈ രണ്ട് കൃതികളും ആത്മജ്ഞാനത്തിലേക്കും പരമമായ സത്യത്തിലേക്കും നടക്കുന്നതിനുള്ള വഴികളാണ് തുറന്നുതരുന്നത്.

സ്വാനുഭവഗീതി

ശ്രീനാരായണഗുരുവിന്റെ കൃതികളിൽ സ്തോത്രകൃതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒന്നാണ് സ്വാനുഭവഗീതി. അദ്ദേഹം അരുവിപ്പുറത്ത് വിശ്രമിക്കുമ്പോൾ കരുവാ കൃഷ്ണനാശാന് പറഞ്ഞു കൊടുത്ത് എഴുതിച്ചതാണ് ഈ കൃതി.

'സ്വാനുഭവഗീതി' എന്ന പേര് സൂചിപ്പിക്കുന്നത് പോലെതന്നെ അനുഭൂതി പ്രധാനമാണ് ഈ കൃതി. വൈകാരികതയുടെ നൈമിഷിക ഭാവത്തിലോ വിചാരത്തിന്റെ ഭൗതിക തലത്തിലോ ഈ കൃതി നമ്മെ തളച്ചിടുന്നില്ല. പകരം അനുഭൂതിയുടെ തലത്തിലേക്ക് നമ്മെ ഉയർത്തിക്കൊണ്ട് പോവുകയാണ്. സ്വാനുഭവം എന്നാൽ സ്വന്തം അനുഭവം എന്നാണല്ലോ. എങ്കിൽ സ്വന്തം അഥവാ സ്വം എന്നത് ആത്മം എന്നുതന്നെയാണല്ലോ. സ്വാനുഭവം എന്നാൽ ആത്മാനുഭവം എന്ന് വ്യാഖ്യാനിക്കാം. അനുഭൂതി എന്ന ഈ സ്ഥിതിവിശേഷത്തിലേക്കെത്തുക എന്നതിലാകണം ഈ കൃതിക്ക് അമൃതതരംഗിണി എന്നൊരു പേരുകൂടി നൽകിയിരിക്കുന്നത്. അനുഭൂതിയാകുന്ന അമൃതരസം തിരമാലയോടുകൂടി ഒഴുകുന്ന നദിപോലെ അനുഭവവേദ്യമാകുന്നു എന്നർത്ഥം. ചുരുക്കത്തിൽ സ്വാനുഭവഗീതി എന്ന കൃതിക്ക് വ്യാഖ്യാനമോ വിശദീകരണമോ അല്ല

വായനക്കാരന്റെ മനസ്സിൽ രൂപം കൊള്ളുന്നത്. പകരം അയാൾ ആ കൃതി അനുഭവിക്കുകയും ആ അനുഭവം മാനസികവൃത്തിയുടെ ഏറ്റവും ഉപരിമേഖലയിലേക്ക് എത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

അനുഭൂതിദശകം, പ്രപഞ്ചശുദ്ധിദശകം പരമശിവചിന്താദശകം എന്ന് ആദ്യ മുപ്പതു പദങ്ങളെ വിളിക്കുന്നു. കൃതിയുടെ ബാക്കിഭാഗത്തെ വിഭുദർശനം എന്നും വിളിക്കുന്നു. ഈ കൃതിയുടെ നാല്പതു ശ്ലോകങ്ങൾ നഷ്ടപ്പെട്ടുപോയതായി കരുതുന്നു.

പ്രമേയം

ലൗകിക ആഗ്രഹങ്ങളിൽ നിന്നെല്ലാം മുക്തനായി പരമ കാരുണികനായ ശിവപെരുമാളിനോട് മാത്രമാണ് എനിക്കിപ്പോൾ സംഗമുള്ളത്. ഈശ്വരനായിരിക്കുന്ന സമുദ്രത്തിലെ/നദിയിലെ കുഞ്ഞലയായി മാറിയിരിക്കുമ്പോൾ ഇത്തരത്തിൽ ലയം കൊള്ളുമ്പോൾ 'അഹം ബ്രഹ്മാസ്മി' എന്ന മട്ടിലേക്ക് നാം ഈശ്വരന്റെ ഭാഗമാകുന്നു. ഞാൻ ഈശ്വരനിൽ നിന്ന് വേറിട്ടല്ലാതാകുന്നു. കാഴ്ചയും കേൾവിയും രുചിയും മണവും സ്പർശവുമെല്ലാം പ്രപഞ്ചരൂപത്തെ ഓരോരുത്തർക്കും അറിയുന്നതിനുള്ള മാർഗങ്ങളാണ്. ഇന്ദ്രിയങ്ങൾ അത് അനുഭവിച്ചു കഴിയുമ്പോൾ അത് അവസാനിക്കുകയും ഇന്ദ്രിയങ്ങൾ മാത്രം അവശേഷിക്കുകയും ചെയ്യുന്നു. നമുക്കറിയാവുന്ന ലോകം നമ്മുടെ ഇന്ദ്രിയങ്ങളിൽ അടങ്ങിപ്പോകുന്നു. പ്രപഞ്ചമെന്നത് ഈശ്വരൻ തന്നെയാക യാൽ ഇന്ദ്രിയങ്ങളിലൂടെ അറിയുന്ന പ്രപഞ്ചം അനുഭൂതിവിശേഷമായി ഈശ്വരനായി മാറുന്നു.

ഈ ഇന്ദ്രിയങ്ങളും ഇല്ലാതായി നിലതെറ്റിക്കഴിഞ്ഞാൽ സകലാശ്രയവും ഒഴിഞ്ഞ് ഇരുട്ട് അവശേഷിക്കുന്നു. അവിടെ ഏറ്റവും ഉറ്റവനായ ഒരാൾ പ്രകാശം ചൊരിയുന്നുണ്ടെന്ന തിരിച്ചറിവ് ഉണ്ടാകണം. അത് അനുഭൂതിയല്ലാതെ മറ്റൊന്നല്ല. ഈ പ്രകാശം ഞാൻ തന്നെയാണെന്നും ഇനി എനിക്കൊന്നും ചെയ്യാനില്ല എന്നുമുള്ള നിഷ്ക്രിയത്വം ഒഴിവാക്കിയാൽ സ്വന്തം ഇടം കണ്ടെത്തിയാൽ അവനെ അറിയാനും അതിൽ ലയിക്കാനും കഴിയും. പരമചൈതന്യത്തിലെ ഒരു കണികയായി സ്വന്തം കണ്ണിന് ചുറ്റും ഉണ്ടായിരുന്ന ഇരുട്ട് ഇല്ലാതാക്കി പ്രകാശമാക്കുമ്പോൾ ഈശ്വരനിൽ നിന്നും ഭിന്നമില്ലാത്ത ഒരവസ്ഥയി ലേക്ക് നാം എത്തിച്ചേരുന്നു. ഞാനും ഈശ്വരനും വേറിട്ടുനല്ക്കുന്നവരല്ല എന്നുവരുന്നു.

ഇന്ദ്രിയമായിടുമന്നാ-
ളിന്ദ്രിയവും കെടുമതന്നു കൂരിരുളാം;
മന്നിലുരുണ്ടുവീഴുമ്പോൽ
തന്നില കൈവിട്ടു തെറ്റി വടമറ്റാൽ.(ശ്ലോകം-4)[1]

ഈ പ്രപഞ്ചം ഏകമാത്രമാണെന്നും അവിടേയ്ക്ക് നാമോരോ രുത്തരും വിലയം പ്രാപിക്കുകയാണെന്നും അത് സാക്ഷാൽ ഈശ്വരനാ ണെന്നും തിരിച്ചറിയുമ്പോൾ സ്വന്തം ചിത്സ്വരൂപം രൂപമെടുക്കുകയും

പ്രത്യേകമായ ആത്മാനുഭൂതി ലഭിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ സ്വയം ആത്മാനുഭൂതിയെ പ്രാപിക്കാനാകുന്നത് ഈശ്വരനും താനും രണ്ടല്ലെന്ന ബോധം ജനിപ്പിക്കു ന്നതുകൊണ്ടാണ്.

ഭൂമിയിൽ നമുക്കുള്ള ആഗ്രഹങ്ങളും ഇന്ദ്രിയനിഗ്രഹവും സാധിച്ചാൽ അനിതര സാധാരണമായ ഒരു ബോധതലത്തിലേക്ക് നാം എത്തുകയും ഈശ്വരനോടൊപ്പം നിൽക്കുന്ന തോന്നൽ ഉണ്ടാകുകയും ചെയ്യുന്നു. ഇത് അനുഭൂതിദായകമായ ഒരു സ്ഥിതിവിശേഷത്തിലേക്ക് നമ്മെ എത്തിക്കുന്നു. അവിടെ മുക്തിയോ മോക്ഷമോ അല്ല പരമകാരുണികനായ ഈശ്വരനിലേക്കുള്ള ലയനമാണ് നടക്കുന്നത്.

ഈശ്വരനിലേക്ക് ഇങ്ങനെ അലിഞ്ഞുചേരുമ്പോൾ അറിവിന്റെ പ്രകാശം എന്റെ ഭയത്തെ ഇല്ലാതാക്കും. ചിലപ്പോൾ വീണ്ടും ഇരുട്ടാകും ഇങ്ങനെ ഭയവും അഭയവും വിദ്യയും അവിദ്യയും മാറി മാറി സംഭവിക്കുന്നു. ഈശ്വരൻ ബാഹ്യമായി വർത്തിക്കുന്നപോലും വെള്ള ത്തിലും തീയിലുമെല്ലാം കാണാനാകുന്ന പരമചൈതന്യ ത്തിന്റെ സത്യം തിരിച്ചറിഞ്ഞാൽ ഉള്ളംകൈയിലെ നെല്ലിക്കപോലെ ഈശ്വരനെ തിരിച്ചറിയാൻ കഴിയും. ഈശ്വരൻ എവിടെയായാലും തിരിച്ചറിയാനാകുക എന്നതാണ് ഇവിടെ ആത്മാനുഭൂതി പകർന്നു നൽകുന്നത്. സത്യസ്വരൂപം ഗ്രഹിച്ച് ഈശ്വരനിൽ അലിയാനാഗ്രഹിക്കുന്നവൻ പരമമായ ആത്മാനുഭൂതി ഉള്ളിലേറ്റുകയും എവിടെയും ഈശ്വരനെ ദർശിക്കുകയും ചെയ്യുന്നു.

പരമശിവന്റെ നടനം എന്റെ ഉള്ളിൽ ദൃശ്യമാകുമ്പോൾ ഈ പ്രപഞ്ചം മുഴുവൻ നിന്റെ നടനത്താൽ നിറഞ്ഞിരിക്കുന്നുവെന്ന് ഞാൻ അറിയുന്നു. ഇത് എന്നിൽ നിന്നും നിനക്കും നിന്നിൽ നിന്നും എനിക്കും ഭേദമില്ലെന്ന അവസ്ഥയിൽ എത്തുന്നതിന് സഹായിക്കുന്നു. ഈശ്വരന്റെ നടനം പ്രപഞ്ചത്തിന്റെ പ്രവാഹമാണെന്ന് തിരിച്ചറിയുമ്പോൾ ലോക-പ്രപഞ്ചഭേദാഭേദം ഇല്ലാതാകുകയും ചെയ്യുന്നു. ഈശ്വരൻ നടനം ചെയ്യുന്ന പ്രപഞ്ചമാകുന്ന കിളിക്കൂടിൽ ഞാൻ എന്റെ ആത്മാനുഭൂതി കാണുന്നു. കാരണം ഞാനും ഒരു പഞ്ജരമായി മാറുന്നു.

വിലസിടുവോനിവനെന്നാ-
ലലസത താനേ കടന്നു പിടികൂടും,
നിലയിതു തന്നെ നമുക്കീ
നിലയനമേറുമ്പൊഴാണൊരാനന്ദം.(ശ്ലോകം-6)[2]

സത്യമായും വെളിച്ചമായും അലിവായും കരുണയായും ഈശ്വരൻ തന്നെയാണ് എന്റെ ഉള്ളിലെ അന്ധകാരത്തെ ഇല്ലായ്മ ചെയ്യുന്ന ഹരനായും നിലനിൽക്കുന്നത്. എന്റെ ഇന്ദ്രിയവൃത്തിയും ചിത്തവൃത്തിയും സ്ഥൂല ബന്ധവുമറ്റ് കഴിഞ്ഞാലും ഞാൻ നിന്നെ അറിഞ്ഞുകൊണ്ടേ യിരിക്കും. എന്റെ ഉള്ളിൽ ഈശ്വരനെ മാത്രമിങ്ങനെ കരുതുമ്പോൾ ഞാൻ ബാഹ്യബന്ധമറ്റ് പൂർണതൃപ്തനായി മാറുന്ന അനുഭവത്തിലേക്ക് എത്തുന്നു.

പരമമായ ഈശ്വരചൈതന്യത്തെ ഉള്ളിൽ സൂക്ഷിക്കുമ്പോൾ മറ്റൊന്നുകൂടി നമുക്ക് അറിയാനാകുന്നു. സത്യാസത്യങ്ങളെ ഭേദിപ്പിച്ച് അറിയാൻ കഴിയാത്ത ഭ്രമകല്പനകളുടെ ഈ ലോകം നമുക്ക് ശത്രുവായി നിലകൊള്ളും. ഈശ്വര പ്രതീതിയെന്ന അനുഭവം ഉള്ളിൽ സൂക്ഷിച്ചാൽ ഈ കേവലാനുഭൂതി ലഭിക്കുകയും ചെയ്യും. ഭ്രമിപ്പിക്കുന്ന ഒന്നായിട്ടാണ് ലോകം നിലനിൽക്കുന്നത്. അതിനാൽ ഭ്രമം ശത്രുവാണെന്ന് തിരിച്ചറിയണം. ഈശ്വരൻ മാത്രമാണ് സത്യമെന്ന തിരിച്ചറിവുണ്ടാകുമ്പോൾ ബാഹ്യ-ഭൗതിക ലോകത്തോട് ഒരു പകതോന്നുകയും ചെയ്യും. കാരണം ഈശ്വരനിലേക്ക് വിലയം പ്രാപിക്കുന്നതിനുള്ള മാർഗ്ഗത്തിന് തടസ്സമായി ഈ ഭൗതികലോകം നില്ക്കുന്നു എന്നതാണ്.

ഈശ്വരവിചാരമില്ലാതെ മുന്നോട്ടു നീങ്ങാൻ കാരണമാകു ന്നത് ഈ ഭൗതിക ലോകമിങ്ങനെ തടസ്സമാകുന്നതാണെന്ന തിരിച്ചറിവുണ്ടാകുമ്പോൾ തന്നെ ഒരു സ്വയം ബോധത്തിലേക്ക് നാം എത്തിച്ചേരുകയും പരമമായ അനുഭൂതി സ്വായത്തമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. എനിക്ക് സ്വന്തമായി സത്വവും ചൈതന്യവും ഇല്ലാതിരിക്കുകയും ഞാൻ പരമബോധത്തിലേക്ക് ലയിക്കാൻ ആശിക്കുകയും ചെയ്യുമ്പോൾ ആ ചൈതന്യം എന്നിലേക്ക് എത്തിച്ചേരുകയും ഞാനതിൽ ലയിക്കുകയും ചെയ്യും. ഇന്ദ്രിയ നിഗ്രഹം സാധിച്ചുകഴിഞ്ഞാൽ എനിക്ക് ഈശ്വരനിലേക്കുള്ള ആദ്യപടികടക്കാനാകും. ഈ തിരിച്ചറിവ് അനുഭൂതിയുടെ ആദ്യദർശനം പകർന്നു തരുന്നു.

പരനേ! പരയാം തിരയിൽ
പ്പരനേതാവായിടുന്ന പശുപതിയേ!
ഹരനേയരികിൽ വിളിച്ചീ-
ടൊരുനേരവുമിങ്ങിരുത്തുകരുതരുതേ?(ശ്ലോകം-25)[3]

സ്വാനുഭൂതിദായകമായിട്ടുള്ളത് പരമാത്മചൈതന്യത്തെ അറിയുകയും അതിലേക്ക് ലയിക്കുകയും മാത്രമാണെന്ന് ബോധ്യപ്പെടുത്തി തരികയാണ് ഗുരുദേവൻ. സ്വേച്ഛാപരമായി ചരിക്കുന്ന മനുഷ്യൻ ലൗകികമായ വൃത്തികളിലും ഭൗതിക ചോദനകളിലും ഭ്രമിച്ച് ഈശ്വരനെ അറിയാതെ പോകുന്നു. ഈ അറിവില്ലായ്മ അതൃപ്തിയിലേക്കും അസന്തുഷ്ടിയിലേക്കും അവനെ നയിക്കുന്നു. സന്തോഷലബ്ധിക്കായി തനിക്ക് വേണ്ടത് പരമാത്മചൈതന്യത്തിലേക്കുള്ള വിലയം പ്രാപിക്കലാണെന്ന് തിരിച്ചറിയാതെ മനുഷ്യൻ വീണ്ടും ഭൗതിക ഭ്രമങ്ങളിലേക്ക് സന്തോഷത്തിനായി സഞ്ചരിക്കുന്നു.

ഈ ലോകത്തെ നയിക്കുന്നത് സത്യസ്വരൂപനായ ഈശ്വരനാണെന്നും ആ സത്യത്തിലേക്ക് നമ്മുടെ ചിത് സ്വരൂപത്തെ ചേർത്തുവയ്ക്കുമ്പോൾ മാത്രമാണ് അനുഭൂതി ലഭ്യമാകുന്നതെന്നും ഗുരുദേവമതം.

ഒരുവൻ തന്റെ ഇന്ദ്രിയങ്ങളാൽ ബന്ധിതമായ ലൗകികഭ്രമ ങ്ങളിൽ നിന്ന് മോചിതനായി പരമാത്മസ്വരൂപനായ ശിവചൈതന്യ ത്തിൽ വിലയം പ്രാപിക്കുമ്പോൾ ഈ പ്രപഞ്ചവും താനും ഈശ്വരനും തമ്മിൽ

ഭേദമില്ലാത്ത ബോധം ജനിക്കുകയും ഇന്ദ്രിയഭിന്നമായ അനുഭൂതി സ്വായത്തമാകുകയും ചെയ്യുന്നു.

ദർശനമാല

ശ്രീനാരായണഗുരു ശിഷ്യന്മാർക്ക് വേദാന്തവിഷയം പഠിപ്പിച്ചു കൊടുക്കണമെന്ന വിദ്യാനന്ദൻ എന്ന ശിഷ്യന്റെ ആഗ്രഹമാണ് ദർശനമാല എന്ന കൃതിയുടെ രചനയ്ക്ക് കാരണമായത്. ഗുരു പറഞ്ഞുകൊടുക്കുന്ന ശ്ലോകങ്ങൾ തെറ്റുകൂടാതെ എഴുതിവയ്ക്കാൻ അദ്ദേഹം ശിഷ്യനോട് നിർദ്ദേശിച്ചു. ഒരിക്കൽ മാത്രമേ ഒരു ശ്ലോകം പറയുകയുള്ളൂ എന്നും അത് തിരികെ ചോദിക്കാൻ പാടില്ല എന്നും ഓർമ്മയിൽ സൂക്ഷിച്ചതിനുശേഷം സൗകര്യംപോലെ എഴുതി വയ്ക്കണമെന്നും നിബന്ധന വയ്ക്കുകയും ചെയ്തു. ഗുരുവിനോടൊപ്പം പ്രഭാതനടത്തത്തിന് ജലപാത്രവുമായി ഒപ്പം പോകുന്നത് വിദ്യാനന്ദസ്വാമിയായിരുന്നു. നടത്തത്തിനിടയ്ക്ക് നാരായണ ഗുരു പറയുന്ന ശ്ലോകങ്ങൾ വിദ്യാനന്ദസ്വാമി ഓർമ്മയിൽ സൂക്ഷിക്കുകയും ഗുരു വിശ്രമിക്കുന്ന സമയം അത് പുസ്തകത്തിൽ എഴുതി സൂക്ഷിക്കുകയും ചെയ്തു. ഒരു ദിവസം നാലോ അഞ്ചോ ശ്ലോകങ്ങൾ പറഞ്ഞുകൊടുക്കുകയും വിദ്യാനന്ദസ്വാമി അതെല്ലാം കൃത്യമായി എഴുതുകയും ചെയ്തു. ഇതിനിടെ ഒരു ദിവസം ശ്ലോകങ്ങൾ എണ്ണി നോക്കാൻ ഗുരു ആവശ്യപ്പെട്ടു. എണ്ണിനോക്കുമ്പോൾ കൃത്യം നൂറെണ്ണം ഉണ്ടായിരുന്നു. ഗുരുവിന്റെ നിർദ്ദേശപ്രകാരം ശ്ലോകങ്ങളെ പത്ത് പത്തായി തിരിച്ചു. ഇങ്ങനെ പത്ത് ശ്ലോകങ്ങളായി തിരിച്ച ഓരോ ഭാഗത്തിനും അദ്ധ്യാരോപ ദർശനം, അപവാദദർശനം, അസത്യദർശനം, മായാദർശനം, ഭാനദർശനം, കർമ്മദർശനം, ജ്ഞാനദർശനം, ഭക്തിദർശനം, യോഗദർശനം, നിർവാണദർശനം എന്നിങ്ങനെ പേര് നൽകി.

ആത്മസംബന്ധിയായ പത്ത് ദർശനങ്ങളാണ് ദർശനമാലയി ലൂടെ ഗുരു പറഞ്ഞു തന്നത്. സാധാരണക്കാരനായ മനുഷ്യരോട് പരമസത്യത്തെക്കുറിച്ച് അറിയിക്കുകയായിരുന്നു അദ്ദേഹം. ഓരോ വ്യക്തിയും അവനവന്റെ ആന്തരികസ്വച്ഛത സ്വയം കണ്ടെത്തി മുന്നോട്ടു പോകുകയാണ് വേണ്ടത്. മനുഷ്യമനസ്സിൽ ശരിയും തെറ്റും വിവേചിച്ച റിയുന്നതിനുള്ള മാർഗ്ഗങ്ങളാണ് ഗുരു ദർശനമാലയിൽ അവതരിപ്പിച്ചത്.

ഒരുവന്റെ മനസ്സിൽ തിരുത്തേണ്ടതായിട്ടുള്ള എന്തെല്ലാം കാര്യങ്ങളുണ്ടോ അവയെല്ലാം തെറ്റാണെന്ന് ബോധ്യപ്പെടുത്തി ശരിയിലേക്കും ആത്മജ്ഞാനത്തിലേക്കും നയിക്കുകയാണ് ലക്ഷ്യം.

വ്യക്തിമനസ്സിൽ ഉറച്ചുപോയ തെറ്റായ ധാരണകളുണ്ടാകും അതിന് സമൂഹത്തിൽ രൂപപ്പെട്ട സംസ്കാരവും കാരണമായിരിക്കും. തന്റെ മുന്നിലെ ലോകത്തെ ഒന്നായി കാണുന്ന മനുഷ്യൻ സൂക്ഷ്മാപഗ്രഥന ത്തിലൂടെയല്ല ധാരണകളെ രൂപപ്പെടുത്തുന്നത്. അതുകൊണ്ട് തന്നെ സമൂഹമനസ്സിന്റെ ഉള്ളിലുള്ള സത്യത്തെ സൂക്ഷ്മമായറിയാതെ കാണുന്നതെല്ലാം ശരിതന്നെയെന്ന വിശ്വാസം വ്യക്തിമനസ്സിൽ രൂപപ്പെടുന്നു. സാധാരണക്കാരായ വ്യക്തികളുടെ മനസ്സിൽ രൂപപ്പെടുന്ന വളരെ സ്ഥൂലമായ വിശ്വാസങ്ങളെ മാറ്റി സൂക്ഷ്മമായ ബോധത്തിലേക്ക് എത്താൻ ഗുരു ഉപദേശിക്കുന്നു. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിങ്ങനെ

അനേകസങ്കല്പങ്ങളിലേയ്ക്ക് സഞ്ചരിക്കാതെ ഇതെല്ലാം ഒന്നു തന്നെ യെന്ന തിരിച്ചറിവാണ് വേണ്ടതെന്ന് ഗുരു പറഞ്ഞു തരുന്നു.

വ്യക്തി മനസ്സിൽ രൂപം കൊള്ളുന്ന വിശ്വാസങ്ങൾ അവനിൽ ഇന്ദ്രിയബദ്ധമായ ആനന്ദത്തിന് കാരണമാകുന്നു. ഈ ആനന്ദം നമുക്ക് ചുറ്റും കാണുന്നതും കേൾക്കുന്നതും സ്പർശിക്കുന്നതുമൊ ക്കെയായ നിഴൽലോകമാണ് സത്യമെന്ന് ധരിപ്പിച്ചുകൊണ്ട് അതിൽ വീണ്ടും അഭിരമിക്കാൻ പ്രേരിപ്പിക്കുന്നു. അതിനാൽ ഈ ലോകത്തെ കാണേണ്ട തെങ്ങനെയാണെന്ന് ബോധ്യപ്പെടുത്താൻ ഗുരു അസത്യദർശനം വഴി പറഞ്ഞുതരുന്നു. മനസ്സ് എന്നത് സങ്കല്പമാത്രകമായ ഒന്നാണെന്നും ആ സങ്കല്പമാണ് ലോകത്തെ ഭ്രാന്തമാക്കുന്ന തെന്നും അദ്ദേഹം ഓർമ്മിപ്പി ക്കുന്നു.

മനോമയമിദം സർവം
ന മനഃ ക്വാപി വിദ്യതേ
അതോ വ്യോമ്നീവ നീലാദി
ദൃശ്യതേ ജഗദാത്മനി (അസത്യദർശനം ശ്ലോകം 1)[4]

ആകാശത്തിൽ നീലനിറം സങ്കല്പിക്കുന്നതു പോലെ ഈ ലോകം മുഴുവൻ മനോമയമാണ് എന്നാൽ മനസ്സ് എവിടെയുമില്ല എന്ന് ഗുരു പറയുന്നു.

മായാദർശനത്തിൽ മായ എന്നത് വെറും മിഥ്യയല്ലെന്നും യാതൊന്നാണോ ഇല്ലാത്തത് അതാണ് മായയെന്നും നിർവചിക്കുന്നു. എന്നാൽ ഈ മായതന്നെയാണ് വിദ്യ, അവിദ്യ, പ്രകൃതി എന്നിങ്ങനെ പല തരത്തിൽ പ്രകാശിക്കുന്നതെന്നും സൂചിപ്പിക്കുന്നു.

ഭാനദർശനമാണ് ദർശനമാലയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഭാഗം. ഭാനം എന്നാൽ തോന്നൽ എന്നാണ്. സാമാന്യമായും വിശേഷമായും ഈ തോന്നൽ അഥവാ പ്രതീതി രൂപപ്പെടാം. അധ്യാരോപദർശനത്തിൽ സൂചിപ്പിച്ചതുപോലെ വിശാലമായ ലോകത്തെ കാണുന്നവനിൽ സ്ഥൂലമായ പ്രതീതിയും സൂക്ഷ്മപ്രതീതിയും രൂപപ്പെടുന്നു. ഇപ്രകാരം പ്രതീതി ജനിക്കുന്നിടത്താണ് ഭാസമുണ്ടാകുക എന്നും ഗുരുദേവൻ പറയുന്നു.

കർമ്മമെന്നത് ഈശ്വരനെ പോലെ പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷമാകുന്നു. ജ്ഞാനിയായ ഒരു മനുഷ്യൻ ഈശ്വരനെ അറിയുന്നതുപോലെ കർമ്മത്തേയും അറിയുന്നു. അരൂപിയായ ആത്മചൈതന്യമാണ് വിവിധ കർമ്മങ്ങളുടെ രൂപത്തിൽ പരിലസിക്കുന്നത് എന്ന് കർമ്മദർശനത്തിലൂടെ ഗുരു പറഞ്ഞുതരുന്നു. അറിവ് നേടുന്ന ജ്ഞാനി ഈ കർമ്മങ്ങളെ തിരിച്ചറിയുകയും അതിൽ ജാഗ്രത്തോടെ വ്യാപരിക്കുകയും ചെയ്യുന്നു.

ആത്മജ്ഞാനമാണ് ഒരുവന് വേണ്ടതെന്നും അത് നേടേണ്ടത് ഞാൻ എന്ന ബോധത്തിലൂടെയല്ല എന്നും ശ്രീനാരായണഗുരു പറയുന്നു. അഹന്തയോടുകൂടി ജ്ഞാനത്തെ സമീപിക്കുന്നവൻ യഥാർത്ഥമായ

ശുദ്ധജ്ഞാനത്തെയല്ല നേടുന്നത്. സച്ചിതാനന്ദമായ അറിവിലേക്ക് എത്തണമെങ്കിൽ അഹം ബോധത്തെ ഇല്ലായ്മ ചെയ്യണം.

ഒരുവൻ നേടുന്ന അറിവ് അവന് പരമാനന്ദത്തെ നൽകുന്നതാകണം. ആ അറിവിന് കോട്ടം വരാതെ അനുസന്ധാനം ചെയ്യുന്നതാണ് ഭക്തി എന്ന് ഭക്തിദർശനത്തിലൂടെ ഗുരു ഓർമ്മിപ്പിക്കുന്നു.

അവനവനിൽ മാത്രം ഒതുങ്ങുകയും ലോകം തനിക്ക് ദുഃഖം മാത്രമാണ് നൽകുന്നത് എന്ന് ചിന്തിക്കുകയും ചെയ്ത് ആഗ്രഹങ്ങളുടെ പിന്നാലെ ഓടി നടക്കുന്നതാണ് ഏറ്റവും ബുദ്ധിശൂന്യമായ പ്രവൃത്തിയെന്ന് യോഗദർശനത്തിലൂടെ ഗുരു സൂചിപ്പിക്കുന്നു. യോഗിയായ ഒരുവന്റെ മനസ്സ് ബ്രഹ്മത്തിൽ വർത്തിക്കുന്നു. അപ്രകാരം മനസ്സ് ലയിപ്പിക്കാൻ കഴിയുന്നവൻ ചുറ്റും കാണുന്ന ലോകവും അവിടെയുണ്ടാകുന്ന താൽക്കാലിക സുഖവും ദുഃഖവുമെല്ലാം വെറും മിഥ്യയാണെന്ന് തിരിച്ചറിയുന്നു.

ആത്മബോധം അതിന്റെ പരമകാഷ്ഠത്തിലെത്തുമ്പോൾ മനസ്സും ശരീരവും സർവേന്ദ്രിയങ്ങളും ലോകോപകാരത്തിനുള്ള മാർഗ്ഗം മാത്രമായി മാറുന്നു.

ഇപ്രകാരം ആത്മബോധം നേടുകയും ബോധത്തിൽ നിന്ന് മുക്തി നേടുകയും ചെയ്യുന്നതോടെ ഒരുവൻ നിർവാണ പ്രാപ്തിയിലെത്തുകയും ആത്മാനന്ദവും ലോകാനന്ദവും നേടുന്നവനും പ്രദാനം ചെയ്യുന്നവനുമായി മാറുകയും ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് ഗുരുദേവന്റെ ദർശനമൊഴികൾ അവസാനിക്കുന്നു. ജാതി, മതം, ദേശം, വർഗ്ഗം തുടങ്ങിയ അല്പകാല മാത്രകമായ സ്ഥിതി വിശേഷങ്ങളിൽ അഭിരമിക്കാതെ ബ്രഹ്മജ്ഞാനത്തിലേക്കും ആത്മബോധത്തിലേക്കും സഞ്ചരിക്കുന്നതിന് മനസ്സിനെ പ്രാപ്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് ദർശനമാല കാണിച്ചു തരുന്നത്.

കുറിപ്പുകൾ

1 മുനിനാരായണപ്രസാദ്, നാരായണഗുരു സമ്പൂർണ്ണകൃതികൾ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ, മൂന്നാം പതിപ്പ്, 2015.

2 അതേ പുസ്തകം, പുറം, 93.

3 അതേ പുസ്തകം പുറം, 100.

4 അതേ പുസ്തകം പുറം, 338.

ഹനുമാനും വേദാന്തദർശനവും – അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ

അധീഷ് യു.

പ്രബന്ധസംഗ്രഹം

വാത്മീകിരാമായണത്തിലെ മനുഷ്യത്വമുള്ള രാമൻ എഴുത്തച്ഛന്റെ കിളിപ്പാട്ടിൽ സമ്പൂജ്യനായ ദൈവമായി മാറുന്നു. അത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ശ്രീരാമ ദാസനായ ഹനുമാൻ ശ്രീരാമനെ പോലെ ഉപനിഷദ്ദർശനങ്ങൾ പ്രായോഗികമാക്കുന്ന ആത്മജ്ഞാനിയാണ്.

താക്കോൽവാക്കുകൾ

വാല്മീകിരാമായണം, അദ്ധ്യാത്മരാമായണം, ശ്രീരാമൻ, ഹനുമാൻ, ഡി.സി. കോസാംബി.

ആമുഖം

'യഥാർത്ഥമനുഷ്യൻ ആരാണ്?' എന്ന് ദേവർഷിയായ നാരദനോട് ചോദിച്ചു കിട്ടിയ ഉത്തരത്തിൽ നിന്ന് ബൃഹത്കരിച്ചെടുത്ത ഇതിഹാസമാണ് രാമായണം. നാരദ ശബ്ദത്തിന് നരനെ സംബന്ധിച്ച ജ്ഞാനം ദാനം ചെയ്യുന്നവൻ എന്ന് അർത്ഥമുണ്ട്. 'രാമായണത്തിലൂടെ നരനെ സംബന്ധിച്ച ജ്ഞാനം സഹൃദയന്മാർക്ക് ദാനം ചെയ്യുകയാൽ വാല്മീകിയെ നാരദൻ എന്ന് വിളിക്കുന്നതായി രിക്കും കൂടുതൽ ശരി' (157:1986). രാമായണത്തിൽ ഒരു മനുഷ്യന്, ഒരു പുരുഷന് – ബഹുമുഖ കർത്തവ്യങ്ങളിൽ വ്യാപൃതനായ പുരുഷന് – ഏതൊക്കെ സന്ദിഗ്ധ ഘട്ടങ്ങളിലൂടെ സഞ്ചരിക്കേണ്ടി വരും എന്നുള്ള തിന്റെ പലപല അവസ്ഥാന്തരങ്ങളും വെളിപ്പെടുന്നുണ്ട്. രാമായണത്തിൽ വാത്മീകി തനിക്ക്തുല്യനായ വ്യക്തിയായാണ് രാമനെ കാണുന്നത്, രാമന്റെ മനുഷ്യത്വം ഉറപ്പിക്കുവാനുള്ള അനേക സന്ദർഭങ്ങൾ 'വാത്മീകിയുടെ രാമൻ' എന്ന ലേഖനത്തിൽ കുട്ടികൃഷ്ണമാരാർ വ്യക്തമാക്കുന്നുണ്ട്.ഇത് സാധൂകരിക്കാൻ വാത്മീകിരാമായണത്തിൽ നിന്ന് അനേക ഭാഗങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നുമുണ്ട്. യുദ്ധകാണ്ഡം അമ്പതാം സർഗത്തിൽ ഗരുഡൻ ആരാണെന്ന് ശ്രീരാമൻ ചോദിച്ചപ്പോൾ:

'ഞാൻ നിൻ സഖാവ് കാകുൽസ്ഥ,
പുറം പ്രാണ, നതി പ്രിയൻ
ഗരുത്മാനിങ്ങു വന്നെത്തി
നിങ്ങൾക്ക് തുണ ചെയ്യുവാൻ.'

'ചോദിക്ക വേണ്ട തൽക്കാലം,
സഖ്യത്തെപ്പറ്റി രാഘവ:
സഖ്യത്തെയറിയും വീര,
പോരിൽ സിദ്ധാർത്ഥനായിഭവാൻ'

പിന്നീട് രാവണനിഗ്രഹം കഴിഞ്ഞ് ആകാശത്ത് വന്നുചേർന്ന ദേവസമൂഹം രാമനോട് 'അങ്ങ് ലോകോത്തരനായ ഒരാളാണ്' എന്ന് സൂചിപ്പിച്ചപ്പോൾ, രാമൻ നൽകുന്ന ഉത്തരം

''ഞാനെന്നമർത്യനെന്നോർപ്പൂ,
രാമൻ ദശരഥാത്മജൻ'' എന്നാണ്. പക്ഷേ എഴുത്തച്ഛന്റെ കിളിപ്പാട്ടിലേക്ക് എത്തിയപ്പോൾ ആ ഒരു കാലഘട്ടത്തിന്റെ ആവശ്യം പരിഗണിച്ച് എഴുത്തച്ഛൻ വാത്മീകിയുടെ രാമനിൽ നിന്നും വളരെ വ്യത്യസ്തമായി പൂജിക്കപ്പെടേണ്ട, ആരാധിക്കപ്പെടേണ്ട, സ്തുതിക്ക പ്പെടേണ്ട, വളരെ ഉന്നതിയിലുള്ള ഒരു കർതൃസ്ഥാനമാക്കി രാമനെ മാറ്റി. ഈ മാറ്റം എഴുത്തച്ഛൻ ജീവിച്ച കാലഘട്ടത്തിന്റെ ആവശ്യമാ യിരുന്നു. മലയാളഭാഷയും സാഹിത്യവും സംസ്കാരവും എല്ലാംപാതാളത്തിലേക്ക് ആണ്ടാണ്ട് പൊയ്ക്കൊണ്ടിരുന്ന ദശാസന്ധി യിലാണ് എഴുത്തച്ഛന്റെ രംഗപ്രവേശം.

രാമന്റെ അയനമാണ്, യാത്രയാണ്, രാമായണം. എന്നാൽ രാമന്റെ യാത്ര സീതയുടെ യാത്ര കൂടിയായി മാറുന്നു. രാമായണത്തിന്റെ അർദ്ധനാരീശ്വരഭംഗി ആത്മീയം മാത്രമല്ല അത് ലൗകികവുമാണ്. അവിടെ രാമൻ മാത്രമല്ല ലക്ഷ്മണനും ഹനുമാനുമെല്ലാം ആന്തരികമായ സത്യസന്ധതയോടെ: സീതയുടെ ദുഃഖത്തിൽ പങ്കുചേരുന്നു. ഈ ദുഃഖത്തിന് അടിവരയിടുന്നത് സുന്ദരകാണ്ഡത്തിൽ ഹനുമാനാണ്. അനുനിമിഷം ഉജ്ജ്വലമായി നവീകരിക്കപ്പെടുന്ന ശ്രീരാമഭക്തിയിലൂടെ ആത്മ വീര്യത്തെ പതിന്മടങ്ങ് വർദ്ധിപ്പിച്ചുകൊണ്ട് ഹനുമാൻ സമുദ്രത്തെ ചാടി കടക്കുന്നു. ശ്രീരാമന്റെ ആഗ്രഹത്തെ സാധിക്കുക, നീതി നടപ്പാക്കുക എന്നത് മാത്രമായിരുന്നു ലക്ഷ്യം. അങ്ങനെ അദ്ദേഹം ലങ്കയിലെത്തി. തന്നെക്കാളേറെ ശ്രീരാമ ചന്ദ്രനെ, അദ്ദേഹത്തിന്റെ മാനസികവ്യാപാര ങ്ങളെ മനസ്സിൽ സൂക്ഷിക്കുന്ന ഹനുമാനെ വരവേറ്റത് ലൗകികതയുടെ അതിരുകളിൽ അഭിരമിക്കുന്ന ഉഗ്രപ്രതാപിയായ രാവണന്റെ ലങ്കയാണ്. ലങ്കയുടെ മോഹക്കാഴ്ചകൾക്ക് ഒന്നും കണ്ണും കാതും മനസ്സും കൊടു ക്കാതെ താൻ തന്നെ ഏറ്റെടുത്ത തന്റെകർത്തവ്യം കൃത്യവും സൂക്ഷ്മവു മായി പാലിക്കുന്നതിന് ഹനുമാൻ പലവിധ തന്ത്രങ്ങളിലൂടെ, തന്റെ ബോധ - ബോധ്യങ്ങളിലൂടെ സീതാദേവിയെ അന്വേഷിക്കുവാനും കണ്ടെ ത്തുവാനും തിരിച്ചറിയുവാനും നിരന്തരമായി പരിശ്രമിച്ചു കൊണ്ടേയിരുന്നു. ആത്മാർത്ഥതയുടെ കർമ്മശേഷിയുടെ കർമ്മ ശക്തിയുടെ അതിരുകളെ സ്പർശിക്കുന്ന കർമ്മപരമ്പരകൾ ക്കൊടുവിൽ ഹനുമാൻ സീതാദേവിയി ലേക്ക് തന്നെ എത്തുന്നു.

ബൃഹത് കർമ്മപരമ്പരകളുടെ സാധ്യമാക്ക ലിലൂടെ പ്രശസ്തിയു ടെയും ആത്മാർപ്പണത്തിന്റെയും കേന്ദ്രങ്ങളെ താനാണെന്ന് ഉറപ്പിച്ചിട്ടും,

എനിക്ക് തുണ ശ്രീരാമൻ മാത്രമാണെന്ന്, ഞാൻ അവിടുത്തെ വിനീതനായ ദാസൻ ആണെന്ന് പലവുരു തന്റെ ചെയ്തികൾ കൊണ്ട് ആവർത്തിക്കുന്ന ഹനുമാൻ മനുഷ്യർക്ക് എന്നല്ല എല്ലാ ജീവജാല ങ്ങൾക്കും അനുകരണീയ മാതൃക തന്നെയാണ്.

നിയമത്തെ പാലിക്കുന്നവർക്ക് നിയമഞ്ജനും, സാഹസി കർക്ക് അതിസാഹസികനും, കർമ്മജ്ഞർക്ക്കർമ്മകേന്ദ്രവും, തന്ത്രജ്ഞർക്കും സൂത്രശാലികൾക്കും അതീവ തന്ത്രജ്ഞനും ഒക്കെയായി ശ്രീരാമതുല്യ നായി തന്നെ ഹനുമാൻ ശ്രീരാമന് വിനീതവിധേയനായി മാറുന്നു. പ്രശസ്തിയെ തോളുരുമുന്നു. അതുകൊണ്ട് വാത്മീകി അറിഞ്ഞുകൊണ്ട് തന്നെയാണ് സുന്ദരകാണ്ഡം എന്ന് വിശേഷണം നൽകിയത്. സുന്ദരശബ്ദത്തിന് ദൂതൻ എന്നും നഷ്ടപ്പെട്ടുപോയത് തിരിച്ചു കിട്ടുക എന്നും അർത്ഥങ്ങളുണ്ട്. രചനാശൈലിയുടെ കാര്യത്തിൽ-വാക്കിന്റെ ആകാംക്ഷകളെ അർത്ഥവും അർത്ഥത്തിന്റെ ആകാംക്ഷകളെ വാക്കും പൂരിപ്പിക്കുമ്പോൾ - വാത്മീകിയും എഴുത്തച്ഛനും സുന്ദരകാണ്ഡത്തെ അതീവ സുന്ദരം ആക്കുന്നുണ്ട്. ഈ കാവ്യ, കർമ്മ സൗന്ദര്യങ്ങൾക്കെല്ലാം പിന്നിൽ പ്രായോഗിക വേദാന്തിയായ എഴുത്തച്ഛനെയും നമുക്ക് ദർശിക്കാം. നൂറ്റാണ്ടുകൾക്ക് മുമ്പേ ബഹുസ്വരതയുടെ സജീവ ആകർഷ ണീയതകൾ ഉൾവഹി ക്കുന്നത് കൊണ്ടാകാം രാമനോളം തന്നെ ഉപനിഷജ്ഞാനിയായി, രാമദാസനായ ഹനുമാനും മാറുന്നത്. വേണ്ട സമയങ്ങളി ലെല്ലാം വേണ്ടതിലധികം ഭംഗിയായി ഇടപെടുവാൻ ഹനുമാനെ പ്രാപ്തനാക്കുന്നത് എഴുത്തച്ഛന്റെ ജ്ഞാനം തന്നെയാണ്. അത് മനുഷ്യർക്ക് വ്യക്തിത്വവികസനത്തിനുള്ള ഒരു ഉപാധി പാഠം കൂടിയായി മാറുന്നു.

ഉൾക്കാഴ്ചയുടെ സംവേദനമാണ് ഉപനിഷത്ത്. ഗുരു ശിഷ്യന് പറഞ്ഞുകൊടുക്കുന്ന രഹസ്യ ഉപദേശമാണത്. ഇവിടെ ശ്രീരാമനെ ഗുരുവായും ഹനുമാനെ ശിഷ്യനായും കാണാവുന്നതാണ്. ലങ്കയിലെ ത്തുന്ന ഹനുമാന്റെ ഒപ്പം ശ്രീരാമൻ ഇല്ലെങ്കിലും, ഹനുമാൻ സൂക്ഷ്മമായ പരമ്പരകളിലൂടെ ശ്രീരാമൻ തന്നെയായി മാറുന്നു. കണ്ണാടി പോലെ തെളിഞ്ഞ ശിഷ്യന്റെ ബോധമനസ്സിൽ ഗുരു ബോധം പ്രതിഫലിക്കുന്നു. ഗുരുശിഷ്യനിൽ തന്നെത്തന്നെ കാണുന്നു. അറിവിന്റെ നിറവിൽ ഗുരുശിഷ്യ ബന്ധമില്ല. രണ്ടു മനസ്സുകളും ഒന്നായി തീരുന്ന അദ്വൈത അവസ്ഥയാണ് ഇവിടെയുള്ളത്. ഉപനിഷത്തുക്കളിലെ ഭാഷ, നിഷേധഭാഷയാണ്, വിധിഭാഷയല്ല. ഒന്ന് എന്നല്ല രണ്ടല്ലാത്തത് എന്നാണ് അദ്വൈതത്തെക്കുറിച്ച് പറയുന്നത്. രണ്ടല്ലാത്തത് എന്ന് പറയുമ്പോൾ രണ്ടിന്റെ പ്രതീതി ഉണ്ടെങ്കിലും രണ്ടല്ല എന്നർത്ഥം. ഈ കാണുന്ന തൊന്നും സത്യമല്ല എന്നാണ് വേദാന്തം പറയുന്നത്. ലങ്കയിൽ കണ്ട പ്രാപഞ്ചികമായ മായകളെ സത്യമല്ലെന്നറിഞ്ഞിട്ടും, അസത്യങ്ങളുടെ ഈ ലോകത്ത് കുതന്ത്ര ങ്ങളുടെ ഈ ലോകത്ത് ധാർമികതന്ത്രങ്ങൾ കൊണ്ട് ജയിക്കുകയാണ് ഹനുമാൻ. സത്യം കാലാതീതമാണ്, ത്രികാല ബന്ധിതമല്ല. അതുകൊണ്ട് കാലബന്ധിതമായി ഉണ്ടായി നശിക്കുന്ന പ്രകൃതിരൂപങ്ങൾക്ക് അതീതമാണ് സത്യജ്ഞാനം. അതിന് പ്രകാശത്തിന്റെയും ആനന്ദത്തിന്റെയും ആത്മസരൂപത്തിന്റെയും സ്ഥിതിയാണ്. ഒരു

ജീവബിന്ദു വികസിക്കുന്നതിന് നാം വളർച്ചയെന്നും വികാസം എന്നും ഔന്നത്യം എന്നും പറയുന്നു. ഒരു ജീവബിന്ദു പ്രകൃതിയുമായി ബന്ധപ്പെട്ട് തുടങ്ങുമ്പോൾ അത് വളരുകയല്ല ജീർണിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് നാശത്തിലൂടെയുള്ള ശരീരത്തിന്റെയും മനസ്സിന്റെയും വളർച്ചയ്ക്കാണ് നാം ജീവിതം എന്ന് പറയുന്നത്. ഇത് രാവണന്റെ ജീവിതവുമായി ബന്ധിപ്പിച്ച് പൂർണമായി നമുക്ക് വായിക്കാവുന്നതാണ്. എന്നാൽ ബോധനുഭൂതി ഉണ്ടാകുമ്പോൾ നിത്യത എന്ന അനുഭവം ഉണ്ടാകുന്നു. അവിടെ വ്യക്തി പ്രപഞ്ചമായി മാറുന്നു. ആത്മ സുഖമാണ് ജീവിതത്തിന്റെ ലക്ഷ്യം. മനസ്സിന്റെ സ്വാതന്ത്ര്യം ആണ് സുഖം. എന്നാൽ സുഖം കിട്ടിയാലും അത് വളരെ പെട്ടെന്ന് മുറിഞ്ഞു പോകുന്നു. സുഖം നിലനിൽക്കുന്നില്ല എന്നർത്ഥം. ഒരിക്കലും മുറിയാത്ത സുഖം ഉണ്ടോ എന്നാണ് വേദാന്തം അന്വേഷിച്ചത്. ഭൗതിക സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ മാത്രമേ ആന്തരിക അന്വേഷണം സാധ്യമാകൂ. ശരീരത്തിൽ ഇരുന്നുകൊണ്ടാണ് ആത്മാന്വേഷണം നടത്തുന്നത്. ഇന്ദ്രിയ സുഖം തരുന്ന മനസ്സിനെ ഉപയോഗിച്ചുകൊണ്ട് തന്നെ വേണം ആത്മസുഖം നേടുവാനും. സമ്പന്നമായിരിക്കുന്ന ഒരു സാംസ്കാരിക സമൂഹത്തിന്റെ പാരമ്പര്യത്തിന് മാത്രമേ ഉൾക്കാഴ്ചയിലേക്ക് പോകാൻ കഴിയൂ. അനുഭവങ്ങളുടെ ജീർണ്ണതയാണ് വിരക്തി നൽകുന്നത്. ഉൾ കാഴ്ചയിൽ ഇരിക്കുന്ന അറിവാണ് ദൈവം. അങ്ങനെയാണ് ഹനുമാന്റെ നന്മകളെ ധാർമികബോധ്യങ്ങളെ ശ്രീരാമൻ എന്ന് വിലയിരുത്തപ്പെടുന്നത്. രാമായണത്തിൽ മാത്രമല്ല ചരിത്രത്തിലും ഉന്നതമായ കർതൃത്വത്തിന് ഉടമയാണ് ഹനുമാൻ. കാർഷിക ഗോത്ര ദൈവമായാണ് വിഖ്യാത ചരിത്രകാരൻ ദാമോദർ ധർമ്മാനന്ദ് കൊസാമ്പി (43:1993) ഹനുമാനെ പരിചരിക്കുന്നത്. ഈ കൃതി ഇത്രയേറെ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും സമകാലിക എഴുത്തുകാരെ വിസ്മയിപ്പിക്കും വിധം പ്രചോദിപ്പിക്കുന്നു എന്നുള്ളതിന് വിജയലക്ഷ്മിയുടെ 'തച്ചന്റെ മകൾ' എന്ന കവിതയിലെ 'പ്രച്ഛന്നരൂപയായ് പുഷ്പകത്തിലെത്തുന്നൊരാസക്തിയെ' എന്ന ഒരു വരി മാത്രം മതി. രാമായണം കാലാതിവർത്തിയും ഹനുമാൻ മനസ്സാതിവർത്തിയുമാകുന്നത് ഇങ്ങനെയൊക്കെയാണ്.

ഗ്രന്ഥസൂചി

- ബാലകൃഷ്ണൻ നായർ ജി. പ്രൊഫ: വേദാന്ത ദർശനം, വോളിയം 1, കേരളം ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1998
- കുട്ടികൃഷ്ണമാരാർ, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി തൃശൂർ, 1996
- സുകുമാർ അഴീക്കോട്, വിശ്വസാഹിത്യപഠനങ്ങൾ, ഡി. സി. ബുക്സ് കോട്ടയം, 1986
- Kosambi D. D. An Introduction to the Study of Indian History, Popular Prakashan, Pvt. Ltd. 1993

യോഗദർശനം

യോഗസൂത്രത്തെ മുൻനിർത്തിയുള്ള അവലോകനം

സുനിത എസ്.

പ്രബന്ധസംഗ്രഹം

ഭാരതീയ ദർശനസരണിയിൽ യോഗദർശനത്തിന് പരമപ്രധാനമായ സ്ഥാനമാണുള്ളത്. ഭാരതം മാനവരാശിക്ക് നൽകിയ ഏറ്റവും അമൂല്യമായ സംഭാവനയാണ് യോഗ. യോഗവിദ്യയുടെ മൂലസ്രോതസ്സ് മാനവകുലത്തിന്റെ വിജ്ഞാനകലവറയായ വേദങ്ങളാണ്. അമൂല്യമായ താളിയോല ഗ്രന്ഥങ്ങളിലൂടെയാണ് അവ വിജ്ഞാനലോകത്തിന് ലഭ്യമായത്. യോഗചരിത്രത്തിലെ ക്ലാസിക്കൽ കാലഘട്ടത്തിലാണ് (500 BC-300 AD) യോഗദർശനത്തിന്റെ പരമാചാര്യനായ പതഞ്ജലി മഹർഷി യോഗയുടെ പ്രാമാണിക ഗ്രന്ഥമായ യോഗസൂത്രം രചിച്ചത്. നാലുപാദങ്ങളിലായി 196 സൂത്രങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹത്ഗ്രന്ഥമാണ് പതജ്ഞലിയുടെ യോഗസൂത്രം. അഷ്ടാംഗ മാർഗ്ഗങ്ങളാണ് ആത്മസാക്ഷാത്ക്കാരത്തിനായി യോഗസൂത്രത്തിൽ നിർദ്ദേശിച്ചിരിക്കുന്നത്. ലൗകിക ജീവിതത്തിൽ വ്യാപൃതനായി ഇരിക്കുന്ന മനുഷ്യന്റെ ബാഹ്യോന്മുഖമായിരിക്കുന്ന മനസ്സിനെ ആന്തരോന്മുഖമാക്കി സത്യാന്വേഷണത്തിനും ആത്മസാക്ഷാത്ക്കാരത്തിനും പ്രാപ്തമാക്കുന്നതിനുവേണ്ടി ചിട്ടപ്പെടുത്തിയിട്ടുള്ള എട്ടു പടികളാണ് അഷ്ടാംഗങ്ങൾ. മനസ്സിൽനിന്ന് ഉദ്ഭവിക്കുന്ന ചിന്തകളെയും വികാരങ്ങളെയും നിയന്ത്രിച്ച് പ്രവൃത്തിയിൽ ശ്രദ്ധയും ഏകാഗ്രതയും അനുഭവത്തിൽ ആനന്ദവും നേടുന്നതിന് യോഗ നമ്മെ സഹായിക്കും. ആധുനിക കാലഘട്ടത്തിൽ സാർവദേശീയമായ അംഗീകാരം ലഭിക്കുകയും മനുഷ്യജീവിതത്തിന്റെ എല്ലാ മേഘലകളിലും സ്വാധീനം ചെലുത്തുകയും ചെയ്യുന്ന ഒന്നായി യോഗ മാറിയിരിക്കുന്നു. എന്നാൽ യോഗാഭ്യാസമുറകൾ മാറ്റങ്ങൾക്ക് വിധേയമാവുകയും നിരവധി പരിഷ്കൃത രൂപങ്ങൾ ഉണ്ടാവുകയും ചെയ്തിരിക്കുന്നു. മനുഷ്യൻ മനുഷ്യനായി ഭൂമിയിൽ അധിവസിക്കുന്ന കാലത്തോളം വർഗ്ഗവർണ്ണവ്യത്യാസമില്ലാതെ യോഗയുടെ മൂല്യവും സ്വീകാര്യതയും നിലനിൽക്കും. ഈ പ്രബന്ധംകൊണ്ട് ഉദ്ദേശിക്കുന്നത് യോഗദർശനത്തെയും യോഗസൂത്രത്തെയും അതിന്റെ സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകൾ, ആനുകാലികമായ പ്രസക്തി എന്നിവയാകുന്നു. പ്രബന്ധരചനയ്ക്കായി താളിയോലകളും (MSS.No. 14368,14369,14370 etc., ORI& MSSL, യൂണിവേഴ്സിറ്റി ഓഫ് കേരള)യോഗദർശനത്തെ സംബന്ധിച്ച ആധികാരികമായ ഗ്രന്ഥങ്ങളും ജേർണലുകളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

താക്കോൽ വാക്കുകൾ

യോഗദർശനം, പതജ്ഞലി, യോഗസൂത്രം, അഷ്ടാംഗങ്ങൾ.

ആമുഖം

മനുഷ്യനെ ശുദ്ധബോധത്തിലേയ്ക്ക് നയിക്കുന്ന സമഗ്രവും ശാസ്ത്രീയവുമായ ജീവനചര്യായാണ് യോഗ. മനുഷ്യൻ നേരിടുന്ന മാനസിക സംഘർഷങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് ശാസ്ത്രസാങ്കേതിക വളർച്ചയ്ക്കോ മറ്റ് ഭൗതിക വികസനമാതൃകകൾക്കോ ഇതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ജീവിതത്തിന്റെ എല്ലാ പ്രതിസന്ധികളെയും അഭിമുഖീകരിച്ചുകൊണ്ട് സുസ്ഥിരസുഖത്തിനായുള്ള അന്വേഷണത്തിനും സാക്ഷാത്ക്കാരത്തിനും തുണയാകുന്ന വ്യത്യസ്തവും സുനിശ്ചിതവുമായ മാർഗ്ഗമായി യോഗ ലോകമെമ്പാടും അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. മനസ്സിൽനിന്ന് ഉദ്ഭവിക്കുന്ന ചിന്തകളെയും വികാരങ്ങളെയും നിയന്ത്രിച്ച് പ്രവൃത്തിയിൽ ശ്രദ്ധയും ഏകാഗ്രതയും അനുഭവത്തിൽ ആനന്ദവും നേടുന്നതിന് യോഗ സഹായിക്കും. ശരീരത്തിന്റെയും മനസ്സിന്റെയും ബുദ്ധിയുടെയും ആന്തരികചോദനയുടെയും പ്രവർത്തങ്ങളെ ചിട്ടയായ പദ്ധതികളിലൂടെ സമ്പൂർണ്ണ സുസ്ഥിതിയിലേക്ക് നയിക്കുന്നതാണ് കർമ്മ പദ്ധതിയാണിത്. യോഗവിദ്യയുടെ മൂലസ്രോതസ്സ് മാനവകുലത്തിന്റെ വിജ്ഞാനകലവറയായ വേദങ്ങളാണ്. യോഗയുടെ ദർശനവും പ്രയോഗവും അറിയുന്നതിലൂടെ സന്തുലിതമായ ആരോഗ്യശീലങ്ങളും ഫലപ്രദമായ ആരോഗ്യരക്ഷാ മാർഗ്ഗങ്ങളും സ്വീകരിക്കാൻ ആധുനിക മനുഷ്യനെ പ്രാപ്തനാക്കുന്നു.

ഷഡ്ദർശനങ്ങൾ

സാംഖ്യം, ന്യായം, വൈശേഷികം, യോഗം, പൂർവമീമാംസ, വേദന്തം എന്നിവയാണ് ഇന്ത്യൻ തത്വചിന്തയിലെ ഷട്ദർശനങ്ങൾ. പ്രാപഞ്ചികതത്ത്വങ്ങളെ സംഖ്യകളുടെ അടിസ്ഥാനത്തിൽ സൈദ്ധാന്തികമായി വിശകലനം ചെയ്യുന്ന സാംഖ്യദർശനത്തിന്റെ വക്താവ് കപിലനാണ്. കപിലന്റെ 'സാംഖ്യസൂത്ര'മാണ്, മൂലഗ്രന്ഥമെങ്കിലും 350 – 450 CE കാലഘട്ടത്തിൽ ഈശ്വരകൃഷ്ണനാൽ രചിക്കപ്പെട്ട 'സാംഖ്യകാരിക'യാണ് സാംഖ്യാദർശനത്തിന്റെ ഇന്ന് ലഭ്യമായിട്ടുള്ള ഏറ്റവും പുരാതനമായ ഗ്രന്ഥം. ക്രിസ്തുവിനു മുൻപ് നാലാം നൂറ്റാണ്ടിൽ ന്യായസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ഗൗതമൻ രചിച്ച 'ന്യായസൂത്ര'മാണ് ന്യായസിദ്ധാന്തത്തിന്റെ അടിസ്ഥാനഗ്രന്ഥം. വൈശേഷിക സിദ്ധാന്തത്തിന്റെ സ്ഥാപകൻ 'ഉല്ലൂകൻ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന മഹാഋഷി കണാദനാണ്. അദ്ദേഹം രചിച്ച 'വൈശേഷിക സൂത്ര'മാണ് ഇതിന്റെ അടിസ്ഥാന ഗ്രന്ഥം. മനുഷ്യന്റെ എല്ലാ ദുഃഖങ്ങൾക്കും ദുരിതങ്ങൾക്കും മൂലകാരണം അജ്ഞതയാണ് എന്ന് ന്യായവൈശേഷിക സിദ്ധാന്തങ്ങൾ ഒരുപോലെ സമർത്ഥിക്കുന്നു.

ജൈമിനി മഹർഷിയാണ് പൂർവ്വമീമാംസാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. 300-200 BCE കാലഘട്ടത്തിൽ അദ്ദേഹം രചിച്ച 'മീമാംസാസൂത്ര'മാണ് മൂലഗ്രന്ഥം. യുക്തിക്കും ബുദ്ധിക്കും പ്രാധാന്യം നൽകിക്കൊണ്ട് വേദപ്രമാണങ്ങളെ സമർത്ഥിക്കുക എന്നതാണ് ഈ സിദ്ധാന്തത്തിന്റെ പ്രാഥമിക ലക്ഷ്യം. ഉത്തരമീമാംസ അഥവാ വേദാന്തം ഷട്ദർശനങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ്. വേദാന്തത്തിന്റെ അവസാനഭാഗമായ ഉപനിഷത്തുകളിലും ബാദരായണന്റെ ബ്രഹ്മസൂത്രത്തിലും ഇതിനെ

ക്കുറിച്ച് പ്രതിപാദിക്കുന്നു. മാധ്വന്റെ ദ്വൈതം, ശങ്കരന്റെ അദ്വൈതം രാമാനുജന്റെ വിശിഷ്ടാദ്വൈതം എന്നിങ്ങനെ ഈ സിദ്ധാന്തത്തെ പ്രധാനമായും മൂന്നായി തരംതിരിച്ചിരിക്കുന്നു.

യോഗദർശനം

ഷട്ദർശനങ്ങളിൽ പ്രായോഗിക പദ്ധതികൾകൊണ്ട് പ്രാധാന്യമർഹിക്കുന്ന ദർശനമാണ് യോഗദർശനം. ഹിരണ്യഗർഭനാണ് യോഗദർശനത്തിന്റെ ഉപജ്ഞാതാവ്. എങ്കിലും പരമ്പരയായി ലഭിച്ച ഈ ദർശനത്തെ പിൽക്കാലത്ത് കൂടുതൽ പ്രാധാന്യത്തോടെ അനുശാസനം ചെയ്തത് പതഞ്ജലി മഹർഷിയാണ്.

സാംഖ്യസ്യ വക്തോ കപിലഃ പരമർഷിഃ സ ഉച്യതേ
ഹിരണ്യഗർഭോ യോഗസ്യ വേത്താ നാന്യഃ പുരാതനഃ

– മഹാഭാരതം 12.349.65

യോഗചരിത്രത്തിലെ ക്ലാസിക്കൽ കാലഘട്ടത്തിലാണ് (500 BC–300 AD) യോഗദർശനത്തിന്റെ പരമാചാര്യനായ പതഞ്ജലി മഹർഷി യോഗയുടെ പ്രാമാണിക ഗ്രന്ഥമായ 'യോഗസൂത്രം' രചിച്ചത്.

'യോഗസൂത്രം' നാലു പാദങ്ങളിലായി 195 സൂത്രങ്ങൾ അടങ്ങിയതാണ്.

സമാധിപാദം	– 51 സൂത്രങ്ങൾ
സാധനപാദം	– 55 സൂത്രങ്ങൾ
വിഭൂതിപാതം	– 56 സൂത്രങ്ങൾ
കൈവല്യപാദം	– 33 സൂത്രങ്ങൾ

സമാധിപാദം

''അഥ യോഗാനുശാസനം'' (1/1, യോ.സൂ) എന്ന സൂത്രത്തോടുകൂടിയാണ് സമാധിപദം ആരംഭിക്കുന്നത്. യോഗം സമാധിയാകുന്നു. അതാകട്ടെ ചിത്തഭൂമികളായ ക്ലിപ്തം, മൂഢം, വിക്ഷിപ്തം, ഏകാഗ്രം, നിരുദ്ധം എന്നിവ സംബന്ധിക്കുന്നതാണ്. യോഗത്തിന്റെ ലക്ഷണം, ഭേദം, ഉപായം, ഫലം എന്നിവയെക്കുറിച്ച് പറയുന്ന ശാസ്ത്രത്തിന്റെ ഉപദേശമാണ് യോഗാനുശാസനം.

''യോഗശ്ചിത്തവൃത്തിനിരോധഃ''

ചിത്തവൃത്തികളുടെ നിരോധമാണ് യോഗ. ദൃശ്യവും അദൃശ്യവുമായ വിശ്വത്തിന്റെ മൂല ഉപാദാനകാരണം സത്വരജസ്തമോഗുണങ്ങളുടെ സാമ്യാവസ്ഥയാണ്. ചിത്തവും ഈ ത്രിഗുണങ്ങളുടെ പരിണാമമാണ്. ചിത്തത്തിൽ ഈ ഗുണങ്ങളുടെ പ്രാധാന്യവും അപ്രാധാന്യവും അനുസരിച്ച് ക്ഷിപ്താവസ്ഥ, മൂഢാവസ്ഥ, വിക്ഷിപ്താവസ്ഥ എന്നീ അവസ്ഥകൾ ഉണ്ടാകുന്നു. ഈ മൂന്നവസ്ഥകളും യോഗയുടെ പരിധിയിൽ വരുന്നില്ല. സമാധിയുടെ പ്രഥമപടിയാണ് ഏകാഗ്രാവസ്ഥ (സംപ്രജ്ഞാതയോഗം). ചിത്തം ഇന്ദ്രിയദ്വാരാ ബാഹ്യവിഷയങ്ങളിൽ ശ്രദ്ധയൂന്നാതെ ഒരേ ഒരു

ബിന്ദുവിൽ കേന്ദ്രീകരിക്കുന്ന അവസ്ഥയാണിത്. ഏകാഗ്രാവസ്ഥയിൽ അഥവാ സംപ്രജ്ഞാത സമാധിദശയിൽ യോഗി ആത്മാവും ചിത്തവും തമ്മിലുള്ള ഭേദത്തെ സാക്ഷാത്ക്കരിക്കുന്നു. ഇതാണ് നിരുദ്ധാവസ്ഥ. ആത്മബോധമൊഴിച്ച് മറ്റൊരു ജ്ഞാനവും ഇല്ലാത്ത അവസ്ഥയിൽ എത്തിച്ചേരുന്നതാണ് അസംപ്രജ്ഞാതസമാധി. സമാധിയിൽ ജീവാത്മാവ് ആത്മ സുഖം അനുഭവിക്കുന്നു. സമാധിയിലല്ലാത്ത അവസ്ഥയിൽ വിഷയസുഖം അനുഭവിക്കുന്നു.

''വൃത്തയഃ പഞ്ചതയ്യഃ ക്ലിഷ്ടാക്ലിഷ്ടാഃ'' (1/5 യോ.സൂ.)

ക്ലിഷ്ടം, അക്ലിഷ്ടം എന്നീ വിഭാഗങ്ങളിലായി പ്രമാണം, വിപര്യയം, വികൽപം, നിദ്രാ, സ്മൃതി എന്നിങ്ങനെ വൃത്തികൾ അഞ്ചുവിധം.

സാധനപാദം

മനസ്സ് ഏകാഗ്രമാകാത്തവർക്ക് എപ്രകാരം യോഗദർശനത്തിലൂടെ യോഗയുക്തരാകാം എന്ന് സാധനപാദത്തിൽ വിശദീകരിക്കുന്നു. ലൗകിക ജീവിതത്തിൽ വ്യാപൃതനായിരിക്കുന്ന മനുഷ്യന്റെ ബാഹ്യോന്മുഖമായ മനസ്സിനെ ആന്തരോന്മുഖമാക്കി സത്യാന്വേഷണത്തിനും ആത്മസാക്ഷാത്ക്കാരത്തിനും പ്രാപ്തനാക്കുന്നതിനുവേണ്ടി ചിട്ടപ്പെടുത്തിയിട്ടുള്ള യോഗയുടെ എട്ട് അംഗങ്ങളാണ് അഷ്ടാംഗങ്ങൾ. യോഗസൂത്രത്തിൽ അഷ്ടാംഗമാർഗ്ഗങ്ങളാണ് ആത്മസാക്ഷാത്ക്കാരത്തിനായി പതഞ്ജലിമഹർഷി നിർദ്ദേശിച്ചിരിക്കുന്നത്. പരമപദമായ കൈവല്യത്തിൽ എത്തിച്ചേരാൻ യോഗസാധകൻ ഈ എട്ട് പടവുകളും കടന്നുപോകേണ്ടതുണ്ട്.

അഷ്ടാംഗങ്ങൾ

''യമനിയമാസനപ്രണായാമ പ്രത്യാഹാര
ധാരണാധ്യാനസമാധയോ*f*ഷ്ടാവംഗാനി''

(2/29, യോ.സൂ.)

യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവയാണ് അഷ്ടാംഗങ്ങൾ.

യമം

മനുഷ്യസഹജമായ ദൗർബല്യങ്ങളും തെറ്റുകളും മനസ്സിലാക്കി ആത്മശുദ്ധീകരണത്തിലൂടെ കുടുംബത്തിനും സമൂഹത്തിനും ഉയർച്ച ഉണ്ടാക്കുന്ന വിധത്തിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ യമത്തിലൂടെ സാധിക്കും. ഒരു വ്യക്തി തന്റെ ജീവിതത്തിൽ പാലിക്കേണ്ട നിയന്ത്രണത്തെയാണ് യമം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി വ്യക്തി അനുഷ്ഠിക്കേണ്ട അഞ്ച് ശീലങ്ങളുണ്ട്.

'അഹിംസാസത്യാസ്തേയ ബ്രഹ്മചര്യാപരിഗ്രഹായമാഃ'

(2/30, യോ.സൂ.)

അഹിംസ, സത്യം, ആസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയാണ് അഞ്ച് ശീലങ്ങൾ. മനസാ വാചാ കർമ്മണാ നിരുപദ്രവ മനോഭാ

വവും സഹജീവനവും സാധ്യമാക്കുന്ന മാനസികാവസ്ഥയാണ് അഹിംസ. സത്യവും ധർമ്മവുമാണ് ലോകത്തിന്റെ നിലനിൽപ്പിനുതന്നെ അടിസ്ഥാനം. ജീവിതത്തിലുടനീളം സത്യസന്ധത പാലിക്കാൻ കഴിയണം. പരദ്രവ്യത്തിന്മേലുള്ള അനാസക്തിയാണ് ആസ്തേയം. അപരന്റെ അനുവാദമില്ലാതെ അവന്റെ ധനമോ മറ്റ് വിലപ്പെട്ട വസ്തുക്കളോ ആഗ്രഹിക്കാൻ പാടില്ല. ഭോഗാത്മകമായ മനസ്സിനെ നിയന്ത്രിച്ച് ആത്മോന്മുഖമാക്കുന്നതാണ് ബ്രഹ്മചര്യം. അത് മനുഷ്യനെ സത്യാന്വേഷണത്തിലേക്ക് നയിക്കും. ഒരു വ്യക്തിയുടെ ജീവിതത്തിന് ആവശ്യമുള്ളതിൽ കവിഞ്ഞ് സമ്പത്തും മറ്റ് ഭൗതിക സാഹചര്യങ്ങളും കൈയടക്കുവാനുള്ള പ്രവണതയിൽനിന്നും മനസ്സിനെ നിയന്ത്രിക്കുന്നതാണ് അപരിഗ്രഹംകൊണ്ട് ലക്ഷ്യമാക്കുന്നത്.

നിയമം

സത്കർമ്മങ്ങൾ അനുഷ്ഠിച്ച് ധാർമികമായൊരു ജീവിതം നയിക്കുന്നതിന് ആത്മശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നതാണ് നിയമം.

''ശൗചസന്തോഷതപഃ സ്വാധ്യായേശ്വര
പ്രണിധാനാനി നിയമാഃ'' (2/32, യോ.സൂ.)

തെറ്റും ശരിയും തിരിച്ചറിഞ്ഞ് ആന്തരികചിട്ട ശീലിച്ച് സദാചാരനിഷ്ഠമായ ജീവിതം നയിക്കാനായി മനുഷ്യന് അനുവർത്തിക്കാൻ കഴിയുന്ന അഞ്ച് മാർഗ്ഗങ്ങൾ ഉൾക്കൊള്ളുന്നതാണ് നിയമം. ശൗചം, സന്തോഷം, തപസ്സ്, സ്വാധ്യായം, ഈശ്വരപ്രണിധാനം ഇവയാണ് അഞ്ച് മാർഗ്ഗങ്ങൾ. ബാഹ്യവും ആന്തരികവുമായ ശുദ്ധീകരണമാണ് ശൗചം. ശരീരശുദ്ധി, ആഹാരശുദ്ധി, പരിസരശുദ്ധി, പാർപ്പിടശുദ്ധി എന്നിവയാണ് ബാഹ്യശുദ്ധി. കാമം, ക്രോധം, ലോഭം, മോഹം തുടങ്ങിയ മനോമാലിന്യങ്ങളിൽനിന്ന് മനസ്സിനെ പിൻതിരിപ്പിക്കുന്നതാണ് ആന്തരിക ശുദ്ധി. എല്ലാക്കാര്യങ്ങളിലും സംതൃപ്തിയുള്ള മനസ്സിന്റെ ഉടമയാവുകയും പ്രസന്നഭാവം നിലനിർത്തുകയും ചെയ്യുന്നതാണ് സന്തോഷം. ശാരീരികവും മാനസികവുമായി നമ്മൾ നിഷ്ഠപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെ ഒരു ഭംഗവും കൂടാതെ നിലനിർത്തിക്കൊണ്ട് പോകുന്നതാണ് തപസ്സ്. മാനസിക ഉന്നതിയിലേക്ക് നയിക്കുന്ന ജ്ഞാനസമ്പാദനത്തിനുവേണ്ടിയുള്ള നിരന്തരമായ പഠനമാണ് സ്വാധ്യായം. ഞാൻ എന്ന ഭാവം വെടിഞ്ഞ് സകലചരാചരങ്ങൾക്കും കാരണമായിരിക്കുന്ന ഈശ്വരചൈതന്യത്തിൽ ആത്മസമർപ്പണം നടത്തുന്നതാണ് ഈശ്വരപ്രണിധാനം.

ആസനം

''സ്ഥിരസുഖമാസനം'' (2/46, യോ.സൂ.)

സ്ഥിരവും സുഖവുമായ ഇരിപ്പാണ് ആസനം

പ്രധാനപ്പെട്ട ശരീരവ്യവസ്ഥകളെ ഉദ്ദീപിപ്പിച്ച് ഏറ്റവും പ്രവർത്തനക്ഷമമാക്കി പൂർണ ആരോഗ്യം നൽകുന്നതിനായി ചിട്ടപ്പെടുത്തിയിട്ടുള്ളതാണ് ആസനമുറകൾ. പത്മാസനം ഭദ്രാസനം, വീരാസനം, സ്വസ്ഥികാസ

നം, ദണ്ഡാസനം എന്നിങ്ങനെ നിരവധി ആസനങ്ങളെക്കുറിച്ച് യോഗസൂത്രത്തിൽ പ്രതിപാദിക്കുന്നു. സാധകരിൽ ഓരോരുത്തരുടെയും ശാരീരിക പ്രകൃതിക്കും ആരോഗ്യത്തിനും യോജിച്ച ആസനമാണ് തിരഞ്ഞെടുക്കേണ്ടത്. ശരീരവും കഴുത്തും തലയും ഒരു ഋജുരേഖയിലെന്നവണ്ണം സമമായിരിക്കണം.

പ്രാണായാമം

'തസ്മിൻ സതി ശ്വാസപ്രശ്വാസയോർ
ഗതിവിച്ഛേദഃ പ്രാണായാമഃ' (2/49, യോ.സൂ.)

ആസനജയം നേടിക്കഴിഞ്ഞതിനുശേഷം ശ്വാസത്തിന്റെയും പ്രശ്വാസത്തിന്റെയും ഗതിയെ നിയന്ത്രിക്കുന്നതാണ് പ്രാണായാമം. ചിട്ടയായ ശ്വസനപ്രക്രിയയിലൂടെ ശരീരത്തിൽ പ്രാണന്റെ സഞ്ചാരത്തെയും പ്രവർത്തനത്തെയും തടസ്സമില്ലാതെ കാര്യക്ഷമമായി നടത്തുന്നതിനുള്ള പരിശീലനമാണിത്.

ബാഹ്യാഭ്യന്തരസ്തംഭവൃത്തിർ ദേശകാലസംഖ്യാഭി
പരിദൃഷ്ടോ ദീർഘസൂക്ഷ്മഃ (2/50, യോ.സൂ.)

ബാഹ്യം, ആഭ്യന്തരം, സ്തംഭം എന്നിങ്ങനെ മൂന്ന് തരത്തിലുള്ള പ്രാണായാമത്തെക്കുറിച്ച് യോഗസൂത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നു. വിവിധ ആചാര്യന്മാർ വ്യത്യസ്തമായ രീതികളിൽ പ്രാണായാമം ചിട്ടപ്പെടുത്തിയിട്ടുണ്ട്. പൂരക, രേചക, കുംഭക ക്രിയകളുടെ വിവിധ മാത്രാക്രമീകരണങ്ങളിലൂടെയാണ് ഇത്തരം പ്രാണായാമ മുറകൾ ശീലിക്കുന്നത്. പ്രാണായാമ അഭ്യാസത്തിലൂടെ മനസ്സിന്റെയും ശരീരത്തിന്റെയും കഴിവുകൾ അസാധാരണ തലത്തിലേക്ക് ഉയർത്താൻ സാധിക്കും. അങ്ങനെ ലഭിക്കുന്ന കഴിവുകളെയാണ് സിദ്ധികൾ എന്ന് പറയുന്നത്. ഇവ ഗുരുമുഖത്തു നിന്നുതന്നെ സാധകൻ ശീലിക്കേണ്ടതാണ്.

പ്രത്യാഹാരം

സ്വവിഷയാസംപ്രയോഗേ ചിത്തസ്യ
സ്വരൂപരാനുകാര ഇവേന്ദ്രിയാണാം പ്രത്യാഹാരഃ (2/54, യോ.സൂ.)

ഇന്ദ്രിയങ്ങൾക്ക് അതാത് വിഷയങ്ങളുമായി സംപ്രയോഗം ഇല്ലാതിരിക്കെ ചിത്തത്തിന്റെ സ്വരൂപത്തെ അനുകരിക്കുന്നതുപോലെയുള്ള സ്ഥിതിയാണ് പ്രത്യാഹാരം. ബാഹ്യേന്ദ്രിയങ്ങളിലൂടെ ഉണ്ടാകുന്ന ചോദനകൾക്കനുസരിച്ച് പ്രതികരിക്കുകയും അതുമൂലം ഉണ്ടാകുന്ന വൈകാരിക പ്രപഞ്ചത്തിൽ അഭിരമിക്കുകയുമാണ് സാധാരണ മനുഷ്യൻ ചെയ്യുന്നത്. എന്നാൽ ഇന്ദ്രിയങ്ങളുടെ സ്വാധീനത്തിൽനിന്ന് മുക്തിപ്രാപിക്കുന്ന മനസ്സ് അതിന്റെ ശുദ്ധമായ ആന്തരികശക്തിയിൽ അലിഞ്ഞുചേരുകയും ധ്യാനത്തിന് സജ്ജമാകുകയും ചെയ്യും.

വിഭൂതിപാദം

മൂന്നാമത്തെ പാദമായ വിഭൂതിപാദത്തിലാണ് ധാരണ, ധ്യാനം, സമാധി എന്നിവയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്.

ധാരണ

'ദേശബന്ധശ്ചിത്തസ്യ ധാരണാ' (3/1, യോ.സൂ.)

ഇന്ദ്രിയസുഖങ്ങളിലും ബാഹ്യവിഷയങ്ങളിലും വ്യാപരിച്ചിരിക്കാതെ മനസ്സിനെ ഏകാഗ്രമാക്കുന്നതാണ് ധാരണ. സാധകന്റെ നിയന്ത്രണത്തിലായ മനസ്സിനെ എവിടെ സ്ഥിരമാക്കണം എന്ന് അയാൾ ഇച്ഛിക്കുന്നുവോ അവിടെ സ്ഥിരമാക്കുന്നു. അങ്ങനെ ഏകാഗ്രമാക്കപ്പെട്ട മനസ്സ് ധ്യാനത്തിൽ എത്തിച്ചേരുന്നു.

ധ്യാനം

'തത്ര പ്രത്യയൈകതാനതാ ധ്യാനം' (3/2, യോ.സൂ.)

ഏകാഗ്രത കൈവരിച്ച മനസ്സിനെ ആത്മസാക്ഷത്ക്കാരത്തിലേക്ക് നയിക്കുന്നതിനുള്ള മാർഗ്ഗമാണ് ധ്യാനം. ഇഷ്ടസ്വരൂപത്തെ മനസ്സിൽ സങ്കൽപിച്ച് നടത്തുന്ന ധ്യാനമാണ് സാകാരം. നിരാകാരധ്യാനത്തിൽ ബ്രഹ്മത്തെ എങ്ങും നിറഞ്ഞു നിൽക്കുന്നതായി സങ്കല്പിക്കുന്നു.

സമാധി

'തദേവാർഥമാത്രനിർഭാസം
സ്വരൂപശൂന്യമിവ സമാധി'

യോഗസാധകൻ ധ്യാനത്തിലൂടെ എത്തിച്ചേരുന്ന വിശേഷാവസ്ഥയാണ് സമാധി. മനസ്സ് ചിന്തയുടെയും വികാരവിചാരങ്ങളുടെയും സ്വാധീനത്തിൽ നിന്ന് പൂർണമായും മോചനം നേടുന്ന സമ അവസ്ഥയാണ് സമാധി. സവികൽപസമാധി നിർവികൽപസമാധി എന്നിങ്ങനെ സമാധിക്ക് രണ്ട് അവസ്ഥകളുണ്ട്. ഞാനെന്ന ബോധം ഉൾക്കൊണ്ടുകൊണ്ടുള്ള സമാധിയാണ് സവികൽപ സമാധി. വ്യഷ്ടിബോധം (അഹംബോധം) ത്യജിച്ച് സമഷ്ടി ബോധത്തിൽ (ബ്രഹ്മബോധത്തിൽ) ലയിക്കുന്ന അവസ്ഥയാണ് സമാധി. ധാരണയും ധ്യാനവും സമാധിയും ഒന്നിക്കുന്നതിനെയാണ് സംയമം എന്ന് പറയുന്നത്.

കൈവല്യപാദം

ഈ പാദത്തിൽ സമാധിയുടെ ഫലരൂപമായ കൈവല്യത്തെ പ്രതിപാദിക്കുന്നു.

ജന്മൗഷധി മന്ത്രതപഃ സമാധിജാഃ സിദ്ധയഃ (4/1, യോ.സൂ.)

എന്ന സൂത്രത്തോടു കൂടിയാണ് കൈവല്യപാദം ആരംഭിക്കുന്നത്. ജന്മം, ഔഷധം, മന്ത്രം, തപസ്സ്, സമാധി എന്നിവയിൽനിന്നും ജനിക്കുന്നവയാണ് സിദ്ധികൾ. ജന്മാന്തരം വഴി പുതിയൊരു ദേഹം ലഭിക്കുന്നതിലൂടെ ജന്മജാ സിദ്ധി ലഭിക്കുന്നു. കൈവല്യപ്രാപ്തിക്ക് യോഗ്യമായ ചിത്തനിർണയത്തിനായി ചിന്തത്തിലുണ്ടാകുന്ന അഞ്ച് സിദ്ധികളെക്കുറിച്ച് പറയുന്നു. ജന്മജാതസിദ്ധി, ഔഷധിജാതസിദ്ധി, മന്ത്രജാതസിദ്ധി, തപോജസിദ്ധി, സമാധി സിദ്ധി തുടങ്ങിയ സിദ്ധികൾ യോഗസാധനയിലൂടെ യോഗിക്ക് സിദ്ധിക്കുന്നു. ഇവയുടെ സഹായത്താൽ ചിത്തം വാസനാരഹിതമായി തീരുമ്പോൾ യോഗി കൈവല്യം പ്രാപിക്കുന്നു.

ഉപസംഹാരം

യോഗവിദ്യയുടെ ദാർശനിക പശ്ചാത്തലത്തെ സമർത്ഥമായും ആധികാരികമായും അവതിപ്പിച്ച മഹത്ഗ്രന്ഥമാണ് പതഞ്ജലിയുടെ യോഗദർശനം. പതഞ്ജലിയോഗം വൈചാരികമാണ്, മോക്ഷദായകമാണ്, മനുഷ്യനെ ശുദ്ധബോധത്തിലേക്ക് നയിക്കാനുള്ള വ്യാപാരമാണ്. ആധുനിക മനുഷ്യൻ നേരിടുന്ന വിവിധ സമസ്യകൾക്ക് ഉത്തരം നൽകുന്നതിന് യോഗയ്ക്ക് കഴിയും. ഭൗതികജീവിതത്തിൽ കർമാനുഷ്ഠാനങ്ങളെ സമർത്ഥമായി നിർവഹിക്കാൻ പ്രാപ്തമാക്കുകയം സ്വസ്ഥവും ശാന്തവുമായ മനസ്സിനെ ആത്മാന്വേഷണത്തിന് യോഗ്യമാക്കുകയും ആണ് യോഗയുടെ മഹത്തായ ദൗത്യം. ആധുനിക കാലഘട്ടത്തിൽ യോഗയ്ക്ക് സാർവ്വദേശീയമായ അംഗീകാരം ലഭിക്കുകയും മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും എല്ലാ വിഭാഗം ജനങ്ങളിലും സ്വാധീനം ചെലുത്തുകയും ചെയ്യുന്ന ഒന്നായി യോഗ മാറിയിരിക്കുന്നു.

യോഗ, ജീവിതത്തിന്റെ വ്യത്യസ്തമേഖലകളിൽ വ്യത്യസ്ത ലക്ഷ്യങ്ങൾക്ക് വ്യക്തികളിൽ സ്വാധീനം ചെലുത്തുന്നു. കർമരംഗത്തും, ആരോഗ്യസംരക്ഷണത്തിലും സാമൂഹ്യവീക്ഷണത്തിലും ആത്മാന്വേഷണത്തിലും സ്വാധീനം ചെലുത്താനും ഗുണപരമായ മാറ്റം വരുത്താനും യോഗയ്ക്ക് കഴിയും. യോഗാഭ്യാസമുറകൾക്ക് മാറ്റങ്ങൾ ഉണ്ടാവുകയും നിരവധി പരിഷ്കൃത രൂപങ്ങൾ ഉടലെടുക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യൻ മനുഷ്യനായി ഭൂമിയിൽ ജീവിക്കുന്നിടത്തോളംകാലം ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ യോഗയുടെ മൂല്യവും സ്വീകാര്യതയും നിലനിൽക്കും.

ഗ്രന്ഥസൂചി

1. പാർവതി ദേവി, ആർ., (2014), 'ഭാരതീയ ദർശനസംഗ്രഹം' – എം. ഹിരിയണ്ണ (തർജ്ജമ), തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരളം.
2. ബാലകൃഷ്ണൻ നായർ, ജി., (2020), 'വാസിഷ്ഠസുധ' യോഗവാസിഷ്ഠസാരം, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരളം.
3. ജനാർദ്ദന കുറുപ്പ്, കെ.കെ., (2014), 'കുണ്ദലിനിയോഗം' ശിവസംഹിത, തൃശ്ശൂർ, ഗിരിജാകുമാരൻ അസ്ട്രോളജിക്കൽ ഫൗണ്ടേഷൻ.
4. സ്വാമി ദർശനാനന്ദസരസ്വതി.,(2015), 'പതഞ്ജലിയുടെ യോഗ ദർശനം', കൊച്ചി : ശ്രീലക്ഷ്മീഭായി ധർമ്മപ്രകാശൻ.

നാഞ്ചിനാട്-ദേശവും എഴുത്തും കലയും

ഡോ.ഷിബു കുമാർ പി. എൽ.

പ്രബന്ധസംഗ്രഹം

1956 നവംബർ ഒന്ന് കേരളപ്പിറവിയോടുകൂടി തമിഴ്നാട് സംസ്ഥാനത്തിന്റെ ഭാഗമായ പ്രദേശമാണ് പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന ഇന്നത്തെ കന്യാകുമാരിജില്ല. മലയാളഭാഷയ്ക്കും സാഹിത്യത്തിനും ധാരാളം സംഭാവനകൾ നല്കിയ പ്രദേശംകൂടിയാണ് തിരുവിതാംകൂറിന്റെ ഈ തെക്കൻപ്രദേശം. മലയാളികൾ ധാരാളം താമസിക്കുന്ന ഈ പ്രദേശം കേരളത്തിന്റെ സാംസ്കാരികചരിത്രത്തിന്റെയും സാഹിത്യചരിത്രത്തിന്റെയും ഭൂമിക കൂടിയാണ്. അതുകൊണ്ടു തന്നെ കേരളത്തിന്റെ മലയാള സാഹിത്യഭൂമിക പഴയ തിരുവിതാംകൂറിന്റെ ഭാഗമായ ഇന്നത്തെ കന്യാകുമാരി ജില്ലയിൽ നിന്നാരംഭിക്കുന്നു. ഈ ഭാഗത്തു ആയതുകൊണ്ടുമാത്രം നമ്മുടെ സാഹിത്യചരിത്രത്തിൽനിന്നും സാംസ്കാരികചരിത്രത്തിൽനിന്നും ഒഴിവാക്കപ്പെട്ട കുറച്ചധികം എഴുത്തുകാരും കലാകാരന്മാരും നമുക്കുണ്ട്. സംസ്ഥാന വിഭജനമാണ് ഈ ഒഴിവാക്കലിനും മറവിക്കും കാരണമായത്. അത്തരത്തിൽ മലയാളഭാഷയ്ക്കും സാഹിത്യത്തിനും കലയ്ക്കും നേട്ടമുണ്ടാക്കിത്തന്ന ചിലരെ ഓർമ്മപ്പെടുത്തുകയാണ് ഈ ലേഖനത്തിൽ ചെയ്യുന്നത്.

താക്കോൽവാക്കുകൾ

നാഞ്ചിനാട്, തിരുവിതാംകൂർ, കന്യാകുമാരിജില്ലയും മലയാളസാഹിത്യവും കലയും, ആദ്യമലയാളസിനിമ, ആദ്യമലയാളസിനിമാനായകൻ, ആദ്യകാല ഗാനരചയിതാവ്, ആദ്യകാലസിനിമാഗായകൻ, ആദ്യമലയാളം എൻസൈക്ലോപീഡിയ, വിനോദനാടകം, നവീന വിൽപ്പാട്ട്

1. സി എം അയ്യപ്പൻപിള്ള

കുഴിത്തറ സിഎം അയ്യപ്പൻപിള്ള എന്ന പേരിൽകവിതകൾ എഴുതിയിരുന്ന കവിയാണ് സി എം അയ്യപ്പൻപിള്ള. അദ്ദേഹത്തിന്റെ "പ്രസൂനചരമം" എന്ന ഒരു കവിത ശ്രദ്ധേയമാണ്. വീണുകിടക്കുന്ന പൂവിനെക്കുറിച്ചുള്ള കവിതയാണിത്. 1905-ൽ കവനകൗമുദിയിലാണ് ഈ കവിത ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. (കവിതകൾക്കു മാത്രമുള്ള മാസികയായിരുന്നു കവനകൗമുദി). മഹാകവി കുമാരനാശാൻ "വീണപൂവ്" പ്രസിദ്ധീകരിക്കുന്നതിന് മുൻപാണ് ഈ കവിതയുടെ രചനയെന്നതും ഓർക്കണം. വസന്തതിലകവൃത്തത്തിൽ എഴുതിയ അൻപത്തിരണ്ടുവരികളാണ് പ്രസൂനചരമത്തിലുള്ളത്. കുമാരനാശാൻ

വീണപൂവിന് മാതൃകയാക്കിയത് ഈ കവിതയാണെന്ന് സംശയിക്കേണ്ടി യിരിക്കുന്നു

"തങ്ങും പ്രകാശമരുളി സ്ഥിതി ചെയ്തിരുന്ന
മംഗല്യദീപമതണഞ്ഞൊരു വീടുപോലെ
തുംഗാഭയാർന്ന സുമമേ തവനാശമൂല-
മിങ്ങാധിയോടഹഹ പത്മിനി വാണിടുന്നു"

എന്നീവരികളും

"ഇപത്മൻപൊടു വിടർന്നതിനുള്ളിലാളും
കെൽപ്പാർന്ന ശോഭയഖിലം വെളിവായിടുമ്പോൾ
നൽപ്പാർന്നണഞ്ഞു മധുവുണ്ടുരസിച്ചിടാമെ-
ന്നുൾപ്പൂവിലോർത്തു മധുപങ്ങൾ തപിച്ചിടുന്നു."

എന്നീ വരികളും വീണപൂവിന്റെ തുടർവരികളാണെന്നു തോന്നിപ്പിക്കും. കുമാരനാശാനുപോലും മാതൃകയായിത്തീർന്ന കവിയാണ് കുഴിത്തുറ സി എം അയ്യപ്പൻപിള്ള എന്നു കരുതണം. വീണപൂവും പ്രസൂനചരമവും താരതമ്യം ചെയ്താൽ ഈ വസ്തുത മനസ്സിലാകും. ചരിത്രത്തിൽ രേഖപ്പെടുത്താതെ പോയ അസംഖ്യം പ്രതിഭകളിൽ ഒരാളാണ് അയ്യപ്പൻപിള്ള എന്ന അദ്ദേഹത്തിന്റെ ഈ ഒറ്റക്കവിത സാക്ഷ്യപ്പെടുത്തുന്നു. ഭാഷയിലും പ്രമേയത്തിലുമുള്ള പുതുമയും കാല്പനികതയുടെ ദൃഢഭംഗിയും ഈ കവിതയെ മനോഹരമാക്കുന്നു. പലയിടത്തും കവിഭാവന കുമാരനാശാനൊപ്പം എത്തിച്ചേരുന്നു. കുമാരനാശാനുമുൻപ് മലയാളകവിതയിൽ കാല്പനികത ഉടലെടുത്തിരുന്നുവെന്നു അടയാളപ്പെടുത്താൻ ഈ ഒറ്റക്കവിത സഹായ കമാകും.

2. ജെ.സി ഡാനിയേൽ

കന്യാകുമാരിജില്ലയിലെ അഗസ്തീശ്വരംതാലൂക്കിലാണ് ജോസഫ് ചെല്ലയ്യ ഡാനിയേൽ എന്ന ജെ.സി. ഡാനിയൽ ജനിച്ചത്. ദന്തരോഗ വിദഗ്ധനായ അദ്ദേഹം മലയാളസിനിമയുടെ പിതാവാണ്. 1928ൽ പുറത്തിറങ്ങിയ 'വിഗതകുമാരൻ' എന്ന സിനിമയുടെ നിർമ്മാതാവാണ്. തിരുവനന്തപുരം ക്യാപ്പിറ്റോൾ തിയേറ്ററിലും നാഗർകോവിൽ പയനിയർ തീയേറ്ററിലും അവതരിപ്പിച്ച വിഗതകുമാരൻ എന്ന് മലയാളത്തിലെ ആദ്യ നിശ്ശബ്ദചലച്ചിത്രത്തിനുവേണ്ടി കുടുംബസ്വത്തിലെ നൂറേക്കറോളവും വിറ്റു ദരിദ്രനായ മനുഷ്യൻ. സിനിമാപ്രണയം ഹൃദയത്തിൽ ചേർത്തുവച്ച മനുഷ്യൻ. എന്നാൽ അദ്ദേഹം അർഹിക്കുന്ന സ്ഥാനം ജീവിച്ചിരുന്ന കാലത്തു മലയാളസിനിമാലോകവും സംസ്കരികലോകവും നല്കിയില്ല എന്നതായിരുന്നു സത്യം.

3. തിരുനയിനാർകുറിച്ചി മാധവൻനായർ

മലയാളസിനിമാഗാനരചനാരംഗത്തും കവിതാരചനാരംഗത്തും നോവൽ രംഗത്തും അനേകം രചനകൾ നിർവഹിച്ച എഴുത്തുകാരനാണ്

തിരുനയിനാർകുറിച്ചി മാധവൻനായർ. ഇന്നത്തെ കന്യാകുമാരി ജില്ലയിലെ തിരുനയിനാർകുറിച്ചിയിൽ ജനിച്ച അദ്ദേഹം ആകാശവാണിയിലെ സ്ഥിരം കലാകാരനായിരുന്നു. ഇദ്ദേഹത്തിന്റെ ശ്രദ്ധേയമായ കഥാപാത്രമാണ് ആകാശവാണിയിലെ 'നാട്ടിൻപുറം' പരിപാടിയിലെ ഭശങ്കരൻകുട്ടിഭ

ഹരിശ്ചന്ദ്രസിനിമയിലെ "ആത്മവിദ്യാലയമേ" എന്ന് തുടങ്ങുന്ന ഗാനവും ഭക്തകുചേലയിലെ 'ഈശ്വരചിന്തയിതൊന്നേ' എന്ന ഗാനവും പ്രസിദ്ധമാണ്. ഈ രണ്ടുസിനിമാഗാനങ്ങൾക്കും കേരള സർക്കാരിന്റെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ചെങ്കോലും ചെന്താമരയും, കണ്ണുനീരിന്റെ കാവ്യം, പൂമ്പാറ്റ എന്നീ കവിതാസമാഹാരങ്ങളും ചെറിയ വലിയവർ, വേലക്കാരി തുടങ്ങി ഇരുപത്തിയാറു നോവലുകളും രചിച്ചിട്ടുണ്ട്.

4. കമുകറ പുരുഷോത്തമൻനായർ

മലയാളചലച്ചിത്രഗാനരംഗത്തെ ആദ്യകാലഗായകനായിരുന്നു കമുകറ പുരുഷോത്തമൻനായർ. കന്യാകുമാരിജില്ലയിലെ തിരുവട്ടാർതാലൂക്കിലാണ് ഇദ്ദേഹത്തിന്റെ പ്രദേശമായ കമുകറ. മലയാളസിനിമയിലെ ആദ്യകാല ഹിറ്റുഗാനങ്ങൾമിക്കതും പാടിയത് ഇദ്ദേഹമാണ്. ഹരിശ്ചന്ദ്ര സിനിമയിലെ "ആത്മവിദ്യാലയമേ" എന്നു തുടങ്ങുന്ന ഗാനവും ഭക്തകുചേലയിലെ "ഈശ്വരചിന്തയിതൊന്നേ" എന്ന ഗാനവും ശ്രദ്ധേയമാണ്.

5. തിക്കുറിശ്ശി സുകുമാരൻനായർ

കവി, നാടകകൃത്ത്, തിരക്കഥാകൃത്ത്, ഗാനരചയിതാവ്, ചലച്ചിത്ര സംവിധായകൻ, പ്രഭാഷകൻ, നടൻ എന്നീ നിലകളിൽശോഭിച്ച വ്യക്തിയാണ് തിക്കുറിശ്ശി സുകുമാരൻനായർ. കന്യാകുമാരിജില്ലയിലെ കുഴിത്തുറയ്ക്കടുത്തുള്ള തിക്കുറിച്ചിയാണ് സ്വദേശം. 1950 മുതൽ 1997 വരെ തിക്കുറിശ്ശി മലയാളസിനിമയിൽ സജീവമായിരുന്നു. ജീവിതനൗകയാണ് തിക്കുറിശ്ശി നായകനായി അഭിനയിച്ച ആദ്യ സിനിമ. മലയാളത്തിലെ ആദ്യ സൂപ്പർഹിറ്റ്സിനിമകൂടിയാണ് 'ജീവിതനൗക'. ''ശരിയോ തെറ്റോ'' 'പൂജാപുഷ്പം' 'ഉർവശി ഭാരതി' 'അച്ഛന്റെ ഭാര്യ', 'നേഴ്സ്' സരസ്വതി 'പളുങ്കുപാത്രം എന്നീ ചലച്ചിത്രങ്ങൾ തിക്കുറിശ്ശി സംവിധാനം ചെയ്തിട്ടുണ്ട്. പതിമൂന്നു ചിത്രങ്ങൾക്കു ഗാനരചന നിർവഹിച്ചു. 1972 ൽമികച്ച നടനുള്ള സംസ്ഥാന അവാർഡും 1973-ൽ പത്മശ്രീ അവാർഡും 1992-ൽ കെ.സി. ഡാനിയേൽ പുരസ്കാരവും ലഭിച്ചു. മലയാള സിനിമയിൽനിന്ന് ആദ്യമായി പത്മശ്രീ ലഭിക്കുന്നത് തിക്കുറിശ്ശി സുകുമാരൻ നായർക്കാണ്. നാല്പത്തിയേഴു കവിതകളുടെ സമാഹാരമായ 'കെടാവിളക്ക്' പ്രസിദ്ധീകരിച്ചത് ഇരുപതാമത്തെ വയസ്സിലായിരുന്നു. സ്ത്രീ, മായ, മാതൃക, ബ്രഹ്മചാരി, ജീവിതനൗക, മരീചിക, കലാകാരൻ, ശരിയോ തെറ്റോ എന്നീ നാടകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. സ്ത്രീ, ദേവസുന്ദരി, ശബരിമല ശ്രീഅയ്യപ്പൻ, മുതലാളി, ആന വളർത്തിയ വാനമ്പാടി, കുസൃതിക്കുട്ടൻ, ചിലമ്പൊലി തുടങ്ങിയ സിനിമകൾക്കു തിരക്കഥയും തിക്കുറിശ്ശി തയ്യാറാക്കിയിട്ടുണ്ട്. 'തിക്കുറിച്ചി' എന്ന സ്ഥലനാമത്തെ 'തിക്കുറിശ്ശി'യാക്കിയത് സുകുമാരൻനായരാണ്.

6. ആർ. ഈശ്വരപിള്ള

മലയാളത്തിലെ ആദ്യത്തെ എൻസൈക്ലോപീഡിയയായ "സമസ്ത വിജ്ഞാനഗ്രന്ഥാവലി" രചിച്ചത് കന്യാകുമാരിജില്ലയിലെ കുഴിത്തുറ വിഎം സ്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്ന ആർ ഈശ്വരപിള്ളയാണ്. 'അ' അക്ഷരത്തിൽ തുടങ്ങുന്ന പ്രധാനവ്യക്തികൾ, സംഭവങ്ങൾ, സ്ഥലങ്ങൾ, വാക്കുകൾഎന്നിവ മാത്രമാണ് ഈ ഗ്രന്ഥത്തിലുള്ളത്. പതിനേഴു ഭാഗങ്ങളുണ്ട്. ആദ്യകാലങ്ങളിലെ പത്രക്കെട്ടുകളിൽനിന്നു വിവരം ശേഖരിച്ചാണ് ഗ്രന്ഥരചന നടത്തിയിട്ടുള്ളത്. തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാലയിൽ 'പ്രമാണഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ' എന്ന വിഭാഗത്തിൽ സമസ്തവിജ്ഞാനഗ്രന്ഥാവലിയും ഉൾപ്പെടുത്തിയിട്ടുണ്ട്. (രാമചന്ദ്രൻനായർ ജി പട്ടം. 2013.548)

7. തിരുവട്ടാർ ബാലൻപിള്ള

തെക്കൻതിരുവിതാംകൂറിന്റെ തനതുകലാരൂപമായ വിൽപ്പാട്ടിനെ ജനകീയമാക്കിയ കലാകാരനാണ് തിരുവട്ടാർ ബാലൻപിള്ള. തിരുവിതാംകൂർ സ്റ്റേറ്റ് പട്ടാളത്തിൽ ജോലിയുണ്ടായിരുന്ന ബാലൻപിള്ള കേരളസംസ്ഥാന രൂപവത്കരണത്തോടെ കേരളപോലീസിൽ സേവനമനുഷ്ഠിച്ചു. ഔദ്യോഗികവൃത്തിയോടൊപ്പം വിൽപ്പാട്ട് അവതരണവും ബാലൻപിള്ള ഏറ്റെടുത്തു. അതുവരെ തമിഴ് ഭാഷയിൽ അവതരിപ്പിച്ചിരുന്ന വിൽപ്പാട്ടിനെ നവീന വിൽപ്പാട്ടിലൂടെ മലയാളത്തിൽ അവതരിപ്പിച്ചു, കേരളത്തിൽ പ്രചാരംനല്കി. വേലുത്തമ്പി ദളവ, കള്ളിയങ്കാട്ട് നീലി, കൊച്ചുസീത, ഇരവിക്കുട്ടിപ്പിള്ള തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ വിൽപാട്ടുകൾ.

8. തിക്കുറിശ്ശി ഗംഗാധരൻ

തെക്കൻപാട്ടുകളുടെ ശേഖരണത്തിലൂടെയും പഠനത്തിലൂടെയും ശ്രദ്ധേയനായ ഗവേഷകനാണ് തിക്കുറിശ്ശി ഗംഗാധരൻ. 'വേണാടിന്റെ കഥാഗാനങ്ങൾ' എന്ന സമാഹാരം തെക്കൻകേരളത്തിൽ നിലനിന്നിരുന്ന കഥനസ്വഭാവമുള്ള പാട്ടുകളാണ്. 'ഇരവിക്കുട്ടിപ്പിള്ളപ്പോര് - ഒരു പഠനം', പുത്തരിയങ്കം തെക്കൻകഥാഗാനങ്ങൾ, ജീവതാളങ്ങളുടെ പാട്ടുകൾ, മങ്ങാത്ത ഓർമകൾ-മായാത്ത മുഖങ്ങൾ, സുഭാഷ് ചന്ദ്രബോസ്, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, മഹച്ചരിതമാല, കേരളവർമ്മയുടെ ഗദ്യകൃതികൾ എന്നിവയാണ് പ്രധാനകൃതികൾ.

9. അംശി നാരായണപിള്ള

പത്രപ്രവർത്തകൻ, കവി, സ്വാതന്ത്രസമരസേനാനി എന്നീ നിലകളിൽ പ്രസിദ്ധനായ വ്യക്തിയാണ് അംശി നാരായണപിള്ള. കന്യാകുമാരിജില്ലയിലെ വിളവൻകോട് പ്രദേശത്തെ മുഞ്ചിറയ്ക്കടുത്തുള്ള തേങ്ങാപ്പട്ടണം ആണ് സ്വദേശം. ആയ് രാജാക്കന്മാരിൽനിന്ന് അംശം കിട്ടിയ ഭൂമിയുടെ ഉടമകളെ അംശിക്കാർ എന്നാണ് വിളിച്ചിരുന്നത്. ആ പാരമ്പര്യത്തിൽ വിശ്വസിക്കുന്നതുകൊണ്ടാണ് അദ്ദേഹം പേരിന്റെകൂടെ അംശി ചേർക്കാൻകാരണം. സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞ ഉടൻതന്നെ

അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. 1941-ൽ അംശിയിൽഒരു സ്കൂൾ തുടങ്ങി. അവിടെ എല്ലാ വിഭാഗം കുട്ടികൾക്കും ജാതിമതഭേദം ഇല്ലാതെ പ്രവേശനം നല്കി മാതൃക കാണിച്ചു. 1924-ൽ 'മഹാത്മാ' എന്ന പേരിൽ ഒരു പത്രം ആരംഭിച്ചു. അദ്ദേഹത്തിന്റെ അനുഭവമേഖല ദേശീയസ്വാതന്ത്ര്യമായി ബന്ധപ്പെട്ടതായിരുന്നു. അതുകൊണ്ടുതന്നെ അംശിയുടെ കവിതകളുടെയെല്ലാം പ്രധാനവിഷയം ദേശീയതയായിരുന്നു. 1930-ൽ ഗാന്ധിജിയുടെ ദണ്ഡിയാത്രയ്ക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഇന്ത്യയുടെ പല ഭാഗങ്ങളിലും ഉപ്പുസത്യഗ്രഹം നടക്കുകയുണ്ടായി. കേരളത്തിൽ ഉപ്പുകാച്ചി കുറുക്കി ബ്രിട്ടീഷുകാർക്കെതിരെ വെല്ലുവിളിച്ചത് കേളപ്പന്റെ നേതൃത്വത്തിലാണ്. കോഴിക്കോട് വടകരമുതൽ പയ്യന്നൂർവരെ നടത്തിയ യാത്രയ്ക്ക് അംശി നാരായണപിള്ള രചിച്ച മാർച്ചിങ് സോങ് ആണ് ഭവരിക വരിക സഹജരേ, വലിയ സഹനസമരമായി എന്നത്. കൂടാതെ മുപ്പത്തിരണ്ടോളം കവിതകൾ 'പടയാളികളുടെ പാട്ടുകൾ' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'കമ്മ്യൂണിസമോ ഗാന്ധിയോ' എന്നൊരു നോവലും രചിച്ചിട്ടുണ്ട്.

10. ത്രിവിക്രമൻതമ്പി

തെക്കൻപാട്ടുകളുടെ ശേഖരണത്തിലൂടെ സാഹിത്യപ്രവർത്തനം തുടങ്ങിയ എഴുത്തുകാരനാണ് കന്യാകുമാരിജില്ലക്കാരനായ ത്രിവിക്രമൻതമ്പി. കേരളത്തിലെ സ്ഥലനാമങ്ങളെക്കുറിച്ച് ഭാഷാശാസ്ത്രപരമായി നടത്തിയ പഠനത്തിന് പി എച്ച്ഡി നേടി. തെക്കൻപാട്ടുകൾ ഒരു പഠനം, വലിയ കേശിക്കഥ - തെക്കൻപാട്ട് (പഠനവും സമ്പാദനവും), തെക്കൻപാട്ടുകൾ - ചില അടിസ്ഥാന ചിന്തകൾ, തിരുവാതിരക്കളിപ്പാട്ടുകൾ (പഠനവും സമ്പാദനവും സ്ഥലനാമപഠനപ്രവേശിക (പഠനം) ആദിത്യവർമ്മ (ചരിത്രനോവൽ) മണ്ടയ്ക്കാടിന്റെ ചരിത്രം തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചു. കന്യാകുമാരി ജില്ലാചരിത്രസംസ്കാരിക സംഘടനയുടെ പ്രസിഡന്റ് ആയിരുന്നു ത്രിവിക്രമൻതമ്പി.

11. തിക്കുറിച്ചി ഗോവിന്ദപ്പിള്ള

തിക്കുറിച്ചിഗ്രാമത്തിലെ ആദ്യത്തെ എഴുത്തുകാരനാണ് മാമൂട്ടുവീട് എന്ന പേരിൽ അറിയപ്പെടുന്ന കുഞ്ചുവീട്ടിലെ ഗോവിന്ദപ്പിള്ള. തിക്കുറിച്ചി ഗോവിന്ദപ്പിള്ള എന്നാണ് എഴുത്തുമേഖലയിൽ അറിയപ്പെടുന്നത്. സി.വി. യുടെ പ്രേമാമൃതത്തിന്റെ പ്രെസ്സ് കോപ്പിയുടെ പ്രൂഫ് പരിശോധിച്ചത് ഗോവിന്ദപിള്ളയായിരുന്നു. ഭാഷാ അധ്യാപകൻ, ബഹുഭാഷാപണ്ഡിതൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു ഇദ്ദേഹം 1921-ൽ പ്രസിദ്ധീകരിച്ച 'വീരകുമാര'നാണ് ഗോവിന്ദപ്പിള്ളയുടെ ആദ്യകൃതി. തിക്കുറിച്ചിയും ശിവക്ഷേത്രവും പരിസരപ്രദേശങ്ങളുമാണ് കൃതിയുടെ പശ്ചാത്തലം. ശ്രീ വിശാഖം തിരുനാൾ മഹാരാജാവിന്റെ ലഘുജീവചരിത്രമാണ് ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിരണ്ടിൽ പ്രസിദ്ധീകരിച്ച 'ശ്രീവിശാഖോദന്തം'. പ്രശസ്ത അറബിക്കഥയായ 'ആയിരത്തൊന്നുരാവു' കളെ ആസ്പദമാക്കി ഗോവിന്ദപ്പിള്ള തയ്യാറാക്കിയ സ്വതന്ത്രപരിഭാഷ യാണ് സിന്ധുപാദൻ. സിന്ദുബാദിനെയാണ് ഇദ്ദേഹം സിന്ധുപാദൻ

ആക്കി മാറ്റിയത്. ഡോക്ടർ സാമുവൽ ജോൺസന്റെ പ്രസിദ്ധകൃതിയായ The History of Rassales the Prince of Abyssinia എന്ന കൃതിക്ക് ഗോവിന്ദപ്പിള്ള നല്കിയ പരിഭാഷയാണ് ലാലസൻ.

12. കെ വേലായുധൻനായർ

തിക്കുറിച്ചിക്കാരനായ മറ്റൊരു വ്യക്തിയാണ് കെ വേലായുധൻ നായർ. വൃശ്ചികമാസം മണ്ഡലക്കാലത്ത് ഭജനപ്പാട്ട് ഉണ്ടാക്കി വീടുകൾ തോറും കയറിയിറങ്ങി പാടുമായിരുന്നു അദ്ദേഹം. രാമായണകഥപോലുള്ള പല ഗാനങ്ങളും സ്വയം എഴുതി ഭജനസംഘത്തിൽ ആലപിക്കുമായിരുന്നു.

13. കെ വി തിക്കുറിശ്ശി

കെ. വി. തിക്കുറിശ്ശി എന്ന തൂലികാനാമത്തിൽ കവിതകൾ എഴുതിയ ആളാണ് വി. കൃഷ്ണവർമൻ നായർ. ഭക്രാനംഗൽ, കാമയോഗിനി (ഖണ്ഡകാവ്യങ്ങൾ), ഒരു വാല്മീകിയുടെ കഥ, എന്നെ ക്രൂശിക്ക, സ്നേഹഗീതം, പൊയ്മുഖങ്ങൾ, അനശ്വരനായ വയലാർ എന്നീ കവിതാസമാഹാരങ്ങളും ആർനാരായണപ്പണിക്കരുടെ ജീവചരിത്രം, അതിർത്തിയിലൂടെ ഒരു യാത്ര (യാത്രാവിവരണം) ഹാലാസ്യമാഹാത്മ്യം ഗദ്യം, ഭാഗവതകഥ കൃഷ്ണകഥ എന്ന ബാലസാഹിത്യകൃതിയും കുഞ്ചൻനമ്പ്യാരുടെ ശിവപുരാണം ഗദ്യവും കെ വി തിക്കുറിശ്ശി രചിച്ചിട്ടുണ്ട്.

14. എം ചന്ദ്രശേഖരൻ നായർ

കവി തുമ്പകോട് ചന്ദ്രശേഖരൻനായർഎന്നാണ് തൂലികാനാമം. തിരുമുടികളുടെ ജന്മപുരാണം, ദിവ്യ സംഗമം എന്നിവയാണ് പ്രധാന കൃതികൾ.

15. പാകോട് നാരായണ പിള്ള

കന്യാകുമാരിജില്ലയിലെ പാകോട് സ്വദേശിയായ കവി. ഉണ്ണിനിലാവാണ് കവിതാസമാഹാരം. ഈ കവിതാസമാഹാരത്തിലെ 'ഉണ്ണിനിലാവ്' എന്ന കവിത തമിഴ്നാട് മൂന്നാം ക്ലാസ്സ് പാഠാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു

16. നെല്ലുവേലി നീലകണ്ഠപിള്ള

നിത്യസംഭവങ്ങൾക്കു കാവ്യ/ഗാനരൂപം നല്കി, അച്ചടിച്ച് നാടുമുഴുവൻനടന്നു പുസ്തകങ്ങൾ വിറ്റു ജീവിതം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു നെല്ലുവേലി നീലകണ്ഠപിള്ള. നിമിഷനേരംകൊണ്ടു കവിതയും പാട്ടും ഉണ്ടാക്കുകയും അവതരിപ്പിക്കുകയും ചെയ്യുക നെല്ലുവേലിയുടെ സ്വഭാവമായിരുന്നു. തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്ര ത്തിലും സ്വന്തം നാട്ടിലും, ഉത്സവങ്ങളോട് അനുബന്ധിച്ച് നെല്ലുവേലി വിനോദപരിപാടികൾ അവതരിപ്പിക്കാറുണ്ടായിരുന്നു. വിനോദനാടകം എന്നാണ് ഇതിനെ നാട്ടുകാർപറയുന്നതെങ്കിലും നാടകത്തിന്റെ ഘടനയൊന്നും ഈ കലാരൂപത്തിന് ഉണ്ടായിരുന്നില്ല. രംഗത്തു വന്നതിനുശേഷം അപ്പോൾ മനസ്സിൽ തോന്നുന്നതാണ് അദ്ദേഹം അവതരിപ്പിച്ചിരുന്നത്.

കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ തുടങ്ങിയ നിത്യജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് നെല്ലുവേലിയുടെ അവതരണവിഷയങ്ങളുടെ . അടിസ്ഥാനം.

തിരുവനന്തപുരംനഗരത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കൃതിയാണ് 'അങ്ങാടിവർണ്ണന' മല്ലൻപിള്ളയെ ആന കൊന്ന പാട്ട്, കല്യാണിക്കുട്ടിയുടെ കടുംകൈ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്തങ്ങളായ ഗാനകഥനങ്ങൾ ആണ്. സഹപ്രവർത്തകരോടൊപ്പം തിരക്കുള്ള പ്രദേശങ്ങളിൽ ഗാനങ്ങൾ പാടി നെല്ലുവേലി ആളുകളെ സ്വാധീനിക്കും. പിന്നീട് ഗാനം അടങ്ങിയ പുസ്തകം കേൾവിക്കാർക്കു വിൽക്കും. വിനോദ നാടകം എന്ന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി നെല്ലുവേലി നീലകണ്ഠപിള്ളയെ കാണുന്നവരുണ്ട്.

17. ജയമോഹൻ

തമിഴിലും മലയാളത്തിലും സാഹിത്യരചന നടത്തുന്ന എഴുത്തുകാരനാണ് ജയമോഹൻ. കന്യാകുമാരി ജില്ലയിൽ കല്ക്കുളം താലൂക്കിലെ തിരുവരമ്പിലാണ് അദ്ദേഹത്തിന്റെ സ്വദേശം. നൂറുസിംഹാസനം, ആന ഡോക്ടർ എന്നീ നോവലുകൾ മലയാളത്തിൽഎഴുതിയിട്ടുണ്ട്. ഗോവിന്ദൻ മുതൽ ബാലചന്ദ്രൻ ചുള്ളിക്കാട് വരെയുള്ള കവികളുടെ കവിതകൾ 'തർക്കാലമലയാള കവിതകൾ' എന്ന പേരിൽ തമിഴിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളത്തിലെ യുവകവികളുടെ കവിതകൾ 'ഇൻറയമലയാള കവിതകൾ' എന്ന പേരിൽ തമിഴിൽ പുസ്തകമാക്കിയിട്ടുണ്ട്. തിരക്കഥാരംഗത്ത് ശ്രദ്ധേയനാണ് ജയമോഹൻ. ഒഴിമുറി കാഞ്ചി, വൺബൈ ടൂ, നാക്കു പെൻറു നാക്കു ടാക്ക തുടങ്ങിയ മലയാള സിനിമകൾക്കും പത്തിലേറെ തമിഴ്സിനിമകൾക്കും ജയമോഹൻ സംഭാഷണം എഴുതിയിട്ടുണ്ട്. മഹാഭാരതത്തെ ആസ്പദമാക്കി എഴുതിക്കൊണ്ടിരിക്കുന്ന തമിഴ് നോവലാണ് വെൺമുരശ് (2014). മഹാഭാരതത്തോളം വരുന്ന ബൃഹദാഖ്യാനമാണ് വെൺമുരശ്.

ഒരു കാലഘട്ടത്തിലെ നാഞ്ചിനാട് നായർ സമുദായത്തിന്റെ സാംസ്കാരിക സവിശേഷതകൾ ഉൾക്കൊള്ളുന്ന കൃതിയാണ് ജയമോഹന്റെ 'ഉറവിടങ്ങൾ'. ഈ കൃതി 'ഒഴിമുറി' എന്ന പേരിൽ മലയാളത്തിൽ സിനിമ ആയിട്ടുണ്ട്. വിഷ്ണുപുരം, ഇരവ്, റബർ, പിൻതൊടരും നിഴലിൻകുറൽ, കന്യാകുമാരി, കാട്, നവീനതമിഴ്, ഇലക്കിയ അറിമുറം എന്നിവയാണ് തമിഴിലും മലയാളത്തിലുമായി ജയമോഹൻ എഴുതിയ മറ്റു കൃതികൾ

ആർഷഭൂമി സോമശേഖരൻനായർ,അരുമന വിശ്വംഭരൻനായർ, ആറ്റുകാൽ ദേവീഭക്തിഗാനങ്ങളിലൂടെ പ്രസിദ്ധനായ തങ്കൻ തിരുവട്ടാർ, ചരിത്രകാരനായ തിരുവട്ടാർ സുകുമാരൻനായർ, കവികളായ കരിക്കകം ശ്രീകുമാരൻ, തുളസി നാഗർകോവിൽ, എം. പി. സദാശിവൻപഞ്ചമീ രാമചന്ദ്രൻ, വിശ്വൻ കൊല്ലംകോട് തുടങ്ങിയ മറ്റ് എഴുത്തുകാരും ഈ നാട്ടുകാരാണ് .

വിശ്വൻ കൊല്ലംകൊടിന്റെ
"വെളിപ്പാദസരങ്ങളുമായി
തുള്ളി മറിഞ്ഞു കളിച്ചീടും
തിരമാലകളേ,നിങ്ങളെയീ
കളികളിതാരു പഠിപ്പിച്ചു?"

എന്നു തുടങ്ങുന്ന "കടലിനുമൊരു മറുകരയുണ്ടോ" എന്ന കവിത പ്രസിദ്ധമാണ്.

ഇത്തരത്തിൽ മലയാളസാഹിത്യചരിത്രത്തിനും സാംസ്കാരിക ചരിത്രത്തിനും ഒഴിവാക്കാനാകാത്ത ബന്ധം ഇന്നത്തെ തമിഴ്നാട് സംസ്ഥാനത്തിന്റെ ഭാഗമായ പഴയതിരുവിതാംകൂറിന്റെ ഭാഗമായ കന്യാകുമാരി ജില്ലയ്ക്കുണ്ട്. മലയാളികളുടെ പൈതൃകത്തിന്റെ ഈടുവയ്പാണ് ഈ പ്രദേശം. നമ്മുടെ സാഹിത്യചരിത്രത്തിലും സാംസ്കാരികചരിത്രത്തിലും അത്രമാത്രം പ്രാധാന്യം ഈപ്പറഞ്ഞവർക്കു കിട്ടിയിട്ടില്ലെന്നാണ് മനസ്സിലാക്കേണ്ടത്.

സഹായസൂചി

1. അജയഘോഷ് (എഡി.) 2019 തെക്കൻതിരുവിതാംകൂർ-ഭാഷ, സാഹിത്യം, സംസ്കാരം, തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ
2. കേശവൻതമ്പി എൻ. 1978, കന്യാകുമാരിജില്ലാമലയാളികൾ, എക്യുമേനിക്കൽ പ്രസ്സ്, കുലശേഖരം.
3. പരിധി പബ്ലിക്കേഷൻസ്, 2010 കന്യാകുമാരിക്കവിതകൾ, തിരുവനന്തപുരം
4. രാമചന്ദ്രൻനായർജി പട്ടം 2005 നായർസമുദായത്തിന്റെ ഇതിഹാസം, സാഹിത്യവേദി, തിരുവനന്തപുരം

ആവേദകർ

1. കെ വി തിക്കുറിശ്ശി 55 വയസ്സ്, എഴുത്തുകാരൻ, തിരുവനന്തപുരം
2. മുകുന്ദൻ അംശി, 69 വയസ്സ്, അംശി, വിളവങ്കോട്
3. ശ്രീകുമാരൻനായർ വി, 66 വയസ്സ്, നഗർകോവിൽ
4. ശ്രീകുമാർ കരിക്കകം, 60 വയസ്സ്, തിരുനായിനർകുറിച്ചി

തെലുങ്ക്‌ലിപികളും സംഖ്യാസമ്പ്രദായവും

ഡോ. മായ കെ. എസ്.

പ്രബന്ധസംഗ്രഹം

കേരളസർവകലാശാലയുടെ ഹസ്തലിഖിതഗ്രന്ഥശേഖരത്തിലെ തെലുങ്ക് ഗ്രന്ഥങ്ങൾ വിഷയവൈവിധ്യംകൊണ്ടും ശ്രദ്ധേയമാണ്. പുരാണം, തന്ത്രം, മന്ത്രം, സ്തോത്രം, ന്യായം, മാഹാത്മ്യം, ഉപനിഷത്ത്, വ്രതം, ഗീത, വേദലക്ഷണം, മീമാംസ, അലങ്കാരം, കോശം, ധർമ്മം, വ്യാകരണം, ചമ്പൂകാവ്യം, വൈദ്യം തുടങ്ങി വിവിധ വിഷയങ്ങൾ (subject) തെലുങ്ക് ലിപികളിലുള്ള ഗ്രന്ഥങ്ങളിലുണ്ട്. ഈ ഗ്രന്ഥങ്ങളിലെ താളുകൾ (folios) വേർതിരിക്കുന്നത് തെലുങ്ക് സംഖ്യകൾ ഉപയോഗിച്ചാണ്. ഈ തെലുങ്ക്ഗ്രന്ഥങ്ങളിൽ കാണുന്ന സംഖ്യാസമ്പ്രദായവും ലിപികളു മാണ് ഇവിടെ പഠനത്തിന് ആധാരമായി സ്വീകരിച്ചിരിക്കുന്നത്.

താക്കോൽവാക്കുകൾ

തെലുങ്ക്‌ലിപി, തെലുങ്ക്സംഖ്യാസമ്പ്രദായം, മലയാളം-തമിഴ്, കന്നട-തെലുങ്ക് ഭാഷകളിലെ സംഖ്യാസ്വരൂപം, തെലുങ്ക്-കന്നട സംഖ്യയിലെ സാദൃശ്യം.

ആമുഖം

മലയാളം, തമിഴ്, കന്നട, തെലുങ്ക് എന്നിവ ദ്രാവിഡ ഗോത്രത്തിൽ ഉൾപ്പെട്ട ഭാഷകളാണ്. തെലിങ്ഗ തൈലിങ്ഗ, തെനുഗു, തെനുംഗു എന്നിങ്ങനെ നിരവധി രൂപാന്തരങ്ങൾ തെലുങ്ക് എന്നറിയപ്പെടുന്ന തെലുഗു ഭാഷയ്ക്കുണ്ട്. ചരിത്രരേഖകളിൽ ആറാം നൂറ്റാണ്ടു മുതൽ തെലുങ്ക്ഭാഷ നിലനിന്നിരുന്നതായി സാഹിത്യചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ആറാം നൂറ്റാണ്ടിൽ തെലുങ്ക്‌ലിപികൾ അടങ്ങിയ ശാസനകങ്ങൾ രണനന്ദു അനന്ദപൂർ എന്ന സ്ഥലത്തുനിന്ന് കണ്ടെത്തിയിട്ടുണ്ട്.[1] തെലുങ്ക് പ്രധാനമായും സംസാരിച്ചിരുന്നത് ചാലൂക്യന്മാർ, ഗണകന്മാർ, തെലുങ്ക്-

ചോളന്മാർ, കാകതീയന്മാർ, റെഡ്ഡിമാർ, വിജയനഗര രാജാക്കന്മാർ തുടങ്ങിയവരാണ്.[2]

കാലദേശഭേദമനുസരിച്ചുള്ള വ്യത്യാസങ്ങൾ തെലുങ്ക്ഭാഷയിലും ഉണ്ടായിട്ടുണ്ട്. 14, 15 നൂറ്റാണ്ടുകൾക്കിടയിൽ തെലുങ്ക്ഭാഷയിൽ വ്യത്യാസങ്ങൾ വന്നിട്ടുള്ളതായി ഇന്ത്യൻ എപ്പിഗ്രാഫിയിൽ പരാമർശിച്ചിട്ടുണ്ട്.

തെലുങ്ക്, കന്നട ലിപികൾ സാദൃശ്യമുള്ളവയാണ്. ഇവ തമ്മിലുള്ള പ്രധാനവ്യത്യാസം തലക്കെട്ടിലെ (headmark) ചിഹ്നങ്ങളാണ്.[3] കന്നടയിൽ ലിപികൾക്കുമുകളിൽ നീണ്ടവരയോടുകൂടിയ ഹുക്കുപോലെ ചിഹ്നങ്ങൾ കാണുന്നു.

ഉദാ: ga - ರ ra - ರ

എന്നാൽ തെലുങ്കിൽ അത് ടിക്ക്മാർക്ക് പോലെയാണ് കാണുന്നത്.

ഉദാ: ga – , ర ra - ర

ദേവനാഗരിലിപിയുടെ മുകളിൽ കാണപ്പെടുന്ന നേർവരയുടെ സ്ഥാനത്താണ് ഈ അടയാളങ്ങളെന്ന് സൂക്ഷ്മമായി നോക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. ഈ ചിഹ്നങ്ങൾ മാറ്റിനോക്കിയാൽ ഗ്രന്ഥലിപിയിലും കന്നട – തെലുങ്ക് എന്നീ ലിപികൾക്കും സാദൃശ്യമുണ്ടെന്ന് വ്യക്തമാകും.[4] തെലുങ്ക് ഏകദേശം 22 കോടിയോളം ആളുകൾ (Eastern part of South India) സംസാരിച്ചിരുന്നു. ആന്ധ്രപ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിൽ തെലുങ്ക് പ്രധാന ഭാഷയായിരുന്നു.

തെലുങ്ക് അക്ഷരമാല (Telugu Script)

സ്വരങ്ങൾ (Vowels)

a	ā	i	ī	u
అ	ఆ	ఇ	ఈ	ఉ
ū	ṛ	ṝ	e	ē
ఊ	ఋ	ౠ	ఎ	ఏ

ಐ	ಒ	ಓ	ಔ	ಅಂ
ai	o	ō	au	aṃ
ഐ	ഒ	ഓ	ഔ	അം
ಅಃ				
aḥ				
അഃ				

വ്യഞ്ജനങ്ങൾ (Consonants)

ಕ	ಖ	ಗ	ಘ	ಙ
ka	kha	ga	gha	ṅa
ക	ഖ	ഗ	ഘ	ങ
ಚ	ಛ	ಜ	ಝ	ಞ
ca	cha	ja	jha	ña
ച	ഛ	ജ	ഝ	ഞ
ಟ	ಠ	ಡ	ಢ	ಣ
ṭa	ṭha	ḍa	ḍha	ṇa
ട	ഠ	ഡ	ഢ	ണ
ತ	ಥ	ದ	ಧ	ನ
ta	tha	da	dha	na
ത	ഥ	ദ	ധ	ന
ಪ	ಫ	ಬ	ಭ	ಮ
pa	pha	ba	bha	ma
പ	ഫ	ബ	ഭ	മ
ಯ	ರ	ಲ	ವ	ಶ
ya	ra	la	va	śa
യ	ര	ല	വ	ശ
ಷ	ಸ	ಹ	ಳ	ೞ
ṣa	sa	ha	ḷa	ṛa
ഷ	സ	ഹ	ള	റ

തെലുങ്ക് സംഖ്യകൾ

Numeral	Telugu - numeral	Transliteration
1	ఒ	okaṭi → ഒകടി
2	రెం	reṇḍu → രെൺഡു
3	3	mūḍu → മൂഡു
4	నా	nālugu → നാലുഗു
5	ఐ	ayidu → ഐദു
6	ఆ	āru → ആറു
7	ఏ	ēḍu → ഏഡു
8	ఎ	enimidi → എനിമിദി
9	తొ	tommidi → തൊമ്മിദി
10	ప	padi → പദി
0	0	sunna → സുന്ന

Numeral	Telugu – numeral	Transliteration	Numeral	Telugu – numeral	Transliteration
11	పద	padakoṇḍhu	18	పఎ	padhdhenimidi
12	పన్నె	panneṇḍu	19	పతొ	paridommidi
13	పమూ	padamūdu	20	ఇర 0	iravai
14	పనా	padhnālugu	21	ఇర ఒ	iravai okaṭi
15	పదొ	padunayidu	22	ఇర రెం	iravaireṇḍu
16	పహా	padahāru	23	ఇర మూ	iravaimūḍu
17	పదే	padihēḍu	24	ఇర నా	iravainālugu

Numeral	Telugu – numeral	Transliteration	Numeral	Telugu – numeral	Transliteration
25	౨౫	iravaiayidu	51	౫౧	yābhai okaṭi
26	౨౬	iravaiāru	52	౫౨	yābhai reṇḍu
27	౨౭	iravaiēḍu	53	౫౩	yābhai mūḍu
28	౨౮	iravai enimidi	54	౫౪	yābhai nālugu
29	౨౯	irravai tommidi	55	౫౫	yābhai ayidu
30	౩౦	muppai	56	౫౬	yābhai āru
31	౩౧	muppai okaṭi	57	౫౭	yābhai ēḍu
32	౩౨	muppai reṇḍu	58	౫౮	yābhai enimidi
33	౩౩	muppai mūḍu	59	౫౯	yābhai tommidi
34	౩౪	muppai nālugu	60	౬౦	aravai
35	౩౫	muppai aidu	61	౬౧	aravai okaṭi
36	౩౬	muppai āru	62	౬౨	aravai reṇḍu
37	౩౭	muppai ēḍu	63	౬౩	aravai mūḍu
38	౩౮	muppai enimidi	64	౬౪	aravai nālugu
39	౩౯	muppai tommidi	65	౬౫	aravai ayidu
40	౪౦	nalabhai	66	౬౬	aravai āru
41	౪౧	nalabhai okaṭi	67	౬౭	aravai ēḍu
42	౪౨	nalabhai reṇḍu	68	౬౮	aravai enimidi
43	౪౩	nalabhai mūḍu	69	౬౯	aravai tommidi
44	౪౪	nalabhai nālugu	70	౭౦	ḍebbai
45	౪౫	nalabhai aidu	71	౭౧	ḍebbai okaṭi
46	౪౬	nalabhai āru	72	౭౨	ḍebbai reṇḍu
47	౪౭	nalabhai ēḍu	73	౭౩	ḍebbai mūḍu
48	౪౮	nalabhai enimidi	74	౭౪	ḍebbai nālugu
49	౪౯	nalabhai tommidi	75	౭౫	ḍebbai ayidu
50	౫౦	yābhai	76	౭౬	ḍebbai āru

Numeral	Telugu – numeral	Transliteration	Numeral	Telugu – numeral	Transliteration
77	౭౭	ḍebbai ēḍu	89	౮౯	enabhai tommidi
78	౭౮	ḍebbai enimidi	90	౯౦	tombhai
79	౭౯	ḍebbai tommidi	91	౯౧	tombhai okaṭi
80	౮౦	enabhai	92	౯౨	tombhai reṇḍu
81	౮౧	enabhai okaṭi	93	౯౩	tombhai mūḍu
82	౮౨	enabhai reṇḍu	94	౯౪	tombhai nālugu
83	౮౩	enabhai mūḍu	95	౯౫	tombhai ayidu
84	౮౪	enabhai nālugu	96	౯౬	tombhai āru
85	౮౫	enabhai ayidu	97	౯౭	tommidi ēḍu
86	౮౬	enabhai āru	98	౯౮	tombhai enimidi
87	౮౭	enabhai ēḍu	99	౯౯	tombhai tommidi
88	౮౮	enabhai enimidi	100	౧౦౦	vanda

Numeral	Telugu – numeral	Transliteration
0	౦	sunna
10	౧౦	padi
20	౨౦	iravai
30	౩౦	muppai
40	౪౦	nalabhai
50	౫౦	yābhai
60	౬౦	aravai
70	౭౦	ḍebhai
80	౮౦	enabhai
90	౯౦	tomobhai
100	౧౦౦	vanda
1,000	౧,౦౦౦	veyyi
1,00,000	౧,౦౦,౦౦౦	lakṣa

തെലുങ്ക് സംഖ്യകളിൽ ഒന്ന്, എട്ട്, ഒൻപത്, പതിനൊന്ന്, പതിനെട്ട്, അൻപത് എന്നീ അക്കങ്ങൾ മലയാളം, തമിഴ്, കന്നട എന്നിവയിൽനിന്നും വളരെ വ്യത്യസ്തമായി കാണുന്നു.

തെലുങ്ക്-കന്നട സംഖ്യകൾ (1 മുതൽ 10 വരെ)

Number	Telugu	Kannada
1	౧	೧
2	౨	೨
3	౩	೩
4	౪	೪
5	౫	೫
6	౬	೬
7	౭	೭
8	౮	೮
9	౯	೯
10	౧౦	೧೦

തെലുങ്ക്, കന്നട സംഖ്യകളിൽ 1, 2, 7, 9, 10 എന്നിവ സാദൃശ്യമുള്ളവയാണ്.

ഉപസംഹാരം

ലിഖിതവിദ്യ വിവിധകാലഘട്ടങ്ങളുടെ പരിണിതഫലമായി രൂപാന്തരപ്പെട്ടതാണ്. ചിഹ്നങ്ങളും ചിത്രങ്ങളുമാണ് എഴുത്തുവിദ്യയുടെ ആദ്യരൂപങ്ങൾ. ബി.സി. 4-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മെസപ്പൊട്ടോമിയയിലെ സുമേറിയയിൽ എഴുത്തുവിദ്യ ആരംഭിച്ചതായി പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ലിപികൾ നിലവിൽ വന്നതോടെ സ്വാഭാവികമായി കണക്കുകളും എഴുതി സൂക്ഷിക്കാൻ തുടങ്ങി. ഇതിനായി ഓരോ ലിപികളിലും പ്രത്യേക സംഖ്യാസമ്പ്രദായം നിലവിൽ വന്നു. അക്കങ്ങളും അളവുകളും തൂക്കങ്ങളും സൂചിപ്പിക്കുന്നതിനായി വ്യത്യസ്തസംഖ്യകൾ നിലവിലുണ്ടായിരുന്നു. താളിയോലകളിൽ (palm leaf) താളുകൾ (folios) മുറതെറ്റാതിരിക്കാനാണ് സംഖ്യാസമ്പ്രദായം ഉപയോഗിച്ചിരുന്നത്. കൂടാതെ കൊളോഫോണുകളിൽ കാണുന്ന ഗ്രന്ഥത്തിന്റെ കാലനിർണ്ണയം നടത്താനും

സംഖ്യാസമ്പ്രദായം സഹായകമാണ്. ശിലാലിഖിതങ്ങളിലും ചെപ്പേടുകളിലും ഗ്രന്ഥവരികളിലും വിവിധതരം സംഖ്യകൾ കാലസൂചനയ്ക്കും അളവുതൂക്കങ്ങൾ പരാമർശിക്കുന്നതിനും ഉപയോഗിച്ചിരുന്നു.

തെലുങ്ക്ലിപികളെയും സംഖ്യാസമ്പ്രദായത്തെയും കുറിച്ചുള്ള ഈ പഠനത്തിൽ പ്രധാനമായും തെലുങ്ക്അക്ഷരമാല, തെലുങ്ക് സംഖ്യകൾ, മലയാളം - തമിഴ് - കന്നട - തെലുങ്ക്ഭാഷകളിലെ സംഖ്യാസ്വരൂപത്തിലെ സാദൃശ്യങ്ങളും വ്യത്യാസങ്ങളും, തെലുങ്ക്-കന്നഡ സംഖ്യകളിലെ പ്രത്യേകതകൾ എന്നിവയാണ് പ്രധാനമായും പഠനവിധേയമാക്കിയിരിക്കുന്നത്. താളിയോല ഗ്രന്ഥങ്ങളെയും പുരാരേഖകളെയും വേണ്ടപോലെ പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നതിന് പ്രധാനകാരണം അവയിൽ ഉപയോഗിച്ചിരിക്കുന്ന ലിപിവ്യവസ്ഥയും ഭാഷയിലെ പ്രത്യേകതകളും സംഖ്യാസമ്പ്രദായവും ഒക്കെയാണ്. ഈ സന്ദർഭത്തിലാണ് ഭാഷാപഠിതാക്കൾക്കും ഗവേഷകർക്കും ഈ പഠനം പ്രയോജനപ്രദമാകുന്നത്.

കുറിപ്പുകൾ

1. P.C. Sircar, Indian Epigraphy, Motilal Banarsidass Publishers Pvt.Ltd, Delhi, 1965, പുറം 49, 50.
2. അതേ പുസ്തകം, പുറം 50.
3. Richard Salomon, Indian Epigraphy, Munshiram Monoharlal Publishers Pvt. Lted, Rani Jhansi Road, New Delhi, 1998, പുറം 198.
4. പ്രൊഫ. കെ എം ജലീൽ, ലിപികളും മാനവസംസ്കാരവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989, പുറം 270.

ഗ്രന്ഥസൂചി

1. Ahmad Hasan Dani, Indian Palaeography, Munshiram Manaharlal Publishers, Oxford, Delhi, 1997.
2. David Diringer, The Alphabet, Munshiram Manoharlal Publishers Pvt. Ltd., Rani Jhansi Road, New Delhi, 1998.
3. K.A. Nilakanta Sastri A History of South India, Oxford University Press, Bombay, 1966.
4. Richard Salomon, Indian Epigraphy, Munshiram Manoharlal Publishers Pvt. Ltd., Rani Jhansi Road, New Delhi, 1998.
5. Shankar Goyal, History of Early India, Kusumanjali Book World, Jodhpur, 1959.
6. Sadha Subrahmanya Sastri (ed.), Early Inscriptions, Sri Satguru Publication, India, 1984.

7. D.C. Sircar, Indian Epigraphy, Mothilal Banarsidass Publishers Pvt. Ltd., Delhi, 1965.
8. പ്രൊഫ. കെ.ടി. ജലീൽ, ലിപികളും മാനവസംസ്കാരവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.
9. തിരുനെല്ലൂർ കരുണാകരൻ, മലയാളഭാഷാസിദ്ധാന്തങ്ങളും വസ്തുതകളും, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം, 1965.
10. കെ.ഏ. നീലകണ്ഠശാസ്ത്രി, ദക്ഷിണഭാരതചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1975.
11. ഡോ. കെ.എം. പ്രഭാകരവാര്യർ, മലയാളം മാറ്റവും വളർച്ചയും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2007.
12. ഡോ. വെള്ളായണി അർജ്ജുനൻ, ഗവേഷണമേഖല, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1972.
13. ഡോ. എൻ. സാം, കേരളത്തിലെ പ്രാചീനലിപിമാതൃകൾ. കേരള സംസ്ഥാന ആർക്കൈവ്സ് പ്രസിദ്ധീകരണം, തിരുവനന്തപുരം, 2010.

തിരു-കൊച്ചി സംസ്ഥാനങ്ങളിലെ ഭരണരേഖകളും അവയിലെ സാങ്കേതികപദങ്ങളും-താരതമ്യപഠനം

രജനി റ്റി.

പ്രബന്ധസംഗ്രഹം

ഭാഷാപഠനത്തിന്റെ പ്രാഥമിക ഉപാദാനങ്ങളാണ് രാജഭരണരേഖകൾ. മുൻപ് കേരളം തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്ന് ഭരണമേഖലകളായി വിഭജിക്കപ്പെട്ടിരുന്നു. ഈ കാലഘട്ടത്തിലെ ഭരണരേഖകളിലെ സാങ്കേതികപദങ്ങളും അവയിലെ സമകാലിക പ്രയോഗങ്ങളും പഠിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

താക്കോൽവാക്കുകൾ

ഹുക്കുംനാമ – രാജകീയ വിളംബരം

മുക്കാൽവട്ടം – ക്ഷേത്രം

കുമുദവർ – നാവികസേനയിലെ ഉദ്യോഗസ്ഥർ

ഏറടവ് – വരവുചെലവു കണക്ക്

തീപ്പെടുക – നാടുനീങ്ങുക

ഒഴുക് – പ്രമാണം, വസ്തുവിന്റെ വിവരങ്ങൾ അടങ്ങിയ രേഖ

ആമുഖം

തിരുവിതാംകൂർ രാജവംശത്തിന്റെ പ്രാരംഭനാമധേയം 'ചേര' എന്നായിരുന്നു. 'ചേര രാജവംശം സാമ്രാജ്യം വിഭജിക്കപ്പെട്ട് പോയതിനുശേഷം തെക്കേ അറ്റത്തുള്ള ഭാഗങ്ങൾ ചേർന്നുണ്ടാക്കി രാജ്യത്തെ സമൃദ്ധിയുടെ നാട്' എന്ന അർത്ഥത്തിൽ ശ്രീ വാഴുങ്കോട് അഥവാ തിരുവാരങ്കോട് എന്ന് വിളിച്ചു പോന്നു. ഇതിന്റെ ഗ്രാമ്യരൂപമായി ഉണ്ടാക്കിയ 'തിരുവൻകോട് എന്ന നാമധേയത്തിൽ നിന്ന് നിന്നും തിരുവിതാംകൂർ എന്ന പേർ ഉദ്ഭവിച്ചു. ഇത്തരത്തിൽ വ്യത്യസ്തമാർന്ന നിരവധി അഭിപ്രായങ്ങൾ 'തിരുവിതാംകൂർ' എന്ന സ്ഥലനാമത്തിന്റെ ഉത്ഭവത്തിനു പിന്നിലുണ്ട്.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്താണ് തിരുവിതാംകൂർ ഏറ്റവും കൂടുതൽ വിസ്തൃതി പ്രാപിച്ചത്. തിരുവിതാംകൂറിന്റെ ആധുനിക ചരിത്രം തുടങ്ങുന്നത് പാരമ്പര്യമായി വേണാട് തലസ്ഥാനം ലഭിച്ച

മാർത്താണ്ഡവർമ്മയിൽ നിന്നാണ് (1729-1758). തിരുവിതാംകൂറിലെ രാജാക്കന്മാർ 'പത്മനാഭദാസൻ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. രാജകുടുംബം, കൂപസ്വരൂപം, തൃപ്പാപ്പൂർ സ്വരൂപം, വേണാട് സ്വരൂപം, വഞ്ചി സ്വരൂപം തുടങ്ങിയ പേരുകളിലും അറിയപ്പെട്ടിരുന്നു.

കേരളം ആദ്യ ചേര എന്നറിയപ്പെടുന്ന വലിയ രാജ്യത്തിന്റെ ഭാഗമായിരുന്നു. കൊച്ചിൻ കുടുംബം പെരുമ്പടപ്പ് സ്വരൂപം, മാടരാജ്യം, ഗോശ്രീ രാജ്യം, കുരുസ്വരൂപം എന്നൊക്കെ അറിയപ്പെട്ടിരുന്നു. കൊച്ചിരാജ്യം ഇന്നത്തെ കൊച്ചി, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ പ്രദേശങ്ങൾ ചേർന്നതായിരുന്നു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ കൊച്ചി രാജ്യം തിരുവിതാംകൂറിനോട് ചേർന്ന് തിരു-കൊച്ചി രൂപീകൃതമായി. 1949 ജൂലൈ ഒന്നിന് തിരുവിതാംകൂർ, കൊച്ചി, രാജ്യങ്ങൾ ചേർന്ന് തിരു-കൊച്ചി സംസ്ഥാനം രൂപം കൊണ്ടത്.

രാജഭരണത്തിൽ നിന്ന് ജനാധിപത്യത്തിലേക്കുള്ള വരവാണ് തിരു-കൊച്ചി രൂപീകരണം. 1950 ജനുവരി ഒന്നിന് തിരു-കൊച്ചിയെ സംസ്ഥാനമായി കേരള സർക്കാർ അംഗീകരിച്ചു.

രാജ്യത്തിന്റെയോ ദേശത്തിന്റെയോ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലം മനസ്സിലാക്കുന്നതു പ്രധാനമായും ആ കാലഘട്ടത്തിലെ ഭരണ രേഖകളിൽ നിന്നാണ്. കേരളത്തിലെ രാജാക്കന്മാർ, വിദേശ വ്യാപാരം, കമ്പനിയുമായുള്ള ബന്ധത്തെ സംബന്ധിക്കുന്നത്, കമ്പനി ഉദ്യോഗസ്ഥന്മാരുമായി നടത്തിയ കത്തിടപാടുകൾ, കുത്തക ശിക്ഷാ നടപടികൾ, അടിമ സമ്പ്രദായം നിർത്തലാക്കിയത്, നീതിന്യായ ഭരണം, തപാൽ സൗകര്യം, ഭൂമി സംബന്ധമായവ, കൃഷിയെസംബന്ധിച്ചത് എന്നിവയെക്കുറിച്ചെല്ലാം മനസ്സിലാക്കാൻ ഈ രേഖകളിലൂടെ സാധിക്കും. കൂടാതെ ചരിത്രപരമായ പ്രാധാന്യത്തോടെ ഒപ്പം തന്നെ ഭാഷാപരമായി ഈ രേഖകൾക്കുള്ള സ്ഥാനം എടുത്തു പറയേണ്ടതാണ്.

ഭരണരേഖ

രണ്ട് നൂറ്റാണ്ടുമുമ്പുള്ള ഒരു ഭരണസംസ്കൃതിയെ തൊട്ടറിയാനും ഈ കാലഘട്ടത്തിന്റെ വെളിച്ചത്തിൽ അവയെക്കുറിച്ച് വിലയിരുത്താനും ഇത്തരം ഭരണരേഖകളിലൂടെ സാധിക്കുന്നു. ഈ ഭരണരേഖകളെ സർക്കാർ രേഖകൾ,ചരിത്രരേഖകൾ, ഗ്രന്ഥവരികൾ, വൈദേശിക രേഖകൾ, സ്വകാര്യ രേഖകൾ എന്നിങ്ങനെ അവയെ വർഗ്ഗീകരിക്കാം.

സർക്കാർ രേഖകളെ വീണ്ടും വിവിധങ്ങളായി തരം തിരിക്കുന്നു.

1. **സർക്കാർ രേഖകൾ (Departmental Records)**

   a. റവന്യൂ വകുപ്പ്

   b. ട്രഷറി

   c. എക്സൈസ്

   d. പോലീസ് വകുപ്പ്

e. നീതിന്യായവകുപ്പ്

f. ആരോഗ്യവകുപ്പ്

g. വിദ്യാഭ്യാസ വകുപ്പ്

h. പൊതുമരാമത്തു വകുപ്പ്

i. വനം വകുപ്പ്

എന്നിങ്ങനെയാണ് അവയെ ക്രമപ്പെടുത്തിയിരിക്കുന്നത്.

2. ചരിത്രരേഖകൾ (Historical Records)

1. മതിലകം റിക്കാർഡ്സ്
2. ഷോ-കേസ് രേഖാ സൂചിക (Show-case records)
3. Nettus and proclamations
4. Boundary disputes
5. Miscellaneous Records എന്നിങ്ങനെയാണ് അവയെ ക്രമപ്പെടുത്തിയിരിക്കുന്നത്.

3. Cadjan Records

3. അപൂർവ്വ രേഖകൾ (Rare Records)

4. സ്വകാര്യ രേഖകൾ (Private Records)

ഈ ഭരണരേഖകളിൽ നിന്നു കിട്ടുന്ന സാങ്കേതിക പദങ്ങളുടെ സാമാന്യ വിശകലനവും താഴെകൊടുക്കുന്നു.

തിരുവിതാംകൂർ	കൊച്ചി
തിരുവിതാംകൂർസ്വരൂപം - തിരുവിതാംകൂർ രാജവംശം	പെരുമ്പടപ്പുസ്വരൂപം (കൊച്ചി രാജവംശം)
നീട്ട് - കൊട്ടാരത്തിൽ നിന്നുമിറങ്ങിയിരുന്ന ഉത്തരവുകൾ (ഇതിൽ ഭരണാധികാരികളുടെ ഒപ്പ് ഉണ്ടാകും)	തിട്ടൂരം - കൊച്ചീ രാജ്യക്കാര രേഖ
മുക്കാൽ വട്ടം - വൃത്താകൃതിയിലുള്ള ശ്രീകോവിൽ	മുക്കാൽ വട്ടം - ക്ഷേത്രം
ചിഴേത്തിരം - ക്ഷേത്രം	,,
ലന്തക്കാർ - ഡച്ചുകാർ	,,
ഹുക്കുംനാമ - രാജകീയ വിളംബരം	,,
ഹജൂർക്കച്ചേരി - ഭരണകാര്യാലയം	,,
നാടുനീങ്ങൽ - രാജകുടുംബാംഗങ്ങളുടെ വിയോഗം	,,

കുപ്പിണി - കമ്പനി സൈന്യം	പാളയം - സൈനിക താവളം
ലാവണം - പട്ടാളതാവളം	കച്ചീട്ട് - കൈച്ചീട്ട് (രസീത്)
കച്ചീട്ട് - രസീത	,,
കടുദാസു - കത്ത്, കടലാസ്	,,
കുമ്പഞ്ഞി - കമ്പനി	മെസ്തർ - മിസ്റ്റർ
	തീപ്പെടുക - നാടുനീങ്ങുക
കോയിക്കലുകൾ - തിരുവിതാംകൂർ വസതികൾ	കുമുദവർ - ഡച്ച് കമാന്റർ (നാവികസേനയിലെ ഉദ്യോഗ സ്ഥൻ
ഹജൂർ രായസം - ഭരണകാര്യാലയം	ഹജൂർ രായസം - ഭരണപര മായ കത്തിടപാടുകൾ
	ഹജൂർ കച്ചേരി - സെക്രട്ടറി യേറ്റ് (ബരണകാര്യാലയം)
	സാധനം - ഔദ്യോഗികമായ കത്ത്
മണ്ഡപത്തും വാതുക്കൽ-താലൂ ക്കിന്റെ പഴയനാമം	ഉരുപത്തുവാതുക്കൽ - ഒരു റവന്യൂ ജില്ല
ശിപാദി - അധികാരം (ഔദ്യോഗിക നാമങ്ങൾ)	ശിപായി - കോൺസ്റ്റബിൾ
പെർപ്പ് - പകർപ്പ്	,,
തിരുമലത്തേവർ - കൊച്ചി തിരുമല ദേവസ്വത്തിലെ പ്രധാന പ്രതിഷ്ഠ	,,
തിരുമനസ്സ് - മഹാരാജാക്കന്മാർ, രാജകുടുംബാംഗങ്ങൾ, നമ്പൂതിരി മാർ എന്നിവർ	സംബോധന ചെയ്യുമ്പോൾ ആദരസൂചകമായി ഉപയോഗി ക്കുന്ന പദം
എതിരിട - പകർപ്പ്	
ഒഴുക് - പ്രമാണം	വസ്തുവിന്റെ വിവരങ്ങൾ അട ങ്ങിയരേഖ
ഗ്രന്ഥവരി - ക്ഷേത്രങ്ങൾ	കോവിലകങ്ങൾ
സാധനം - കൊട്ടാരത്തിൽ നിന്നുമി റങ്ങിയിരുന്ന സന്ദേശമാണ്.	
സങ്കടവരിയോല	എഴുതി നൽകുന്ന പരാതി

വിലയോല	വസ്തുക്കൾ വാങ്ങുമ്പോൾ ആധാരം എഴുതിനൽകിയിരുന്ന ഓല
വര്യോല - ഉത്തരവ്	
വിരിച്ചികം - വൃശ്ചികം	
രായസം	ഭരണം
രായസംപിള്ള - ഗുമസ്തൻ	
പെരുമാൾ - വിഷ്ണു	ചേരരാജാന്മാരുടെ സ്ഥാനപ്പേര്
പുതനാഴിച്ച - ബുധനാഴ്ച	
പാട്ടയോല - പാട്ടക്കാരൻ	
പണ്ടാരവക - സർക്കാർവക	
പട്ടോല - പതിവുകണക്ക്	രാജശാസനം
നിദാനം വരുത്തുക - തയ്യാറെടുപ്പ് നടത്തുക	

വ്യത്യസ്ത വിഷയങ്ങളായി തരം തിരിച്ച് പഠിക്കാവുന്നത്ര വിപുലമായ പ്രാചീന പദകോശം രേഖകളിൽ കാണാൻ സാധിക്കുന്നു.

ഗ്രന്ഥസൂചി

1. ശക്തൻ തമ്പുരാൻ, തിരഞ്ഞെടുത്ത ഭരണരേഖകൾ, ജെ. രജികുമാർ, സ്റ്റേറ്റ് ആർക്കൈവ്സ് പ്രസിദ്ധീകരണം
2. മതിലകം രേഖകൾ, ഡോ.ജിഷ, എസ്. കെ.
3. ചരിത്രരശ്മികൾ (കേരളസംസ്ഥാന ആർക്കൈവ്സ്)
4. തിരുവിതാംകൂർ ചരിത്രം, പി. ശങ്കുണ്ണിമേനോൻ.

ബുദ്ധമതവും ആയുർവേദവും

നീതു വി.

പ്രബന്ധസംഗ്രഹം

ബുദ്ധമതകാലഘട്ടത്തിൽ ആയുർവേദത്തിനുണ്ടായ സാഹിതീയവും സാമൂഹികവും സാംസ്കാരികവുമായ സംഭാവനകളെപ്പറ്റിയാണ് ഈ പ്രബന്ധത്തിലൂടെ ചർച്ച ചെയ്യപ്പെടുന്നത്. പ്രധാനമായും ആയുർവേദത്തെ അധികരിച്ച് പൊതുവായി ചരിത്ര ഗവേഷകന്മാർ നൽകിയിരിക്കുന്ന കാലഗണനം, അതിൽ വേദകാലഘട്ടങ്ങളിലും സംഹിത കാലങ്ങളിലും ബുദ്ധകാലങ്ങളിലും ഉരുത്തിരിഞ്ഞ ആയുർവേദത്തിന്റെ ഉന്നതിയെ പറ്റിയും പ്രബന്ധത്തിൽ പരാമർശിക്കുന്നുണ്ട്. തുടർന്ന് ബുദ്ധമത കാലങ്ങളിൽ രചിക്കപ്പെട്ട സാഹിത്യശാസ്ത്ര ഗ്രന്ഥങ്ങളെക്കുറിച്ചും അവ ആയുർവേദ ശാസ്ത്രമേഖലയിൽ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്നുമുള്ള വിവരങ്ങളാണ് ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

താക്കോൽവാക്കുകൾ

ആയുർവേദം, സംഹിത, പിടകം, ബൃഹത്രയി, അഷ്ടാംഗഹൃദയം, ചരകം, സുശ്രുതം, വാഗ്ഭടം, ബുദ്ധം, മഹാമായൂരി, അപരാജിത.

ആമുഖം

ഭാരതത്തിനുമാത്രം അവകാശപ്പെടാവുന്ന ചികിത്സാ പദ്ധതിയാണ് ആയുർവേദം. ആയുഃ വേദഃ* എന്നീ രണ്ട് സംസ്കൃതപദങ്ങളിൽ നിന്നുമാണ് ആയുർവേദം എന്ന വാക്കിന്റെ ഉത്ഭവം. ആയുസ്സിനെ സംബന്ധിക്കുന്ന അറിവ് എന്നാണ് ആയുർവേദം എന്ന വാക്കിന്റെ നിരുക്തി. വ്യക്തികളുടെ ആരോഗ്യസംരക്ഷണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ആണ് ആയുർവേദം മുന്നോട്ടുവയ്ക്കുന്നത്. മനുഷ്യരാശിയോളം പഴക്കമുള്ള ശാസ്ത്രമാണ് ആയുർവേദം. വൈദ്യശാസ്ത്ര സംബന്ധമായ പ്രാഥമിക മായ അറിവുകൾ ലഭിച്ചത് വേദങ്ങളിൽ നിന്നുമാണ്. ഭാരതത്തിന്റേതായ സാഹിത്യഗ്രന്ഥങ്ങളിലും ശാസ്ത്രഗ്രന്ഥങ്ങളിലും എല്ലാം ആയുർവേദയും ആരോഗ്യപരിപാലനത്തെയും ചികിത്സവിധികളെയും പറ്റിയുള്ള പരാമർശ ങ്ങൾ ധാരാളമായി ഉണ്ട്.

"ശരീരമാദ്യം ഖലു ധർമ്മസാധനം"* എന്ന കുമാരസംഭവ ത്തിലെ വരികൾ പ്രസിദ്ധമാണ്.

ആയുർവേദത്തിന്റെ ഉദ്ഭവവും ചരിത്രവും

പുരാതനകാലങ്ങളിൽ എല്ലാ രാഷ്ട്രങ്ങളിലും വൈദ്യശാസ്ത്ര ത്തിന്റെ ഉല്പത്തി ദേവതാദേവന്മാരിൽ നിന്നുമാണെന്ന് വിശ്വസി ച്ചിരുന്നു.*

ഭാരതീയ വിശ്വാസപ്രകാരം ബ്രഹ്മാവ് ആയുർവേദത്തെ സ്മരിച്ചു. ആ സ്മരണയിൽ ഉള്ള അറിവിനെ ദക്ഷപ്രജാപതിക്ക് ഉപദേശിച്ചു. പിൽക്കാലത്ത് അശ്വനീ കുമാരന്മാരിൽനിന്നും നിന്നും ഇന്ദ്രന് അറിവ് ഗ്രഹിച്ചു എന്നുമാണ് ആയുർവേദത്തിന്റെ ഉല്പത്തിയെ കുറിച്ചുള്ള ഐതിഹ്യം. കാലഘട്ടത്തെക്കുറിച്ച് മനസ്സിലാക്കുമ്പോൾ പല ഗ്രന്ഥകർത്താക്കളും ചരിത്ര ഗവേഷകരും പല കാലഘട്ടങ്ങൾ ആയിട്ടാണ് ആയുർവേദചരിത്രത്തെ നിർവചിച്ചിരിക്കുന്നത്. ആയുർവേദത്തിന്റെ ഉല്പത്തിയെ കൃത്യമായി കാലഗണനം ചെയ്യുക എന്നത് ആർക്കും സാധിച്ചിട്ടില്ല. എന്നിരുന്നാലും വേദങ്ങൾക്ക് മുൻപും വൈദ്യം ഉണ്ടായിരുന്നതായി മനസ്സിലാക്കാം.

ആയുർവേദകാലഘട്ടം

ആയുർവേദത്തിന്റെ കാലങ്ങളെ പൊതുവായി നാല് ഘട്ടങ്ങളായി വേർതിരിച്ചിരിക്കുന്നു.

വേദകാലഘട്ടം *
സംഹിതാ കാലഘട്ടം *
ബുദ്ധമത കാലഘട്ടം *
പൗരാണിക കാലഘട്ടം *

വേദകാലഘട്ടം

ക്രിസ്തുവിന് മുൻപ് 4000-2000 കാലഘട്ടമാണ് വേദകാലഘട്ടം. വേദങ്ങൾ എന്നാൽ മനുഷ്യവംശത്തിന്റെ ആത്മീയമായ അറിവിന്റെ ഒരു പഴയരേഖയാണ്. മനുഷ്യജീവിതത്തിന്റെ പുതിയൊരു സംസ്കാരത്തിന്റെ ആരംഭമാണ് വേദകാലഘട്ടത്തിൽ കാണാൻ കഴിയുന്നത്. കൃഷിയുടെ ആരംഭം, കന്നുകാലിവളർത്തൽ, എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവർ സാംസ്കാരികമായി പുരോഗമിച്ച് വന്നു. ക്രിസ്തുവിന് പിൻപ് മൂന്നാം നൂറ്റാണ്ടോടെ പുരാതന ഭാരതം വലിയൊരു നാഗരികത ആയി മാറി. വേദങ്ങളിലെ പല മന്ത്രങ്ങളിലും ഔഷധസസ്യങ്ങളെക്കുറിച്ചുള്ള പ്രതിപാദ്യങ്ങൾ കാണാം. ഇതിഹാസങ്ങൾ, ദർശനങ്ങൾ, വൈദിക സാഹിത്യം, ക്ലാസിക്കൽ സാഹിത്യം, സാങ്കേതിക സാഹിത്യം, വൈജ്ഞാനിക സാഹിത്യം ഇവയിലെല്ലാം വൈദ്യ ചികിത്സയു ടെയും അവയുടെ പ്രാധാന്യത്തിന്റെയും സ്ഫുരണങ്ങൾ കാണാം.

സംഹിതാകാലഘട്ടം

വേദകാലത്തിന്റെ അവസാനങ്ങളിൽ വേദങ്ങളിൽ നിന്ന് സമാഹരിച്ച് അറിവുകളെ പുനർനിർമ്മിക്കുകയും ക്രമേണ പരിഷ്കരിക്കപ്പെടുകയും ചെയ്തു. തുടർന്നുള്ള പണ്ഡിതന്മാർ ആയുർവേദമെന്ന ശാസ്ത്രത്തെ വിശദീകരിച്ചു. വേദങ്ങളിൽ ചിതറി കിടന്നിരുന്ന വൈദ്യത്തെ ശേഖരിക്കുകയും അതിന്റെ ഫലപ്രാപ്തി പരിശോധിക്കുകയും ചെയ്തു. ഇങ്ങനെ ക്രമീകരിച്ചു സമാഹരിച്ച ഗ്രന്ഥങ്ങളാണ് സംഹിതകൾ. സംഹിതകളുടെ കാലമാണ് സംഹിതാകാലഘട്ടമെന്ന് അറിയപ്പെടുന്നത്. സംഹിതയെ ശേഖരങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്.

സംഹിതകളുടെ ശേഖരത്തിൽ നിലവിൽ ഉണ്ടായിരുന്നതിൽ പലതും ഇന്ന് നിലവിലില്ല. എന്നാൽ ഇന്നും ആയുർവേദത്തിന്റെ പ്രാമാണിക ഗ്രന്ഥമായി അവശേഷിക്കുന്ന മൂന്ന് സംഹിതാഗ്രന്ഥങ്ങളാണ് ചരകം, സുശ്രുതം, വാഗ്ഭടം. ഇവ ബ്രഹത്രയി എന്നറിയപ്പെടുന്നു.

ക്രിസ്തുവിന് മുമ്പ് മൂവായിരവും ക്രിസ്തുവിന് ശേഷം അറുനൂറ് കാലഘട്ടമാണ് ബുദ്ധമത കാലഘട്ടം. ഭാരതീയ ചരിത്രത്തിൽ ബുദ്ധമതത്തിന്റെ വരവ് സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്വാധീനിച്ചു. അതിൽ പ്രധാനമായും ആയുർവേദ വൈദ്യശാസ്ത്രത്തിന്റെ പുരോഗതിക്ക് ഒത്തിരി പങ്കുവഹിച്ചു. വിവിധ ബുദ്ധമത ഭിക്ഷുക്കൾ ആയുർവേദത്തിന് വിലപ്പെട്ട സംഭാവനകൾ നൽകി. അശോകചക്രവർത്തി ബുദ്ധഭിക്ഷുക്കളെ ധർമ്മ പ്രചരണ ത്തിനായി അയച്ച ദേശങ്ങളിലെല്ലാം ആയുർവേദത്തിന്റെ മാഹാത്മ്യം പ്രചരിപ്പിച്ചു. ആതുരശാലകൾ, സത്രങ്ങൾ, പശുചികിത്സാകേന്ദ്രങ്ങൾ എന്നിവയ്ക്കൊപ്പം ഔഷധ സസ്യത്തോട്ടങ്ങളും നിർമ്മിച്ചിരുന്നു. ബുദ്ധമതം ആയുർവേദത്തിനു വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. ബുദ്ധമതത്തിന്റേതായ ആയുർവേദ ഗ്രന്ഥങ്ങളും അവയിൽ പ്രതിപാദിച്ചിരിക്കുന്ന ചികിത്സാവിധി കളും പ്രയോഗങ്ങളും ഇന്നും തുടരുന്നു. മനുഷ്യരുടെയും പ്രാണികളു ടെയും അസുഖങ്ങൾ ദൂരീകരിക്കുവാനുള്ള എല്ലാ സൗകര്യങ്ങളും ബുദ്ധമതകാലത്ത് നടപ്പിൽ വരുത്തിയിരുന്നു. സിലോൺ, ചൈന, തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ, ടിബറ്റ്, മധ്യേഷ്യ ഉൾപ്പെടെ ഈജിപ്തു വരെ ബുദ്ധമതത്തോടുകൂടി ആയുർവേദവും പ്രചരിച്ചിരുന്നു എന്ന് പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. അന്യരാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഭാരതീയ ശാസ്ത്രങ്ങളും കലകളും പഠിക്കാൻ ഭാരതത്തിൽ വന്നു. ഭാരതത്തിന്റെ വൈദ്യശാസ്ത്രം ഒരുപക്ഷേ ബുദ്ധമത കാലത്ത് അതിന്റെ ഉന്നതിയിൽ നിൽക്കുകയായിരുന്നു.

മിളിന്ദാപ്രശ്നം, വിനയ പിടകം, നവനിതകം സംക്ഷേപ കൃതികളായ വാഗ്ഭട കൃതികൾ ഇവയൊക്കെയാണ് ബുദ്ധമത കാലത്തെ പ്രധാന വൈദ്യഗ്രന്ഥങ്ങൾ. ഇതിൽ *മിളിന്ദാപ്രശ്നമെന്ന ഗ്രന്ഥം ബാക്ട്രിയായിലെ രാജാവായിരുന്ന മെനാൻഡർ ഉന്നയിച്ച ചോദ്യങ്ങൾക്ക് നാഗസേനന്റെ മറുപടി രൂപത്തിലാണ് രചിച്ചിട്ടുള്ളത്. ഈ ഗ്രന്ഥത്തിൽ വൈദ്യസംബന്ധമായ അനേകം വിവരങ്ങൾ ലഭ്യമാണ്.

ബുദ്ധമതത്തിന്റെ വേദഗ്രന്ഥശേഖരങ്ങളുടെ ഭാഗമായ ത്രിപിടക ത്തിന്റ ആദ്യത്തെ ഭാഗമാണ് വിനയപിടകം. ത്രിപിടകത്തിന്റെ മറ്റു രണ്ടു ഭാഗങ്ങളാണ് സൂത്ത പിടകവും അഭിധർമ്മപിടകവും. ബുദ്ധ സംഘത്തിലെ സന്യാസികളുടെയും സന്യാസചട്ടങ്ങളുടെയും പെരുമാറ്റച്ചട്ടങ്ങളാണ് ത്രിപിടകത്തിലെ മുഖ്യവിഷയം. എന്നാൽ വിനയപിടകത്തിൽ ബുദ്ധ മതകാലത്തെ ആയുർവേദജ്ഞാന ത്തെപ്പറ്റി എടുത്തു പറയുന്നുണ്ട്. വിനയപിടകത്തിന്റെ ഭൈഷജ്യസ്കന്ദത്തിൽ ഔഷധങ്ങളും അതിന്റെ നിർമ്മാണവിധികളും സ്വേദകർമ്മവും വ്രണചികിത്സയും സാധനങ്ങളുടെ ഭദ്രമായ സൂക്ഷിക്കലും സംരക്ഷണവും ഭക്ഷണയോഗ്യമല്ലാത്ത മാംസം ഗവ്യങ്ങളുടെയും ഫലരസങ്ങളുടെയും നിർമ്മാണം എന്നിവ വിശദീകരിക്കുന്നുണ്ട്.

ഔഷധപ്രയോഗങ്ങളും ചികിത്സാരീതികളും വിനയപിടകത്തിൽ വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. ചികിത്സകന് ഉണ്ടാകേണ്ടതായ ഗുണങ്ങളും പരിചാരക ധർമ്മങ്ങളെപ്പറ്റിയും ആയുർവേദ ഗ്രന്ഥങ്ങളിൽ വിശദീകരിക്കുന്നത് പോലെ തന്നെ വിശദമായി വിനയപീടകത്തിൽ പറയുന്നു. നെയ്യ്, വെണ്ണ, എണ്ണ, തേൻ, കൽക്കണ്ടം എന്നിവ ഔഷധനിർമ്മാണ വസ്തുക്കൾ ആണെന്നും കൂടാതെ ഇവ ആഹാരവസ്തുവാണെന്നും വിനയപിടകത്തിൽ പറയുന്നു. നെയ്യ്, വെണ്ണ എന്നിവ പിത്ത കോപത്തിനും തൈലം വാതകോപത്തിനും, തേനും കൽക്കണ്ടവും കഫത്തിനും ഔഷധങ്ങളാണ്. മഞ്ഞൾ, വയമ്പ്, അതിവിടയം, കുഴി മുത്തങ്ങ തുടങ്ങിയ നീരുള്ള സസ്യൗഷധങ്ങൾ ഭക്ഷണ വസ്തുക്കളായി ഉപയോഗപ്പെടുന്നില്ലെങ്കിലും എന്നും സംഭരിച്ചു സൂക്ഷിക്കേണ്ടതാണെന്നും ഗ്രന്ഥത്തിൽ പറയുന്നു. പത്രൗഷധങ്ങൾ, ഫലങ്ങൾ, ലവണങ്ങൾ, അഞ്ജനം എന്നിവയെ പറ്റിയും ധൂമപാന വിവരണവും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. വിനയപിടകത്തിലെ ചുല്ല വർഗ്ഗത്തിൽ ദന്തശോധന ഗുണങ്ങൾ, ശോധന ഗുണങ്ങൾ ചെയ്യാതിരു ന്നാൽ ഉള്ള ദോഷങ്ങൾ ഇവ വിശദീകരിക്കുന്നു. ഈ ഗ്രന്ഥത്തിലെ തന്നെ ശിവസ്കന്ധത്തിൽ ബുദ്ധമതത്തിലെ ആയുർവേദ ആചാര്യനായ ജീവകന്റെ കഥ വിസ്തരിക്കുന്നുണ്ട്.

ബുദ്ധമത ആചാര്യനായ ബുദ്ധഘോഷൻ രചിച്ച ഗ്രന്ഥമാണ് മിളിന്ദാ പ്രശ്നം. മിളിന്ദൻ എന്നാൽ മെനാണ്ടർ എന്ന രാജാവ് ക്രിസ്തുവ ർഷം നാനൂറുകളിൽ ജീവിച്ചിരുന്ന ബുദ്ധഘോഷൻ ഈ കാലഘട്ടങ്ങളി ലാണ് മിളിന്ദാപ്രശ്നം എന്ന ഗ്രന്ഥം രചിച്ചിരിക്കുന്നത്. ഈ ഗ്രന്ഥത്തിൽ ആയുർവേദ സിദ്ധാന്തങ്ങളെപ്പറ്റി ധാരാളമായി പരാമർശിക്കുന്നുണ്ട്. വായുകോപം, പിത്തകോപം, കഫകോപം, സന്നിപാത ദോഷം, ഋതുക്ക ളുടെ മാറ്റങ്ങൾ, ഭക്ഷണരീതികളും അതിന്റെ ദോഷങ്ങളും, ബാഹ്യമായ പ്രകൃതിയിലെ മറ്റു സ്വാധീനങ്ങൾ എന്നിവ സർവ്വചരാചരമായ ജന്തുജാല ങ്ങളുടെ സുഖദുഖങ്ങൾക്ക് കാരണമാകുന്നതെങ്ങനെ എന്നുമുള്ള വസ്തു തകൾ മിളിന്ദാപ്രശ്നത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ചൂട്, തണുപ്പ്, വിശപ്പ്, ദാഹം, അതിഭോജനം, ഒരിടത്ത് അധികസമയം നിൽക്കു ന്നത്, ബാഹ്യപ്രകൃതിയിലെ പ്രഭാവം, കർമ്മഫലം എന്നീ പത്തുകാരണ ങ്ങളാലാണ് വായു കോപിക്കുന്നത്. തണുപ്പ്, ചൂട്, അസമയങ്ങളിൽ ഭക്ഷിക്കുന്ന ആഹാരം എന്നീ മൂന്ന് കാരണങ്ങൾ നിമിത്തം പിത്തം കോപിക്കുന്നു. ആയുർവേദത്തിലെ ത്രിദോഷ സിദ്ധാന്തങ്ങൾ മിളിന്ദാ പ്രശ്നത്തിൽ ഉന്നയിക്കുന്നുണ്ട്. ബുദ്ധമത ഭിക്ഷുക്കൾക്ക് പ്രത്യേകമായ ഔഷധ പ്രയോഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. അതിൽ പ്രധാനമായത് ഭിക്ഷുക്കൾക്ക് നാല് പ്രത്യയങ്ങൾ വിധിച്ചിട്ടുണ്ട്. ചീവര പിണ്ഡപാത ശയനാസ ഗ്ലാനപ്രത്യയങ്ങൾ എന്നിവ ഇവയിൽ ഗ്ലാനപ്രത്യയം എന്നത് ഗോമൂത്രവും കടുക്കയും ചേർന്നുണ്ടാക്കുന്ന ഔഷധമാണ്. ഈ ഔഷധം ബുദ്ധഭിക്ഷുക്കൾ എപ്പോഴും ഉപയോഗിക്കുന്നതും സന്യാസജീവിതത്തിൽ ഉപയോഗപ്പെടുത്താവുന്നതും ആണ്. ആവശ്യമാണെങ്കിൽ മറ്റ് ഔഷധ ങ്ങളും ഉപയോഗിക്കാമെന്ന് ഗ്രന്ഥത്തിൽ പറയുന്നുണ്ട്.

മഹാമയൂരിവിദ്യ, അപരാജിതവിദ്യ

മഹാമയൂരിവിദ്യ, അപരാജിതവിദ്യ ബുദ്ധമതാനുഷ്ഠാന ങ്ങളിലെ ജനപ്രിയമായ സമ്പ്രദായമാണ്. ബുദ്ധമതത്തിലെ അഞ്ച് സംരക്ഷിത ദേവതകളിൽ ഒരാളുടെ നാമമാണ് മഹാമയൂരി. മഹാമയൂരി എന്ന നാമത്തിന്റെ അർത്ഥം 'വലിയ പിഹൻ' എന്നും 'രഹസ്യങ്ങളുടെ രാജ്ഞി' എന്നും അറിയപ്പെടുന്നു. മഹാമയൂരിയ്ക്ക് മനുഷ്യന്റെ ശാരീരികമോ ആത്മീയമായമോ ആയ വിഷബാധയിൽ നിന്ന് ഭക്തരെ രക്ഷിക്കുവാനുള്ള ശക്തി ഉണ്ടെന്ന് ബുദ്ധമതം വിശ്വസിക്കുന്നു. വൈദ്യപരാമർശങ്ങൾ അനേകമായിക്കാണുന്ന ഗ്രന്ഥമാണ് മഹാമയൂരി. പാമ്പുകടി വിഷം മറ്റുള്ള അസുഖങ്ങൾ എന്നിവ ചികിത്സിക്കുന്നതിനുള്ള മാന്ത്രികമന്ത്രങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ഗ്രന്ഥം.

അപരാജിതവിദ്യ എന്നത് ബുദ്ധമതത്തിലെ ഒരു ദേവതയെ പതിവാക്കുന്നതാണ്. അജയ്യതയുടെയും വിജയത്തിന്റെയും ദേവതയായി അപരാജിതയെ ബുദ്ധമതം കണക്കാക്കുന്നു. അപരാജിത എന്നാൽ ഒരിക്കലും തോൽപ്പിക്കാൻ കഴിയാത്തവൾ എന്നാണ് അർത്ഥമാക്കുന്നത്. വിജയത്തിന്റെ മാത്രമല്ല സംരക്ഷണത്തിന്റെയും കൂടി ദേവതയാണ് അപരാജിത. ആയതിനാൽ വൈദ്യപരമായ ആരോഗ്യ സംരക്ഷണത്തിന്റെ പരാമർശങ്ങൾ അപരാജിത വിദ്യയിലും കാണപ്പെടുന്നു.

ഈ രണ്ടു ബുദ്ധഗ്രന്ഥങ്ങളെ പറ്റിയുള്ള പരാമർശം ആയുർവേദത്തിന്റെ പ്രധാന ഗ്രന്ഥമായ വാഗ്ഭടന്റെ അഷ്ടാംഗ സംഗ്രഹത്തിൽ കാണപ്പെടുന്നു. ബ്രാഹ്മണർക്ക് മരണ ശയ്യയിൽ ഗായത്രി മന്ത്രമോ ഗീതയോ പുരാണമോ ചൊല്ലി കേൾപ്പിക്കുന്നതുപോലെ ബുദ്ധമതത്തിൽ പ്രഭാകരവർദ്ധനന്റെ ശയ്യയ്ക്കരികിൽ മഹാമയൂരിവിദ്യ ചൊല്ലിയിരുന്നു എന്ന് ബാണന്റെ ഹർഷചരിതത്തിൽ പറയുന്നുണ്ട്.

വൈദ്യശാസ്ത്രങ്ങൾ ഉൾപ്പെടുന്ന മൂലഗ്രന്ഥങ്ങൾ എല്ലാം ഗ്രഹിച്ച് വിലയിരുത്തി പഠിച്ച് സംക്ഷേപിച്ച കൃതികളാണ് വാഗ്ഭടകൃതികൾ. ആയുർവേദ ആചാര്യന്മാരായ ചരകനും, സുശ്രുതനും ശേഷമുള്ള അധികാരി വാഗ്ഭടൻ ആണ്. അദ്ദേഹം ഒരു ബുദ്ധ ഭിക്ഷു ആണെന്നുള്ള വാദമുണ്ട്. ചരകാദി ഗ്രന്ഥങ്ങളെ വിലയിരുത്തി രചിച്ച ഗ്രന്ഥമാണ് അഷ്ടാംഗഹൃദയം. ഈ ഗ്രന്ഥത്തിൽ ബൗദ്ധധർമ്മവും ദേവതകളുടെയും സാഹിത്യ സ്ഥാപനങ്ങളുടെയും പരാമർശങ്ങൾ ധാരാളമായി കാണാം. കാലികമായി വാഗ്ഭടൻ നിരവധി പുതിയ ഔഷധസസ്യങ്ങൾ അവതരിപ്പിക്കുകയും ശസ്ത്രക്രിയയിൽ മൂല്യവത്തായ പരിഷ്കാരങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ ഗ്രന്ഥം സംക്ഷിപ്തവും മനോഹരവു മായ പദ്യരീതിയിലാണ് രചിച്ചിരിക്കുന്നത്. ടിബറ്റൻ വൈദ്യശാസ്ത്രവും വാഗ്ഭടനെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

നാവനിതകം

ബോവർ എന്ന ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥന് 1890-കളിൽ മധ്യേഷ്യയിലെ കാഷ്ക്കറിലുള്ള ഒരു സ്തൂപത്തിന്റെ അവശിഷ്ടങ്ങളിൽ നിന്നും കിട്ടിയ ഏഴ് ഹസ്തലിഖിതങ്ങളെയാണ് ബോവർ മാനുസ്ക്രിപ്റ്റ്

എന്ന് പറയുന്നത്. ഇതിൽ മൂന്ന് ഗ്രന്ഥങ്ങളും വൈദ്യ സംബന്ധമാണ്. അവയിൽ പ്രധാനപ്പെട്ടതാണ് നാവനീതകം. ചരക സുശ്രുത പാഠങ്ങൾക്ക് പുറമേ മഹാമായൂരിവിദ്യ, മാതംഗിവിദ്യ, ലശുനകൽപം മുതലായ സവിശേഷതകൾ ഉൾപ്പെടുന്ന ഗ്രന്ഥം ഗുപ്ത കാലത്താണ് രചിക്കപ്പെട്ടത്.

ബുദ്ധമത കാലത്തിലെ പ്രധാന വിദ്യാഭ്യാസകേന്ദ്രങ്ങൾ

തക്ഷശില എന്നത് ബുദ്ധമതകാലഘട്ടത്തിലെ പ്രധാന വിദ്യാ ഭ്യാസകേന്ദ്രമായിരുന്നു. മഗധയിലെ രാജാവായിരുന്ന ചന്ദ്രഗുപ്തൻ തക്ഷശിലയിലെ വിദ്യാർത്ഥിയായിരുന്നു. ഈ കാലങ്ങളിൽ തക്ഷശിയി ലേക്ക് വളരെയധികം ഉയർച്ചയുണ്ടായി. വിദേശങ്ങളിൽ നിന്ന് പോലും വിദ്യാർഥികൾ ഭാരതത്തിലെ ശാസ്ത്രങ്ങളും കലകളും പഠിക്കുവാൻ തക്ഷ ശിലയിൽ എത്തിയിരുന്നു. ബുദ്ധമതസമകാലികനും, ആയുർവേദആചാര്യ നുമായ ജീവകന്റെ വിദ്യാഭ്യാസം തക്ഷശിലയിൽ ആയിരുന്നു. ശല്യ ചികിത്സയിലും കായ ചികിത്സയിലും ജീവകന് ഒരുപോലെ പ്രാവീണ്യം ഉണ്ടായിരുന്നതും തക്ഷശിലയിലെ വിദ്യാഭ്യാസത്തിന്റെ പ്രസക്തി കാണി ക്കുന്നു. ആയുർവേദത്തിന്റെ ഒട്ടുമിക്ക ശാഖകളും തക്ഷശിലയിൽ അഭ്യസിപ്പിച്ചിരുന്നു.

പൗരാണിക കാലഘട്ടം

ആയുർവേദത്തിനും അതിന്റെ ചിന്തകൾക്കും ഉന്നതി ഉണ്ടായ കാലമാണ് മധ്യകാലഘട്ടം. ഇന്ത്യയിലെ മുസ്ലിം അധിനിവേശം ആരംഭിച്ച തോടുകൂടി ബുദ്ധവികാരങ്ങളും സർവകലാശാലകളും ഘോറിയുടെ ആക്രമണത്തിൽ നിലം പതിച്ചു ഈ കാലത്ത് ബുദ്ധമതം ആചാര പ്രധാനമായി അധഃപതിക്കുകയും ഹിന്ദു-ബൗദ്ധ ധർമ്മവും ഒരുപോലെ താന്ത്രികധാര പ്രധാനങ്ങളായി തീരുകയും ചെയ്തു. തക്ഷശില, നളന്ദ, മിഥില ഉൾപ്പെടെ ആയുർവേദത്തെ പരിപോഷിപ്പിക്കുന്ന പ്രാധാന്യങ്ങളെ ഉൾപ്പെടെ നശിപ്പിച്ചു. മുസ്ലിം അധിനിവേശ ആക്രമണത്തിൽ പരിഭ്രാന്തരായ ബുദ്ധ മഠാധിപകരും സംഘവും തങ്ങളുടെ ഗ്രന്ഥങ്ങളുമായി ടിബറ്റിലേക്ക് പലായനം ചെയ്തു.

ഉപസംഹാരം

ബുദ്ധമത കാലഘട്ടം ആയുർവേദത്തിന്റെ വളർച്ചയ്ക്ക് വളരെയധികം വിലപ്പെട്ട സംഭാവനകൾ നൽകി എന്നുള്ളത് വിസ്മരിക്കാനാവാത്ത കാര്യമാണ്. ഭാരതീയ വിജ്ഞാന സമ്പ്രദായം എന്ന നിലയിൽ പിൻകാലങ്ങളിൽ വളരെയധികം പുരോഗതിയും പ്രചാരവും ആയുർവേദ ത്തിനും, നാട്ടുവൈദ്യത്തിനും ഉണ്ടാകുകയും ഇത് ലോകവ്യാപകമായി പ്രചാരമുള്ള ഒരു ചികിത്സാ പദ്ധതിയായും ഗവേഷണ മേഖലയായും നിലനിൽക്കുകയും ചെയ്യുന്നു. പല ഒ.ആർ.ഐ.കളിലും പുറംലോകം അറിയാത്തതായ നിവവിധി വൈദ്യഗ്രന്ഥങ്ങൾ ഉണ്ട്.

കുറിപ്പുകൾ

1. ഡോ. അബ്സീന ജെ സലിം, *ആയുർവേദചരിത്രം, ചികിത്സ,* ചിന്താ പബ്ലിഷേഴ്സ്, 2012, പുറം 101.

2. N.P. Unni, *Kumarasambhavam of Kalidasa,* New Bharatiya Book Co- operation, 2014.
3. എൻ വി കൃഷ്ണൻകുട്ടി വാരിയർ, *ആയുർവേദ ചരിത്രം*, കോട്ടയ്ക്കൽ ആര്യവൈദ്യശാല, 2002, പുറം 32.
4. Dr. David Frawley, *Ayurveda Nature's medicine*, Motilal Banarsidass Publications, 2017, p.3.
5 ഡോ. എസ്. ശിവദാസൻപിള്ള, *ആയുർവേദ ചരിത്രം*, പ്രഭാത് ബുക് ഹൗസ്, 2017.
6. കെ. രാഘവൻ തിരുമുൽപാട്, *ആയുർവേദം ജീവിതത്തിലൂടെ*, നിശാഗന്ധി പബ്ലിക്കേഷൻസ്, 2002.

ബുദ്ധമതാചാരാനുഷ്ഠാനങ്ങളും കേരളവും

അശ്വതി കെ.ബി.

പ്രബന്ധസംഗ്രഹം

ബുദ്ധമതത്തിലെ ആചാരാനുഷ്ഠാനങ്ങൾ ഹൈന്ദവാചാരങ്ങളിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും അവയുടെ നാൾവഴികളെ കുറിച്ചുള്ള അന്വേഷണവുമാണ് ഈ പ്രബന്ധത്തിലൂടെ പറയാൻ ശ്രമിക്കുന്നത്. ഒരുകാലത്ത് കേരളത്തിൽ ബുദ്ധമതം വളരെയേറെ പ്രചാരം നേടിയിരുന്നു കേരളത്തിൽ ബുദ്ധമതം എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ലഭ്യമായ ചരിത്രാവശിഷ്ടങ്ങളിൽ നിന്നും മനസ്സിലാക്കാം. ദ്രാവിഡ ആചാരങ്ങൾ പിന്തുടർന്ന കേരള ജനതയെ ആദ്യം ആകർഷിച്ച മതങ്ങളെന്നു പറയാവുന്നത് ബുദ്ധമതവും ജൈനമതവും ആണ്. ശ്രമണമതങ്ങളുടെ എണ്ണമറ്റ സംഭാവനകളിൽ മുഖ്യമായ ഒന്നാണ് ക്ഷേത്ര നിർമ്മിതിയും ക്ഷേത്രാരാധനയും. ആദ്യമായി ക്ഷേത്രങ്ങൾ നിർമ്മിച്ച് ആരാധന നടത്തിയത് ജൈനന്മാരായിരുന്നു. ഈശ്വരവിശ്വാസികൾ അല്ലായിരുന്ന ജൈനർ തീർത്ഥങ്കരന്മാരുടെ പ്രതിമകൾ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച് പൂജിച്ചിരുന്നു. ബുദ്ധമതത്തിൽ മഹായാനത്തിന്റെ ഉദയത്തോടുകൂടി ആചാരാനുഷ്ഠാനവും വിഗ്രഹാരാധനയും ആരംഭിച്ചു. ബുദ്ധ മതത്തിലെ വിഗ്രഹാരാധന, ഉത്സവം, ഉത്സവഘോഷയാത്ര, ആറാട്ട്, കെട്ടുകാഴ്ച, രഥോത്സവങ്ങൾ, ദേവീക്ഷേത്രങ്ങളിലെ താലപ്പൊലി മുതലായവ ഹൈന്ദവാചാര ങ്ങളിൽ കടന്നുവന്നു. കേരളത്തിൽ ഇന്ന് അപൂർവ്വമായി കാണപ്പെടുന്ന ബുദ്ധമ തക്ഷേത്രങ്ങളിലെ ആചാരങ്ങൾ പരമ്പരാഗതരീതിയിൽ സാധാരണ ജനങ്ങൾ നടത്തിപ്പോരുന്നു, തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ലഘുപഠനമാണിവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

താക്കോൽവാക്കുകൾ

ബുദ്ധമതം, ജൈനമതം, ദൈവികമതം, ദണ്ഡുചാരൽ, കരുമാടിക്കുട്ടൻ, ഭരണിക്കാവ്, ബുധനൂർ, ശബരിമല.

ആമുഖം

ഇന്ത്യൻ സംസ്കാരത്തിന്റെ വേരുകൾ സ്ഥിതിചെയ്യുന്നത് ഗ്രാമങ്ങ ളിലാണ്. നാടോടിക്കഥകളും നാടൻപാട്ടുകളും ചൊല്ലുകളും പുരാവൃത്ത ങ്ങളും വർഗ്ഗീകരിക്കുവാൻ തുടങ്ങിയത് നാട്ടറിവുകളിലൂടെയാണ്. ഓരോ സമൂഹത്തിന്റെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും സംസ്കാരവും തൊഴിലും ഭാഷാരീതിയും വ്യത്യസ്തമാണ്. ഏതൊരു സമൂഹത്തിന്റെയും നാട്ടുവഴക്കങ്ങൾ അവരുടെ സംസ്കാരമായി പരിണമിക്കുന്നു. ഇത് തന്നെ യാണ് പിന്നീട് സമൂഹത്തിന്റെ ആചാരമായി മാറുന്നത്. ക്ഷേത്രാചാരം, കുലാചാരം, ദേശാചാരം, സദാചാരം തുടങ്ങിയ വൈവിധ്യമാർന്ന ആചാര

മര്യാദകൾ ഇന്നും നിലനിൽക്കുന്നു. ഇതിൽനിന്നും വ്യത്യസ്തമായ ആചാര സമ്പ്രദായങ്ങളായിരുന്നു മുൻകാലഘട്ടങ്ങളിൽ നിലനിന്നിരുന്നത്. ആചാരത്തെ മറ്റൊരു തരത്തിൽ പറഞ്ഞാൽ സമൂഹം വ്യക്തികളുടെമേൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളിൽ ഒന്നാണ്. സംഘകാലത്ത് കേരളത്തിലെ ജനങ്ങൾ ദ്രാവിഡ ആചാരരീതികളാണ് പിന്തുടർന്നിരുന്നത്. ബി.സി.ഇ. മൂന്നാംനൂറ്റാണ്ട് മുതൽ കേരളത്തിൽ ബുദ്ധദർശനം എത്തിയിരുന്നു. അശോകചക്രവർത്തിയുടെ ശിലാലിഖിതങ്ങളിൽ 'കേരള പുത്തോ' (കേരള പുത്രൻ) എന്നാണ് ഈ ദേശവാസികളെക്കുറിച്ച് പരാമർശിക്കുന്നത്.

വൈദികമതം കേരളത്തിൽ വേരുറപ്പിക്കുന്നതിന് മുമ്പുതന്നെ ബുദ്ധമതവും - ജൈനമതവും കേരളത്തിൽ വ്യാപിച്ചിരുന്നു എന്ന് ചരിത്രരേഖകളിൽ നിന്ന് വ്യക്തമാണ്.

ജൈനമതം

ഗൗതമബുദ്ധന്റെ സമകാലീനനായിരുന്നു വർദ്ധമാനമഹാവീര ജിനൻ. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന ജൈനമതം അദ്ദേഹത്തിനു മുമ്പ് തന്നെ നിലവിലുണ്ടായിരുന്നു. ബി.സി. 540-ൽ വടക്കൻ ബീഹാറിലെ വൈശാലി ഗ്രാമത്തിൽ ജനിച്ച വർദ്ധമാന മഹാവീര ജിനൻ ആണ് ജൈനമതം പ്രചരിപ്പിച്ചത്. മുപ്പത് വയസ്സുള്ളപ്പോൾ അച്ഛനമ്മമാർ മരിച്ചു. തുടർന്ന് ലൗകിക ബന്ധങ്ങൾ ഉപേക്ഷിച്ച് പാർശ്വസംഘത്തിൽ ചേർന്നു, കഠിനമായ തപസ്സുകൾ അനുഷ്ഠിച്ചു. 42-ാം വയസ്സിൽ കേവലജ്ഞാനം ലഭിച്ചു. അദ്ദേഹം ജിനൻ - ജയിച്ചവനായി. ജൈനസംഘത്തിലെ അംഗങ്ങൾ നിഗന്ഥന്മാർ (വിലങ്ങറ്റവർ) എന്നാണറിയപ്പെട്ടിരുന്നത്. 23-ാ മത്തെ തീർത്ഥങ്കരനായ പാർശ്വന്റെ പ്രബോധനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സംഘത്തെ പരിഷ്ക്കരിച്ച് ധാരാളം അനുയായികളെ സമ്പാദിച്ചു. ജൈനമതത്തിൽ വ്രതാനുഷ്ഠാനങ്ങൾക്ക് ഉയർന്ന സ്ഥാനം നൽകിയിരുന്നു. ദൈവാസ്തിത്വം അംഗീകരിക്കുന്നില്ലെങ്കിലും ധ്യാനിക്കുകയും തീർത്ഥങ്കരന്മാരെ ആരാധിക്കുകയും ചെയ്തിരുന്നു. പ്രപഞ്ചം ദ്രവ്യങ്ങളാൽ നിർമിതവും സത്യവും ശാശ്വതവുമാണെന്നും, ആത്മാവ് (ജീവൻ) ആണ് ജീവവസ്തുക്കൾക്ക് ചൈതന്യം നൽകുന്നതെന്നും ജൈനദർശനം പറയുന്നു. അവർ അനശ്വരമായ ആത്മാവിൽ വിശ്വസിക്കുന്നു. പുനർജന്മചക്രത്തിൽനിന്ന് മോചനം നൽകുന്ന അല്ലെങ്കിൽ മോക്ഷത്തിലേക്ക് നയിക്കുന്ന ധർമ്മം ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ ശീലം എന്നീ ത്രിരത്നങ്ങളാണ്. ജൈനമനത്തിലെ പഞ്ചശീലങ്ങൾ അഹിംസ, സത്യനിഷ്ഠ, അസ്തേയം, അകിഞ്ചനത്വം (പാർശ്വൻ വിധിച്ചവ-4) ബ്രഹ്മചര്യം (മഹാവീരൻ ഒന്ന് കൂടി ചേർത്തു) എന്നിവയാണ്. ജൈനമത വിശ്വാസികൾ രണ്ട് പക്ഷക്കാരുണ്ട്. ദിഗംബരന്മാർ (നഗ്നന്മാർ) ശ്വേതാംബരന്മാർ (വെള്ളവസ്ത്രക്കാർ). പാർശ്വൻ അനുയായികൾക്ക് ഒറ്റമുണ്ട് അനുവദിച്ചിരുന്നു. മഹാവീരൻ പൂർണ്ണ നഗ്നത വിധിച്ചു.1 യഥാർത്ഥ സന്യാസികൾ വസ്ത്രങ്ങൾ ഉൾപ്പെടെ എല്ലാ ലോകസുഖങ്ങളും ഉപേക്ഷിക്കണമെന്നും പൂർണ്ണജ്ഞാനികൾക്ക് ആഹാരംപോലും ആവശ്യമില്ല എന്നും പറയുന്നു.

തമിഴ് ഇതിഹാസകാവ്യമായ ചിലപ്പതികാരത്തിന്റെ കർത്താവായ ഇളംകോ അടികൾ ഒരു ജൈനനായിരുന്നു. അക്കാലത്ത് ജൈനമതത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രശസ്തകേന്ദ്രമായിരുന്ന തൃക്കണ്ണാമതിലകത്തായിരുന്നു അദ്ദേഹം വസിച്ചിരുന്നത്.

പുരാതന കേരളത്തിൽ അനവധി ജൈനക്ഷേത്രങ്ങളുണ്ടായിരുന്നു. അവയിൽ ചിലത് ഹൈന്ദവ ക്ഷേത്രങ്ങളായി പരിണമിച്ച് ഇന്നും നിലനിൽക്കുന്നു. ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യക്ഷേത്രം, എടക്കൽ മലമുകളിലുള്ള ഭഗവതിക്ഷേത്രം, പെരുമ്പാവൂരിലെ കല്ലിൽക്ഷേത്രം തുടങ്ങി ഒട്ടനവധി ക്ഷേത്രങ്ങൾ ഉണ്ട്. സംസ്കാരങ്ങളിൽ ജൈനമതം ഗാഢമുദ്രപതിപ്പിച്ചിട്ടില്ലെങ്കിലും അത് മലബാറിലെ ക്ഷേത്രങ്ങളുടേയും മുസ്ലീം ആരാധനാലയങ്ങളുടെയും വാസ്തുശില്പങ്ങളിൽ പ്രകടമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ജൈനമതത്തിന്റെ മറ്റൊരു പ്രത്യേകത സഹജീവികളോടുള്ള കരുണയാണ്.

ബുദ്ധമതം

ബി.സി. 563-ൽ നേപ്പാളിലെ കപിലവസ്തുവിലാണ് ഗൗതമബുദ്ധൻ ജനിച്ചത്. ശാശ്വത സത്യംതേടി അനേകവർഷങ്ങൾ അലഞ്ഞുതിരിഞ്ഞ ഗൗതമരാജകുമാരൻ ഗയയിലെ (ബീഹാർ) ബോധിമരത്തിൻ കീഴിൽ തപസ്സുചെയ്യുകയും തുടർന്ന് ജ്ഞാനോദയം ലഭിച്ച്, ബുദ്ധനായി. തന്റെ മതം പ്രചരിപ്പിക്കുകയും മഹാവീരനെപ്പോലെ വേദങ്ങളുടെ ആധികാരികതയേയും ചാതുർവർണ്യത്തേയും ചോദ്യം ചെയ്തു. അഹിംസയുടെ പ്രവാചകനായ ബുദ്ധൻ തന്റെ സഹജീവികൾക്ക് നന്മചെയ്താൽ നിർവ്വാണം/മോക്ഷം സ്വന്തം പ്രയത്നംകൊണ്ട് മാത്രമേ സാധ്യമാകൂ എന്ന് ഉദ്ബോധിപ്പിച്ചു. നിർവ്വാണ പ്രാപ്തിക്കുള്ള വഴി അഷ്ടമാർഗ്ഗം പാലിക്കലാണ്. അഷ്ടമാർഗ്ഗത്തിലെ തത്വങ്ങൾ 1. ശരിയായ ദർശനം, 2. ശരിയായ അഭിലാഷങ്ങൾ, 3. ശരിയായ വാക്ക്, 4. ശരിയായ പെരുമാറ്റം, 5. ശരിയായ ജീവിതവൃത്തി, 6. ശരിയായ പ്രയത്നം, 7. ശരിയായ മനോനില (ചിന്ത), 8. ശരിയായ ആനന്ദം എന്നിവയാണ്. സമൂഹത്തിൽ നീതിപൂർവമായ ഒരു മാർഗ്ഗമായിരുന്നു ബുദ്ധന്റെ ധർമ്മം. ശ്രേണീവത്കൃതമായ വിഭജനത്തെ എതിർക്കുകയും ജാതി, മതം, ലിംഗം എന്നിവ ഭേദമില്ലാതെ എല്ലാവർക്കും സംഘടിക്കാനും സംസാരിക്കാനും സ്വാതന്ത്ര്യമുണ്ടാ യിരുന്നു. ബുദ്ധാനുയായികളെ സംബന്ധിച്ചിടത്തോളം അവകാശ ങ്ങളും കടമകളും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായിരുന്നു.

(ക്രി.മു. 480-485-നും ഇടയ്ക്ക് 80-ാം വയസ്സിൽ ബുദ്ധൻ നിർവ്വാണം പ്രാപിച്ചു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ സംഘത്തെ നയിക്കുകയും തുടർന്ന് ബുദ്ധമതം മഹായാനം, ഹീനയാനം എന്ന് വിഭജിക്കപ്പെട്ടു.) ഹീനയാനം പിന്തുടർന്നത് ബുദ്ധന്റെ യഥാർത്ഥ ഉപദേശമാണ്. സ്വയം അച്ചടക്കത്തിലൂടെയും ധ്യാനത്തിലൂടെയും വ്യക്തിഗത രക്ഷയ്ക്ക് ഊന്നൽ നൽകി. മഹായാന ബുദ്ധമതക്കാരാണ് ആദ്യമായി ബുദ്ധന്റെ പ്രതിമയെ ആരാധിക്കാൻ തുടങ്ങിയത്. ബുദ്ധമതത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന ഭാഷ പാലി ആയിരുന്നു എന്നാൽ കനിഷ്കന്റെ ഭരണകാലത്ത് നാലാമത്തെ ബുദ്ധിസ്റ്റ് കൗൺസിൽ പാലിക്ക് പകരം സംസ്കൃതമായി.

മഹായാന വിഭാഗം ഇന്ത്യയിൽ നിന്ന് ചൈന, കൊറിയ, ജപ്പാൻ, തായ് വാൻ, നേപ്പാൾ, ഭൂട്ടാൻ, മംഗോളിയ തുടങ്ങിയ നിരവധി രാജ്യങ്ങളിലേക്ക് വ്യാപിച്ചു. മഹായാന ബുദ്ധമതത്തിന്റെ ശേഷിപ്പുകളാണ് കേരളത്തിലും മറ്റു രാജ്യങ്ങളിലും ഇന്ന് കണ്ടുവരുന്നത്. ഇന്ന് കാണുന്ന ക്ഷേത്രാചാരങ്ങളിലെ കൂടിയ പങ്കും ഈ മതത്തിന്റെ സംഭാവനയാണ്. ഉദാഹരണമായി കെട്ടുകാഴ്ച, കുത്തിയോട്ടം, താലപ്പൊലി, മഞ്ഞമുണ്ടുടുക്കൽ തുടങ്ങിയവ.

വൈദികമതം

ചേര രാജാക്കന്മാരുടെ സദസ്സുകളിൽ ബ്രാഹ്മണപുരോഹിതന്മാർ യാഗങ്ങൾ നടത്തുകയും അതിന് ഉദാത്ത പ്രതിഫലം ലഭിക്കുകയും ചെയ്തിരുന്നു. ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിൽ ആചാരങ്ങളും ആശയങ്ങളും ചെലുത്തിയ സ്വാധീനത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട് സംഘകാലകൃതികൾ. ''കേരളത്തിൽ ആര്യവത്ക്കരണം നടന്നത് ഒരു ചെറിയ സംഘം ബുദ്ധിജീവികളുടെ നുഴഞ്ഞുകയറ്റം മൂലമാണ്.'' കേരളത്തിലെ നാടുവാഴികൾ ബ്രാഹ്മണ കുടിയേറ്റക്കാർക്ക് ഗ്രാമങ്ങൾ ദാനമായി നൽകി. കേരളത്തിലെ ഏറ്റവും വടക്കുള്ള പയ്യന്നൂർ, ചെല്ലൂർ എന്നീ പ്രദേശങ്ങൾ ആദ്യകാല കുടിയേറ്റക്കാർ സ്ഥാപിച്ച അറുപത്തിനാല് ബ്രാഹ്മണാധിനിവേശ കേന്ദ്രങ്ങളിൽപ്പെടുന്നു. ഇവ സംഘകാലത്തിന് ശേഷം സ്ഥാപിക്കപ്പെട്ടവയാണ്.[2] കേരളത്തിൽ ആര്യന്മാരായ കുടിയേറ്റക്കാർ ചാതുർവർണ്യം നടപ്പിലാക്കി. ഇത് സാമൂഹിക സമത്വത്തിൽ അധിഷ്ഠിതമായിരുന്ന പഴയൊരു സമൂഹത്തെ അപ്രത്യക്ഷമാക്കി. ബ്രാഹ്മണമതപ്രചാരകർ ബുദ്ധ-ജൈന മതവിശ്വാസികളുടെ മേൽ നടത്തിയ ആക്രമണഫലമായി അവ അതിവേഗം ക്ഷയിക്കുവാൻ തുടങ്ങി.

''പ്രഭാകരൻ, ശങ്കരാചാര്യർ, കുലശേഖര ആഴ്വാർ, ചേരമാൻ പെരുമാൾ, നായനാർ തുടങ്ങിയ ഹൈന്ദവ മതാചാര്യന്മാരുടെ പ്രവർത്തനഫലമായി ബ്രാഹ്മണമതം ക്രമമായ പുരോഗതിയാർജ്ജിച്ചു. തുടർന്ന് ധാരാളം ക്ഷേത്രങ്ങൾ അവിടെവിടെയായി ഉയർന്നു. ക്ഷേത്രകലകളായ കൂത്തും കൂടിയാട്ടവും ബ്രാഹ്മണന്മാരുടെ സംരക്ഷണയിൽ രൂപം കൊള്ളുകയും പ്രചാരമാർജിക്കുകയും ചെയ്തു.''[3] ബുദ്ധമതത്തിന്റെ മാതൃകയിൽ ശങ്കരാചാര്യർ ഒരു സന്യാസിസംഘം സംഘടിപ്പിക്കുകയും തന്റെ വചനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. ഭാരതത്തിലുടനീളം പദയാത്രകൾ നടത്തുകയും ചെയ്തു. ഇതെല്ലാം ബുദ്ധമതവിശ്വാസികളുടെ രീതിയെ ഓർമിപ്പിക്കുന്നതാണ്. തന്മൂലം ബുദ്ധമത വിശ്വാസികളായ സാമാന്യ ജനങ്ങൾക്ക് ഹിന്ദുമതവിശ്വാസത്തിലുള്ള അകൽച്ച കുറയുവാൻ കാരണമായി.

പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടി ബ്രാഹ്മണ മതത്തിന്റെ ആക്രമണത്തെ ചെർത്തുനിൽക്കാൻ ബുദ്ധമതത്തിന് കഴിഞ്ഞില്ല. ബുദ്ധമത ദർശനങ്ങളും ആചാരങ്ങളും വൈദികമതം അവരുടേ താക്കി മാറ്റുകയും അനുകരിക്കുകയും ചെയ്തു. അവൈദിക ആരാധനാലയങ്ങൾ വൈദികക്ഷേത്രങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു. നീലംപേരൂർ, ഭരണിക്കാവ്, കിളിരൂർ, കരുമാടി, കൊടുങ്ങല്ലൂർ തുടങ്ങിയ പല ബുദ്ധവിഹാരങ്ങൾ ഭഗവതി ക്ഷേത്രങ്ങളായി

മാറി. ബുദ്ധപ്രതിമകൾ ഇളക്കി മാറ്റപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തു. കേരളത്തിൽ ഹിന്ദുമതം വേരൂന്നുന്നതിന് മുൻപ് ബുദ്ധമതം ഇവിടുത്തെ പ്രബലമതമായി നിലനിന്നിരുന്നു എന്നതിന് തെളിവാണ് കേരളത്തിൽ ഇന്ന് കാണുന്ന ഈ ബുദ്ധക്ഷേത്രങ്ങൾ.

ബുദ്ധമതാചാരാനുഷ്ഠാനങ്ങൾ

(ആലപ്പുഴ ജില്ലയിൽ നിന്നും കണ്ടുകിട്ടിയിട്ടുള്ള ബുദ്ധ പ്രതിമകളാണ് കേരളത്തിലെ ബുദ്ധമത പാരമ്പര്യത്തിന്റെ അടിസ്ഥാന ഉപാദാനങ്ങൾ.) ആലപ്പുഴ ജില്ലയിൽ തകഴിക്കടുത്തുള്ള സ്ഥലമാണ് കരുമാടി. അവിടെ സ്ഥിതി ചെയ്യുന്ന കരുമാടിക്കുട്ടൻ പ്രതിമ ശ്രീബുദ്ധപ്രതിമയാണെന്ന് ഒരു വിഭാഗം ജനങ്ങൾ വിശ്വസിക്കുന്നു. അവിടുത്തെ പ്രധാന വഴിപാടാണ് എണ്ണ വഴിപാട്. രോഗനിവാരണത്തിനും ഇഷ്ടകാര്യലബ്ധിക്കായും പ്രതിസന്ധികൾ തരണം ചെയ്യാനുമായി ഈ വഴിപാട് നടത്തിപ്പോരുന്നു. പരമ്പരാഗതമായി നടത്തിവരുന്ന ഈ വഴിപാടിനെ 'വല്യച്ഛന് എണ്ണ നേരുക' എന്നാണ് പറയപ്പെടുന്നത്. നിവേദിക്കപ്പെട്ട എണ്ണയ്ക്ക് ഔഷധഗുണമുണ്ടെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. നിവേദിച്ച എണ്ണയിൽ അല്പം അവർ വീട്ടിൽ സൂക്ഷിക്കാറുണ്ട്. ആടുമാടുകൾക്ക് രോഗം വന്നാലും കരുമാടിക്കുട്ടന് എണ്ണ നേരാറുണ്ട്.

കരുമാടിക്കുട്ടൻ പ്രതിമയെ ജനങ്ങൾ എണ്ണ തേപ്പിച്ചു കുളിപ്പിക്കാറുണ്ട്. ഹൈന്ദവ ദേവാലയങ്ങളിൽ വൈദിക രീതിയിലുള്ള നിർമാല്യത്തിന് ശേഷമുള്ള ചടങ്ങുപോലെയാണിതും. കരുമാടിക്കുട്ടനെ കുളിപ്പിക്കുന്നത് പുരോഹിതരല്ല സാധാരണ ജനങ്ങളാണ്. ഇന്നും ജനങ്ങൾ വല്ലപ്പോഴുമാണെങ്കിലും ഈ ചടങ്ങ് നടത്താറുണ്ട്.

കരുമാടിക്കുട്ടനുമായി ബന്ധപ്പെട്ട മറ്റൊരു ആചാരമാണ് 'ദണ്ഡുചാരൽ'. അരി, മലർ, ശർക്കര എന്നിവ പാളയിൽ തെരളി പോലെ ഉണ്ടാക്കി അത് കരുമാടിക്കുട്ടന്റെ വിഗ്രഹത്തിൽ ചാർത്തുന്നു. കാര്യസാധ്യത്തിനായി നടത്തുന്ന ഈ ചടങ്ങ് പണ്ട് പ്രചാരത്തിൽ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് ഈ ചടങ്ങ് വിരളമാണ്.

നെൽവയലുകളാലും തെങ്ങിൻ തോപ്പുകളാലും ചുറ്റപ്പെട്ട സ്ഥലമാണ് കരുമാടി. പാടങ്ങളിലെ നെല്ലിൽ ചാഴി കയറാതിരിക്കാനും എലി നെല്ല് നശിപ്പിക്കാതിരിക്കാനും നാട്ടുകാർ കരുമാടിക്കുട്ടന് കറ്റ 'നേരാറുണ്ട്.' കരുമാടിക്കുട്ടന് കറ്റ നേർന്നുകഴിഞ്ഞാൽ ആ നിലത്തിൽ ചാഴി കയറുകയോ എലി നെല്ലു വെട്ടുകയോ ഇല്ലെന്നാണ് നാട്ടുവിശ്വാസം. അതുപോലെ തെങ്ങിൽ കേടുണ്ടാകാതിരിക്കാൻ കരുമാടിക്കുട്ടന് തേങ്ങ നേരാറുണ്ട്. നേർന്നു കഴിഞ്ഞാൽ നല്ല വിളവ് ലഭിക്കുമെന്നും ജനങ്ങൾ വിശ്വസിച്ചു പോരുന്നു.

കച്ചവടത്തിന്റെ അഭിവൃദ്ധിക്കും സുഗമമായ ജലയാത്രയ്ക്കും വള്ളക്കാർ നാണയങ്ങൾ എറിയാറുണ്ട്. കരുമാടിക്കുട്ടന് നാട്ടുകാർ 'വെള്ളം കുടിനേരുന്ന' (ചാരായമർപ്പിക്കുന്ന) പതിവുണ്ട്. ഇതോടൊപ്പം മത്തി, അയല തുടങ്ങിയ മീനുകൾ ചുട്ടു പൊള്ളിച്ചും നൽകാറുണ്ട്. എന്നാൽ ഇപ്പോൾ വെള്ളംകുടി നേരുന്നത് വിരളമാണ്. നാട്ടുകാർ കരുമാടികുട്ടന് വെറ്റില മുറുക്കാൻ കൊടുക്കാറുണ്ട്.

തകഴി ശാസ്താക്ഷേത്രം ബുദ്ധമത ക്ഷേത്രമാണെന്ന് പറയപ്പെടുന്നു.[4] ഇവിടെ പ്രത്യേക പച്ചമരുന്നുകളാൽ തയ്യാറാക്കുന്ന എണ്ണ കഴിക്കുന്നത് രോഗനിവാരണത്തിന് ഉത്തമമാണെന്ന് നാട്ടുവിശ്വാസമുണ്ട്.

അമ്പലപ്പുഴയിൽ ഭരണിക്കാവ് പള്ളിക്കൽ ക്ഷേത്രത്തിൽ ഭദ്രാസനത്തിൽ നിലകൊള്ളുന്ന ഒരു പ്രതിമ ഉണ്ട്. അത് ബുദ്ധ പ്രതിമയാണ് എന്ന് ഒരു വിഭാഗം ജനങ്ങൾ വിശ്വസിക്കുന്നു. പള്ളിക്കൽ പുത്രച്ചൻ എന്നപേരിൽ ഈ പ്രതിമ അറിയപ്പെടുന്നു. എന്തെങ്കിലും നഷ്ടപ്പെട്ടാൽ അത് തിരികെ ലഭിക്കാൻ 'ചേമ്പ് ചുട്ടു കൊടുക്കുന്ന വഴിപാട്' നടത്താറുണ്ട്. ആദ്യവിളവെടുപ്പിന് അതിൽ ഒരു പങ്ക് പള്ളിക്കൽ പുത്രച്ചന് നൽകാറുണ്ട്. സാധാരണ ജനങ്ങൾ കരിക്ക് കൊണ്ട് ധാര നടത്താറുണ്ട്.

കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെട്ട സ്ഥലമാണ് ഓച്ചിറ. ഇവിടെ പ്രസിദ്ധമായ പരബ്രഹ്മക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഇവിടം ഒരുകാലത്ത് ബുദ്ധ കേന്ദ്രമായിരുന്നുവെന്ന് പണ്ഡിതാഭിപ്രായമുണ്ട്.[5] പൂജ നടത്തുന്ന ആൽത്തറകളിൽ പ്രസാദമായി നൽകുന്നത് ചെളിയാണ്. ചെളിപ്രസാദം രോഗനിവാരണത്തിന് ഉത്തമമാണെന്ന് നാട്ടുകാർ വിശ്വസിക്കുന്നു. ഇഷ്ടകാര്യലബ്ധിക്കായി ഭജനമിരിക്കൽ വഴിപാടും രോഗനിവാരണത്തിനായി ആൾരൂപങ്ങൾ (കൈ, കാൽ) നടയ്ക്ക് വയ്ക്കുകയും ത്വക്ക് രോഗ നിവാരണത്തിനായി 'എട്ടു കണ്ടം ഉരുളിച്ച്' എന്നീ വഴിപാടുകളും നടത്തിവരാറുണ്ട്. ഇവിടത്തെ മണ്ണ് ഔഷധഗുണമുള്ളതാണെന്ന് നാട്ടുകാർ വിശ്വസിക്കുന്നു. ചെങ്ങന്നൂർ താലൂക്കിൽ ബുധനൂരിൽ ഒരു സുബ്രഹ്മണ്യസ്വാമി ക്ഷേത്രം ഉണ്ട്. ഈ ക്ഷേത്രം ബുദ്ധക്ഷേത്രമാണെന്ന് വിശ്വസി ക്കുന്നു. ഇവിടെ 'പട്ടു പറപ്പിക്കൽ ആചാരം' നടത്തിവരാറുണ്ടായിരുന്നു. വീരശൈവ സമുദായക്കാരുടെ തെരഞ്ഞെടുക്കപ്പെട്ട കുടുംബക്കാരായിരുന്നു മഞ്ഞ നിറത്തിലുള്ള വീരാളിപ്പട്ട് പറപ്പിക്കുന്നത്. ഇപ്പോൾ ഈ ചടങ്ങ് നടക്കാറില്ലെങ്കിലും ഈ സമുദായക്കാർ ക്ഷേത്രത്തി ലേക്ക് എണ്ണ നൽകുന്ന പതിവുണ്ട്.

പത്തനംതിട്ട ജില്ലയിൽ പശ്ചിമഘട്ടത്തിന്റെ ഭാഗമായ ശബരിമലയിലാണ് ധർമ്മശാസ്താക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ശാസ്താവ് അഥവാ അയ്യപ്പൻ ഹിന്ദുദേവൻ ആക്കപ്പെട്ട ബുദ്ധനാണെന്നും മുൻപ് ദ്രാവിഡ ദേവനായിരുന്നു എന്നും ചിലർ വിശ്വസിക്കുന്നു. ബുദ്ധമതാനുയായികളുടെ ശരണം വിളിയും അയ്യപ്പ ശരണം വിളിയും തമ്മിലുള്ള സാമ്യം ഈ വാദത്തെ ന്യായീകരിക്കുന്നു. നാട്ടുകാരായ സാധാരണ ജനങ്ങൾ സംഘങ്ങളായി ചേർന്ന് വ്രതാനുഷ്ഠാനത്തോടെ പച്ചരിയും തേങ്ങയും നെയ്യും ഉപ്പും കുരുമുളകും ചേർത്ത് നിവേദ്യങ്ങളുമായി ക്ഷേത്ര വിഹാരങ്ങളിൽ താമസിച്ചിരുന്ന ബുദ്ധഭിക്ഷകൾക്ക് തീർത്ഥാടനം ചെയ്തു നിവേദ്യം നൽകി അവരുടെ ഉപദേശങ്ങൾ ശ്രവിച്ചു തിരിച്ചു വരുമായിരുന്നു.

ശബരിമലക്ഷേത്രവും കേരളത്തിലെ പല ശാസ്താ- ദുർഗ്ഗാക്ഷേത്രങ്ങളും അഥവാ കാവുകളും ഹൈന്ദവ പരിണാമം പ്രാപിച്ച ആദിദ്രാവിഡ ബുദ്ധക്ഷേത്രങ്ങളാണെന്നാണ് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ അമരസിംഹൻ എന്ന ബുദ്ധപണ്ഡിതൻ സംസ്കൃതത്തിൽ രചിച്ച പര്യായ നിഘണ്ടുവാണ് 'അമരകോശം'. അതിൽ

'ശാസ്താ' ശബ്ദം 'ധർമ്മശാസ്താവ്' ഇവ ബുദ്ധന്റെ പര്യായങ്ങളാണ്. ബുദ്ധപ്രതിഷ്ഠകൊണ്ട് തിരിച്ചറിയപ്പെട്ട സ്ഥലങ്ങളാവാം ശാസ്തമംഗലം, ശാസ്താൻകോട്ട, ശാസ്തവട്ടം എന്നിവ. കേരളത്തിലെ പല സ്ഥലപ്പേരുകളും ബുദ്ധമതവുമായി ബന്ധപ്പെട്ടവയാണ്. കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്ന ഭാവങ്ങളുടെ മൂർത്തിയാണ് മാരൻ. മാരനെ പരാജയപ്പെടുത്തിയ ബുദ്ധനാണ് മരാരി. മാരാരിക്കുളം എന്ന സ്ഥലപ്പേര് ബുദ്ധനുമായി ബന്ധപ്പെട്ടതാണ്. ഓടനാടുമുതൽ തൃക്കാക്കരവരെയുള്ള പ്രദേശത്ത് ഭരണം നടത്തിയിരുന്ന ബുദ്ധമതരാജാവാണ് മാവേലി. അദ്ദേഹത്തിന്റെ ആസ്ഥാനം മാവേലിക്കരയാണെന്നാണ് അറിയപ്പെടുന്നത്.

കേരളത്തിൽ ദൈവങ്ങളുടെ വാസസ്ഥലം കാവ് എന്നറിയപ്പെട്ടു. സസ്യലതാദികളും പക്ഷിമൃഗാദികളും പരിസ്ഥിതിയും മനുഷ്യനുമെല്ലാം ഒത്തുചേർന്ന ആവാസ വ്യവസ്ഥയാണ് കാവ്. ബുദ്ധമതം കേരളത്തിന് നൽകിയ മികച്ച പൈതൃകങ്ങളിലൊന്നാണിത്. വടക്കൻ പാട്ട് കാലത്ത് ക്ഷേത്രങ്ങളെക്കാൾ കാവുകൾക്കായിരുന്നു കേരളത്തിൽ പ്രചാരം എന്നതിന് സംശയമില്ല. ബുദ്ധമതം അംഗീകരിക്കപ്പെട്ട കാലത്ത് ഗൃഹസ്ഥ കുടുംബങ്ങൾ വീട്ടുപറമ്പുകളിൽ വൃക്ഷലതാദികൾ വളർത്തുകയും ബുദ്ധഭിക്ഷുക്കളെയും ഭിക്ഷുണികളെയും ക്ഷണിച്ചുവരുത്തി വിശ്രമസൗകര്യം നൽകുകയും ചെയ്തിരുന്നു. ബ്രാഹ്മണാധിപത്യം ഈ സമ്പ്രദായം അവസാനിപ്പിച്ചു.

വാസ്തുവിദ്യ കപിലവസ്തുവിൽ നിന്ന് ഇവിടെ എത്തിയ ബൗദ്ധരായ ആശാരിമാരാണ് നടപ്പിലാക്കിയത്. തച്ചുശാസ്ത്രത്തിന് വാസ്തുവിദ്യ എന്നു പേരുണ്ട്. എൻ. ബി. കൃഷ്ണവാര്യരുടെ അഭിപ്രായത്തിൽ കേരളീയരുടെ ആദ്യത്തെ പാഠപുസ്തകം ആയിരുന്ന 'വലിയ സിദ്ധരൂപം' നിർമ്മിക്കപ്പെട്ടിട്ടുള്ളത് ബുദ്ധ കൃതിയായ രൂപാവതാരം എന്ന വ്യാകരണത്തെ അടിസ്ഥാനമാക്കി യാണ്. സംസ്കൃതത്തിലെ അമരകോശം ബൗദ്ധകൃതിയാണ്. ബുദ്ധമതം കേരളത്തിന് നൽകിയ മഹത്തായ സംഭാവന സാർവ്വത്രികമായ വിദ്യാദാനമാകുന്നു.

ഉപസംഹാരം

ബൗദ്ധപാരമ്പര്യത്തിന്റെ ഭാഗമെന്ന് കരുതപ്പെടുന്ന കേരളീയാചാരങ്ങൾ ലോകാചാരങ്ങളാണ്. ബുദ്ധമതം കേരളത്തിൽ നിന്നും അകറ്റാൻ ശ്രമിച്ചെങ്കിലും അതിന്റെ ശാശ്വതമുദ്രകൾ കേരളത്തിൽ ഇന്നും പതിഞ്ഞു കിടക്കുന്നു. ബുദ്ധമതത്തിൽ മഹായാനത്തിന്റെ ഉദയത്തോടുകൂടി ആചാരാനുഷ്ഠാനങ്ങളും വിഗ്രഹാരാധനയും ആരംഭിച്ചു. ജൈനർ ഈശ്വരനെ അംഗീകരിച്ചിരുന്നില്ലെങ്കിലും തീർത്ഥങ്കരന്മാരുടെ പ്രതിമ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു പൂജിക്കുമായിരുന്നു. ദേവീക്ഷേത്രത്തിലെ താലപ്പൊലി, ആറാട്ട്, കെട്ടുകാഴ്ച, രഥോത്സവങ്ങൾ, ആനയെ കോലം കെട്ടി എഴുന്നള്ളിച്ചുകൊണ്ടുള്ള ഉത്സവ രീതി എല്ലാം ബുദ്ധമതം നടപ്പിലാക്കിയവയാണ്. പുണ്യദിനങ്ങളിലെ സസ്യാഹാരം, മഞ്ഞ മുണ്ടുടുക്കൽ എന്നിവ ബൗദ്ധാചാരങ്ങളുടെ അവശിഷ്ടങ്ങളാണ്. ബുദ്ധമത സംബന്ധിയായി നിലനിൽക്കുന്ന ആചാരങ്ങൾക്കും വഴിപാടുകൾക്കും നിയമപരമായ ചിട്ടയില്ല. മറ്റെല്ലാ നാട്ടറിവു പോലെയും വൈവിധ്യം നിറഞ്ഞതാണിതും.

കുറിപ്പുകൾ

1. *ധർമ്മപദം* (വിവ:.), മാധവൻ അയ്യപ്പത്ത്, കറണ്ട് ബുക്ക്സ്, തൃശൂർ, 2000, പുറം. 63.

2. *കേരള ചരിത്രശില്പികൾ*, എ. ശ്രീധരമേനോൻ, ഡി. സി. ബുക്സ്. കോട്ടയം, 2007, പുറം. 39.

3. അതേ പുസ്തകം, പുറം 41.

4.*ഫോക്ലോർ പാഠങ്ങൾ പാഠനങ്ങൾ*, ഡോ. അജു കെ. നാരായണൻ, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2001, പുറം. 83.

5. അതേ പുസ്തകം, പുറം 83.

പാഞ്ചാലീസ്വയംവരം ഊഞ്ഞാൽപ്പാട്ട്: ഹസ്തലിഖിതത്തിന്റെ പാഠവിശകലനം

ജിബി പി.

പ്രബന്ധസംഗ്രഹം

കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ സൂക്ഷിക്കുന്ന അപ്രകാശിത ഗ്രന്ഥമാണ് CO-2339 നമ്പറിലുള്ള 'പാഞ്ചാലീസ്വയംവരം ഊഞ്ഞാൽപ്പാട്ട്'. നാടോടിവിജ്ഞാനീയത്തിലെ മൃതഫോക്ലോർ എന്ന വിഭാഗത്തിലുൾപ്പെടുത്താവുന്ന കൃതിയാണിത്.

താക്കോൽവാക്കുകൾ

ഊഞ്ഞാൽപ്പാട്ട്, മൃതഫോക്ലോർ, പാഞ്ചാലീസ്വയംവരം, സുന്ദരീകല്യാണം.

നാടൻപാട്ടുകൾ ഏറെയും വാമൊഴിയായാണ് പ്രചരിക്കപ്പെട്ടിരുന്നത്. എന്നാൽ ചില വ്യക്തികളെങ്കിലും പാട്ടുകൾ വരമൊഴിയായി സൂക്ഷിക്കുന്നതിനു ശ്രമിച്ചിരുന്നു. അത്തരം പരിശ്രമങ്ങൾ താളിയോല, കരിമ്പനയോല, കടലാസ് തുടങ്ങിയവയിൽ നിന്ന് കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവയിൽ തന്നെ പലതും അപ്രകാശിതങ്ങളാണ്. ഇന്നും സംരക്ഷിക്കപ്പെടുന്ന ഇത്തരം ഗ്രന്ഥങ്ങളിൽ ഒന്നാണ് 'പാഞ്ചാലീ സ്വയംവരം ഊഞ്ഞാൽപ്പാട്ട്'.

താളിയോലയിൽ വിരചിതമായ കൃതിയാണ് പാഞ്ചാലീ സ്വയംവരം ഊഞ്ഞാൽപ്പാട്ട്. ഓണം, വിഷു തുടങ്ങിയ ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന വായ്ത്താരികൾ ചേർത്തുള്ള ഊഞ്ഞാൽപ്പാട്ടുകളിൽ നിന്നും തീർത്തും വ്യത്യസ്തമാർന്ന തരത്തിലാണ് പാഞ്ചാലീസ്വയംവരം ഊഞ്ഞാൽപ്പാട്ട് രചിച്ചിരിക്കുന്നത്. വിവാഹത്തോടനുബന്ധിച്ച് പാടിപതിഞ്ഞ പാട്ടുകളാണ് ഈ കൃതിയുടെ ഇതിവൃത്തം.

ഇതൊരു ഊഞ്ഞാൽപ്പാട്ടാണെന്ന് താളിയോലഗ്രന്ഥത്തിലെവിടെയും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കാറ്റലോഗിൽ ഗ്രന്ഥത്തിനെ പാഞ്ചാലീസ്വയംവരം ഊഞ്ഞാൽപ്പാട്ട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൃതിയുടെ പൂർണ്ണരൂപം പകർപ്പിലുണ്ട്. മഹാഭാരതം ആദിപർവ്വത്തിലെ പാഞ്ചാലീസ്വയംവരമാണ് കൃതിയിലെ പ്രമേയം. 64 ലീഫിലായി എഴുതിയിരിക്കുന്നു. ഒരു ലീഫിന്റെ രണ്ട് ഭാഗത്തും എഴുതിയിട്ടുണ്ട്. ഓരോ ഓലയ്ക്കും 18.5 സെ.മീ നീളവും 3.5 സെ.മീ വീതിയുമുണ്ട്. മിക്ക ഓലകളിലും 8 വരി വീതമുണ്ട്. ഓരോ വരിയിലും ശരാശരി 20 അക്ഷരങ്ങളാണുള്ളത്. ഗ്രന്ഥസംഖ്യ 640. ആധുനികമലയാളലിപിക്ക് മുൻപുള്ള മലയാളലിപിയാണ് ഇതിലുപയോഗിച്ചിരിക്കുന്നത്. എന്നാൽ കോലെഴുത്ത് കാലത്തോളം ഇതിന് പഴക്കവുമില്ല.

സംസ്കൃതവും മലയാളവും ചേർന്ന സങ്കരഭാഷയാണിതിൽ ഉപയോഗിച്ചിരിക്കുന്നത്. ദേശ സൂചനയൊന്നും തന്നെ കൃതിയിൽ പ്രത്യക്ഷപ്പെടുന്നില്ല.

പതിന്നാല് വൃത്തങ്ങളിലായാണ് കൃതി നിബന്ധിച്ചിരിക്കു ന്നത്. ആദ്യ ഭാഗങ്ങളിൽ പാഞ്ചാലീസ്വയംവര കഥയും പിന്നീട് സുന്ദരീകല്യാണ കഥയും പറയുന്ന തരത്തിലാണ് കൃതി രചിച്ചിട്ടുള്ളത്. പാഞ്ചാലീസ്വയംവര കഥയും സുന്ദരീകല്യാണ കഥയും പറയുന്നതിനാൽ വിവാഹവുമായി ബന്ധപ്പെട്ട ചടങ്ങിന്റെ ഭാഗമായി ചൊല്ലിയിരുന്നവയാണ് ഈ ഊഞ്ഞാൽപ്പാട്ട് എന്ന് സാമാന്യേന പറയാം.

കവിയുടെ ഭാവനയ്ക്ക് അനുയോജ്യമായ രീതിയിൽ പുരാണത്തിൽ നിന്നും വ്യതിയാനങ്ങൾ വരുത്തിയാണ് പാട്ട് രചിച്ചിരി ക്കുന്നത്. ഗണപതി സ്തുതിയോടെ ആരംഭിക്കുന്ന ഊഞ്ഞാൽപ്പാട്ട് സ്വയംവര ഒരുക്കങ്ങൾ വിവരിക്കുന്നിടത്ത് അവസാനിക്കുന്നു. സവിശേഷമാർന്ന ചില ലിപി രൂപങ്ങൾ ഇതിലുണ്ട്.

ഉദാ: ത്വ (ത് + വ) എന്നതിനെ 'ത്വ' എന്ന് കൂടി എഴുതിയിരിക്കുന്നു.

വാക്കുകൾ സന്ധി ചെയ്യുമ്പോൾ പലയിടത്തും ഇന്നത്തെ ലിപി പോലെയുള്ള കൂട്ടിച്ചേർക്കലുകളല്ല ഉള്ളത്.

ഉദാ: സൗഖ്യമോടെ - സൗഖ്യം മൊടെ

പാഞ്ചാലീസ്വയംവര കഥ പറയുന്നിടത്ത് 5 വൃത്തവും സുന്ദരീ കല്യാണ കഥാഭാഗത്ത് 9 വൃത്തവും ഉപയോഗിച്ചിരിക്കുന്നു. വൃത്താടിസ്ഥാനത്തി ലുള്ളതാണെങ്കിലും ചിലയിടത്ത് വൃത്തഭംഗം വന്നിരിക്കുന്നു. ആ ഭാഗങ്ങളിൽ സന്ദർഭാനുസരണമുള്ള വാക്കുകൾ ചേർത്തുവെച്ച് താളാത്മകത നിലനിർത്തിയിട്ടുണ്ട്.

ദ്രാവിഡ വൃത്തങ്ങളായ നതോന്നത, കേക, മഞ്ജരി തുടങ്ങിയവ ഉപയോഗിച്ചിട്ടുണ്ട്.

നതോന്നതയ്ക്ക് ഉദാ :

ഉത്തമനാം വൃകോദര പുത്രനാകും ഘടോൽകചൻ
ഇന്ദ്രലോകം ഗമിപ്പാനിന്നിവനും പോരും
ഊഴി തന്നിലഴകേറും ഭാമതന്റെ തനുജയാം
കോമളാംഗി സുന്ദരിയെ വേൾപ്പതിന്നായി.

കേകയ്ക്ക് ഉദാ:

വിപ്രജാതി സർപ്പജനം ഒക്കെയും നിറഞ്ഞു
മണ്ണിലുള്ള മന്നവന്മാർ യോഗമോടെ വന്നു
ഭൂപതിതാൻ ചെന്നങ്ങതിരേറ്റു കൊണ്ടുവന്നു
രത്നമണി മഞ്ചം തന്നിൽ മോദമോടിരുത്തി.

മഞ്ജരിക്ക് ഉദാ:

ദന്ധി വദനനാം ചെന്താർ ശരാരിക്കും

പന്തണി കൊങ്കയാൾ വാണിമാതും

ചെന്താമരേക്ഷണൻ വിഷ്ണു ഭഗവാനും

സന്തതമെൻ ഗുരുനാഥൻ താനും.

അർത്ഥാലങ്കാരങ്ങളും ശബ്ദാലങ്കാരങ്ങളും പ്രയോഗിക്കുന്നതായി കാണാം. അർത്ഥാലങ്കാരങ്ങളേക്കാൾ കൂടുതൽ ശബ്ദാലങ്കാരങ്ങളാണ് പാട്ടിലുള്ളത്. ഉപമ പോലുള്ള അർത്ഥാലങ്കാരങ്ങളും ആദിപ്രാസം, അന്ത്യപ്രാസം, ദ്വിതീയാക്ഷരപ്രാസം എന്നിങ്ങനെയുള്ള ശബ്ദാലങ്കാര ങ്ങളും പാട്ടിലുണ്ട്.കല്യാണവുമായി ബന്ധപ്പെട്ട ഭാഗങ്ങളെ വർണ്ണി ക്കുന്നതിന് ഊഞ്ഞാൽപ്പാട്ടിൽ പ്രാധാന്യം നൽകികാണുന്നു.

പഴയകാല കല്യാണാഘോഷങ്ങളെ പഠിക്കാൻ ഉപാദാന സ്വീകാര്യമാക്കാവുന്ന പാഞ്ചാലീസ്വയംവരം ഊഞ്ഞാൽപ്പാട്ടുകൾ പോലെയുള്ള പാട്ടുകൾ മലയാള സാഹിത്യചരിത്രത്തിൽ രേഖപ്പെടു ത്തേണ്ടതുണ്ട്.

ഗ്രന്ഥസൂചി

1. ഗോവിന്ദപ്പിള്ള സി.പി, മലയാളത്തിലെ പഴയപാട്ടുകൾ, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് കേരള സർക്കാർ, തിരുവനന്തപുരം, 2004.
2. ചന്ദ്രശേഖരൻപിള്ള എം.പി, മഹാഭാരതം ഗദ്യാഖ്യാനവും കിളിപ്പാട്ടും, യൂണിവേഴ്സൽ പ്രസ്& പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2015.
3. മാണി വെട്ടം, പുരാണിക് എൻസൈക്ലോപീഡിയ, കറൻറ് ബുക്സ്, കോട്ടയം, 1995.
4. രാഘവൻ പയ്യനാട്, ഫോക്ലോർ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
5. രാഘവൻപിള്ള, പാട്ടുകൾ, ഓറിയൻറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ് ലൈബ്രറി, തിരുവനന്തപുരം, 1968.
6. രാമവർമ അപ്പൻ തമ്പുരാൻ, ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, മാതൃഭൂമി, കോഴിക്കോട്, 1987.
7. വിഷ്ണുനമ്പൂതിരി എം.വി, നാടൻ പാട്ടുകൾ മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.
8. സോമൻ പി, ഫോക്ലോർ സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007.

ആണധികാരവിമർശനം - നമ്പ്യാർക്കൃതികളിൽ

ഡോ. ദൃശ്യാ ഗോപി

പ്രബന്ധസംഗ്രഹം

പുരാണകഥകളുടെ അനുവാദനങ്ങളായിരുന്നു, തുള്ളൽക്കൃതികളെങ്കിലും, പതിനെട്ടാം നൂറ്റാണ്ടിലെ കേരളീസാമൂഹികജീവിതത്തിൽ നിലനിന്നിരുന്ന അധികാരഘടനകളെ (ബ്രാഹ്മണവ്യക്തിത്വങ്ങൾ/ നാടുവാഴിത്തമ്പുരാക്കൾ/ ഗാർഹികപുരുഷൻമാർ) ദൃശ്യപ്പെടുത്തുക എന്നതായിരുന്നു, അവയുടെ ലക്ഷ്യം. ഗാർഹികവ്യവസ്ഥയിലെ ആൺകോയ്മയെ വിമർശിക്കുന്നതിനോടൊപ്പം തന്നെ സംബന്ധസമ്പ്രദായത്തിന്റെ നികൃഷ്ടതയെയും കുഞ്ചൻ നമ്പ്യാർ സമർത്ഥിക്കുന്നു.

താക്കോൽവാക്കുകൾ

കുഞ്ചൻ നമ്പ്യാർ-പതിനെട്ടാം നൂറ്റാണ്ടിലെ കേരളം-ആണധികാരവിമർശനം-സംബന്ധസമ്പ്രദായം

ചൊല്ലുന്ന നൃപതിക്ക് തല്ലുന്ന സചിവന്മാർ
തല്ലുന്ന നൃപതിക്ക് കൊല്ലുന്ന സചിവന്മാർ
കൊല്ലുന്ന നൃപതിക്ക് തിന്നുന്ന സചിവന്മാ-
രെല്ലാരുമിങ്ങിനെ തന്നെ ചൊല്ലുന്നു മതിമാന്മാർ
ക്രൂരനാമസുരന്റെ കാര്യക്കാരവരേറ്റം
ക്രൂരന്മാർ പല മീശക്കൊമ്പൻമാരൊരു പോലെ

കുഞ്ചൻ നമ്പ്യാരുടെ ത്രിപുരദഹനം പറയൻ തുള്ളലിലെ വരികളാണിവ. (2000 : 111) ഭാഗവതം സപ്തമസ്കന്ദത്തിലെ കഥയാണ് ത്രിപുരദഹനം. സർവ്വലോകവും തങ്ങളുടെ സർവ്വാധികാരത്തിലാകണം എന്നാഗ്രഹിക്കുന്ന താരകാക്ഷന്റെയും കമലാക്ഷന്റെയും വിദ്യുന്മാലിയുടെയും കഥയാണത്. നമ്പ്യാർ പറഞ്ഞതെല്ലാം പുരാണകഥകളായിരുന്നു. പക്ഷേ പുരാണകഥ പറഞ്ഞ് ജനതയ്ക്ക് ആത്മീയമോക്ഷം നൽകുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കുഞ്ചൻ നമ്പ്യാർ തന്റെ കാലഘട്ടത്തിലെ കേരളചരിത്രത്തെയാണ്, കേരളചരിത്രത്തിലെ അധികാരരൂപങ്ങളെക്കുറിച്ചാണ് പുരാണകഥകളിലൂടെ ആരാഞ്ഞത്. കൊല്ലുന്ന രാജാക്കന്മാരിലൂടെയും തിന്നുന്ന മന്ത്രിമാരിലൂടെയും ക്രൂരരും ചുങ്കക്കാരുമായ കാര്യക്കാരിലൂടെയും കർഷകരുടെ അധ്വാനഫലം അപഹരിക്കുന്ന ജന്മിമാരിലൂടെയും നാടുവാഴിത്തകാല കേരളത്തെ നമ്പ്യാർ വായിച്ചു. നാടുവാഴികളെ നമ്പ്യാർ ഇപ്രകാരം വിവരിക്കുന്നു -

കപ്പം തരണം കാലം തോറും
വിളവിൽ പാതി നമുക്ക് തരേണം
മുളകു സമസ്തവുമേൽപ്പിക്കേണം
തെങ്ങു കവുങ്ങുകൾ മാവും പ്ലാവും
എങ്ങുമെനിക്കിഹ കണ്ടെഴുതേണം –
(കാർത്തവീര്യാർജ്ജുനവിജയം തുള്ളൽ; 2000 : 626)

പൊതുമണ്ഡലത്തിലെ അധികാരരൂപങ്ങൾക്കൊപ്പം ഗാർഹിക മണ്ഡലത്തിലെ അധികാരരൂപങ്ങളും നമ്പ്യാരുടെ പ്രമേയങ്ങളായി. സാമൂഹിക ഉല്പാദനബന്ധങ്ങളിൽ രൂപപ്പെടുന്ന അധികാരഘടനയ്ക്കും തന്മൂലമുണ്ടാകുന്ന കീഴാളഹിംസയ്ക്കും സമാനമായ ഘടന പ്രത്യുല്പാദനമണ്ഡലങ്ങളിലും രൂപപ്പെടുന്നുവെന്ന് നമ്പ്യാർക്കൃതികൾ തെളിവുനൽകുന്നു. ജാതിഘടനയിൽ മേൽശ്രേണിയിലിരിക്കുന്ന ബ്രാഹ്മണർ, രാജാക്കന്മാർ, കാര്യക്കാർ എന്നീ അധികാരരൂപങ്ങൾ ഗാർഹികമണ്ഡലത്തിൽ അധികാരപുരുഷരൂപങ്ങളായി പ്രത്യക്ഷപ്പെടുന്നുവെന്ന് നമ്പ്യാർ വിവരിച്ചു

പുരുഷന്മാരുടെ താന്തോന്നിത്തത്തിൽ അടിമയായി പോകേണ്ടിവരുന്നതിന്റെയും പൂർണ്ണമായും പുരുഷനിൽ വിധേയമാകേണ്ടിവരുന്ന സ്ത്രീയുടെയും ആവിഷ്കാരമാണ് ശീലാവതീചരിതം ഓട്ടൻതുള്ളൽ. ശീലാവതിയുടെ പാതിവ്രത്യവും അവളനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളും നാടുവാഴിത്ത ആണധികാരവ്യവസ്ഥയുടെ ഉൽപ്പന്നമായാണ് നമ്പ്യാർ വീക്ഷിക്കുന്നത്. ശീലാവതിയുടെ ഭർത്താവ് ഉഗ്രശ്രവസ്സ് അധമനും വിടനുമായിരുന്നു. ശീലാവതി പക്ഷേ ഭർത്താവിനെ ദൈവമായി കണ്ടു. ഉഗ്രശ്രവസ്സിന് കുഷ്ഠരോഗം പിടിപെട്ടു. ശീലാവതി അന്നുമുതൽ ബ്രാഹ്മണഭവനങ്ങളിൽ ഭിക്ഷ യാചിച്ച് ഭർത്താവിനെ പോറ്റി പുലർത്തിക്കൊണ്ടിരുന്നു. ത്യാഗശീലയായ അവൾ ഭർത്താവിനെ തോളിലെടുത്തുകൊണ്ടു നടന്നു. ഒരു ദിവസം ഭിക്ഷാടനത്തിനായി പോയ അവർ ഇരുവരും ഒരു മാളികയുടെ മുന്നിലെത്തി. ഉഗ്രശ്രവസ്സിന് ആ മാളികയിൽ വസിക്കുന്ന വേശ്യയുമായി സംഗമിക്കണമെന്ന് ഭാര്യയോട് അഭ്യർത്ഥിച്ചു. വേശ്യയുമായുള്ള സംഗമം സാധിച്ചുകൊടുക്കണമെന്ന് പല പ്രകാരം അപേക്ഷിച്ചപ്പോൾ ശീലാവതി ഭർത്താവിനെ തോളിലെടുത്ത് രാത്രി വേശ്യാഗൃഹത്തിലേക്ക് പോയി. ഇരുട്ടിൽ അവൾ തപ്പിത്തടഞ്ഞു, വള്ളികളിൽ കാലുതട്ടിവീണു. വഴിമധ്യേ മാണ്ഡവ്യമുനിയുടെ കാലിൽ ഉഗ്രശ്രവസ്സിന്റെ ശിരസ്സു മുട്ടുകയും കോപാകുലനായ മുനി നാളെ സൂര്യനുദിക്കുന്നതിനുമുമ്പ് നീയമപുരി പൂകട്ടെയെന്ന് ശപിക്കുകയും ചെയ്തു. ശാപമോക്ഷത്തിനായി ശീലാവതി പ്രാർത്ഥിക്കുന്നതും സൂര്യഭഗവാൻ പിറ്റേന്ന് ഉദിക്കാതിരിക്കുകയും അതുമൂലമുണ്ടാകുന്ന സംഭവങ്ങളുമാണ് ശീലാവതീചരിതം തുള്ളലിലെ കഥാസാരം.

ഇവിടെ ശീലാവതിയുടെ ഭർത്താവായ ഉഗ്രശ്രവസ്സ് ബ്രഹ്മാവിന് അനസൂയയിൽ ജനിച്ച പുത്രൻ സുതപസ്സിന്റെ മകനാണ്. ദൈവപുത്രരെന്ന് കണക്കാക്കുന്ന മുനിമാരുടെ ദിവ്യത്വം ഹിംസാത്മകമെന്നാണ് നമ്പ്യാർ പറയുന്നത്. മഹർഷിയാകുന്നതിലല്ല മനുഷ്യനാകുന്നതിലാണ്

നമ്പ്യാർ മൂല്യം കാണുന്നത്. മഹർഷിമാരുടെയും ബ്രാഹ്മണരുടെയും ഉപദേശവും ജീവിതവും കണ്ട് ശീലിച്ചാൽ അത് പെരുവഴിയാണെന്ന് നമ്പ്യാർ പറയുന്നു.

ആശാനക്ഷരമൊന്നു പിഴച്ചാൽ
അമ്പത്തൊന്നു പിഴക്കും ശിഷ്യനു
.....
അണിയക്കാരുടെ തണ്ടുകൾ തെറ്റും
കാര്യക്കാരൻ കളവു തുടർന്നാൽ
കരമേലുള്ളവർ കട്ടുമുടിക്കും
മാമുനികുലവരരാകിന നിങ്ങടെ
മാനസതാരിലിതൊന്നും നഹി നഹി

(ശീലാവതീചരിതം ഓട്ടൻതുള്ളൽ, 2000 : 505)

പുരുഷന്റെ സമൂഹത്തിൽ സ്ത്രീക്ക് സ്ഥാനമില്ല, സ്ത്രീ പുരുഷനെ ലംഘിക്കുന്നത് ശാസ്ത്രവിരുദ്ധവും വേദവിരുദ്ധവുമാണ്. നാടുവാഴിത്ത ലോകം പുരുഷകേന്ദ്രീകൃതമാണ്. പുരുഷാധികാരലോകത്ത് സ്ത്രീ അബലയും അധികാരരഹിതയുമാണ്. പുരുഷൻ ബലവാനും അധികാരിയുമാണ്. സ്ത്രീക്ക് വേണ്ടുന്ന പരമോന്നതമായ സുഖവും ആഗ്രഹവും ലൈംഗികത മാത്രമാണെന്ന് പുരുഷൻ കരുതുന്നു. ഇത് ആണധികാര ലോകത്തിന്റെ കാഴ്ചയാണ്. ചാരിത്ര്യം, പാതിവ്രത്യം എന്നിവ ഇങ്ങിനെയാണ് നിർമ്മിക്കപ്പെടുന്നത്. ഈ പൊതുബോധത്തെ നമ്പ്യാർ തലകീഴായി മറിച്ചിടുന്നുമുണ്ട്. നാലും അഞ്ചും ഭർത്താക്കന്മാരെ ഒരുമിച്ച് അനുഭവിക്കുന്ന പാഞ്ചാലിയും പാഞ്ചാലിയുടെ പൂർവ്വജന്മത്തിലെ നാളായണിയും ഇതിന് ഉദാഹരണങ്ങളാണ്. മധ്യകാല കേരളത്തിന്റെ അധികാരവ്യവസ്ഥിതിയും നാടുവാഴിത്തവുമാണ് പുരുഷാധിപത്യലോകമുണ്ടാക്കിയത്. പാതിവ്രത്യശുദ്ധി എന്നിവ സ്ത്രീക്ക് പുരുഷനോടുള്ള വിധേയത്വത്തിന്റെ ഭാഗമാണ്. സമ്പത്ത് കേന്ദ്രീകരിക്കപ്പെടുത്തുന്നതിനും സ്വത്തിന്റെ നിലനിൽപ്പിനും വേണ്ടിയുള്ള അധികാരബുദ്ധിയാണ് ഇതിന്റെ മറ്റൊരു കാരണം.

നളരാജാവിന് പ്രണയസന്ദേശവുമായി ആകാശസഞ്ചാരം നടത്തുന്ന ഹംസം ഭൂമിയിൽ കാണുന്ന ദേശം കേരളം തന്നെയാണ്. അവിടത്തെ വീടുകളിൽ വിശന്നു വലഞ്ഞുവരുന്ന നായർ ചൂടുവെള്ളം കൊണ്ട് കുട്ടികളെ പൊള്ളിക്കുന്നതും കിട്ടിയ വടികൊണ്ട് ഭാര്യയെ തല്ലുന്നതുമൊക്കെ ആ പക്ഷി കാണുന്നു. ഉപരിവർഗ്ഗകുമാരന്റെ പ്രണയസന്ദേശം ആകാശമാർഗ്ഗം സഞ്ചരിക്കുമ്പോൾ താഴെ ഭൂഗൃഹങ്ങളിലെ കുട്ടികളും സ്ത്രീകളും പൊള്ളലേറ്റും മർദ്ദനമേറ്റും പിടയുന്നു എന്നാണ് നമ്പ്യാർ പറഞ്ഞത്. ഉപരിവർക്ഷകുമാരന്റെ കാല്പനിക പ്രണയത്തിന്റെ മറുപുറം ആണധികാരഹിംസയാണ്. വ്യവസ്ഥ മഹത്വവൽക്കരിച്ച മൂല്യബോധങ്ങളെയും വീരരൂപങ്ങളെയും മറിച്ചിട്ടുകൊണ്ടാണ്, അവയുടെ മറുപുറം വിശദീകരിച്ചുകൊണ്ടാണ് സാമൂഹികയാഥാർത്ഥ്യങ്ങളുടെ മൗലികരൂപം കണ്ടെത്തുന്ന കലയായി നമ്പ്യാർ തുള്ളലിനെ

ഒരുക്കിയത്. വ്യവസ്ഥാനിഷേധ ഹാസ്യമായിരുന്നു, അതിന്റെ ഉപാദാന സാമഗ്രി. നാടുവാഴിത്ത കാലകേരള ത്തിലെ ബ്രാഹ്മണഭക്തിക്കും രാജഭക്തിക്കുമെതിരെ, ജാതിഘട നയ്ക്കെതിരെ, ആണത്തഘോഷത്തി നെതിരെ തുള്ളൽ പ്രസ്ഥാനം സമരസന്നദ്ധമാകുന്നതങ്ങനെയാണ്.

നായർ വിശന്നു വലഞ്ഞുവരുമ്പോൾ
കായകഞ്ഞിയ്ക്കരിയിട്ടില്ല;
ആയതുകേട്ടു കലമ്പിച്ചെന്ന-
ങ്ങായുധമുടനേ കാട്ടിലെറിഞ്ഞു
ചുട്ടുതിളയ്ക്കും വെള്ളമശേഷം
കുട്ടികൾതന്നുടെ തലയിലൊഴിച്ചു
കെട്ടിയ പെണ്ണിനെ മടികൂടാതെ
കിട്ടിയ വടികൊണ്ടൊന്നു പിടച്ചു
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലുവലിച്ചു കിണറ്റിൽ മറിച്ചു
ചിരവയെടുത്തഥ തീയിലെരിച്ചു
അരകല്ലങ്ങുകുളത്തിലെറിഞ്ഞു
അതുകൊണ്ടരിശംതീരാഞ്ഞവനാ-
പ്പുരയുടെ ചുറ്റും മണ്ടിനടന്നു

(നളചരിതം ഓട്ടൻ തുള്ളൽ, 2000 : 232)

സത്യാസ്വയംവരം ഓട്ടൻതുള്ളലിൽ ആണുങ്ങൾ വീട്ടിൽ വരു മ്പോൾ ഉണ്ടാകുന്ന കോലാഹലങ്ങളെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

കച്ച വലിച്ചതു തീയിലെരിച്ചും
കൊച്ചിനെ വന്നു പിടിച്ചുവലിച്ചും
കൈക്കുപിടിച്ചും തമ്മിലടിച്ചുമ-
ടുക്കളപുക്കു കലങ്ങളുടച്ചും
തക്കത്തിൽ ചില കടിപിടികൂടി
ഉച്ചത്തിൽ ചിലർ കൂകുവിളിച്ചും
കോയിക്കൽ ചെന്നങ്ങറിയിച്ചു
സ്ഥായിക്കാർ ചിലരെന്നേ വേണ്ടു
കാര്യക്കാരതു കേട്ടുടനേ നാ-
ലാര്യപട്ടൻന്മാരെയയച്ചു;
പട്ടൻമാർ വന്നെന്നുടെ വീട്ടിൽ
തൊട്ടതശേഷം തച്ചുമുടക്കി;

(സത്യാസ്വയംവരം ഓട്ടൻതുള്ളൽ, 2000 : 364)

ദൈനംദിന ജീവിതത്തിൽ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ദുരി താവസ്ഥകളാണിത്. നായർ വിശന്നു വലഞ്ഞുവരുമ്പോൾ ഭക്ഷണം ഇല്ലെ

ങ്കിൽ വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും കുട്ടികളെ ഉപദ്രവിക്കുകയും ചെയ്യുന്നതും മർദ്ദിക്കുന്നതും ആൺമേൽകോയ്മയുടെ ഭാഗമാണ്. പ്രാചീന കേരളത്തിൽ ഗാർഹികസ്ത്രീകൾ നേരിട്ടിരുന്ന ഗാർഹികപീഡനത്തിന്റെ വിവരണമാണിത്.

പടവന്നിങ്ങു കരേറി നമ്മുടെ
വടിയിങ്ങോട്ടെടു കുഞ്ഞിപ്പെണ്ണേ!
വടി ഞാനിവിടെക്കണ്ടില്ലെന്നും-
പിടലിക്കൊന്നു തരുന്നുണ്ടെന്നും
പുടവയുടുത്തു ഞെളിഞ്ഞു നടന്നാ-
ലുടലു മുറിഞ്ഞു മരിക്കുമിതെന്നും
കെട്ടിയ പന്തലിൽ വന്നൊരു ദുഷ്ടൻ
കട്ടിക്കവണി മുറിച്ചു നമുക്കു
കഷ്ടമൊരുത്തനൊടൊന്നു പറഞ്ഞാൽ
പെട്ടന്നടികൂട്ടീടും തടിയൻ
വീട്ടിനകത്തൊരു പുരുഷൻ വന്നാൽ
വെട്ടുവതിന്നും മടിയില്ലെന്നും
ഒട്ടല്ലിങ്ങിനെ പാടുപെടുന്നതി -
നറ്റമതില്ല പറഞ്ഞെന്നാകിൽ

(ബാണയുദ്ധം ഓട്ടൻതുള്ളൽ, 2000 : 454)

മർദ്ദനത്തിനും കൊലപാതകത്തിനും ഇരയാകേണ്ടിവരുന്ന കേരളീയ ഗാർഹികസ്ത്രീയുടെ വിവരണമാണിത്. പുരുഷൻ അധികാരരൂപിയും സ്ത്രീ കീഴാളജീവിയുമാകുന്ന ഗാർഹികസംവിധാനം കുരുതിക്കളത്തിന് സമാനമായി തീരുന്നുവെന്നതാണ് നമ്പ്യാർ വിവരിക്കുന്നത്.

കൃഷ്ണൻ അതിമാനുഷനാണെങ്കിലും പതിനാറായിരത്തിയെട്ടു ഭാര്യമാരെ സംതൃപ്തരാക്കുന്ന കൗശലം എന്താണെന്ന് നാരദമഹർഷിക്ക് സംശയമുണ്ടാകുന്നു. ഒരു ദിവസം ഒരുവളോട് സംഗമിച്ചതിനുശേഷം രണ്ടാംകുറിയിൽ അവിടെ വരുമ്പോൾ അവൾ കണ്ടാൽ അറിയാത്ത തരത്തിൽ വൃദ്ധയായിട്ടുണ്ടാവും. ഒരു ഗൃഹത്തിൽ ഒരുവളോടൊത്ത് കട്ടിലിൻമേലിരിക്കുകയും അതേ കൃഷ്ണൻ തന്നെ മറ്റൊരുവളുമായി ചതുരംഗം കളിക്കുകയും വേറൊരു ഗൃഹത്തിൽ മറ്റൊരു സ്ത്രീയുമായി ശയിക്കുകയും ചെയ്യുന്നു. നാരദൻ എവിടെ ചെന്നാലും കൃഷ്ണൻ ഓരോ സുന്ദരിമാരോടൊത്ത് കാമരസങ്ങളിൽ ഏർപ്പെടുന്നു.

പതിനെട്ടാം നൂറ്റാണ്ടിലെ കേരളചരിത്രത്തിലെ നായർ-നമ്പൂതിരി ബന്ധം നിലനിർത്തിയ ഘടകങ്ങളിലൊന്ന് സംബന്ധസമ്പ്രദായമാണ്. പുരാണ കഥകളിലെ ബഹുസ്ത്രീ-ബഹുപുരുഷബന്ധങ്ങളെ നമ്പ്യാർ ബന്ധിപ്പിക്കുന്നത് ഈ സംബന്ധസമ്പ്രദായവുമായിട്ടാണ്.

പ്രതിദിനമോരോ നാരികളോടും
രതിസുഖമനുഭവമെന്നു വരുമ്പോൾ
ഉഴവില്ലാത്തൊരു പുല്ലു കിളിർത്തൊരു
പഴനിലമെന്നകണക്കേ സ്ത്രീകൾ
ക്കൂഴംവരുവാൻ വളരെക്കാലം
പാഴിലിരുന്നേ മതിയാകുള്ളൂ
മുപ്പതുമെട്ടുമൊരഞ്ചും വർഷം
മാസംപത്തുംദിവസമൊരെട്ടും
അങ്ങുകഴിഞ്ഞാലൊരുദിനമവനൊടു
സംഗമമംഗനമാർക്ക് ലഭിക്കും
രണ്ടാംകുറിവരുമളവേ നാരികൾ
കണ്ടാലാകാതായ്വരുമപ്പോൾ
തണ്ടാർമതിൻ കണവനുമായവൾ
വേണ്ടാതായ് വരുമക്കാലത്ത്;
ആയവൾപെറ്റതു പെണ്ണെന്നാൽ പുന-
രവളും പെറ്റുതുടങ്ങുമതങ്ങനെ
മകളും മകനും മരുമകൾമകനും
വകപലതിങ്ങിനെ തീർന്നാലവിടെ
സുഖമില്ലെന്നും വന്നു ഭവിക്കും
കാളിയമർദ്ദനൻ വളരെ സ്ത്രീകളെ
വേളികഴിച്ചതു ചിതമായില്ല;
കേളിക്കും സുഖമല്ലീ സ്ത്രീകളെ
ലാളിക്കുന്നതുമെങ്ങിനെ കൃഷ്ണൻ
വളരെ സ്ത്രീകളെ വച്ചുപുലർത്തും
ജളപുരുഷൻ മുതലുള്ളതശേഷം
കളവാനുള്ളൊരു സംഗതിയാകും
കളവാണികളിൽ കാംഷ മുഴുത്താൽ

(രാമാനുചരിതം ഓട്ടൻതുള്ളൽ, 2000 : 370)

നമ്പൂതിരിപുരുഷന് നായർസ്ത്രീയുമായിട്ടുണ്ടാകുന്ന ലൈംഗിക ബന്ധമാണ് സംബന്ധസമ്പ്രദായം. അതിൽ ജനിക്കുന്ന കുട്ടി ആണായാലും പെണ്ണായാലും ആ കുട്ടിക്ക് പിതാവിനുമേൽ ബന്ധുത്വാവകാശമോ സ്വത്തവകാശമോ അനുവദിക്കപ്പെട്ടിരുന്നില്ല. അതായത് അതിൽ ജനിക്കുന്നത് പെൺകുട്ടിയായാലും അവളെയും സംബന്ധസമ്പ്രദായത്തിൽ പിതാവിന് തന്നെ ബന്ധത്തിലേർപ്പെടാം. സംബന്ധസമ്പ്രദായത്തിലെ സ്വരക്തരതിയുടെ സാധ്യതയാണ് (പിതാവ്/ മകൾ ബന്ധം) നമ്പ്യാർ വെളിപ്പെടുത്തു

ന്നത്. സംബന്ധസമ്പ്രദായത്തിൽ പുരുഷൻ ജളപുരുഷനായിത്തീരുമ്പോൾ തന്നെ സ്ത്രീ പഴനിലമായി തീരുന്നുവെന്ന് കൃഷ്ണകഥ മുൻനിർത്തി നമ്പ്യാർ വായിച്ചെടുക്കുന്നു. ഒരു പ്രാവശ്യം സംഗമിച്ച പുരുഷനുമായി വീണ്ടും സംഗമിക്കാൻ നാല്പതോ നാല്പത്തഞ്ചോ വർഷമെടുക്കുന്നത് ഒട്ടും അതിശയോക്തികരമല്ല എന്നതാണ് വസ്തുത. സ്ത്രീയെ ഊഷരമാക്കിയും പുരുഷനെ ഭാര്യയിലും മകളിലും രമിക്കുന്ന ജളപുരുഷനാക്കിയും മാറ്റുന്ന ഭയാനകമായ സംബന്ധലൈംഗികവ്യവസ്ഥയെക്കുറിച്ചാണ് ലൈംഗികജീവിതത്തിന്റെ ഭയാനകത്വത്തെയാണ് നമ്പ്യാർ വിവരിക്കുന്നത്.

ഭാരതകഥയിൽ നിന്ന് ഇതിവൃത്തം സ്വീകരിച്ച ആദ്യകഥയായ കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലിൽ നമ്പ്യാർ ഇതിനെ കൂടുതൽ വ്യക്തമാക്കുന്നുണ്ട്. പരവശനായി നിലത്തുകിടക്കുന്ന ഹനുമാനോട് ഭീമൻ തന്റെ കുലമഹിമയേയും വംശശുദ്ധിയേയും വാഴ്ത്തുന്നു ഇതു കേൾക്കുന്ന ഹനുമാൻ ഭീമനെ ആക്ഷേപിക്കുന്നത്.

നാലഞ്ചു ഭർത്താവൊരുത്തിയ്ക്കു താനതു
നാലുജാതിയ്ക്കും വിധിച്ചതലോർക്കണം
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ-
വാലുള്ള വാനരന്മാർക്കും ചിതംവരാ
ചേട്ടത്തിയാമൊട്ടനുജത്തിയാമൊട്ടു
ചേട്ടകൾ തന്റെ കളത്രമൊന്നിങ്ങനെ
കാട്ടുന്ന ഗോഷ്ഠികൾ കേട്ടാൽ ചിരിയാകു-
മൊട്ടും ഗുണമില്ല കുന്തീകുമാരകാ!

(കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളൽ, 2000 : 818)

ഒരേ ഗൃഹത്തിൽ ചേട്ടത്തിയായും അനുജത്തിയായും അഞ്ച് പേരോടൊപ്പം താമസിക്കേണ്ടിവരുന്ന രാജാധികാരത്തിന്റെ കെട്ടകാലത്തെ നമ്പ്യാർ തുറന്നുകാട്ടുന്നു. ജ്യേഷ്ഠനോടൊപ്പം വരുമ്പോൾ അവളെ വണങ്ങുകയും തന്റെ ഊഴമെത്തുമ്പോൾ അതേ സ്ത്രീയെ തന്നെ ഭോഗിക്കുകയും ചെയ്യുന്ന ഗാർഹിക ലൈംഗികതയുടെ ജീർണത കല്യാണസൗഗന്ധികം കഥയുടെ പ്രമേയമാകുന്നുണ്ട്. ഭാര്യയും മകളും ചേട്ടത്തിയുമൊക്കെ കിടപ്പറ പങ്കാളികളാകുന്ന സ്വരക്തരതിബന്ധമാണ് സംബന്ധലൈംഗികതയുടേതെന്നാണ് നമ്പ്യാർ കൃതികളിലെ ബഹുഭാര്യ-ബഹുഭർതൃബന്ധങ്ങൾ വെളിപ്പെടുത്തുന്നു.

ഹരിണീസ്വയംവരം ശീതങ്കൻ തുള്ളലിൽ സംബന്ധംമൂലമുണ്ടാകുന്ന ഗാർഹികവഴക്കുകൾ പ്രമേയമാകുന്നുണ്ട്.

കാരിയക്കാരൻ നമ്പൂരിയച്ഛൻ
വാരിയപെണ്ണിനു ഉടുപ്പാൻ കൊടുത്തു
കാരിയക്കാരന്റെ മുഷ്ക്കുകൊണ്ടന്തിയ്ക്ക്
വാരിയത്തേക്കാരും ചെല്ലാതെയായി
ഉണ്ണി നമ്പൂതിരിമാരിലൊരുത്തൻ

പെണ്ണിനെ സേവിച്ചുകൂടി പതുക്കെ
പൊണ്ണ ബ്രാഹ്മണില്ലത്തു പോയപ്പോൾ
ഉണ്ണി ബ്രാഹ്മണനുള്ളിൽക്കടന്നു

(ഹരിണീസ്വയംവരം ശീതങ്കൻതുള്ളൽ, 2000 : 1041)

കാര്യക്കാരനും പൊണ്ണബ്രാഹ്മണനും ഉണ്ണിബ്രാഹ്മണനും ഒരേ സ്ത്രീയിൽ ഒത്തുചേരുന്ന സംഘലൈംഗികതയുടെ ചരിത്രവും സംബന്ധ ലൈംഗികതയിലുണ്ടെന്ന് നമ്പ്യാർ സമർത്ഥിക്കുന്നു. പ്രണയത്തിന്റെ ഇച്ഛ നഷ്ടപ്പെട്ടുപോയ പുരുഷന് യഥേഷ്ടം ഉപയോഗിക്കാൻ കഴിയുന്ന ലൈംഗികവസ്തു എന്ന നിലയിലാണ് സംബന്ധലൈംഗികതയിലെ സ്ത്രീയുടെ അസ്തിത്വമെന്നുകൂടി നമ്പ്യാർ വായിക്കുന്നുണ്ട്.

ഗ്രന്ഥസൂചി

കുഞ്ചൻ നമ്പ്യാർ, കുഞ്ചൻ നമ്പിയാരുടെ തുള്ളൽക്കഥകൾ, കേരളസാഹിത്യ അക്കാഡമി, തൃശൂർ, 2000.

നിളാതട വൈദ്യപൈതൃകശൃംഖലയും പുളിയാപ്പറ്റ നേത്രചികിത്സാലയവും

അശ്വതി രാജ് സി.

പ്രബന്ധസംഗ്രഹം

കേരളത്തിന്റെ സാംസ്കാരിക സ്രോതസ്സായ ഭാരതപ്പുഴയും അതിനു ചുറ്റുമുള്ള ദേശങ്ങളും തമ്മിൽ പ്രകടമായ വൈദ്യപൈതൃക ബന്ധം നിലനിൽക്കുന്നു. നിളാതട പൈതൃകത്തിന്റെ പ്രധാനകേന്ദ്രമായ പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമത്തിൽ പ്രവർത്തിക്കുന്ന പാരമ്പര്യ നേത്രവൈദ്യ കുടുംബമാണ് പുളിയാപറ്റ നേത്രചികിത്സാലയം. ഈ ചികിത്സാലയത്തിലൂടെ അവിടെ സാധ്യമാകുന്ന ആയുർവേദ പൈതൃകശൃംഖലയെയും ചികിത്സാലയ ത്തിന്റെ സമകാലീന-സാമൂഹിക പ്രസക്തിയുമാണ് ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കുന്നത്.

താക്കോൽവാക്കുകൾ

ഭാരതീയ ജ്ഞാനവ്യവസ്ഥ, ആയുർവേദം, കേരളീയ വൈദ്യപൈതൃകം, നിളാതടം, പൈതൃക ശൃംഖല, പൈതൃക സംരക്ഷണം, നേത്ര ചികിത്സ

ശാസ്ത്രം, സാഹിത്യം, കല തുടങ്ങി മനുഷ്യസംബന്ധമായ എല്ലാ മേഖലകളെയും ഉൾക്കൊളുന്നതാണ് ഭാരതീയ ജ്ഞാന പരമ്പര. മറ്റെല്ലാ വൈജ്ഞാനിക മേഖലകളെയും പോലെ തന്നെ ഇവിടെ പിറവിയെടുക്കു കയും വേരൂന്നുകയും നിലനിൽക്കുകയും ചെയ്യുന്നതാണ് ഭാരതീയ വൈദ്യം. ആയുർവേദം എന്ന വ്യാപ്തിയാർന്ന ചികിത്സാപദ്ധതി തദ്ദേശിയമായ നിരവധി സംഭാവനകൾ ഉള്ളടങ്ങുന്നതാണ്. സുശ്രുത ചരക സംഹിതകൾ, അഷ്ടാം ഗഹൃദയം തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങളെ കൂടാതെ കേരളീയമായ ചികിത്സാസമ്പ്രദായങ്ങളും സാഹസ്രയോഗം ആരോഗ്യകല്പദ്രുമംപോലുള്ള ഗ്രന്ഥങ്ങളും നിലനിന്നിരുന്നു. രോഗചികിത്സ എന്നതിലുപരിയായി ജീവിതശൈലികൾ, ഭക്ഷണങ്ങൾ, കാലാവസ്ഥ തുടങ്ങിയവയെല്ലാം ചർച്ച ചെയ്യുന്നതിനാൽ തന്നെ ആയുർവേദത്തെ സമഗ്ര ജീവിതശൈലിയായി കണക്കാക്കാം.

ആയുഷ: പാലനാവേദ: ആയുർവേദ: - ആയുസ്സിനെ - ആരോഗ്യത്തെ നിലനിർത്തുകയെന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. എന്നാൽ കേവലം ആരോഗ്യപരമായ കാരണങ്ങൾ മാത്രമല്ല, ആയുർവേദ ശാസ്ത്രത്തിൽ പ്രതിപാദിക്കുന്നത്. സാമൂഹികവും രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ കാരണങ്ങൾ - ആദിഭൗതികവും ആദിദൈവികവുമായ കാര്യങ്ങൾ കൂടിയാണ് (ണ്സൻ 1276) രോഗത്തെ അഭിസംബോധന ചെയ്യുന്നതി

നോടൊപ്പം രോഗകാരണ ത്തെയും, അതുമായി ബന്ധപ്പെട്ട ശരീരത്തിന്റെ തുലനാവസ്ഥയ്ക്കും ആയുർവേദം കൂടുതൽ പ്രാധാന്യം കല്പിക്കുന്നു. നമുക്ക് ചുറ്റുമുള്ള പ്രകൃതിയും നമ്മളകുന്ന ശരീരപ്രകൃതിയും അടിസ്ഥാനമാക്കി കൊണ്ടാണ് ആയുർവേദം പ്രവർത്തിക്കുന്നത്. പഞ്ചഭൂതത്മകമായ ശരീരത്തിനെ പ്രധാനമായും വാതം പിത്തം എന്നീ ത്രിദോഷങ്ങളെ മുൻനിർത്തിയാണ് രോഗനിർണ്ണയം നടത്തുന്നത്. ഇവയുടെ സമീകൃതാവസ്ഥയെ നിലനിർത്തുന്നതിനായുള്ള ജീവിത ചര്യകളും ഓരോ പ്രകൃതങ്ങൾക്കനുസൃതമായി ആഹാരരീതികളെയു മെല്ലാം ഈ വൈദ്യ സമ്പ്രദായം പഠിപ്പിക്കുന്നു.

ആയുർവേദപൈതൃകവും കേരളവും

ജൈവികമായ സൃഷ്ടിയാണ് മനുഷ്യർ. പഞ്ചഭൂത നിർമിതമായ ശരീരം നശ്വരമാണെങ്കിലും അതിന്റെ സ്വാസ്ഥ്യപൂർണമായ സ്ഥിതി മനുഷ്യന്റെയും സമൂഹത്തിന്റെയും നിലനിൽപ്പിനു അത്യന്താപേക്ഷികമാണ്. ആരോഗ്യം ശുചിത്വം എന്നിവ ചിട്ടയോടെ ശീലിക്കേ്വയാണെങ്കിൽ ഇത്തരം ചര്യകളെയും പരിരക്ഷകളെയും കുറിച്ച് ഗഹനമായി നമ്മൾ ചിന്തിക്കുന്നത് വൈദ്യശാസ്ത്രത്തിലൂടെയാണ്. രോഗത്തെക്കാൾ പ്രാധാന്യം പ്രതിരോധ ത്തിനാണെന്നു പഠിപ്പിക്കുന്ന വൈദ്യശാസ്ത്രം ആദ്യകാലം മുതൽക്കേ മനുഷ്യന്റെ ജീവിതരീതിയോട് ചേർന്ന് നിൽക്കുന്നവയായിരുന്നു. ഓരോ ദേശത്തിന്റെയും സ്വഭാവ സവിശേഷതകൾക്കനുസരിച്ച ചികിത്സ സമ്പ്രദായങ്ങളാണ് നിലനിന്നിരുന്നത്. ഭാരതീയമെന്നു വിശേഷിപ്പിക്കുന്ന ആയുർവേദം ഇത്തരത്തിൽ ഇന്നും പ്രസക്തവും പ്രസിദ്ധവുമായ ചികിത്സാ മേഖലയാണ്. ഭാരതത്തെ സംബന്ധിച്ചിടത്തോളം ഇതിനൊരു സവിശേഷത കൂടിയുണ്ട്. മൂവായിരത്തിലധികം വർഷം ഒരു ജനതയുടെ ആരോഗ്യം പൂർണമായും നിലനിർത്തിയ ചികിത്സ രീതിയാണ് ആയുർവേദം. മാത്രമല്ല ഇതിന്റെ വിശദാശങ്ങൾ അതത് കാലത്തു ശാസ്ത്രീയമായ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയവയുമാണ് (പി. കെ. വാരിയർ2013 : iii).

ആയുസ്സിന്റെ വേദമായി കണക്കാക്കുന്ന ഈ വൈദ്യശാസ്ത്ര ത്തിന്റെ ഉല്പത്തിയെ സംബന്ധിച്ചു അനേകം വിശദീകരണങ്ങൾ കാണുവാൻ സാധിക്കും. ബ്രഹ്മാവിന്റെ സൃഷ്ടിയായിട്ടാണ് ആയുർവേദത്തെ കണക്കാക്കുന്നത്. സുശ്രുതനും കശ്യപനും തുടങ്ങിയ ആചാര്യന്മാർ ഇത്തരത്തിലുള്ള പരാമർശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യന്റെ സാമൂഹികമായ പരിണാമത്തിൽ ജീവൻ നിലനിർത്തുന്നതിന് വേണ്ടിയുള്ള വ്യത്യസ്തമായ അറിവുകൾ അവർ കണ്ടെത്തിയിട്ടുണ്ടാകാം ആരോഗ്യപ്രദവും വൃത്തിയുള്ളതുമായ ഭക്ഷണം തന്നെയാണ് ഔഷധമെന്നു പറയുന്നതിന് അടിസ്ഥാനം ഇതായിരിക്കാം ഐതീഹ്യങ്ങൾക്കും വിശ്വാസങ്ങൾക്കും അതീതമായി ഭാരതീയ സംസ്കാരത്തിൽ അതി ബഹുലമായ വൈദ്യ പാരമ്പര്യം രൂപപ്പെടുകയും വികാസം പ്രാപിക്കുകയുമുണ്ടായി വൈദിക സംസ്കാരത്തിലും സിന്ധുനദിതട സംസ്കാരത്തിലും ഇത്തരം ചികിത്സ രീതികൾ രൂപംകൊണ്ടിരുന്നു. വേദങ്ങളിലും പലതരം വൈദികസാഹിത്യ ങ്ങളിലും ആയുർവേദത്തെ സംബന്ധിച്ചുള്ള പരാമർശം കാണാം.

അതോടൊപ്പം പല അവൈദിക സാഹിത്യങ്ങളിലും ആയുർവേദ വ്യത്തിയുടെ അടയാളങ്ങൾ ദർശിക്കാം. സിന്ധുതട ഗാനങ്ങളിൽനിന്നും ലഭ്ദമായ ഔഷധങ്ങൾ, യോഗമുദ്രകൾ, ശാരീരികവും മാനസികവുമായ ആരോഗ്യത്തിൽ കണ്ണുവെച്ചുകൊണ്ടുള്ള അവിടുത്തെ നഗരനിർമാണ രീതി നിത്യജീവിത വിധികൾ, പരിഷ്കരണങ്ങൾ എന്നിവയും ഈ സംസ്കാരനുയായികൾക്കു വൈദ്യസംബദ്ധമായി മികച്ചൊരു പാരമ്പര്യം ഉണ്ടായിരുന്നുവെന്ന് രേഖപ്പെടുത്തുന്നു (ടി പു. 32) ചരകസംഹിത, സുശ്രുതസംഹിത, കശ്യപസംഹിത,ഭേളസംഹിത തുടങ്ങി അനേകം കൃതികളും, നിഘണ്ടുക്കൾ, വ്യാഖ്യാനങ്ങൾ എന്നിവയും ആയുർവേദ ത്തിന്റെ ആണിക്കല്ലുകളായി പ്രവർത്തിക്കുന്നു. കേരളം ആയുർവേദത്തിന്റെ ഈറ്റില്ലമെന്നു വിശേഷിപ്പിക്കപ്പെടുന്നു. പരമ്പരാഗത ചികിത്സലയങ്ങൾക്ക് പുറമെ ഇവിടെ വളർന്നുവന്ന ആയുർവേദ പൈതൃകവ്യവസായം വിദേശ രാജ്യങ്ങളിൽപ്പോലും പ്രശസ്തമാണ്. കേരളീയ പ്രകൃതിയും കാലാവസ്ഥയും ആയുർവേദത്തിന്റെ ചികിത്സാ സങ്കൽപ്പങ്ങൾക്കിണങ്ങിയതാകുന്നു. വ്യവസായ മെന്നതിലുപരിയായി നൂറ്റാണ്ടുകളോളം പഴക്കമുള്ള ചികിത്സാ സമ്പ്രദായങ്ങളുടെ ചരിത്രവും നിലനിൽക്കുന്നു. സാധാരണ ജനങ്ങൾക്കിട യിലേക്ക് വൈദ്യം കടന്നുവന്നത് സ്വഭാവികമായിട്ടായിരുന്നു. കേരളീയ വൈദ്യപൈതൃകത്തെ സംബന്ധിച്ച് അത് ബഹുസ്വരമായിരുന്നു. മധ്യകാലഘട്ട ങ്ങളിൽ അഷ്ടവൈദ്യപാരമ്പര്യത്തിനോടൊപ്പം തന്നെ പ്രവർത്തിച്ചു വന്നിരുന്ന മുഴുവൻ സമയചികിത്സകരായിരുന്ന മണ്ണാൻ വിഭാഗം, അക്കാലത്തു തന്നെ വൈദ്യത്തിൽ സ്ത്രീ സാന്നിധ്യമറിയിച്ചിരുന്ന പറവന്മാർ, വേലർ തുടങ്ങിയ സമൂഹങ്ങളും ആയുർവേദത്തെ പിന്തുടർന്നതിനാൽ തന്നെ സമ്പൂർണമായ സംസ്കാരങ്ങൾ ഇവിടെ സാധ്യമായിരുന്നു (എം ആർ 113) വാഗ്ഭടൻ എന്നും വാഹടൻ എന്നും അറിയപ്പെട്ടിരുന്ന ആചര്യനിലൂടെയാണ് കേരളത്തിൽ ആയുർവേദം പിറവിക്കൊളുന്നതെന്നു പണ്ഡിതർ അഭിപ്രായപ്പെ ടുന്നു. തലമുറകളായി പകർന്നുകിട്ടിയ വൈദ്യപരമ്പര്യങ്ങൾ ഇന്നും കേരളത്തിൽ നിലനിൽക്കുന്നു. കേരളത്തിൽ വാഹടാചാര്യനിലൂടെയാണ് ഈ ചികിത്സ സമ്പ്രദായം എത്തിച്ചേർന്നതെന്നു പറയപ്പെടുന്നു സാധാരണ ക്കാർക്ക് ഗ്രാഹ്യമായ തരത്തിൽ അഷ്ടാംഗഹൃദയം രചിച്ചത് ഇദ്ദേഹമാണ് വാഹടനിലൂടെ കേരളത്തിൽ പ്രചരിച്ച ഈ ഗ്രന്ഥമാണ് അഷ്ടവൈദ്യ കുടുംബങ്ങളുടെ ഉൽപ്പതിക്കുകാരണമെന്നും കരുതുന്നു. അഷ്ടാംഗ ശബ്ദത്തിൽനിന്ന് ലോപിച്ചു അഷ്ടവൈദ്യന്മാർ എന്നായി എന്ന് വിചാരിക്കാനേ ന്യായമുള്ളൂ (വി. സി എൻ നമ്പൂതിരി 2007:21) അഷ്ടാംഗം എന്നാൽ കായം, ബലം, ഗ്രഹ, ഊർധ്വ, ശല്യം, ദംഷ്ട്ര,ജര, വൃഷ എന്നിവയാണ്. ഈ എട്ടംഗങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചികിത്സാരീതിയാണ് ഇവിടെ കണ്ടുവരുന്നത്. പുലാമന്തോൾമൂസ്, കുട്ടഞ്ചേരി മൂസ്സ്, എളേടത് തെക്കാട് മൂസ്സ്, ചിരട്ടമൺ, വയസ്കര മൂസ്സ് പഴനെല്ലിപുറത്തു തെക്കാട്, ആലത്തിയൂർ നമ്പി, വെള്ളടു മൂസ്സ്, ചൂണ്ടൽ മൂസ്സ്, കാരത്തോൾ നമ്പി, വൈദ്യമഠം തുടങ്ങിയവർ കേരളത്തിലെ പ്രധാന അഷ്ടവൈദ്യ പാരമ്പരകളാണ്. പഞ്ചഭൂത നിർമിതമായ ശരീരത്തിന്റെ അസ്വാസ്ഥ്യങ്ങളെ, അഗ്നി ജലം വായു ഭൂമി ആകാശം എന്നിവയെ തന്നെ അടിസ്ഥാനപ്പെടുത്തിയാണ് ആയുർവേദം നിർണയിക്കുന്നത്. വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളുടെ സ്ഥാനങ്ങളും ഇതിൽ

പ്രധാനമാണ്. ചികിത്സസമ്പ്രദായങ്ങൾക്കൊപ്പം തന്നെ പിന്നീട് ആധുനിക വിദ്യാഭാസ സമ്പ്രദായങ്ങളും ആയുർവേദ കോളേജുകളും കേരളത്തിൽ സ്ഥാപിക്കപ്പെട്ടു. അഷ്ടവൈദ്യ കുടുംബ പാരമ്പര്യവും അതിന്റെ ചരിത്രവും വ്യക്തമാക്കുന്നത് ആയുരവേദമെന്ന ആർഷമായ ആരോഗ്യ ശാസ്ത്രം അതിന്റെ തനിമയുടെ അല്പമെങ്കിലും ബാക്കിവെച്ചു കാണുന്നത് ഇപ്പോൾ കേരളത്തിൽ ആണെന്ന് വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി അഭിപ്രായപ്പെടുന്നു. ചികിത്സമഞ്ജരി, രസവൈശേഷികം, വൈദ്യമനോരമ, ധാരകല്പം, സിന്ദൂരമഞ്ജരി ആലത്തൂർ മണിപ്രവാളം എന്നിങ്ങനെയുള്ള വൈദ്യഗ്രന്ഥങ്ങളും കേരളീയ ആയുർവേദ പൈതൃകത്തിന്റെ ഭാഗമാണ്. വിഷവൈദ്യം നേത്രചികിത്സ കളരിചികിത്സ ബാലചികിത്സ മനോരോഗ ചികിത്സ എന്നിങ്ങനെയുള്ള ആയുർവേദത്തിൽ നിന്നും പകർന്നു പകിട്ടാർന്ന അനവധി മേഖലകളുണ്ട്. ഇവയെല്ലാം തന്നെ ഇന്നും കേരളത്തിൽ പ്രബലമായി തന്നെ നിലകൊള്ളുന്നു.

കേരളത്തിലെ ആയുർവേദ പാരമ്പര്യത്തിന്റെ വികാസത്തെ എൻ.വി. കൃഷ്ണൻകുട്ടിവാരിയർ സംസ്കൃതത്തിനും മുമ്പുള്ള കാലഘട്ടം, സംസ്കൃതകാലഘട്ടം, ആധുനികകാലഘട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങ ളായി തിരിക്കുന്നു സംസ്കൃതത്തിനും വൈദികസംസ്കാരത്തിനും മുമ്പുള്ള കാലഘട്ടത്തെ വ്യക്തമായി രേഖപ്പെടുത്തുക യെന്നുള്ളതിന്റെ ആവശ്യകതയാണ് ഈ ഘട്ടവിഭജനത്തിൽ ദർശിക്കുന്നത്. ആയുർവേദ ഗ്രന്ഥങ്ങളുടെ വരവിനുമുമ്പുതന്നെ നാടൻ വൈദ്യത്തിന്റെയും ഗൃഹ വൈദ്യത്തിന്റെയും രൂപത്തിൽ ചികിത്സ രീതികൾ ഉ്ായിരുന്നുവെന്നു മനസിലാക്കാം. ഇന്നും ജലദോഷം ചെറിയ വിഷജീവികളുടെ ആക്രമണങ്ങൾ എന്നിവയിൽനിന്നും രക്ഷനേടാൻ കേരളീയർ ഉപയോഗിക്കുന്ന വൈദ്യപ്രയോഗങ്ങൾ പരിശീലനത്തിന്റെയും പ്രകൃതിയു മായുള്ള അനുശീലനത്തിന്റെയും തെളിവുകൾളാണ്. സന്നീപാതാവസ്ഥയിൽ പ്രയോഗിക്കാൻ പഴയ വൈദ്യന്മാർ കരുതി സൂക്ഷിച്ചിരുന്ന മാത്രകൾ വിഷവൈദ്യ എന്നിവയിലൊക്കെ കേരളീയ വൈദ്യന്മാരുടെ പ്രത്യേകതകൾ കാണാം. സസ്യലതാസമൃദ്ധമായ കേരളത്തിലെ സാർവത്രികമായി ഉപയോഗിക്കുന്ന പല സസ്യ ഔഷധങ്ങളും ഔത്തരാഹന്മാർക്കു പരിചിതമല്ല. മൂക്കുറ്റി, കരളയം, തുമ്പ തുടങ്ങിയ പല സസ്യ ഔഷധങ്ങളും കേരളീയർക്കെന്ന പോലെ മറ്റാർക്കും സുപരിചിതമല്ല. (എൻ വി 2013:482)

ഇത്തരത്തിൽ ശാസ്ത്രീയ ഗ്രന്ഥങ്ങളിൽ അധിഷ്ഠിതമായതും അല്ലാത്തതുമായ തനതു വൈദ്യപാരമ്പര്യങ്ങൾ തലമുറകളിൽനിന്നും സ്വീകരിച്ചു വരുംകാലത്തിലേക്കായ് സംരക്ഷിക്കപ്പെടുന്നു. കേരളത്തിന്റെ വൈദ്യപൈതൃകം അതിനാൽ തന്നെ ബൃഹദ് സമ്പത്തുള്ളതുമാണെന്ന് മനസ്സിലാക്കാം. അനുദിനം അരികുവൽക്കരിക്കപ്പെടുന്ന നാട്ടുകൂട്ടായ്മ കളുടെ സഞ്ചിതഭാവങ്ങളും അറിവും കൂട്ടിച്ചേർത്തുകൊണ്ടുള്ള ഒരു കേരളീയപദ്ധതിതന്നെ ആയുവേദം രൂപപ്പെടുത്തിയിട്ടുണ്ട് (ഉണ്ണികൃഷ്ണൻ 2011:?) അതിനാൽ തന്നെ കേരളത്തിന്റെ വൈദ്യപൈതൃകത്തെ ഏകശിലാത്മകമായി മനസിലാക്കാൻ സാധിക്കില്ല. ഒന്നിൽനിന്നും

മറ്റൊന്നിനെ വേർതിരിക്കാൻ സാധിക്കാത്തവിധം ചികിത്സാക്രമങ്ങൾ കൂട്ടിയിണങ്ങി കാണപ്പെടുന്നു. ഒരു നാടിന്റെ സംസ്കാരങ്ങളുടെയെല്ലാം അംശങ്ങൾ മറ്റേത് മേഖലയിലെയും പോലെ അവിടുത്തെ വൈദ്യത്തിലും പ്രകടമാകുന്നു. കേരളീയ വൈദ്യത്തിന് ആചാര അനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ (കളരിവൈദ്യം പോലുള്ളവ) തുടങ്ങിയവയുമായെല്ലാം ദൃശ്യമാകുന്ന ബന്ധങ്ങൾ ഇത്തരത്തിലുള്ള സങ്കീർണമായ ഇഴചേരലു കളുടെ മാതൃകകളാണ്.

4.നിളാതട വൈദ്യപൈതൃകശൃംഖല

4.1. പൈതൃക ശൃംഖല

പൈതൃകപഠന മേഖലയിൽ പരക്കെ ഉപയോഗിച്ചിരുന്ന പ്രധാന സങ്കൽപ്പനമാണ് ശൃംഖലത്വം എന്നത്. സംസ്കാര പൈതൃകപഠനങ്ങളിൽ എല്ലാ വിഷയങ്ങളും തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നതായി കാണാം. ഭാഷ, വേഷം, ഭക്ഷണം, വൈദ്യം എന്നിവ പല വിധത്തിൽ സമൂഹവുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. ചില സമയങ്ങളിൽ ഇവ മനുഷ്യരുടെ സ്വത്വമായി തീരുന്നതും കാണാം. ഈ വിധം പൈതൃകങ്ങൾ തമ്മിൽ ബന്ധിപ്പിക്കപ്പെടുമ്പോൾ ഒരു ശൃംഖല രൂപപ്പെടുന്നു. ശൃംഖലത്വം പൈതൃക പഠന മേഖലയിൽ രണ്ടു തരത്തിൽ കാണപ്പെടുന്നു. വൈജ്ഞാനികമായ ബന്ധങ്ങളിലുടെയാണ് ഒരു പൈതൃകത്തിന് അതിന്റേതായ സ്വത്വം കൈവരിക്കു ന്നതെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. എന്നാൽ അതിനോടൊപ്പം ടൂറിസം ഉപാധിയായി പൈതൃകങ്ങളെ കാണുമ്പോൾ അവ തീർക്കുന്ന മറ്റൊരു ശൃംഖല രൂപീകരണവും ദർശിക്കാം. ഇതിനെ തന്നെയാണ് സ്കറിയ സക്കറിയ അറിവ് വഴിയായി വിശേഷിപ്പിക്കുന്നതും.

ഒരു ദേശത്തെ വിവിധ ആചാര വിചാരങ്ങൾ പരിഗണിക്കുമ്പോൾ അതിലേക്ക് കടന്നു വരുന്ന സാമൂഹിക സാംസ്കാരിക മണ്ഡലങ്ങൾ തന്നെയാണ് പലപ്പോഴും അതിന്റെ ആവിർഭാവം, ചരിത്രം എന്നിവയി ലേക്ക് വിരൽ ചൂണ്ടുന്നത്. ഉദാഹരണമായി കേരളത്തിൽ കഥകളി, കൂടിയാട്ടം പോലുള്ള കലകളുടെ വളർച്ച എന്നത് കേവലം കലാ സാഹിത്യ മേഖലയുടെ ആവിർഭാവം മാത്രമല്ല ചർച്ച ചെയ്യുന്നത്. പകരം ഇവിടെ വികസിച്ചു വന്ന സമൂഹത്തെ അതിലെ കാർഷിക വ്യവസ്ഥ, ജാതി വ്യവസ്ഥ എന്നിവകളെ കൂടി വരച്ചു കാട്ടുന്നു. ഇതിൽ നിന്നും തിരിച്ചറിയപ്പെടുന്ന വസ്തുതയെന്തെന്നാൽ, പൈതൃകങ്ങൾ എന്നത് ചുറ്റുപ്പിണഞ്ഞ് കിടക്കുന്നവയാണ്. അതിനാൽ തന്നെയാണ് ഏതൊന്നിനെ വിശദീകരിക്കുമ്പോഴും മറ്റു പല വിഷയങ്ങളും പഠനാർഹമായി തീരുന്നതും ചർച്ച ചെയ്യുന്നതും. കർതൃത്വരൂപീകരണം നടക്കുമ്പോൾ തന്നെ ശൃംഖല പ്രവാഹം സജീവമായി തീർന്ന് സാമൂഹിക ജീവിതത്തിലാകെ വൈവിധ്യപൂർണമായ ഊർജപ്രവാഹങ്ങളായി തീരുന്നു (സ്കറിയ സക്കറിയ 2021: 37) ഇവിടെ അഭിപ്രായപ്പെടുന്നത് പോലെ ഒരു കർതൃത്വ രൂപീകരണത്തിനോടൊപ്പം സംഭവിക്കുന്ന ഊർജ്ജ പ്രവാഹത്തി ലാണ് ശൃംഖലത്വം രേഖപ്പെടുത്തുന്നത്. ശാസ്ത്രസാങ്കേതിക മേഖലകളിൽ വ്യത്യസ്ത തരത്തിൽ അർത്ഥം നൽകുന്ന പദമാണ് ശൃംഖലയെന്നത്.

ഇംഗ്ലീഷ് ഭാഷയിലെ നെറ്റ്വർക്ക്, സർക്യൂട്ട് എന്നീ പദങ്ങൾ ശൃംഖലയോട് ചേർത്ത് വായിക്കാവുന്നതാണ്. എല്ലാത്തിനെയും ബന്ധിപ്പിക്കു കയും സുവ്യക്തമായ വിനിമയം സാധ്യമാക്കുന്നവയുമാണ് ഈ ശൃംഖലകൾ. ഇൻറർനെറ്റ് എന്ന മഹാശൃംഖലയുടെ വരവു തന്നെ ആഗോളതലത്തിൽ ഒരു വിപ്ലവമായി വിശേഷിപ്പിക്കപ്പെടുന്നു. ആ സ്വാധീനം സംസ്കാര പൈതൃക പഠനങ്ങളിലും ദൃശ്യമായി തീർന്നു. പൈതൃകങ്ങളെ ലോകവുമായി ബന്ധിപ്പിക്കുന്ന സാങ്കേതിക ശൃംഖലക്കപ്പുറം, ആന്തരിക മായ അറിവ് വഴികൾ രൂപപ്പെടുകയും ചെയ്യുന്നു.

സംസ്കാര പഠനത്തിൽ അവതരിപ്പിച്ച കൾച്ചറൽ സർക്യൂട്ട് എന്ന മാതൃക ഇവിടെയും പ്രസക്തമാണ്. സ്റ്റുവർട്ട് ഹാൾ അവതരിപ്പിച്ച ഈ മാതൃക സംസ്കാര മണ്ഡലത്തിനുള്ളിൽ പ്രവർത്തിക്കുന്ന വിനിമയത്തെ കൂടി ഉൾക്കൊള്ളുന്നതാണ്. 1970-കളോടെ ചർച്ച ചെയ്യപ്പെട്ട ഇണക്കൽ, ഇണക്കഴിക്കൽ എന്നീ സങ്കൽപ്പനങ്ങളിൽ നിന്നാണ് പിന്നീട് ഇത്തരമൊരു മാതൃക ഉരുത്തിരിയുന്നത്. ഉൽപ്പാദനം, പ്രതിനിധാനം, ഉപഭോഗം, വ്യവസ്ഥാപനം, തിരിച്ചറിയൽ എന്നീ ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന സാംസ്കാരിക വിനിമയ മാതൃകയാണ് ഹാൾ അവതരിപ്പിച്ചത്. പിന്നീട് പോൾ ദീഗെയെ പോലുള്ള പണ്ഡിതന്മാർ അഭിപ്രായപ്പെട്ടത് ഏതൊരു സാംസ്കാരിക പ്രക്രിയയെയും പഠിക്കണമെങ്കിൽ ഈ മാതൃകയിലൂടെ കടന്നു പോകേണ്ടിയിരിക്കുന്നു എന്നാണ്. ഇതിൽ നിന്നും വ്യത്യസ്തമായ സങ്കൽപ്പനമാണെങ്കിലും പൈതൃക ശൃംഖലയും പ്രവർത്തിക്കുന്നത് പൈതൃകങ്ങളുടെ ആത്യന്തികമായ പഠനത്തിലും വിനിമയത്തിലുമാണ്.

സിദ്ധാന്തങ്ങളിൽ നിന്നും വിഭിന്നമായിട്ടാണ് പ്രായോഗിക തലത്തിൽ പൈതൃക ശൃംഖലാരൂപീകരണം നടക്കുന്നത്. സ്വത്വ രൂപീകരണം എന്നതിനൊപ്പം അതിന്റെ വിനോദസഞ്ചാര സാധ്യതക ളെയും പരിഗണിക്കുന്നുണ്ട്. പൈതൃകശൃംഖല എന്ന പദം അതിനാൽ തന്നെ അധികമായും ഉപയോഗിക്കുന്നത് വിനോദ സഞ്ചാരം, പൈതൃക വ്യവസായം എന്നീ മേഖലകളിലാണ്. ഇന്ത്യയിലും കേരളത്തിലും ആഗോള തലത്തിലും ഇത്തരം അനവധി സർക്യൂട്ടുകൾ ആഘോഷിക്ക പ്പെടുന്നുണ്ട്. വിനോദസഞ്ചാര ശൃംഖലകളുടെ പ്രാധാന്യം ഇന്ത്യൻ സാഹചര്യത്തിൽ കൂടുതൽ ചർച്ച ചെയ്യപ്പെട്ടുവെന്ന് മനസിലാക്കാം. കേന്ദ്ര സർക്കാരിന് കീഴിൽ നടപ്പിലാക്കിയ സ്വദേശ് ദർശൻ സ്കീം, വിനോദ സഞ്ചാര ശൃംഖലകളുടെ പ്രാധാന്യം വർധിപ്പിച്ചു. ഇതിനായി ഇക്കോ ടൂറിസം, ബുദ്ധിസ്റ്റ്, ഡെസേർട്ട്, സ്പിരിച്വൽ, രാമായണ, കോസ്റ്റൽ, കൃഷ്ണ തുടങ്ങി വ്യതസ്ത പാക്കേജുകൾ നിലവിൽ വന്നു. ഇതോടൊപ്പം പ്രബലമായി കാണുന്ന രീതിയാണ് പൈതൃകഗ്രാമ സങ്കൽപ്പനങ്ങൾ. പൈതൃക ഗ്രാമം എന്നത് ആഗോളതലത്തിൽ കൂടുതലായും സ്വീകരിച്ചു കാണുന്നത് വാസ്തു ശാസ്ത്രപരമായി നിലനിർത്തലുകൾ സംബന്ധി ച്ചാണ്. ഒപ്പം തന്നെ വയനാട്ടിലെ 'എൻ ഊര്' പോലുള്ള മാതൃക നിർമ്മിതികളും പലയിടങ്ങളിലും കാണാം. കേരളത്തിലെ നെയ്ത്ത് ഗ്രാമം, കലാ ഗ്രാമം, ഹരിത ഗ്രാമം എന്നിങ്ങനെ കുത്തമ്പുള്ളി, വെള്ളിനേഴി, ചേകാടി തുടങ്ങിയ ഗ്രാമങ്ങളെ അംഗീകരിച്ചതിലുടെ ഈയൊരു മാതൃക നമുക്കിടയിലും സാധ്യമായി.

പൈതൃക ശൃംഖല എന്നത് ഇത്തരത്തിൽ ഔദ്യോഗികമായി തന്നെ പ്രാവർത്തികമാക്കുന്നതിലുടെ പുതിയ അറിവ് വഴികളും വരുമാന മാർഗങ്ങളും ഒപ്പം തൊഴിൽ സാധ്യതകൾ, വിനോദ സഞ്ചാരം എന്നിവയും വികസിക്കും. കല, വൈദ്യം, തൊഴിൽ, ഉപാദാനങ്ങൾ എന്നിവയ്ക്ക് അടിസ്ഥാനമായി ശൃംഖല നിർമ്മാണം ചിന്തിക്കാം. സാമൂഹികമായ ജ്ഞാന നിർമ്മിതികൾ ആകുന്നതി നോടൊപ്പം 'ശൃംഖലയിലൂടെ സാധ്യമാകുന്ന സ്വത്വ നിർമ്മിതി' എന്ന സാധ്യതയാണ് മുന്നോട്ട് വെക്കുന്നത്. ദേശചരിത്രങ്ങളെപോലെ തന്നെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമായിട്ടും പ്രാദേശിക പൈതൃകങ്ങൾ വെളിപ്പെടാതെയാകുന്ന സന്ദർഭങ്ങൾ അനവധിയാണ്. ഈ അവസ്ഥയിൽ നിന്നുമുള്ള വ്യതിചലനമായിരിക്കും പൈതൃക ദേശങ്ങളുടെ ശൃംഖല നിർമ്മാണം. ശൃംഖലകളുടെ കണ്ടെത്തലുകളും പുനരവതരണങ്ങളും, പൈതൃകങ്ങളുടെ നവീനമായ ആവിഷ്ക്കാര ങ്ങളിലേക്കും സ്വത രൂപീകരണത്തിലേക്കും നയിക്കുന്നതിനോടൊപ്പം പുതിയ 'അറിവുവഴികൾ' തെളിയുന്നതിനും കാരണമായേക്കും .

4.2 നിളാതടവും വൈദ്യവും

പൈതൃകമെന്നത് വൈവിധ്യമാർന്ന രൂപഭാവത്തിൽ നിലനിൽക്കു ന്നവയാണ്. ഒരു ദേശത്തിന്റെ ഭാഷയുടെ ഗോത്രത്തിന്റെ കുടുംബത്തിന്റെ അതിലുപരി ഓരോ വ്യക്തികളുടെതായും പൈതൃകം രൂപപ്പെടാം. അതിനാൽ തന്നെ പകരുന്ന പാത്രത്തിനു അനുസരിച്ചു രൂപംകൊള്ളുന്ന ജലം കണക്കെ ഈയൊരു സങ്കൽപ്പനത്തെയും അതിന്റെ വൈവിധ്യ ത്തെയും മനസിലാക്കാം. ഇത്തരത്തിൽ തിരിച്ചറിയപ്പെടുന്ന പൈതൃകങ്ങൾ അതിനനുസൃതമായ വേരുകളിലൂന്നി നിലനിൽക്കുന്നു. ദേശപൈതൃക മെന്നത് ഒരു വലിയ സമൂഹത്തെ തന്നെ ഉൾക്കൊള്ളുന്നതും അതിനുതകുന്ന ആഴവും പാർപ്പുമുള്ളതും ആകുന്നു. ഒരു കൂട്ടം മനുഷ്യരെ അവരുടെ ജീവിത രീതികളെ ചരിത്രത്തെ വിശ്വാസത്തെയെല്ലാം സ്വാധീനിക്കുന്ന ഒന്നായി ദേശ പൈതൃകം മാറുന്നുണ്ട്. ഒരു പ്രത്യേക ചരിത്രത്തെ സ്ഥലത്തേക്കും സ്ഥലത്തെ പ്രത്യേക ചരിത്രത്തിലേക്കും സന്നിവേശിപ്പിച്ചാണ് പലപ്പോഴും പൈതൃക നിർമ്മിതി നടക്കുന്നത് (ഭരതൻ 2021:16) നിള തടത്തെയും ആടിനെ ചുറ്റിപ്പറ്റിയുള്ള വിവിധങ്ങളായ പൈതൃക ത്തെയും വായിക്കുമ്പോൾ വ്യക്തമാകുന്നത് ഈ രീതിയിലുള്ള സമ്മേളനങ്ങളാണ്. നിളയുടെ പ്രവാഹത്തിലൂടെ ഒഴുകിയെത്തിയ സംസ്കൃതികളെ അതിനോട് ഓരം ചേർന്ന് കിടക്കുന്ന ഗ്രാമങ്ങളി ലേക്കും തിരിച്ചു വിവിധ ഗ്രാമങ്ങളുടെ തനതായ പൈതൃകത്തെ നിളയുടെ ബന്ധപ്പെടുത്തിയും വരുന്നതിലൂടെ പൂർണമാകുന്നു ചിത്രം ഗഹനമായ പൈതൃക സമ്പത്തിന്റേതാകാറുണ്ട് അതിനു ദാഹരണമാണ് കേരളീയ ഗണിത പദ്ധതി/ നിളാതട ഗണിതപദ്ധതി.

നദികൾ എല്ലായ്പ്പോഴും സമ്പന്നമായ സംസ്കാരങ്ങളുടെ ഉത്ഭവത്തിനു കാരണമായിട്ടുണ്ട്. ഭൂമിശാസ്ത്ര പരമായ സവിശേഷത കൾക്കു ഉപരിയായി വൈവിധ്യമാർന്ന വാണിജ്യവിനിമയ രീതികളുടെയും അതിലൂടെ അനേകം മനുഷ്യരുടെ കണ്ടുമുട്ടലു കളുടെയും മണ്ഡലമായി ഈ നദീതടങ്ങൾ മാറിയിട്ടുണ്ട്. ഇത്തരത്തിൽ ഓരോ നദിതടങ്ങളിലും

മുളച്ചുപൊന്തിയ സാമൂഹ്യവ്യവസ്ഥകൾ മഹത്തായ ചരിത്രങ്ങളായും പിൽക്കാല പൈതൃകങ്ങളായും മാറിത്തീർന്നു. കേരളത്തെ സംബന്ധിച്ചിട ത്തോളം നാല്പതിനാലോളം പ്രധാന നദികൾ ഒഴുകുന്ന ഫലഭൂഷ്ടവും വൈവിധ്യവുമാർന്ന ദേശങ്ങൾ സാംസ്കാരിക സമന്വയങ്ങളിലൂടെ ഉയർത്തി കൊണ്ടുവന്ന സമൃദ്ധമായ പൈതൃകമുണ്ട്. പാറശാല തൊട്ട് മഞ്ചേശ്വരംവരെ പ്രശസ്തിയാർജ്ജിച്ച ഓരോ ദേശങ്ങളും സംസ്കാര ങ്ങളും ഇത്തരം നദികളുടെ സ്വാധീനതയിൽ കൂടിയാണ് ഉണ്ടായിതീർ ന്നതു. നദികൾക്കൊപ്പം തന്നെ വിശാലമായ കടലോരവും കേരളം ഭൂപ്രകൃതിയുടെ വലിയൊരു മേഖലയാണ്. മേൽപരാമർശിച്ച തുപ്പോലെ കാർഷിക വാണിജ്യ താൽപ്പര്യങ്ങൾ കൂടാതെ കല സാഹിത്യം വൈദ്യം ശാസ്ത്രം എന്നിവയും ഈ മേഖലകളിൽ തഴച്ചു വളർന്നു .കേരളത്തിന്റെ ഇത്തരത്തിലുള്ള പൈതൃക നിർമ്മിതികളിൽ നദീതട സംസ്കാരങ്ങൾ ക്കുള്ള പ്രാധാന്യത്തെ കുറിച്ച് പരാമർശിക്കുമ്പോൾ നിളയെന്ന് താലോലിക്കപ്പെട്ട് തമിഴ്നാട്ടിൽ നിന്നും ഒഴുകിതുടങ്ങി പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലൂടെ കടന്നുപ്പോകുന്ന ഭാരതപ്പുഴയെന്ന ബൃഹദ് സംസ്കാരത്തെ കുറിച്ചു ചിന്തിക്കാതിരിക്കാനാകില്ല.

കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയായ ഭാരതപ്പുഴയോട് ചേർന്ന മിക്കഭൂവിഭാഗങ്ങളിലും പ്രത്യക്ഷത്തിലും പരോക്ഷത്തിലും അനേകം പൈതൃകങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. വാമൊഴികളായും ഉപാദാനങ്ങ ളായും അവ നമുക്ക് ലഭ്യമാണ്. കുഞ്ചൻ നമ്പ്യാരുടെ ലക്കിടി, കുത്താമ്പുള്ളി നെയ്ത്തുഗ്രാമം, വെള്ളിനേഴി കലാഗ്രാമം, കൽപ്പാത്തി പൈതൃകഗ്രാമം എന്നിവ നിളയുടെ വഴിയേ വളർന്നു പന്തലിച്ച പൈതൃക സ്ഥാനങ്ങളാണ്. ഇതിലേക്ക് ചേർത്തുവായിക്കപ്പെടേണ്ട ഒന്നാണ് നിളാതീരത്തെ ആയുർവേദ പൈതൃകവും. മറ്റ് സാംസ്കാരിക മണ്ഡലങ്ങ ളോടൊപ്പം വൈദ്യത്തിന്റെ വളർച്ചയും സൂചിപ്പിക്കപ്പെടുന്നുങ്കിലും നിളാതടത്തിൽ ഉത്ഭവിക്കുകയും ഇന്നും നിലനിന്നുപ്പോരുന്നതുമായ ആയുർവേദ കുടുംബങ്ങൾ വളരെയധികം പ്രാധാന്യം അർഹിക്കുന്നുണ്ട്. ഭാരതപ്പുഴയുടെ ഒഴുക്കുവഴികൾ പരിഗണിച്ചുകൊണ്ട് പരിശോധിക്കു മ്പോൾ ത്രിമൂർത്തി സ്ഥാനത്തു നിന്ന് ഉത്ഭവിച്ചു പല പല നാമങ്ങളിൽ ശുഷ്ക്കമായും, വിപുലമായും ഒഴുകിയെത്തുന്ന പ്രവാഹത്തിന് ആദ്യമുണ്ടായി തീരുന്ന സംഗമസ്ഥാനം തൃത്താല പ്രദേശമാണ്. ഇന്നത്തെ പാലക്കാട്, മലപ്പുറം ജില്ലകളുടെ സംഗമപ്രദേശമായി ഇവിടം മാറുന്നു. ഈയൊരു സംഗമസ്ഥാനത്തിന് ചരിത്രപരമായും ഐതീഹ്യപരമായും നിരവധി സവിശേഷതകളുണ്ട്. ഭാരതപ്പുഴ കൂടുതൽ വിസ്തീർണം പ്രാപിക്കുന്ന ഇടവും ഇതുതന്നെയാണ്. തൃത്താല, കൂടല്ലൂർ എന്നീ പ്രദേശങ്ങളിൽ നിന്നും ഒഴുകി പിന്നീട് തിരുന്നാവായ വഴി പൊന്നാനിയിൽ എത്തിച്ചേരുന്നു .ഇന്നത്തെ ഷൊർണൂരിനു ഇപ്പുറം തൊട്ട് പൊന്നാനി വരെയുള്ള പ്രദേശത്തിന് നിളാതട സംസ്കാരത്തിൽ വ്യക്തമായ സ്വാധീനം ദർശിക്കാം. അനവധി വൈജ്ഞാനിക പാരമ്പര്യങ്ങളുടെ സമ്മേളന ഭൂമിയായിട്ടാണ് ഈ പ്രദേശത്തെ പരിഗണിക്കേ്ത്. ഭാരതപ്പുഴക്ക് ഇത്രയുമധികം കൈവഴികളും കേന്ദ്രസ്ഥാനങ്ങളുമു്ായിട്ടും, മറ്റു സ്ഥലങ്ങളിൽ

നിന്നും തൃത്താലദേശം വ്യത്യസ്തമായി തീരുന്നതിൽ അനവധി കാരണങ്ങളുണ്ടാകാം.

പ്രാചീന സാംസ്ക്കാരിക കേന്ദ്രമെന്നു വിശേഷിപ്പിക്കപ്പെടുന്ന തൃത്താല ഗ്രാമം, പാലക്കാട് ജില്ലയിലെ പട്ടാമ്പിക്കടുത്തു സ്ഥിതി ചെയ്യുന്നു. തെക്ക് കൂറ്റനാടും വടക്ക് പട്ടാമ്പിയും കൂടാതെ കൂടല്ലൂർ ആലൂർ മേഴത്തൂർ കണ്ണനൂർ തുടങ്ങിയ ഭാഗങ്ങളാലും ചുറ്റപ്പെട്ടതാണ് തൃത്താല. നിളാതട ഗ്രാമം എന്ന് പരിഗണിക്കുമ്പോൾ ഓരോ ദേശത്തിന്റെയും സവിശേഷതകൾക്കപ്പുറം തൃത്താലയുടേതായ സാംസ്ക്കാരിക സമന്വയം ദർശിക്കാനാകും. വള്ളുവനാടിന്റെ ഭാഗമായി നിലനിന്നിരുന്ന ഈ പ്രദേശം അതിനാൽ തന്നെ സാമൂഹികമായി സുപ്രധാന സ്ഥാനം വഹിച്ചിരുന്നു. കാലങ്ങൾ മുൻപേ സാമൂതിരിയുടെ സൈനിക പരിശീലന കേന്ദ്രം തൃത്താലക്കടുത്തായി പ്രവർത്തിച്ചിരുന്നുവെന്നു അറിയാൻ സാധിക്കുന്നു. പന്നിയൂർ ഗ്രാമത്തിന്റെ സ്വാധീനവും അന്നത്തെ തൃത്താല ദേശത്തിന്റെ പുരോഗതിക്കു കരണമായിട്ടുണ്ടാകും. ഓരോ ചരിത്ര കാലഘട്ടങ്ങളിലും വ്യക്തിപ്രഭാവം കൊണ്ടും സാമൂഹിക പരിണാമങ്ങൾ കൊണ്ടും ഈ പ്രദേശം പ്രധാനമായി തീർന്നതായിരിക്കാം. തൃത്താലയുടെ പൈതൃകത്തിൽ പറയിപെറ്റ പന്തീരുകുലത്തിനുള്ള സ്ഥാനം അവിസ്മരണീയമാണ്. അതില്ലാതെ തൃത്താലയുടെ കഥ പൂർണമാകില്ല. പന്തിരുകുലത്തിലെ ഒന്നാമൻ മേഴത്തോൾ ബ്രഹ്മദത്തൻ അഗ്നിഹോത്രിയുടെ ഗ്രാമം. പന്തിരുകുല പ്രഹേളികയുടെ ചരിത്രമുറങ്ങുന്ന വേദഭൂമിയായ തൃത്താല ഇന്നൊരു ഗ്രാമമല്ല. നാഗരികതയെ പുൽകാൻ വെമ്പുന്ന കൊച്ചു പട്ടണമായി തൃത്താല വളരുകയാണ് (രാജൻ ചുങ്കത്ത് 2015:22) അഗ്നിഹോത്രിയുടെ വേമഞ്ചേരി മന അദ്ദേഹം മണ്ണുകൊണ്ടാക്കിയ രൂപം പ്രതിഷ്ഠയായി മാറിയ തൃത്താല ക്ഷേത്രം യാഗഭൂമിയാ യിരുന്ന യജ്ഞേശ്വരം ക്ഷേത്രം എന്നിവ ഐതീഹ്യത്തിന്റെ യും ചരിത്രത്തിന്റെയും അംശങ്ങളിലൂടെയും തൃത്താലയുടെ സ്വത്വമായി നിലനിൽക്കുന്നു. വെള്ളിയാങ്കല്ല് എന്ന് പറയുന്ന സ്ഥലം ഇന്ന് കാണുന്ന പാലത്തിന്റെ അക്കരെ ഭാഗത്താണ്.

തൃത്താലയെ കേന്ദ്രമാക്കിക്കൊണ്ട് നിളാതട സംസ്കൃതിയെ വായിക്കുമ്പോൾ രൂപപ്പെടുന്ന പൈതൃക ശൃംഖലയിൽ ആയുർ വേദത്തിന് പ്രസക്തിയുണ്ട്. കലാ സാംസ്കാരിക വികാസത്തിനൊപ്പം ഈ പ്രദേശത്തു വ്യക്തമായ വൈദ്യപാരമ്പര്യവും രൂപം കൊണ്ടിട്ടുണ്ട്. ഭൂതകാലത്തിൽ മാഞ്ഞുപോയവയല്ല ഇവ. ഭാവിയിലേക്ക് വേിയും വൈദ്യ പൈതൃകത്തെ സംരക്ഷിക്കുകയും പരിശീലിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ് ഈ വൈദ്യന്മാർ. വൈദ്യകുടുംബങ്ങളായി ആവിർഭവിക്കുകയും ലോകമൊട്ടുക്കും അറിയുന്ന തലത്തിലേക്ക് വളർന്നതുമാണ് ഇവരുടെ ചരിത്രം. വൈദ്യ മഠം വൈദ്യശാല, സി എൻ എസ് ചികിത്സാലയം, തിത്തീയുമ്മ മെമ്മോറിയൽ മുക്കടൈകാട്ട് നേത്രചികിത്സാലയം, പുളിയാപ്പറ്റ ചികിത്സാലയം, മലമക്കാവ് പൊള്ളൽ ചികിത്സാലയം, എന്നീ വൈദ്യ ചികിത്സകർ വർത്തമാന സമൂഹത്തിലും തൃത്താലയുടെയും കേരളത്തിന്റെയും വൈദ്യ പൈതൃകത്തിന്റെ പ്രതിനിധികളാണ്. ആയുർവേദം തഴച്ചു വളർന്ന ഭൂമികയാണ് കേരളത്തിന്റേത്. എല്ലാ പ്രദേശങ്ങളിലും വിവിധ

വിഷയങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള ചികിത്സസമ്പ്രദായങ്ങളും വൈദ്യകുടുംബങ്ങളുമുണ്ട്. എന്നാൽ ഇവയിൽ നിന്നും തൃത്താലയെ വ്യത്യസ്തവും അതിലേറെ വ്യതിരിക്തവുമാക്കി തീർക്കുന്നത് ഒരു ദേശ പരിധിക്കുള്ളിൽ തന്നെ കാണപ്പെടുന്ന ഇത്രയും വിശാലമായ വൈദ്യപാരമ്പര്യങ്ങൾ തന്നെയാണ്. ഇവയോരോന്നിന്റേയും ഉത്ഭവവും വളർച്ചയും ആധുനികമല്ല. എന്നാൽ ആധുനിക ചികിത്സാരീതിക ളെയും സ്വീകരിക്കുന്ന ഈ വൈദ്യന്മാർ നാളെയുടെ പൈതൃക സ്ഥാപനങ്ങളാണ്.

5. പുളിയപറ്റയിലെ നേത്രവൈദ്യ പെരുമ

തൃത്താലദേശത്തിന്, അതിനു ചുറ്റുമായി വലയം ചെയ്തിരി ക്കുന്ന മറ്റു ദേശങ്ങളുമായി വിവിധതരത്തിൽ ബന്ധങ്ങൾ കാണാവുന്നതാണ്. അത്തരത്തിൽ പുഴക്ക് അക്കരെയുള്ള രണ്ട് നേത്രചികിത്സാലയങ്ങളെ കൂടി ഈ ആയുർവേദ പൈതൃക ശൃംഖലയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. നിരവധി വൈദ്യപാരമ്പര്യങ്ങളുള്ള ഈ സംഗമഭൂമിക്ക് പലതും നഷ്ടമായിപ്പോവുകയും അറിയപ്പെടാതെയാവുകയും ചെയ്തിട്ടുണ്ടാകാം. അവയിൽ ലഭ്യമായതി നെയും ഇന്നും കൃത്യമായി പ്രവർത്തിക്കുന്നതുമായ കുടുംബങ്ങളെ ഈ ശൃംഖലയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയുർവേദ ത്തിലെ വിവിധ മേഖലകളിൽ പ്രധാനപ്പെട്ട ഒന്നാണ് നേത്രചികിത്സ. പലതരം ഘൃതങ്ങൾ, ശിരോധാരകൾ തുടങ്ങിയവയുടെ ഉപയോഗത്തി ലൂടെ നേത്രസംബന്ധമായ ക്ലിഷ്ടതകൾക്കു ആശ്വാസം കൈവന്ന അനുഭവങ്ങൾ അനവധിയാണ്. 'അങ്ങേക്കരയിലെ പള്ളിപ്പുറത്താണ് കണ്ണുവൈദ്യത്തിലെ കേരളീയ പാരമ്പര്യങ്ങൾ പലതും കാത്തുസൂക്ഷിച്ച പുളിയാപ്പറ്റ തറവാട്. പുളിയപ്പറ്റ വേലുക്കുട്ടി വൈദ്യരും ബാലൻ വൈദ്യരും കേൾവിക്കേട്ട നേത്രവൈദ്യന്മാരായിരുന്നു (ആലങ്കോട് 2016:9) സാമൂതിരി കോവിലകത്തു നിന്ന് പട്ടും വളയും ചെമ്പോലയും ഭൂമിയും സമ്മാനമായി ലഭിച്ച പുളിയാപറ്റ വൈദ്യകുടുബത്തിന്റെ പ്രഗൽഭ്യമാണ് അന്നത്തെ ജാതികേന്ദ്രിതമായ സാമൂഹ്യ വ്യവസ്ഥയിൽ ഒരു ഈഴവ കുടുംബത്തിന് പടിപ്പുരയും നാലുക്കെട്ടും നിർമ്മിക്കാൻ സാഹചര്യം ഒരുക്കിയത്. തെയ്യൻ വൈദ്യരിൽ ആരംഭിക്കുന്ന ചികിത്സ പാരമ്പര്യം പിന്നീട് മക്കളായ കൃഷ്ണൻ ശങ്കരൻ രാമൻ എന്നിവരിലേക്കും, അവരിൽ നിന്നും അടുത്ത തലമുറയായ വേലുക്കുട്ടി വൈദ്യരിലേക്കും പുളിയപ്പറ്റയിലെ അവസാന വൈദ്യരായിരുന്ന സുബ്രഹ്മണ്യൻ വൈദ്യരിലേക്കും എത്തിചേർന്നു. ഇന്ന് പുളിയപ്പറ്റയിൽ പുതു തലമുറയിൽ പ്പെട്ടവർ ചികിത്സ നടത്തുന്നു. പുളിയപ്പറ്റയുമായി ബന്ധപ്പെട്ട മറ്റൊരുകഥ ഇപ്രകാരമാണ്, ഈ വൈദ്യകുടുംബ ത്തിന്റെ അറിഞ്ഞ ബ്രിട്ടിഷുകാർ രോഗികൾക്കും വൈദ്യന്മാർക്കും സൗകര്യത്തിനായി പള്ളിപ്പുറം റെയിൽവേ സ്റ്റേഷൻ നിർമ്മിച്ച് നൽകി (ഉണ്ണി 2019:101)

ആയുർവേദ നേത്രചികിത്സയിൽ സ്വന്തമായൊരു ഇടം കണ്ടെത്തിയ കുടുംബമാണ് പുളിയപറ്റക്കാരുടേത്. അന്നത്തെ കാലത്തെ മറ്റു നേത്ര ചികിത്സാ സമ്പ്രദായങ്ങളിൽനിന്നും വ്യത്യസ്തമായി വിഷയജ്ഞാനത്തി ലൂടെയും അനുഭവസമ്പത്തിലൂടെയും കേരളീയ വൈദ്യപാരമ്പര്യത്തി ലേക്ക് പുതിയ ചികിത്സാരീതികൾ സംഭാവന ചെയ്യുവാനും ഈ വൈദ്യപരമ്പരയ്ക്ക് സാധിച്ചു. മേൽ സൂചിപ്പിച്ചതുപോലെ വേലുക്കുട്ടി

വൈദ്യർ, വൈദ്യരത്നം പി ബാലകൃഷ്ണൻ വൈദ്യർ, പി രാമൻകുട്ടി വൈദ്യർ എന്നീ പ്രഗത്ഭ ഭിഷഗ്വരന്മാരുടെ ഖ്യാതി അന്ന് കേരളത്തിലുടനീളം പ്രചരിച്ചിരുന്നു. വടക്കേ മലബാറിൽ നിന്നും പട്ടാമ്പിക്കടുത്തുള്ള പള്ളിപ്പുറത്തേക്ക് കുടിയേറിയവരാണ് പുളിയപ്പറ്റ കുടുംബം. ആദ്യകാലങ്ങളിൽ എല്ലാ ചികിത്സകളും നടത്തിയിരുന്നു. വിഷ ചികിത്സയുടെ ഭാഗമായി ഗുരുതി പ്രയോഗങ്ങൾ, ബാല ചികിത്സ, നേത്രചികിത്സ, മറ്റു രോഗങ്ങൾക്കുള്ള ചികിത്സകൾ എന്നിവയിൽ നിന്നും പിന്നീട് നേത്രചികിത്സയിലെ അവസാനവാക്കായി ഈ കുടുംബം മാറി. കാർഷിക സംസ്കൃതിയാൽ സമ്പന്നമായ ഗ്രാമങ്ങളിൽ എല്ലാ ചലനങ്ങളും അവയോട് ചേരുന്നതാകുന്നത് പോലെ, ചികിത്സയും വ്യത്യസ്തമായിരുന്നില്ല. അഷ്ടാംഗഹൃദയം, സഹസ്രയോഗം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള സാമ്പ്രദായിക ചികിത്സാരീതികൾക്കൊപ്പം തന്നെ തദ്ദേശീയമായ കൂട്ടിച്ചേർക്കലുകൾ ഇവർ നടത്തിയിരുന്നു. ചില പ്രയോഗങ്ങളിൽ ഔഷധം പാലിൽ അരച്ചും, പുളിയിലയും അരിക്കാടിയും ചേർത്തുമുള്ള ചികിത്സാരീതികൾ പുളിയപ്പറ്റ വൈദ്യപാരമ്പര്യത്തിന്റെ സംഭവനകളാണ്. നിർമ്മാണ രീതിയും പ്രയോഗവും വ്യത്യസ്തവും സങ്കീർണവുമാണെങ്കിലും ഫലപ്രാപ്തി കൂടുതലായിരുന്നുവെന്ന് ഈ തലമുറയിലെ ഡോ.പ്രേംജിത് പുളിയപ്പറ്റ സാക്ഷ്യപ്പെടുത്തുന്നു.

ആധുനിക ചികിത്സാരംഗം എക്സോ ഫ്താൽ മിയ എന്ന് വിശേഷിപ്പിക്കുന്ന കണ്ണ് തള്ളി വരുന്ന അവസ്ഥക്ക് തഴി പോലുള്ള പ്രയോഗങ്ങളായിരുന്നു പുളിയപറ്റയിലു്ായിരുന്നത്. കണ്ണിലെ കുരുക്കൾക്ക് ആയുർവേദം അനുശാസിക്കുന്ന രീതിയിലുള്ള ശസ്ത്രക്രിയയും ഇവിടുത്തെ മുൻതലമുറ ചെയ്തുവന്നിരുന്നു. പ്രമേഹമുള്ളവരെ ബാധിക്കുന്ന ഡയബെറ്റിക്ക് റെറ്റിനോപതി, ഹ്രസ്വദൃഷ്ടി, തിമിരം തുടങ്ങിയവയ്ക്ക് ആദ്യ ഘട്ടത്തിൽ തന്നെ ചികിൽസിച്ചാൽ ഭേദമാകുന്ന ഫലപ്രദമായ ചികിത്സ ഇന്നും ഇവിടെ നൽകിവരുന്നു. പൂർണമായും കാഴ്ച നഷ്ടപ്പെട്ടേക്കാവുന്ന ഡയബെറ്റിക്ക് റെറ്റിനോപ്പതിയ്ക്കുള്ള ചികിത്സയിൽ നിന്നും മികച്ച ഫലപ്രാപ്തിയുണ്ടായ രോഗികൾ സംതൃപ്തിയോടെ അവരുടെ അനുഭവങ്ങൾ പങ്കുവെക്കുന്നു. കാർഷിക സംസ്കൃതിയുടെ ഭാഗമായതിനാൽ തന്നെ കണ്ണിൽ ഈർക്കിൽ തട്ടിയും, നെല്ല് പാറ്റലിലൂടെ കോർണിയയ്ക്ക് സംഭവിക്കുന്ന മുറിവുകളുമായി വരുന്ന കർഷക തൊഴിലാളികൾ അനവധിയായിരുന്നു. അവർക്കെല്ലാം ഏത് സമയവും ആശ്രയിക്കാവുന്ന ആതുരസേവകരായിരുന്നു പുളിയപ്പറ്റയിലെ വൈദ്യന്മാർ. സംസ്കൃതശ്ലോക വിധികൾ നടപ്പാക്കുന്നതോടൊപ്പം തന്നെ തദ്ദേശീയമായ മലയാളത്തിലും ഇവർ ചികിത്സാ വിധികൾ വികസിപ്പിച്ചെടുത്തിരുന്നു. കണ്ണിനുണ്ടാകുന്ന വീക്കം പോലുള്ളവയ്ക്ക് കൺപീലി ഒഴികെയുള്ള ഭാഗത്തു പ്രയോഗിക്കാവുന്ന 'മുക്കാതിപുറമ്പട' പോലുള്ള ഔഷധങ്ങൾ പുളിയപ്പറ്റയുടെ തദ്ദേശീയമായ കൂട്ടിച്ചേർക്കലുകളുടെ ഭാഗമാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രവർത്തിച്ചുവന്നിരുന്ന ഈ നേത്ര ചികിത്സാലയം, ആശുപത്രി എന്ന സങ്കല്പം കേരളത്തിൽ പരിചിതമാകുന്നതിന് എത്രയോ മുൻപ് തന്നെ താമസിച്ചു ചികിത്സ നടത്തിയിരുന്നു. ചികിത്സയോടൊപ്പം തന്നെ ഗുരുകുല സമ്പ്രദായ ത്തിൽ

വൈദ്യം പകർന്നു കൊടുത്തിരുന്നു. കേരളത്തിലെ പ്രഗത്ഭരായ നേത്രവൈദ്യന്മാർ ഉൾപ്പെടുന്നതാണ് ഇവിടുത്തെ ശിഷ്യവൃന്ദം. ആധുനിക ചികിത്സാരംഗം ശസ്ത്രക്രിയ പോലുള്ള ചികിത്സകൾ നിർദേശിക്കുന്ന നേത്രരോഗങ്ങൾക്ക് ഇന്നും പുളിയപ്പറ്റയിൽ ചികിത്സ ലഭ്യമാണ്. ഒരു വൈദ്യകുടുംബത്തിന്റെ സേവനമഹിമ കാരണം ഒരു ഗ്രാമത്തിന്റെ പ്രധാന ഗതാഗത സംവിധാനമായി റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടത് പള്ളിപ്പുറത്തിന്റെ ചരിത്രമാണ്. കാലഘട്ടങ്ങൾ കടന്നുപോകുമ്പോഴും തലമുറകളായി കൈവന്ന വൈദ്യപൈതൃകത്തെ ഈ കുടുംബം ഇന്നും നിലനിർത്തിവരുന്നു. നേത്ര സംബന്ധമായ രോഗങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ഫലപ്രദമായ ചികിത്സകൾ സമൂഹത്തിനു മുൻപിലേക്കെത്തേണ്ടതിന്റെ ആവശ്യകതയും പ്രസക്തിയു മേറെയാണ്. പുളിയപറ്റ നേത്രചികിത്സാലയം പോലെ പുഴയ്ക്ക് അക്കരയും ഇക്കരയുമായി വളർന്ന് വ്യവസ്ഥാപിതമായി തീർന്ന ആയുർവേദ സ്ഥാപനങ്ങൾ നാളെയുടെകൂടി പ്രതീക്ഷകളാണ്. അസ്ഥിരത യുടെയും വാണിജ്യത്തിന്റെയും ഇന്നിന് സ്ഥിരവും ചിട്ടയുമാർന്ന ആയുർവേദ സമ്പ്രദായങ്ങൾ അൽഭുതവും ഒപ്പം പ്രയോജനകരവുമായി തീരുന്നു. ആയുർവേദത്തിലെ ചികിത്സാവിധികളെ പുതിയ തലമുറക്ക് ഉതകുന്ന രീതിയിൽ പ്രായോഗികമായി ഉപയോഗിക്കാൻ ഈ വൈദ്യശാലകൾ തയാറാകുന്നു. ഇതോടൊപ്പം തൃത്താലക്ക് ചുറ്റുമായി വികസിച്ചു വരുന്ന മറ്റ് ആധുനിക ഹോസ്പിറ്റലുകളും ഗവേഷണ കേന്ദ്രങ്ങളും, ഇവിടുത്തെ പൈതൃകവും പൈതൃക മൂല്യവും ഭാവിയുടെ കൂടെയാണെന്നു ഉറപ്പിക്കുന്നു. ആയുർവേദ പൈതൃകം എന്നത് വിനോദസഞ്ചാരോപാധി എന്നതിൽ കവിഞ്ഞ് വിവിധ രോഗങ്ങൾക്കൊണ് വിഷമതകൾ അനുഭവിക്കുന്ന വർക്കും പുതിയ വഴികൾ തുറക്കുന്നു. കേവലം സന്ദർശകർ എന്നതിലുപരി ആവശ്യാർത്ഥം വന്നെത്തുന്ന രോഗികൾക്കുള്ള പരിചരണവും രോഗശാന്തിയും നാടിനെ ആഗോള തലത്തിലേക്ക് വളർത്തുവാനും ഒപ്പം ആയുർവേദത്തിന്റെ മാനവികതയെ കൂടുതൽ മികവോടെ സ്ഥാപിക്കുവാനും സഹായകമാകുമെന്നതിൽ സന്ദേഹമില്ല. ഇത്തരത്തിൽ നിളാതട ആയുർവേദപൈതൃകശൃംഖല എന്നത് കേരളീയ പൈതൃകത്തിന്റെ അനന്യമായ സഞ്ചയത്തിലേക്കുള്ള വർത്തമാന കാലത്തിന്റെ സംഭാവനയും, നാളെയുടെ വാഗ്ദാനവുമായി തീരുന്നു.

ആവേദകസൂചി

ഡോ. പ്രേംജിത്ത് പുളിയപ്പറ്റ, പള്ളിപ്പുറം.

ഗ്രന്ഥസൂചി

1. അച്യുതവാരിയർ എസ്, 2012, കേരള സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. ആലങ്കോട് ലീലാകൃഷ്ണൻ, 2016, എം.ടി ദേശം വിശ്വാസം പുരാവൃത്തങ്ങൾ, ഡി സി ബുക്സ്, കോട്ടയം.
3. ഉണ്ണികൃഷ്ണൻ ഇ., 2011, കേരളത്തിലെ നാട്ടുവൈദ്യം, ഡി സി ബുക്സ്, കോട്ടയം.

4. കൃഷ്ണൻകുട്ടി വാര്യർ എൻ.വി., 2013, ആയുർവേദ ചരിത്രം, ആര്യവൈദ്യശാല, കോട്ടക്കൽ.

5. ഗണേഷ് കെ. എൻ, 2019, കേരളത്തിന്റെ ഇന്നലെകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

6. ഭരതൻ കെ.എം. (എഡിറ്റർ), 2021, സംസ്കൃതി സംസ്കാര പൈതൃക പഠനങ്ങൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, വാക്കാട്.

7. രാജൻ ചുങ്കത്ത്, 2015, പറയിപെറ്റ പന്തിരുകുലം ഐതിഹ്യവും ചരിത്രവും, ഡി സി ബുക്സ്, കോട്ടയം

8. രാജൻ ചുങ്കത്ത്, 2013, ഭാരതപ്പുഴ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

9. വാസുദേവൻ വി. ടി., 2011, നിളയിലെ നാട്ടുവെളിച്ചം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

10. വിജയകുമാർ ബി, 2015, പൈതൃക കേരളം, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

11. വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി, 2007, ആയുർവേദത്തിന്റെ കേരളീയ അനുഷ്ഠാന പാരമ്പര്യം, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

12. വൈദ്യമഠം ചെറിയ നാരായണൻ നമ്പൂതിരി, 2015, ആൽബത്തിലെ ഓർമകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

13. ശ്രീധരമേനോൻ എ, 2019, കേരള ചരിത്രം, ഡി സി ബുക്സ്, കോട്ടയം.

14. Muriel Daniel, 2017, The Network of Experts and the construction of cultural Heritage, Technoscienza, Indian Journal for Science And Technology Studies, 7(i) pp 23-50

15. Raghava Varier M R, 2020, A Brief History of Ayurveda, Oxford University Press.

16. Sorenson Stig Louise Marie and John Carmen, 2010, Heritage Studies Methods and Approaches, Newyork: Routledge.

ദേശകാലങ്ങളുടെ ദൃശ്യവത്ക്കരണം
പി. ബാലചന്ദ്രന്റെ സമാറ നാടകത്തിൽ

സുമ സി. സുബ്രഹ്മണ്യൻ

പ്രബന്ധസംഗ്രഹം

പുരാതന മോസപ്പൊട്ടോമിയൻ മിത്തിനെ അടിസ്ഥാനമാക്കി പി. ബാലചന്ദ്രൻ രചിച്ച അധി നാടകമാണ് സമാറയിലേക്ക്. പ്രസ്തുത മിത്തിൽ നിന്നുതന്നെ നോവലും ചെറുകഥകളും വന്നിട്ടുണ്ട്. സ്ഥലകാലനിർമിതിയെ ക്കുറിച്ചുള്ള നിർവ്വചനങ്ങൾ സമാറയിലേക്ക് എന്ന നാടകത്തെ മുൻനിർത്തിപരിശോധി ക്കുന്നു.

താക്കോൽവാക്കുകൾ

തിയേറ്റർ - അധിനാടകം - പി. ബാലചന്ദ്രൻ - സമാറയിലേക്ക് - മിഖയിൽ ബാഖ്തിൻ - ഹെന്റി ലെഫാബ്രെ - ഹിഖയത്ത് നിഖ്ഷിയ.

നാടകരചയിതാവും നടനും സംവിധായകനുമാണ് പി. ബാലചന്ദ്രൻ. അദ്ദേഹത്തിന്റെ രചനയും നാടകാവതരണങ്ങളും ആധുനിക നാടകവേദിയുടെ വിമർശനമായിരുന്നു. കാരണം തിയറ്ററിന് ഏകതാനമോ സൈദ്ധാന്തികമോ ആയൊരു ഭാഷവേണമെന്ന് നവീനമായ അരങ്ങുകൾക്ക് യാതൊരു നിർബന്ധവുമില്ല. അതുകൊണ്ടുതന്നെ കാണിയെക്കുറിച്ചുള്ള പരമ്പരാഗതമായ കാഴ്ചപ്പാടിൽതന്നെ മാറ്റം സംഭവിച്ചിട്ടുണ്ട്. ഈ മാറ്റം ബാലചന്ദ്രന്റെ നാടകങ്ങളിലും പ്രകടമാണ്. യൂറോപ്യൻ നാടക വേദിയുടെയും തനത് നാടകവേദിയുടെയും സാധ്യത കളെ ഉപേക്ഷിക്കാതെതന്നെ നൂതനമായ ദൃശ്യപദ്ധതികളെ ആവിഷ്കരി ക്കാൻ ശ്രമിച്ചിടത്താണ് ബാലചന്ദ്രന്റെ നാടകങ്ങൾ സവിശേഷമാകുന്നത്.

ആഢ്യമായാലും നാടോടിയായാലും പാരമ്പര്യകലകളുടെ ബാഹ്യമോടിയിൽ ആകർഷമാകാതെ അതിന്റെ ആന്തരികമായ സത്തയിലൂടെ പുതിയ കാലഘട്ടത്തിന് അനുസൃതമായ ദൃശ്യഭാഷാ സംസ്കാരത്തിലേക്ക് ജീവിതസമസ്യകളുടെ പിൻബലത്തോടെ നവീനമായ അനുഭവം സൃഷ്ടിച്ച നാടകക്കാരൻ കൂടിയാണ് പി. ബാലചന്ദ്രൻ. നാടകകൃത്ത്, സംവിധായകൻ, അധ്യാപകൻ, തിരക്കഥാകൃത്ത്, നടൻ എന്നീ നിലകളിൽ പ്രശസ്തനായ പി. ബാലചന്ദ്രൻ മലയാള നാടകവേദിയിലേക്ക് രംഗപ്രവേശനം ചെയ്യുന്നത് 1970-കളിലാണ്.

താമസി, പ്രഹേളിക, മൂന്നാമൻ, ചെണ്ട, പാവം ഉസ്മാൻ, വിധിനിഷേധങ്ങൾ, സമാറയിലേക്ക്, ചേരി, കല്യാണസൗഗന്ധികം, മാറാമറയാട്ടം നേരമ്പോക്ക്, ചത്തവനും കൊന്നവനും ഭാര്യാസമേതം,

മായാസീതാങ്കം - ഒരു പുണ്യപുരാണ പ്രശ്നനാടകം, വെളിപാട്, മൈഥിലി, അവസാനരംഗം, ശത്രുസംഹാരം, ഒരു മധ്യവേനൽ പ്രണയരാവ് മുതലായ നാടകങ്ങൾ ഏറെ ശ്രദ്ധാർഹമാണ്. അദ്ദേഹത്തിന്റെ മകുടി നിരവധി തവണ രംഗാവതരണത്തിന് ഭാഗ്യംസിദ്ധിച്ച നാടകമാണ്. ഗൗരവമായ പ്രമേയങ്ങൾ തിരഞ്ഞെടുക്കുമ്പോഴും അതിനെ നാടോടി സംഭാഷണത്തിലും ഫലിത പരിഹാസങ്ങളാലും പൊതിഞ്ഞ് അവതരിപ്പിക്കുന്ന ശൈലി ബാലചന്ദ്രനുണ്ട്. അവതരണത്തിലെ പ്രത്യേകത കൊണ്ടും സംഭാഷണങ്ങളിലെ നാടോടി ഘടകങ്ങൾകൊണ്ടും സമകാലികത്വം കൊണ്ടുമെല്ലാം വ്യത്യസ്തത പുലർത്തുകയും എന്നാൽ ഇവയ്ക്കിടയിലൂടെ വികസിക്കുന്ന ഗൗരവമുള്ള പ്രമേയത്തിന് അത്രതന്നെ പ്രാധാന്യവും ബാലചന്ദ്രൻ കൽപ്പിക്കുന്നുണ്ട്. 'പകർന്നാട്ടം എന്ന സങ്കൽപ്പത്തിലൂടെ എല്ലാത്തിനെയും നിരന്തരം മാറ്റിവയ്ക്കുന്ന രംഗബോധം രൂപപ്പെടുത്തുന്നതാണ് അദ്ദേഹത്തിന്റെ നാടകഭാഷയുടെ ആധാരം. അതിലൂടെയാണ് ദൈവികമായതിനെയും അധികാരങ്ങളെയും പരിഹസിക്കുവാൻ കഴിയുന്നത്. ഈ പകർന്നാട്ടം നിലവിലുള്ള സ്ഥിരതകളെ ഉടയ്ക്കുകയും അസ്ഥിരതയെ നിരന്തരം പ്രാപിക്കുകയും ചെയ്യുന്നു'.[1] ഈ പ്രതിപ്രവർത്തനത്തിന് ബാലചന്ദ്രനെ പ്രാപ്തനാക്കുന്നത് ദേശകാലങ്ങളുടെ കൃത്യമായ വിനിയോഗമാണ്. അത് കൃത്യമായി ഉപയോഗിക്കപ്പെട്ട നാടകമാണ് പി. ബാലചന്ദ്രന്റെ സമാറയിലേക്ക്. വളരെ പ്രസിദ്ധവും ഇരുപതാം നൂറ്റാണ്ടിൽ പല സാഹിത്യകൃതികൾക്കും പ്രേരകമായിട്ടുള്ളതുമായ ഒരു പേർഷ്യൻ മിത്താണ് പ്രസ്തുത നാടകകൃതിയുടെ പ്രചോദക വസ്തു.

സ്ഥലകാലചിന്ത ഇരുപതാം നൂറ്റാണ്ടിൽതന്നെ ശക്തമായ ഒന്നാണ്. സ്ഥലവും കാലവും എന്ന പ്രതിഭാസം മനുഷ്യചിന്തയെ താത്വികമായും ലാവണ്യപരമായും സ്വാധീനിച്ചിട്ടുള്ള ഘടകങ്ങളാണ്. ഓരോ പ്രദേശത്ത് ഓരോ സമയത്ത് പ്രത്യക്ഷപ്പെടുന്ന ചിന്തയും പ്രവൃത്തിയും സാംസ്കാരിക ചിഹ്നങ്ങൾ ആയി സംവേദനക്ഷമത കൈവരിക്കുന്നു. സ്ഥലകാലങ്ങൾ സ്ഥൂലത്തിലും സൂക്ഷ്മത്തിലും പ്രതിഫലിക്കുന്ന പ്രതിഭാസമാണ്. കാലപ്രവാഹത്തിലാണ് ആഖ്യാനം നടക്കുന്നത്. അപ്പോൾ സമൂഹവും ചരിത്രവും ദൃശ്യമാകുന്നു. കാലത്തിന്റെയും സ്ഥലത്തിന്റെയും മാറ്റം സാമൂഹികപരിണാമമാകുകയും അത് കലയുൾപ്പെടെയുള്ള എല്ലാ മേഖലകളെയും ബാധിക്കുകയും ചെയ്യുമ്പോൾ ഏതെങ്കിലും വിഷയത്തിന് വേർതിരിഞ്ഞ ഒരസ്തിത്വമല്ല സാധ്യമാക്കുക. സ്ഥലത്തിനും കാലത്തിനും രണ്ടു തലങ്ങളുണ്ട്. ഒന്ന് ഭൗതികലോകവും മറ്റൊന്ന് അതിഭൗതിക ലോകവും. ഭൗതികലോകം കാണാൻ കഴിയുന്ന ഒന്നാണ്. കാണാൻ കഴിയാത്തതും മനസ്സിൽ കാണാൻ കഴിയുന്നതുമായ അതിഭൗതിക ലോകമാണ് (Metaphysical World) രണ്ടാമത്തേത്. ഈ സങ്കല്പത്തെ കാഴ്ചക്കാരൻ തന്റെ ഭാവന ഉപയോഗിച്ച് പൂരിപ്പിക്കുകയാണ് ചെയ്യുക. അതായത് ഉണ്ട് എന്ന് സങ്കൽപ്പിക്കുന്ന ഒരു സ്ഥലം അഥവാ പ്രതീതി സ്ഥലം. എല്ലാത്തിലും വരുന്ന ഒരു യാഥാർത്ഥ്യമാണ് സങ്കല്പസ്ഥലം (Virtual Space). കാഴ്ചയുടെ സ്വത്വം മനസ്സുകൊണ്ടാണ് ആദ്യം കാണുന്നത്.

ആദിമമനുഷ്യൻ തന്റെ മനപ്രതലത്തിൽ കണ്ടത് ഭിത്തി പ്രതലത്തിലേക്ക് മാറ്റുന്നതുപോലെയാണ് പ്രേക്ഷകന്റെ മനസ്സ് ഇവിടെ പ്രവർത്തിക്കുന്നത്. ഓരോരുത്തർക്കും അവരുടെ സ്ഥലത്തുനിന്നും സമയത്തുനിന്നും ലഭിക്കുന്നത് ഓരോന്നായിരിക്കും.

നമ്മുടെ നിത്യവൃത്തിയിൽ എവിടെയെന്നുള്ള ചോദ്യം അവസാനിക്കുന്നത് സ്ഥലസൂചനയിലാണ്. സ്ഥലത്തെ വെറുതെ വിഭാവനം ചെയ്യാൻ സാധിക്കില്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അനുഭവേദ്യമാകുന്ന ഭൗതികവസ്തുക്കളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് നാം സ്ഥലത്തെക്കുറിച്ച് ചിന്തിക്കുന്നത്. യഥാർത്ഥമായ സ്ഥിരത സ്വതന്ത്രവും മാറ്റമില്ലാത്തതുമായ സ്ഥലത്തിന് മാത്രമാണ്. ചുരുക്കിപ്പറഞ്ഞാൽ മറ്റെല്ലാ ഭൗതിക വസ്തുക്കളിൽനിന്നും സ്വതന്ത്രമാക്കി കൊണ്ടുള്ള സ്ഥലത്തിന്റെ അസ്തിത്വം ഏകമാന സ്വഭാവമുള്ളതായാണ് ആദ്യം വിലയിരുത്തപ്പെട്ടത്. എന്നാൽ ഒരു പ്രത്യേക ഇടത്തെയും സമയത്തെയും കാര്യങ്ങൾ ഏകകാലികമായും (Synchronic) ദൈകാലികമായും (Diachronic) സാഹിത്യത്തിലും മാനവിക വിഷയങ്ങളിലും കലയിലും സമന്വയിക്കപ്പെടുന്നുണ്ട്. സംഭവങ്ങൾ നടക്കുന്നതിന്റെ ഫലമായിട്ടാണ് നാം കാലത്തെക്കുറിച്ച് ബോധവാന്മാരാകുന്നത്. ഏകകാലികമല്ലാത്ത രണ്ട് സംഭവങ്ങൾക്കിടയിൽ എല്ലായിപ്പോഴും ഒരു ഇടവേള അഥവാ കാലം ഉണ്ട്. എപ്പോൾ എന്നുള്ള ചോദ്യത്തിനുള്ള ഉത്തരം നാം കൈകാര്യം ചെയ്യുന്ന ആശയം കാലമാണ്. ദൈനദിന ജീവിതത്തിൽ അനുഭവപ്പെടുന്ന വിവിധ സംഭവങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള ഉപാധി എന്ന നിലയ്ക്കാണ് കാലത്തെ അഥവാ സമയത്തെ നാം ഉപയുക്തമാക്കുന്നത്. അനുക്രമമാണ് കാലത്തിന്റെ ഏറ്റവും പ്രധാന സവിശേഷത.

'സ്ഥലം ഒരു സാമൂഹിക നിർമ്മിതിയാകുന്നതെങ്ങനെ' എന്നത് ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകനായ ഹെന്റി ലെഫാബ്രെ ആഴത്തിൽ ചിന്തിച്ച പ്രശ്നമായിരുന്നു. ''സാമൂഹിക ബന്ധങ്ങളുടെ സമുച്ചയമാണ് സ്ഥലം. സ്ഥലത്തിന്റെ അഭിജ്ഞാനം, അതിന്റെ മാറുന്ന സ്വഭാവസ്ഥകൾ, അത് നിർമ്മിക്കുന്ന ജീവിതത്തിന്റെ സാമൂഹികതയെക്കുറിച്ചുള്ള നിലപാടുകൾ കൂടിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.''[(2)] അതായത് സ്ഥലത്തെ സാമ്പത്തികവും രാഷ്ട്രീയവുമായ ചലനക്രമങ്ങൾക്കാണ് ലെഫാബ്രെ പ്രാധാന്യം നൽകുന്നത്.

നാടകത്തെ സംബന്ധിച്ച് സ്ഥലം എന്നതിനെ ഇടം എന്ന് സൂചിപ്പിക്കാം. നാടകം നടക്കുന്ന ഇടത്തെപ്പറ്റിയുള്ള സൂചനകൾ നാടകകൃതിയിൽ രചയിതാവ് നൽകിയിരിക്കും. എന്നാൽ അധിനാടക സ്വഭാവമുള്ള നാടകങ്ങളിൽ ഇടത്തിന് പാഠത്തിനനുസരിച്ച് മാറ്റമുണ്ടാകുന്നു. നാടകത്തിനകത്തെ നാടകത്തിലും പുറത്തെ നാടകത്തിലും നടക്കുന്ന സ്ഥലകാലങ്ങൾക്ക് വ്യത്യാസം ഉണ്ടായിരിക്കും. സ്ഥലം എന്നത് രണ്ടുതലത്തിലാണ് നാടകവ്യാഖ്യാനത്തിൽ പ്രതിഷ്ഠമായിരിക്കുക. പുറത്തെ നാടകം, സമകാലികമായ അവസ്ഥയിലെ കേവലം വസ്തുനിഷ്ഠമായ വിവരണ സ്ഥലമാകുമ്പോൾ നാടകത്തിനകത്തെ സ്ഥലത്തിന് ചരിത്രപരമായ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടായിരിക്കും.

തിരിച്ചും സംഭവിക്കാം. ഈ സ്ഥലകാലപരത സമൂഹത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ ചലനക്രമങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കും. രംഗവേദിയിൽ ഈ സ്ഥലങ്ങളെ ശൂന്യമായ ഇടത്തിൽ നിറയ്ക്കുന്ന നടന്റെ അഭിനയ ക്രമത്തിന് വളരെ പ്രാധാന്യമുണ്ട്. ദൃശ്യകലകളായ സിനിമയെയും നാടകത്തെയും സംബന്ധിച്ച് മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യം സമയം ക്ലിപ്തമായ അളവുകോൽ അല്ലെന്നും അതിന് അയവുണ്ടെന്നുമാണ്. നിത്യജീവിതത്തിൽ നാം നിരന്തരം ബന്ധപ്പെടുന്ന കാലത്തെ നാടകത്തിൽ വ്യത്യസ്തമായ രീതിയിൽ വിന്യസിക്കുകയാണ് ചെയ്യുക. കാലഘട്ടങ്ങളാണ് സാധാരണയായി സിനിമയിൽ ഉപയോഗിച്ച് വരുന്നത്. 'യഥാർത്ഥ സമയം(Real time), സ്ക്രീൻ സമയം (Screen time) സമയഘടന (Time frame) എന്നിങ്ങനെ. ഒരു പ്രവൃത്തി നടക്കാൻ യഥാർത്ഥത്തിൽ എടുക്കുന്ന സമയപരിധിയാണ് യഥാർത്ഥ സമയം. ഒരു പ്രവൃത്തി സ്ക്രീനിൽ അവതരിപ്പിക്കാൻ എടുക്കുന്ന സമയമാണ് സ്ക്രീൻ സമയം. പ്രേക്ഷകർക്ക് മുൻകൂട്ടി കാണാവുന്ന ഒരു പ്രവൃത്തിയുടെ അന്ത്യത്തെ അല്ലെങ്കിൽ അതിർത്തി രേഖയായ സമയഘടന പിരിവ് നാടകത്തിനും ബാധകമാണ്. നാടകത്തിൽ രൂപീകരണ സ്ഥലം സൃഷ്ടിക്കേണ്ടത് രംഗവേദിയിലാണ്.

രംഗവേദിയുടെ പരിമിതികൾ ഈ സ്ഥലനിർമ്മിതിയെ ബാധിക്കുന്നു. അതിനു പുറമേ ആഖ്യാന രൂപത്തിനുള്ളിലെ സമയവുമുണ്ട്. അതാണ് അധിനാടകത്തെ സംബന്ധിച്ച് പ്രാധാന്യമുള്ളത്. ബാഹ്യനാടകത്തിലേയും അന്തർ നാടകത്തിലേയും കഥാഖ്യാനവുമായി ബന്ധപ്പെട്ട സമയത്തിനെ നിശ്ചിത സമയത്തിനുള്ളിൽ പ്രേക്ഷകരിലേക്ക് സംവേദിപ്പിക്കുക അത്ര എളുപ്പമല്ല. പി. ബാലചന്ദ്രന്റെ സമാറയിലേക്ക് എന്ന നാടകത്തിലെ സ്ഥലകാലങ്ങൾ ഇത്തരത്തിലുള്ള പരിചിത ദേശരാഷ്ട്ര ചിഹ്നങ്ങളാണ്. ഇത് ആഖ്യാനത്തിന്റെ വിശകലനത്തെ കാര്യക്ഷമമായി പ്രവർത്തിക്കാൻ സഹായിക്കുന്നു.

സമാറയിലേക്ക്

കാണുന്നവർക്ക് എല്ലാം ആനന്ദം മാത്രം നൽകുന്ന സ്ഥലം എന്നാണ് സമാറ എന്ന വാക്കിന് അർത്ഥം. ഒൻപതാം നൂറ്റാണ്ടിലെ ഹിഖയത്ത് നിഖ്ഷിയ [Hikayat- Naqshia] അറേബ്യൻ സൂഫി കഥകളിൽ നിന്നെടുത്ത ഭാഗമാണ് പി. ബാലചന്ദ്രന്റെ സമാറയിലേക്ക് എന്ന നാടകത്തിന്റെ ഇതിവൃത്താംശം. മരണം തുറിച്ചു നോക്കുന്ന ബാഗ്ദാദിൽ നിന്നും രക്ഷപ്പെടുന്ന പരിചാരകൻ ഇറാഖിലെ തന്നെ മറ്റൊരു നഗരമായ സമാറയിൽ എത്തിപ്പെടുന്നു. സമാറ, ബാഗ്ദാദ് എന്നീ സ്ഥലങ്ങൾ പുരാതന മെസപ്പെട്ടോമിയൻ കെട്ടുകഥയുടെ പുനരാഖ്യാനത്തെയാണ് പരാമർശിക്കുന്നത്. പുരാതന കെട്ടുകഥയിലെ പരിചാരകൻ എപ്രകാരമാണോ സമാറയിലേയ്ക്ക് എത്തിപ്പെടുന്നത് അതുപോലെ തന്നെയാണ് നാടകത്തിലെ പരിചാരകനും സമാറയിൽ എത്തിപ്പെടുന്നത്. കെട്ടുകഥയിലെ സ്ഥലം ബാഗ്ദാദാണ്. പി. ബാലചന്ദ്രന്റെ സമാറയിലേക്ക് എന്ന നാടകം സംഭവിക്കുന്നത് സമാറയിൽ വച്ച് തന്നെയാണ്. ബാഗ്ദാദിലെ ഭീതിതമായ തന്റെ ഓർമ്മകളെ പരിചാരകൻ, സമാറയിൽ

എത്തുമ്പോൾ നടനാകാൻ കാത്തിരുന്ന് വിധി കാരണം അണിയറയിലെ കാര്യക്കാരനാകേണ്ടി വന്ന വ്യക്തിയോട് പങ്കുവയ്ക്കുന്നു. പരിചാരകനായ വ്യക്തി ചന്തയിൽ വെച്ച് സ്ത്രീയുടെ രൂപത്തിൽ മരണത്തെ കാണുന്നു. അവിടെ നിന്നും രക്ഷപ്പെട്ട് സമാറയിൽ എത്തുന്ന അയാൾക്ക് അവിടെയും മരണത്തെ മറികടക്കാൻ കഴിയുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ സമാറ അതിജീവനത്തിന്റെ പാതയായി തോന്നലുളവാക്കുന്നുണ്ടെങ്കിലും മരണത്തിന്റെ സംഘർഷ വേദിയായ ബാഗ്ദാദായി തന്നെ നിലകൊള്ളുന്നു. മരണത്തിന്റെ അനിവാര്യത സ്വന്തം വിധി ഒഴിവാക്കാനുള്ള മനുഷ്യന്റെ കഴിവില്ലായ്മ, സ്വതന്ത്ര ഇച്ഛാശക്തിയുള്ള വിധിയുടെ സങ്കീർണമായ അവസ്ഥ ഇതെല്ലാം കാര്യക്കാരന്റെ അവസ്ഥ കൂടുതൽ ദുരന്തപൂർണമാക്കുന്നു. പുരാതന കെട്ടുകഥ ബാഗ്ദാദിൽ നിലയുറപ്പിക്കുമ്പോൾ ബാലചന്ദ്രന്റെ നാടകം സമാറയിലെ അദൃശ്യമായ രംഗവേദിയുടെ അണിയറയിലാണ് അവസാനിക്കുന്നത്. യൂറോപ്പിലെ പല സാഹിത്യകൃതികളിലും സമാറ കേന്ദ്രവിഷയമാക്കി കൊണ്ടുള്ള കൃതികൾ ഉണ്ടായിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട കൃതികളാണ് 1933-ൽ പുറത്തിറങ്ങിയ വില്യം സോംസെറ്റിന്റെ [William Somerset Mougham 1874 - 1965] അപ്പോയിൻമെന്റ് ഇൻ സമാറ (1933) എന്ന ചെറുകഥയും ജോൺ ഓഹാരയുടെ [John O'Hara 1905- 1970] അപ്പോയിൻമെന്റ് ഇൻ സമാറ എന്ന നോവലും. പ്രസ്തുത കൃതികളിലും പി. ബാലചന്ദ്രന്റെ നാടകത്തിലും പരിചാരകന്റെ സ്വത്വം ഒരേ രീതിയിലാണ് ചിത്രീകരിച്ചിട്ടുള്ളത്. അണിയറയാണ് പ്രേക്ഷകൻ കാണുന്ന രംഗവേദി. അണിയറയ്ക്കപ്പുറം കാണികളുടെ കാഴ്ചക്കപ്പുറത്തെ അദൃശ്യ രംഗവേദിയുമുണ്ട്. ആ രംഗവേദിയിൽ നിന്നും ഇടയ്ക്കിടെ നടന്മാർ അണിയറയിലേക്ക് എത്തി തങ്ങൾക്ക് ആവശ്യമുള്ള രംഗവസ്തുക്കളും മുഖത്തെഴുത്തുകളും ആവശ്യപ്പെടുന്നു. ഒടുവിൽ രംഗവേദിയിൽ നിന്നും എത്തുന്ന വ്യാപാരിയും ഭാര്യയും കാര്യക്കാരനോട് പുഷ്പചക്രമാണ് ആവശ്യപ്പെടുന്നത്. രംഗത്തിന് പുറത്ത് വ്യാപാരി പരിചാരകന്റെ യജമാനനും രംഗത്ത് സ്ത്രീ പരിചാരകന്റെ ഭാര്യയുമായിരുന്നു. എന്നാൽ പരിചാരകനെ തിരിച്ചറിയാൻ അവർക്ക് കഴിയുന്നില്ല. ബാഗ്ദാദിലേക്ക് തിരിച്ചു പോകുന്നതിനും തന്നെ ആരും തിരിച്ചറിയാതിരിക്കാനും കാര്യക്കാരന്റെ നിർദ്ദേശം അനുസരിച്ച് ധരിച്ച വിഗ്ഗ് തലയിലുള്ള കാര്യം അപ്പോഴാണ് അയാൾക്ക് ഓർമ്മ വരുന്നത്. വ്യാപാരിയും ഭാര്യയും അവിടം വിടുന്നേരം അയാൾ അത് വലിച്ചെറിഞ്ഞു കളയുന്നു. പിന്നീട് മരണം കാര്യക്കാരന്റെ രൂപത്തിൽ പരിചാരകനെ പിടിമുറുക്കുന്നത് കാണാം. മരണത്തെ പിന്നിലാക്കി സമാറയിൽ എത്തിയ കാര്യക്കാരന് മരണത്തെ ഒഴിവാക്കാൻ കഴിയുന്നില്ല. പ്രസ്തുത നാടകത്തിൽ അറേബ്യൻ സൂഫി കഥയിലെ സമാറ എന്ന നഗരം നാടകകൃത്ത് തിരഞ്ഞെടുത്തത് മരണത്തിന്റെ സുനിശ്ചിതത്തെ കാണിക്കുന്നതിനാണ്. ഇവിടെ സമാറ എന്ന സ്ഥലം നൂറ്റാണ്ടുകൾക്ക് ഇപ്പുറവും കാലത്തെ അതിജീവിച്ച് മരണത്തിന്റെ അനിവാര്യതയെ തന്നെ വീണ്ടും പ്രകടമാക്കുന്നു. എട്ടു വർഷക്കാലം നീണ്ടുനിന്ന ഇറാൻ-ഇറാഖ് പോരാട്ടത്തിന്റെ കാലാവശേഷങ്ങൾ നാടക ബോധത്തിൽ നിലനിൽക്കുന്നുവെന്ന് ഡോ. പി. എസ്. രാധാകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. കാലത്തിന്റെ ഓർമ്മ പോലും ദുരന്തമായി തീരുന്ന

യുദ്ധക്കെടുതിയുടെ കാലം കൂടിയാകുന്നു സമാറയിലേയ്ക്ക് എന്ന നാടകം. വിവിധ നിർമ്മാജനങ്ങളിലും വംശഹത്യകളിലും സദാം ഹുസൈൻ സർക്കാരിന്റെ സുരക്ഷാസേനാ വിഭാഗങ്ങൾ കൊലപ്പെടുത്തിയ ഇറാക്കികളുടെ എണ്ണം 2,50,000 ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. യുദ്ധക്കെടുതിയുടെ ചരിത്ര സാക്ഷ്യങ്ങളായും പരിചാരക കഥാപാത്രം നിലകൊള്ളുന്നുണ്ട്. നാടകാന്ത്യത്തിൽ ബാഗ്ദാദിനും സമാറയ്ക്കുമിടയിലെ വൈരുദ്ധ്യം ഇല്ലാതെ ആകുന്നു. പരിചാരകനെ മരണം കീഴ്പ്പെടുത്തുന്നു.

ആധുനികതയുടെ നിഗൂഢതകളെയും സങ്കീർണതകളെയും സംശയദൃഷ്ടിയാൽ നോക്കിക്കാണാനും വരേണ്യ യുക്തിബോധത്തെ വിമർശനാത്മകമായി ചോദ്യം ചെയ്യാനും തുടങ്ങിയ കാലഘട്ടത്തിലാണ് പി. ബാലചന്ദ്രൻ ഈ നാടകമെഴുതുന്നത്. പ്രസ്തുതനാടകത്തിൽ മിത്തിന്റെ അനിർവചനീയമായ നിഗൂഢതലം കൂടി അനുവാചകനും പ്രേക്ഷകനും അനുഭവവേദ്യമാകുന്നുണ്ട്. ഒരു വിദഗ്ദ്ധനായ സംവിധായകന് മാത്രം വാർത്തെടുക്കാൻ കഴിയുന്ന നാടകശില്പമാണ് സമാറയിലേക്ക് എന്ന നാടകത്തിന്റേത്. പകർന്നാട്ടത്തിലൂടെ കഥാപാത്രവും അഭിനേതാവും മാറ്റിമറിക്കപ്പെടുന്നത് കാഴ്ചയിൽ നിരന്തരമായ ജാഗ്രതയും ഉലച്ചിലും സൃഷ്ടിക്കുന്നതിനൊപ്പം സ്ഥലകാലങ്ങളുടെ കുഴമറിച്ചിലും പ്രേക്ഷകന് അനുഭവപ്പെടുന്നു. ഒരു മിത്തിക്കൽ അനുഭവത്തിലൂടെ സമകാലീന ലോകത്തിന്റെ പ്രശ്നങ്ങളെ അവതരിപ്പിക്കുന്ന ബാലചന്ദ്രൻ അനിവാര്യമായ മരണത്തിന്റെ അപരിഹാര്യത തീക്ഷണതയോടെ അവതരിപ്പിക്കുന്നു സമാറയിലേക്ക് എന്ന നാടകത്തിൽ.

അടിക്കുറിപ്പുകൾ

1. ഡെസി വി. ജെ., ബാബു ഇടംപാടം യാക്കോബ് തോമസ് (എ.ഡി.) കാഴ്ചയുടെ പകർന്നാട്ടങ്ങൾ, പാപ്പിറസ് ബുക്സ്, കോട്ടയം പേജ് 64.

2. Henri Lefebvre, 1974, The production of Space, translated by Donald Nicholson-Smith, 1988,Oxford & Cambridge, USA: Blackwel Publishers)

ഗ്രന്ഥസൂചിക

1. ബാബു ഇടംപാടം ഡോ. , യാക്കോബ് തോമസ് (എഡി.), കാഴ്ചയുടെ പകർന്നാട്ടങ്ങൾ, പാപ്പിറസ് ബുക്ക് കോട്ടയം, 2012.

2. ബാലചന്ദ്രൻ പി., നാടകോത്സവം, എം. ക്യൂബ് ബുക്സ്, ചങ്ങനാശേരി, 2007 .

3. തോമസ്കുട്ടി എൽ. ഡോ., പരീക്ഷണ നാടകം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016 .

4. രവീന്ദ്രൻ പി., പി., മാർക്സെഴുത്തുകളും തുടർച്ചകളും, ഡി.സി. ബുക്സ് , കോട്ടയം, 2022.

5. വാസുദേവൻ പിള്ള വയലാ ഡോ., മലയാള നാടക സാഹിത്യ ചരിത്രം , കേരള സാഹിത്യ അക്കാദമി, തൃശൂർ, 2005.

6. Henri Lefebvre, 1974, The production of Space, translated by Donald Nicholson-Smith, 1988,Oxford & Cambridge, USA: Blackwel Publishers)

വിജയപ്രദസ്തോത്രം കിളിപ്പാട്ട്
പാഠസംസ്കരണവും പഠനവും

മിഥുൻ കെ. മണി

പ്രബന്ധസംഗ്രഹം

പുരാണവിഷയകവും കിളിപ്പാട്ട് രൂപത്തിലുള്ളതുമായ കാവ്യമാണ് വിജയപ്രദസ്തോത്രം. കോട്ടയം ജില്ലയിലെ ഏറ്റുമാനൂരപ്പൻ കോളേജ് ലൈബ്രറിയിലെ താളിയോല ഗ്രന്ഥശേഖരത്തിൽ നിന്നാണ് ഇങ്ങനെയൊരു കിളിപ്പാട്ടുകാവ്യം കണ്ടെത്തുന്നത്. പ്രസ്തുത ഗ്രന്ഥത്തിന്റെ പാഠസംസ്കരണവും പഠനവുമാണ് പ്രബന്ധത്തിലുള്ളത്. വിജയപ്രദസ്തോത്രം കിളിപ്പാട്ടിന്റെ കർത്താവ്, കാലം, ഇതിവൃത്തം, ഹസ്തലിഖിത ഗ്രന്ഥത്തിന്റെ വിശകലനം, പാഠസംസ്കരണത്തിലും പഠനത്തിലും കണ്ടെത്തിയ വിവരങ്ങൾ, കൊളോഫോൺ, ഗ്രന്ഥസംഖ്യ, വൃത്താലങ്കാരങ്ങൾ, ആഖ്യാനരീതി, പാരായണരീതികൾ, ഭാഷാപരവും ലിപിപരവുമായ പ്രത്യേകതകൾ, കാവ്യോദ്ദേശ്യം തുടങ്ങിയ മേഖലകളെക്കുറിച്ചുള്ള പഠനവും ഈ പ്രബന്ധത്തിന്റെ ഭാഗമാണ്.

താക്കോൽവാക്കുകൾ

വിജയപ്രദം, കിളിപ്പാട്ട്, സ്തോത്രം, കൊളോഫോൺ, ദ്വിതീയാക്ഷര പ്രാസം, കേകവൃത്തം, ഈരടി, കിള്ളിമംഗലം, വൈശാഖമാഹാത്മ്യം, ഭാഷ, ലിപി, അലങ്കാരം, സ്തുതികൾ.

വിജയപ്രദസ്തോത്രം കിളിപ്പാട്ട്

അജ്ഞാതകർത്തൃകമായ വിജയപ്രദസ്തോത്രം കിളിപ്പാട്ടിന്റെ ഇതിവൃത്തം ഇതിഹാസപ്രസിദ്ധമായ അർജ്ജുന-ശ്രീകൃഷ്ണ സംവാദവും ഹനുമൽ കഥയുമാണ്. ഭാരതയുദ്ധത്തിന് തയ്യാറെടുത്തു നിൽക്കുന്ന അർജ്ജുനനുണ്ടായ ഭയവും മനഃക്ലേശവും ശ്രദ്ധയിൽപ്പെട്ട ശ്രീകൃഷ്ണൻ പാർത്ഥനോട് കാരണമാരായുന്നു. തന്റെ ബന്ധുമിത്രങ്ങളോട് തന്നെയാണ് താൻ എതിർക്കുന്നതെന്നും ആയതിനാലാണ് തനിയ്ക്ക് ഭയവും ദുഃഖവും ഉടലെടുത്തതെന്നും പാർത്ഥൻ മറുപടി നൽകുന്നു. അർജ്ജുനന്റെ ദീനതയകറ്റാൻ ശ്രീ ഹനുമാനെ അദ്ദേഹം ക്ഷണിക്കുകയും അദ്ദേഹത്തിന്റെ പക്കൽ നിന്നും യുദ്ധത്തിനായുള്ള വിജയപ്രദസ്തോത്രം ശ്രവിക്കാൻ ഉപദേശിക്കുകയും ചെയ്യുന്നു. പാർത്ഥൻ ഹനുമാനെ മനസ്സിൽ സ്മരിക്കുകയും ക്ഷണനേരത്തിൽ തന്നെ രഥത്തട്ടിൽ പ്രത്യക്ഷനായ ഹനുമാനിൽനിന്നും വിജയപ്രദസ്തോത്രം പാർത്ഥൻ സ്വീകരിക്കുകയും ചെയ്യുന്നതാണ് കഥാഭാഗം.

ത്രേതായുഗത്തിൽ ശ്രീരാമൻ, നിഷ്കാമകർമ്മിയായ ഹനുമാന് അതീവ രഹസ്യമായി ഉപദേശിച്ച ദിവ്യമന്ത്രമാണ് വിജയപ്രദ സ്തോത്രം എന്ന് പറയുന്നു. ഭക്ത്യാദരവോടെ ഈ സ്തോത്രം ഗ്രഹിച്ചതിനാലാണ് നൂറുയോജന സമുദ്രം ചാടിക്കടന്ന് സീതാദർശനം നടത്താൻ വായൂപുത്രന് കഴിഞ്ഞതെന്നും വിജയ ഫലപ്രാപ്തി അത്രമാത്രമുള്ളതിനാലാണ് ശ്രീകൃഷ്ണ നിർദ്ദേശമനുസരിച്ച് പാർത്ഥൻ ഈ മന്ത്രം ഗ്രഹിച്ചതെന്നു മാണ് കഥ.

ഗ്രന്ഥവിവരണം

ഏറ്റുമാനൂരപ്പൻ കോളേജ് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന മാനുസ്ക്രിപ്റ്റ് നമ്പർ 2017 – 001 എന്ന താളിയോലഗ്രന്ഥമാണ് വിജയപ്രദം കിളിപ്പാട്ടിന്റേത്. ഗ്രന്ഥത്തിൽ ബി വിഭാഗത്തിലാണ് ഈ കാവ്യം ഉൾപ്പെടുത്തിയിരിക്കുന്നത്. 28.5 സെന്റീമീറ്റർ നീളവും 4.5 സെന്റീമീറ്റർ വീതിയുമാണ് ഗ്രന്ഥത്തിനുള്ളത്. തൊണ്ണൂറ്റി നാല് ഓലകളുള്ള ഗ്രന്ഥത്തിൽ അവസാന ഭാഗത്തുള്ള പത്ത് ഓലകളിലായാണ് വിജയപ്രദസ്തോത്രം രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രന്ഥസംഖ്യ നൂറ്റിയൻപതാകുന്നു. ഈ ഗ്രന്ഥത്തിൽ എ വിഭാഗമായി വൈശാഖമാഹാത്മ്യം കിളിപ്പാട്ടും, സി വിഭാഗമായി ഏതാനും ശ്രീകൃഷ്ണ കീർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഗ്രന്ഥം ഡോ. എം.എം പുരുഷോത്തമൻനായരുടെ താളിയോല ഗ്രന്ഥശേഖരത്തിൽ നിന്ന് ഏറ്റുമാനൂരപ്പൻ കോളേജ് വാങ്ങി സൂക്ഷിച്ചിട്ടുള്ളതാകുന്നു. കേക വൃത്തത്തിൽ രചിച്ച 175 ഈരടികളാണ് ഗ്രന്ഥത്തിലുള്ളത്.

കൊളോഫോൺ

ഒരു ഗ്രന്ഥത്തിന്റെ ആരംഭാവസാന ഭാഗങ്ങളിൽ ചേർക്കുന്ന വിശദാംശങ്ങളാണ് ലേഖകമുദ്ര (പുഷ്പിക) അല്ലെങ്കിൽ കൊളോഫോൺ. ഇത് കവി – കാല – ദേശ സൂചനകളിലേക്ക് അറിവ് പകരുന്നു. ഭാഷാപരവും ലിപിപരവുമായ പ്രത്യേകതകൾ മുൻനിർത്തി ഗ്രന്ഥം പതിനെട്ടാം നൂറ്റാണ്ടിൽ രചിച്ചതാകാനാണ് സാധ്യത. കവിയെ ക്കുറിച്ചോ, ഗ്രന്ഥം രചിച്ച കാലത്തെക്കുറിച്ചോ വ്യക്തമായ തെളിവുകൾ ഒന്നുംതന്നെ ഗ്രന്ഥത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഗ്രന്ഥാരംഭത്തിൽ കൃതിയുടെ ഉള്ളടക്കം രേഖപ്പെടുത്തിയ ഒരു ഓലയുടെ ഭാഗം ഗ്രന്ഥത്തിന്റെ പടിയോടു ചേർത്ത് ബന്ധിച്ചിട്ടുള്ളതാകുന്നു. ഇതിൽ കിള്ളിമംഗലം വക എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരണം ഗ്രന്ഥം സംഭാവന ചെയ്ത ഏതെങ്കിലും ഇല്ലത്തിന്റെയോ കുടുംബത്തിന്റെയോ പേരാകാനാണ് സാധ്യത. 'വക' എന്ന് ചേർത്തതിനാൽ ഇത് ദേശപ്പേരാവാൻ സാധ്യതയില്ല.

കവി

വിജയപ്രദസ്തോത്രം കിളിപ്പാട്ട് അജ്ഞാതകർത്തൃകം എന്നുതന്നെ അനുമാനിക്കാം. ഗ്രന്ഥത്തിൽ നിന്നോ, കിളിപ്പാട്ടിനെ സംബന്ധിച്ചുണ്ടായ പഠനങ്ങളിൽനിന്നോ കവിയെ കണ്ടെത്താൻ പര്യാപ്തമായ വിവരങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല. ഗ്രന്ഥാരംഭത്തിൽ കാണുന്ന കിള്ളിമംഗലം എന്ന

സൂചന ഗ്രന്ഥം പകർത്തി യെഴുതിയ ആളുടെ കുടുംബനാമം ആകാനും സാധ്യതയുണ്ട്. ഗ്രന്ഥത്തിൽ ബി വിഭാഗമായി കാണുന്ന വൈശാഖ മാഹാത്മ്യം കിളിപ്പാട്ടിനെക്കുറിച്ച് ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ കവിയെക്കുറിച്ച് സൂചനയില്ല. കേരള സർവ്വകലാശാല ഒ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറിയുടെ ഹസ്തലിഖിത ഗ്രന്ഥസൂചികയിൽ രജിസ്റ്റർ നമ്പർ 438 – ബി വിഭാഗത്തിൽ ഇതേ ഗ്രന്ഥമുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു.

കാലം

കൊളോഫോണിൽ നിന്നോ കൃതിയിൽ നിന്നോ കവി, കാലം എന്നിവ അറിയാൻ കഴിയാതെ വരാറുണ്ട്. ഈ സന്ദർഭത്തിൽ കാവ്യം രചിച്ച കാലം അനുമാനിക്കാൻ ഭാഷാ-ലിപിപരമായ പ്രത്യേകതകളെ ആശ്രയിക്കാനേ നിവൃത്തിയുള്ളൂ. ഇത്തരത്തിലുള്ള ഏതാനും ചില സൂചനകൾ ചുവടെ ചേർക്കുന്നു.

1. ഭാഷയായി കഥിക്കുന്നേനിതിനെ മഹാജനം
2. എന്നെയും ഹൃദിമോദാൽ ചിന്തിക്കുന്നവർകൾക്ക്
3. രാത്രിയിൽ പാരം ചെയ്വിൻ എത്രയും ജനങ്ങളെ
4. പുസ്തകമിതുതൊട്ടു വന്ദിച്ചങ്ങൊരുവഴി

(ഈരടി – 12, 161, 163, 164)

ഇതിൽ ഭാഷയായി, ഭാഷിച്ചീടാൻ എന്ന് തുടങ്ങുന്ന പ്രയോഗങ്ങൾ, അതുപോലെതന്നെ പുസ്തകം, അവർകൾ എന്നീ പ്രയോഗങ്ങൾ തുടങ്ങിയവ മുൻനിർത്തി വിജയപ്രദം പതിനെട്ടാം നൂറ്റാണ്ടിൽ രചിച്ചതാവാൻ സാധ്യതയുണ്ടെന്ന് ഊഹിക്കാം. അതുപോലെതന്നെ വൈശാഖമാഹാത്മ്യം കിളിപ്പാട്ട് പതിനെട്ടാം നൂറ്റാണ്ടിൽ രചിച്ച കാവ്യമായിട്ടാണ് എൻ. മുകുന്ദൻ കിളിപ്പാട്ട് എന്ന കൃതിയിൽ പറഞ്ഞിരിക്കുന്നത്. രണ്ട് കൃതികളിലെയും ഭാഷയ്ക്ക് സാമ്യം കണ്ടെത്താനും സധിക്കുന്നു. ലിപിപരമായി പരിശോധിച്ചാൽ എഴുത്തുരീതിയ്ക്ക് അതിപ്രാചീനത അവകാശപ്പെടാൻ കഴിയില്ല.

ആഖ്യാനരീതി

സ്തോത്രരൂപത്തിലാണ് വിജയപ്രദം കിളിപ്പാട്ട് രചിച്ചിരിക്കുന്നത്. സ്തോത്രങ്ങളെന്നാൽ സ്തുതികൾ എന്നർത്ഥം. ശ്രീകൃഷ്ണനും അർജ്ജുനനും ഹനുമാനുമാണ് കാവ്യത്തിലെ കഥാപാത്രങ്ങൾ. പാർത്ഥന് വിജയം കൈവരുവാനായി ഹനുമാൻ വിജയപ്രദമന്ത്രം പറഞ്ഞുകൊടുക്കുന്നതാണ് കഥാസാരം. ശ്രീരാമാവതാരം പൂർണ്ണവും ഏകപത്നീവ്രതം ഭഗവാൻ സ്വീകരിക്കാനുള്ള കാരണവും ഈ കാവ്യത്തിൽ അടയാളമായി കല്പിക്കുന്നു. ശ്രീപരമേശ്വരന്റെ സ്തുതിയും കേശാദിപാദവർണ്ണനയുമാണ് വിജയപ്രദ സ്തോത്രം കിളിപ്പാട്ട്.

കിളിയുടെ സ്വാധീനം

വിജയപ്രദസ്തോത്രം കിളിപ്പാട്ടിലെ പക്ഷി ശുകം തന്നെയാണ്. ഹംസം, വണ്ട്, പ്രാവ് മുതലായ പക്ഷികൾ കഥ പറഞ്ഞതായി കാണുന്ന

കിളിപ്പാട്ടുകൾ വേറെയുമുണ്ട്. എഴുത്തച്ഛന്റെ കിളി ശാരികയാണ്. പറയുന്നത് അതേപടി ആവർത്തിക്കാനുള്ള കഴിവും സരസ്വതീദേവിയുടെ അനുഗ്രഹം സിദ്ധിച്ച പക്ഷിയുമെന്ന അർത്ഥത്തിലുമാവാം നമ്മുടെ കവിയും ശുകത്തെ കഥ പറയാൻ ക്ഷണിക്കുന്നത്. ശുകസാന്നിദ്ധ്യം മനസ്സിലാക്കാൻ പര്യാപ്തമായ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉപദേശിക്കവേണം ശുകമേ സുഖത്തോടും
2. ചിത്തമോദേന കിളിപ്പൈതലും ചൊല്ലീടിനാൻ
3. ഇത്തരം പറഞ്ഞുടനടങ്ങി കിളിമകൾ

(ഈരടി – 7, 8, 175)

കാവ്യോദ്ദേശ്യവും ഫലസിദ്ധിയും

വിജയപ്രദസ്തോത്രം പാരായണം ചെയ്താൽ ഉണ്ടാകുന്ന ഫലസിദ്ധിയും അതിന്റെ പ്രാധാന്യവും കാവ്യത്തിൽ വിശദീകരിക്കുന്നുണ്ട്. ദിവ്യ സ്തോത്രത്തിൽപ്പെട്ട ഈ കാവ്യം സ്ത്രീപുരുഷ ഭേദമന്യേ രാത്രിയിൽ വീടുകളിൽ പാരായണം ചെയ്താൽ ശത്രുനാശവും ഐശ്വര്യാഭിവൃദ്ധിയും ഉണ്ടാകുമെന്നാണ് വിശ്വാസം. സ്തോത്രകൃതികൾക്കും മറ്റും ഇത്തരത്തിലുള്ള ലക്ഷണങ്ങൾ ഉണ്ട്. പാരായണോദ്ദേശ്യവും ഫലസിദ്ധിയും ഇവയുടെ പ്രത്യേകതകളാണ്. ഭക്തിപ്രസ്ഥാനത്തെ പരിപോഷിപ്പിക്കാനുള്ള കവിയുടെ വിനീതമായ ശ്രമവും കാവ്യത്തെ ശ്രദ്ധേയമാക്കുന്നു. കോട്ടയം തിരുനക്കര ക്ഷേത്രത്തിന് സമീപമുള്ള സ്വാമിയാർ മഠത്തിൽനിന്ന് വിജയപ്രദ സ്തോത്രം കിളിപ്പാട്ടിന്റെ പുസ്തകമാതൃക കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ചന്ദ്രാപ്രസ്സ് അച്ചടിച്ച ഈ കൃതിയുടെ പ്രകാശകൻ ഭക്തൻ പരമേശ്വരൻപിള്ളയാണ്. സ്തോത്രമാഹാത്മ്യം സൂചിപ്പിക്കുന്ന പ്രധാന ഈരടികൾ ചുവടെ ചേർക്കുന്നു.

1. വിജയപ്രദമെന്ന സ്തോത്രത്തെ പാരം ചെയ്താൽ
   വിജയം വന്നുകൂടും സകല കാര്യത്തിനും
2. ഹനുമാൻ തനിക്കിതു രാഘവൻ ദാശരഥി
   മനസ്സിൽ സന്തോഷമായുപദേശിച്ചുമുന്നം
3. ശ്രീ ഹനുമാനെ ധ്യാനിച്ചീടുക വിരവിൽ നീ
   ദീനത തീർപ്പാനിപ്പോളിവിടെ വരുമല്ലോ
4. വിജയപ്രദസ്തോത്രം നിനക്കു രഘുവരൻ
   വിജയം വരുവാനായുപദേശിച്ചതപ്പോൾ
5. വിജയം തനിക്കുനീയുപദേശിച്ചിടേണം
   വിജയം വരുവാനായ് പാർത്ഥനുമടിയാതെ
6. വിജയം തന്നെ വരിക്കുന്നോർക്ക് ദാനം ചെയ്യും
   വിജയപ്രദമായ സ്തോത്രത്തെ കേട്ടീടുകിൽ

(ഈരടികൾ – 32, 33, 36, 53, 54, 65)

വിജയപ്രദസ്തോത്രത്തിന്റെ പാരായണപ്രകാരം

1. പ്രാതകാലത്ത് ദേഹശുദ്ധിയെ ചെയ്തുകൊണ്ട്
   ചേതസി സന്തോഷമായ് വിജയപ്രദസ്തോത്രം
2. നിത്യമായ് പാരംചെയ്തുകൊണ്ടീടിൽ സർവ്വാഭീഷ്ടം
   ചിത്തത്തിൽ വിചാരിച്ചതൊക്കെയും സാധിച്ചീടും
3. ഭക്ത്യാനന്തരം ഭക്തിയോടിതു പാരം ചെയ്താൽ
   ഭക്തിമുക്തിയും സിദ്ധിച്ചീടും സംശയം വിനാ
4. രാത്രിയിൽ ഗൃഹങ്ങളിൽ നിത്യമായ് പാരം ചെയ്താൽ
   ആർത്തികളെല്ലാം തീർന്ന് ഗൃഹവും പുഷ്ടിവരും
5. രാത്രിയിലേറെ മുഖ്യമെന്നിതുമറിയേണം
   രാത്രിയിൽ പാരം ചെയ്വിൻ എത്രയും ജനങ്ങളേ
6. ഇത്തരം മുഖ്യമായ വിജയപ്രദസ്തോത്രം
   നിത്യമായ് പാരം ചെയ്വിൻ ബുദ്ധിയുള്ളവരെല്ലാം

(ഈരടി – 154, 155, 156, 158, 161, 174)

ഭാഷാപരവും ലിപിപരവുമായ പ്രത്യേകതകൾ

ലിപി

എ കാര ഒ കാരങ്ങൾക്ക് ഹ്രസ്വ ദീർഘഭേദം കുറിക്കുന്ന ലിപിവിന്യാസസമ്പ്രദായം മുമ്പുണ്ടായിരുന്നില്ല. വിജയപ്രദ സ്തോത്രം കിളിപ്പാട്ടിൽ ഇത് ധാരാളമായി കണ്ടെത്താൻ കഴിയും.

1. ഏ കാരത്തിനു പകരം എ കാരം ഉപയോഗിക്കുന്ന രീതി
   - പങ്കജേക്ഷണ – പങ്കജെക്ഷണ
   - കേൾപ്പിൻ – കെൾപ്പിൻ
   - പേർത്തുടൻ – പെർത്തുടൻ
   - ഉപദേശിച്ചത് – ഉപദെശിച്ചത്
2. ദീർഘമായ ഓ കാരത്തിനു പകരം ഹ്രസ്വമായ ഒ കാരം
   - ഗോവിന്ദ – ഗൊവിന്ദ
   - ഭക്തിയോടെ – ഭക്തിയൊടെ
   - സന്തോഷം – സന്തൊഷം
3. എ കാരത്തിനു പകരം ഐ കാരം ഉപയോഗിക്കുന്ന സന്ദർഭം
   - ചെയ്തു – ചൈതു
   - ചെയ്യും – ചൈയ്യും
4. അ കാരത്തിനു പകരം എ കാരം
   - പറയണം – പറയെണം
   - കേൾക്കണം – കേൾക്കെണം
   - പോകണം – പോകെണം
5. ലിപിപരമായ മറ്റു പ്രത്യേകതകൾ

6. വിട്ടുപോയ ഭാഗം പൂരിപ്പിക്കാൻ സങ്കലനചിഹ്നം (+) ഉപയോഗിക്കുന്നു.

1. ഇത്തരം ദേവജന+ത്തെ കേട്ടനേരം
വാക്യ

2. നിൻ മകൻ മാ.+ണ്ഡനാം ഭക്തൻ
ത്താ

ഭാഷ

ഗ്രന്ഥത്തിലെ ഭാഷാപരമായ പ്രത്യേകതകൾ പരിശോധിച്ചാൽ വിജയപ്രദം പതിനെട്ടാം നൂറ്റാണ്ടിൽ രചിച്ച കാവ്യമാകാനാണ് സാധ്യത. പൊതുവേ മെച്ചപ്പെട്ട മലയാളഭാഷാരൂപത്തോട് അടുത്തുനിൽക്കുന്ന രചനാരീതിയാണ് കവി ഉപയോഗിച്ചിരിക്കുന്നത്. കടുത്ത സംസ്കൃത പ്രയോഗങ്ങളോ, ദ്രമിഡ സംഘാതപദമോ കാവ്യത്തിൽ കാണുവാൻ കഴിയുന്നില്ല. ഭാഷയോടുള്ള കവിയുടെ മമത കാവ്യത്തിൽ വ്യക്തമാകുന്നുമുണ്ട്.

1. ഗീർവാണമായുള്ളോരു വിജയപ്രദസ്തോത്രം
ഉർവ്വീലുപകാരം സിദ്ധിപ്പാനായിക്കൊണ്ട്

2. ഭാഷയായ് കഥിക്കുന്നേനിതിനെ മഹാജനം
ഭാഷിച്ചീടായിവാനായേറ്റവും വന്ദിക്കുന്നേൻ

(ഈരടി -11, 12)

സന്ദർഭത്തിനനുസരിച്ച് വിശദീകരിച്ചു പറയാനുള്ള കവിയുടെ പ്രവണത കിളിപ്പാട്ടിൽ കാണാൻ കഴിയുന്നു. ഗഹനതമല്ല ലാളിത്യമാണ് കവി ഇഷ്ടപ്പെടുന്നതെന്ന് കാവ്യം പാരായണം ചെയ്താൽ ബോദ്ധ്യപ്പെടും. വന്ന എന്ന അർത്ഥത്തിലുപയോഗിക്കുന്ന വന്ദ, പ്രാസം തിട്ടപ്പെടുത്തുവാൻ ഉ കാരം ഉപയോഗിക്കേ ണ്ടിടത്ത് സംവൃതം ചേർക്കുന്ന രീതി, എങ്കിലോ - എംകിലോ, എതിർത്ത് - എത്യത്ത്, ആലിങ്ങനം, കൊടീരം, പേർത്ത് എന്നീ പ്രയോഗങ്ങളും വിജയപ്രദം കിളിപ്പാട്ടിന്റെ ഭാഷാപരമായ പ്രത്യേകതകളാണ്.

വൃത്തം

കേക വൃത്തത്തിൽ രചിച്ച നൂറ്റിയെഴുപത്തിയഞ്ച് ഈരടിക ളാണ് കാവ്യത്തിലുള്ളത്. ദ്വിതീയാക്ഷരപ്രാസവ്യവസ്ഥ പ്രായേണ എല്ലാ ഈരടികളിലും കൃത്യമായി പാലിച്ചിട്ടുണ്ട്. കേകവൃത്ത ത്തിന്റെ എല്ലാ ലക്ഷണങ്ങളും കൃത്യമായി പാലിക്കുന്ന ഈരടികൾ കാവ്യത്തിൽ കാണാൻ കഴിയും. വാസനാസമ്പന്നനായ ഒരു കവിയെയാണ് നമുക്കിവിടെ ദർശിക്കാൻ കഴിയുന്നത്.

കേകവൃത്തം

3, 2, 2, 3, 2, 2 എന്ന ക്രമത്തിൽ ആറുഗണം. ഓരോ പാദത്തിലും പതിനാല് അക്ഷരം. മധ്യത്തിൽ യതി. ഓരോ ഗണത്തിലും ഒരു ഗുരുവെങ്കിലും ഉണ്ടായിരിക്കണം. പാദാതി പൊരുത്തം വേണ്ടതാണ്. ഈ

വ്യവസ്ഥയിൽ നിരവധി ഈരടികൾ കാവ്യത്തിൽ നിന്നും കണ്ടെത്താൻ കഴിയുന്നു.

1. ഇത്തരം/ ഹരി/ നാമം/ കീർത്തിച്ചു/ ഭക്തി/ യോടെ
   ചിത്തമോ/ ദേന/ വന്ന/ പ്പൈങ്കിളി/ പ്പൈത/ ലേ നീ
2. അംബികാ/ സുതൻ/ ഗണ/ നായകൻ/ വിഘ്ന/ ങ്ങളെ
   നന്മയിൽ/ തീർത്തു/ രക്ഷി/ ച്ചീടുവാൻ/ വണ/ ങ്ങുന്നേൻ

അലങ്കാരം

വൃത്തവിചാരത്തിൽ കവി കാണിക്കുന്ന അതീവ ശ്രദ്ധ അലങ്കാര പ്രയോഗത്തിൽ കവി ഉപയോഗിക്കുന്നില്ല. കാവ്യവിസ്മയം തീർക്കുവാനല്ല കവി ആഗ്രഹിക്കുന്നത്. പകരം ലളിതമായ ഭാഷയിൽ ഹനുമൽ ഭക്തിയും വിജയപ്രദസ്തോത്രവും പ്രകാശിപ്പിക്കുവാനാണ് കവി ശ്രമിക്കുന്നത്. ഭക്തിപ്രസ്ഥാനത്തെ വളർത്തുവാനും വിജയപ്രദം നിത്യപാരായണത്തിന് ഉപയുക്തമാക്കുവാനുമാണ് കവി പ്രയത്നിക്കുന്നത്. എന്നാൽ അർത്ഥശബ്ദ അലങ്കാരങ്ങൾ ചില സന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടുന്നുമുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ശതസിംഹത്തോടെതിർത്തീടുവാനൊരുഗജം
   മതിയിൽ ഭയം വിനായെതിർക്കുന്നപോലെ
2. ഒരു മൂഷികൻ ബദമാർജാരെ സംഘേചെന്നു
   പെരിക ധൈര്യത്തൊടു ജയിപ്പാൻ ചെന്നപോലെ

എന്നിപ്രകാരം കാണുന്ന ഉപമാലങ്കാരങ്ങളും

1. കൈവരും സർവ്വകാര്യം സംശയമില്ലാതിന്നു
   കൈവണങ്ങുന്നേൻ ഞാനും ശങ്കരദേവൻ തന്നെ
2. പങ്കജമകൾ തന്നെ തിരഞ്ഞുകണ്ടീടുവാൻ
   പങ്കജവിലോചനനാകിയ ദാശരഥി

എന്നിപ്രകാരമുള്ള ആദിപ്രാസം.

1. സർവ്വകങ്കണങ്ങളും സർവ്വകാഞ്ചിയും പിന്നെ
   സർവ്വമാലയും സർവ്വമണിഭൂഷണങ്ങളും

എന്നിപ്രകാരമുള്ള അനുപ്രാസം, കാവ്യത്തിലുടനീളം കാണാൻ കഴിയുന്ന ദ്വിതീയാക്ഷരപ്രാസം എന്നിവയും കവിയുടെ അലങ്കാര കൽപ്പനകളാണ്.

ഭാഷാലിപിപരമായ പ്രത്യേകതകളും പണ്ഡിതനിരീക്ഷണ ങ്ങളും അനുമാനിച്ച് വിജയപ്രദസ്തോത്രം കിളിപ്പാട്ട് അജ്ഞാത കർത്തൃകവും പതിനെട്ടാം നൂറ്റാണ്ടിൽ രചിച്ചതാണെന്നും അനുമാനിക്കാനേ കഴിയുന്നുള്ളൂ. പഠനം തയ്യാറാക്കുന്നതിനായി പാഠസംസ്കരണം (Simple Edition) എന്ന രീതിശാസ്ത്രമാണ് ഉപയോഗിച്ചത്. ഒറ്റപ്പകർപ്പ് മാത്രമുള്ള ഗ്രന്ഥങ്ങൾ

പഠനം ചെയ്യാൻ സ്വീകരിക്കുന്ന രീതിയാണിത്. കേകവൃത്തത്തിൽ രചിച്ച നൂറ്റിയെഴുപത്തിയഞ്ച് ഈരടികളാണ് കാവ്യത്തിലുള്ളത്. കവി ദ്വിതീയാക്ഷരപ്രാസാനുഭാവിയാണ്. കവിയുടെ പക്ഷി ശാരികയാണ്. ലളിതമായ ആഖ്യാന രീതിയിലൂടെ വിജയപ്രദമന്ത്രത്തിന്റെ പ്രാധാന്യം ശ്രോതാക്കളിലേക്ക് എത്തിക്കുകയാണ് കവി ചെയ്യുന്നത്.

സഹായകഗ്രന്ഥങ്ങൾ

1. നാരായണപ്പണിക്കർ ആർ - കേരളഭാഷാസാഹിത്യചരിത്രം, ഒ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി, കേരള സർവ്വകലാശാല, ബുക്ക് നമ്പർ: 466
2. പരമേശ്വരയ്യർ എസ്. ഉള്ളൂർ - കേരളസാഹിത്യചരിത്രം മൂന്നാം വാല്യം, കേരള സർവ്വകലാശാല, തിരുവനന്തപുരം, 1990
3. മുകുന്ദൻ എൻ - കിളിപ്പാട്ട്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, അഞ്ചാം പതിപ്പ്, 2014
4. വിജയപ്പൻ പി.എം (ഡോ.) - പാഠവിമർശനം, കോഴിക്കോട് സർവ്വകലാശാല, ഒന്നാം പതിപ്പ്, 2009
5. വിശാലാക്ഷി പി (ഡോ.)-മലയാളഗ്രന്ഥസൂചി വിഷയാധിഷ്ഠിതം, ഭാഗം 2, ഒ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി, കേരള സർവ്വകലാശാല, 2000

ശാസ്താംപാട്ടിലെ ആചാരാനുഷ്ഠാനങ്ങളും പുരാണകഥാപരാമർശങ്ങളും

അഭിലാഷ് ഉണ്ണി

പ്രബന്ധ സംഗ്രഹം

കേരളത്തിന്റെ സംസ്കൃതിയും പാരമ്പര്യവും വിളിച്ചോതുന്ന ഒട്ടനവധി കലാരൂപങ്ങളിൽ ഒന്നാണ് ശാസ്താംപാട്ട്. പഴക്കം കൃത്യമായി നിർണയിക്ക പ്പെട്ടിട്ടില്ലാത്ത പഴമയേറിയ ആചാര അനുഷ്ഠാനകല കൂടിയാണ് ശാസ്താം പാട്ടുകൾ. ശാസ്താംപാട്ടിലെ ആചാരങ്ങളും അവയിലെ പുരാണകഥകളുടെ പ്രഭവവും വിശദീകരിക്കുവാനുള്ള ശ്രമമാണ് ഈ പ്രബന്ധം.

താക്കോൽ വാക്കുകൾ

ശാസ്താംപാട്ട്, പുരാണകഥകൾ, ഐതിഹ്യകഥകൾ, ആചാരങ്ങൾ, വാമൊഴി ശബരിമല, ഉടുക്കുപാട്ട്, സംസ്കൃതി

എണ്ണിയാലൊടുങ്ങാത്ത സംസ്കാരവിശേഷങ്ങളുടെ സമന്വയ നാടാണ് കേരളം. പ്രാദേശികവ്യത്യാസമനുസരിച്ച് വിവിധതരത്തിലുള്ള കലാരൂപങ്ങളും ആചാരാനുഷ്ഠാന പെരുമകളും കാണുവാൻ കഴിയും. സംസ്കൃതിയുടെ കൈമാറ്റം പലപ്പോഴായും വായ്മൊഴി രൂപത്തിൽ വിന്യസിക്കുന്നതാണ്. തോറ്റം പാട്ടുകളും വായ്പാട്ടുകളും നാടൻപാട്ടുകളും നാടോടിപാട്ടുകളും കേരളീയസംസ്കാരത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഒഴിച്ചുകൂടാൻ ആവാത്ത പങ്കുകൾ വഹിക്കുന്നുണ്ട്. അത്തരത്തിൽ ഏറെ ജനസമ്മതി നേടിയതും ആചാരപരമായും പാട്ടുകളുടെ രൂപത്തിലായാലും കൗതുകം ഉളവാക്കുന്ന ഒരു അനുഷ്ഠാനകലയാണ് ശാസ്താംപാട്ടുകൾ. അയ്യപ്പൻപാട്ട്, ശാസ്താംപാട്ട്, ഉടുക്ക്പാട്ട്, ദേശവിളക്ക് എന്നിങ്ങനെ ഒട്ടനവധി പ്രാദേശിക വ്യത്യാസങ്ങളോടെ ആചാരാനുഷ്ഠാനകല ഹൈന്ദവ വിശ്വാസത്തിന്റെയും വിശ്വാസികളുടെയും പ്രധാനപ്പെട്ട ചടങ്ങുകളിൽ ഒന്നായി കാണുവാൻ കഴിയും. ശാസ്താവിന്റെ അഥവാ അയ്യപ്പചരിതം പ്രതിപാദ്യ വിഷയമായിട്ടുള്ളതിനാൽ ആണ് ശാസ്താംപാട്ട് എന്ന് വിളിച്ചുവരുന്നത്. ശാസ്താവിന്റെ പാട്ടുകൾ എന്നർത്ഥം. പാട്ടിന് താളമേകുന്നതിനായി ഉടുക്ക് എന്ന വാദ്യോപകരണം ഉപയോഗിക്കുന്ന തിനാൽ ഉടുക്ക് പാട്ട്, ഉടുക്ക് കൊട്ടിപ്പാട്ട് എന്നിങ്ങനെ വിവിധ പേരുകളിൽ പറയപ്പെടുന്നു.

ശബരിമല ഹൈന്ദവാരാധനയുടെയും വിശ്വാസികളുടെയും വികാരമായി ഇന്നും വർത്തിക്കുന്ന മഹാകാനനക്ഷേത്രം ആണല്ലോ. മണ്ഡല-മകര കാലത്താണ് പ്രധാനമായും ശാസ്താംപാട്ടുകൾ അനുഷ്ഠിച്ചു വരുന്നത്.

മധ്യകേരളത്തിലാണ് ഈ കലാരൂപം കൂടുതൽ പ്രചാരത്തിൽ ഉള്ളത്. പ്രാദേശികവ്യത്യാസം അനുസരിച്ച് ഇതിലെ ചടങ്ങുകൾക്കും പാട്ടുകൾക്കും വ്യത്യാസങ്ങൾ കാണുവാൻ സാധിക്കുന്നു. ശബരിമല യാത്രയുടെ അവസരത്തിൽ വ്രതം നോറ്റിരിക്കുന്ന അയ്യപ്പന്മാരുടെ കെട്ടുനിറയുടെ സമയത്താണ് ശാസ്താംപാട്ട് പാടി വരുന്നത്. നിരവധി പേരടങ്ങുന്ന പാട്ട് സംഘത്തിന് ഗുരുസ്വാമിയാണ് നേതൃത്വം നൽകുന്നത്. ശാസ്താംപാട്ട് സംഘത്തിലെ ഗുരുസ്വാമിയെ ആശാൻ എന്ന പേരിൽ അറിയപ്പെടുന്നു.

ശാസ്താംപാട്ട് ചടങ്ങുകളും പുരാണകഥാപരാമർശങ്ങളും

സന്ധ്യയ്ക്ക് ശരണം വിളിച്ച് വിളക്ക് വയ്ക്കുന്നതോടെയാണ് പാട്ടിന് ആരംഭം കുറിക്കുന്നത്. പ്രത്യേകമായി ക്ഷേത്രത്തിന്റെ മാതൃകയിൽ വാഴയും വാഴപ്പോളകളും കുരുത്തോലകളും മറ്റും ഉപയോഗിച്ച് അലങ്കരിച്ചിരിക്കുന്ന മണ്ഡപത്തിൽ ശാസ്താവിന്റെ ചിത്രം വെച്ച് മുൻപിൽ ആയി പീഠത്തിൽ നെല്ലും അരിയും നാളികേരവും വയ്ക്കുന്നു. നിരവധി നിലവിളക്കുകൾ മണ്ഡപത്തിൽ തെളിയുന്നു. ശാസ്താക്ഷേത്രത്തിന് സമീപമായി ഗണപതി, മാളികപ്പുറം, സുബ്രഹ്മണ്യൻ തുടങ്ങിയ മണ്ഡപങ്ങളും പീഠ വിന്യാസവും സങ്കൽപ്പിച്ച് വയ്ക്കുന്നു. തൃശ്ശൂർ മലബാർ പ്രദേശങ്ങളിൽ അയ്യപ്പന്റെ സുഹൃത്തായി കരുതപ്പെടുന്ന വാവര് എന്ന സങ്കൽപ്പത്തിന് മുസ്ലിംപള്ളിയുടെ രൂപത്തിലും മണ്ഡപം കിട്ടുന്നതായി കാണുവാൻ കഴിയുന്നതാണ്. തത്വമസി എന്ന വാക്യത്തെ സൂചിപ്പിക്കുന്ന തരത്തിൽ ജാതിമതഭേദങ്ങൾ ഒന്നുമില്ലാതെ വാവര് എന്ന മുസ്ലിം സുഹൃത്തിനെ ഹൈന്ദവ ആരാധനയുടെ ഭാഗമാക്കുന്നതും വിശേഷം തന്നെ.

ശരണ മുഖരിതമായി സന്ധ്യയ്ക്ക് മണ്ഡപത്തിൽ വിളക്ക് കൊളുത്തിക്കഴിഞ്ഞാൽ ക്ഷേത്രത്തിലെ പൂജാരിയോ ഗുരുസ്വാമിയോ മണ്ഡപത്തിൽ പൂജകൾ ആരംഭിക്കും. യഥാർത്ഥ ക്ഷേത്ര സമാനമായ തരത്തിലാണ് പൂജാസങ്കല്പം എന്നതിനാൽ ആവാഹനം, നിവേദ്യം, ദീപാരാധന, മന്ത്രജപം മുതലായ ചടങ്ങുകൾ മണ്ഡപത്തിൽ നടത്തുന്നു. ഗുരുസ്വാമിയുടെ നേതൃത്വത്തിൽ ഇതേസമയം സംഘം ഉടുക്ക് കൊട്ടി ശാസ്താംപാട്ട് ആരംഭിക്കുന്നു. ഗുരുവന്ദനത്തോടേ ആരംഭിക്കുന്ന വായ്പാട്ടിൽ ഗണപതി സ്തുതികൾ ആലപിക്കുന്നു. ഒന്നാം താളം, രണ്ടാം താളം, മുത്താളം, ചെമ്പട മുതലായ താളങ്ങൾ ഓരോ സ്തുതികൾക്കും അനുസരിച്ച് ഉടുക്കിൽ നാദ വിസ്മയം തീർത്ത് സ്വാമിമാർ ശാസ്താംപാട്ടുകൾ ആലപിക്കുന്നു.

ഹരിശ്രീ എന്നരുൾ ചെയ്ത
ഗുരുവിനെ സ്തുതിച്ചു ഞാൻ... (ഗുരുവന്ദനം)

ഗുരുവന്ദനത്തിനുശേഷം ഗണപതിസ്തുതികൾ ആലപിക്കുന്നു. ശ്രീ പരമശിവനും പാർവതിയും ആനരൂപം പൂണ്ട് കാട്ടിൽ ലീലകൾ ചെയ്യുന്നതും ഗണപതിയുടെ ജനനവും സുബ്രഹ്മണ്യ-ഗണപതി തർക്കങ്ങളും പലതരത്തിൽ വ്യത്യസ്തതയോടെ സ്വാമിമാർ ആലപിക്കുന്നു.

ശിവപുരാണത്തിലെ പല ഇതിവൃത്തങ്ങളും ഗണേശസ്തുതി രൂപത്തിൽ ഇവിടെ കാണുവാൻ കഴിയുന്നു.

ആറുമമ്പിളി പാമ്പും തുമ്പയും
ചൂടിടുന്നു ഞാൻ വല്ലഭേ
വേറെ മറ്റൊരു തരുണീ എന്നുടെ
ശിരസ്സിൽ ഇല്ലാ ധരിക്ക നീ..

ശിവപുരാണത്തിലെ കഥാവസ്തുക്കൾ ആയിട്ടുള്ള പാർവതി പരിണയം, കാർത്തികേയ താരകാസുരകഥകൾ, ഗണപതിയുടെ ഉത്ഭവകഥ, ഗണേശൻ ഗജമുഖനായ കഥ മുതലായ കഥാതന്തുക്കൾ ഗാനരൂപത്തിൽ ശാസ്താംപാട്ടിന്റെ ഭംഗി കൂട്ടുന്നു. ഗണപതി സ്തുതികൾക്കും മറ്റു ദേവതമാരുടെ വർണ്ണനകൾക്കും ശേഷം വാക്ക് ദേവിയായ വാണിയുടെ വർണ്ണനകൾ ആരംഭിക്കുന്നു. ദേവി ഭാഗവത പുരാണങ്ങളും കാലികാപുരാണങ്ങളും ഇവിടെ പ്രതിപാദ്യ വിഷയങ്ങളായി കാണാറുണ്ട്.

പാൽ നിറമുള്ളവളേ പങ്കജ
നയനേ പാൽമൊഴിയാളേ
പന്തണി മുലയാളേ പലരുടെ
നാവിൽ വിളങ്ങുക ദേവി (സരസ്വതി സ്തുതി)

ശേഷം പാലാഴിമഥനകഥ ആരംഭിക്കുന്നു. ഇവിടെ തുടങ്ങി അയ്യപ്പചരിതവും അയ്യപ്പജനനത്തിന് കാര്യകാരണങ്ങളായ വസ്തുതകളും ആണ് പ്രതിപാദിച്ചു വരുന്നത്. വിഷ്ണു പുരാണത്തിലെ പാലാഴിമഥന കഥയുടെ ചുവടുപിടിച്ചാണ് ശാസ്താം പാട്ടിലെ പാലാഴിമഥനത്തിലെ വരികൾ ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. പാലാഴിമഥന കഥയിൽ ദുർവാസാവിന് അപ്സരകന്യകമാർ അമൂല്യമായ മാല കൊടുക്കുന്നതും ആ പുഷ്പമാല ഇന്ദ്രന്റെ അഹങ്കാരത്താൽ നശിക്കുന്നതും ദുർവാസാവിന്റെ ശാപവും പശ്ചാത്തലമായി വരുന്നു. തുടർന്ന് പാലാഴിമഥനം, കൂമാവതാരം, അമൃത് ലാഭം, മോഹിനി അവതാരം എന്നിവ ആലപിക്കുന്നു.

ഇന്ദിരാകാന്തനൊരാമയായി മന്ദരശൈലം ഉയർത്തിമെല്ലെ..
വാസുകി വീരന്റെ ചുറ്റഴിഞ്ഞ് കാളകൂടവിഷവും വമിച്ചു..

തുടർന്ന് അയ്യപ്പജനനം ഭക്തിപുരസരം സ്വാമിമാർ ആലപിക്കുന്നു. അയ്യപ്പജനനംകഥ പാടുന്ന സമയത്ത് സ്വാമിമാർ ശരണം വിളിക്കുകയും പൂജാരി മണ്ഡപത്തിൽ ആരതി ഉഴിയുകയും ചെയ്യുന്നു.

മോഹിനി ഈവിധത്തിൽ സ്തുതിച്ചുടൻ മോഹിച്ചു വീണ നേരം
ആഴലകറ്റുവാനായി പരമേശ്വരൻ ഓടി വന്നു ഉടനെ
പെട്ടെന്ന് എടുത്തവളെ മടി തന്നിൽ വട്ടമങ്ങു കിടത്തി..

തൃക്കരം കൊണ്ട് മെല്ലെ അവളുടെ തൃത്തുട കീറി മൂന്നായ്.
തൃത്തുട കീറിയപ്പോൾ ഭഗവാൻ അയ്യപ്പൻ അവതരിച്ചേ...

ശാസ്താംപാട്ടിലെ ദിവ്യമായ ഒരു അനുഭൂതിയാണ് ഈ സമയത്ത് അനുഭവിക്കാൻ കഴിയുന്നത്. ശൂർപകന്റെ കഥയും ചില പാട്ടുകളിൽ കാണുവാൻ സാധിക്കുന്നു. അസുര രാജകുമാരിയായ ശൂർപകിക്ക് കാശ്യപൻ നൽകിയ മന്ത്രദണ്ഡിന്റെ പ്രഭാവത്താൽ ശൂർപകൻ എന്ന അസുരൻ ഉടലെടുത്തു എന്നും ശൂർപകനിൽ നിന്ന് പരമേശ്വരനെ രക്ഷിക്കുവാനായി മഹാവിഷ്ണു മോഹിനി വേഷം കൈകൊണ്ടുവെന്നും ഇതിൽ പറയുന്നുണ്ട്. ഹരിഹരപുത്രനായ അയ്യപ്പന്റെ ജനനം ഉണ്ടായ പശ്ചാത്തലം ഇതാണെന്ന് ശൂർപക കഥയിൽ സങ്കൽപ്പിക്കുന്നു.

അയ്യപ്പജനത്തിനുശേഷം പന്തളരാജാവിന്റെ കഥയും മണികണ്ഠ കഥകളും പാടിവരുന്നു. പന്തളശേവം എന്നപേരിൽ അയ്യപ്പന്റെ പന്തളരാജ്യത്തെ കഥകൾ വർണ്ണിക്കുന്നു. മുറിചെമ്പട, മുത്താളം രൂപതാളം, മർമ്മതാളം എന്നിങ്ങനെ ഉള്ള താളവ്യത്യാസങ്ങൾ ഇവിടെ പാട്ടിന്റെ ഭംഗികൂട്ടുന്നു. തുടർന്ന് വാവരുടെ കഥ, അയ്യപ്പ ലീലകൾ, പുലിപ്പാലിനു വേണ്ടിയുള്ള യാത്ര, മഹിഷീമർദ്ദനം, മാളികപ്പുറത്തമ്മയുടെ സ്തുതികൾ, ശബരിമലയുടെ വർണ്ണനകൾ മുതലായവ പാടി വരുന്നു. പടിപ്പാട്ട്, കാണിപ്പാട്ട്, എതിരേൽപ്പ് പാട്ട്, പേട്ട വിളി അഥവാ വേട്ട വിളി എന്നീ ചടങ്ങുകൾ നടത്തുന്നു. ചില സ്ഥലങ്ങളിൽ അയ്യപ്പനും വാവരും തമ്മിലുള്ള വെട്ടും തടയും, ആഴിപൂജ, അപ്പംവാരൽ തുടങ്ങി വ്യത്യസ്തങ്ങളായ ചടങ്ങുകളും കാണുവാൻ സാധിക്കുന്നു. ശേഷം ഭദ്രകാളി ദാരികയുദ്ധം വർണ്ണിച്ചുകൊണ്ട് ഭഗവതിയെ പ്രീതിപ്പെടുത്തി എതിരേൽപ്പ് എന്ന ചടങ്ങ് നടത്തുന്നു.

കണ്ണ് മൂന്നിനെ കൊണ്ടു വിളങ്ങുന്ന ശിവൻ തന്റെ
കണ്ണിൽ വന്നഴകോടെ പിറന്നോരമ്മേ തൊഴാം
കണ്ണിനു കുതൂഹലം വരുത്തേണം നമുക്കിനി
ചെമ്മേ മാളികമുകളിൽ വിളങ്ങുമമ്മേ ദേവീ..

എതിരേൽപ്പ് സമയം സ്വാമിമാർ വെളിച്ചപ്പെട്ട് അനുഗ്രഹ നൃത്തം ചെയ്യുന്ന സമ്പ്രദായവും നിലവിലുണ്ട്. ശരണമുഖരിതമായി എതിരേൽപ്പ് മണ്ഡപത്തിൽ കയറി ആരതി ഉഴിയുന്നതോടെ ശാസ്താം പാട്ടിനും ശാസ്താപൂജകൾക്കും സമാപനം ആകുന്നു.

പ്രതീകാത്മകമായി മണ്ഡപം തയ്യാറാക്കിയ വാഴയുടെ ഭാഗങ്ങൾ വാള് ഉപയോഗിച്ച് വെട്ടുന്നതോടെ ശാസ്താംപാട്ട് സംഘം കുമ്മിയടിച്ച് മംഗളം പാടുന്നു.

ഞങ്ങളീകുമ്മി പാടി സ്തുതിക്കുമ്പോൾ എത്തേണം ഈ സഭയിൽ
എത്തിക്കളിച്ചിടേണം മടിയാതെ മംഗളം നൽകിടേണം..

അയ്യപ്പകേശാദിപാദവർണ്ണനവും മംഗളരൂപത്തിൽ പാടിവരുന്നു. മംഗളത്തിൽ ദേവി ദേവന്മാരെയും ശാസ്താവിനെയും എല്ലാം ഒരിക്കൽ കൂടി സ്തുതിച്ചുകൊണ്ട് ഉടുക്കിൽ മംഗളം കൊട്ടി പാട്ട് നിർത്തുന്നു. ഇതോടുകൂടി ശാസ്താംപാട്ട് എന്ന ആചാരാനുഷ്ഠാനകല പൂർത്തിയാകുന്നു.

ക്ഷേത്രവും ക്ഷേത്ര ആചാരങ്ങളും ആയി ബന്ധപ്പെട്ട് നിൽക്കുന്ന അതിപുരാതനമായ ഒരു കലയാണ് ശാസ്താംപാട്ട് അഥവാ അയ്യപ്പൻ പാട്ട്. തീയ്യാട്ട് ഉണ്ണികൾ നടത്തുന്ന അയ്യപ്പൻ തീയ്യാട്ടും ശാസ്താംപാട്ടും തമ്മിൽ ഒട്ടേറെ വ്യത്യാസങ്ങളുണ്ട്. സംസ്കൃത സാഹിത്യത്തിന്റെയും പുരാണകഥകളുടെയും പ്രഭാവം കേരളീയകലയായ ശാസ്താംപാട്ടിൽ ഉടനീളം കാണുവാൻ സാധിക്കുന്നതാണ്.

വിഷ്ണുപുരാണം, ശിവപുരാണം, ബ്രഹ്മപുരാണം കാലികാ പുരാണം, ദേവീഭാഗവതപുരാണം, ഭഗവത്പുരാണം തുടങ്ങിയ ഒട്ടനവധി പുരാണ ഐതിഹ്യ കഥകൾ ശാസ്താംപാട്ടിലെ പാട്ടുകളിൽ പ്രതിപാദ്യ വിഷയങ്ങൾ ആകുന്നുണ്ട്. ആചാരങ്ങൾ കൊണ്ടും വായ്പ്പാട്ടുകൾ കൊണ്ടും തനിമ നിലനിർത്തുന്ന ശാസ്താംപാട്ട് നമ്മുടെ കലാസാഹിത്യ മേഖലയിൽ ശ്രദ്ധേയമാണ് എന്ന് പറയാം.

ഗ്രന്ഥസൂചി

1. ഡോ. വിഷ്ണു നമ്പൂതിരി എം.വി, പാട്ടുകലകൾ അന്താരാഷ്ട്ര കേരള പഠന കേന്ദ്രം കേരള സർവകലാശാല കാര്യവട്ടം 2014
2. രാമൻ പിള്ള ആശാൻ, ശാസ്താം പാട്ടുകൾ, കൊടുങ്ങല്ലൂർ ദേവി ബുക്ക് സ്റ്റാൾ 1992
3. ശങ്കുണ്ണി കൊട്ടാരത്തിൽ, ഐതിഹ്യമാല, കോട്ടയം 1985
4. പാർവതി ഭായി, ശ്രീ മഹാശിവപുരാണകഥകൾ, യൂണിവേഴ്സൽ പ്രസ് തിരുവനന്തപുരം 2015
5. അഗ്നി മഹാപുരാണം, ഡിസി ബുക്സ് 2017
6. വിഷ്ണു മഹാപുരാണം, ഡിസി ബുക്സ് 2017
7. ബി എസ് നായർ, ശ്രീ അയ്യപ്പൻ ഐതിഹ്യ കഥകൾ, റെഡ് റോസ് പബ്ലിഷിംഗ് ഹൗസ് 2018
8. അയ്യപ്പൻ പാട്ട് എന്ന ശാസ്താംപാട്ട്, എ.ആർ.പി. പ്രസ്സ്, കുന്നംകുളം

ലേഖകപരിചയം

ഡോ. ആർ.ബി. ശ്രീകല	പ്രൊഫസർ & ഹെഡ് ഓ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി കേരളസർവ്വകലാശാല, കാര്യവട്ടം ഫോൺ : 9495700985 dr.sreekalarb@gmail.com
ഡോ. കെ. കെ. ശിവദാസ്	പ്രൊഫസർ ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം യൂണിവേഴ്സിറ്റി ഓഫ് കേരള തിരുവനന്തപുരം, കേരള ഫോൺ : 9446429793
ഡോ.ഷൂബ കെ. എസ്സ്.	പ്രൊഫസർ എസ്.എൻ.ജി.എസ്സ്.കോളേജ്, പട്ടാമ്പി ഫോൺ: 9446347278 Email:shoobaks@gmail.com
ഡോ. പ്രമോദ് കുമാർ ഡി. എൻ.	അസോസിയേറ്റ് പ്രൊഫസർ മലയാളവിഭാഗം ഗവ.കോളേജ്, പത്തിരിപ്പാല ഫോൺ : 9446551748 pramodrds@gmail.com
ഡോ.ബി. ശ്രീകുമാർ സമ്പത്ത്	അസോസിയേറ്റ് പ്രൊഫസർ & ഹെഡ് മലയാളവിഭാഗം യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം ഫോൺ : 8075329075
ഡോ. കെ.പി.രവിചന്ദ്രൻ	അസോസിയേറ്റ് പ്രൊഫസർ മലയാളവിഭാഗം ഗവ.വിക്ടോറിയ കോളേജ് പാലക്കാട് - 678001 ഫോൺ : 9497122732 gmail-ravimunnurcode@gmail.com
ഡോ. മേഴ്സി. കെ.വി.	അസോസിയേറ്റ് പ്രൊഫസർ പി. ജി. ഡിപ്പാർട്മെന്റ് ഓഫ് മലയാളം ഗവ.വിക്ടോറിയ കോളേജ് പാലക്കാട് - 678001. ഫോൺ : 9544511832 email: mercyjollyayana@gmail.com

ഡോ. സൈനബ. എം.	അസിസ്റ്റന്റ് പ്രൊഫസർ ഓ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി കേരളസർവ്വകലാശാല, കാര്യവട്ടം ഫോൺ : 9895561955 sainabaori@gmail.com
ഡോ. രജനി ആർ.എസ്.	അസിസ്റ്റന്റ് പ്രൊഫസർ ഓ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി കേരളസർവ്വകലാശാല, കാര്യവട്ടം ഫോൺ : 9995004129 email:rsrejani@gmail.com
ഡോ.ജി.സജിന	അസിസ്റ്റന്റ് പ്രൊഫസർ സംസ്കാരപൈതൃകപഠനസ്കൂൾ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ഫോൺ : 9447857713 drgsajina@gmail.com
ഡോ. അപർണ ടി.	അസിസ്റ്റന്റ് പ്രൊഫസർ മലയാള-കേരളപഠനവിഭാഗം കോഴിക്കോട് സർവ്വകലാശാല ഫോൺ : 9074692626
ഡോ.ജിഷ എസ്.കെ.	അസിസ്റ്റന്റ് പ്രൊഫസർ (മലയാളം) സ്കോട്ട് ക്രിസ്റ്റ്യൻ കോളേജ് നാഗർകോവിൽ ഫോൺ : 8606520272
ഡോ. മഞ്ജു കെ.	അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം യൂണിവേഴ്സിറ്റി കോളേജ് ഫോൺ : 8136985484 email:karthymanju14@gmail.com
ഡോ. ആദർശ് സി.	അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം ശ്രീ കേരളവർമ്മ കോളെജ്, തൃശ്ശൂർ ഫോൺ : 9446291984 Email:adarshc1@gmail.com
മനോജ് കെ. എസ്.	അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം ഗവ.കോളേജ്, കാര്യവട്ടം. ഫോൺ : 8113893858

ഡോ.ബിൻസി സി.ജെ.	അസിസ്റ്റന്റ് പ്രൊഫസർ ന്യൂമാൻ കോളേജ്, തൊടുപുഴ. ഫോൺ : 9495240276 dr.sr.bincy@newmancolleg.ac.in
ഡോ. സിനി വി.	അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം എസ്.എൻ. കോളേജ് വർക്കല, തിരുവനന്തപുരം ഫോൺ: 8281197835
അധീഷ് യു.	അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം എസ്.എൻ. കോളേജ്. കൊല്ലം ഫോൺ : 7025057449
സുനിത എസ്.	അസിസ്റ്റന്റ് പ്രൊഫസർ സംസ്കൃതം ഗവ.കോളേജ്, കാര്യവട്ടം, തിരുവനന്തപുരം ഫോൺ : 9497640185
ഡോ.ഷിബു കുമാർ പി. എൽ.	അസിസ്റ്റന്റ് പ്രൊഫസർ മലയാളവിഭാഗം ഗവ .കോളേജ്, കാസറഗോഡ് ഫോൺ: 9496953293
ഡോ. മായ കെ. എസ്.	മാനുസ്ക്രിപ്റ്റ്സ് അസിസ്റ്റന്റ് ഓ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി കേരളസർവ്വകലാശാല, കാര്യവട്ടം ഫോൺ: 9847176273 drmayaksori@gmail.com
രജനി റ്റി.	ഗവേഷക ഓ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി കേരളസർവ്വകലാശാല, കാര്യവട്ടം ഫോൺ: 9947814453 rejaniponnu@gmail.com
നീതു വി.	ഗവേഷക ഒ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി, കേരളസർവ്വകലാശാല, ഫോൺ : 9745056443 mail:neethunorah@gmail.com

അശ്വതി കെ.ബി.	ഗവേഷക ഓ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി കേരളസർവ്വകലാശാല, കാര്യവട്ടം ഫോൺ : 7558869443 awathy990@gmail.com
ജിബി പി.	ഗവേഷക ഓ.ആർ.ഐ. & എം.എസ്.എസ്. ലൈബ്രറി കേരളസർവ്വകലാശാല, കാര്യവട്ടം ഫോൺ : 9544458013 jibipoolat@gmail.com
ഡോ. ദൃശ്യാഗോപി	തമ്പുരാട്ടി ഹൗസ് കോമളംകുന്ന് പുനലൂർ തപാൽ ഫോൺ : 8281219126
അശ്വതി രാജ് സി.	ഗവേഷക സംസ്കാരപൈതൃക പഠന സ്കൂൾ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല
സുമ സി. സുബ്രഹ്മണ്യൻ	ഗവേഷക മലയാള വിഭാഗം യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം ഫോൺ : 8138077073
മിഥുൻ കെ. മണി	വെള്ളാപ്പള്ളിൽ ഹൗസ് കാണാക്കരി, ഏറ്റുമാനൂർ, കോട്ടയം ഫോൺ : 8075804715 midhunkmoni10@gmail.com
അഭിലാഷ് ഉണ്ണി	ഗവേഷകൻ, സംസ്കൃത വിഭാഗം ഗവ. സംസ്കൃത കോളേജ് തിരുവനന്തപുരം ഫോൺ : 9746662465 abhi.unni94@gmail.com